# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2016 ഒക്ടോബർ 25, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 16

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 25, ചൊവ്വ*

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

*എഡിറ്റിംഗ് ബ്രാഞ്ച്*
*കേരള നിയമസഭാ സെക്രട്ടേറിയറ്റ്*
*തിരുവനന്തപുരം*

856/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക<br>സമുദായക്ഷേമവും നിയമവും സാംസ്കാരികവും<br>പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും<br>കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും<br>വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും<br>വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു<br>സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...33

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....33
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....83

**II അറിയിപ്പ്**

റൂൾ 50 പ്രകാരം നോട്ടീസ് നൽകുന്നത് സംബന്ധിച്ച്

—മി.സ്പീക്കർ ....284

**III അടിയന്തിരപ്രമേയം**

ഗുണ്ടാവിളയാട്ടം (അവതരണാനുമതി നിഷേധിച്ചു) ....284

**IV ശ്രദ്ധ ക്ഷണിക്കൽ**

1. ദൃശ്യമാധ്യമ പ്രവർത്തകരുടെ തൊഴിലവകാശങ്ങൾ

— ശ്രീമതി വീണാ ജോർജ്ജ് ....300

2. സിമന്റ് വില വർദ്ധനവ്

— ശ്രീ. പി. ടി. തോമസ് ...303

**V സബ്മിഷൻ**

1. ദളിത് യുവാക്കൾക്ക് നേരെയുള്ള പോലീസ് മർദ്ദനം

— പ്രതിപക്ഷനേതാവ്(ശ്രീ. രമേശ് ചെന്നിത്തല) ...306

2. ക്ഷേമനിധി

— ശ്രീ. റ്റി.വി. രാജേഷ് ....309

3. പോലീസ് സ്റ്റേഷനുകളിൽ കൂട്ടിയിട്ടിരിക്കുന്ന വാഹനങ്ങൾ

— പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ....311

4. പോലീസ് മർദ്ദനം

— ശ്രീ. എം. വിൻസെന്റ് ....313

5. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സ്ഥലം അനുവദിക്കൽ

— ശ്രീ. എം. രാജഗോപാലൻ ....315

6. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ

— ശ്രീ. ആർ. രാമചന്ദ്രൻ ....318

7. പെർമിറ്റില്ലാതെയുള്ള ടാക്സി സർവ്വീസ്

— ഡോ. എൻ. ജയരാജ് ...320

8. ജങ്കാർ സർവ്വീസ്

— ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ...322

9. പുറപ്പള്ളിക്കാവ് റഗുലേറ്റർ -കം-ബ്രിഡ്ജ്

— ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ....324

10. സ്റ്റാമ്പ് ഡ്യൂട്ടിയിലെ ഇളവ്

— ശ്രീ. പി. കെ. ശശി ....328

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

ചട്ടം47(2) അനുസരിച്ചുള്ള കടലാസ്സുകൾ ...330

**VII ക്രമപ്രശ്നം**

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച്

— ശ്രീ. എം. ഉമ്മർ ....330

**VIII ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ....333

ധനാഭ്യർത്ഥന നമ്പർ XXV — പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/
നൃൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ....335

ധനാഭ്യർത്ഥന നമ്പർ XXXVII— വ്യവസായങ്ങൾ ...338

**IX അറിയിപ്പ്**

തീയതി ദീർഘിപ്പിച്ചത് സംബന്ധിച്ച്

— മി.സ്പീക്കർ …436

**X അറിയിപ്പ്**

**LAIS പരിശീലനം**

— മി.സ്പീക്കർ …450

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 25, ചൊവ്വ*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 16

നിയമസഭ 2016 ഒക്ടോബർ മാസം *25*-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *481

### വാണിജ്യ നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി

1(*481) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനിൽ അക്കര: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നികുതി പിരിവിൽ എത്ര ശതമാനം വളർച്ച നേടുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ വാണിജ്യനികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം തന്ത്രങ്ങളാണ് നികുതി വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) 2015-16 സാമ്പത്തിക വർഷം പ്രതീക്ഷിച്ച നികുതി വരുമാനത്തേക്കാൾ 19.39 ശതമാനം നികുതി വർദ്ധനവാണ് 2016-17 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ തനത് നികുതിയുടെ തരംതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ഇനം | 2015-16 -ലെ പുതുക്കിയ എസ്റ്റിമേറ്റ് | 2016-17- ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| | തുക കോടി രൂപയിൽ | |
| കാർഷികാദായ നികുതി | 9.75 | 10.94 |
| ഭൂനികുതി | 163.94 | 206.34 |
| മുദ്രപ്പത്രവും രജിസ്ട്രേഷനും | 3039.53 | 3469.41 |
| കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ | 136.89 | 163.73 |
| സംസ്ഥാന എക്സൈസ് | 2086.29 | 2397.36 |
| വിൽപ്പന നികുതി | 31193.19 | 37452.98 |
| വാഹന നികുതികൾ | 2837.35 | 3406.49 |
| ചരക്കുകളുടെയും യാത്രക്കാരുടെയും നികുതികൾ | 0.00 | 0.00 |
| വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 169.84 | 225.04 |
| ക്രയവസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 244.87 | 281.32 |
| ആകെ | 39881.65 | 47613.61 |

(ബി) സംസ്ഥാനത്ത് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി വിവിധ വകുപ്പുകളിൽ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു:

I. വാണിജ്യ നികുതി വകുപ്പ്

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോൽസാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെ തന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

4. ചെക്ക്‌പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റും.

5. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

6. റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസസ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

7. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും

8. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

II. രജിസ്ട്രേഷൻ വകുപ്പ്

രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ നടത്തുവാൻ നിശ്ചയിച്ചു. 2016 ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ മുദ്രനിരക്ക് 6 ശതമാനം എന്നുള്ളത് 8 ശതമാനമായി വർദ്ധിപ്പിച്ചു. അതോടൊപ്പം കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ മുദ്രപ്പത്രനിരക്ക് ഒരു ശതമാനത്തിൽ നിന്നും 3 ശതമാനമായി വർദ്ധിപ്പിക്കുകയും 1,000 രൂപ എന്ന പരിധി ഒഴിവാക്കുകയും ചെയ്തു. ടി ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 18-7-2016-ൽ പരമാവധി 25,000 രൂപ എന്നുള്ള പരിധി ഒഴിവാക്കി ഒരു ശതമാനമായി നിലനിർത്തി. വിലയാധാരങ്ങളുടെയും കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.

III. ലാന്റ് റവന്യൂ വകുപ്പ്

ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലാ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 1-8-2016 മുതൽ താലൂക്ക്-ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

IV. എക്സൈസ് വകുപ്പ്

എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ അന്യസംസ്ഥാനങ്ങളിൽനിന്നും വ്യാജമദ്യം സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

V. മോട്ടോർ വാഹന വകുപ്പ്

15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നോൺ ട്രാൻസ്പോർട്ട്, ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 'ഗ്രീൻ ടാക്സ്' ചുമത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അധിക നികുതി സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് വാണിജ്യ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച തന്ത്രങ്ങൾ ചുവടെ ചേർക്കുന്നു:

1. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതാണ്.
2. നികുതി ഉപദേശക സേവന യൂണിറ്റ് ആരംഭിക്കും.
3. വാറ്റ് കൺസൾട്ടേറ്റീവ് കമ്മിറ്റി പ്രവർത്തനക്ഷമമാക്കും
4. അനുമാന നികുതിദായകർക്കും കെ.ജി.എസ്.റ്റി. കുടിശ്ശികയുള്ളവർക്കും ആംനെസ്റ്റി പദ്ധതി നടപ്പിലാക്കി.

ശ്രീ. വി. ഡി. സതീശൻ : സർ, ഈ വരുന്ന സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് 19.39 ശതമാനം നികുതി വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. ഇരുപത് ശതമാനത്തോളം നികുതി വർദ്ധനവിനുവേണ്ടിയുള്ള കൃത്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഫസ്റ്റ് ക്വാർട്ടറിൽ അത് എത്രമാത്രം പ്രതിഫലിച്ചുവെന്നത് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കൃത്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. പക്ഷേ മൂന്നുനാല് മാസങ്ങൾകൊണ്ട് തിരുത്താൻ സാധിക്കാത്ത രീതിയിൽ കുത്തഴിഞ്ഞുകിടക്കുകയാണ് നികുതിഭരണ സംവിധാനമെന്നുള്ളതാണ് സത്യം. അതുകൊണ്ട് ആദ്യത്തെ ക്വാർട്ടറിൽ നികുതി വർദ്ധനവ് പ്രതിഫലിക്കുന്നില്ല. 19.3 ശതമാനത്തിന്റെ പകുതി വേഗതയിൽ മാത്രമേ നികുതി വരുമാനം വർദ്ധിക്കുന്നുള്ളൂ.

ശ്രീ. വി. ഡി. സതീശൻ : സർ, ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കണക്കാക്കിയതിന്റെ പകുതി വർദ്ധനവുപോലും ആദ്യത്തെ ക്വാർട്ടറിൽ ഉണ്ടായിട്ടില്ലെന്ന് തന്നെയാണ് അങ്ങയുടെ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. നികുതി പിരിവിന്റെ പ്രത്യേകമായ ടേണിംഗ് പോയിന്റിലാണ് നമ്മൾ നിൽക്കുന്നത്. കാരണം അടുത്ത വർഷത്തോടുകൂടി ജി.എസ്.റ്റി. വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജി.എസ്.റ്റി.-യുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായി ധാരാളം ചർച്ചകൾ നടത്തിയിട്ടുണ്ട്. ഈ ചർച്ചകളുടെ യൊന്നും വിവരങ്ങൾ ആർക്കുമറിയില്ല, ജി.എസ്.റ്റി.-യുടെ നികുതി സമ്പ്രദായവുമായി ബന്ധപ്പെട്ട്, നികുതി പിരിവിന് പ്രത്യേകമായ സീലിംഗ് ഏർപ്പെടുത്തുമല്ലോ. സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് എത്ര സീലിംഗ്

ആകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ജി.എസ്.റ്റി.-യുടെ പേരിൽ ഇത്ര ശതമാനത്തിൽ കൂടുതൽ നികുതി പിരിക്കാൻ പാടില്ലെന്നുള്ള സീലിംഗ് കേന്ദ്രസർക്കാർ നിശ്ചയിക്കുമ്പോൾ, സംസ്ഥാന സർക്കാരിന്റെ അഭിപ്രായം അവിടെ രേഖപ്പെടുത്തുന്നതിനുമുമ്പ് ഈ നിയമസഭയുടെയും എല്ലാ രാഷ്ട്രീയപാർട്ടികളുടേയും പൊതുവായ ഒരു സമന്വയം ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഡോ. ടി. എം. തോമസ് ഐസക് : സർ, നികുതി നിരക്ക് ഘടന സംബന്ധിച്ചുള്ള നിലപാടുകൾ വ്യക്തമായി വരുന്നതേയുള്ളൂ. ഇതുവരെയും ചർച്ച ചെയ്തുകൊണ്ടിരുന്നത് റവന്യൂ ന്യൂട്രൽ റേറ്റിനെ കുറിച്ചാണ്. ഇപ്പോൾ അതിൽ നിന്നും പൂർണ്ണമായി മാറി ഒരു നിരക്ക് ഘടനയെക്കുറിച്ച് ചർച്ച ചെയ്യുന്നു. അതിലേയ്ക്ക് കേരള സർക്കാർ ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഇന്ന് ആഡംബര കാറുകൾക്ക് ബാക്കിയുള്ള നികുതികൾക്ക് പുറമെ, എക്സൈസും വാറ്റും ചേർത്താൽ 48 ശതമാനം വരും. ഇതുപോലെ 30 ശതമാനത്തിനും 40 ശതമാനത്തിനുമിടയ്ക്കുള്ള നികുതിഭാരമാണ് ഇവിടെയുള്ള കൺസ്യൂമർ ഡ്യൂറബിൾസിന് മുഴുവൻ വരുന്നത്. അത് 26 ശതമാനമായി ചുരുക്കുന്നതിനുള്ള നിർദ്ദേശവുമുണ്ട്. അതിനോട് കേരള സർക്കാർ യോജിക്കുന്നില്ല, കാരണം നേരത്തെയുണ്ടായിരുന്ന റവന്യൂ തന്നെ ലഭിക്കുമെന്ന് ഉറപ്പുവരുത്തണമെങ്കിൽ, ഉപഭോക്തൃവസ്തുക്കളുടെ നികുതി 26 ശതമാനമായി ചുരുക്കിയാൽ അവശ്യ വസ്തുക്കളുടെ മേൽ നികുതി കൂട്ടേണ്ടിവരും. അഞ്ച് ശതമാനമുള്ളത് ആറ് ശതമാനമാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിനോട് കേരള സർക്കാർ യോജിക്കുന്നില്ല. നിശ്ചയമായും അതിനുള്ള ചർച്ച എപ്പോൾ വേണമെങ്കിലും നടത്താവുന്നതാണ്, അതിന് മുൻകൈ എടുക്കുകയും ചെയ്യാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ വിഭാവനം ചെയ്യുന്നത് 19.39 ശതമാനം നികുതി വർദ്ധനവാണ്. അതിൽ ഒരു ഗ്രീൻ ടാക്സ് ഏർപ്പെടുത്തുന്നത് പ്രധാനപ്പെട്ട പ്രൊവിഷനാണ്. കേരളത്തിലെ മോട്ടോർ വാഹനനിയമത്തിനുള്ളിൽ ഗ്രീൻ ടാക്സ് കൂടി ഉൾക്കൊള്ളിക്കുന്നതിനാണ് ശ്രമിക്കുന്നത്. 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഗ്രീൻടാക്സ് ഏർപ്പെടുത്താനുള്ള ഒരു പ്രൊപ്പോസലാണ് ഇപ്പോഴുള്ളത്. ഗതാഗത വകുപ്പിന്റെ ചർച്ചയിൽനിന്നും കെ.എസ്.ആർ.ടി.സി. ഗ്രീൻടാക്സ് കൊടുക്കുന്ന പ്രശ്നമേയില്ല, കെ.എസ്.ആർ.ടി.സി. അതിനേക്കാൾ വ്യത്യസ്തമായ നിലപാടെടുക്കാൻ പോകുന്നുവെന്നാണ് മനസ്സിലാക്കുന്നത്. 10 വർഷത്തേക്കാൾ

പഴക്കമുള്ള രണ്ടായിരം ബസ്സുകൾ ആ ഫ്ലീറ്റിലുണ്ടാകും. ഇങ്ങനെ വന്നാൽ പുതിയ ടാക്സ് സിസ്റ്റം വരുമ്പോൾ നമ്മുടെ ഒരു പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടുന്നതിന് തുല്യമായി വരില്ലേ; ഗവൺമെന്റ് അതിന് എന്തെങ്കിലും പ്രൊട്ടക്ഷൻ കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, അടച്ചുപൂട്ടുന്ന സ്ഥിതിയൊന്നും വരില്ല. കാരണം അത്രയ്ക്ക് ചെറിയ നിരക്കാണ് വരുന്നത്. യഥാർത്ഥത്തിൽ വരുമാന വർദ്ധനവിനുവേണ്ടി സ്വീകരിക്കാൻ ഉദ്ദേശിച്ച നടപടികൾ വായിച്ചപ്പോൾ ഇത് ഇവിടെ വയ്ക്കേണ്ടതുണ്ടോയെന്ന് എനിക്ക് തോന്നി, കാരണം ഒരു കോടിയും ചില്ലറരൂപയും മാത്രമേ അതിൽ നിന്ന് വരുന്നുള്ളൂ. പക്ഷേ പൊതുഗതാഗത മാർഗ്ഗങ്ങളായ ട്രാൻസ്പോർട്ട് ബസ്സുകൾ ഉൾപ്പെടെ ഇതിൽ നിന്നും ഒഴിവാക്കുന്നതിനെക്കുറിച്ച് നാളെ തീരുമാനിക്കാം.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങ് പറഞ്ഞത് എല്ലാവർഷവും 25 ശതമാനം നികുതിയുടെ പിരിവ് കൂട്ടുമെന്നാണ്. കഴിഞ്ഞ വർഷത്തേക്കാൾ 19.39 ശതമാനം വർദ്ധനവാണ് ഈ വർഷം ലക്ഷ്യമിടുന്നതെന്നാണ് ഇന്നത്തെ ആദ്യ ചോദ്യത്തിന് മറുപടിയായി അങ്ങ് പറഞ്ഞത്. അഞ്ച് മാസംകൊണ്ട് അതിന്റെ അടുത്ത് എത്താൻ കഴിഞ്ഞിട്ടില്ലായെന്ന ഒരു കാര്യം കൂടി അങ്ങ് പറഞ്ഞു. കഴിഞ്ഞ ആഴ്ച ജി.എസ്.റ്റി. കൗൺസിലിന്റെ മീറ്റിംഗ് നടന്നപ്പോൾ, നഷ്ടപരിഹാര തുക ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കേരളത്തെ പ്രതിസന്ധിയിലാക്കുന്ന തീരുമാനങ്ങൾ വരുമെന്നാണ് പത്രത്തിലും ചാനലുകളിലും അങ്ങ് പറഞ്ഞത്. അടുത്ത അഞ്ച് വർഷത്തേയ്ക്ക് ബഡ്ജറ്റിൽ പ്ലാൻ ചെയ്തിട്ടുള്ള പദ്ധതികൾക്കായുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു സ്രോതസ്സായി അങ്ങ് പറയുന്നത് ഈ നികുതി വരുമാനവും നികുതി പിരിവും വർദ്ധിപ്പിക്കുമെന്നാണ്. ഇത് രണ്ടും ക്ലബ്ബ് ചെയ്യുമ്പോൾ വിചാരിച്ച രീതിയിൽ കാര്യങ്ങൾ നടന്നില്ലെങ്കിൽ അതിനുള്ള അധിക ധനസമാഹരണത്തിന് മറ്റെന്തെങ്കിലും മാർഗ്ഗം കണ്ടുവച്ചിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ജി.എസ്.റ്റി. വരുന്നതോടുകൂടി അധിക വിഭവസമാഹരണത്തിന് മറ്റ് നടപടികളൊന്നും സ്വീകരിക്കാൻ സാധിക്കില്ല. അത് ഊർജ്ജിതമായി പിരിക്കാൻ ശ്രമിക്കുകയെന്നുള്ളതാണ്. നമുക്ക് എത്ര ഗുണകരമായിട്ടുള്ള നികുതിയാണെങ്കിലും ഒരു പുതിയ നികുതി സംവിധാനം നടപ്പിലാക്കുമ്പോൾ ആദ്യവർഷം അതിന്റെ പ്രശ്നങ്ങളുണ്ടാകും,

അതുകൊണ്ട് ഇതിന്റെ ലക്ഷ്യത്തിലെത്തില്ല. 10 വർഷത്തെ ശരാശരിയാണ് നഷ്ടപരിഹാരത്തിനുള്ള വളർച്ചാനിരക്കായി കണക്കാക്കിയിരുന്നതെങ്കിൽ ട്രെന്റ് ഗ്രോത്ത് ഫിക്സ് ചെയ്താൽ പോലും നമുക്ക് 19 ശതമാനം കിട്ടുമായിരുന്നു. അതിനുപകരം തൊട്ടുമുമ്പുള്ള 5 വർഷത്തെ ശരാശരിയാകുമ്പോൾ 14 ശതമാനത്തിലേയ്ക്ക് ചുരുങ്ങും. കേന്ദ്രസർക്കാർ തൊട്ടുമുമ്പുള്ള മൂന്ന് വർഷമാണെടുത്തത്, അപ്പോൾ 10 ശതമാനമേ വരികയുള്ളൂ. അടുത്തവർഷം കാലൊന്ന് തെറ്റിയാലും നഷ്ടപരിഹാരത്തിലൂടെ നമ്മുടെ ലക്ഷ്യത്തിന്റെ അടുത്തെത്താൻ സാധിക്കുകയില്ല. ഇതാണ് നേരിടുന്ന ബുദ്ധിമുട്ട്. അതുകൊണ്ട് ജി.എസ്.റ്റി.-ക്കുവേണ്ടിയുള്ള പ്രിപ്പറേഷൻസ് ഇപ്പോഴേ ആരംഭിക്കുകയും നഷ്ടപരിഹാരത്തിന് അപ്പുറത്തേയ്ക്ക് നികുതി പിരിക്കാനുള്ള ശ്രമം നടത്തുകയും വേണം.

ശ്രീ. അനിൽ അക്കര: സർ, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതനുസരിച്ച് അഴിമതിയും ഊർജ്ജിതമായി വരുന്നുണ്ട്. സെയിൽസ് ടാക്സ് ഓഫീസുകളിലും ഓഫീസിന്റെ എൻട്രൻസിലും, വാഹനം അകത്തേയ്ക്ക് കടക്കുമ്പോൾ തന്നെ വ്യക്തമായി കാണുന്ന രീതിയിൽ, സി.സി.ടി.വി. ക്യാമറകൾ ഘടിപ്പിക്കുകയും അവയുടെ സ്ക്രീൻ വിജിലൻസ് ഓഫീസിൽ സ്ഥാപിക്കുകയും ചെയ്താൽ ഇത്തരത്തിലുള്ള അഴിമതി തടയാൻ ഒരു പരിധിവരെ കഴിയും. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വാഹനങ്ങൾ കടന്നുവരുമ്പോൾ എക്സൈസ്, സെയിൽസ് ടാക്സ്, ഫോറസ്റ്റ് തുടങ്ങിയ വകുപ്പുകളിലെ വാഹനത്തിന്റെ ഡ്രൈവർമാർ ഇറങ്ങിചെന്ന് ഒപ്പിട്ട് പോകേണ്ടതായിട്ടുണ്ട്. ഇങ്ങനെ ഒപ്പിടുന്ന സമയത്ത് അവർക്ക് ശരിയായ രീതിയിൽ പാരിതോഷികങ്ങൾ നൽകിയില്ലെങ്കിൽ പ്രശ്നങ്ങളുണ്ടാകും. അത് ഒഴിവാക്കുന്നതിനുവേണ്ടി, ഗുഡ്സ് വെഹിക്കിളുകൾക്ക് പഞ്ചിംഗ് കാർഡ് ഏർപ്പെടുത്തുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അഴിമതി കുറയ്ക്കുന്നതിനുള്ള നടപടികൾ വിപുലമായി ചർച്ച ചെയ്ത് സ്വീകരിക്കേണ്ടതാണ്. ഞാൻ കുറ്റപ്പെടുത്തുന്നതിനുവേണ്ടി പറയുന്നതല്ല. കഴിഞ്ഞ അഞ്ചുവർഷം കുത്തഴിഞ്ഞ് കിടക്കുകയായിരുന്നു. ആറുമാസത്തിൽ കൂടുതൽ കമ്മീഷണർമാർ ഇരുന്നിട്ടില്ല. സിവിൽ സപ്ലൈസ്, ടാക്സ് ഡിപ്പാർട്ടുമെന്റുകളുടെ കമ്മീഷണർ ഒരാളായിരുന്ന കാലമുണ്ടായിരുന്നു. ഈ രീതിയിലായിരുന്നു കാര്യങ്ങൾ നടന്നിരുന്നത്. അന്ന് ഉണ്ടായിട്ടുള്ള തെറ്റായ പ്രവണതകൾ പൂർണ്ണമായും തിരുത്താൻ കഴിഞ്ഞിട്ടില്ല.

68 ഓഫീസർമാർക്കെതിരെ നോട്ടീസ് നൽകുകയും 8 പേരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമാത്രമല്ല, അഴിമതി ഇല്ലാതാക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഒരുകാര്യം എന്നുപറയുന്നത് കമ്പ്യൂട്ടറൈസേഷനാണ്. കൂടുതൽ ഫലപ്രദമായിട്ടുള്ള ഇ-ഫയലിംഗും മറ്റ് സംവിധാനങ്ങളും സിസ്റ്റം സ്ക്രൂട്ടിണിയും കൊണ്ടുവരിക, സ്വേച്ഛാധിപത്യപരമായ നടപടികൾ എടുക്കുന്നതിൽനിന്നും തടയാൻ സി.സി.ടി.വി. ക്യാമറകൾ വയ്ക്കുക, പഞ്ചിംഗ് സമ്പ്രദായത്തെക്കുറിച്ച് അങ്ങ് പറഞ്ഞ നിർദ്ദേശം നടപ്പിലാക്കുക എന്നീ കാര്യങ്ങളെക്കുറിച്ച് നിശ്ചയമായും ആലോചിക്കുന്നതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ജി.എസ്.റ്റി. സംവിധാനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നികുതി വിഹിതം കൂടി സംസ്ഥാനം പിരിച്ചുനൽകേണ്ട ബാദ്ധ്യത വരുന്നുണ്ടോ; അത്തരമൊരു സംവിധാനമാണെങ്കിൽ വാണിജ്യ നികുതി വകുപ്പിന്റെ ഘടനയിൽത്തന്നെ മാറ്റം വരുത്തേണ്ടി വരില്ലേ; അതിനെ സംബന്ധിച്ച് എന്തെങ്കിലും ആലോചനയുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, നമ്മുടെ വാണിജ്യ നികുതി വകുപ്പിന്റെ ഘടനയിൽ സാരമായ മാറ്റങ്ങൾ വരുത്തേണ്ടിവരും. ഇപ്പോൾ ആര് ഏത് നികുതി പിരിക്കണമെന്ന് പൂർണ്ണമായി തീരുമാനിച്ചിട്ടില്ല. ഒരു കാര്യം കൃത്യമായി തീരുമാനിച്ചിട്ടുള്ളത്-ഐ.ജി.എസ്.റ്റി./അന്തർ സംസ്ഥാന വ്യാപാരം കേന്ദ്ര ഗവൺമെന്റാണ് പിരിക്കുന്നത്. കേരളം എടുത്തിട്ടുള്ള നിലപാട് 1½ കോടി രൂപയേക്കാൾ ടേൺ ഓവർ കുറഞ്ഞിട്ടുള്ള സർവ്വീസ് നികുതിയും ചരക്കുകളുടെ നികുതിയും പൂർണ്ണമായും സംസ്ഥാനം പിരിക്കുകയും കേന്ദ്രഗവൺമെന്റിന് നൽകുകയും ചെയ്യും. 1½ കോടി രൂപയേക്കാൾ കൂടുതൽ ടേൺ ഓവർ ഉള്ള ഡീലേഴ്സിന്റെ നികുതി കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും സംയുക്തമായി ചില ഫോർമുലകളുടെ അടിസ്ഥാനത്തിൽ പിരിക്കുന്ന രീതിയാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. അതിന് ഒരു പുനഃസംഘടന വേണ്ടിവരും. ഇതുവരെ സേവന നികുതി നമ്മൾ പിരിച്ചിട്ടില്ല. സേവന നികുതി പിരിക്കാനായി ഒരു വിഭാഗം ജീവനക്കാരെ പുനർ വിനിയോഗിക്കേണ്ടിവരും. അതുമാത്രമല്ല കമ്പ്യൂട്ടർ നെറ്റ്‌വർക്ക് കൂടുതൽ ശക്തിപ്പെടുത്തേണ്ടിവരും. അത്തരത്തിലുള്ള പുനഃസംഘടന ആവശ്യമായി വരും.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ 20 ശതമാനം വാറ്റ് ഗ്രോത്ത് ഉണ്ടാകുമെന്ന് പറഞ്ഞിരുന്നു. ഏതൊക്കെ ജില്ലകളിലാണ് 20 ശതമാനം അച്ചീവ് ചെയ്തിട്ടുള്ളത്; കഴിഞ്ഞ മാസം 10 ശതമാനത്തിൽ താഴെ മാത്രം ഗ്രോത്ത് ഉണ്ടായിട്ടുള്ള ജില്ലകൾ ഏതൊക്കെയാണ്; മൈനസ് ഗ്രോത്ത് ഉള്ള ജില്ലകൾ ഉണ്ടായിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഏപ്രിൽ മാസത്തിൽ മൈനസ് ആയിരുന്നു ഗ്രോത്ത്. ആ മാസത്തെ 300 കോടി രൂപ മുൻ വർഷം എടുത്തുപോയി എന്നതാണ് അതിന് കാരണം. പിന്നീടുള്ള മാസങ്ങളിലൊന്നും മൈനസ് അല്ല. അങ്ങ് ചോദിച്ച ജില്ല തിരിച്ചുള്ള കണക്ക് പിന്നീട് മാത്രമേ എനിക്ക് നൽകാൻ സാധിക്കുകയുള്ളൂ. പക്ഷേ പറഞ്ഞത് വളരെ ശരിയാണ്. ലക്ഷ്യമിട്ടതിന്റെ പകുതി വേഗതയിൽ മാത്രമേ നികുതി വരുമാനം കൂടുന്നുള്ളൂ. ഇനിയുള്ള മാസങ്ങളിൽ അത് തിരുത്താൻ കഴിഞ്ഞാൽപ്പോലും 19 ശതമാനമല്ല 15 ശതമാനത്തിന് അപ്പുറത്തേക്ക് ഈ വർഷത്തെ നികുതി വരുമാനം കൂടുകയില്ല. അത്രയും സാമ്പത്തികമായ സമ്മർദ്ദം ട്രഷറിയുടെ മേൽ ഉണ്ടാകുമെന്ന് ഉറപ്പാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, നികുതി വരുമാനം കൂട്ടുന്നതിനെപ്പറ്റിയാണ് ഇപ്പോൾ ചർച്ച ചെയ്യുന്നത്. പല സെയിൽസ് ടാക്സ് അസസ്മെന്റും കൃത്യതയില്ലാതെ, പലപ്പോഴും പല ഓഫീസർമാരും തോന്നുന്ന പോലെ അസസ്മെന്റ് നടത്തുന്നുണ്ട്. ഈ അസസ്മെന്റ് പലപ്പോഴും അപ്പീലിലേയ്ക്ക് എത്തിച്ചേരുമ്പോൾ ഓഫീസർമാർ തന്നെ അപ്പീൽ അധികാരികളായി ഇരിക്കുന്ന അവസ്ഥയുമുണ്ട്. ഇത് വ്യാപാരികളെ സംബന്ധിച്ച് വലിയ തോതിലുള്ള ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇക്കാര്യത്തിൽ ഒരു ഓംബുഡ്സ്മാൻ സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് ആലോചിക്കേണ്ട ഒരു കാര്യമാണ്. ജി.എസ്.റ്റി. സംവിധാനത്തിന് രൂപം നൽകുന്ന സമയത്ത് പരിഗണിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. നികുതി വരുമാനം കുറയുമ്പോൾ സ്വാഭാവികമായും പിരിവ് ഊർജ്ജിതപ്പെടുത്താനുള്ള സമ്മർദ്ദം ഉണ്ടാകും. ആ സമ്മർദ്ദത്തെ തങ്ങളുടെ ക്വാട്ട നിർവ്വഹിച്ചുവെന്ന് വരുത്തുന്നതിനായി വലിയ പെനാൽറ്റി അടിച്ചു നൽകുക, പിന്നീട് അപ്പീലിൽ എല്ലാം നഷ്ടപ്പെടുക, സർക്കാരിന് വരുമാനം ഒട്ടും കൂടുകയുമില്ല, വ്യാപാരികൾക്ക് പ്രയാസം ഉണ്ടാക്കുക തുടങ്ങിയ അവസ്ഥാ വിശേഷം ഉണ്ടാകുന്നു. അത് ആകെ പുനഃപരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സിസ്റ്റം സ്ക്രൂട്ടിണി കഴിഞ്ഞ മാസം മുതലാണ് നിലവിൽ വന്നത്. അത് പൂർണ്ണതയിൽ എത്തിക്കഴിഞ്ഞാൽ ഇങ്ങനെയുള്ള നടപടികൾ ഗണ്യമായി കുറയ്ക്കാൻ സാധിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഡ്ജറ്റ് ചെയ്തത് 20 ശതമാനം ഇൻക്രീസാണ്. ഇപ്പോൾ പറഞ്ഞത് 15 ശതമാനം ഇൻക്രീസ് ഉണ്ടാക്കുന്നതിനു തന്നെ വളരെ പ്രയാസമാണ് എന്നാണ്. കാരണം സാമ്പത്തിക മാന്ദ്യം എല്ലാ സ്ഥലത്തും പ്രത്യേകിച്ചും ഗൾഫ് നാടുകളിൽ വളരെ വലിയ രീതിയിലുണ്ട്. എന്റെ ചോദ്യം ഇതാണ്, സെയിൽസ് ടാക്സ് കളക്ഷൻ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൺസ്യൂമേഴ്സ് ബിൽ ചോദിച്ചുവാങ്ങുന്നതിനെ പ്രോൽസാഹിപ്പിക്കുമെന്നും കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നിയമം ഉണ്ടാക്കുമെന്നുമാണ് അങ്ങ് പറയുന്നത്. ടാക്സ് വെട്ടിക്കുന്ന ആളുകൾക്ക് ബിൽ തന്നെയില്ല. കമ്പ്യൂട്ടർ പോയിട്ട് സാധാരണ ഒരു ബിൽ പോലും അവർ എഴുതിക്കൊടുക്കുന്നില്ല. എങ്ങനെയാണ് അക്കാര്യം കൺട്രോൾ ചെയ്യുന്നത്; അതോടൊപ്പം തന്നെ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു പക്ഷേ ആദ്യമായിട്ടായിരിക്കും സംസ്ഥാനം അത്തരത്തിലൊരു നിയമനിർമ്മാണം നടത്തുന്നത്. പൊതുവിൽ പറഞ്ഞാൽ കേരളത്തിലെ വൻകിട വ്യാപാരികളെല്ലാം കമ്പ്യൂട്ടർ ബില്ലിംഗിലേയ്ക്ക് വന്നിട്ടുണ്ട്. ഓരോ ബിൽ എഴുതുമ്പോഴും അത് അപ്‌ലോഡ് ചെയ്തുവെന്ന് ഉറപ്പുവരുത്താൻ ചെറിയ ഒരു ആപ്ലിക്കേഷന്റെ ആവശ്യം മാത്രമേയുള്ളൂ. കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗ് ആണെങ്കിലും അതിൽ ഒരു ഭാഗം മാത്രമേ സർക്കാരിനുള്ള കണക്കിലേയ്ക്ക് വരുന്നുള്ളൂ എന്നതാണ് ഇപ്പോൾ നടക്കുന്നത്. ബാക്കി വേറെ വഴിക്ക് പോകും. ജി.എസ്.ടി. വരുന്നതോടുകൂടി അത് സാദ്ധ്യമല്ലാതായി തീരുമെന്നാണ് തോന്നുന്നത്. ഞങ്ങൾ തന്നെ ഒരു കേസ് പിടിക്കുകയുണ്ടായി. 50 ശതമാനം സർക്കാരിനും 50 ശതമാനം അവർക്കും. ആ നില ഒഴിവാക്കാൻ പറ്റുമെന്നുള്ളതുകൊണ്ടാണ് അതിന് ശ്രമിക്കുന്നത്. ആദ്യമായിട്ടാണ് ഇങ്ങനെ ഒരു നിയമനിർമ്മാണം നടത്താൻ പോകുന്നത്. ഡൽഹി സർക്കാരും ഇങ്ങനെയൊരു നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പറയുകയുണ്ടായി. ആദ്യം പറഞ്ഞ കാര്യത്തിൽ മാന്ദ്യം വളരെ പ്രധാനപ്പെട്ട ഘടകമാണ്. പ്രത്യേകിച്ചും നമ്മുടെ റെമിറ്റൻസ് കുറഞ്ഞത് ഉപഭോഗത്തെ ബാധിച്ചിട്ടുണ്ട്. ഒരു പേടി വന്നിട്ടുണ്ട്. എങ്കിൽപ്പോലും നികുതിചോർച്ച ഗണ്യമായിട്ടുണ്ട് എന്നത് ഒരു വസ്തുത മാത്രമാണ്. ആ ചോർച്ച നമുക്ക് തടയാൻ കഴിഞ്ഞാൽ നികുതി വരുമാനം സ്വാഭാവികമായും ഉയരും. അതിനുള്ള യജ്ഞത്തിലാണ്. ഉദാഹരണത്തിന് അപ്പീലിൽ ഏതാണ്ട്

4000 കോടി രൂപ കിടക്കുന്നുണ്ട്. കൂടുതൽ അപ്പീൽ കോർട്ടുകൾ ഉണ്ടാക്കുകയും എത്രയും പെട്ടെന്ന് തീർപ്പാക്കുകയും ചെയ്തുകഴിഞ്ഞാൽ അതിൽ നിന്നുള്ള വരുമാനവുമുണ്ടാകും. രണ്ടായിരം കോടി രൂപയുടെ കേസ് ഹൈക്കോടതിയിൽ കിടപ്പുണ്ട്. സ്പെഷ്യൽ ടാക്സ് ബെഞ്ചുണ്ടാക്കിയാൽ നമുക്കത് വേഗം പിരിച്ചെടുക്കാൻ സാധിക്കും. ഇങ്ങനെയുള്ള നടപടികളിലൂടെയാണ് വരുമാനം ഉയർത്താൻ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: സർ, വേലന്താവളം, ഗോപാലപുരം വഴി വരുന്ന കണ്ടെയ്നർ വണ്ടികൾ വാളയാർ ചെക്ക് പോസ്റ്റിൽ കൂടി പോകുന്നില്ല. അത് വലിയ രീതിയിലുള്ള ടാക്സ് വെട്ടിപ്പാണ്. അതുപോലെതന്നെ ബോർഡറിൽ ഇഷ്ടംപോലെ ഊടുവഴികളുണ്ട്. അവിടെയെല്ലാം എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ പോകുന്നത്; അതോടൊപ്പം തന്നെ വേറൊരു പ്രധാനപ്പെട്ട ചോദ്യം, കൃഷിക്കാരെ സഹായിക്കാൻ നാളികേര സംഭരണത്തിനുവേണ്ടി വെളിച്ചെണ്ണയ്ക്ക് ടാക്സ് ഏർപ്പെടുത്തുമെന്നു പറഞ്ഞു. ഷുഗർ ഏറ്റവും കൂടുതലുള്ള ശീതള പാനീയങ്ങളിലൊക്കെ ടാക്സ് ചുമത്തി അതിന്റെ ഉപയോഗം കൃഷിക്കാർക്ക് കൂടി കിട്ടുന്ന രീതിയിലുള്ള സംവിധാനം ചെയ്യാൻ ഇപ്പോഴത്തെ പുതിയ പരിഷ്കാരമായ ജി.എസ്.റ്റി. വരുന്നതോടുകൂടി സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ജി.എസ്.റ്റി. വന്നുകഴിയുമ്പോൾ നമ്മുടെ ഫാറ്റ് ടാക്സ്, ഷുഗർ ടാക്സ് എന്നിവയൊക്കെ നിലനിർത്താൻ ബുദ്ധിമുട്ടും. അതിനുള്ള വിവേചനാധികാരം നമുക്ക് നഷ്ടപ്പെടുമെന്നുള്ളതുകൊണ്ടാണത്. എങ്കിലും ജി.എസ്.റ്റി.യിൽ തന്നെ ഇതെല്ലാം ചേർക്കുന്നതിനുള്ള പരിശ്രമം നടത്തിവരികയാണ്. അങ്ങ് വാളയാർ ചെക്ക് പോസ്റ്റിനെക്കുറിച്ച് പറഞ്ഞ കാര്യം വളരെ ശരിയാണ്. മാഫിയാ സംഘങ്ങൾ വളർന്നിരിക്കുകയാണ്. ഊടുവഴികളിലൂടെ എസ്കോർട്ട് പോകുന്നതാണ് ഒരുപാട് ചെറുപ്പക്കാരുടെ പണി. കഴിഞ്ഞ ദിവസം എന്നെക്കാണാൻ ഒരു കുടുംബം ഒന്നടങ്കം വന്നിരുന്നു. ഒരു പക്ഷേ അങ്ങേയ്ക്ക് അറിയാമായിരിക്കാം. ഗോവിന്ദപുരത്ത് അവർക്ക് 10-40 ഏക്കർ ഭൂമിയുണ്ട്. ആ ഭൂമിയിലൂടെ ബലം പ്രയോഗിച്ച് ഊടുവഴി വെട്ടിയിരിക്കുകയാണ്. അത് സംരക്ഷിക്കാൻ ഒരു ഗുണ്ടാസംഘവുമുണ്ട്. ഊടുവഴികൾ ഉണ്ടെന്ന് പറയുന്നിടത്തെല്ലാം സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുകയും ആ വഴിയിലൂടെ വാഹനം പോകാൻ പാടില്ലെന്ന് ഉത്തരവുമിറക്കാം. അവർ കടന്നുപോകുന്നുവെങ്കിൽ പിന്നീട് പിടിക്കുകയും ശിക്ഷിക്കുകയും ചെയ്യുക, ഇങ്ങനെയുള്ള പല നടപടികളെക്കുറിച്ചും ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, കഴിഞ്ഞ 5 വർഷക്കാലം നികുതി ഘടന ആകെ തകർന്നെന്ന് അങ്ങ് രണ്ട് തവണ പറയുകയുണ്ടായി. പക്ഷെ അങ്ങയുടെ കാലത്തും ഞങ്ങളുടെ കാലത്തും ഒരേ ഉദ്യോഗസ്ഥരാണ് ഈ വകുപ്പിന്റെ തലപ്പത്തിരിക്കുന്നത്. മാറ്റമൊന്നും വരുത്തിയിട്ടില്ല. ജി.എസ്.ടി. നിയമം പാസ്സാകുന്നതിന് മുമ്പ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി കൈക്കൊണ്ട സമീപനത്തിൽനിന്നും വലിയ മാറ്റം ഇപ്പോൾ കാണുന്നുണ്ട്. പാർലമെന്റ് നിയമം പാസ്സാക്കി സംസ്ഥാന നിയമസഭകൾ റാറ്റിഫൈ ചെയ്തുകഴിഞ്ഞു. അദ്ദേഹത്തിന്റെ ഭാഷ മാറി, ടോൺ മാറി. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുടെ കോൺഫറൻസിൽ അങ്ങ് വിയോജിപ്പ് പ്രകടിപ്പിച്ചതായി വാർത്ത വായിക്കാൻ ഇടയായി. എന്തെല്ലാം കാര്യങ്ങളിലാണ് കേരളം വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുള്ളത്. ആ കാര്യത്തിൽ എന്താണ് കേന്ദ്ര ഗവൺമെന്റിന്റെ സമീപനമെന്ന് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിന്റെ രജിസ്ട്രേഷൻ തുടങ്ങിയ നടപടിക്രമങ്ങളിലൊക്കെ ഏകകണ്ഠമായ യോജിപ്പിലെത്തി. നികുതി ഘടനയിൽ ആഡംബര വസ്തുക്കൾക്ക് കൂടുതൽ നികുതി വേണം, അവശ്യവസ്തുക്കൾക്ക് നികുതി കുറയ്ക്കണം എന്നുള്ള നിലപാട് നമ്മൾ കർശനമായി എടുത്തിട്ടുണ്ട്. ഇതാണ് പ്രധാനപ്പെട്ട തർക്കവിഷയം. രണ്ടാമത്തേത്, നഷ്ടപരിഹാരം നൽകണം. ഈ നഷ്ടപരിഹാരത്തുക എവിടെനിന്നും കണ്ടെത്തും. അപ്പർ റേറ്റിലുള്ള ഉത്പ്പന്നങ്ങളിൽ സെസ്സ് ചുമത്തി പണം സമാഹരിക്കാമെന്നും അത് തരാമെന്നുമാണ് കേന്ദ്രം പറയുന്നത്. അതിനെ കേരളം ശക്തമായി എതിർത്തിട്ടുണ്ട്. കേന്ദ്രത്തിന് സെസ്സ് പിരിക്കുന്നതിനായി ആഡംബര വസ്തുക്കളുടെ നികുതി താഴ്ത്തിവച്ചിരിക്കുകയാണ്. അത് സ്വീകാര്യമല്ല. നമ്മുടെ ചെലവിൽത്തന്നെ നഷ്ടപരിഹാരം തരുന്ന ഏർപ്പാട് പറ്റില്ല. ഈ തർക്കത്തിലാണ് കഴിഞ്ഞ തവണത്തെ കൗൺസിൽ തീരുമാനം എടുക്കാതെ പിരിയേണ്ടിവന്നത്. മൂന്നാമത്തേത്, സർവ്വീസ് മുഴുവനും അവർ ഇന്നത്തെപ്പോലെ കൈകാര്യം ചെയ്യുമെന്നും ഒന്നരക്കോടി രൂപയിൽ താഴെയുള്ള ചരക്കുകളുടെമേൽ മാത്രം സംസ്ഥാനത്തിനും ബാക്കിയുള്ളത് ജോയിന്റായി ആകാമെന്നുമാണ് കേന്ദ്രത്തിന്റെ നിലപാട്. നമ്മൾ അതിൽ വ്യത്യസ്തമായ നിലപാട് എടുത്തിരിക്കുകയാണ്. എക്സൈസിന്റെ ത്രെഷോൾഡ് ലിമിറ്റായ ഒന്നര ക്കോടിയിൽ താഴെ ടേൺ ഓവറുള്ള സർവ്വീസ്ദായകരിൽ നിന്നും ഗുഡ്സ് ഡീലേഴ്സിൽ നിന്നും പൂർണ്ണമായും സംസ്ഥാനമായിരിക്കും നികുതി പിരിക്കുക. അതിന്റെ മുകളിൽ മാത്രമേ കേന്ദ്രം വരാൻ പോകുന്നുള്ളൂ. ഈ മൂന്ന് കാര്യങ്ങളിലാണ് തർക്കം നടക്കുന്നത്. ഇതിലൊരു ഒത്തുതീർപ്പ് അടുത്ത് നടക്കുന്ന നാല് ദിവസത്തെ സമ്മേളനത്തിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഒരേ ഉദ്യോഗസ്ഥർ തന്നെയായിരുന്നുവെന്ന് ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് ശരിയാണ്. 2006 മുതൽ 2011 വരെ എൽ.ഡി.എഫ്. കേരളം ഭരിച്ചപ്പോൾ നികുതി പിരിവ് ഊർജ്ജിതമായിരുന്നു. എന്നാൽ 2011-2016 ആയപ്പോഴേയ്ക്കും താളം തെറ്റിയെന്നുള്ളതാണ്. ഇപ്പോൾ 19.39 ശതമാനമെന്നുള്ളത് 15 ശതമാനമായി കുറയുമെന്ന് ഇവിടെ ബഹുമാന്യനായ മന്ത്രി പറഞ്ഞു. നികുതി പിരിവിനുള്ള നടപടികൾ ഊർജ്ജിതമാക്കുമെന്നും പറയുന്നുണ്ട്. പക്ഷെ കമ്പ്യൂട്ടറൈസേഷനും ക്യാമറ സ്ഥാപിക്കലും പോലെയുള്ളതിന് പണം കൂടുതൽ ചെലവാകുന്നതാണ്. ധനസമാഹരണം/ നികുതി പിരിവ് ഏത് രീതിയിൽ ഊർജ്ജിതമാക്കാനാണ് ആലോചിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഏറ്റവും പ്രധാനപ്പെട്ടത് സിസ്റ്റം സ്ക്രൂട്ടിനിയാണ്. സമർപ്പിക്കുന്ന റിട്ടേണുകൾ ഏതെങ്കിലും ഉദ്യോഗസ്ഥൻ പരിശോധിച്ച് ശരിയും തെറ്റും ഉറപ്പിക്കേണ്ടതുണ്ട്. എന്നാൽ മൊത്തം സമർപ്പിക്കുന്ന റിട്ടേണുകളുടെ 10 ശതമാനം പോലും അങ്ങനെ മാനുവലായി സ്ക്രൂട്ടിനൈസ് ചെയ്യപ്പെടുന്നില്ല. എല്ലാ വ്യാപാരികളുടെയും അഞ്ച് വർഷത്തെയെങ്കിലും റിട്ടേണുകൾ കമ്പ്യൂട്ടറിലുണ്ട്. അതുകൊണ്ട് സ്വാഭാവികമായും കമ്പ്യൂട്ടർ തന്നെ പരിശോധിക്കും. ഒന്ന്, ഇ-റിട്ടേണിനുള്ളിലുള്ള പൊരുത്തക്കേടുകൾ. രണ്ട്, ഇയാളുടെ തന്നെ മുൻ വർഷങ്ങളിലെ സ്റ്റേറ്റുമെന്റുകളുമായുള്ള പൊരുത്തക്കേടുകൾ. മൂന്ന്, ഇ-റിട്ടേണും മറ്റ് റിട്ടേണുകളുമായുള്ള പൊരുത്തക്കേടുകൾ. ഇതെല്ലാം കമ്പ്യൂട്ടർ തന്നെ പരിശോധിച്ച് സ്ക്രൂട്ടിനി ചെയ്യുന്ന ഒരു സോഫ്റ്റ്‌വെയർ ഉണ്ടാക്കിയിട്ടുണ്ട്. അതിന് കുറച്ച് പ്രശ്നങ്ങളുണ്ട്. കഴിഞ്ഞ മാസം അത് റോൾ ഔട്ട് ചെയ്തെങ്കിലും പ്രവർത്തിപ്പിച്ച് പൂർണ്ണതയിൽ എത്തിക്കുന്നതിന് ഇനിയും ഒന്നോ രണ്ടോ മാസം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. അതാണ് ഏറ്റവും പ്രധാനപ്പെട്ട നടപടി. രണ്ടാമത്തേത് നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞതാണ്. ബിൽ ഓട്ടോമാറ്റിക്കായി അപ്‌ലോഡ് ചെയ്ത് പരിശോധിക്കുന്നതിനുള്ള ഏർപ്പാട്. മൂന്നാമത്തേത്, പെൻഡിംഗായുള്ള മുഴുവൻ അപ്പീലും കേസുകളുമൊക്കെ തീർക്കുക. ഒരുപക്ഷെ നിയമസഭയുടെ അടുത്ത വാർഷിക ബഡ്ജറ്റിൽ ജി.എസ്.റ്റി. വരുമ്പോൾ പഴയ കേസുകളിൽ കെട്ടിപ്പിണഞ്ഞ് കിടക്കാൻ പാടില്ല. അതൊക്കെ എത്രയും വേഗം തീർക്കാൻ പറ്റുമെന്നതിനെ സംബന്ധിച്ചും അമിനിറ്റി സ്കീമുകളെക്കുറിച്ചും ആലോചിക്കുന്നതാണ്.

## കെ.റ്റി.ഡി.സി.-യുടെ പദ്ധതികൾ

2 (*482) ശ്രീ. കെ. ജെ. മാക്സി:

ശ്രീ. റ്റി. വി. രാജേഷ്:

ശ്രീ. വി. അബ്ദുറഹിമാൻ:

ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.സി.-യുടെ നിലവിലെ പദ്ധതികളും പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും ഏതൊക്കെയെന്ന് അറിയിക്കുമോ; നിലവിലുള്ളവയിൽ ഏതൊക്കെ ലാഭകരമായി പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) മോട്ടലുകളുടെയും ടാമറിന്റ് ഹോട്ടലുകളുടെയും പ്രവർത്തനം തൃപ്തികരമാണോ; അല്ലെങ്കിൽ ഇവ നവീകരിക്കാൻ പദ്ധതിയുണ്ടോ;

(സി) ബേക്കൽ ബീച്ച് ക്യാമ്പിന്റെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ നിർമ്മാണത്തിൽ വൻക്രമക്കേടുണ്ടെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) തേക്കടിയിൽ കെ.റ്റി.ഡി.സി.-യും ഒബ്റോയ് ഗ്രൂപ്പും ചേർന്നുള്ള ഒബ്റോയ് കേരള ഹോട്ടൽ പദ്ധതി ഉപേക്ഷിച്ചോ; ഇതിനായി സ്ഥലം വാങ്ങിയത് സംയുക്തമായിട്ടായിരുന്നോ; ഈ സ്ഥലം വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ സ്ഥല വില വീതിക്കുന്നത് ഏത് അടിസ്ഥാനത്തിലായിരിക്കുമെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) നിലവിൽ കാസർഗോഡ് ബേക്കൽ ബീച്ച് ക്യാമ്പ് എന്ന റിസോർട്ടിൽ നിർമ്മിക്കാൻ ഉദ്ദേശിച്ച 30 കോട്ടേജുകളിൽ 6 എണ്ണം ഗവൺമെന്റ് അംഗീകൃത സ്ഥാപനമായ കിറ്റ്കോ മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 24 എണ്ണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി മുഴപ്പിലങ്ങാട്, കോഴിക്കോട് എന്നിവിടങ്ങളിൽ 3 സ്റ്റാർ നിലവാരത്തിലുള്ള ഹോട്ടലുകൾ, മൂന്നാറിൽ 5 സ്റ്റാർ പദവിയിലുള്ള മുന്തിയ ഹോട്ടൽ, പൊന്മുടിയിൽ 15 പുതിയ കോട്ടേജുകൾ എന്നിവ പണിയാൻ ഉദ്ദേശിക്കുന്നു.

നിലവിൽ പ്രീമിയം സെഗ്മെന്റിൽ ലേക്ക് പാലസ്, ബോൾഗാട്ടി പാലസ്, ടീ കൗണ്ടി എന്നിവയും മോട്ടൽ ആരാമുകളിൽ പുനലൂർ, കായംകുളം, കണ്ണൂർ, വടകര, കുറ്റിപ്പുറം, എരിമയൂർ എന്നിവയും ടാമറിന്റ് ഹോട്ടലുകളിൽ കൊല്ലം, തൃശ്ശൂർ,

ചങ്ങനാശ്ശേരി, ഗുരുവായൂർ, മണ്ണാർക്കാട്, നിലമ്പൂർ എന്നിവയും ബിയർ പാർലറുകളിൽ പൊൻകുന്നം ഒഴികെയുള്ള 19 എണ്ണം എന്നിവയും ലാഭത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ റസ്റ്റോറന്റ് മ്യൂസിയം, തേക്കടിയിലെ ബോട്ടിംഗ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയും ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ടാമറിന്റ് ഹോട്ടലുകൾക്കും മോട്ടലുകൾക്കും മാർക്കറ്റിൽ ഡിമാന്റുണ്ട്. ഇവ തൃപ്തികരമായാണ് പ്രവർത്തിച്ചുവരുന്നത്. മോട്ടലുകളും ടാമറിന്റ് ഹോട്ടലുകളും നവീകരിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

(സി) നിലവിൽ കാസർഗോഡ് ബേക്കൽ ബീച്ച് ക്യാമ്പ് റിസോർട്ടിൽ നിർമ്മിക്കാൻ ഉദ്ദേശിച്ച 30 കോട്ടേജുകളിൽ ഗവൺമെന്റ് അംഗീകൃതമായ കിറ്റ്കോ എന്ന സ്ഥാപനം മുഖേന 6 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 24 എണ്ണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് അപാകതകളുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ പദ്ധതി സംബന്ധിച്ച് കിറ്റ്കോയുമായുള്ള കരാർ റദ്ദാക്കുകയും കിറ്റ്കോയ്ക്ക് അവരുടെ ബിൽ പ്രകാരം കൊടുക്കാനുള്ള ഏകദേശം 30 ലക്ഷം രൂപ തടഞ്ഞുവയ്ക്കുകയും കിറ്റ്കോയോട് മേൽപ്പറഞ്ഞ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കി തരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ കിറ്റ്കോയുടെ ഭാഗത്തുനിന്നും അനുകൂലമായ പ്രതികരണം കിട്ടാത്തതുകാരണം കെ.റ്റി.ഡി.സി.-യുടെ എഞ്ചിനീയറിംഗ് വിഭാഗം മേൽപ്പറഞ്ഞ കോട്ടേജുകളുടെ അറ്റകുറ്റപ്പണികൾ കിറ്റ്കോയുടെ ചെലവിൽ പരിഹരിക്കുകയുണ്ടായി. ബേക്കൽ ബീച്ച് ക്യാമ്പിന്റെ നിർമ്മാണത്തിൽ ആരോപിക്കപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതാണ്.

(ഡി) 5-11-1993-ൽ ഒബ്റോയ് ഗ്രൂപ്പിനു കീഴിലുള്ള ഈസ്റ്റ് ഇന്ത്യാ ഹോട്ടൽസ് ലിമിറ്റഡ് കമ്പനിയും (EIHL എന്നറിയപ്പെട്ടിരുന്നു) കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനും (കെ.റ്റി.ഡി.സി.) ചേർന്ന് ആരംഭിച്ച സംയുക്ത കമ്പനിയാണ് ഒബ്റോയ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡ്. എന്നാൽ 9-12-1998-ൽ ടി ഉടമ്പടിയിൽ ഭേദഗതി വരുത്തുകയും കെ.റ്റി.ഡി.സി.-യുടെ സ്ഥാനം ടൂറിസ്റ്റ് റിസോർട്സ് കേരള ലിമിറ്റഡിന് (റ്റി.ആർ.കെ.എൽ.) (പുനർനാമകരണത്തിനുശേഷം KTIL) നൽകുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ഹോട്ടൽ സ്ഥാപിക്കുന്നതിനായി

തേക്കടിയിൽ വാങ്ങിയ ഏകദേശം 10 ഏക്കറോളം സ്ഥലം വിൽക്കാൻ സംയുക്ത സംരംഭത്തിന്റെ ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും പ്രസ്തുത സംരംഭത്തിലെ അവരവരുടെ മൂലധന നിക്ഷേപത്തിന്റെ അനുപാതത്തിൽ സ്ഥലവില വീതിക്കുന്നതിനുള്ള പ്രൊപ്പോസൽ റ്റി.ആർ.കെ.എൽ. സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചുവെങ്കിലും തീരുമാനം എടുത്തിട്ടില്ല.

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചി മുസിരിസ് ബിനാലെ ഡിസംബർ 12 മുതൽ മൂന്ന് മാസക്കാലത്തേയ്ക്ക് ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി, എറണാകുളം ദർബാർ ഹാൾ എന്നിവിടങ്ങളിലായി നടത്തുകയാണ്. മുപ്പതിലേറെ രാജ്യങ്ങളിൽ നിന്ന് തൊണ്ണൂറോളം കലാകാരന്മാരുടെ കലാസൃഷ്ടികളാണ് അവിടെ പ്രദർശിപ്പിക്കുന്നത്. 2012-ൽ ഇത് ആരംഭിക്കുമ്പോൾ മൂന്ന് ലക്ഷത്തോളം സഞ്ചാരികളാണ് അവിടെ എത്തിയത്. 2014 ആയപ്പോൾ അത് അഞ്ച് ലക്ഷമായി. ഈ വർഷം 10 ലക്ഷത്തിലേറെ അന്തർദേശീയ-ദേശീയ ടൂറിസ്റ്റുകൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടൂറിസം രംഗത്ത് വന്ന ഉണർവ്വും അതുപോലെതന്നെ ധാരാളം തൊഴിൽ സാധ്യതകളുമുള്ള ഈ സംരംഭത്തെ കെ.റ്റി.ഡി.സി.-ക്ക് എങ്ങനെ സഹായിക്കാൻ കഴിയും?

ശ്രീ. എ. സി. മൊയ്തീൻ: സർ, കൊച്ചി മുസിരിസ് ബിനാലെ ഏറെ ശ്രദ്ധേയമായ ടൂറിസം ഉത്പ്പന്നമായി ഇന്ന് വികസിച്ചുകഴിഞ്ഞിട്ടുണ്ട്. ലോകത്തുള്ള വിശ്വോത്തര കലാസൃഷ്ടികളും കലാകാരന്മാരുമെല്ലാം പങ്കെടുക്കുന്ന പരിപാടിയെന്നുള്ള നിലയ്ക്ക് വിദേശ രാജ്യങ്ങളിലുൾപ്പെടെ ഏറെ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന സംഭവമാണ് കൊച്ചി മുസിരിസ് ബിനാലെ. ടൂറിസം വകുപ്പും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകളുംകൂടി ചേർന്നാണ് ഇത് സംഘടിപ്പിക്കുന്നത്. അതിന് ടൂറിസം വകുപ്പാണ് പ്രധാനമായും സഹായിക്കുന്നത്. കെ.റ്റി.ഡി.സി. ആ കാര്യത്തിൽ പ്രത്യേകമായ സഹായത്തിന് ആലോചിച്ചിട്ടില്ല. ടൂറിസം വകുപ്പാണ് അതിന്റെ പ്രൊമോഷനും മറ്റ് കാര്യങ്ങളിലും മാർക്കറ്റിംഗിലും ആതിഥേയത്വം വഹിക്കുന്നതിലുമെല്ലാം സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നത്.

ശ്രീ. കെ. ജെ. മാക്സി: സർ. കഴിഞ്ഞ അഞ്ച് വർഷക്കാലം കെ.റ്റി.ഡി.സി.-യിൽ മാനദണ്ഡങ്ങളില്ലാതെ ഒരുപാട് പേരെ നിയമിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത്?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കെ.റ്റി.ഡി.സി.-യിൽ 2,485 ജീവനക്കാരാണ് ഇപ്പോഴുള്ളത്. അഞ്ച് വർഷത്തിനുള്ളിൽ ഉണ്ടായ വർദ്ധനവ് 485 ആണ്. സ്ഥിരം ജീവനക്കാർ കുറയുകയും പുറംകരാറുകാരും ട്രെയിനികളും കൂടുകയും ചെയ്തിട്ടുണ്ട്. പുറംകരാർ ജീവനക്കാരെ നിയമിക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങളൊന്നും നിലവിലില്ല എന്നുള്ളത് പ്രയോജനപ്പെടുത്തിയാണ് ഈ വർദ്ധനവ് വരുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി കെ.റ്റി.ഡി.സി.-യുടെ ചില ഹോട്ടലുകൾ അമിതമായ ഭാരം താങ്ങേണ്ടിവന്ന് നഷ്ടത്തിലേയ്ക്ക് പോകുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. സ്ഥിരം തൊഴിലാളികൾ, ട്രെയിനികൾ ഉൾപ്പെടെയുള്ളവരെ പുനർവിന്യസിച്ച് നഷ്ടത്തിലാകുന്ന യൂണിറ്റുകളെ ലാഭത്തിലാക്കാനുള്ള പരിശ്രമങ്ങൾ തുടരുകയാണ്. അനധികൃതമായി നടന്നിട്ടുള്ള നിയമനങ്ങൾ പരിശോധിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കേരളത്തിലെ ഇടതുപക്ഷ സർക്കാർ കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാനുദ്ദേശിക്കുന്നത് ടൂറിസം മേഖലയിലൂടെയാണ്. വളരെയധികം സാധ്യതയുള്ള മലബാർ ടൂറിസത്തെ ഇതുവരെയും ശരിയായ വിധം ടാപ്പ് ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വലിയ ടൂറിസം പദ്ധതികളല്ല നമുക്കാവശ്യം. എന്റെ മണ്ഡലമായ കല്യാശ്ശേരിയിൽ ചൂട്ടാട് ടൂറിസം കേന്ദ്രം ഒരു വർഷം മുൻപ് വികസിപ്പിക്കുകയുണ്ടായി. ആകെ ഗവൺമെന്റ് തന്നത് 95 ലക്ഷം രൂപയാണ്. ഇപ്പോൾ ഡി.റ്റി.പി.സി.-ക്ക് ഒരു വർഷം വാടകയായി ലഭിക്കുന്നത് 13,93,000 രൂപയാണ്. ഇക്കഴിഞ്ഞ ഓണക്കാലത്ത് ഒരു ലക്ഷത്തിലേറെ ആളുകളാണ് അവിടെ സന്ദർശിച്ചത്. നേരത്തെ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം കുറവായിരുന്നെങ്കിൽ ഇപ്പോൾ നമ്മുടെ നാട്ടിലെ ആളുകൾ തന്നെ തൊട്ടടുത്ത ടൂറിസം ഡെസ്റ്റിനേഷനുകളിലേയ്ക്ക് അവധിക്കാലങ്ങളിൽ ഒഴുകിയെത്തുന്ന അനുഭവം ഉണ്ടായിരിക്കുകയാണ്. മനോഹരമായ കടൽത്തീരങ്ങളും ജലാശയങ്ങളും മലനിരകളും കണ്ടൽക്കാടുകളുമെല്ലാമുള്ള മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ, ഗ്രീൻ കാർപ്പറ്റ് പ്രഖ്യാപിച്ച ഈ സാഹചര്യത്തിൽ പ്രത്യേക പരിഗണന നൽകുമോ; ഇതെല്ലാം ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചെറിയചെറിയ സർക്യൂട്ട് ടൂറിസം പദ്ധതികൾ ആരംഭിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ടൂറിസം വികസനത്തിന്റെ സാധ്യതകളിൽ മലബാർ മേഖല അവഗണിക്ക

പ്പെട്ടിരുന്നു എന്നത് വസ്തുതയാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പുതിയ പദ്ധതികളിൽ മലബാർ മേഖലയ്ക്ക് മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. ധർമ്മടം തുരുത്തിൽ അന്താരാഷ്ട്ര മറൈൻ അക്വേറിയം, മുഴപ്പിലങ്ങാട് അന്താരാഷ്ട്ര വാട്ടർ സ്പോർട്സ് കേന്ദ്രം, മലബാറിലെ ടൂറിസം കേന്ദ്രങ്ങളുടേയും സർക്യൂട്ടുകളുടേയും വികസനം, ഇതിൽ കണ്ണൂർ, വയനാട്, കക്കയം, പെരുവണ്ണാമൂഴി, കാപ്പാട്, ഇരിങ്ങൽ, വടകര എന്നീ കേന്ദ്രങ്ങളിലെ ടൂറിസം വികസനം, തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിയുടെ അടുത്ത ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ. ഇത്തരം സംരംഭങ്ങൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനുവേണ്ടി പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കൂടാതെ മലബാർ മേഖലയിൽ നദികളുമായി ബന്ധപ്പെട്ട് മാഹി, അഞ്ചരക്കണ്ടി, വളപട്ടണം, കുപ്പം, പെരുമ്പുഴ, കവായി, തേജസ്വിനി, ചന്ദ്രഗിരി, കാസർഗോഡ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ നദികൾ പ്രയോജനപ്പെടുത്തി ഒരു തീം ബേസിൽ കളരി, മാർഷ്യൽ ആർട്സ്, പഴശ്ശി രാജയുടെ ചരിത്രവുമായി ബന്ധപ്പെട്ട മ്യൂസിയം, മലബാറിലെ പാചക കലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, തെയ്യം, സംഗീതം, കരകൗശല - കൈത്തറി ഉൽപ്പന്നങ്ങളുടെ സാധ്യതകൾ, ജലകായിക വിനോദം, യക്ഷഗാനം, കണ്ടൽക്കാട് ഇവയെല്ലാം അടിസ്ഥാനപ്പെടുത്തി ടൂറിസം വികസനത്തിനുള്ള പദ്ധതികൾ തയ്യാറായി വരികയാണ്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, മലബാറിലെ ടൂറിസം വികസനത്തിനായി പുതിയ പരിപാടികൾ ആവിഷ്കരിച്ചു എന്നതിൽ വളരെയധികം സന്തോഷമുണ്ട്. ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽനിന്നും എന്തെല്ലാം സഹായങ്ങൾ ടൂറിസം ഡിപ്പാർട്ടുമെന്റിന് ലഭിച്ചു; അതോടൊപ്പം പുതിയ ടൂറിസം സർക്യൂട്ടിൽ പൊന്നാനി പടിഞ്ഞാറേക്കരയിൽ ഭാരതപ്പുഴയുടെ തീരത്ത് പുതിയ കെ.റ്റി.ഡി.സി.യുടെ ഗസ്റ്റ് ഹൗസ് ആരംഭിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, മലബാർ ടൂറിസം വികസനത്തിനുള്ള പദ്ധതികളെക്കുറിച്ച് ഞാനിവിടെ വിശദീകരിക്കുകയുണ്ടായി. പൈതൃക ടൂറിസവുമായി ബന്ധപ്പെട്ട് ഒരു ടൂറിസം സർക്യൂട്ടിന്റെ പ്രവർത്തനം നടന്നു വരികയാണ്. അതോടൊപ്പം അദ്ദേഹം ചോദിച്ച പൊന്നാനിക്കടവിനെ സംബന്ധിച്ച് പ്രത്യേക പദ്ധതി കെ.റ്റി.ഡി.സി.-ക്ക് ഇപ്പോഴില്ല. അതിന്റെ സാധ്യതകളെ സംബന്ധിച്ച് പരിശോധിക്കാം. ലാഭകരമാണോ അല്ലയോ എന്നു നോക്കാതെ പ്രത്യേക സ്ഥലത്ത് തുടങ്ങാൻ കഴിയുന്ന സ്ഥിതിയല്ല.

ഇപ്പോൾതന്നെ കെ.റ്റി.ഡി.സി.-യുടെ ചില സംരംഭങ്ങൾ നഷ്ടത്തിലാണ്. ആ കാര്യങ്ങൾക്കൂടി പരിശോധിച്ചതിനുശേഷം മാത്രമേ പുതിയ സംരംഭങ്ങളെക്കുറിച്ച് ആലോചിക്കാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. എം. നൗഷാദ്</u>: സർ, 1986-ൽ ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ചു. 10 ലക്ഷത്തോളം വിദേശ സഞ്ചാരികളും ഒന്നേകാൽ കോടിയോളം സ്വദേശികളും എത്തിച്ചേരുന്ന, 23.70 ശതമാനം തൊഴിലവസരങ്ങളും അതിന്റെ ഭാഗമായി 25 ലക്ഷം പേർ തൊഴിലെടുക്കുന്നതും 25,000-ത്തോളം കോടി രൂപയുടെ വരുമാനം ഉണ്ടാക്കിത്തരുന്നതുമായ ഈ മേഖല ഇന്ന് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ശുചീകരണവുമായി ബന്ധപ്പെട്ടതാണ്. വിദേശ ടൂറിസ്റ്റുകൾക്ക് ശുചീകരണം വളരെ നിർബന്ധമുള്ള കാര്യമാണ്. ശുചീകരണം ഇന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയായി മാത്രം മാറിയിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്കായി സംയുക്ത പദ്ധതികൾ തയ്യാറാക്കി കായലിന്റെ സംരക്ഷണം ഉറപ്പാക്കാനും, അതുപോലെ തിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട നെഹ്റു ട്രോഫി വള്ളംകളി, കൊല്ലം പ്രസിഡന്റ്സ് ട്രോഫി വള്ളംകളി, കല്ലട ജലോത്സവം തുടങ്ങിയ പ്രധാനപ്പെട്ട പദ്ധതികൾ സർക്കാർ നേരിട്ട് നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ടൂറിസം ഡെസ്റ്റിനേഷനുകളുടെ ശുചീകരണ പ്രവർത്തനം ഏറ്റവും പ്രധാനപ്പെട്ടതുകൊണ്ടാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കിയത്. 84-ഓളം ടൂറിസം കേന്ദ്രങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെയെല്ലാം നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ടൂറിസം മേഖലയിലുള്ള സംരംഭകർ, മറ്റ് എൻ.ജി.ഒ.കൾ, വിദ്യാർത്ഥികൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തി ശുചീകരണ പ്രവർത്തനങ്ങളും അവിടത്തെ സുരക്ഷിതത്വവും ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടിയുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച ജലാശയങ്ങൾ മാലിന്യമുക്തമാക്കാനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചുവരികയാണ്. അതിന്റെ ആദ്യഘട്ടം എന്ന നിലയ്ക്ക് ഇപ്പോൾ തീരുമാനിച്ച പദ്ധതികൾക്ക് പുറമേ രണ്ടാം ഘട്ടത്തിൽ ഈ ജലാശയങ്ങളെ കൂടി മാലിന്യ മുക്തമാക്കാനുള്ള പരിശ്രമം വിജയിച്ചു കഴിയുമ്പോൾ ടൂറിസത്തിന് ഏറ്റവും അനുയോജ്യമായ സാഹചര്യങ്ങളും അന്തരീക്ഷവുമുണ്ടാകും, മാലിന്യ പ്രശ്നത്തിന് പരിഹാരം കാണാനും കഴിയും.

കൊല്ലം ഉൾപ്പെടെയുള്ള ജലമേളകൾക്ക് ടൂറിസം വകുപ്പ് ഇപ്പോൾ ധനസഹായം നൽകുകയാണ് ചെയ്യുന്നത്. നെഹ്റു ട്രോഫി വള്ളംകളിക്ക് ഇത്തവണ ടൂറിസം വകുപ്പ് ഒരു കോടി രൂപയുടെ സഹായം നൽകി. കേന്ദ്ര ഗവൺമെന്റിന്റെ 25 ലക്ഷം രൂപയുടെ സഹായം ലഭ്യമായിരുന്നു. കൊല്ലം ജലമേളയ്ക്കും ടൂറിസം വകുപ്പ് കഴിഞ്ഞ തവണ കൊടുത്തതിനേക്കാൾ 15 ലക്ഷം രൂപ അധികം വർദ്ധിപ്പിച്ച് 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് എന്നുള്ള കാര്യംകൂടി അറിയിക്കുന്നു.

മി. സ്പീക്കർ: ചോദ്യോത്തര വേളയിൽ അംഗങ്ങൾ വളരെ സജീവമാണ് എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ഓരോ ചോദ്യങ്ങളുടേയും ഉപചോദ്യങ്ങൾക്കായി 35-40 പേരാണ് കൈ ഉയർത്തിക്കൊണ്ടിരിക്കുന്നത്. അപ്പോൾ ആംഗ്യ ഭാഷയിലൂടെ ചെയറിനെ കൂടുതൽ സമ്മർദ്ദം ചെലുത്തരുത്. ഓരോരുത്തർക്കും എത്ര തവണ അവസരം കിട്ടിയിട്ടുണ്ട് എന്നുള്ളതിന്റെ കൃത്യമായ വിവരം ചെയറിന്റെ കയ്യിലുണ്ട്.

ശ്രീ. ഹൈബി ഈഡൻ: സർ, ആഭ്യന്തര ടൂറിസ്റ്റുകളും വിദേശ ടൂറിസ്റ്റുകളും സന്ദർശിക്കുന്ന ഒരുപാട് വൈറ്റൽ പ്രോപ്പർട്ടീസുണ്ട്. കുമരകം, കോവളം, മൂന്നാർ, കൊച്ചി തുടങ്ങിയ സ്ഥലങ്ങളിലാണ് കൂടുതൽ ടൂറിസ്റ്റുകൾ വരുന്നത്. അവിടെ കെ.റ്റി.ഡി.സി.-യുടെ പൊട്ടൻഷ്യലുള്ള ഒരുപാട് പ്രോപ്പർട്ടീസ്... കോവളത്തെ സാമുദ്രിക, കുമരകത്തെ വാട്ടർസ്കേപ്പ്സ്, ബോൾഗാട്ടി പാലസ് ഇത്തരം സ്ഥാപനങ്ങളുണ്ട്. കേരളത്തിൽ സ്വകാര്യ സ്ഥാപനങ്ങളാണ് ഏറ്റവും കൂടുതൽ ടൂറിസത്തിന്റെ ബ്രാന്റിംഗ് നടത്തുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടൊരു സെഗ്മെന്റ് അതിന്റെ മെയിന്റനൻസാണ്. കെ.റ്റി.ഡി.സി.-യുടെ അത്രയും നല്ല സ്ഥാപനങ്ങൾ, വാല്യുബിളായ പ്രോപ്പർട്ടീസ് കൃത്യമായി മെയിന്റനൻസ് നടത്താനും കൂടുതൽ സർവ്വീസുകൾ നൽകി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണിത്. കെ.റ്റി.ഡി.സി.-യുടെ സ്ഥാപനങ്ങളിൽ മെയിന്റനൻസ് സമയബന്ധിതമായി നടത്തണം എന്നുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അവിടത്തെ ജീവനക്കാരുടെ സർവ്വീസിനെ സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ഉണ്ടാകുന്നു എന്നുള്ളത് വസ്തുതയാണ്. ജീവനക്കാർക്ക് വളരെ കൃത്യമായി പരിശീലനം നൽകാനും അതിഥികളോട് മാന്യമായി പെരുമാറാനുള്ള ശീലങ്ങളിലേയ്ക്ക് അവരെ

എത്തിക്കാനും അതുപോലെതന്നെ വൃത്തിയും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കാനുമുള്ള എല്ലാ പരിശ്രമങ്ങളും കെ.റ്റി.ഡി.സി.യുടെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ബേക്കൽ കോട്ട എന്റെ മണ്ഡലത്തിലാണ്, കേരളത്തിലെ ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ് ബേക്കൽ ടൂറിസ്റ്റ് കേന്ദ്രമെന്ന് എല്ലാവർക്കുമറിയാം. പക്ഷേ അതിനനുസരിച്ച് ഗവൺമെന്റിന്റെ ഭാഗത്തു നിന്നോ, ടൂറിസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തു നിന്നോ വേണ്ട പരിഗണന കിട്ടുന്നില്ല എന്നത് ഒരു വസ്തുതയാണ്. അത് പരിഹരിക്കണമെന്നതാണ് എന്റെ പ്രധാനപ്പെട്ട ആവശ്യം. എനിക്ക് മറ്റൊരു കാര്യം പറയാനുള്ളത്, നിയമസഭാംഗങ്ങൾ എല്ലാവരും ബേക്കൽ കോട്ട കണ്ടുകാണുകയില്ല. ബേക്കൽ കോട്ടയെ സംബന്ധിച്ച് എം.എൽ.എ.-മാർക്കുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കർ ഒരു ക്ലാസ്സ് സംഘടിപ്പിച്ചാൽ അതിന്റെ മഹത്വം മനസ്സിലാക്കാൻ സാധിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. വടക്കൻ പ്രദേശത്ത് ആയതുകൊണ്ട് അതിനെ ആരും പരിഗണിക്കുന്നില്ല. അവിടെ ബി.ആർ.ഡി.സി.-ക്കുവേണ്ടി പ്രത്യേക സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ബി.ആർ.ഡി.സി. ഓഫീസിനു വേണ്ടി ഒരു ബിൽഡിംഗ് നിർമ്മിച്ചെങ്കിലും വാടകകെട്ടിടത്തിലാണ് വർക്കു ചെയ്യുന്നത്. പലപ്രാവശ്യം ഞാൻ ഈ നിയമസഭയിലും, കഴിഞ്ഞ സഭയിലും അതുപോലെ ഡിപ്പാർട്ട്മെന്റിലും ഇക്കാര്യം പറഞ്ഞെങ്കിലും ആരും പരിഗണിക്കുന്നില്ല. ഞാൻ ഇപ്പോഴത്തെ മന്ത്രിയോടും ഇക്കാര്യം പറഞ്ഞിരുന്നു. ഉദ്യോഗസ്ഥൻമാർ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു ഏർപ്പാട് ഇപ്പോഴും തുടരുകയാണ്, അത് അവസാനിപ്പിച്ച് നമ്മുടെ നാട്ടിലെ എല്ലാ ടൂറിസ്റ്റുകളേയും ആകർഷിക്കാൻ കഴിയുന്ന തരത്തിൽ എന്തൊക്കെ സഹായം ചെയ്യാൻ കഴിയുമോ, അതൊക്കെ ചെയ്ത് കോവളത്തേക്കാൾ പ്രധാനപ്പെട്ട തീരമായ ബേക്കലിനെ, അങ്ങനെയൊരു തീരം നമ്മുടെ നാട്ടിൽ വേറെ ഇല്ല, ഒരു പ്രദേശത്തുമില്ല. അതിനെ പുഷ്ടിപ്പെടുത്താൻ വേണ്ട സഹായം ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. എ. സി. മൊയ്തീൻ: സർ, ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്ഥലമേറ്റെടുത്തതിനു ശേഷം ഒരുപാട് പ്രവർത്തനങ്ങൾ അവിടെ നടന്നു കഴിഞ്ഞിട്ടുണ്ട്. കെ.ടി.ഡി.സി.-യുടെ സംരംഭങ്ങളെ സംബന്ധിച്ച ചില കാര്യങ്ങൾ ചോദ്യത്തിന്റെ മറുപടിയുടെ ആദ്യഭാഗത്ത് സൂചിപ്പിച്ചിരുന്നു. ബേക്കലിൽ എയർസ്ട്രിപ്പ് ആരംഭിക്കുന്നതിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ആയിട്ടുണ്ട്.

ആ സാധ്യതകൾ പരിശോധിക്കാൻ ചുമതലപ്പെടുത്തുന്ന സ്ഥിതി വന്നിട്ടുണ്ട്. സ്വാഭാവികമായും കണക്ടിവിറ്റിയുടെ പ്രശ്നമുണ്ട്. ഈ കാര്യങ്ങളിൽ ഉണ്ടാകുന്ന അനാസ്ഥ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട സ്പീക്കറുടേതുൾപ്പെടെ ഇവിടെ നിന്നും നിർദ്ദേശം വന്ന സാഹചര്യത്തിൽ അത് പരിശോധിക്കുകയാണെങ്കിൽ ആവശ്യമായ സഹായം ടൂറിസം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

മി. സ്പീക്കർ: അത് പരിഗണിക്കാം.

ശ്രീ. കെ. എം. ഷാജി: സർ, മസ്കറ്റ് ഹോട്ടലായാലും, കോവളത്തും, മൂന്നാറിലും, തേക്കടിയിലുമൊക്കെയുള്ള ഏറ്റവും നല്ല പ്രൈം ലൊക്കേഷനിൽ ആണ് കെ.ടി.ഡി.സി. നന്നായി മെയിന്റെയിൻ ചെയ്ത് വളരെ അട്രാക്ടീവ് റേറ്റിലുള്ള ഹോട്ടലുകൾ പ്രവർത്തിക്കുന്നത്. പക്ഷേ അവിടങ്ങളിലെ സ്വകാര്യ ഹോട്ടലുകളിലുള്ള ഒക്യുപ്പേഷൻ നമുക്ക് കിട്ടുന്നില്ല. നമ്മുടെ മാർക്കറ്റിംഗിന്റെ പ്രശ്നമാണെങ്കിൽ അത് ശ്രദ്ധിക്കാനുള്ള ഏർപ്പാടുകൾ ടൂറിസം ഡിപ്പാർട്ട്മെന്റ് സ്വീകരിക്കുമോ ?

ശ്രീ. എ. സി. മൊയ്തീൻ: സർ, മാർക്കറ്റിംഗ് രംഗത്ത് ടൂറിസം ഡിപ്പാർട്ട്മെന്റ് ശ്രദ്ധിക്കുന്നുണ്ട്. ഏതെങ്കിലും പ്രത്യേക പ്രദേശത്ത് സർവ്വീസിന്റെ കാര്യത്തിൽ വല്ല കുഴപ്പങ്ങളുണ്ടെന്ന് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തിയാലത് പരിശോധിക്കാനും പരിഹരിക്കാനും കെ.ടി.ഡി.സി. മാനേജ്മെന്റും, സർക്കാരും, ടൂറിസം വകുപ്പും ശ്രദ്ധിക്കുമെന്നാണ് ആ കാര്യത്തെക്കുറിച്ച് പറയാനുള്ളത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ, കോഴിക്കോട് കെ.ടി.ഡി.സി.-യുടെ ഒരു ത്രീ സ്റ്റാർ ഹോട്ടൽ നിർമ്മാണം പരിഗണിക്കുന്നതായി പറഞ്ഞു. കോഴിക്കോട്ട് ഇതിന് ഉദ്ദേശിക്കുന്ന സ്ഥലം വെസ്റ്റ്ഹിൽ ബീച്ചിലുള്ള സമുദ്രതീരത്തെ ഏറ്റവും മനോഹരവും വിലപിടിപ്പുള്ളതുമായ പ്രോപ്പർട്ടിയാണ്. അവിടെ ത്രീ സ്റ്റാറാണോ, ഫൈവ് സ്റ്റാറാണോ; എങ്ങനെയാണ് അത്രയും വിലപിടിപ്പുള്ള ഒരു പ്രോപ്പർട്ടി പ്രയോജനപ്പെടുത്തേണ്ടത് എന്ന് ആലോചിക്കേണ്ടതുണ്ട്. അതോടൊപ്പം എനിക്ക് പറയാനുള്ളത്, കിറ്റ്കോ പോലുള്ള ഏജൻസിക്ക് ഇതുപോലുള്ള പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹിക്കാനുള്ള യാതൊരു പ്രാപ്തിയുമില്ല എന്നുള്ളതാണ് കഴിഞ്ഞ കാലത്തെ അനുഭവം. അതിലെ ഉദ്യോഗസ്ഥരുടെ മാത്രം

കുഴപ്പമല്ല, അതിനുള്ള ശേഷിയില്ല എന്നുള്ളതാണ് പ്രധാനം. ഇപ്പോഴും കിറ്റ്കോയെ ആണ് നമ്മൾ ആലോചിക്കുന്നത്. കേരളത്തിന് അകത്തായാലും പുറത്തായാലും വിശേഷിച്ചും ടൂറിസം മേഖലയിലുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ലോകനിലവാരത്തിലേയ്ക്ക് വരണമെങ്കിൽ മികച്ച വാസ്തു ശിൽപ്പികളുടെ സേവനം ഉറപ്പാക്കണം. ഇത്തവണ ലോകത്തിലെ ഏറ്റവും മികച്ച വാസ്തുശിൽപ്പിക്കുള്ള അവാർഡ് കിട്ടിയത് ബംഗ്ലാദേശിനാണ്. നമ്മുടെ അടുത്ത രാജ്യമാണ്. അതുപോലെ ശ്രീലങ്ക, വിയറ്റ്നാം ഇവിടെ നിന്നൊക്കെ മികച്ച വാസ്തുശിൽപ്പികളുടെ സേവനം ഇന്റർനാഷണൽ ബിഡ്ഡിലൂടെ നമുക്ക് ലഭ്യമാക്കാനാകും. അത് ഉറപ്പാക്കുന്നതിന് കിറ്റ്കോ പോലുള്ള സംവിധാനമുണ്ടായാൽ പോരാ, അക്കാര്യത്തിൽ ഗവൺമെന്റ് മുൻകൈയെടുത്താൽ മാത്രമേ ക്വാളിറ്റിയുള്ള നിർമ്മാണം ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ, അതിന് തയ്യാറാകുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, കിറ്റ്കോയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചില പരാതികൾ നിലനിൽക്കുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. ടൂറിസം വകുപ്പ് ആ വിഷയങ്ങൾ പരിശോധിച്ചിട്ടുണ്ട്. ഏറ്റെടുത്ത വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ ഉൾപ്പെടെ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ പദ്ധതികൾ ധാരാളം വരുമ്പോൾ, കിഫ്ബിയിൽ ഉൾപ്പെട്ട പദ്ധതികൾ തയ്യാറാക്കുമ്പോൾ ഭാവനാപൂർണ്ണമായി കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് നിലവിൽ ആവശ്യത്തിന് ആർക്കിടെക്ച്ചർമാരില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ ആളുകളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

## സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ

3 (*483) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.എ.സി.മൊയ്തീൻ): സർ,

(എ) സഹകരണ മേഖലയിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഏകദേശം ഒരു ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) നന്നായി പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കാർഷിക, സേവന, ചെറുകിട, വ്യവസായ മേഖലകളിലായി അനുബന്ധ യൂണിറ്റുകൾ ആരംഭിച്ച് അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിലെ നിക്ഷേപങ്ങളുടെ കാര്യത്തിൽ സഹകരണമേഖല സമ്പന്നമാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ മുതൽ സംസ്ഥാന സഹകരണ സംഘത്തിന് വരെ ആയിരക്കണക്കിന് കോടി രൂപ നിക്ഷേപമായി സ്വരൂപിക്കാൻ സാധിച്ചിട്ടുണ്ട്. പക്ഷേ വായ്പാ രംഗത്ത് പലപ്പോഴും പരമ്പരാഗത വായ്പ, സ്വർണ്ണപ്പണയം അതുപോലെ വ്യക്തിഗത വായ്പ എന്ന നിലയിലേയ്ക്ക് മാത്രം ചുരുങ്ങി നിൽക്കുകയാണ്. ഈ നിക്ഷേപങ്ങൾ വളരെ ഫലപ്രദമായ വികസനത്തിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്ന രൂപത്തിൽ വിനിയോഗിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; പരിയാരത്തിനും റബ്കോയ്ക്കും കൊടുത്തതുപോലെ കിട്ടാക്കടമായിട്ട് മാറാതെ, ഗവൺമെന്റ് ഗ്യാരന്റിയിൽ സഹകരണ മേഖലയുടെ ബാക്കി നിൽക്കുന്നതും കെട്ടിക്കിടക്കുന്നതുമായ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക, സാമൂഹിക വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തും എന്നതന്നെയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. തീർച്ചയായും അതിനുള്ള പദ്ധതികളാണ് ആരംഭിച്ചുകൊണ്ടിരിക്കുന്നത്. ഈ ചോദ്യവുമായി ബന്ധപ്പെട്ട കാര്യത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം പ്രയോജനപ്പെടുത്തി നമ്മുടെ നാട്ടിലെ അഭ്യസ്തവിദ്യരായ, തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിൽ ലഭ്യമാക്കാനുള്ള സംരംഭങ്ങൾ ആരംഭിക്കാനാണ്

ലക്ഷ്യമിടുന്നത്. 11000 ത്തോളം പ്രാഥമിക സഹകരണ സംഘങ്ങൾ ഉള്ളതിൽ സാമ്പത്തികമായി മെച്ചപ്പെട്ട സ്ഥിതിയുള്ളവ പ്രയോജനപ്പെടുത്തി ഓരോ സംരംഭങ്ങൾ വീതം തുടങ്ങുകയാണെങ്കിൽ അത് വ്യത്യസ്ത മേഖലയിൽ ചെയ്യാനാകും. അഞ്ചു വർഷക്കാലം കൊണ്ട് ഒരു ലക്ഷത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നത് നമ്മുടെ നാടിന്റെ തൊഴിൽ ക്ഷാമത്തിന് പരിഹാരവും സാമ്പത്തിക വികസനത്തിന് സഹായകവുമാകുന്ന പദ്ധതികൾ എന്ന നിലയ്ക്ക് തന്നെയാണ് പ്ലാൻ ചെയ്യുന്നത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഏറ്റവുമധികം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് സഹകരണ, കാർഷിക മേഖലയിലാണ്. കാർഷിക മേഖലയിലെ പ്രധാനപ്പെട്ട വിഷയം വായ്പാ കുടിശ്ശികയാണ്. കാർഷിക പ്രതിസന്ധി തിരിച്ചടവിനെ വളരെയേറെ ബാധിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ കൃത്യമായിട്ട് വായ്പ തിരിച്ചടയ്ക്കുന്ന കൃഷിക്കാർക്ക് 3% സബ്സിഡി കൊടുക്കുന്നുണ്ട്. സംസ്ഥാനം പ്രഖ്യാപിച്ച 4% സബ്സിഡി പലപ്പോഴും സംഘങ്ങൾക്ക് കിട്ടുന്നില്ല. അതുപോലെ തന്നെ മെമ്പർമാർക്കും വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന ആളുകൾക്കും അത് റീഇംപേഴ്സ് ചെയ്തു കൊടുക്കാനും സാധിക്കുന്നില്ല. അതുകൊണ്ട് സംസ്ഥാനം ഈ 4% കൃത്യമായിട്ട് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അതുപോലെ കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി, വായ്പാ കുടിശ്ശികയുള്ള യഥാർത്ഥ കൃഷിക്കാരന് ആശ്വാസം ലഭിക്കത്തക്ക രൂപത്തിൽ അതിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുമോ, അല്ലെങ്കിൽ അതിനെ ശാക്തീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കാർഷിക മേഖലയിലെ പ്രതിസന്ധി കാർഷിക വായ്പാ തിരിച്ചടവിനെ ബാധിച്ചിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. അതിന് കേന്ദ്രഗവൺമെന്റ് നബാർഡ് മുഖാന്തിരം തരുന്ന 3% പലിശയും, സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ ഭാഗമായി നീക്കി വയ്ക്കുന്ന തുകയും പ്രയോജനപ്പെടുത്തിയാണ് ഈ പലിശ ഇളവുകൾ കൊടുക്കുന്നത്. കൃത്യമായി അടയ്ക്കുന്ന ആളുകൾക്ക് അവരുടെ വായ്പാതിരിച്ചടവിനെ പ്രോൽസാഹിപ്പിക്കാൻ ഈ കാര്യം ശക്തിപ്പെടുത്തണമെന്ന് തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്, പക്ഷേ മുഴുവൻ കാർഷിക വായ്പകൾക്കും 4% പലിശ സബ്സിഡി കൊടുക്കാൻ കഴിയുന്ന രീതിയിലുള്ള ബഡ്ജറ്റ് പ്രൊവിഷൻ നമുക്കില്ല. അത് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്, അതുകൂടി ലഭ്യമായാൽ നമുക്ക് കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ നടത്തിക്കൊണ്ടുപോകാനാകും.

ശ്രീ. പി. ടി. തോമസ്: സർ, സഹകരണ മേഖലയിലെ തൊഴിലവസരങ്ങളെ സംബന്ധിച്ചാണല്ലോ ചോദ്യം. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി, സഹകരണ മേഖലയിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിടുകയുണ്ടായി. എന്നാൽ ഇന്ന് സംസ്ഥാന വ്യാപകമായി ആ നടപടിയെ അട്ടിമറിക്കത്തക്ക രീതിയിലാണ് മിക്കവാറും എല്ലാ ബാങ്കിലും നിയമനം നടക്കുന്നത്. അതിന്റെ രഹസ്യങ്ങളൊക്കെ അങ്ങേയ്ക്ക് അറിയാം, ഞാൻ അത് വിശദീകരിക്കുന്നില്ല. ഈ നടപടിക്ക് അറുതിവരുത്താൻ എന്തെങ്കിലും ആലോചന ഗവൺമെന്റിന്റെ മുൻപിൽ ഉണ്ടോ; സഹകരണ മേഖലയിലെ നിയമനം 100 ശതമാനം പി.എസ്.സി.ക്ക് വിടാൻ തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സഹകരണ മേഖലയിലെ എല്ലാ നിയമനങ്ങളും പി.എസ്.സി.ക്ക് വിട്ടിട്ടില്ല. പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരെ നിയമിക്കുന്നതിന് പ്രത്യേക പരീക്ഷാ ബോർഡാണുള്ളത്. ജില്ലാ ബാങ്കുകളിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ ഒഴികെയുള്ള ആളുകളുടെ നിയമനമാണ് പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളത്. അത് പി.എസ്.സി.യുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ രംഗത്തെ നിയമനവുമായി ബന്ധപ്പെട്ട കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച വിഷയം വസ്തുതയാണ്. അത് നമുക്ക് കൂടുതൽ ആലോചനയ്ക്ക് വിധേയമാക്കേണ്ടതാണ്. ആ രീതിയിൽ സഹകരണ മേഖലയിലെ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്താണ് ആ പ്രശ്നത്തിന് പരിഹാരം കാണേണ്ടത്.

ശ്രീ. കെ. മുരളീധരൻ: സർ, സഹകരണ മേഖലയിലെ തൊഴിലവസരങ്ങളെക്കുറിച്ച് പറയുമ്പോൾ, സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക പിരിക്കുന്നത് ഡെപ്പോസിറ്റ് കളക്ടർമാരാണ്. പല സഹകരണ സ്ഥാപനങ്ങളിലും അവർക്ക് ഇരിക്കാൻ കസേരപോലും ഇല്ലാത്ത സ്ഥിതിയാണ്. അവരെ സ്ഥിരപ്പെടുത്തുന്ന കാര്യം, 13-ാം കേരള നിയമസഭയിൽ ഒരു സബ്മിഷനായി ഞാൻ അവതരിപ്പിച്ചിരുന്നു. സഹകരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഡെപ്പോസിറ്റ് കളക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ? രാധാകൃഷ്ണൻ കമ്മീഷൻ ഇതുസംബന്ധിച്ച് അവർക്ക് അനുകൂലമായ ഒരു റിപ്പോർട്ട് നൽകിയിരുന്നു. അതിന്മേൽ ഗവൺമെന്റിനുള്ള നിലപാടെന്താണ്?

ശ്രീ. എ. സി. മൊയ്തീൻ: സർ, സഹകരണ മേഖലയിൽ ഡെപ്പോസിറ്റ് കളക്ടർമാർ ഉൾപ്പെടെയുള്ള നിരവധി ആളുകൾ പത്തും പതിനഞ്ചും വർഷമായി

ജോലി ചെയ്യുന്നുണ്ട്. വളരെ അനുഭാവപൂർവ്വം പരിഗണിക്കേണ്ട കേസ്സായതിനാൽ നിയമവിധേയമായി ആ കാര്യങ്ങൾ എങ്ങനെ ചെയ്യാൻ കഴിയുമെന്ന് സർക്കാർ പരിശോധിക്കുന്നതാണ്.

ശ്രീ. എൽദോസ് കുന്നപ്പിള്ളി : സർ, ഡിഗ്രിയും പി.ജി.യും യോഗ്യത നേടിയ നിരവധി അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ മറ്റ് ജോലി സാദ്ധ്യതകൾ കുറവാണെന്നുള്ളതുകൊണ്ട് പ്യൂൺ/അറ്റൻഡർ തസ്തികകളിൽ ജോലി ചെയ്യാൻ തയ്യാറാണ്. പക്ഷേ സർക്കാരിന്റെ നയമനുസരിച്ച് ഡിഗ്രി യോഗ്യതയുള്ളവരെ അറ്റൻഡർ/പ്യൂൺ തസ്തികയിൽ നിയമിക്കാൻ പാടില്ലെന്ന നിലവിലെ നിയമത്തിൽ ഭേദഗതി വരുത്താൻ തയ്യാറാണോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, സഹകരണ മേഖലയിൽ മാത്രമല്ല ഇത്തരം പ്രശ്നങ്ങളുള്ളത്. മറ്റെല്ലാ മേഖലയിലും നിശ്ചിത ജോലിക്ക് അധിക യോഗ്യത ഒരു ബാദ്ധ്യതയായി വരുന്ന വിഷയമുണ്ട്. ഇത് സഹകരണ മേഖലയെ മാത്രം ബാധിക്കുന്ന ഒരു വിഷയമല്ല. സർക്കാർ ഇത് പൊതുവായി ആലോചിക്കുന്നതാണ്. ഈ സർക്കാരിന്റെ കാലത്ത് മാത്രമല്ല മുൻ സർക്കാരിന്റെ കാലത്തും ആ നിലപാടാണുണ്ടായിരുന്നത്. അധികയോഗ്യത ജോലി നിയമനത്തിന് അയോഗ്യതയായി വരുന്നത് ഗൗരവമുള്ള ഒരു വിഷയമാണ്. സഹകരണ മേഖലകളിൽ യോഗ്യതയുള്ള ആളുകളെ ലാസ്റ്റ് ഗ്രേഡായി നിയമിക്കുന്നത് അവർക്ക് പ്രൊമോഷൻ കൊടുക്കുന്നതിന് വേണ്ടിയാണ്. അത് ശരിയായ ഒരു നിലപാടായി കണക്കാക്കാൻ കഴിയില്ല.

ശ്രീ. കെ. രാജൻ : സർ, നേരത്തെ ഡിമാന്റ് ഡിസ്കഷനിൽ അങ്ങ് സൂചിപ്പിച്ചതുപോലെ, വായ്പ കൊടുക്കലും നിക്ഷേപം സ്വീകരിക്കലും മാത്രം നിർവ്വഹിക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽനിന്നും സഹകരണ മേഖല മാറി ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന, സഹകരണ മേഖലയ്ക്ക് ഇടപെടാൻ കഴിയുന്ന എത്രയോ രംഗങ്ങളുണ്ട്. എന്റെ ചോദ്യം ലാബുൾപ്പെടെയുള്ള പുതിയ മേഖലകളിലേയ്ക്ക് സഹകരണ മേഖലയ്ക്ക് ഇടപെടാൻ കഴിയുമെന്ന് അങ്ങ് സൂചിപ്പിച്ചു. ആശുപത്രികളിൽ പേവാർഡുകൾ ഉൾപ്പെടെയുള്ളവ വളരെ അപകടാവസ്ഥയിലാണ്. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ഇപ്പോൾ തീരെ

നിലനിൽക്കാത്ത സ്ഥിതിയുമാണ്. സഹകരണ പ്രസ്ഥാനങ്ങൾ ഇതിലിടപെട്ടുകൊണ്ട്, ആരോഗ്യ മേഖലയിൽ പേവാർഡുകൾ ഉൾപ്പെടെ നിർമ്മിച്ച് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും രോഗികൾക്ക് സഹായകരമായ നിലപാട് എടുക്കുന്നതിനും കഴിയുമോ ?

ശ്രീ. എ. സി. മൊയ്തീൻ : ആരോഗ്യ രംഗത്ത് ന്യായമായ നിരക്കിൽ നാട്ടുകാരെയും രോഗികൾ ഉൾപ്പെടെയുള്ളവരെയും സഹായിക്കുന്നതിനുവേണ്ടി നിലവിൽ പല സ്ഥലത്തും സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ സൗകര്യം കുറവാണ് എന്നുള്ളതുകൊണ്ട് ഒഴിവായി കിടക്കുന്ന സ്ഥലങ്ങളിൽ പേവാർഡുകൾ വേണമെന്നുള്ള ഇത്തരമൊരാവശ്യം പലപ്പോഴും നമ്മളുൾപ്പെടെ എല്ലാവരും ഉന്നയിക്കാറുണ്ട്. ഇന്ന് നിലവിലുള്ള പേവാർഡുകൾക്ക് പുറമെ പുതിയ പേവാർഡുകൾ ആ രംഗത്ത് ആവശ്യമായി വരികയും ആരോഗ്യ വകുപ്പ് അനുമതിയും തരികയാണെങ്കിൽ സഹകരണ വകുപ്പ് അത്തരം പേവാർഡുകൾ നിർമ്മിക്കുന്നതിന് തയ്യാറാണ്. അതിനാവശ്യമായ മുതൽമുടക്കാനും സഹകരണ വകുപ്പിനാകും എന്നുതന്നെയാണ് കരുതുന്നത്. ആരോഗ്യ വകുപ്പുമന്ത്രിയുമായി ഈ വിഷയം സംസാരിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള : സർ, സഹകരണ ബാങ്കുകളിൽ മാത്രം 79,225 കോടി രൂപയുടെ നിക്ഷേപം നിലവിലുണ്ട്. സഹകരണ മേഖലയിൽ അഞ്ച് വർഷത്തിനുള്ളിൽ ഏകദേശം ഒരു ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. സഹകരണ വ്യവസായ സംഘങ്ങളുടെ കീഴിൽ വരുന്ന സ്പിന്നിംഗ് മില്ലുകൾ വർഷങ്ങൾക്ക് മുമ്പ് പ്രവർത്തനമാരംഭിച്ചതാണ്. അതിന്റെ പ്രവർത്തനം ഓരോ വർഷവും പുറകോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. വ്യവസായ വകുപ്പിന്റെ കീഴിലാണ് സഹകരണ സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നത്. എന്നാൽ വ്യവസായ വകുപ്പും സഹകരണ വകുപ്പും യോജിച്ചുകൊണ്ട് ഈ സ്പിന്നിംഗ് മില്ലുകളെ ശാക്തീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? അതുപോലെ ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്കുകൾ ഉണ്ടാക്കാൻ പോകുകയാണ്. പുതിയ കേരള ബാങ്ക് നിലവിൽ വരുമ്പോൾ പുതിയ തൊഴിലവസരങ്ങളുണ്ടാകുമോ; അത് സംബന്ധിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കേരളത്തിലെ സഹകരണ സ്പിന്നിംഗ് മില്ലുകൾ വ്യവസായ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. സഹകരണ സ്പിന്നിംഗ് മില്ലുകൾ സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ട് വലിയ പ്രയാസങ്ങൾ നേരിടുകയാണ്. കടഭാരം, പലിശയുടെ ഭാരം ഇതിന്റെയൊക്കെ ഭാഗമായിട്ടുള്ള പ്രശ്നങ്ങളുണ്ട്. നൂലിന് മാർക്കറ്റിൽ വില കുറവും റാ-മെറ്റീരിയലിന് വലിയ തോതിൽ വില വർദ്ധിച്ചതുമായ പ്രശ്നങ്ങൾ സഹകരണ സ്പിന്നിംഗ് മില്ലുകൾ നേരിടുന്നുണ്ട്. വ്യവസായ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഗവൺമെന്റ്. സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെയുള്ള ടെക്സ്റ്റൈൽ മേഖല നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കഴിഞ്ഞ ദിവസം സഭയിൽ ചർച്ചയ്ക്ക് വന്നതാണ്. ഏത് രീതിയിൽ സഹകരണ വകുപ്പിന് അവയെ സഹായിക്കാൻ കഴിയുമെന്നത് പരിശോധിക്കാവുന്നതാണ്. സംസ്ഥാന ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിച്ചായിരിക്കും ഭാവി കാര്യങ്ങൾ തീരുമാനിക്കുന്നത്.

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

4 (*484) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനമാകെ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്നതിൽ സംസ്ഥാനത്തിന് ഇതുവരെ എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്; ഇതുസംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നിലവിൽ എത്ര കേന്ദ്രങ്ങളിലാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി 2007 മുതലാണ് കേരളത്തിൽ നടപ്പിലാക്കാൻ തുടങ്ങിയത്. 2008 മുതൽ കുമരകം, തേക്കടി, വൈത്തിരി, കോവളം എന്നിവിടങ്ങളിൽ പദ്ധതിയുടെ പ്രാദേശികതല നിർവ്വഹണം ആരംഭിച്ചു. തുടർന്ന് 2012-ൽ ബേക്കൽ, കുമ്പളങ്ങി, അമ്പലവയൽ എന്നീ കേന്ദ്രങ്ങളെക്കൂടി പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി. 2014-ൽ മുസിരിസ് പദ്ധതി പ്രദേശത്തെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ കൂട്ടിച്ചേർക്കുന്നതിന് തീരുമാനിച്ചു.

2012-ൽ കേരളത്തിലെ 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി. 2014-ൽ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനത്തിന്റെ ഭാഗമായി 'ദൈവത്തിന്റെ സ്വന്തം നാട്', 'ജനങ്ങളുടെ സ്വന്തം ടൂറിസം' എന്ന പേരിൽ നടപ്പാക്കാൻ തീരുമാനിച്ചു. ആദ്യഘട്ടം എന്ന നിലയിൽ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം പൂർത്തിയായിവരുന്നു. സംസ്ഥാനത്താകെ ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിനായി സത്വരമായ പ്രവർത്തനങ്ങൾ ഈ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിനായി 'റെസ്പോൺസിബിൾ ടൂറിസം മിഷൻ' രൂപീകരിക്കുന്നതടക്കമുള്ള കാര്യങ്ങൾ പരിഗണനയിലുണ്ട്.

(ബി) 2007-2008 കാലഘട്ടം മുതൽ നാളിതുവരെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ നടത്തിപ്പിന് പത്ത് അവാർഡുകൾ ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 'എ ' ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(സി) നിലവിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി 7 കേന്ദ്രങ്ങളിലാണ് നടപ്പിലാക്കി വരുന്നത്. കുമരകം, കോവളം, തേക്കടി, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ എന്നിവയാണവ. ഇതിനുപുറമേ മുസിരിസ് പദ്ധതിപ്രദേശത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, റെസ്പോൺസിബിൾ ടൂറിസവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 112 വിനോദസഞ്ചാര കേന്ദ്രങ്ങളെ ഈ മേഖലയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമെടുത്തു. ഇതിന് മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; അതുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള തീരുമാനമെന്താണ്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. എ. സി. മൊയ്തീൻ : സർ, റെസ്പോൺസിബിൾ ടൂറിസം പദ്ധതി 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രഖ്യാപനം വന്നെങ്കിലും ഏഴ് പഞ്ചായത്തിൽ മാത്രമാണ് ഈ സർക്കാരിന്റെ കാലത്ത് ഉൾപ്പെടെ തുടങ്ങാൻ കഴിഞ്ഞിട്ടുള്ളത്. പ്രാദേശിക ജനവിഭാഗങ്ങൾക്ക് ടൂറിസത്തിന്റെ പ്രയോജനം ലഭ്യമാക്കുകയും പരിസ്ഥിതി സംരക്ഷണമുൾപ്പെടെയുള്ള കാര്യങ്ങളിൽ പുതിയൊരു രീതി കേരളം ആവിഷ്കരിച്ച് ലോക അംഗീകാരം നേടുകയും ചെയ്തിട്ടുള്ളതാണ്. അത്തരമൊരു പദ്ധതി ഗ്രാമപഞ്ചായത്തുകളിൽ മാത്രമല്ല സംസ്ഥാന വ്യാപകമായി പതിനാല് ജില്ലകളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 'കിറ്റ്സ്' ആണ് അതിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. അതിനുപകരം ഇത് വ്യാപകമായി നടപ്പിലാക്കുന്നതിനായി ഒരു മിഷൻ ആരംഭിക്കുന്നതിനുള്ള പ്രവർത്തനമാണ് ടൂറിസം വകുപ്പ് ആലോചിച്ച് വരുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, റെസ്പോൺസിബിൾ ടൂറിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏറ്റവും നല്ല ഹോട്ടലുകൾക്കും ടൂർ ഓപ്പറേറ്റേഴ്സിനും അവാർഡുകൾ നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമോ? കാരണം മറ്റ് മേഖലകളിലാണ് ഇതുവരെ അവാർഡുകൾ നൽകിവരുന്നത്. റെസ്പോൺസിബിൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിൽ അവാർഡുകൾ നൽകുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹോട്ടലുകൾ, ആയുർവ്വേദ റിസോർട്ടുകൾ, ഹോംസ്റ്റേകൾ എന്നിവയ്ക്കൊക്കെ ക്ലാസ്സിഫിക്കേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഇപ്പോഴുണ്ട്. അതുമായി ബന്ധപ്പെട്ട് ഏറ്റവും നല്ല സർവ്വീസ് ചെയ്യുന്ന സ്ഥാപനങ്ങളെക്കൂടി പ്രൊമോട്ട് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ആവശ്യമായ പരിശോധന നടത്തുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ : സർ, ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കുമെന്ന് പറഞ്ഞതിൽ സന്തോഷം. പലപ്പോഴും നമ്മുടെ ശ്രദ്ധ പതിയാതെ പോകുന്ന പ്രദേശങ്ങളിൽ, 2014-2015-ലെ ഗവൺമെന്റിന്റെ കണക്കുകൾ പ്രകാരം വിദേശ ടൂറിസ്റ്റുകളുടെ വരവിൽ ഏറ്റവും കൂടുതൽ വർദ്ധനവുണ്ടായ പ്രദേശം പാലക്കാടാണ്. നെല്ലിയാമ്പതി, പറമ്പിക്കുളം,

സൈലന്റ്‌വാലി ഉൾപ്പെടെയുള്ള പ്രദേശങ്ങളെ കണക്ട് ചെയ്ത് ഒരു ഗ്രീൻ ട്രയാംഗിൾ സിസ്റ്റത്തിൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ വ്യാപനം എത്രയും പെട്ടെന്ന് പാലക്കാട്ട് നടപ്പിലാക്കാൻ പ്രത്യേകം നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അതുമാത്രമല്ല, നെല്ലിയാമ്പതി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ടൂറിസം സർക്യൂട്ടുമായി ബന്ധപ്പെട്ട ഒരു പദ്ധതി രൂപീകരിച്ച് അതിന്റെ ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് 'കിഫ്ബി'-യിൽ ഉൾപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. പാലക്കാട്, മലമ്പുഴ, നെല്ലിയാമ്പതി ഉൾപ്പെടെ നിളയുമായി ബന്ധപ്പെട്ട് ഒരു സർക്യൂട്ട് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i)നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കൈത്തറി-ഖാദി വസ്ത്രങ്ങളിലെ കൃത്രിമ ചായങ്ങൾ

5 (*485) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി-ഖാദി വസ്ത്രങ്ങൾക്ക് പ്രകൃതിദത്ത ചായങ്ങൾക്ക് പകരം കൃത്രിമ ചായങ്ങൾ ഉപയോഗിക്കുന്നത് അവയുടെ വിശ്വാസ്യതയ്ക്ക് കോട്ടം തട്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈത്തറി മേഖലയിൽ പ്രകൃതിദത്ത ചായങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇവയ്ക്ക് സർക്കാർ സഹായമെന്തെങ്കിലും നല്കുന്നുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കൈത്തറി-ഖാദി വസ്ത്രങ്ങൾക്ക് പ്രകൃതിദത്ത ചായങ്ങൾക്ക് പകരം കൃത്രിമ ചായങ്ങൾ ഉപയോഗിക്കുന്നത് അവയുടെ വിശ്വാസ്യതയ്ക്ക് കോട്ടം തട്ടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കണ്ണൂർ ജില്ലയിൽ പ്രകൃതിദത്ത ചായങ്ങൾ നിർമ്മിക്കുന്ന 7 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) നൽകുന്നുണ്ട്. 2014-15 വർഷത്തിൽ പ്രകൃതിദത്ത ചായങ്ങൾ നിർമ്മിക്കുന്നതിനും, ഡൈയിംഗിനുമുള്ള പരിശീലനത്തിനും, ഓർഗാനിക് വസ്തുങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ മാർക്കറ്റിംഗിനുമായി സർക്കാർ 3392500 രൂപ അനുവദിച്ചിട്ടുണ്ട്.

**ജലവൈദ്യുതി ഉല്പാദനം**

6 (*486) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴയുടെ കുറവ് സംസ്ഥാനത്തിന്റെ ജലവൈദ്യുതി ഉല്പാദനത്തെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ജലവൈദ്യുതി ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി റഗുലേറ്ററി അതോറിറ്റിയുടെ ഇടപെടൽ, വൈദ്യുതി ഉല്പാദനത്തെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) മഴയുടെ കുറവ് സംസ്ഥാനത്തിന്റെ ജല വൈദ്യുതി ഉല്പാദനത്തെ ബാധിച്ചിട്ടുണ്ട്. മഴയുടെ കുറവ് കാരണം നാളിതുവരെയുള്ള കണക്കുപ്രകാരം പ്രതീക്ഷിച്ചിരുന്ന നീരൊഴുക്കിന്റെ 55% മാത്രമെ ലഭിച്ചിട്ടുള്ളൂ. ഈ ജലവർഷം പ്രതീക്ഷിച്ചിരുന്ന നീരൊഴുക്ക് 6841.13 ദശലക്ഷം യൂണിറ്റ് ആയിരിക്കെ 2016 ഒക്ടോബർ 17-ാം തീയതി വരെയുള്ള കണക്കിൻപ്രകാരം 2292.43 ദശലക്ഷം യൂണിറ്റ് ഉല്പാദിപ്പിക്കാനുള്ള വെള്ളത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്.

(ബി) കാലവർഷത്തിന്റെ കുറവ് കാരണം സംസ്ഥാനത്തിന്റെ ജലവൈദ്യുതി

ഉൽപ്പാദനത്തിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ മഴയുടെ കുറവ് കാരണം അന്തരീക്ഷ താപനിലയിലുണ്ടായ വർദ്ധനവ് വൈദ്യുത ഉപഭോഗത്തിൽ ഗണ്യമായ വർദ്ധനയ്ക്ക് ഇടയാക്കിയിട്ടുണ്ട്. 2016 ഒക്ടോബർ മാസത്തിലെ കണക്കനുസരിച്ച് (17-10-2016 വരെയുള്ളത്) സംസ്ഥാനത്തിന്റെ പ്രതിദിന ശരാശരി ഉല്പാദനം 10.9019 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തിന്റെ ശരാശരി പ്രതിദിന ഉപഭോഗം 63.831 ദശലക്ഷം യൂണിറ്റാണ്. ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം 52.93 ദശലക്ഷം യൂണിറ്റാണ്.

(സി) ബ്രഹ്മപുരം നിലയത്തിലെ കേടായ രണ്ട് ജനറേറ്റർ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ റഗുലേറ്ററി കമ്മീഷൻ നിരാകരിച്ചിട്ടുണ്ട്.

**സാമ്പത്തിക വർഷം പരിഷ്കരിക്കുന്നതിനുള്ള നടപടി**

7 (*487) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സാമ്പത്തിക വർഷം ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ എന്നതിൽ നിന്ന് വാർഷിക കലണ്ടറിലേതു പോലെ ജനുവരി 1 മുതൽ ഡിസംബർ 31 വരെ എന്ന് പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നുവെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിഷ്കരണത്തിലൂടെ സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക രീതികളിൽ എന്തൊക്കെ മാറ്റങ്ങളുണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) സാമ്പത്തിക വർഷകാലയളവിൽ വരുന്ന മാറ്റംമൂലം സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ - സി) ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള കാലയളവാണ് നിലവിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവർത്തിച്ചു വരുന്ന സാമ്പത്തിക വർഷം. എന്നാൽ ഒരു പുതിയ സാമ്പത്തിക വർഷക്രമം ആവിഷ്കരിക്കുന്നതിന്റെ പ്രായോഗികതയും സാധ്യതയും അവലോകനം ചെയ്യുന്നതിനായി മുൻ

സാമ്പത്തിക ഉപദേഷ്ടാവായിരുന്ന ഡോ. ശങ്കരാചാര്യ അദ്ധ്യക്ഷനായ ഒരു നാലംഗ സമിതിയെ കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രം തേടിയിട്ടുണ്ട്. സാമ്പത്തിക വർഷക്രമം മാറ്റുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ അന്തിമ നിലപാട് കൈക്കൊണ്ടിട്ടില്ല. ഇത് സംബന്ധിച്ച് അഭിപ്രായ രൂപീകരണത്തിനുള്ള ചർച്ചകൾ സർക്കാർ തലത്തിൽ നടന്നുവരികയാണ്. ഇക്കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അഭിപ്രായ സമന്വയത്തിലൂടെ എത്തിച്ചേരുന്ന പുതിയ കാലക്രമം ഏതാണെന്ന് വ്യക്തമായെങ്കിലെ പ്രസ്തുത പരിഷ്കാരം സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കാവുന്ന മാറ്റങ്ങളെക്കുറിച്ച് വിലയിരുത്താനാവുകയുള്ളു.

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

8 (*488) ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. എം. മണി:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളുടെ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഏകോപിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ടൂറിസം കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും സത്വരമായ പ്രാദേശിക നടപടികൾ സ്വീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മെയ്തീൻ):

(എ) ഉണ്ട്. 2007-ൽ ആരംഭിച്ച പദ്ധതി കോവളം, കുമരകം, തേക്കടി, വയനാട്, ബേക്കൽ, കുമ്പളങ്ങി എന്നീ പ്രദേശങ്ങളിലാണ് നടന്നുവരുന്നത്. മുസിരിസ് പദ്ധതി പ്രദേശത്തുകൂടി ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുവാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. തദ്ദേശീയർക്ക് മെച്ചപ്പെട്ട രീതിയിൽ ജീവിക്കാൻ ഉതകുംവിധവും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാൻ സഹായിക്കുംവിധവും ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉൽപ്പന്ന വികസനം, ഗ്രാമീണ പാക്കേജുകൾ, പാരിസ്ഥിതിക സാംസ്കാരിക പൈതൃക സംരക്ഷണം തുടങ്ങിയവ ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.

(സി) ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് (പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ) കുടുംബശ്രീ മിഷൻ, കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഫിഷറീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ടാണ് നടപ്പാക്കി വരുന്നത്.

(ഡി) ടൂറിസം കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും മറ്റുമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലായി 3 മേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസ്, മറ്റ് എല്ലാ ജില്ലകളിലും ജില്ലാ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു.

ഇതിനുപുറമേ പ്രാദേശിക തലത്തിൽ ടൂറിസം കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും മറ്റുമായി ജില്ലാ കളക്ടർ ചെയർമാനും മറ്റു വിവിധ മേഖലയിലുള്ളവർ അംഗങ്ങളുമായ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രധാന ടൂറിസം സെന്ററുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും മറ്റുമായി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

**ടൂറിസം വികസനത്തിനും പ്രചരണത്തിനുമായി പദ്ധതികൾ**

9 (*489) ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. എസ്. രാജേന്ദ്രൻ:

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനും ടൂറിസം പ്രചരണത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ വികസന പദ്ധതികളുടെയും കർമ്മപരിപാടികളുടെയും വിശദാംശം നൽകുമോ;

(ബി) വിനോദ സഞ്ചാര മേഖലയ്ക്ക് പുതിയ മാനവും ദിശയും നൽകുന്നതിനാവശ്യമായ സഹായം ലഭ്യമാക്കുന്നതിനായി ഉപദേശക സമിതി, വിഷയാധിഷ്ഠിത സൂക്ഷ്മ പരിശോധനാ സമിതി എന്നിവ രൂപീകരിച്ചിട്ടുണ്ടോ;

(സി) ടൂറിസ്റ്റുകളുടെ വരവിലും വിനോദസഞ്ചാരത്തിൽ നിന്നുള്ള വരുമാനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസനത്തിനുള്ള നടപടികളാണ് വകുപ്പ് കൈക്കൊണ്ടുവരുന്നത്. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന സർക്കാർ സംരംഭമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIFB) ന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെയുള്ള സമഗ്ര വികസനമാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വികസിപ്പിക്കുന്ന കേന്ദ്രങ്ങളോടൊപ്പം സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടുകൂടിയുള്ള ടൂറിസം പദ്ധതികളും സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവക്ഷിക്കുന്നുണ്ട്. ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ, ആയുർവേദ കേന്ദ്രങ്ങൾ, ഹൗസ്ബോട്ടുകൾ, ഹോംസ്റ്റേകൾ, അഡ്വഞ്ചർ ടൂറിസം തുടങ്ങി വിവിധ മേഖലകൾ സ്വകാര്യ നിക്ഷേപത്തിന് സാധ്യതയുള്ളതാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്നതിന് പ്രധാനമായും ലക്ഷ്യമിടുന്നുണ്ട്. നൂതനമായ പ്രചരണവും-വിപണനവും ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചുവരുന്നു.

ടൂറിസം വികസനത്തിനുവേണ്ടി വിദേശ രാജ്യങ്ങളിൽ സംഘടിപ്പിക്കുന്ന പ്രശസ്തമായ ടൂറിസം മേളകളിൽ പങ്കെടുക്കുന്നത് കൂടാതെ, റോഡ് ഷോകളും B2B മീറ്റിംഗുകളും സംഘടിപ്പിച്ചുവരുന്നു. പ്രചരണ പരിപാടികളുടെ ഭാഗമായി അച്ചടി ദൃശ്യമാധ്യമങ്ങളിൽ കേരളത്തിന്റെ സാന്നിധ്യം അനുഭവപ്പെടുത്തുവാനായി നിരവധി പരസ്യ പ്രചരണ പരിപാടികളും നടത്തിവരുന്നു. ഇവ കൂടാതെ ടൂറിസം രംഗത്തെ പ്രശസ്തരായ മാധ്യമ പ്രവർത്തകരേയും, ബ്ലോഗേഴ്സിനേയും മറ്റും സംസ്ഥാനത്ത് ക്ഷണിച്ചുവരുത്തി നമ്മുടെ ടൂറിസം ഉത്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തുവരുന്നു.

(ബി) 1-3-2016-ലെ G.O.(Rt)118/2016/TSM പ്രകാരം ഉപദേശക സമിതിയും, വിഷയാധിഷ്ഠിത സൂക്ഷ്മ പരിശോധനാ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

(സി) വിദേശരാജ്യങ്ങളിൽ പ്രശസ്തമായ ടൂറിസം മേളകളിൽ പങ്കെടുക്കുന്നത് കൂടാതെ റോഡ്ഷോകളും B2B മീറ്റിംഗുകളും സംഘടിപ്പിച്ചുവരുന്നു. പ്രചരണ പരിപാടികളുടെ ഭാഗമായി അച്ചടി, ദൃശ്യമാധ്യമങ്ങളിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം അനുഭവപ്പെടുത്തുവാനായി നിരവധി പരസ്യ പ്രചരണ പരിപാടികളും നടത്തിവരുന്നു. ഇവ കൂടാതെ ടൂറിസം രംഗത്തെ പ്രശസ്തരായ മാധ്യമ പ്രവർത്തരേയും ബ്ലോഗേഴ്സിനേയും മറ്റും സംസ്ഥാനത്ത് ക്ഷണിച്ചുവരുത്തി നമ്മുടെ ടൂറിസം ഉത്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു വരുന്നു. അടുത്ത 5 വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ ഈ മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു.

### യുവസംരംഭകത്വ വികസന പദ്ധതി

10 (*490) ശ്രീ. എം. സ്വരാജ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ബാബു:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവസംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) വിദ്യാർത്ഥികളിൽ സംരംഭകത്വത്തിനുള്ള താല്പര്യം ജനിപ്പിക്കുന്നതിനും യുവാക്കളെ മികച്ച സംരംഭകരാക്കുന്നതിനുള്ള നൂതന ആശയങ്ങൾ ആവിഷ്കരിക്കുന്നതിനും പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) യുവതലമുറയെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക, യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുക, വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക എന്നിവയാണ് യുവ സംരംഭക പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

യുവസംരംഭകർ മുന്നോട്ട് വയ്ക്കുന്ന അടിസ്ഥാന ആവശ്യങ്ങളായ സാമ്പത്തിക സഹായവും മെന്ററിംഗും ഇൻക്യുബേഷൻ സെന്ററുകൾ മുഖേനയുള്ള സഹായങ്ങളും സ്റ്റാർട്ട് അപ് മിഷനിലൂടെ ലഭ്യമാക്കുന്നുണ്ട്.

(സി) ഐ.റ്റി./ഐ.റ്റി. ഇതര മേഖലകളിലെ യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി കേരള സ്റ്റാർട്ട് അപ് മിഷൻ, കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ഡി & ഇ) യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്കാവശ്യമായ പ്രചോദനവും വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയും അവരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിന് വേദിയൊരുക്കുകയുമാണ് യുവസംരംഭക പദ്ധതിയുടെ ലക്ഷ്യം. യുവസംരംഭകർ മുന്നോട്ടുവയ്ക്കുന്ന അടിസ്ഥാന ആവശ്യങ്ങളായ സാമ്പത്തിക സഹായവും മെന്ററിംഗും ഇൻക്യുബേഷൻ സെന്ററുകൾ മുഖേനയുള്ള സഹായങ്ങളും സ്റ്റാർട്ട് അപ് മിഷനിലൂടെ ലഭ്യമാക്കുന്നുണ്ട്.

യുവസംരംഭകർക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനായി കെ.എസ്.ഐ.ഡി.സി. യിൽ ഒരു സീഡ് ഫണ്ടിംഗ് സ്കീം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കാക്കനാടുള്ള ഇൻഫോപാർക്ക് ക്യാമ്പസിലും അങ്കമാലിയിലെ ഇൻകെൽ ക്യാമ്പസിലും കെ.എസ്.ഐ.ഡി.സി.-യുടെ ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകരുടെ സംരഭകത്വ ആശയങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ വിവിധ കോളേജുകൾ/ യൂണിവേഴ്സിറ്റി കളുമായി സഹകരിച്ച് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇതുവഴി കേരളത്തെ യുവസംരഭകരുടെ സംരഭകത്വ കേന്ദ്രമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്.

## ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

11 (*491) ശ്രീ. അനിൽ അക്കര:

ശ്രീ. കെ. സി.ജോസഫ്:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും ഊർജ്ജ കാര്യക്ഷമതയെക്കുറിച്ചും പൊതുജനങ്ങളെ അറിയിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും ഊർജ്ജകാര്യക്ഷമതയെക്കുറിച്ചും പൊതുജനങ്ങളെ അറിയിക്കുവാൻ ഇ.എം.സി. പ്രയോജനപ്പെടുത്തുന്ന സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു:

പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി സർക്കാരിതര സംഘടനകൾ മുഖേന നടത്തിവരുന്ന ഒരു ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടിയാണ് ഊർജ്ജകിരൺ.

- ഗാർഹിക ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജസംരക്ഷണ ബോധവത്ക്കരണം നൽകുന്നതിന് സ്ത്രീകളായ എനർജി ക്ലിനിക് വോളണ്ടിയർമാർ വീടുകൾതോറും ഊർജ്ജസംരക്ഷണ ക്ലാസ്സുകൾ നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു.
- വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ ബോധവത്ക്കരണം നടത്തുന്നതിന് സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു.
- ഊർജ്ജസംബന്ധമായ പരിശീലന പരിപാടികൾ നടത്തുന്നതിനായി കേരളത്തിലുടനീളം റിസോഴ്സ് പേഴ്സണുകൾക്ക് പരിശീലനം നൽകിവരുന്നു.
- കേരളത്തിലെ എഞ്ചിനീയറിംഗ്, പോളിടെക്നിക്, ഐ.റ്റി.ഐ. മുതലായ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണ എക്സിബിഷനുകൾ, മത്സരങ്ങൾ, പരിശീലന പരിപാടികൾ എന്നിവ നടത്തി.

- പൊതുജനങ്ങൾക്ക് ഊർജ്ജ ബോധവത്കരണം നടത്തുന്നതിലേയ്ക്കായി വിവിധ എക്സിബിഷനുകൾ, ലഘുലേഖാവിതരണം എന്നിവ നടത്തുന്നു.
- AIR-ലെ "ഹലോ ആകാശവാണി" എന്ന പരിപാടിയിലൂടെ പൊതുജനങ്ങളുടെ ഊർജ്ജസംരക്ഷണ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകി.
- സംസ്ഥാനത്തെ വായനശാലകൾ വഴിയുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വായനശാലകളിൽ ഊർജ്ജസംരക്ഷണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
- ഊർജ്ജസംരക്ഷണം, ഊർജ്ജ സംരക്ഷണ നിയമം എന്നിവയെപ്പറ്റി അറിവ് നൽകുന്നതിനാവശ്യമായ ലഘുലേഖകൾ, കൈപുസ്തകങ്ങൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു.

<u>കെ.എസ്.ഇ.ബി. മുഖേന നടപ്പിലാക്കിവരുന്ന ഊർജ്ജ സംരക്ഷണ ബോധവത്കരണ പദ്ധതികൾ:</u>

- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഉപഭോക്താക്കളുടെ പങ്കാളിത്തം നേരിട്ട് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 2013 മുതൽ കെ.എസ്.ഇ.ബി. നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ലാഭപ്രഭ'.
- മുൻവർഷങ്ങളിൽ 'നാളേയ്ക്കിത്തിരി ഊർജ്ജം', 'ലാഭപ്രഭ സീസൺ-2' എന്നീ ഊർജ്ജസംരക്ഷണ പദ്ധതികൾ സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ നടപ്പിലാക്കിയിട്ടുണ്ട്.
- ഊർജ്ജ സംരക്ഷണം ലക്ഷ്യം വച്ച് കെ.എസ്.ഇ.ബി. യും ഇ.എം.സി.-യും വിവിധ ബോധവത്ക്കരണ ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്.

<u>ഊർജ്ജ കാര്യക്ഷമത ലക്ഷ്യം വച്ചുകൊണ്ട് താഴെപ്പറയുന്ന പദ്ധതികൾ കെ.എസ്.ഇ.ബി. നടപ്പിലാക്കിയിട്ടുണ്ട്:</u>

1. ഏകദേശം 75 ലക്ഷം എൽ.ഇ.ഡി. ബൾബുകൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ.-മായി ചേർന്ന് ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) എന്ന പദ്ധതി പ്രകാരം വിതരണം ചെയ്തു.

2. പരമ്പരാഗത പെട്ടി-പറ പമ്പിംഗ് സംവിധാനം മാറ്റി ഊർജ്ജ ക്ഷമതയുള്ള പമ്പുകൾ സ്ഥാപിക്കുന്ന പദ്ധതി.

3. ആശുപത്രികളിൽ കാര്യക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും സ്ഥാപിക്കുന്ന പദ്ധതി.

4. ഇ.സി.ഇ.ഇ. (എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി) പദ്ധതി.

**കയർ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി**

12 (*492) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ നിന്നുള്ള കയർ കയറ്റുമതി സർവ്വകാല റെക്കോർഡ് ഭേദിക്കുമ്പോഴും കേരളത്തിലെ കയർമേഖല തകർച്ചയിലാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പച്ചത്തൊണ്ട്-ചകിരി വ്യവസായം കേരളത്തിൽ വികസിപ്പിക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ;

(സി) കയർവ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്):

(എ) കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങൾ യന്ത്രവത്കരണത്തിലൂടെ കയർ മേഖലയിൽ കേരളത്തേക്കാൾ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. ചകിരി, കയർ ഉൽപ്പാദനത്തിലും മറ്റ് സംസ്ഥാനങ്ങൾ പ്രത്യേകിച്ച് തമിഴ്നാട് മുന്നിലാണ്. ഈ പശ്ചാത്തലത്തിൽ ആധുനികവത്കരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാക്കുകയും യന്ത്രവത്കരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്. ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി നടപ്പാക്കിവരുന്നു.

(ബി) ലഭ്യമായ ഡിഫൈബറിംഗ്/മിനി ഡിഫൈബറിംഗ് മെഷീനുകളുടെ ഗുണനിലവാരത്തിൽ വന്ന പോരായ്മകൾ പച്ചത്തൊണ്ട്-ചകിരിവ്യവസായം വികസിപ്പിക്കുന്നതിന് വിഘാതമായി തീർന്നിട്ടുണ്ട്. കൂടാതെ അഴുക്കൽ തൊണ്ട് ഉപയോഗിക്കുന്ന മേഖലകൾ പ്രധാനമായും ചിറയിൻകീഴ്, തൊഴിലാളികൾ വൈറ്റ് ഫൈബർ ഉപയോഗിക്കുന്നതിന് തയ്യാറാകുന്നില്ല. ഇവയെല്ലാം പച്ചത്തൊണ്ടിൽ നിന്നുള്ള ചികിരി ഉൽപ്പാദനത്തെ പിന്നോട്ടാക്കിയിട്ടുണ്ട്.

(സി) കയർ വ്യവസായത്തേയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു:

2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.

3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50 ശതമാനം സംസ്ഥാന വിഹിതം) (എം.ഡി.എ.) നൽകിവരുന്നു.

4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.

5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകിവരുന്നു.

6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നുണ്ട്. ആയത് പരിഷ്കരിച്ച് നിയന്ത്രണങ്ങൾ ഒഴിവാക്കി സമ്പൂർണ്ണ യന്ത്രവത്കരണം നടപ്പിലാക്കി വ്യവസായത്തെ ആധുനിക വത്കരിക്കും. എന്നാൽ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കും.

7. ഉത്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

8. ക്രയവില സ്ഥിരതാഫണ്ട് 17 കോടി രൂപയിൽ നിന്നും 100 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.

12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ കയർ വ്യവസായത്തേയും, തൊഴിലാളികളേയും സംരക്ഷിക്കുന്നതിനായി ഒരു രണ്ടാം പുനഃസംഘടനാ പദ്ധതി സർക്കാർ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കും. 2016-ലെ ബജറ്റ് പ്രസംഗത്തിൽ കയർ ഉൽപ്പന്നങ്ങൾക്ക് 20 ശതമാനം റിബേറ്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലും കയർപിരി തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നുണ്ട്. സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സർക്കാരിനുള്ളത്.

**ഭാഗ്യക്കുറിയുടെ ഘടനയിലെ മാറ്റം**

13 (*493) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറിയുടെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇതോടനുബന്ധിച്ച് ടിക്കറ്റ് വില വർദ്ധിപ്പിക്കാൻ നിർദ്ദേശമുണ്ടോ; എങ്കിൽ സമ്മാനഘടനയിൽ മാറ്റമുണ്ടാകുമോ;

(സി) വിലവർദ്ധന വില്പനയെ പ്രതികൂലമായി ബാധിക്കുമോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്. പ്രതിവാര ഭാഗ്യക്കുറികളിൽ 30 രൂപ മുഖവിലയുള്ള പൗർണ്ണമി, വിൻവിൻ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ പരിഷ്കരിച്ച സമ്മാനഘടന 2016

നവംബർ ആദ്യവാരത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടാണ് ടി ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്കരിച്ചിട്ടുള്ളത്. (നോട്ടിഫിക്കേഷനുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)*. അക്ഷയ ഭാഗ്യക്കുറിയുടെ മുഖവില 30 രൂപയിൽ നിന്ന് 50 രൂപയായി ഉയർത്തി സമ്മാന ഘടന പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) പൗർണ്ണമി, വിൻവിൻ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ മുഖവിലയിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. അക്ഷയ ഭാഗ്യക്കുറിയുടെ മുഖവില 30 രൂപയിൽ നിന്ന് 50 രൂപയാക്കി ഉയർത്തി സമ്മാനഘടന പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്.

കഴിഞ്ഞ വർഷത്തെ പൂജ ബമ്പർ, ക്രിസ്തുമസ്-ന്യൂഇയർ ബമ്പർ ഭാഗ്യക്കുറികളുടെ മുഖവില 100 രൂപയായിരുന്നു. ഈ വർഷം പൂജ ബമ്പർ ഭാഗ്യക്കുറിയുടെ മുഖവില 150 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

സമ്മാന ഘടനയിൽ മാറ്റമുണ്ടാകും. പൗർണ്ണമി, വിൻവിൻ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ പരിഷ്കരിച്ച സമ്മാനഘടന 2016 നവംബർ ആദ്യവാരത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(സി) പരിശോധിച്ചിട്ടുണ്ട്. വിൽപ്പനയെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം നിലവിലില്ല. ടിക്കറ്റ് വില വർദ്ധിപ്പിക്കുന്നതിലൂടെ റവന്യൂ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യനിധി ശേഖരം**

14 (*494) ശ്രീ. എം. മുകേഷ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ബി. സത്യൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യ നിധി ശേഖരത്തിൽ നിന്ന് രത്നങ്ങൾ വീണ്ടും അപ്രത്യക്ഷമായെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണമോ പരിശോധനയോ നടത്തിയിരുന്നോ; വിശദാംശം അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മുൻപ് ഇത്തരത്തിൽ ആഭരണങ്ങൾ കാണാതായിട്ടുണ്ടെന്ന് അഭിഭാഷക കമ്മീഷൻ റിപ്പോർട്ട് നൽകിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ഷേത്രത്തിലെ അമൂല്യമായ പൊതുമുതൽ നഷ്ടപ്പെടുത്താനിടയായെന്ന വിവിധ റിപ്പോർട്ടുകളുടെയും മുൻ പ്രതിപക്ഷ നേതാവ് സമർപ്പിച്ച കത്തിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ ഒരു ബാഹ്യ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാനും പൊതുമുതൽ വീണ്ടെടുക്കുന്നതിനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ക്ഷേത്രത്തിൽ പെരിയനമ്പിയായി പുതിയ ഒരാൾ ചാർജ്ജെടുത്തപ്പോൾ നിലവിലുണ്ടായിരുന്ന പെരിയനമ്പി കൈവശം സൂക്ഷിക്കുന്നവയിൽ കൈമാറിയ സാധനങ്ങളിൽ ചില രത്നങ്ങൾ കാണാനില്ലെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതു സംബന്ധിച്ച് ക്ഷേത്രം അധികാരികൾ ഫോർട്ട് പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യങ്ങൾ സംബന്ധിച്ച് മുൻ കൺട്രോളർ ആന്റ് ആഡിറ്റർ ജനറൽ ശ്രീ. വിനോദ് റായിയുടെ റിപ്പോർട്ടിന്മേൽ ബഹു. സുപ്രീംകോടതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കിൻഫ്ര മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

15 (*495) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങൾക്കുവേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ കിൻഫ്രയുടെ പങ്ക് വിലയിരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) കിൻഫ്ര മുഖേന നടപ്പിലാക്കാനായി ഏതൊക്കെ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതുവഴി എത്രപേർക്ക് നേരിട്ടും പരോക്ഷമായും തൊഴിൽ നൽകാൻ സാധിക്കുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്;

(സി) വ്യവസായ സൗഹൃദമായ നിക്ഷേപ കേന്ദ്രങ്ങൾ ഒരുക്കുന്നതിനോടൊപ്പം തന്നെ അവ പരിസ്ഥിതി സൗഹൃദവും മലിനീകരണ രഹിതവുമായിരിക്കാൻ ശ്രദ്ധ പതിപ്പിക്കുമോ;

(ഡി) വലിയ തോതിൽ ഭൂമിയേറ്റെടുക്കേണ്ട പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ജനസാന്ദ്രത തീരെ കുറഞ്ഞ പ്രദേശങ്ങളിലാകാൻ ശ്രദ്ധ പതിപ്പിക്കാൻ നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വിലയിരുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുക എന്ന പ്രധാന ലക്ഷ്യം നിറവേറ്റുന്നതിൽ ഒരു വലിയ പിരിധിയോളം വിജയിക്കുന്നതിന് കിൻഫ്രയ്ക്ക് സാധ്യമായിട്ടുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ സംരംഭകർക്ക് ഏകജാലക സംവിധാനംവഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കിൻഫ്ര മുഖേന നടപ്പിലാക്കാൻ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പുതിയ വിവിധോദ്ദേശ വ്യവസായ സോണുകൾ താഴെ പറയുന്നവയാണ്:

1. പട്ടാന്നൂർ, കണ്ണൂർ - 500 ഏക്കർ
2. പനയത്താൻ പറമ്പ്, കണ്ണൂർ - 500 ഏക്കർ
3. തൊടുപുഴ - 900 ഏക്കർ
4. മങ്കട, മലപ്പുറം - 700 ഏക്കർ
5. വിഴിഞ്ഞം - 500 ഏക്കർ
6. കാസർഗോഡ് - 500 ഏക്കർ

ഇവ കൂടാതെ താഴെപ്പറയുന്ന പുതിയ പാർക്കുകളും കിൻഫ്ര നടപ്പിലാക്കുന്നു.

1. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം.
2. മെഗാ ഫുഡ് പാർക്ക്, പാലക്കാട്.
3. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്.
4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.
5. ഫുട്വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട്.
6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി.
7. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ.
8. വ്യവസായ പാർക്ക്, മട്ടന്നൂർ.

ഇതുവഴി ഉദ്ദേശം പതിനായിരത്തോളം പേർക്ക് നേരിട്ടും ഏകദേശം 12000 ത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ സാധിക്കുമെന്നാണ് വിലയിരുത്തുന്നത്.

(സി) വ്യവസായ സൗഹൃദപരമായ നിക്ഷേപാന്തരീക്ഷം ഒരുക്കുന്നതിനോടൊപ്പം പരിസ്ഥിതി സൗഹൃദവും മലിനീകരണ വിമുക്തവുമായ വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനാണ് കിൻഫ്ര പ്രാമുഖ്യം നൽകുന്നത്.

(ഡി) വ്യാവസായികാവശ്യങ്ങൾക്കായി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കാത്ത രീതിയിൽ ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങൾ തെരഞ്ഞെടുക്കാൻ കിൻഫ്ര പരമാവധി ശ്രദ്ധിക്കുന്നുണ്ട്.

## സ്കൂളുകളിൽ കൈത്തറി യൂണിഫോം

16 (*496) ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കൈത്തറി യൂണിഫോം നൽകുവാനുള്ള പദ്ധതി പ്രാവർത്തികമായാൽ ആവശ്യമായത്ര തുണി സജ്ജമാക്കാൻ കൈത്തറി മേഖലയിലെ നിലവിലെ ഉല്പാദനം പര്യാപ്തമാണോ;

(ബി) എങ്കിൽ വിദ്യാഭ്യാസ വകുപ്പുമായിച്ചേർന്ന് കൈത്തറി യൂണിഫോം തയ്യാറാക്കി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) കേരളത്തിലെ കൈത്തറി വ്യവസായത്തിന്റെ വളർച്ചയും കൈത്തറി തൊഴിലാളികളുടെ ഉന്നതിയും ലക്ഷ്യമിട്ട് അടുത്ത അദ്ധ്യയന വർഷം മുതൽ 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള സർക്കാർ, എയ്ഡഡ് മേഖലയിലെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി സ്കൂൾ യൂണിഫോം നൽകുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇങ്ങനെ ഏകദേശം 25 ലക്ഷം വിദ്യാർത്ഥികൾക്ക് 2 ജോഡി യൂണിഫോം വീതം നൽകുന്നതിന് 130 ലക്ഷം മീറ്റർ തുണി ആവശ്യമുണ്ട്. ഇത്രയും തുണി സജ്ജമാക്കുവാൻ കൈത്തറി മേഖലയിലെ നിലവിലെ ഉൽപ്പാദനം അപര്യാപ്തമായതിനാൽ, ആദ്യ വർഷം 1-ാം ക്ലാസ് മുതൽ 5-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കുമാത്രമായി സൗജന്യ യൂണിഫോം നിജപ്പെടുത്താനും ബാക്കി 8-ാം ക്ലാസ് വരെയുള്ള യൂണിഫോം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് നിലവിലുള്ള രീതിയിൽ പണം നൽകാമെന്നും തീരുമാനിച്ചിട്ടുണ്ട്. നിലവിലെ ആവശ്യകത മനസ്സിലാക്കി ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പ്ലേ ഫോർ ഹെൽത്ത് പരിപാടി**

17 (*497) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്ലേ ഫോർ ഹെൽത്ത് പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കുട്ടികളിൽ കായിക അഭിരുചി വളർത്തുന്നതിനും വിവിധ കായിക ഇനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ പ്ലേ ഫോർ ഹെൽത്ത് പരിപാടി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഒന്നുമുതൽ നാലുവരെ ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും മിനിമം കായികക്ഷമതയുണ്ടാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സ്കൂളുകളിൽ ഒരു ക്ലാസ്സ് റൂമിനകത്ത് സംഗീത സംവിധാനത്തോടുകൂടി കായിക ഉപകരണങ്ങൾ സജ്ജീകരിച്ച് വിവിധ കായിക ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. ആഴ്ചയിൽ കുറഞ്ഞത് രണ്ടുദിവസം 45 മിനിട്ടുവീതം കായിക ഉപകരണങ്ങളുടെ സഹായത്തോടെ പരിശീലനം നൽകുന്നതിനാൽ കുട്ടികൾക്ക് അവരവരുടെ അഭിരുചിക്കൊത്ത കളികളിൽ ഏർപ്പെടുവാൻ സാധിക്കുന്നു.

**ചരക്ക് സേവന നികുതി**

18 (*498) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ലഭിക്കാവുന്ന ആകെ നികുതിയിൽ ഉണ്ടാകാനിടയുള്ള വ്യതിയാന സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; നിലവിൽ ലഭിക്കുന്നതിലും കുറവാണുണ്ടാകുന്നതെങ്കിൽ ആയത് നഷ്ടപരിഹാരമായി ലഭിക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ എത്ര കാലത്തേയ്ക്ക് ലഭിക്കുമെന്ന് അറിയിക്കുമോ;

(ബി) കേന്ദ്ര-സംസ്ഥാന ഇരട്ട ജി.എസ്.ടി. സമ്പ്രദായത്തിൽ നികുതി പിരിവു സംവിധാനത്തിൽ എന്തുമാറ്റമാണ് നടപ്പിലാക്കേണ്ടിവരികയെന്ന് അറിയിക്കാമോ; കേന്ദ്ര നികുതിവിഹിതം കൂടി പിരിച്ചു നൽകേണ്ട ബാധ്യത സംസ്ഥാനത്തിനാണോ; എങ്കിൽ സംസ്ഥാനത്തെ വാണിജ്യ നികുതി വകുപ്പിന്റെ ഘടന ഏതുതരത്തിൽ മാറേണ്ടതായി വരും;

(സി) ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ളവരിൽനിന്നും നികുതി സമാഹരിക്കുന്നതിനുള്ള ഇരട്ട മാർഗ്ഗമെന്താണെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനങ്ങളുമായി നിലവിൽ പങ്കുവയ്ക്കാത്ത സേവന നികുതി, ജി.എസ്.ടി. യുടെ ഭാഗമായി സംസ്ഥാനങ്ങൾക്ക് കൂടി ലഭ്യമാകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമെ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷുറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെതന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. സേവന നികുതി വിഹിതംകൂടി ലഭിക്കുന്നതിലൂടെ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.

ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Service Tax Council-ന്റെ ശിപാർശ അനുസരിച്ച് പാർലമെന്റ് നിയമനിർമ്മാണത്തിലൂടെ ജി.എസ്.ടി. നടപ്പിലാക്കിയ ശേഷമുള്ള ആദ്യത്തെ 5 വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്.

(ബി & സി) ഒന്നരക്കോടി രൂപ വരെ turn over ഉള്ള ചെറുകിടക്കാരായ വ്യാപാരികൾക്കായി സംസ്ഥാന ജി.എസ്.ടി. യുടേയും കേന്ദ്ര ജി.എസ്.ടി. യുടേയും ഭരണനിർവ്വഹണം ഒരൊറ്റ നികുതി അധികാരി തന്നെ നടത്തണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിന്മേൽ അന്തിമ തീരുമാനം ആയിട്ടില്ല. ഇപ്പോഴുള്ള മാതൃകാ ജി.എസ്.ടി. നിയമമനുസരിച്ച് കേന്ദ്ര നികുതി വിഹിതംകൂടി പിരിച്ചുനൽകേണ്ട ബാധ്യത സംസ്ഥാനത്തിനുണ്ട്. സേവനമേഖലയിൽ പുതിയതായി സംസ്ഥാനത്തിന് നികുതി ചുമത്തേണ്ടി വരികയാണെങ്കിൽ ആവശ്യമുള്ളപക്ഷം സംസ്ഥാന വാണിജ്യ നികുതി വകുപ്പിന്റെ പുനഃസംഘടനയെപ്പറ്റി ആലോചിക്കുന്നതാണ്.

(ഡി) വ്യാപാരിയിൽനിന്ന് ഉപഭോക്താവിലേയ്ക്കുള്ള അന്തർസംസ്ഥാന ഇടപാടുകളിന്മേലുള്ള വീതം വയ്ക്കാത്തതും വർഷാന്ത്യത്തിൽ മിച്ചം വരുന്നതുമായ ക്രെഡിറ്റ് divisible pool-ൽ ഉൾപ്പെടുത്തി അത് ഇറക്കുമതി സേവനം ലഭ്യമാക്കുന്ന സംസ്ഥാനത്തിന് നൽകണമെന്നും IGST അക്കൗണ്ടിൽ മിച്ചം വരുന്ന തുക ഫിനാൻസ് കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കപ്പെടേണ്ടതാണെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

**സാമ്പത്തിക വളർച്ചയ്ക്ക് സഹകരണ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്താൻ നടപടി**

19 (*499) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പ്രസ്ഥാനത്തെ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനമുൾപ്പെടെയുള്ള വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് സഹകരണ രംഗത്ത് ആസൂത്രണം ചെയ്തു നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ സഹകരണ സ്ഥാപനങ്ങളെ ഇതിനുവേണ്ടി എങ്ങനെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്, വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ധനനിക്ഷേപങ്ങളും ക്രെഡിറ്റും സംസ്ഥാനത്ത് വളർത്തി കൊണ്ടുവരുന്നതിനും അടിസ്ഥാന സൗകര്യങ്ങളും പ്രാദേശിക വികസനവും സാരവത്തായി ഉയർത്തുന്നതിനും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പുത്തൻ ഉണർവ് നൽകാൻ സാധിക്കത്തക്കവിധം ബാങ്കുകളുടെ വായ്പാ വിതരണം വർദ്ധിപ്പിച്ചും കാർഷിക പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം ഒരു സാമ്പത്തിക ചാലക ശക്തിയായി പ്രവർത്തിക്കാൻ

പ്രാപ്തമാക്കിയും സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചുചാട്ടം സാധ്യമാക്കുന്ന പദ്ധതികളിൽ നിർണ്ണായക പങ്ക് വഹിക്കുവാൻ സാധിക്കത്തക്ക വിധത്തിലും സഹകരണ പ്രസ്ഥാനത്തെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതിനായി താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കും

സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് 'കേരള കോ-ഓപ്പറേറ്റീവ് ബാങ്ക്' രൂപീകരിക്കും. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദമായ പഠനത്തിനായി ബാംഗ്ലൂർ ഐ.ഐ.എം. പ്രൊഫസർ ശ്രീ. എം. എസ്. ശ്രീറാമിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും

ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. പ്രാഥമിക വായ്പാ സംഘങ്ങളുടേയും സഹകരണ ബാങ്കുകളുടെയും ആഭിമുഖ്യത്തിൽ ഇപ്രകാരം ഒരു വർഷത്തിൽ കുറഞ്ഞത് ഇരുപതിനായിരം പേർക്ക് തൊഴിൽ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പച്ചക്കറി ഉൽപ്പന്നങ്ങളുടെയും കാർഷിക ഉൽപ്പന്നങ്ങളുടെയും സംഭരണവും വിതരണവും ലക്ഷ്യമിട്ട് സുവർണ്ണം സ്റ്റോറുകൾ ആരംഭിക്കും

പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തും

മരുന്ന് ഉൽപാദനം, മാർക്കറ്റിംഗ് എന്നിവ വിപുലീകരിച്ച് ആയുർധാര ഉൽപ്പന്നങ്ങൾ മരുന്ന് വിപണിയിലെ ഒരു പ്രധാന ബ്രാന്റായി വളർത്തിയെടുക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ആയുർധാര ഫാർമസ്യൂട്ടിക്കൽസ്, പഞ്ചകർമ്മ യൂണിറ്റ് എന്നീ പദ്ധതികളിൽ മാനേജ്മെന്റ് പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയും ആയുർവേദത്തിൽ പരിശീലനം ലഭിച്ച വിദഗ്ദ്ധരേയും നിയമിച്ച് അവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്.

വനിതാഫെഡിനെയും വനിതാ സംഘങ്ങളെയും ശക്തിപ്പെടുത്തും

വനിതാഫെഡിനെ ശക്തിപ്പെടുത്തുന്നതിനും വനിതാ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുമുള്ള നടപടി സ്വീകരിക്കും.

മാർക്കറ്റ്ഫെഡിന്റെ പ്രവർത്തനം വിപുലമാക്കും

മാർക്കറ്റ്ഫെഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

റബ്ബർ മാർക്കിന് പദ്ധതി സഹായം നൽകും

റുബക് ബലൂൺ ഉൽപാദനം ഇരട്ടിയാക്കൽ, സർജിക്കൽ ഗ്ലൗസ് നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കും.

TOURFED ലൂടെ SAFE, SMART TRAVEL പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിക്കും.

സ്കൂൾ കോളേജ് സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കും

തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ/കോളേജ് സംഘങ്ങൾ വഴി സ്കൂൾ കുട്ടികളുടെ സമ്പാദ്യശീലം വളർത്തുന്നതിനുള്ള ലഘുനിക്ഷേപ പദ്ധതി, പ്രദേശത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുകയും കുട്ടികൾക്ക് കുറഞ്ഞ വിലയ്ക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യും. ഇപ്രകാരം ഈ വർഷം 100 സ്കൂൾ/കോളേജുകളെ സജീവമാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി സർക്കാർ ധനസഹായം, വിവിധ സഹകരണ സ്ഥാപനങ്ങൾ വഴിയുള്ള സബ്സിഡി എന്നിവ പരിഗണിക്കുന്നതാണ്.

അപ്പക്സ് സഹകരണ സംഘങ്ങൾ/ഫെഡറൽ സൊസൈറ്റികൾ എന്നിവ നവീകരിക്കും

സഹകരണ വകുപ്പിന് കീഴിൽ 10 അപ്പക്സ് ഫെഡറേഷനുകളും 4 ഫെഡറൽ സൊസൈറ്റികളുമാണ് പ്രവർത്തിക്കുന്നത്. ഇവയെ കൂടുതൽ ജനോപകാര പ്രദമാക്കുന്ന രീതിയിൽ നവീകരിക്കും. വിവിധ ഫെഡറേഷനുകളിലൂടെ ഇ-കൊമേഴ്സ് അടക്കമുള്ള പദ്ധതികൾ നടപ്പിലാക്കും.

സഹകരണ നിക്ഷേപ സമാഹരണം വിപുലപ്പെടുത്തും

സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അത് നമ്മുടെ സംസ്ഥാനത്തുതന്നെ പൂർണ്ണമായും വായ്പയായി നൽകുവാൻ കഴിയുമെന്നതാണ്. വൻകിട ബാങ്കുകൾ തിരസ്കരിക്കുന്ന സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും വായ്പാ ആവശ്യങ്ങൾക്കുള്ള അത്താണികൂടിയാണ് സഹകരണ ബാങ്കുകൾ. ഒരേ സമയം സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും നാടിന്റെ സ്ഥായിയായ വികസന ആവശ്യങ്ങൾക്ക് പണം കണ്ടെത്തുന്നതിനും സഹകരണ ബാങ്കുകളെ കൂടുതൽ കർമ്മോത്സുകമാക്കുന്നതിനുമുള്ള പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കും.

സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ ആധുനികവൽക്കരണം നടപ്പിലാക്കി ബ്രാഞ്ചുകളുടെ പ്രവർത്തനം വിപുലീകരിക്കും

(സി) മിച്ച ഫണ്ട് ലഭ്യമായ സംഘങ്ങളുടെ മിച്ച ഫണ്ട് ഉപയോഗിച്ചും മനുഷ്യ വിഭവശേഷി ലഭ്യമായ സംഘങ്ങളിൽ അവ പ്രയോജനപ്പെടുത്തിയും സർക്കാർ ധനസഹായം വേണ്ടിടത്ത് ആയത് നൽകിയും നിർജ്ജീവാവസ്ഥയിലായ സംഘങ്ങളിൽ പുനരുദ്ധരിക്കാൻ സാധിക്കുന്നവയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കിയും ഈ പ്രവർത്തനങ്ങൾ ഫലവത്താക്കാൻ ഉദ്ദേശിക്കുന്നു.

**കേരള ബാങ്ക്**

20 (*500) ശ്രീമതി ഗീതാ ഗോപി:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിംഗ് മേഖലയിൽ നിലവിലുള്ള ത്രിതല സമ്പ്രദായം ദ്വിതല സംവിധാനത്തിലേക്ക് മാറ്റുന്നതിന് പദ്ധതിയുണ്ടോ;

(ബി) 'കേരള ബാങ്ക്' എന്നത് യാഥാർത്ഥ്യമാക്കുന്നതിനുള്ള പഠനം നടത്തുന്നതിനായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ബാങ്ക്, ബാങ്കിംഗ് റഗുലേഷൻ ആക്ട് പ്രകാരമുള്ള വാണിജ്യ ബാങ്കായിരിക്കുമോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ബാങ്കിന്റെ നിയന്ത്രണം ഏത് വകുപ്പിനായിരിക്കുമെന്നും ബാങ്ക് നിലവിൽ വരുന്നതുവഴി സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങളുണ്ടാകുമെന്നും വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്.

(ബി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന്റെ വിവിധ വശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സ.ഉ.(സാധാ) നമ്പർ 488/16/സഹ. തീയതി 28-9-2016 പ്രകാരം സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി അംഗങ്ങൾ താഴെപ്പറയുന്നവരാണ്:

1. ശ്രീ. എം. എസ്. ശ്രീറാം, പ്രൊഫസർ, ഐ.ഐ.എം. ബാഗ്ലൂർ- ചെയർമാൻ
2. ശ്രീ. വി. എസ്. സെന്തിൽ ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലനിംഗ് വകുപ്പ്- അംഗം
3. ശ്രീ. സി. പി. മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്), നബാർഡ്-അംഗം
4. ശ്രീ. റ്റി. പി. ബാലകൃഷ്ണൻ, ജനറൽ മാനേജർ (റിട്ടയേർഡ്), യൂണിയൻ ബാങ്ക്- അംഗം
5. ശ്രീ. പി. വേണുഗോപാൽ ഐ.എ.എസ്., സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്, മെമ്പർ സെക്രട്ടറി.

(സി) പ്രസ്തുത ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ട് കൂടി ബാധകമായിട്ടുള്ള സഹകരണ ബാങ്കായിരിക്കും. പ്രസ്തുത ബാങ്കിന്റെ നിയന്ത്രണം സഹകരണ വകുപ്പിനായിരിക്കും. പ്രസ്തുത ബാങ്ക് നിലവിൽ വരുന്നതുവഴി സഹകരണ ബാങ്കിംഗ് മേഖലയിൽ നിലവിലുള്ള ആവർത്തിത ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ, കുറയ്ക്കുകയോ ചെയ്യുന്നതുകൂടാതെ പലിശ നിരക്കിലും കുറവ് സാധ്യമാക്കുമെന്നതിനാൽ സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിക്കുവാൻ ഇടയാകും. കൂടാതെ വായ്പക്കാരുടെ പലിശ ബാദ്ധ്യതയിൽ കുറവ് വരികയും ചെയ്യും. അതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഒരു പുത്തൻ ഉണർവ് നൽകുവാൻ സാധിക്കും. കൂടാതെ പലിശ കുറഞ്ഞ വായ്പയുടെ ലഭ്യത കാർഷിക, പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം ഒരു സാമ്പത്തിക ചാലക ശക്തിയായി വർത്തിക്കുവാൻ പര്യാപ്തമാക്കും.

സംസ്ഥാനത്ത് ധനനിക്ഷേപങ്ങളും ക്രെഡിറ്റും വളർത്തിക്കൊണ്ട് വരുന്നതിന് പ്രസ്തുത ബാങ്കിന് ക്രിയാത്മകമായ പങ്ക് വഹിക്കുവാനാകും. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽനിന്നും പാവപ്പെട്ടവരെ ഒരു പരിധിവരെ രക്ഷിക്കുവാനും പ്രാദേശിക വികസനം സാരവത്തായി ഉയർത്തുന്നതിനും ഇതുവഴി കഴിയും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും മറികടക്കാനാവും. ഇതിലൂടെ ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്തുവാനും സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചുചാട്ടം സാധ്യമാക്കുന്ന പല സുപ്രധാന പദ്ധതികളിൽ നിർണ്ണായകമായ പങ്ക് വഹിക്കുവാനും പ്രസ്തുത ബാങ്കിന് സാധിക്കും.

## കാലവർഷത്തിലുണ്ടായ കുറവ് വൈദ്യുതോല്പാദന രംഗത്ത് ഉളവാക്കാനിടയുള്ള പ്രതിസന്ധികൾ

21 (*501) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിലുണ്ടായ വലിയ കുറവ് സംസ്ഥാനത്തെ വൈദ്യുതോല്പാദന രംഗത്ത് ഉണ്ടാക്കാനിടയുള്ള പ്രശ്നങ്ങൾ അവലോകനം ചെയ്തിരുന്നോ; വിശദാംശം അറിയിക്കുമോ;

(ബി) സംസ്ഥാനം നേരിടാൻ ഇടയുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ;

(സി) പ്രതിസന്ധി പരിഹരിക്കാനുള്ള വൈദ്യുതി ബോർഡിന്റെ നീക്കത്തിന് വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നിലപാട് ഏതുതരത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ഡി) ആകർഷകമായ നിരക്കിൽ ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാൻ തയ്യാറാകുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കാലവർഷത്തിലുണ്ടായ വലിയ കുറവ് കാരണം നാളിതുവരെയുള്ള കണക്കുപ്രകാരം പ്രതീക്ഷിച്ചിരുന്ന നീരൊഴുക്കിന്റെ 55 ശതമാനം മാത്രമേ

ലഭിച്ചിട്ടുള്ളൂ. മഴയുടെ ലഭ്യത കുറവുകാരണം താപനില വർദ്ധിക്കുകയും അതിനനുസരിച്ച് വൈദ്യുതി ഉപഭോഗം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞവർഷം ഒക്ടോബർ മാസത്തെ ശരാശരി പ്രതിദിന ഉപഭോഗം 61 MU ആയിരുന്നത് ഈ വർഷം 63.83 MU ആയിട്ടുണ്ട്. ഇതുകാരണം സംസ്ഥാനത്തെ വൈദ്യുതോല്പാദന രംഗത്ത് ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ അവലോകനം ചെയ്തിരുന്നു. കാലവർഷ കുറവുമൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുവാനായി മദ്ധ്യകാല, ദീർഘകാല കരാറുകൾ മുഖേനയും ഡി.ബി.എഫ്.ഒ.ഒ. പ്രകാരം 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുക വഴിയും ജല വൈദ്യുതി ഉല്പാദനം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം സംഭരണികളിലെ വെള്ളം വരും മാസങ്ങളിലേയ്ക്ക് സംഭരിക്കാനും സാധിച്ചിട്ടുണ്ട്. 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിലെ ഉപഭോഗം പ്രതീക്ഷിച്ച് ഡീപ്പ്-ഈ-ബിഡ്ഡിംഗ് വഴി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ ഇപ്പോഴത്തെ സ്ഥിതിഗതികൾ പരിഗണിച്ച് കൂടുതൽ വൈദ്യുതി പവർ എക്സ്ചേഞ്ചിൽനിന്ന് കുറഞ്ഞ നിരക്കിൽ വാങ്ങിക്കൊണ്ടിരിക്കുന്നു.

(ബി) 1-3-2017 മുതൽ 30-6-2017 വരെയുള്ള നാലുമാസക്കാലയളവിലേയ്ക്ക് 200 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ മഴയുടെ ദൗർലഭ്യം കണക്കിലെടുത്ത് വരുന്ന വേനൽക്കാലത്ത് കൂടുതൽ വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കേന്ദ്രഗവൺമെന്റ് പുറത്തിറക്കിയ മാനദണ്ഡങ്ങളനുസരിച്ച് 2016, 2017 എന്നീ വർഷങ്ങൾ മുതൽ 865 മെഗാവാട്ട് വൈദ്യുതി 'DBFOO' അടിസ്ഥാനത്തിൽ ലഭ്യമാകുന്ന തരത്തിൽ കരാറിലേർപ്പെട്ടിരുന്നു. ഇത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും 300 മെഗാവാട്ട് വൈദ്യുതിക്ക് മാത്രമേ അംഗീകാരം നൽകിയിട്ടുള്ളൂ.

565 മെഗാവാട്ടിന്റെ വാങ്ങലിന് അനുമതി നൽകാനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും സ്പഷ്ടീകരണം വാങ്ങാൻ സംസ്ഥാന റഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് ഒരിക്കൽ അനുമതി തന്നിട്ടുകൂടി വീണ്ടും ഒരിക്കൽക്കൂടി സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരം വാങ്ങണമെന്നും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

കൂടാതെ ബ്രഹ്മപുരത്തെ ഡീസൽ വൈദ്യുതി നിലയത്തിലെ കേടായ രണ്ട് ജനറേറ്ററുകൾ മാറ്റി വാതകാധിഷ്ഠിത ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപരേഖയ്ക്കും കമ്മീഷൻ അനുമതി നൽകിയില്ല. ടി പദ്ധതിയിൽനിന്ന് ഏകദേശം 40 മെഗാവാട്ട് വൈദ്യുതി ലഭ്യമാകുമായിരുന്നു. റെഗുലേറ്ററി കമ്മീഷന്റെ ഇത്തരം നടപടികൾ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനുള്ള നടപടികളെ സങ്കീർണ്ണമാക്കുന്നുണ്ട്.

(ഡി) കമ്പോള നിരക്കിനെക്കാളും വിലകുറഞ്ഞതും കാര്യക്ഷമത കൂടിയതുമായ 9 വാട്ടിന്റെ എൽ.ഇ.ഡി. ബൾബുകൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ. മായി ചേർന്ന് ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) എന്ന പദ്ധതി പ്രകാരം ഉദ്ദേശം 75 ലക്ഷം ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. 1.5 കോടി ബൾബുകൾ വിതരണം ചെയ്യാനാണ് ലക്ഷ്യം വയ്ക്കുന്നത്. ഒരു ഉപഭോക്താവിന് രണ്ട് ബൾബുകൾ, ബൾബ് ഒന്നിന് 95 രൂപ നിരക്കിലാണ് ഇപ്പോൾ നൽകുന്നത്.

ഇതുകൂടാതെ ഉപയോഗത്തിലുള്ള ഇൻകാൻഡസെന്റ് ബൾബുകളും സി.എഫ്.എൽ.-കളും മാറ്റി പകരം എൽ.ഇ.ഡി ബൾബുകൾ നൽകുന്നതിനുള്ള പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പരമ്പരാഗത കൈത്തറി മേഖലയ്ക്ക് സഹായം**

22 (*502) ശ്രീ.സി. മമ്മൂട്ടി:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ സഹായ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പവ്വർലൂമുകളിൽ നിർമ്മിക്കുന്ന വസ്ത്രങ്ങൾ കൈത്തറിയെന്ന വ്യാജേന സഹകരണ സംഘങ്ങൾ മുഖേന വിപണനം ചെയ്യുന്നത് പരമ്പരാഗത മേഖലയ്ക്ക് തിരിച്ചടിയുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പരമ്പരാഗത കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്താൻ, അന്താരാഷ്ട്ര പ്രദർശനമേളകളിൽ പങ്കെടുക്കാൻ സഹായം നല്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പരമ്പരാഗത കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കുവാൻ താഴെപ്പറയുന്ന സഹായ പദ്ധതികളാണ് നിലവിലുള്ളത്.

1. മൂലധന സഹായ പദ്ധതികൾ
2. പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ
3. പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ
4. ഉൽപ്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ.

(ബി) ഉണ്ട്. ഇത് തടയുന്നതിന് "ഹാന്റ്ലൂം മാർക്ക് ", എംബ്ലം എന്നിവ പതിപ്പിച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് വിപുലമായ പ്രചാരണം മാധ്യമങ്ങളിലൂടെ, കൈത്തറിയുടേയും ഹാന്റ്ലൂം മാർക്കിന്റെയും പരസ്യങ്ങൾ വഴി നൽകുന്നുണ്ട്. ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സംഘങ്ങൾക്ക് സാമ്പത്തിക സഹായവും പത്രദൃശ്യ മാധ്യമങ്ങൾ വഴിയുള്ള പ്രചാരണങ്ങളും നൽകിവരുന്നു.

(സി) സഹായം നൽകുന്നുണ്ട്. ഇതിനായി വിദേശ രാജ്യങ്ങളിൽ നടക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് അവസരം ഒരുക്കി കൊടുത്തിട്ടുണ്ട്. കേരളത്തിന്റെ തനതു കൈത്തറി ഉല്പന്നങ്ങൾക്ക് വിദേശ വിപണി ലക്ഷ്യമാക്കി ഭൗമസൂചിക നിലവാരം ലഭ്യമാക്കിയിട്ടുണ്ട്.

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം

23 (*503) ശ്രീ. തോമസ് ചാണ്ടി:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം വളരെ പരിമിതമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാറ്റ് ഉപയോഗിച്ച് വൈദ്യുത ഉല്പാദനം നടത്തുന്നതിനെക്കുറിച്ചും വീടിന് മുകളിൽ സ്ഥാപിക്കാവുന്ന വിന്റ് പവർ സിസ്റ്റം പോലുള്ള ചെറുകിട വൈദ്യുത ഉല്പാദന യൂണിറ്റുകളെക്കുറിച്ചും ഏതെങ്കിലും രീതിയിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സെക്കന്റിൽ 4 മീറ്റർ മുതൽ 6 മീറ്റർ വരെ വേഗതയിൽ കാറ്റ് ലഭിക്കുന്ന പ്രദേശങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാണോ; വിശദമാക്കുമോ;

(ഡി) വീടുകൾക്ക് മുകളിൽ കാറ്റിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന യൂണിറ്റുകൾ സ്ഥാപിച്ച്, മറ്റ് ഉല്പാദന ഉപാധികളെക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന സാങ്കേതിക വിദ്യയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) ഇത്തരത്തിൽ കാറ്റ് ഉപയോഗിച്ച് വീടുകളിലും സർക്കാർ ഓഫീസുകളിലും വൈദ്യുതി ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ കൈവശമുള്ള ഏതെങ്കിലും സർക്കാർ-അർദ്ധ സർക്കാർ-സ്വകാര്യ സ്റ്റാർട്ട് അപ് സംരംഭകർ സാങ്കേതിക വിദ്യയുടെ വാണിജ്യവല്ക്കരണത്തിനും പ്രചരണത്തിനുമായി സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(എഫ്) ഇത്തരം നവീന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് കേരളത്തിന്റെ ഊർജ്ജ സ്വയംപര്യാപ്തതയ്ക്ക് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പദ്ധതികൾ നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് സബ്സിഡി സഹായം, സാങ്കേതിക സഹായം, ഗ്രിഡിലേയ്ക്ക് അധിക വൈദ്യുതി തിരികെ നൽകുമ്പോൾ വൈദ്യുതിയുടെ വില ലഭ്യമാക്കൽ എന്നിവയുടെ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ ചെറുകിട ജലവൈദ്യുത പദ്ധതികൾ, കാറ്റ്, സൗരോർജ്ജം തുടങ്ങിയവയിൽ നിന്നുള്ള വൈദ്യുതോത്പാദനം 2015-16 സാമ്പത്തിക വർഷത്തിൽ 612.251 ദശലക്ഷം യൂണിറ്റ് ആയിരുന്നു. ഇതിൽ സൗരോർജ്ജത്തിൽ നിന്നുള്ള ഉത്പാദനം 6.7614 ദശലക്ഷം യൂണിറ്റും സൗരോർജ്ജ ഉത്പാദനം ഒഴികെയുള്ള ഉത്പാദനം 606.5 ദശലക്ഷം യൂണിറ്റും ആയിരുന്നു.

(ബി) അനെർട്ട് 1990 മുതൽ കാറ്റ് ലഭിക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതി ഉത്പാദനത്തിനുള്ള സാധ്യതാപഠനം കേന്ദ്ര സർക്കാരിന്റെ ധനസഹായ ത്തോടുകൂടി ചെയ്തുവരുന്നു. ഇതിനോടകം 26 കേന്ദ്രങ്ങളിലും അനെർട്ട് സ്വന്തം നിലയ്ക്ക് 6 കേന്ദ്രങ്ങളിലും വിന്റ് മോണിറ്ററിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് പഠനം നടത്തിയിട്ടുണ്ട്. ഇതിൽ 17 സ്ഥലങ്ങൾ വൈദ്യുതി ഉത്പാദനത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി യും പഠനം നടത്തിയിട്ടുണ്ട്. ചെറുകിട കാറ്റാടി യന്ത്രങ്ങൾ വൈദ്യുതി ബോർഡിന്റെ ആസ്ഥാനമായ വൈദ്യുതി ഭവനത്തിന്റെ 4-ാം നിലയിൽ പരീക്ഷണ അടിസ്ഥാനത്തിൽ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം വിലയിരുത്തിവരുന്നു.

(സി) നിലവിലുള്ള പഠനങ്ങൾ വളരെ ഉയരത്തിൽ കൂടിയ വേഗതയിൽ കാറ്റ് ലഭിക്കുന്ന പ്രദേശങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുറഞ്ഞ വേഗതയുള്ള പ്രദേശങ്ങളുടെ വിവരം ഇപ്പോൾ ലഭ്യമല്ല.

(ഡി) ചെറുകാറ്റാടി യന്ത്രങ്ങളുടെ ഉപയോഗക്ഷമത പഠിച്ചുവരുന്നു.

(ഇ) ചെറുകാറ്റാടി യന്ത്രങ്ങൾ ഉപയോഗിച്ച് വീടുകളിലും മറ്റും വൈദ്യുതി ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യയുടെ വാണിജ്യവല്ക്കരണത്തിനായി ആരുംതന്നെ വൈദ്യുതി ബോർഡിനേയോ അനെർട്ടിനയോ സമീപിച്ചിട്ടില്ല. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം വൈദ്യുതി ഭവനിൽ ചെറുകാറ്റാടി യന്ത്രം സ്ഥാപിച്ചിട്ടുള്ളത് കളമശ്ശേരിയിലുള്ള കിൻഫ്ര ടെക്നോപാർക്ക് വഴി, തിരുവനന്തപുരം ആസ്ഥാനമായ മെഗാബൈറ്റ് എന്ന സ്ഥാപനമാണ്.

(എഫ്) ഇത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്ത് ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉപഭോക്താക്കൾക്ക് ധനസഹായവും സാങ്കേതിക സഹായവും അനെർട്ട് നൽകിവരുന്നുണ്ട്. ഇങ്ങനെ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ലൈനിലേയ്ക്ക് കടത്തിവിടുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ വൈദ്യുതി ബോർഡുമായി ചേർന്ന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സാങ്കേതിക സഹായം വൈദ്യുതി ബോർഡിനും അനെർട്ടിനും, ഇ.എം.സി.-ക്കും നൽകാൻ സാധിക്കുന്നതാണ്. ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിന് വേണ്ട അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി ബോർഡിൽ നിന്നും നടപടി സ്വീകരിക്കുന്നതാണ്. ഗ്രിഡിലേയ്ക്ക് അധിക വൈദ്യുതി നൽകുന്നതിനുള്ള പ്രതിഫലം നിശ്ചയിക്കേണ്ടത് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനാണ്.

## സഹകരണ മേഖലയിൽ നൂതന പദ്ധതികൾ

24 (*504) ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. എസ്. ശർമ്മ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണ ത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) മുൻ സർക്കാരിന്റെ കാലത്ത് പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സഹകരണ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കും

സംസ്ഥാന സഹകരണ ബാങ്കിനേയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് 'കേരള കോ-ഓപ്പറേറ്റീവ് ബാങ്ക്' രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദമായ പഠനത്തിനായി ബാംഗ്ലൂർ ഐ.ഐ.എം. പ്രൊഫസർ ശ്രീ. എം. എസ്. ശ്രീറാമിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

2. സഹകരണ വകുപ്പ് സമ്പൂർണ്ണ ഇ-ഓഫീസ് ആക്കും, സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി ആഡിറ്റ് നിർവ്വഹിക്കും.

സഹകരണ വകുപ്പിൽ സമ്പൂർണ്ണ ഇ-ഓഫീസ് പദ്ധതി നടപ്പാക്കും. സഹകരണ ഓഡിറ്റ്, സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കും.

3. സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.

ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.

4. സഹകരണ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിന് പ്രാധാന്യം നൽകും.

കമ്പ്യൂട്ടറൈസേഷൻ, കോർബാങ്കിംഗ്, ഇ-ബാങ്കിംഗ് എന്നിവ നടപ്പിലാക്കി അടുത്ത രണ്ട് വർഷത്തിനുള്ളിൽ സഹകരണ സ്ഥാപനങ്ങളുടെ ആധുനിക വൽക്കരണം പൂർത്തിയാക്കും.

5. കേപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തും, പുതിയ കോഴ്സുകൾ ആരംഭിക്കും, സംവരണം ഏർപ്പെടുത്തും

കേപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ ധനസഹായം അനുവദിക്കുകയും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ കേപ്പിന്റെ കീഴിലുള്ള പ്രൊഫഷണൽ കോളേജുകളിൽ സഹകാരികളുടെയും സഹകരണ വകുപ്പ്/സഹകരണ സംഘം ജീവനക്കാരുടെയും മക്കൾക്ക് അഡ്മിഷനിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

6. പച്ചക്കറി ഉല്പന്നങ്ങളുടെയും കാർഷിക ഉല്പന്നങ്ങളുടെയും സംഭരണവും വിതരണവും ലക്ഷ്യമിട്ട് സുവർണ്ണം സ്റ്റോറുകൾ ആരംഭിക്കും

7. കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തും

കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിച്ചും അതുവഴി വിലക്കയറ്റത്തെ തടഞ്ഞുനിർത്തിയും ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ സേവനം എത്തിച്ചും 'ഇ-ടെണ്ടർ' സംവിധാനം ഫലപ്രദമാക്കിയും ജില്ലാ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഹ്രസ്വകാല വായ്പകൾ ശേഖരിച്ചും കേന്ദ്രീകൃത പർച്ചേസ് സംവിധാനം കൊണ്ടുവന്നും ഗോഡൗണുകളുടെ

ശൃംഖല രൂപവൽക്കരിച്ചും ഇ-കോമേഴ്സ് പദ്ധതി രൂപവൽക്കരിച്ചും സപ്ലൈകോ, ഹോർട്ടി കോർപ്പ്, ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ് പ്രൊമോഷൻ കൗൺസിൽ എന്നിവരുമായി ഒത്തുചേർന്ന് പ്രവർത്തിച്ചും മരുന്ന് കമ്പനികളിൽ നിന്നും നേരിട്ട് മരുന്നുവാങ്ങി വില കുറച്ച് വിപണിയിൽ എത്തിച്ചും സ്കൂൾ മാർക്കറ്റുകൾ സംഘടിപ്പിച്ചും കൺസ്യൂമർ ഫെഡിനെ ജനോപകാരപ്രദമായ സ്ഥാപനമാക്കി നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

8. പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തും

മരുന്ന് ഉൽപ്പാദനം, മാർക്കറ്റിംഗ് എന്നിവ വിപുലീകരിച്ച് ആയുർധാര ഉല്പന്നങ്ങൾ മരുന്ന് വിപണിയിലെ ഒരു പ്രധാന ബ്രാന്റായി വളർത്തിയെടുക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ആയുർധാര ഫാർമസ്യൂട്ടിക്കൽസ്, പഞ്ചകർമ്മ യൂണിറ്റ് എന്നീ പദ്ധതികളിൽ മാനേജ്മെന്റ് പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയും ആയുർവ്വേദത്തിൽ പരിശീലനം ലഭിച്ച വിദഗ്ദ്ധരേയും നിയമിച്ച് അവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്.

9. വനിതാ ഫെഡിനെയും വനിതാ സംഘങ്ങളെയും ശക്തിപ്പെടുത്തും

വനിതാ ഫെഡിനെ ശക്തിപ്പെടുത്തുന്നതിനും വനിതാ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുമുള്ള നടപടികൾ സ്വീകരിക്കും.

10. മാർക്കറ്റ് ഫെഡിന്റെ പ്രവർത്തനം വിപുലമാക്കും

മാർക്കറ്റ് ഫെഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

11. റബ്ബർ മാർക്കിന് പദ്ധതി സഹായം നൽകും

റൂബക് ബലൂൺ ഉൽപ്പാദനം ഇരട്ടിയാക്കൽ, സർജിക്കൽ ഗ്ലൗസ് നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കും.

12. സ്കൂൾ കോളേജ് സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കും

തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ / കോളേജ് സംഘങ്ങൾ വഴി സ്കൂൾ കുട്ടികളുടെ സമ്പാദ്യശീലം വളർത്തുന്നതിനുള്ള ലഘുനിക്ഷേപ പദ്ധതി, പ്രദേശത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ / ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുടെ

മേൽനോട്ടത്തിൽ നടപ്പിലാക്കുകയും കുട്ടികൾക്ക് കുറഞ്ഞ വിലയ്ക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യും. ഇപ്രകാരം ഈ വർഷം 100 സ്കൂൾ/ കോളേജുകളെ സജീവമാക്കാനുദ്ദേശിക്കുന്നു. ഇതിനായി സർക്കാർ ധനസഹായം, വിവിധ സഹകരണ സ്ഥാപനങ്ങൾ വഴിയുള്ള സബ്സിഡി എന്നിവ പരിഗണിക്കുന്നതാണ്.

13. <u>ഊർജ്ജോൽപ്പാദനം, ഊർജ്ജ സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ സഹകരണ മേഖലയുടെ പ്രവർത്തനം വ്യാപിപ്പിക്കും.</u>

ചെറുകിട ഊർജ്ജോല്പാദന പദ്ധതികൾ ആരംഭിക്കുന്നതിന് സഹകരണ മേഖല പിന്തുണ നൽകുന്നതായിരിക്കും. കൂടാതെ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ സൗരോർജ്ജം ഉപയോഗിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കും. LED സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വൈദ്യുതോപകരണങ്ങൾ കൂടുതലായി ഉപയോഗിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

14. <u>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ സഹകരണ മേഖലയുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തും.</u>

സുസ്ഥിരമായ വികസനം എന്നത് പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള വികസനമാണ് എന്നത് കണക്കിലെടുത്ത് ഭാവിതലമുറകൾക്കുകൂടി അവകാശപ്പെട്ട ഈ ഭൂമിയുടെ സുരക്ഷ സഹകരണ പ്രസ്ഥാനത്തിന്റെകൂടെ കടമയായിക്കണ്ട്, കേരളത്തെ ഒരു 'കാർബൺ ന്യൂട്രൽ' സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സഹകരണ സംഘങ്ങളിലൂടെ പിന്തുണ നൽകും.

15. <u>അപ്പക്സ് സഹകരണ സംഘങ്ങൾ/ ഫെഡറൽ സൊസൈറ്റികൾ എന്നിവ നവീകരിക്കും</u>

സഹകരണ വകുപ്പിനുകീഴിൽ പത്ത് അപ്പക്സ് ഫെഡറേഷനുകളും നാല് ഫെഡറൽ സൊസൈറ്റികളുമാണ് പ്രവർത്തിക്കുന്നത്. ഇവയെ കൂടുതൽ ജനോപകാരപ്രദമാക്കുന്ന രീതിയിൽ നവീകരിക്കും. വിവിധ ഫെഡറേഷനുകളിലൂടെ ഇ-കൊമേഴ്സ് അടക്കമുള്ള പദ്ധതികൾ നടപ്പിലാക്കും.

16. <u>സഹകരണ നിക്ഷേപ സമാഹരണം വിപുലപ്പെടുത്തും</u>

സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അത് നമ്മുടെ സംസ്ഥാനത്തുതന്നെ പൂർണ്ണമായും വായ്പയായി നൽകുവാൻ

കഴിയുമെന്നതാണ്. വൻകിട ബാങ്കുകൾ തിരസ്കരിക്കുന്ന സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും വായ്പാ ആവശ്യങ്ങൾക്കുള്ള അത്താണികൂടിയാണ് സഹകരണ ബാങ്കുകൾ. ഒരേ സമയം സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും നാടിന്റെ സ്ഥായിയായ വികസന ആവശ്യങ്ങൾക്ക് പണം കണ്ടെത്തുന്നതിനും സഹകരണ ബാങ്കുകളെ കൂടുതൽ കർമ്മോത്സുകമാക്കുന്നതിനുമുള്ള പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കും.

17. <u>സഹകരണ കുടിശ്ശിക നിവാരണത്തിന് പ്രത്യേക പദ്ധതി ഏർപ്പെടുത്തും</u>

മുൻകാലങ്ങളിൽ സഹകരണ കുടിശ്ശിക നിവാരണത്തിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയാണ് നടപ്പാക്കാറുള്ളത്. എന്നാൽ ഇത് പലപ്പോഴും ലക്ഷ്യം വച്ച വിജയം നേടിയതായി കാണുന്നില്ല. സഹകരണ മേഖലയിലെ കുടിശ്ശിക വായ്പകൾ ഉയർന്നുതന്നെ നിൽക്കുകയാണ്. ഈ പശ്ചാത്തലത്തിൽ സഹകരണ മേഖലയിലെ വായ്പാ കുടിശ്ശിക ഘട്ടംഘട്ടമായി ആനുകൂല്യങ്ങളോടെ തീർപ്പാക്കുന്നതിനും വായ്പകൾ തീർപ്പാക്കുന്ന മുറയ്ക്ക് വായ്പക്കാർക്ക് അവരുടെ തിരിച്ചടവ് ശേഷിക്കിണങ്ങുന്ന രീതിയിൽ പുതിയ വായ്പകൾ അനുവദിച്ച് നൽകുന്നതിനും ലക്ഷ്യമിട്ട് സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കും.

18. <u>സാമൂഹ്യ പ്രതിബദ്ധതയിലൂന്നിയ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകും</u>

സഹകരണ സംഘങ്ങൾ അവയുടെ പ്രവർത്തനത്തിലൂടെയുണ്ടാകുന്ന മിച്ചത്തിൽ നിന്നും രൂപീകരിക്കുന്ന പൊതുനന്മാ ഫണ്ട് സാമൂഹ്യ പ്രാധാന്യമുള്ള വിഷയങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ തൻവർഷം തന്നെ വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകും. പാലിയേറ്റീവ് കെയർ സെന്ററുകൾ, വൃദ്ധസദനങ്ങൾ എന്നിവ സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.

19. <u>സഹകരണ ക്ഷേമ ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തും</u>

സഹകരണ വകുപ്പിനുകീഴിലുള്ള പെൻഷൻ ബോർഡ്, എക്സാമിനേഷൻ ബോർഡ്, ജീവനക്കാരുടെ ക്ഷേമബോർഡ്, ഡെവലപ്മെന്റ് ഫണ്ട് ബോർഡ്, ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ്, കേപ്പ് എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കും.

20. മികച്ച സംഘങ്ങൾക്ക് അവാർഡും മാതൃകാ സംഘങ്ങൾക്ക് ധനസഹായവും അനുവദിക്കും

പ്രവർത്തന മികവിനെ അടിസ്ഥാനപ്പെടുത്തി ഓരോ സാമ്പത്തിക വർഷവും വിവിധതരം സംഘങ്ങൾക്ക് സഹകരണ വകുപ്പ് അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, പുതിയ വികസന മാതൃകകൾ സൃഷ്ടിക്കുന്ന സംഘങ്ങൾക്ക് പ്രത്യേക ധനസഹായവും കർഷക സേവാകേന്ദ്രങ്ങൾക്ക് പ്രത്യേക സഹായധനവും അനുവദിച്ച് നൽകും.

21. സഹകരണ വകുപ്പ് ജീവനക്കാർക്ക് സ്വന്തമായി പരിശീലനകേന്ദ്രം ആരംഭിക്കും

സഹകരണ വകുപ്പ് പുതുതായി പണികഴിപ്പിച്ച ആസ്ഥാനമന്ദിരത്തിൽ ജീവനക്കാർക്കായി ആധുനിക സൗകര്യങ്ങളുള്ള ഒരു പരിശീലന കേന്ദ്രം ഈ വർഷം തന്നെ ആരംഭിക്കും.

22. ഐ.സി.ഡി.പി. പദ്ധതി രണ്ടാം ഘട്ടം ആരംഭിക്കും

ഐ.സി.ഡി.പി. പദ്ധതിയുടെ രണ്ടാം ഘട്ടം തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കും.

23. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ ആധുനിക വൽക്കരണം നടപ്പിലാക്കി ബ്രാഞ്ചുകളുടെ പ്രവർത്തനം വിപുലീകരിക്കും

24. പ്രവർത്തന സാദ്ധ്യതയുള്ള രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ സഹകരണ സംഘങ്ങളെയും പ്രവർത്തനക്ഷമമാക്കും

25. സർക്കാർ വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന സംഘങ്ങൾക്ക് പലിശ സബ്സിഡി അനുവദിക്കും

(ബി) നല്ല പ്രവർത്തന നിലവാരമുള്ള വിവിധ തരത്തിലുള്ള സംഘങ്ങൾക്ക് അവരുടെ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1:2:2 എന്ന അനുപാതത്തിൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനത്തിൽ പ്രോജക്റ്റ് ചെലവിന്റെ 50 ശതമാനം വരെ സഹായമായി നൽകുന്നുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും ശക്തിപ്പെടുത്തുന്നതിനും NCDC-യുമായി സഹകരിച്ച് പ്രത്യേക 'Integrated SC/ST Development Project' ആരംഭിക്കും.

ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് പദ്ധതിയുടെ സ്വീകാര്യത, സംഘങ്ങളുടെ പ്രവർത്തനം എന്നിവ പരിഗണിച്ച് പദ്ധതി ചെലവിന്റെ 65 ശതമാനത്തിൽ കവിയാത്ത തുക ധനസഹായം അനുവദിച്ചുവരുന്നുണ്ട്. സബ്സിഡി 20 ശതമാനം, ഓഹരി 20 ശതമാനം, വായ്പ 25 ശതമാനം എന്നീ നിരക്കിലാണ് സഹായം നൽകിവരുന്നത്.

പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി ഒറ്റത്തവണ സഹായം നൽകുന്നതിനും അംഗീകാരം നൽകിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1:1:2 എന്ന അനുപാതത്തിൽ സബ്സിഡി, ഓഹരി, വായ്പ എന്നിവ നൽകുന്നതിനും പദ്ധതിയുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ടി പദ്ധതികൾക്കായി 395 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവർത്തന രഹിതമായ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് ഒരു പ്രധാന മോണിറ്ററിംഗ് സംവിധാനമുണ്ടാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദുർബ്ബല വനിത സഹകരണ സംഘങ്ങളുടെയും വിപണന സഹകരണ സംഘങ്ങളുടെയും പുനരുദ്ധാരണത്തിന് മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായങ്ങൾ നൽകുന്നുണ്ട്. പട്ടികജാതി /പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും സ്കൂൾ, സർവ്വകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാതല മൊത്ത വ്യാപാര സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനും ധനസഹായം അനുവദിക്കുന്നുണ്ട്.

(സി) പ്രവർത്തന രഹിതമായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സബ്സിഡി, ഷെയർ, വായ്പ എന്നിങ്ങനെയുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിനായുള്ള പദ്ധതികൾ നിലവിലുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി സംഘങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് സാദ്ധ്യമായ നടപടി കൈക്കൊള്ളുന്നതാണ്. കൂടാതെ പ്രത്യേക പദ്ധതി (ദുർബ്ബല വിഭാഗങ്ങൾക്ക്) NCDC-യുമായി സഹകരിച്ച് നടപ്പിലാക്കുന്നതും പരിശോധിച്ചുവരുന്നു.

(ഡി) 2016-17 വർഷത്തിൽ മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന വിവിധതരം സഹകരണ സ്ഥാപനങ്ങൾക്ക് വായ്പ, ഓഹരി

മൂലധനം, സബ്സിഡി എന്നീ ഇനങ്ങളിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. 2016-17 വർഷത്തിൽ മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിക്കായി വായ്പ തുക 240 ലക്ഷം രൂപയും ഓഹരി മൂലധനം 360 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 600 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽനിന്നും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കേരള സംസ്ഥാന സഹകരണ വനിതാ ഫെഡറേഷനും ചെറുകിട വ്യവസായം ആരംഭിക്കുന്നതിനായി വനിതാ സഹകരണ സംഘങ്ങൾക്കും സഹായം അനുവദിക്കുന്നുണ്ട്. കൂടാതെ 2016-17 വർഷത്തിൽ പട്ടികജാതി / പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി വകകൊള്ളിച്ചിട്ടുള്ള സബ്സിഡി 751.68 ലക്ഷം രൂപയും ഓഹരി മൂലധനം 176.32 ലക്ഷം രൂപയും ഉൾപ്പെടെ ആകെയുള്ള 928 ലക്ഷം രൂപയുടെ നിലവിലുള്ള പദ്ധതിയിൽനിന്നും കെ.ജി.റ്റി.ഇ./ മറ്റ് സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള വിവിധ കോഴ്സുകളിലേക്ക് എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള യുവതലമുറയ്ക്ക് പരിശീലനങ്ങൾ നൽകുന്നതിനായുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.

**സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ**

25 (*505) ശ്രീ. പി. വി. അൻവർ :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. എം. നൗഷാദ് :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിൻെറ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ;

(ബി) യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സമന്വയിപ്പിക്കുന്നതിനുമായി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിൽരഹിതരായ യുവജനങ്ങൾക്ക് തൊഴിൽ കണ്ടെത്തുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനുമായി യൂത്ത് ക്ലബ്ബുകൾ, സംഘടനകൾ എന്നിവയ്ക്ക് ബോർഡ് എന്തൊക്കെ സഹായങ്ങളാണ് നിലവിൽ നൽകുന്നതെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വിലയിരുത്താറുണ്ട്.

(ബി&സി) യുവജനശാക്തീകരണ പ്രവർത്തനങ്ങൾ സമന്വയിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് തൊഴിൽ കണ്ടെത്തുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. തൊഴിൽ രഹിതരായ യുവാക്കൾക്കുവേണ്ടി ജോബ് ഫെസ്റ്റുകൾ, ജീവദായിനി രക്തദാന പദ്ധതി, യുവാക്കളെ യുവ സംരംഭകരാക്കുന്നതിലേയ്ക്ക് സംരംഭകത്വ വികസന പരിശീലന പരിപാടികൾ, പ്രകൃതി ദുരന്തത്തിനിരയാകുന്നവർക്കായി ദുരന്ത നിവാരണ സേന, മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹിക വെല്ലുവിളികൾക്കെതിരെ യുവജാഗ്രതാ യാത്ര, യുവജനങ്ങളെ സാമൂഹിക സേവനത്തിന് സജ്ജമാക്കുന്നതിനായി പുനർജ്ജനി, കാർഷിക വികസന പരിപാടികൾ, യുവജനങ്ങളിൽ ദേശീയബോധം വളർത്തുന്നതിനായി ദേശിയോദ്ഗ്രഥന ക്യാമ്പുകൾ, പി.എസ്.സി./ഐ.ബി.പി.എസ്. സൗജന്യ പരിശീലന പദ്ധതി, ഡി.റ്റി.പി./പി.എസ്.സി. ഓൺലൈൻ രജിസ്ട്രേഷൻ, സൗജന്യ പരീക്ഷാ പരിശീലന പരിപാടികൾ, നാടൻ കലാമേളകൾ, ഗോത്രവർഗ്ഗ കലാമേളകൾ, പെയിന്റിംഗ് ശിൽപശാല, നേതൃത്വ പരിശീലന ക്യാമ്പുകൾ, വ്യക്തിത്വ വികസന പരിശീലനം കൂടാതെ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വയംതൊഴിൽ പരിശീലനം/ ബോധവൽക്കരണ പരിപാടികൾ / കാർഷിക വികസന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനായുള്ള പ്രോജക്റ്റുകൾക്ക് ധനസഹായം നൽകിവരുന്നു.

**ബി.ഡി.എസ്. സമ്പ്രദായത്തെ സംബന്ധിച്ച്**

26 (*506) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് അനുവദിച്ചിരുന്ന ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിലില്ലെങ്കിൽ എന്തുകാരണത്താലാണ് പ്രസ്തുത ആനുകൂല്യം നിർത്തലാക്കിയതെന്ന് വിശദമാക്കുമോ;

(സി) ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായത്തിന് പകരം മറ്റേതെങ്കിലും രീതി അനുവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം എന്ന പേരിൽ തുടങ്ങിയ ആദ്യ പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം എന്ന പേരിൽ തുടങ്ങിയ ആദ്യ പദ്ധതി പ്രകാരം ബിൽ ഡിസ്കൗണ്ട് ചെയ്യുന്നത് ഫാക്ടറിംഗ് ബിസിനസ് ആകയാൽ അതിൽ നിന്ന് പിൻവാങ്ങണമെന്ന് പദ്ധതിയിൽ പങ്കാളികളായ ബാങ്കുകളോട് റിസർവ് ബാങ്ക് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ഇത് ഫാക്ടറിംഗ് ബിസിനസ് അല്ലെന്ന് സർക്കാർ കണ്ടെത്തുകയും ഒരു പുതുക്കിയ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ബി.ഡി.എസ്. 2.0 എന്ന പേരിൽ 29-8-2016-ലെ സ.ഉ. (പി) 123/ 2016/ധന പ്രകാരം ആവിഷ്കരിക്കുകയുണ്ടായി.

(സി) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം 2.0 എന്ന പുതിയ പദ്ധതി 5-9-2016 മുതൽ പ്രാബല്യത്തിലുണ്ട്.

**കിറ്റ്സ് - ന്റെ പ്രവർത്തനങ്ങൾ**

27 (*507) ശ്രീ. ആർ. രാജേഷ്:
ശ്രീ. ബി. സത്യൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിറ്റ്സിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കിറ്റ്സിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; കോഴ്സുകൾ പൂർത്തിയാക്കുന്നവരുടെ ജോലി സാധ്യതകൾ എന്തെല്ലാമാണെന്നും ക്യാമ്പസ് സെലക്ഷനിലൂടെ എത്ര പേർക്ക് ജോലി ലഭിയ്ക്കാറുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഹോസ്പിറ്റാലിറ്റി വ്യവസായ രംഗത്ത് ആവശ്യമായ രീതിയിൽ പരിശീലനം ലഭിച്ച കൂടുതൽ ആളുകളെ നൽകാൻ കഴിയുന്ന തരത്തിലുള്ള കിറ്റ്സിന്റെ പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) കിറ്റ്സിന്റെ പുതിയ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഇ) കിറ്റ്സിനെ കാലോചിതമായി പരിഷ്കരിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. കിറ്റ്സിന്റെ ഭരണപരവും അക്കാദമിക് തലത്തിലുമുള്ള പ്രവർത്തനങ്ങൾ ടൂറിസം വകുപ്പുമന്ത്രി ചെയർമാനും പ്രിൻസിപ്പൽ സെക്രട്ടറി (ടൂറിസം) വൈസ് ചെയർമാനുമായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി വർഷത്തിൽ കുറഞ്ഞത് രണ്ട് തവണ യോഗം ചേർന്ന് അവലോകനം ചെയ്യുന്നുണ്ട്. കിറ്റ്സിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2016-17 -ൽ വിവിധ പരിശീലന പദ്ധതികളും കോഴ്സുകളും നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കിറ്റ്സിന്റെ ഹെഡ്ക്വാർട്ടേഴ്സിലും സ്റ്റഡി സെന്ററുകളിലും നിലവിൽ നടത്തിവരുന്ന കോഴ്സുകൾ ചുവടെ ചേർക്കുന്നു:

| കോഴ്സ് | പ്രതിവർഷം അനുവദിച്ച സീറ്റുകളുടെ എണ്ണം | കോഴ്സ് നടത്തുന്ന സെന്ററുകൾ |
|---|---|---|
| എം.ബി.എ. (ട്രാവൽ&ടൂറിസം) | 60 | ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം |
| ബി.ബി.എ.(ടൂറിസം മാനേജ്മെന്റ്) ഡിഗ്രി കോഴ്സ് | 52 | ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം |
| ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ് & ട്രാവൽ മാനേജ്മെന്റ് | 25 | എറണാകുളം, തലശ്ശേരി സെന്ററുകൾ |
| ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ് | 40 | എറണാകുളം, തലശ്ശേരി സെന്ററുകൾ |
| അയാട്ട കോഴ്സുകൾ | 40 | ഹെഡ്ക്വാർട്ടേഴ്സ്, എറണാകുളം സെന്റർ |
| പി.ജി. ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് & ടൂറിസം | 25 | എറണാകുളം, തലശ്ശേരി സെന്ററുകൾ |
| ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻ & ഗ്രൗണ്ട് ഹാന്റിലിംഗ് | 30 | തിരുവനന്തപുരം, എറണാകുളം സെന്ററുകളിൽ |

കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് ട്രാവൽ, ടൂറിസം, എയർലൈൻസ്, ലോജിസ്റ്റിക്സ്, ഷിപ്പിംഗ് എന്നീ മേഖലകളിൽ ജോലി സാദ്ധ്യതയുണ്ട്. കിറ്റ്സിലെ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികളും ക്യാമ്പസ് പ്ലെയ്സ്മെന്റ് വഴിയും സ്വയം സംരംഭകത്വ വികസനം വഴിയും തൊഴിൽ മേഖലയിൽ പ്രവേശിക്കുന്നുണ്ട്.

(സി) കേന്ദ്ര - ടൂറിസം മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടി തൊഴിൽ നൈപുണ്യ പരിശീലന പദ്ധതിയായ ഹുണാർ സേ റോസ്ഗാർ തക് പ്രകാരം ഫുഡ് പ്രൊഡക്ഷൻ, ഫുഡ് & ബിവറേജസ് സർവ്വീസ്, ഹൗസ് കീപ്പിംഗ് എന്നീ മേഖലകളിൽ യുവതീ യുവാക്കൾക്ക് പരിശീലനം നൽകിവരുന്നു. 2016-17 -ൽ ഹുണാർ സേ റോസ്ഗാർ തക് പദ്ധതിയുമായി ബന്ധപ്പെട്ട് 9550 പേർക്ക് പരിശീലനം നൽകുന്നതിനായി 10 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) -ന്റെ ഭാഗമായി ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് കോളേജ്, സ്കൂൾ വിദ്യാർത്ഥികൾക്ക് ഹോസ്പിറ്റാലിറ്റി മേഖലയിൽ കോമിഷെഫ്, മൾട്ടി ക്വുസീൻ ഷെഫ് എന്നീ മേഖലകളിൽ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലം നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കേന്ദ്ര സർക്കാരിന്റെ NULM (നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ) പദ്ധതിയുമായി ബന്ധപ്പെട്ട് NCVT (നാഷണൽ കൗൺസിൽ ഓൺ വൊക്കേഷണൽ ട്രെയിനിംഗ്) നിബന്ധന അനുസരിച്ച് കുടുംബശ്രീയുമായി ചേർന്ന് ഹൗസ്കീപ്പർ, ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, ഫുഡ് & ബിവറേജസ് സർവ്വീസ്, കുക്ക്-ജനറൽ, കുക്ക് -കോണ്ടിനന്റൽ, കുക്ക് -ഇന്ത്യൻ ക്വുസിൻ എന്നീ കോഴ്സുകൾ മൊബൈൽ ലാബ് സംവിധാനം ഉപയോഗിച്ച് കേരളത്തിന്റെ എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം ലോജിസ്റ്റിക് മാനേജ്മെന്റ്, എയർ കാർഗോ ഓപ്പറേഷൻസ്, എയർപോർട്ട് ഓപ്പറേഷൻസ് എന്നീ തൊഴിലധിഷ്ഠിത കോഴ്സുകൾ വിദ്യാർത്ഥികളുടെ ലഭ്യതയനുസരിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്നതിന് സാറ്റലൈറ്റ് പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കിറ്റ്സ് 2016-17 -ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും പുറമേ കിറ്റ്സിനെ കാലോചിതമായി പരിഷ്കരിച്ച് മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണനയിലുണ്ട്:

1. UNWTO -യുടെ ഏഷ്യാ-പസഫിക് മേഖലയിലെ വൈസ് പ്രസിഡന്റ് എന്ന നിലയിൽ ടൂറിസം അന്താരാഷ്ട്ര പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കി അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലന പരിപാടികൾ, ദേശീയ - വിദേശീയ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം, സ്റ്റുഡന്റ്സ് എക്സ്ചേഞ്ച് പ്രോഗ്രാം എന്നിവ നടപ്പാക്കും.

2. കൂടുതൽ കോഴ്സുകൾ നടത്തുന്നതിന് പുതിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം.

3. വിദ്യാർത്ഥികൾക്ക് വിവിധ തനത് കലാരൂപങ്ങൾ പരിചയപ്പെടുന്നതിനും പരിശീലിക്കുന്നതിനും സഞ്ചാരികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനുംവേണ്ടി ആംഫി തിയേറ്ററിന്റെ നിർമ്മാണം.

4. വിദ്യാർത്ഥികൾക്ക് ടൂറിസം ബിസിനസ് ഓപ്പറേഷൻ മേഖലയിൽ പ്രായോഗിക പരിശീലനം നൽകുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്കിൽ ലാബിന്റെ നിർമ്മാണം.

5. കിറ്റ്സിൽ നിലവിലുള്ള ലാംഗ്വേജ് ലാബ് ഉയർത്തി വിദേശ ഭാഷകളിൽ പരിശീലനം.

6. ടൂറിസം മേഖലയിൽ വൈദഗ്ദ്ധ്യ തൊഴിലാളികളുടെ ആവശ്യവും പ്രാധാന്യവും സമന്വയിപ്പിക്കാൻ ടൂറിസം മാനവശേഷി പോർട്ടൽ.

7. വിവിധ സ്ഥാപനങ്ങളിൽ നിന്ന് ടൂറിസം കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പ്രാവീണ്യം നേടിയ മേഖലയിൽ അന്തർദ്ദേശീയ നിലവാരം പുലർത്തുന്ന പരീക്ഷ നടത്തി എംപ്ലോയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്ന പ്രത്യേക പദ്ധതി.

## സാമ്പത്തിക ഭരണ നിർവ്വഹണത്തിലെ വീഴ്ച

28 (*508) ശ്രീ. പി. കെ. ശശി:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ സാമ്പത്തിക ഭരണ നിർവ്വഹണത്തിലെ വീഴ്ച മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ കുടിശ്ശികയുള്ള നികുതി സമാഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) നികുതി കാര്യക്ഷമമായി പിരിച്ചെടുക്കാൻ സാധിക്കുംവിധം നികുതി വകുപ്പിനെ ശാക്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ-സി) മുൻസർക്കാരിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മയും കെടുകാര്യസ്ഥതയും നിമിത്തം സാമ്പത്തിക സ്ഥിതി താറുമാറായിരുന്ന ഘട്ടത്തിലാണ് ഈ സർക്കാർ അധികാരം ഏറ്റെടുത്തത്. അതിഗുരുതരമായ മേൽ സാമ്പത്തിക പ്രതിസന്ധിയുടെ വ്യാപ്തി കുറയ്ക്കാൻ തന്നെ വർഷങ്ങൾ വേണ്ടിവരുന്ന സാഹചര്യമാണുള്ളത്. വായ്പയെടുക്കുന്ന തുക നിത്യനിദാന ചെലവുകൾക്ക് വിനിയോഗിക്കേണ്ട അവസ്ഥയുള്ളതിനാൽ നിർമ്മാണ പ്രവൃത്തികൾ അടക്കമുള്ള മൂലധന ചെലവുകൾക്ക് പണം കണ്ടെത്തുവാൻ സർക്കാർ ബുദ്ധിമുട്ടുകയാണ്. പ്രസ്തുത സാമ്പത്തിക പ്രതിസന്ധിമൂലം പല വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്ന വേഗത്തിൽ പൂർത്തീകരിക്കുന്നതിനും വിഷമം നേരിടുന്നുണ്ട്.

അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രിച്ചതിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തര പ്രാധാന്യമുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട്

സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനുമായി 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക നികുതി സമാഹരിക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വകുപ്പിലും നികുതി വരുമാനവുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകളിലും സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു:

I. <u>വാണിജ്യ നികുതി വകുപ്പ്</u>

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.
2. ഉപഭോക്താക്കൾ ബിൽ ചോദിച്ചു വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തൽസമയംതന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായുള്ള നിയമനിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.
3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
4. ചെക്ക് പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റും.
5. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.
6. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.
7. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.
8. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

II. <u>രജിസ്ട്രേഷൻ വകുപ്പ്</u>

രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യവേഷൻ കേസുകളുടെ അദാലത്ത് നടത്തുവാൻ നിശ്ചയിച്ചു. വിലയാധാരങ്ങളുടെയും കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.

III. <u>ലാന്റ് റവന്യൂ വകുപ്പ്</u>

ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ, മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 1-8-2016 മുതൽ താലൂക്ക്- ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

IV. <u>എക്സൈസ് വകുപ്പ്</u>

എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽനിന്നും വ്യാജമദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

V. മോട്ടോർ വാഹന വകുപ്പ്

മോട്ടോർ വാഹന വകുപ്പിൽ റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ ജോലികൾ ചെയ്തുവരുന്നതിനാൽ റിക്കവറി നടപടികൾ ഉയർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

**പുതിയ വ്യവസായ നയം**

29 (*509) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതിയ വ്യവസായ നയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോൾ നിലവിലുള്ള കർശന നിയമങ്ങൾ ഇളവു ചെയ്തും പുതിയ ഉത്തരവുകൾ നൽകിയും കേരളത്തിൽ കൂടുതൽ വ്യവസായങ്ങൾ തുടങ്ങുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) സ്ത്രീകളുടേയും അഭ്യസ്തവിദ്യരായ പെൺകുട്ടികളുടേയും ഉന്നമനത്തിനായി എന്തൊക്കെ പുതിയ ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ ഇവരുടെ ഉന്നമനത്തിനായി എന്തെങ്കിലും പദ്ധതികൾ ഉണ്ടോ എന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വജയൻ):

(എ) ഉണ്ട്. വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിൽ നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കേരളത്തിനെ കൂടുതൽ വ്യവസായോന്മുഖമാക്കുക എന്ന ലക്ഷ്യത്തോടെ ബന്ധപ്പെട്ട നിയമങ്ങൾ അനുസരിച്ച് സർട്ടിഫിക്കറ്റുകളും ലൈസൻസുകളും ലഭ്യമാക്കുന്നതിന് കേരള ഏകജാലക സംവിധാന ബോർഡ് ആന്റ് വ്യവസായ ഏരിയാ വികസന നിയമം നിലവിലുണ്ട്.

Ease of Doing Business Initiative-ന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസർ ആയി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കുന്നതിനും നവീകരിക്കുന്നതിനും ആവശ്യമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കെ.പി.എം.ജി. എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

(സി & ഡി) സ്ത്രീകൾക്കും അഭ്യസ്തവിദ്യരായ പെൺകുട്ടികൾക്കും കേരളത്തിൽ നിയമാനുസരണമുള്ള ഏതുതരം ചെറുകിട വ്യവസായ സംരംഭങ്ങളും തുടങ്ങുവാൻ സാധിക്കുന്നതാണ്.

നിലവിലുള്ള വനിതാസംരംഭകരെ ശക്തിപ്പെടുത്തി അടുത്ത ഘട്ടത്തിലേയ്ക്ക് നയിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ. പ്രസ്തുത മിഷൻ മുഖേന നിലവിലുള്ള വനിതാ സംരംഭകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, വിജയകരമായി പ്രവർത്തിക്കുന്ന യൂണിറ്റുകളിലേയ്ക്ക് സന്ദർശനങ്ങൾ നടത്തുക, സംരംഭങ്ങൾ തുടങ്ങാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, വ്യവസായ വിപുലീകരണത്തിന് നൂതന സാധ്യതകൾ കണ്ടെത്തുക മുതലായ പരിപാടികൾ നടത്തി വരുന്നു. വനിതാ സംരംഭങ്ങളുടെ ശേഷി ഉയർത്തുന്നതിനുള്ള വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

**കൺസ്യൂമർഫെഡിന്റെ സാമ്പത്തികനില**

30 (*510) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ സാമ്പത്തികനിലയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഭരണതലത്തിലും ഉദ്യോഗ സ്ഥതലത്തിലും സ്ഥാപനത്തിന്റെ നിലനിൽപ്പ് തന്നെ ഇല്ലാതാക്കാൻ പോന്ന തരത്തിൽ അഴിമതിയുണ്ടായതായ ആക്ഷേപത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; ഇതിനായി സർക്കാർ തലത്തിൽ എന്തൊക്കെ സഹായങ്ങൾ നൽകുമെന്ന് അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ നിലവിലുള്ള സാമ്പത്തിക നില പ്രകാരം ബാങ്ക് വായ്പ, പലിശ എന്നീ ഇനങ്ങളിലായി 491.15 കോടി രൂപയും സ്ഥിര നിക്ഷേപം സ്വീകരിച്ചിട്ടുള്ളത് തിരികെ നൽകുവാനുള്ളത് മുതലും പലിശയുമായി 180.56 കോടി രൂപയും നീതി, ത്രിവേണി, മെഡിക്കൽ എന്നീ വിഭാഗങ്ങളിൽ സാധനങ്ങൾ സപ്ലൈ ചെയ്ത വകയിൽ സപ്ലൈയർമാർക്ക് 234.63 കോടി രൂപയും നൽകുവാനുണ്ട്. സർക്കാർ/ എൻ.സി.ഡി.സി. വായ്പ, പലിശ ഇനങ്ങളിലായി 121.09 കോടി രൂപയും വിവിധ സ്ഥാപനങ്ങളിൽ നിന്നും ഓഹരി മൂലധനമായി സ്വീകരിച്ചിട്ടുള്ള 56.60 കോടി രൂപയും ചേർത്ത് ആകെ 1084.03 കോടി രൂപ ഫെഡറേഷന് ബാദ്ധ്യതയുണ്ട്.

(ബി) കൺസ്യൂമർ ഫെഡറേഷനിൽ സഹകരണ വകുപ്പ് നടത്തിയ പരിശോധനയിൽ അഴിമതി നടന്നിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം അന്വേഷണത്തിന് ഉത്തരവിടുകയും ഈ അന്വേഷണം നടന്നുവരികയുമാണ്. അന്വേഷണ ഉദ്യോഗസ്ഥർ നൽകിയ ഇടക്കാല റിപ്പോർട്ടിൽ അഴിമതി നടത്തിയതായി കണ്ടെത്തിയവർക്കെതിരെ തുടർനടപടി സ്വീകരിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ 11/79 സർക്കുലർ പ്രകാരം വിവരങ്ങൾ പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. 65-ാം വകുപ്പ് പ്രകാരമുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയതിൽ കുറ്റക്കാർ എന്ന് തെളിയുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കൺസ്യൂമർ ഫെഡറേഷൻ വിപണിയിലെ ഇടപെടലുകൾക്കായി പ്രാഥമിക സഹകരണ സംഘങ്ങളിൽ 1500 മുതൽ 2000 വരെ നീതി വിപണന കേന്ദ്രങ്ങളോ, സൂപ്പർ മാർക്കറ്റുകളോ, പൊതു വിതരണ കേന്ദ്രങ്ങളോ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് തയ്യാറാക്കി വരുന്നത്. ഇപ്രകാരം ആരംഭിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായി വരുന്ന സാധനങ്ങൾ ഇ-ടെണ്ടർ മുഖേന വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. പർച്ചേസ് സംബന്ധമായ ഇടപാടുകൾ സുതാര്യമാക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റികൾക്ക് രൂപം

നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ പൊതുജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ നീതി മെഡിക്കൽ ശൃംഖല വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഫെഡറേഷന്റെ ഭരണ ചെലവുകൾ കുറയ്ക്കുന്നതിനായി 2500 ഓളം അധിക ദിവസ വേതനക്കാരെ ഒഴിവാക്കിയിരുന്നു. അനാവശ്യമായി എടുത്തിരുന്ന ഗോഡൗണുകളും ആഫീസുകളും ഒഴിവാക്കുന്നതിനും, വിവിധ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന കേടായ സാധനങ്ങൾ വിറ്റഴിക്കുന്നതിനും ഉപയോഗപ്രദമല്ലാത്ത വാഹനങ്ങളും കേടുപാടായ വാഹനങ്ങളും ലേലം ചെയ്തു വിൽക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൺസ്യൂമർ ഫെഡറേഷൻ പുനരുദ്ധാരണത്തിനായി തയ്യാറാക്കിയ പദ്ധതികൾ പരിശോധിച്ച ശേഷം തീരുമാനം കൈക്കൊള്ളുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 'വികസിത കേരളം' എന്ന മുദ്രാവാക്യം

1 (4365) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എന്തൊക്കെ പദ്ധതികളാണ് 'വികസിത കേരളം' എന്ന മുദ്രാവാക്യം നേടിയെടുക്കുന്നതിന് 13- ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

'വികസിത കേരളം' എന്ന മുദ്രാവാക്യം നേടിയെടുക്കുന്നതിനായി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി, ഹരിതകേരളം പദ്ധതി, വിദ്യാഭ്യാസ ഏകീകരണ പദ്ധതി എന്നിങ്ങനെ മൂന്ന് മിഷൻ മോഡ് പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. പശ്ചാത്തല സൗകര്യ വികസന മേഖലയിൽ വലിയൊരു കുതിച്ചുചാട്ടം സൃഷ്ടിക്കുന്നതിനായി KIIFB മുഖാന്തിരം 20,000 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പദ്ധതിയും ആവിഷ്കരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

### ഗവ. കോളേജുകളിൽ പുതിയ കോഴ്സുകളും അധിക ബാച്ചുകളും

2 (4366) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. കോളേജുകളിൽ പുതിയ കോഴ്സുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് തടസം നിൽക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തടസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടില്ല.

(ബി) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

## എം.എൽ.എ. - എസ്.ഡി.എഫ്. മുഖേന നിർമ്മിക്കുന്ന ബസ്സ്കാത്തിരുപ്പ് കേന്ദ്രങ്ങൾ

3 (4367) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.എൽ.എ. - എസ്.ഡി.എഫ്. മുഖേന നിർമ്മിക്കുന്ന ബസ്സ് കാത്തിരുപ്പ് കേന്ദ്രങ്ങൾ "പ്രതീക്ഷ" ഏജൻസി മുഖേന ചെയ്യണമെന്ന ഉത്തരവ് നിലവിലുണ്ടോ;

(ബി) എം.എൽ.എ. - എസ്.ഡി.എഫ്. ഗൈഡ് ലൈനിൽ ആയത് ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇങ്ങനെ ഒരു ഉത്തരവ് ആരുടെ നിർദ്ദേശ പ്രകാരമാണ് ഇറക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വളരെ കുറഞ്ഞ ചെലവിൽ എം.എൽ.എ. - എസ്.ഡി.എഫ്. ഉപയോഗിച്ച് നിർമ്മിക്കുന്ന ബസ് കാത്തിരിപ്പുകേന്ദ്രങ്ങൾ വികസന ബ്ലോക്കുകൾ മുഖേന (ബി.ഡി.ഒ.) ചെയ്യുന്നതിന് മേൽ ഉത്തരവ് തടസ്സമുണ്ടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എം.എൽ.എ.-മാരുടെ നിർദ്ദേശ പ്രകാരം ബി.ഡി.ഒ. മുഖേന മേൽ പ്രവൃത്തികൾ ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന നിധിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ബസ്സ് കാത്തിരുപ്പുകേന്ദ്രങ്ങൾ 'പ്രതീക്ഷ' ഏജൻസി മുഖേന ചെയ്യണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ 3-7-2014 ലെ സ.ഉ.(സാധാ) നമ്പർ 932/14/പി.ഡബ്ല്യൂ.ഡി. പ്രകാരം പി.ഡബ്ല്യൂ.ഡി. റോഡുകളുടെ വശങ്ങളിലുള്ള ബസ് കാത്തിരുപ്പ കേന്ദ്രങ്ങൾ പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന ഏജൻസി മുഖേന മാത്രമേ നിർമ്മിക്കാവൂ എന്ന് ഉത്തരവായിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൻ കീഴിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ അതത് ജില്ലാകളക്ടർമാരാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നത്.

**ആസ്തി വികസന ഫണ്ട്**

4 (4368) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ 2012-13 മുതൽ 2015-2016 വരെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികൾക്കാണ് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം നൽകാമോ; ഇനിയും അനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എസ്റ്റിമേറ്റ് ലഭിക്കാത്തതുകൊണ്ടാണോ അനുമതി നൽകാത്തതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കാസർഗോഡ് നിയോജക മണ്ഡലത്തിൽ 2012-13 മുതൽ 2015-16 വരെ ആസ്തി വികസന പദ്ധതിയിൻകീഴിൽ ഭരണ വകുപ്പ് ശിപാർശ ചെയ്തതും ധനകാര്യ വകുപ്പ് ധനാനുമതി നല്കിയതുമായ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു. ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡം പാലിച്ചുകൊണ്ട് ഭരണ വകുപ്പ് ലഭ്യമാക്കിയ എല്ലാ പ്രവൃത്തികൾക്കും അനുമതി നല്കിയിട്ടുണ്ട്.

**ചരക്ക് സേവന നികുതി**

5 (4369) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ജീവനക്കാർക്കും വ്യാപാരികൾക്കും പ്രത്യേക പരിശീലനം ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാന സർക്കാരിന് ഏതെല്ലാം മേഖലകളിൽ വരുമാന വർദ്ധനവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത് വിശദമാക്കാമോ?

ഉത്തരം

(എ) മാതൃകാ ജി.എസ്.ടി. നിയമത്തെ ആസ്പദമാക്കി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെൻട്രൽ എക്സൈസും, നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, എക്സൈസ് ആന്റ് നർകോട്ടിക്സും (NACEN) സംസ്ഥാന വാണിജ്യ നികുതി വകുപ്പുമായി യോജിച്ചുകൊണ്ടുള്ള പരിശീലന പരിപാടി ആരംഭിക്കുകയും അവ തുടർന്നുവരികയുമാണ്. ഫീൽഡ് ലെവൽ ഓഫീസർമാർക്ക് വേണ്ടിയുള്ള ട്രെയിനിംഗ് സംസ്ഥാന വ്യാപകമായി ആരംഭിക്കുവാനിരിക്കുകയാണ്. ഇത് ഡിസംബർ പകുതിയോടെ പൂർത്തിയാക്കി എല്ലാ നികുതി നിർണ്ണയാധികാരികളുടേയും ട്രെയിനിംഗ് പൂർത്തിയാക്കാനാണ് കരുതുന്നത്. ചരക്കു സേവന നികുതി നിയമം അംഗീകരിക്കപ്പെട്ടാലുടൻ വ്യാപാരി സമൂഹത്തിനും ടാക്സ് പ്രാക്ടീഷണർമാർക്കും വേണ്ട പരിശീലന ക്ലാസ്സുകൾ തുടങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് ഗുണകരമാകും എന്നാണ് പ്രതീക്ഷ. ഇതിനു പുറമേ സേവനങ്ങൾക്ക് മേലുള്ള കേന്ദ്ര സർക്കാർ മാത്രം ചുമത്തിക്കൊണ്ടിരുന്ന നികുതിയും സംസ്ഥാനത്തിന d ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് ഉയർന്നതാണ്. ഈ മേഖലകളിൽ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്ത പ്പെട്ടിട്ടുള്ളത്.

**സംരംഭക വികസന മിഷൻ**

6 (4370) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സംരംഭക വികസന മിഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) എത്ര സംരംഭകരെയാണ് പദ്ധതിയനുസരിച്ച് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) എന്തെല്ലാം ധനസഹായങ്ങളാണ് സംരംഭകർക്ക് നൽകുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ 2011 ൽ രൂപം നൽകിയ പദ്ധതിയാണ് സ്വയം സംരംഭക മിഷൻ. ആത്മാർത്ഥതയും ആശയങ്ങളുമുള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തി, അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യവ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.

(ബി) 50,000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പു വരുത്തുന്നതിനായി വിഭാവന ചെയ്ത പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ. പ്രസ്തുത പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല.

(സി) 31-5-2016 ലെ കണക്കുകൾ പ്രകാരം 11,033 പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുകയും 7966 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തു. 1757 സംരംഭങ്ങൾ തുടങ്ങുകയും 8904 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു.

(ഡി) പദ്ധതി തുകയുടെ 90% തുകയാണ് സഹായമായി നൽകുന്നത്. ഒരു സംരംഭകന് 7 ലക്ഷം എന്ന കണക്കിൽ ഒരു ഗ്രൂപ്പിന് പരമാവധി 20 ലക്ഷം രൂപയാണ് വായ്പ അനുവദിക്കുന്നത്. ടെക്നോക്രാറ്റുകൾക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. ഒരാൾക്ക് പരമാവധി 15 ലക്ഷം രൂപ വരെ നൽകും. ഒരു വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ 15 വർഷമാണ് തിരിച്ചടവ് കാലാവധി പലിശ രഹിത വായ്പയാണ് അനുവദിക്കുന്നത്. പലിശ സർക്കാർ വഹിക്കും.

## ബിൽ ചോദിച്ച് വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

7 (4371) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്താക്കൾ സാധനങ്ങൾ വാങ്ങുമ്പോൾ ബിൽ ചോദിച്ച് വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇവ കൂടുതൽ പ്രചരിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബില്ലുകൾ ചോദിച്ച് വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി നടത്തിവരുന്ന പ്രചാരണ പരിപാടികളുടെ ഭാഗമായി ഓണക്കാലത്ത് ഓരോ ജില്ലകളിലെയും പ്രധാന വ്യാപാര കേന്ദ്രങ്ങളിൽ വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ മുൻകൂട്ടി റെക്കോഡ് ചെയ്ത സന്ദേശങ്ങൾ അനൗൺസ് ചെയ്യുകയുണ്ടായി. കൂടാതെ പ്രധാന വ്യാപാര കേന്ദ്രങ്ങളിൽ വ്യാപാരികളെയും ഉപഭോക്താക്കളെയും ബിൽ നൽകുന്നതിനെക്കുറിച്ചും ചോദിച്ച് വാങ്ങേണ്ടതിനെക്കുറിച്ചും ബോധവൽക്കരിക്കുന്നതിനായി വാണിജ്യ നികുതി ഉദ്യോഗസ്ഥർ തന്നെ വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തങ്ങൾക്കു ലഭിച്ച ബില്ലുകളോ അവയുടെ പകർപ്പുകളോ നിക്ഷേപിക്കുന്നതിനായി ടി അനൗൺസ്മെന്റ് വാഹനങ്ങളിൽ തന്നെ ഡ്രോപ്പ് ഇൻ ബോക്സുകളും സജ്ജീകരിച്ചിട്ടുണ്ടായിരുന്നു.

കൂടാതെ 'www.facebook.com/post bills here' എന്ന ഫെയ്സ്ബുക്ക് പേജിൽ ഉപഭോക്താക്കൾക്ക് തങ്ങളുടെ ബില്ലുകൾ അപ്ലോഡ് ചെയ്യുവാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

ഇവ കൂടാതെ 2007-ൽ ആരംഭിച്ച 'ലക്കിവാറ്റ്' പദ്ധതി മൊബൈൽഫോണിന്റെയും ആധുനിക ഐ.റ്റി. സാങ്കേതിക വിദ്യയുടെയും സഹായത്തോടെ പുനരാവിഷ്കരിക്കുന്നതും ഇൻവോയ്സിന്റെയോ ബില്ലിന്റെയോ

ഫോട്ടോ മൊബൈൽ ആപ്ലിക്കേഷൻ വഴി വാണിജ്യ നികുതി വകുപ്പിന് സമർപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കി ബില്ലിലെ നികുതി തുകയുടെ 5 മടങ്ങ് സമ്മാനമായി നൽകുന്ന കാര്യവും പരിഗണിച്ചുവരുന്നു.

ഇത്തരം പ്രചാരണ പരിപാടികൾ ഇനിയും തുടരുന്നതാണ്. ഇതുകൂടാതെ ബജറ്റ് പ്രഖ്യാപനപ്രകാരമുള്ള മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

**ബഡ്ജറ്റ് പ്രകാരം തുക വകയിരുത്തിയ പദ്ധതികൾ**

8 (4372) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റ് പ്രകാരം ചടയമംഗലം നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളതെന്ന വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 2016-17 ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള ചടയമംഗലം നിയോജക മണ്ഡലത്തിലെ ഏതെങ്കിലും പദ്ധതി 'കിഫ്ബി' വഴി നിർവ്വഹിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ ചടയമംഗലം നിയോജക മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ള പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി പാങ്ങോട്-കടയ്ക്കൽ-ചിങ്ങേലി-ചടയമംഗലം റോഡിന് 20 കോടി രൂപ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ പദ്ധതികളും കുടിവെള്ള പദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കുമ്പോഴേ മണ്ഡലത്തിൽ വരുന്ന പദ്ധതികളുടെ പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വില്ലേജ് ഓഫീസർ തസ്തിക ഡെപ്യൂട്ടി തഹസിൽദാരുടെ പദവിയിലേയ്ക്ക് ഉയർത്തുന്നതിന് നടപടി

9 (4373) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിൽ റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ തസ്തിക ഡെപ്യൂട്ടി തഹസിൽദാരുടെ പദവിയിലേയ്ക്ക് ഉയർത്തുന്നതിന് നിർദ്ദേശിച്ചിരുന്നുവോ;

(ബി) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന് കഴിഞ്ഞ സർക്കാർ എന്തെങ്കിലും ഉത്തരവ് ഇറക്കിയിരുന്നോ; എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഈ സർക്കാർ ശമ്പള പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ തസ്തിക ഡപ്യൂട്ടി തഹസിൽദാർ തസ്തികയിലേയ്ക്ക് ഉയർത്തി ഡപ്യൂട്ടി തഹസിൽദാർ തസ്തികയ്ക്ക് തുല്യമായ ശമ്പള സ്കെയിൽ അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

(ബി) വില്ലേജ് ഓഫീസർ തസ്തിക ഡെപ്യൂട്ടി തഹസിൽദാരുടെ പദവിയിലേയ്ക്ക് ഉയർത്തിയിട്ടില്ല. പകരം വില്ലേജ് ഓഫീസർ തസ്തികയിലേയ്ക്ക് ഒരു ലെവൽ ശമ്പള വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ചരക്കുസേവന നികുതി

10 (4374) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി കേരളത്തിന് ഗുണം ചെയ്യുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കേരളത്തെ എപ്രകാരമെല്ലാമാണ് ഇത് പ്രതികൂലമായി ബാധിക്കുന്നത്; ആയത് മറികടക്കുന്നതിന് സംസ്ഥാനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ കഴിയുന്നത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ്, തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവന നികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ സേവന നികുതി വിഹിതം സംസ്ഥാനത്തിന് ലഭിക്കും. ഇതിലൂടെ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.

പരോക്ഷനികുതി സംബന്ധിച്ച് നിലവിൽ മൂല്യവർദ്ധിതനികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി സർച്ചാർജ്ജ്, സെസ്സ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഈടാക്കുന്നതല്ലാത്ത വിനോദ നികുതി എന്നിവ സംസ്ഥാനമാണ് ഈടാക്കുന്നത്. എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർചാർജ്ജ്, സെസ്സ് എന്നിവ കേന്ദ്ര സർക്കാരും ഈടാക്കുന്നു. ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഇവയെല്ലാം ജി.എസ്.ടി. യിൽ ലയിക്കുന്നതാണ്. ജി.എസ്.ടി. യിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനും ഒരേ സമയം നികുതി ഈടാക്കുവാൻ സാധിക്കും. ഈ സംവിധാനത്തിൽ എല്ലാ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേലും (taxable supplies) കേന്ദ്രം സി.ജി.എസ്.ടി.-യും സംസ്ഥാനങ്ങൾ എസ്.ജി.എസ്.ടി.-യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി. ആണ് ചുമത്തുന്നത്. ഇത് കേന്ദ്ര സർക്കാരാണ് ഈടാക്കുന്നത്. ചരക്ക് സേവന നികുതി destination based ആകയാൽ കേരളത്തിന് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

(ബി) ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള പകർപ്പ് ഭരണഘടനാ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Services Tax Council-ന്റെ ശിപാർശ അനുസരിച്ച് പാർലമെന്റ് നിയമനിർമ്മാണത്തിലൂടെ

ജി.എസ്.ടി. നടപ്പിലാക്കിയ ശേഷമുള്ള ആദ്യത്തെ 5 വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്. കൂടാതെ ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വിലക്കുറവ് ഉപഭോക്താവിന് ലഭിക്കത്തക്ക വിധത്തിൽ ഒരു ഫോർമുല ജി.എസ്.ടി. കൗൺസിൽ രൂപപ്പെടുത്തിയെടുക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ ഒന്നര കോടി രൂപ വരെ turn over ഉള്ള ചെറുകിടക്കാരായ വ്യാപാരികൾക്കായി സംസ്ഥാന ജി.എസ്.ടി.-യുടെയും കേന്ദ്ര ജി.എസ്.ടി.യുടെയും ഭരണ നിർവ്വഹണം ഒരൊറ്റ നികുതി അധികാരി തന്നെ നടത്തണമെന്നും സംസ്ഥാനം ആവശ്യമുന്നയിച്ചിട്ടുണ്ട്. കൂടാതെ വ്യാപാരിയിൽനിന്ന് ഉപഭോക്താവിലേയ്ക്കുള്ള അന്തർ സംസ്ഥാന ഇടപാടുകളിന്മേലുള്ള വീതം വയ്ക്കാത്തതും വർഷാന്ത്യത്തിൽ മിച്ചം വരുന്നതുമായ ക്രെഡിറ്റ് divisible pool-ൽ ഉൾപ്പെടുത്തി ലഭ്യമാക്കണമെന്നും, IGST അക്കൗണ്ടിൽ മിച്ചം വരുന്ന തുക ഫിനാൻസ് കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കപ്പെടേണ്ടതാണെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

**ഇടക്കൊച്ചി സുസ്ഥിര വികസന പദ്ധതി**

11 (4375) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2001 കാലഘട്ടത്തിലെ ബജറ്റിൽ പ്രഖ്യാപിച്ചതും പശ്ചിമ കൊച്ചിയുടെ ഭാഗവും പിന്നോക്കാവസ്ഥയിലുള്ള പ്രദേശവുമായ ഇടക്കൊച്ചിയുടെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയിരുന്നതുമായ 'ഇടക്കൊച്ചി സുസ്ഥിര വികസന പദ്ധതി'യിൽ എന്തെല്ലാമാണ് ഉൾപ്പെട്ടിരിക്കുന്നത്;

(ബി) ഈ പദ്ധതി ഏത് ഏജൻസിയാണ് തയ്യാറാക്കിയത്;

(സി) ഈ പദ്ധതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## പങ്കാളിത്ത പെൻഷൻ

12 (4376) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി ആരംഭിച്ചതു മുതൽ ഈ ഇനത്തിൽ എത്ര ലക്ഷം രൂപ ജീവനക്കാരിൽ നിന്ന് ശേഖരിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ തുക ഏതെല്ലാം തരത്തിലാണ് സൂക്ഷിച്ചിട്ടുള്ളത്;

(സി) ഈ തുക ഏതെങ്കിലും വികസന പ്രവർത്തനങ്ങൾക്കോ, നിർമ്മാണ പ്രവർത്തനങ്ങൾക്കോ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ഡി) ഇപ്രകാരം ജീവനക്കാരിൽ നിന്ന് സ്വരൂപിക്കുന്ന തുകയ്ക്ക് മാച്ചിംഗ് ഗ്രാന്റ് നൽകുന്നുണ്ടോ;

(ഇ) ഭാവിയിൽ ഇത് വൻ ബാധ്യതയായി മാറുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി ആരംഭിച്ചതു മുതൽ 2016 സെപ്റ്റംബർ 30 വരെ ഈ ഇനത്തിൽ ജീവനക്കാരിൽനിന്നും ആകെ 142.58 കോടി രൂപ ശേഖരിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

2014 - 11.83 കോടി രൂപ

2015 - 57.18 കോടി രൂപ

2016 - 73.57 കോടി രൂപ (2016 സെപ്റ്റംബർ 30 വരെ).

(ബി) ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2008-ലെ കേന്ദ്രസർക്കാരിലെ 5(88) 2006 പി.ആർ. എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത ഫണ്ട് നിക്ഷേപിച്ചു വരുന്നത്.

(സി) 14-8-2008 -ലെ കേന്ദ്രസർക്കാരിലെ 5(88)2006 പി.ആർ. എന്ന നോട്ടിഫിക്കേഷൻ പ്രകാരം നിക്ഷേപത്തിന്റെ 85% വരെ ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പി ബോണ്ടുകൾ എന്നിവയിലും 15% വരെ കമ്പനി ഷെയറുകളിലും 5% വരെ മണിമാർക്കറ്റ് ഇൻസ്ട്രുമെന്റുകളിലും നിക്ഷേപിക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്.

(ഡി) ഇപ്രകാരം ജീവനക്കാരിൽനിന്ന് സ്വരൂപിക്കുന്ന തുകയ്ക്ക് മാച്ചിംഗ് ഗ്രാന്റ് നൽകുന്നുണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

**റബ്ബറിന്റെ വിലയിടിവ്**

13 (4377) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവ് കാരണം ചെറുകിട കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) വില സ്ഥിരതാ ഫണ്ടിലേയ്ക്ക് ഈ സർക്കാർ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്;

(സി) റബ്ബർ ബോർഡ് നിശ്ചയിക്കുന്ന വില കർഷകന് ലഭിച്ച വിലയായി കണക്കാക്കി വില സ്ഥിരതാഫണ്ടിൽ നിന്നും ബാക്കി സംഖ്യ നൽകുന്ന രീതി കർഷകർക്ക് ദോഷകരമായാണ് വരുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റബ്ബർ ബോർഡ് അതത് ദിവസം നിശ്ചയിക്കുന്ന വില വിൽപ്പന സമയത്ത് ഏജൻസികളിൽ നിന്നും ലഭിക്കാത്തതിനാൽ വില സ്ഥിരതാ ഫണ്ടിൽ നിന്നും കർഷകകർക്ക് ലഭിക്കുന്ന തുകയിൽ കുറവു വരുന്നതായ പരാതി പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്?

<u>ഉത്തരം</u>

(എ) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കി വരുന്നു.

(ബി) 2016- 17 സാമ്പത്തിക വർഷത്തിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി & ഡി) റബ്ബർ ബോർഡ് റബ്ബറിന്റെ വില നിശ്ചയിക്കുന്നില്ല. മറിച്ച് കോട്ടയം, കൊച്ചി റബ്ബർ മാർക്കറ്റുകളിലെ ദൈനംദിന വിലകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്യുന്നത്. റബ്ബർ വിപണിയെപ്പറ്റി കർഷകർക്കും വ്യാപാരികൾക്കും ഒരു പൊതു അവബോധം ഉണ്ടാക്കുന്നതിനുള്ള ഒരു സൂചിക വില (reference price) മാത്രമാണിത്. റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന വിലയും വ്യാപാരികൾ കർഷകർക്ക് നൽകുന്ന വിലയും തമ്മിൽ നേരിയ തോതിൽ അന്തരം ഉണ്ടാകാം. റബ്ബർ പ്രോഡ്യൂസേഴ്സ് സൊസൈറ്റികളുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള ട്രേഡിംഗ് കമ്പനികൾ മുഖേന റബ്ബർ വിൽക്കുന്നത് വഴി കർഷകർക്ക് മെച്ചപ്പെട്ട വില നേടിയെടുക്കാൻ സാധിക്കും.

**പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജർമാർ**

14 (4378) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ കേരളത്തിൽ ഏതെല്ലാം ഫണ്ട് മാനേജർമാരെയാണ് നിയമിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) സംസ്ഥാന ട്രഷറിയെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ട്രഷറിയെ ഫണ്ട് മാനേജർ ആയി നിയമിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ട്രഷറിയെ മാത്രമായി ഫണ്ട് മാനേജർ ആയി നിയമിക്കുവാൻ കഴിയുമോ; ഇതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാരിന്റെയും പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ മോണിറ്ററിംഗ് ചുമതല നിർവ്വഹിക്കുന്ന എൻ.പി.എസ്. ട്രസ്റ്റിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നിവയെയാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജർമാർ ആയി നിയമിച്ചിട്ടുള്ളത്.

(ബി & സി) ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ്. വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956-ലെ SCRA [Securities Contracts (Regulation) Act, 1956] പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ആയതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജരായി ട്രഷറിയെ ഉൾപ്പെടുത്താൻ നിലവിൽ സാധിക്കില്ല.

**വെങ്കിടങ്ങ് കയർ വ്യവസായ സഹകരണ സംഘം**

15 (4379) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങിൽ ഇരുപത്തിയഞ്ച് തൊഴിലാളികൾ പ്രത്യക്ഷമായും പതിനഞ്ച്പേർ പരോക്ഷമായും തൊഴിലെടുക്കുന്ന 337-ാം നമ്പർ കയർ വ്യവസായ സഹകരണ സംഘത്തിൽ യന്ത്രതകരാറും മറ്റു തകരാറുകളും കാരണം പണിയെടുക്കാൻ കഴിയാത്ത സ്ഥിതി നിലവിലുള്ളതിനാൽ പ്രസ്തുത സംഘത്തിന് പ്രവർത്തന മൂലധനം നൽകുന്നതിനും തകരാറുകൾ പരിഹരിച്ച് തൊഴിൽ ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

തൃശ്ശൂർ കയർ പ്രോജക്ട് ഓഫീസിന്റെ അധീനതയിലുള്ള വെങ്കിടങ്ങ് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 337 ന് 7,50,000 രൂപപ്രവർത്തനമൂലധനമായി അനുവദിച്ചിരുന്നു. ആയതിൽ 3,82,795 രൂപ ചെലവഴിക്കാതെ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. നിലവിലുള്ള ഭരണസമിതിക്ക് താൽപ്പര്യമുള്ള പക്ഷം തൃശ്ശൂർ പ്രോജക്ട് ഓഫീസ് വഴി സംഘം പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**വിദ്യാഭ്യാസ വായ്പ റിക്കവറി**

16 (4380) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വായ്പ റിക്കവറി നടപടികൾ ഊർജ്ജിതമാക്കികൊണ്ട് ബാങ്കുകൾ നടപടികൾ സ്വീകരിച്ചുവരുന്നതുമൂലം കടക്കെണിയിലായ ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിന് ഈ സർക്കാരിന്റെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വിദ്യാഭ്യാസ ആവശ്യത്തിനായി വായ്പ എടുത്ത് കടക്കെണിയിലായവരെ രക്ഷിക്കാനായി സർക്കാർ ഒരു കടാശ്വാസ പദ്ധതി 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ പ്രകാരം കുടിശ്ശികയായ വായ്പാ തുക മാത്രം തിരിച്ചടച്ചാൽ ബാധ്യത അവസാനിപ്പിക്കാൻ ബാങ്കുകൾ സമ്മതിച്ചാൽ കുടിശ്ശികയായ വായ്പ തിരിച്ചടയ്ക്കാൻ സർക്കാർ സഹായിക്കുന്നതാണ്. കൂടാതെ തൊഴിൽ ലഭിക്കുന്നതുവരെ തിരിച്ചടവിന് മോറട്ടോറിയം നൽകാൻ ബാങ്കുകൾ തയ്യാറാകണമെന്നും അനൗപചാരിക മേഖലയിൽ ജോലിയെടുക്കുന്നവർക്ക് അവരുടെ ശമ്പളത്തിന്റെ നാലിലൊന്നിലേറെ തിരിച്ചടവായി ഈടാക്കാൻ പാടില്ലായെന്നും ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നു. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിന് എസ്.എൽ.ബി.സി. യുമായി ചർച്ചകൾ നടത്തി വരുന്നു.

**കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്**

17 (4381) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ., ജി.ഐ.എസ്., ജി.പി.എ.ഐ.എസ്. തുടങ്ങിയ ഇൻഷ്വറൻസ് പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ആലോചിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് ക്ലെയിം തുകകൾ നൽകുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ടി കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ., ജി.ഐ.എസ്., ജി.പി.എ.ഐ.എസ്. തുടങ്ങിയ ഇൻഷ്വറൻസ് പദ്ധതികൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ജീവനക്കാർക്ക് ടി പദ്ധതികളുമായി ബന്ധപ്പെട്ട സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഓൺലൈൻ പെയ്മെന്റ് ഉൾപ്പെടെയുള്ള കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതിലൂടെ ഇൻഷ്വറൻസ് ക്ലെയിം തുകകൾ നൽകുന്നതിനുള്ള കാലതാമസം പരിഹരിക്കപ്പെടുന്നതാണ്.

### സ്പാർക്ക് സംവിധാനത്തിലെ തകരാറുകൾ

18 (4382) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള ബില്ലുകൾ തയ്യാറാക്കുന്ന സ്പാർക്ക് സംവിധാനത്തിൽ ഓൺലൈൻ തകരാറുമൂലം ശമ്പളം സമയത്തിന് കിട്ടാതിരിക്കുന്ന ജീവനക്കാരുടെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്പാർക്ക് സംവിധാനത്തിലുള്ള പ്രശ്നപരിഹാരത്തിനായി താലൂക്ക് തലത്തിൽ ഹെൽപ്പ് ഡെസ്കുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കാമോ?

### ഉത്തരം

(എ) അത്തരം അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ spark Help Desk-കൾ തിരുവനന്തപുരത്തെ സ്പാർക്ക് ആസ്ഥാനത്തും കണ്ണൂർ കളക്ടറേറ്റിലും കൂടാതെ കേരളത്തിലുടനീളമുള്ള 23 ജില്ലാ ട്രഷറികളിലും പ്രവർത്തിക്കുന്നുണ്ട്. എന്നതിനാൽ താലൂക്ക് തലത്തിൽ ഹെൽപ്പ് ഡെസ്കുകൾ രൂപീകരിക്കേണ്ട ആവശ്യം ഉള്ളതായി കാണുന്നില്ല.

### ട്രഷറികളുടെ ആധുനികവത്കരണം

19 (4383) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികൾ ആധുനികവത്കരിക്കുന്നതിനും കോർ ബാങ്കിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനും ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴിയാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## ഉത്തരം

ധനകാര്യ വകുപ്പിൽ നടപ്പിലാക്കിവരുന്ന സംയോജിത സാമ്പത്തിക മാനേജ്മെന്റ് സംവിധാനത്തിന്റെ ഭാഗമായി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ കോർബാങ്കിംഗ് സംവിധാനത്തിലേക്ക് മാറ്റി വരികയാണ്. ഇതിനകം 163 ട്രഷറികളെ ഈ സംവിധാനംവഴി ബന്ധിപ്പിച്ച കഴിഞ്ഞു. കോർബാങ്കിംഗ് സംവിധാനം പൂർണ്ണമാവുന്ന മുറയ്ക്ക് ട്രഷറി സേവിങ്സ് ബാങ്കിൽ അക്കൗണ്ടുള്ള ഒരാൾക്ക് കേരളത്തിലെ ഏതു ട്രഷറിയിൽ നിന്നും പണമിടപാട് നടത്തുവാൻ കഴിയും.

കോർബാങ്കിങ് സംവിധാനം പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാരുടെ ശമ്പള വിതരണവും പെൻഷൻ വിതരണവും പൂർണമായും ട്രഷറി അക്കൗണ്ടുകൾ വഴി നൽകണമെന്നതാണ് സർക്കാരിന്റെ നയം. ഉപഭോക്താക്കളുടെ തീരുമാനം അനുസരിച്ച് അവരവരുടെ ട്രഷറി അക്കൗണ്ടിൽനിന്നും ബാങ്ക് അക്കൗണ്ടിലേയ്ക്ക് ആവശ്യാനുസരണം പണം ഓൺലൈനായി നൽകുന്ന കാര്യം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ട്രഷറികളിൽ നടന്നുവരുന്ന മറ്റ് ആധുനികവൽക്കരണ പദ്ധതികൾ താഴെ ചേർക്കുന്നു:

### നെറ്റ് ബാങ്കിംഗ്

സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും പരസ്പരം ബന്ധിപ്പിച്ചുകഴിഞ്ഞു. നെറ്റ്ബാങ്കിങ് സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി ഒരാളുടെ അക്കൗണ്ടിൽ നിന്നും പണം മറ്റ് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്കോ ബാങ്ക് അക്കൗണ്ടുകളിലേയ്ക്കോ ഏതുസമയത്തും സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും നിലവിൽ വരും. ഇതുവഴി ട്രഷറികളിൽ നേരിട്ട് പോയി ഇടപാട് നടത്തുന്നതിന്റെ ആവശ്യകത ഇല്ലാതാവും. മാത്രവുമല്ല ഈ സേവനം ഓഫീസ് സമയത്തിനു ശേഷവും എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാൻ കഴിയുന്നതാണ്.

### യൂട്ടിലിറ്റി പേമെന്റ് സംവിധാനം

ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴി വൈദ്യുതി വെള്ളക്കരം, KSFE ചിട്ടി, ടെലിഫോൺ ചാർജ്, വീട്ടുകരം, നികുതി, സർവകലാശാല ഫീസുകൾ തുടങ്ങിയവ അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം പുരോഗമിക്കുന്നു.

ഇ-ട്രഷറി സംവിധാനം

ഇ-ട്രഷറി സംവിധാനംവഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേയ്ക്ക് പണമടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 14 ബാങ്കുകളും 30 വകുപ്പുകളും ഇ-ട്രഷറി സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. മറ്റു വകുപ്പുകളേയും ഈ-ട്രഷറി സംവിധാനത്തിൽ കൊണ്ടുവരുന്നതാണ്. ഇ-ട്രഷറി സംവിധാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുള്ള എല്ലാ ബാങ്കുകളുടെയും എല്ലാ ശാഖകൾ വഴിയും അതുപോലെ എല്ലാ ട്രഷറി കൗണ്ടറുകൾ വഴിയും പണം സ്വീകരിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ തിരുവമ്പാടിയിലെ പ്രവൃത്തികൾ**

20 (4384) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബിയിലുൾപ്പെടുത്തുന്നതിന് നിർദ്ദേശം ലഭിച്ചതെന്ന് വിശദമാക്കുമോ;

(ബി) നിർദ്ദേശങ്ങൾക്ക് അനുമതി നൽകുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ, ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, ടൂറിസം തുടങ്ങിയ വകുപ്പുകളുടെ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയിൽ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഈ പ്രാഥമിക നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു. ഇതിനു ശേഷം സർക്കാർ അനുമതി നൽകുന്ന പദ്ധതികളാണ് DPR അടക്കമുള്ള വിശദമായ രേഖകൾ സഹിതം ബോർഡിന്റെ പരിഗണനയ്ക്ക് വരുന്നത്. ഈ ബോർഡിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബി വഴി ധനസഹായം ലഭ്യമാക്കുക. ഈ ഘട്ടത്തിൽ മാത്രമേ, പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തതയുണ്ടാകൂ. കിഫ്ബി വഴി നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ കരട് പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികൾ

21 (4385) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭയിൽ 2016 ഫെബ്രുവരി 12-ന് അവതരിപ്പിച്ച 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിലും 2016 ജൂലൈ 8-ന് അവതരിപ്പിച്ച 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികളാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കുമോ;

(സി) ബഡ്ജറ്റ് പ്രസംഗങ്ങളിൽ അല്ലാതെ 2016-17 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ അനുവദിച്ച മറ്റു പദ്ധതികളും ഫണ്ടുകളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് പാക്കേജിനായി 87.98 കോടി രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. കേരള നിയമസഭയിൽ 2016 ഫെബ്രുവരി 12 ന് അവതരിപ്പിച്ച 2016-17 ബജറ്റ് പ്രസംഗത്തിലും 2016 ജൂലൈ 8-ന് അവതരിപ്പിച്ച 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികളെയും ടി പ്രവൃത്തികൾക്ക് വകയിരുത്തിയിട്ടുള്ള തുകയെയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം*1-ൽ ചേർത്തിരിക്കുന്നു. എല്ലാ വർഷവും ബഡ്ജറ്റ് സർക്കുലറായും സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ് ആപ്ലിക്കേഷനായ പ്ലാൻ സ്പേസിലൂടെയും പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് നൽകാൻ ആവശ്യപ്പെടുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ബജറ്റ് പ്രസംഗങ്ങളിൽ അല്ലാതെ 2016-17 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ അനുവദിച്ച മറ്റു പദ്ധതികളും ഫണ്ടുകളും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II*-ൽ ചേർത്തിരിക്കുന്നു.

(ഡി) 9-12-2015-ലെ സ.ഉ.(പി) നമ്പർ 561/2015/ധന പ്രകാരം പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിനായുള്ള വിശദമായ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഈ മാർഗ്ഗനിർദ്ദേശപ്രകാരം 2016-17 മുതൽ മുന്തിയ പരിഗണന ആവശ്യമായതും വേഗത്തിൽ നടപ്പിലാക്കുന്നതിന് യോഗ്യമായതുമായ പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുന്നതാണ്. ബജറ്റ് നിയമസഭ അംഗീകരിച്ചാലുടൻ തന്നെ ഗ്രീൻ ബുക്കിൽ ഉൾപ്പെട്ട സ്കീമുകൾക്കും പ്രോഡക്ടുകൾക്കും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കും. ധനകാര്യ വകുപ്പിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും തേടാതെ തന്നെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ നിർവ്വഹണ വകുപ്പുകൾക്കും ഏജൻസികൾക്കും പദ്ധതികൾ നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. മറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെയും ഡി.പി.ആറിന്റെയും അടിസ്ഥാനത്തിൽ പദ്ധതി ചെലവ് 5 കോടി വരെയുള്ളവയ്ക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിലും 5 കോടിയിൽ കൂടുതൽ ചെലവ് വരുന്ന പ്രവൃത്തികൾക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിലും ഭരണാനുമതി നൽകുന്നു.

## ശമ്പള പരിഷ്കരണ ബാദ്ധ്യത

22 (4386) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും നടപ്പാക്കിയ ശമ്പളപരിഷ്കരണത്തിലൂടെ സംസ്ഥാന ഖജനാവിന് എത്ര തുക അധിക സാമ്പത്തിക ബാദ്ധ്യത വന്നിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ വന്ന കുടിശ്ശികയുടെ ആദ്യ ഗഡു നൽകുന്നതിന് എത്ര തുക വേണ്ടിവരും എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും പത്താം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുവഴി ഏകദേശം 7222 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ വന്ന കുടിശ്ശികയുടെ ആദ്യ ഗഡു നൽകുന്നതിന് എത്ര തുക വേണ്ടി വരുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

**പെൻഷൻകാരുടെ ആനുകൂല്യങ്ങൾ**

23 (4387) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി പെൻഷൻകാരുടെ ആനുകൂല്യങ്ങളിൽ വന്ന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ എത്ര തുകയുടെ അധികബാദ്ധ്യതയാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി പെൻഷൻകാർ സർക്കാരിന് സമർപ്പിച്ചിട്ടുള്ള നിവേദനം അനുഭാവപൂർവ്വം പരിഗണിക്കുമോ;

(സി) പെൻഷൻകാർക്കായി പ്രത്യേക ആരോഗ്യപരിപാലനപദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി പെൻഷൻ ആനുകൂല്യ ഇനത്തിൽ ആകെ 3781.42 കോടി രൂപ അധികബാധ്യതയായി കണക്കാക്കിയിട്ടുണ്ട്.

(ബി) ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ലഭിച്ച നിവേദനങ്ങളെല്ലാം സർക്കാർ രൂപീകരിച്ച ഉപസമിതി പരിശോധിക്കുകയും പരിഗണനാർഹമായവ 20-1-2016 -ലെ സ.ഉ. (പി)നമ്പർ 9/2016/ധന.-യിൽ ഉൾപ്പെടുത്തി പെൻഷൻ പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ഉണ്ട്.

(സി) പെൻഷൻകാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-04-2016 -ലെ സ.ഉ.(Ms) നമ്പർ 169/2016/ധന പ്രകാരം ധനകാര്യ (പെൻഷൻ സി) വകുപ്പ് രൂപീകരിക്കുകയും അതിന്മേൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## യുവസംരംഭകർക്ക് പലിശരഹിത വായ്പ

24 (4388) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് പലിശരഹിത വായ്പ നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ, വിശദമാക്കുമോ;

(ബി) എത്ര ലക്ഷം രൂപയാണ് വായ്പയായി നൽകുന്നത്, വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എത്ര സംരംഭങ്ങളാണ് പ്രസ്തുത പദ്ധതിക്കു വേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്, വിവരിക്കുമോ;

(ഡി) എത്ര പേർക്കാണ് പദ്ധതിയനുസരിച്ച് പരോക്ഷമായും പ്രത്യക്ഷമായും ജോലി ലഭിച്ചിട്ടുള്ളത്?

### ഉത്തരം

(എ) സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യ വ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്. 2016 മെയ് വരെ പരിശീലനം പൂർത്തിയാക്കിയ സംരംഭകർക്ക് വായ്പ വിതരണം നടത്തുന്നുണ്ട്. 2011 മുതൽ 5 വർഷത്തേയ്ക്ക് പ്രഖ്യാപിച്ച ഈ പദ്ധതിയുടെ കാലാവധി ഈ വർഷം അവസാനിക്കും. 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച സമാനമായ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പദ്ധതി തുകയുടെ 90% തുകയാണ് സഹായം അനുവദിക്കുന്നത്. ഒരു സംരംഭകന് 7 ലക്ഷം എന്ന കണക്കിൽ ഒരു ഗ്രൂപ്പിന് പരമാവധി 20 ലക്ഷം രൂപയാണ് വായ്പ അനുവദിക്കുന്നത്. ഒരു ഗ്രൂപ്പിൽ 2 മുതൽ 5 വരെ അംഗങ്ങൾ ആകാം.

(സി) 31-5-2016 -ലെ കണക്കുകൾ പ്രകാരം 11,033 പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുകയും 7966 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തു. 5021 സംരംഭങ്ങൾ പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്.

(ഡി) 31-5-2016- ലെ കണക്കുകൾ പ്രകാരം ഈ പദ്ധതിയിലൂടെ 1757 സംരംഭങ്ങൾ തുടങ്ങുകയും അതിലൂടെ 8904 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു. പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചില്ല.

**സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ഊർജ്ജിത നടപടികൾ**

25 (4389) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾ മൂലം താറുമാറായ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള എന്തെല്ലാം ഊർജ്ജിത നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനും മൂലധന ചെലവിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ ക്ഷേമപദ്ധതികളെയും സാമൂഹ്യ സുരക്ഷാ ചെലവുകളെയും പരമ്പരാഗത തൊഴിൽ മേഖലകളെയും ബാധിക്കാത്ത തരത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മയും കെടുകാര്യസ്ഥതയും നിമിത്തം സാമ്പത്തിക സ്ഥിതി താറുമാറായിരുന്ന ഘട്ടത്തിലാണ് ഈ സർക്കാർ അധികാരം ഏറ്റെടുത്തത്. അതിഗുരുതരമായ മേൽ സാമ്പത്തിക പ്രതിസന്ധിയുടെ വ്യാപ്തി കുറയ്ക്കാൻ തന്നെ വർഷങ്ങൾ വേണ്ടി വരുന്ന

സാഹചര്യമാണുള്ളത്. വായ്പയെടുക്കുന്ന തുക നിത്യനിദാന ചെലവുകൾക്ക് വിനിയോഗിക്കേണ്ട അവസ്ഥയുള്ളതിനാൽ നിർമ്മാണ പ്രവൃത്തികൾ അടക്കമുള്ള മൂലധന ചെലവുകൾക്ക് പണം കണ്ടെത്തുവാൻ സർക്കാർ ബുദ്ധിമുട്ടുകയാണ്. പ്രസ്തുത സാമ്പത്തിക പ്രതിസന്ധിമൂലം പല വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്ന വേഗത്തിൽ പൂർത്തീകരിക്കുന്നതിനും വിഷമം നേരിടുന്നുണ്ട്.

അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രിച്ചതിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തര പ്രാധാന്യമുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനുമായി 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മേൽ പ്രതിപാദിച്ച നടപടികൾ തുടരുന്നതിനോടൊപ്പം റവന്യൂ വർദ്ധിപ്പിക്കുന്നതിനും പദ്ധതിയേതര ചെലവുകളുടെ കർശന നിയന്ത്രണത്തിനും ആത്മാർത്ഥവും ഊർജ്ജിതവുമായ ശ്രമങ്ങൾ വഴി റവന്യൂ കമ്മി കുറയ്ക്കാൻ കഴിയും. അതോടെ വായ്പയെടുക്കുന്നതിന്റെ കൂടുതൽ വിഹിതം മൂലധന ചെലവിനായി നീക്കിവയ്ക്കാനും സാധിക്കും. അതിലൊരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിനു പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

കാതലായ അടിസ്ഥാനസൗകര്യ പദ്ധതികൾക്കായി പ്രവർത്തന ക്ഷമതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും സെബിയുടെ പുതിയ ഇഷ്യൂ ആന്റ് ലിസ്റ്റിംഗ് ഓഫ് ഡെറ്റ് സെക്യൂരിറ്റീസ് മാർഗരേഖ പ്രകാരം സർക്കാർ ഗ്യാരന്റിയോടെ കടപ്പത്രം ഇറക്കുവാൻ അനുമതി നൽകുവാനും ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) കയർ, മത്സ്യബന്ധനം, കൈത്തറിവസ്തുനിർമ്മാണം, കശുവണ്ടി തുടങ്ങിയവയടക്കമുള്ള പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് വർദ്ധിച്ച തോതിലുള്ള ആനുകൂല്യങ്ങളും ക്ഷേമ പെൻഷനുകളും നൽകുകയെന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. കഴിഞ്ഞ ഓണക്കാലത്ത് സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ കുടിശ്ശിക വിതരണം ചെയ്തതിലടക്കം പ്രസ്തുത നയത്തിലധിഷ്ഠിതമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വിവിധ ക്ഷേമപദ്ധതികളെയും സാമൂഹ്യ സുരക്ഷാ ചെലവുകളെയും പരമ്പരാഗത തൊഴിൽ മേഖലകളെയും ബാധിക്കാത്ത തരത്തിൽ അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിനും നികുതി പിരിവ് ഊർജിതമാക്കുന്നതിനുമുള്ള നടപടികളാണ് സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ചുവരുന്നത്.

## ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

26 (4390) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് കണ്ടെത്തുന്നതിന് ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ബോർഡിന്റെ മെമ്പർമാരെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് കണ്ടെത്തുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ നിക്ഷേപ നിധി കൈകാര്യം ചെയ്യുന്നതിനായി 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് (2000-ലെ ആക്ട് 4) പ്രകാരം കിഫ്ബി 11-11-1999-ൽ നിലവിൽ വന്നു. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആക്കം കൂട്ടുന്നതിനായി നിരവധി നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ മുഖ്യ അടിസ്ഥാന വികസന പദ്ധതികളുടെ സൂക്ഷ്മ പരിശോധനയ്ക്കും അംഗീകാരത്തിനും ധനസഹായത്തിനും കിഫ്ബിയെ ഒരു കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുവാൻ ഈ ബഡ്ജറ്റ് നിർദ്ദേശിക്കുന്നുണ്ട്. ഇപ്രകാരം 19-8-2016 -ലെ ഓർഡിനൻസ് നമ്പർ 6/2016- ലൂടെ 1999 -ലെ കിഫ് ആക്ട് ഭേദഗതി ചെയ്യുകയും 19-8-2016 -ലെ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഭേദഗതി കിഫ്ബിയെ സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായുള്ള ധന സമാഹരണത്തിന് സംസ്ഥാന സർക്കാരിന്റെ ഒരു കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുവാൻ പ്രാപ്തമാക്കുന്നു.

(ബി) ഭേദഗതി ചെയ്ത കിഫ് ഓർഡിനൻസ് പ്രകാരം ബോർഡിൽ ബഹു. കേരള മുഖ്യമന്ത്രി ചെയർപേഴ്സണും ബഹു. ധനകാര്യ വകുപ്പുമന്ത്രി വൈസ് ചെയർപേഴ്സണുമായിരിക്കും. ബോർഡിലെ മറ്റംഗങ്ങളുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്:

1. സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർമാൻ.

2. ചീഫ് സെക്രട്ടറി

3. സെക്രട്ടറി(നിയമം)

4. സെക്രട്ടറി (ധനകാര്യം)

5. സെക്രട്ടറി (ധനകാര്യ-റിസോഴ്സസ്)

6. ധനകാര്യം, സാമ്പത്തിക ശാസ്ത്രം, ബാങ്കിംഗ് എന്നിവയിൽ ഒന്നോ അതിലധികമോ മേഖലകളിൽ ദേശീയ പ്രശസ്തിയുള്ള ഒരു സ്ഥാപനത്തിൽ പ്രവർത്തിച്ചിട്ടുള്ള വിദഗ്ധരായ ഏഴ് സ്വതന്ത്ര അംഗങ്ങൾ .

7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - മെമ്പർ സെക്രട്ടറി

ഇതു കൂടാതെ, പ്രസ്തുത ഓർഡിനൻസിന്റെ 4-ാം വകുപ്പിനു കീഴിലെ 4-ാം ഉപഖണ്ഡപ്രകാരം ബോർഡിന് ചെയർപേഴ്സന്റെ വിവേചനാനുസരണം, ബോർഡിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി പരിഗണിക്കപ്പെടുന്ന പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിയെയോ, വകുപ്പ് സെക്രട്ടറിയേയോ യോഗത്തിൽ പങ്കെടുക്കുന്നതിനായി ക്ഷണിക്കാവുന്നതാണ്.

## 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക

27 (4391) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ സെപ്റ്റംബർ 30 വരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; വകുപ്പുതിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ബി) ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുമെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ബഡ്ജറ്റിൽ തുക വകയിരുത്തുന്നത് വകുപ്പ് അടിസ്ഥാനത്തിലല്ല മറിച്ച്, ധനാഭ്യർത്ഥനയുടെ അടിസ്ഥാനത്തിലാണ്. സംസ്ഥാനത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ ധനാഭ്യർത്ഥനകളുടെ കീഴിൽ വകയിരുത്തിയിട്ടുള്ള തുകയിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2016 ആഗസ്റ്റ് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

(ബി) 9-12-2015-ലെ സ.ഉ.(പി) നമ്പർ 561/2015/ധന പ്രകാരം പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിനായുള്ള വിശദമായ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഈ മാർഗ്ഗ നിർദ്ദേശപ്രകാരം 2016-17 മുതൽ മുന്തിയ പരിഗണന ആവശ്യമായതും വേഗത്തിൽ നടപ്പിലാക്കുന്നതിന് യോഗ്യമായതുമായ പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുന്നതാണ്. ബജറ്റ് നിയമസഭ അംഗീകരിച്ചാലുടൻ തന്നെ ഗ്രീൻ ബുക്കിൽ ഉൾപ്പെട്ട സ്കീമുകൾക്കും പ്രോജക്ടുകൾക്കും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കും. ധനകാര്യ വകുപ്പിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും അഭിപ്രായം വീണ്ടും തേടാതെ തന്നെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ നിർവ്വഹണ വകുപ്പുകൾക്കും ഏജൻസികൾക്കും പദ്ധതികൾ നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. 27-2-2016-ലെ സ.ഉ.(പി) നമ്പർ 29/2016/ ധനപ്രകാരം ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു പദ്ധതി പുനരവലോകന കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ 1-10-2016-ൽ ചേർന്ന യോഗത്തിൽ, എല്ലാ സെക്രട്ടറിമാരും പദ്ധതി ചെലവ് പ്ലാൻ സ്പേസിൽ കൃത്യമായും യഥാസമയത്തും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നും പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തേണ്ട താണെന്നുമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

## ചെക്ക്പോസ്റ്റുകളിലെ വരുമാന ചോർച്ച

28 (4392) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ സെയിൽസ് ടാക്സ് ഓഫീസുകളിൽ നിന്നും വിവിധ ചെക്കുപോസ്റ്റുകളിൽ നിന്നും ഒരു വർഷം എത്ര വരുമാനം സർക്കാരിന് ലഭിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വരുമാന ചോർച്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വരുമാന ചോർച്ചയുടെ പഴുതുകളടയ്ക്കുവാനും വരുമാനം വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ വിവിധ സെയിൽസ് ടാക്സ് ഓഫീസുകളിൽ നിന്നും വിവിധ ചെക്ക്പോസ്റ്റുകളിൽ നിന്നുമായി 2015-16 സാമ്പത്തിക വർഷത്തിൽ 950.59 കോടി രൂപ വരുമാനമായി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി & സി) വരുമാന ചോർച്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരുമാന ചോർച്ചയുടെ പഴുതുകളടയ്ക്കുവാനും വരുമാനം വർദ്ധിപ്പിക്കാനും ഉള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.
2. ഉപഭോക്താക്കൾ ബിൽ ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.
3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
4. ചെക്ക് പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റും.
5. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

6. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

7. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

8. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

9. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതാണ്.

10. നികുതി ഉപദേശക സേവന യൂണിറ്റ് ആരംഭിക്കും.

11. വാറ്റ് കൺസൾട്ടേറ്റീവ് കമ്മിറ്റി പ്രവർത്തനക്ഷമമാക്കും.

12. അനുമാന നികുതിദായകർക്കും കെ.ജി.എസ്.റ്റി. കുടിശ്ശികയുള്ളവർക്കുമായി ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

**ചരക്കു സേവന നികുതി**

29 (4393) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്കുസേവന നികുതി ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച പലവിധ ആശങ്കകളും സംശയങ്ങളും ഉയർന്നു വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത വിഷയത്തിൽ വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ അറിവ് നൽകുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സംബന്ധിച്ച സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാകയാലും സേവനങ്ങൾക്കുമേൽ സംസ്ഥാനത്തിന് നികുതി ചുമത്താമെന്നതിനാലും ഈ നികുതി സംവിധാനം കേരളത്തിന് ഗുണകരമാകും എന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.

ജി.എസ്.ടി. നടപ്പാക്കുമ്പോൾ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ടെങ്കിൽ അത് നികത്തണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Service Tax Council-ന്റെ ശിപാർശ അനുസരിച്ച് പാർലമെന്റ്, നിയമനിർമ്മാണത്തിലൂടെ ജി.എസ്.ടി. നടപ്പാക്കിയ ശേഷമുള്ള ആദ്യ 5 വർഷങ്ങളിലേയ്ക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വിലക്കുറവ് ഉപഭോക്താവിന് ലഭിക്കത്തക്കവിധത്തിൽ ഒരു ഫോർമുല ജി.എസ്.ടി. കൗൺസിൽ രൂപപ്പെടുത്തിയെടുക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ IGST അക്കൗണ്ടിൽ മിച്ചം വരുന്ന തുക ഫിനാൻസ് കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കേണ്ടതാണെന്നും വ്യാപാരിയിൽ നിന്നും ഉപഭോക്താവിലേയ്ക്കുള്ള അന്തർ സംസ്ഥാന ഇടപാടുകളിന്മേൽ വീതം വയ്ക്കാത്തതും വർഷാന്ത്യത്തിൽ മിച്ചം വരുന്നതുമായ Credit, Divisible Pool -ൽ ഉൾപ്പെടുത്തി ആത് ഇറക്കുമതി സേവനം ലഭ്യമാക്കിയ സംസ്ഥാനത്തിന് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.,

(സി) ജി.എസ്.ടി. മാതൃകാ നിയമം അടിസ്ഥാനമാക്കി ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ നടന്നുവരികയാണ്. ജി.എസ്.ടി. നിയമം അന്തിമ രൂപത്തിലായാലുടൻ വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ടാക്സ് പ്രാക്ടീഷണർമാർക്കും മറ്റുമായി പരിശീലന പരിപാടികളും മറ്റും നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

### ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണം

30 (4394) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെക്ക്പോസ്റ്റുകളിലെ അഴിമതി അവസാനിപ്പിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

നിലവിലുള്ള ചെക്ക്പോസ്റ്റുകളിലെ ഏറ്റവും സങ്കീർണ്ണമായ വിഷയങ്ങളായ ഗതാഗതക്കുരുക്ക്, നികുതി ചോർച്ച, സുതാര്യതയില്ലായ്മ എന്നിവ പരിഹരിക്കുന്നതിലേയ്ക്കായി സർക്കാർ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. ഇതുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട അന്തർ സംസ്ഥാന പ്രവേശന

സ്ഥലങ്ങളിൽ വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക് പോസ്റ്റുകളെ ഒരു കുരയ്ക്ക് കീഴിൽ കൊണ്ടുവന്ന്, ആധുനിക സംവിധാനങ്ങളോട് കൂടിയ ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്ന നടപടികൾ പുരോഗമിച്ച് വരികയാണ്.

കേരളത്തിലെ പ്രധാനപ്പെട്ട 7 ചെക്ക്പോസ്റ്റുകളെ ഇത്തരത്തിലുള്ള ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ആദ്യ ഘട്ടമായി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നീ ചെക്ക്പോസ്റ്റുകളെ സംയോജിത വിവരശേഖരണ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

സംയോജിത വിവിരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതുവിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ് വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാക്കുന്നതിനാൽ, വാഹനം സെന്ററുകളിലേയ്ക്ക് കടന്നുവരുമ്പോൾ ഓരോ വകുപ്പുകൾക്കും കുറഞ്ഞ സമയംകൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തി വിടാൻ സാധിക്കും.

സെന്ററിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി. സംവിധാനം, സി.സി.ടി.വി. ക്യാമറ, ബൂം ബാരിയറുകൾ തുടങ്ങിയവ ടി സോഫ്റ്റ്വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ, ഇവയിലൂടെ കടന്നുവരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയം തന്നെ മറ്റ് ഡാറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നതിനാൽ ചരക്ക് നീക്കത്തിന്റെ കാര്യക്ഷമത, വേഗതാ സുതാര്യത എന്നിവ പതിൻമടങ്ങ് വർദ്ധിക്കുകയും നികുതി വരുമാനം വർദ്ധിക്കുന്നതിന് സഹായകമാവുകയും ചെയ്യും.

## ട്രഷറികളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കൾ

31 (4395) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>:
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിലപിടിപ്പുള്ള സാധന സാമഗ്രികളുടെ സൂക്ഷിപ്പു ചുമതല സർക്കാർ ട്രഷറികൾ ഇപ്പോഴും നിർവ്വഹിച്ചുവരുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ വിലപിടിപ്പുള്ള വസ്തുക്കളാണ് ട്രഷറികളിൽ സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) രാജഭരണ കാലത്ത് ട്രഷറികളുടെ സൂക്ഷിപ്പിലുണ്ടായിരുന്ന വിലപിടിപ്പുള്ള വസ്തുക്കൾ, കൈമാറിക്കിട്ടിയവയെ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാണോ; എങ്കിൽ അതുസംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാരിന്റെ വിലപിടിപ്പുള്ള സാധനസാമഗ്രികളുടെ സൂക്ഷിപ്പുചുമതല ട്രഷറികൾ ഇപ്പോഴും നിർവ്വഹിച്ചുവരുന്നുണ്ട്.

(ബി) വിവിധ സർക്കാർ വകുപ്പുകളിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കൊണ്ടുവരുന്ന സീൽ ചെയ്ത പെട്ടികൾ, സീൽ ചെയ്ത പാക്കറ്റുകൾ, കോടതി കണ്ടുകെട്ടിയ തൊണ്ടിമുതൽ, പൊതുപരീക്ഷകളുടെ ചോദ്യപേപ്പറുകൾ, പൊതു തെരഞ്ഞെടുപ്പിനുള്ള സാമഗ്രികൾ തുടങ്ങിയവയാണ് ട്രഷറി സ്റ്റോങ് റൂമിൽ സൂക്ഷിക്കുന്ന സാധന സാമഗ്രികളിൽ ഉൾപ്പെടുന്നത്.

(സി) വിവിധ വകുപ്പുകൾ സീൽ ചെയ്ത പെട്ടികളിൽ കൊണ്ടുവന്ന് സൂക്ഷിക്കുന്നവയുടെ ഉള്ളടക്കം സംബന്ധിച്ച വിവരങ്ങൾ ട്രഷറികളിൽ ലഭ്യമല്ല.

**അധിക ധനസമാഹരണത്തിന് ഇ-ട്രഷറി സംവിധാനം**

32 (4396) ശ്രീ. പി. കെ. ബഷീർ:

ശ്രീ. എം. ഉമ്മർ:

ശ്രീ. പി. കെ. അബ്ദു റബ്ബ്:

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധിക ധനസമാഹരണത്തിന് ഇ-ട്രഷറി സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈയിനത്തിൽ കൈവരിക്കാനായ നേട്ടം വിശദമാക്കുമോ;

(സി) ഇ-ട്രഷറി സംവിധാനം പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽനിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള സംവിധാനമാണ് ഇ-ട്രഷറിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. അധിക ധനസമാഹരണമല്ല മറിച്ച് നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ഈ സംവിധാനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഓഫീസ് സന്ദർശിക്കാതെ തന്നെ ഇടപാടുകാർക്ക് ദിവസത്തിൽ 24 മണിക്കൂറും ഈ സംവിധാനത്തിലൂടെ സർക്കാരിലേയ്ക്കുള്ള പണമടയ്ക്കുന്നതിന് കഴിയും. മോട്ടോർ വാഹന വകുപ്പുൾപ്പെടെ പ്രധാന നികുതി നൽകുന്ന വകുപ്പുകളെ ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇ-ട്രഷറി സംവിധാനം ഉപയോഗിച്ച് 2006334 എണ്ണം ചെലാനുകളിലൂടെ 2128 കോടിയോളം രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ ബാങ്കുകളെ ഇ-ട്രഷറിയുമായി ബന്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

(സി) ഇ-ട്രഷറി സംവിധാനം ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 14 ബാങ്കുകളും 30 വകുപ്പുകളും ഇ-ട്രഷറി സംവിധാനത്തിലൂടെ ബന്ധിപ്പിച്ചിട്ടുണ്ട്. ഇ-ട്രഷറി സംവിധാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുള്ള എല്ലാ ബാങ്കുകളുടെ എല്ലാ ശാഖകൾ വഴിയും അതുപോലെ എല്ലാ ട്രഷറി കൗണ്ടറുകൾ വഴിയും പണം സ്വീകരിക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. മുഴുവൻ സർക്കാർ വകുപ്പുകളെയും ഇ-ട്രഷറി സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്.

**ദേശീയ പെൻഷൻ സ്കീമിന്റെ മോണിറ്ററിംഗ് ചുമതല**

33 (4397) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പെൻഷൻ സ്കീമിൻെറ മോണിറ്ററിംഗ് ചുമതല ട്രഷറി വകുപ്പിനെ ഏല്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അക്കാര്യത്തിൽ ട്രഷറി വകുപ്പ് ഇതേവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**ആധുനിക ബാങ്കുകളുമായി മത്സരിക്കുന്ന തരത്തിൽ ട്രഷറി പരിഷ്കാരം**

34 (4398) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികളെ ആധുനിക ബാങ്കുകളുമായി മത്സരിക്കുന്ന തരത്തിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ ട്രഷറികളെ ആധുനിക ബാങ്കുകളുമായി മത്സരിക്കുന്ന തരത്തിൽ സജ്ജമാക്കുന്ന പ്രവർത്തനങ്ങൾ ഇതിനോടകം തുടങ്ങിക്കഴിഞ്ഞു. ട്രഷറികളിൽ നടന്നുവരുന്ന ആധുനികവൽക്കരണ പദ്ധതികൾ താഴെച്ചേർക്കുന്നു:

1. കോർബാങ്കിംഗ് സംവിധാനം

20-10-2016 വരെ സംസ്ഥാനത്തെ 163 ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഡിസംബർ മാസത്തോടുകൂടി എല്ലാ ട്രഷറികളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സംവിധാനം പൂർത്തിയാകുന്ന മുറയ്ക്ക് ഒരു ട്രഷറിയിൽ അക്കൗണ്ടുള്ള ഒരാൾക്ക് സംസ്ഥാനത്തെ ഏത് ട്രഷറിയിൽനിന്നും പണമിടപാട് നടത്തുവാൻ കഴിയുന്നതാണ്.

2. നെറ്റ് ബാങ്കിംഗ്

സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും പരസ്പരം ബന്ധിപ്പിച്ചുകഴിഞ്ഞു. നെറ്റ്ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി ഒരാളുടെ അക്കൗണ്ടിൽ നിന്നും പണം മറ്റ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്കോ ബാങ്ക് അക്കൗണ്ടുകളിലേയ്ക്കോ ഏതുസമയത്തും സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും നിലവിൽവരും. ഇതുവഴി ട്രഷറികളിൽ നേരിട്ട് പോയി ഇടപാട് നടത്തുന്നതിന്റെ ആവശ്യകത ഇല്ലാതാവും. മാത്രവുമല്ല ഈ സേവനം ഓഫീസ് സമയത്തിനുശേഷവും എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാൻ കഴിയുന്നതാണ്.

3. പലിശ നിരക്ക്

ഇപ്പോൾ ബാങ്ക് നിരക്കിനേക്കാൾ കൂടിയ പലിശയാണ് ട്രഷറികളിൽ നൽകിവരുന്നത്. ട്രഷറികളിൽ നിലവിലുള്ള പലിശ നിരക്ക് താഴെച്ചേർക്കുന്നു:

| | | |
|---|---|---|
| ട്രഷറി സേവിംഗ്സ് ബാങ്ക് | 5% | |
| സ്ഥിര നിക്ഷേപം | ജനറൽ | മുതിർന്ന പൗരൻ |
| (180 days and above but below 1 year | 7.5% | 8% |
| 1 year and above but below 2 years | | |
| | 9% | 9.5% |
| 2 year and above but below 3 years | | |
| 3 years and above | | |

4. യൂട്ടിലിറ്റി പേമെന്റ് സംവിധാനം

ട്രഷറി സംവിംഗ്സ് ബാങ്ക് അക്കൗണ്ടുടമകൾക്ക് യൂട്ടിലിറ്റി പേയ്മെന്റ് സംവിധാനം വഴി വൈദ്യുതി, വെള്ളക്കരം, KSFE ചിട്ടി, ടെലിഫോൺ ചാർജ്, വീട്ടുകരം, നികുതി, സർവ്വകലാശാല ഫീസുകൾ തുടങ്ങിയവ അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ്വെയർ നിർമ്മാണം പുരോഗമിക്കുന്നു.

5. ഇ-ട്രഷറി സംവിധാനം

ഇ-ട്രഷറി സംവിധാനം വഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേയ്ക്ക് പണമടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 14 ബാങ്കുകളും 30 വകുപ്പുകളും ഇ-ട്രഷറി സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. ഇ-ട്രഷറി സംവിധാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുള്ള എല്ലാ ബാങ്കുകളുടെയും എല്ലാ ശാഖകൾ വഴിയും അതുപോലെ എല്ലാ ട്രഷറി കൗണ്ടറുകൾ വഴിയും പണം സ്വീകരിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

**ചട്ടഞ്ചാൽ സബ് ട്രഷറി**

35(4399) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായിട്ടുണ്ട്. സ.ഉ.(കൈ) നമ്പർ 463/2013/റവ തീയതി 23-10-2013 പ്രകാരം കാസർഗോഡ് താലൂക്കിൽ തെക്കതിൽ വില്ലേജിൽ റീ സർവ്വേ 107/1 എ പാർട്ടിൽപ്പെട്ട 10 സെന്റ് പുറമ്പോക്ക് ഭൂമി ചട്ടഞ്ചാൽ സബ് ട്രഷറി നിർമ്മാണത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നിബന്ധനകൾക്ക് വിധേയമായി ട്രഷറി വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്.

(ബി) ട്രഷറി ഡയറക്ടറുടെ ശിപാർശ പരിഗണനയിലാണ്.

**ട്രഷറികളിൽ എ.ടി.എം. സൗകര്യം**

36 (4400) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ജീവനക്കാരുടെ ശമ്പളം ട്രഷറി അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും ട്രഷറി എ.ടി.എം. വഴി പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് ATM- ലൂടെ പിൻവലിക്കുന്നതിനുമുള്ള സൗകര്യം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ധനകാര്യവകുപ്പിൽ നടപ്പിലാക്കിവരുന്ന സംയോജിത സാമ്പത്തിക മാനേജ്മെന്റ് സംവിധാനത്തിന്റെ ഭാഗമായി ട്രഷറി സേവിംഗ്സ് ബാങ്ക്

അക്കൗണ്ടുകൾ കോർബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് മാറ്റിവരികയാണ്. 2016 ഒക്ടോബർ 20 വരെ 163 ട്രഷറികളെ ഈ സംവിധാനം വഴി ബന്ധിപ്പിച്ചുകഴിഞ്ഞു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാരുടെ ശമ്പള വിതരണം പൂർണ്ണമായും ട്രഷറി അക്കൗണ്ടുകൾ വഴി നൽകണമെന്നതാണ് സർക്കാരിന്റെ നയം. ഉപഭോക്താക്കളുടെ തീരുമാനം അനുസരിച്ച് അവരവരുടെ ട്രഷറി അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേയ്ക്ക് ആവശ്യാനുസരണം പണം ഓൺലൈനായി കൈമാറുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

**ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം**

37 (4401) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എന്നുമുതലാണ് എല്ലാ ട്രഷറികളിലും കോർബാങ്കിംഗ് സംവിധാനം നിലവിൽ വരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

2016 ഡിസംബർ മാസം അവസാനത്തോടെ സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 20-10-2016 വരെ 163 ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു.

**കേരള ലോട്ടറി**

38 (4402) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടത്തുന്ന കേരളാ ലോട്ടറി സമ്മാന ജേതാക്കൾക്ക് സമ്മാനതുക നൽകുവാൻ കാലതാമസം വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വിശദമാക്കാമോ:

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന വിശദാംശം വെളിപ്പെടുത്താമോ;

(സി) എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ഏജൻറുമാർക്ക് ടിക്കറ്റ് വിതരണം ചെയ്യുന്നതിനായി ഓഫീസ് തുറക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സമ്മാനവിതരണത്തിലെ കാലതാമസം ചില സമ്മാനാർഹർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സമ്മാന ടിക്കറ്റുകൾക്ക് ഒപ്പം ആവശ്യമായ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിലാണ് കാലതാമസം നേരിടുന്നത്.

(സി) ഭാഗ്യക്കുറി ടിക്കറ്റുകൾ ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും സൗകര്യാർത്ഥം വിതരണം ചെയ്യുന്നതിന് 15 സബ് സെന്ററുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**ആരോഗ്യ ഇൻഷ്വറൻസ്-കാരുണ്യ ബെനവലന്റ് ഫണ്ട് സംയോജനം**

39 (T[+]4403) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസും (ആർ.എസ്.ബി.വൈ.) കാരുണ്യ ബെനവലന്റ് ഫണ്ടും കൂട്ടിയോജിപ്പിച്ച് ഒറ്റ പദ്ധതിയായി നടത്താൻ ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇതിന് വേണ്ടി ഇതുവരെ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 18-1-2016-ലെ G.O(Ms) No.6/2016/TD നമ്പർ ഉത്തരവ് പ്രകാരം 'സമ്പൂർണ്ണ ആരോഗ്യ കേരളം' എന്ന പേരിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ആർ.എസ്.ബി.വൈ. ഉൾപ്പെടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ആരോഗ്യ ധനസഹായ പദ്ധതികളെല്ലാം സംയോജിപ്പിച്ച് ഒറ്റ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ആക്കുന്നതിന് ലക്ഷ്യമിടുന്നതായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ 1-1-2016-ന് ശേഷമുള്ള മന്ത്രിസഭാ യോഗ തീരുമാനങ്ങൾ പുനഃപരിശോധിക്കാനുള്ള തീരുമാനപ്രകാരം ടി വിഷയം മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് വരികയാണ്.

+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ലോട്ടറി

40 (4404) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏതെങ്കിലും ലോട്ടറി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ലോട്ടറി നടത്തിപ്പ് സംബന്ധിച്ചുള്ള കേന്ദ്ര നിയമ പ്രകാരം നടത്താവുന്ന ലോട്ടറികളുടെ എണ്ണം എത്രയെന്ന് വിശദമാക്കുമോ;

(സി) ഈ മാനദണ്ഡം സംസ്ഥാന സർക്കാർ പൂർണ്ണമായി പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 23-8-2016-ലെ G.O. (MS) No. 85/2016/TD ഉത്തരവിന്റെ അടിസ്ഥാനത്തിൽ 'നിർമ്മൽ' എന്ന പേരിൽ പുതുതായി ഒരു ബൈ വീക്കിലി ലോട്ടറി ആരംഭിച്ചിട്ടുണ്ട്. 100 രൂപ മുഖവിലയുള്ള പ്രസ്തുത ബൈ വീക്കിലി ലോട്ടറിയുടെ നറുക്കെടുപ്പ് എല്ലാ മാസവും ഒന്നാമത്തേയും മൂന്നാമത്തേയും വെള്ളിയാഴ്ചകളിൽ നടത്തുന്നതാണ്. ടി ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 7-10-2016-ന് നടത്തുകയുണ്ടായി. ശുചിത്വത്തിന്റെ പരസ്യ പ്രചരണാർത്ഥം ആരംഭിച്ചിട്ടുള്ള നിർമ്മൽ ഭാഗ്യക്കുറിയുടെ ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യ പ്രചരണത്തിനുള്ള വാചകങ്ങൾ അച്ചടിച്ചിട്ടുണ്ട്.

(ബി) 2010-ലെ കേന്ദ്ര ലോട്ടറീസ് (റെഗുലേഷൻ) റൂൾസിലെ, റൂൾ 3(6) പ്രകാരം ലോട്ടറി നടത്തുന്ന സംസ്ഥാനം ബമ്പർ നറുക്കെടുപ്പുകൾ ഒഴികെ വിവിധ സ്കീമുകളിലുള്ള നറുക്കെടുപ്പുകൾ ഒരു ദിവസത്തിൽ 24 എണ്ണത്തിൽ കൂടുതൽ നടത്താൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ഈ മാനദണ്ഡം പൂർണ്ണമായി പാലിച്ചുകൊണ്ടാണ് കേരള സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പുകൾ നടത്തുന്നത്.

## കാരുണ്യ ലോട്ടറി പദ്ധതി

41 (4405) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ കാരുണ്യ ലോട്ടറി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇക്കാലയളവിൽ കാരുണ്യ ലോട്ടറി വഴി സമാഹരിച്ച മുഴുവൻ തുകയും ചികിത്സാധനസഹായത്തിനാണോ ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുകയിൽനിന്നും വകമാറ്റി ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ചികിത്സാ സഹായത്തിനായി അപേക്ഷ സമർപ്പിച്ച് ചികിത്സ നടത്തി മാസങ്ങൾ പിന്നിട്ടിട്ടും അനുവദിക്കപ്പെട്ട തുക വിതരണം ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാരണത്താൽ നിരവധി സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽനിന്നും പിന്മാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതുമൂലം പാവപ്പെട്ട രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(ജി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി കൂടുതൽ ആശുപത്രികളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പദ്ധതിയുടെ സംസ്ഥാനതല സമിതി ഇടയ്ക്കിടെ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി) കാരുണ്യ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളുടെ വിറ്റുവരവിൽ നിന്നും ചെലവ് (സമ്മാനം, ഡിസ്കൗണ്ട്, നികുതി, അച്ചടിക്കൂലി, മറ്റ് ചെലവുകൾ) കഴിച്ച് ലഭിക്കുന്ന അറ്റാദായം/ലാഭമാണ് കാരുണ്യ ചികിത്സാപദ്ധതിയിലേയ്ക്ക്

മുതൽക്കൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും പ്രതീക്ഷിക്കുന്ന അറ്റാദായത്തിന്റെ അടിസ്ഥാനത്തിൽ കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിക്കായി 2075-00-103-95-കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ ഒരു നിശ്ചിത തുക വകയിരുത്തുകയും കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ അറ്റാദായത്തിന്/ലാഭത്തിന് അനുസൃതമായ തുക ചികിത്സാ ധനസഹായത്തിന് കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറുകയും ചെയ്യുന്നു. കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറുന്ന തുകയിൽ 1 ശതമനം തുക എസ്റ്റാബ്ലിഷ്മെന്റ് ചെലവിലേയ്ക്കും ബാക്കി തുക മുഴുവനായും ചികിത്സാ ധനസഹായത്തിനുമാണ് ചെലവഴിച്ചിട്ടുള്ളത്.

(സി) വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ & എഫ്) ഇക്കാരണത്താൽ ഒരു സ്വകാര്യ ആശുപത്രിയും പദ്ധതിയിൽ നിന്നും പിന്മാറിയിട്ടില്ല.

(ജി) അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് പുതിയ ആശുപത്രികളുടെ അപേക്ഷകൾ തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

42 (4406) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്ന് എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 23187 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച തുക പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞിട്ടില്ല. സർക്കാർ ആശുപത്രികളിലെ ചികിത്സയ്ക്കായി അപേക്ഷിച്ച രോഗികളുടെ അപേക്ഷയിന്മേൽ 628.59 കോടി രൂപ സംസ്ഥാനത്തെ പത്ത് പ്രധാന സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്യാനുണ്ട്. കൂടാതെ സ്വകാര്യ ആശുപത്രികൾക്ക് 19 കോടിയോളം രൂപയും വിതരണം ചെയ്യാനുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ധനസഹായം

43 (4407) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക്, എത്ര തുക ധനസഹായമായി അനുവദിച്ചു; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം അനുവദിച്ച തുകയിൽ ഒറ്റത്തവണ ധനസഹായം ഇനത്തിൽ എത്ര പേർക്ക്, എത്ര തുക ഇതുവരെ അനുവദിച്ചു; വ്യക്തമാക്കുമോ;

(സി) മാനദണ്ഡങ്ങൾക്ക് അനുസൃതമായി യഥാസമയം കെ.ബി.എഫ്.-ൽ അപേക്ഷ നൽകുകയും എന്നാൽ അനുമതി ലഭിക്കുന്നതിനുമുൻപ് അടിയന്തരഘട്ടത്തിൽ ചികിത്സനടത്തുകയും ചെയ്ത റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളിൽ എത്രയെണ്ണത്തിന് ധനസഹായം കൈമാറി; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഇനത്തിൽ എത്ര അപേക്ഷ പെന്റിംഗ് ഉണ്ട്; ഏതുതീയതി മുതലുള്ള അപേക്ഷകളാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 23187 പേർക്കായി 232.87 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമാശ്വാസ ചികിത്സാ ധനസഹായം അനുവദിച്ചിട്ടില്ല.

(സി) 16/10/2016 വരെ 743 അപേക്ഷകർക്ക് 4,09,66,002 (നാലുകോടി ഒൻപത് ലക്ഷത്തി അറുപത്തി ആറായിരത്തി രണ്ട്) രൂപ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) 25-10-2012 മുതലുള്ള 776 അപേക്ഷകൾ വിവിധ കാരണങ്ങളാൽ പെന്റിംഗിലാണ്.

## ലോട്ടറി കേന്ദ്രീകരിച്ച് ചൂതാട്ടം

44 (4408) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോട്ടറി കേന്ദ്രീകരിച്ച് എന്തെല്ലാം ചൂതാട്ടങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ഇത് ഏതെല്ലാം തരത്തിൽ ലോട്ടറി മൂലമുള്ള വരുമാനത്തെ ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ വിഷയത്തിൽ നിയമവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ അവസാന മൂന്നക്കം ഉപയോഗിച്ചുള്ള എഴുത്ത് ലോട്ടറി എന്ന പേരിലുള്ള സമാന്തര അനധികൃത കച്ചവടം, ഒറ്റ അക്ക നമ്പർ, രണ്ടക്ക നമ്പർ എന്നിങ്ങനെ ചൂതാട്ട സ്വഭാവത്തിലുള്ള ലോട്ടറി നടത്തിപ്പുകൾ, നമ്പർ എഴുതി നൽകുന്ന ലോട്ടറി, ഫോൺ മുഖാന്തരം നമ്പർ നൽകുന്ന ലോട്ടറി, ഭാഗ്യക്കുറി ടിക്കറ്റിൽ നമ്പർ തിരുത്തി ചെറുകിട ഏജന്റുമാരെയും, വിൽപ്പനക്കാരേയും കബളിപ്പിക്കൽ എന്നിങ്ങനെ സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യതയെ പ്രതികൂലമായി ബാധിക്കുന്ന നിരവധി കേസുകൾ സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മുകളിൽ പരാമർശിക്കുന്ന ചൂതാട്ടങ്ങൾ വ്യാപകമല്ലാത്തതിനാലും, അതിൽ ഭാഗഭാക്കാകുന്ന പൊതുജനങ്ങളുടെ എണ്ണം തുലോം കുറവായതിനാലും ഇത്തരത്തിലുള്ള ചൂതാട്ടങ്ങൾമൂലം ലോട്ടറിയിലൂടെയുള്ള സർക്കാരിന്റെ വരുമാനത്തെ കാര്യമായി ബാധിച്ചിട്ടില്ല.

(സി) നിയമ വകുപ്പുമായി ബന്ധപ്പെട്ട വിഷയമല്ലാത്തതിനാൽ നിയമവകുപ്പ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സംസ്ഥാന, ജില്ലാ തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെല്ലുകളും, സംസ്ഥാന പോലീസും, വാണിജ്യ നികുതി വകുപ്പും, ലോട്ടറി വകുപ്പും ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) നിയമവിരുദ്ധ ലോട്ടറികൾ സംബന്ധിച്ച കേസുകൾ അന്വേഷിക്കുന്നതിനും ലോട്ടറി നിയന്ത്രണ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും G.O.(Rt) No.26/12/TD dated 7-1-2012 പ്രകാരം ഇന്റലിജൻസ് എ.ഡി.ജി.പി.യെ മേധാവിയാക്കി നിയമിച്ചുകൊണ്ട് ഒരു സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിനും അതത് ജില്ലാ കളക്ടർമാരെ മേധാവിയാക്കി നിയമിച്ചുകൊണ്ട് ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾക്കും രൂപം നൽകിയിട്ടുണ്ട്.

പരാതികൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വകുപ്പുതല അന്വേഷണം ആവശ്യമായ സാഹചര്യത്തിൽ അന്വേഷണത്തിനായി ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ആഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു.

ലോട്ടറി വകുപ്പിന് എൻഫോഴ്സ്മെന്റ് അധികാരമില്ലാത്തതിനാൽ ലോട്ടറി ആക്ട്, ലോട്ടറി റൂൾസ്, ലോട്ടറി നികുതി ആക്ട് എന്നിവയുടെ ലംഘനങ്ങൾ മോണിറ്ററിംഗ് സെൽ മുഖാന്തരവും പോലീസിന്റെയും വാണിജ്യ നികുതി വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തി ലോട്ടറി ആക്ട്, ഗെയിമിങ്ങ് ആക്ട്, ഐ.പി.സി. എന്നിവ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കുന്നു.

അതത് ജില്ലാ കളക്ടർമാർ നേതൃത്വം വഹിക്കുന്ന ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾക്കാണ് അതത് ജില്ലകളിലെ നിയമവിരുദ്ധ ലോട്ടറി കേസുകൾ, പരാതികൾ എന്നിവയുടെ നിരീക്ഷണ ചുമതല നൽകിയിട്ടുള്ളത്. അവർ കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് സെൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും കേസ്സുകളിന്മേലും പരാതികളിന്മേലുമുള്ള പോലീസ് നടപടികളും, നിയമ നടപടികളും വിലയിരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. സ്ഥിരം സംവിധാനങ്ങളായ സംസ്ഥാനതല, ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ കൂടാതെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ഒരു വിജിലൻസ് സെൽ രൂപീകരിച്ചും, പോലീസ്, ലോട്ടറി വകുപ്പ് സൈബർ സെൽ, വാണിജ്യ നികുതി വകുപ്പ് എന്നിവ ഒരുമിച്ച് പ്രവർത്തിച്ചുകൊണ്ടും നിയമവിരുദ്ധ ലോട്ടറി പ്രവർത്തനങ്ങൾ പൂർണ്ണമായും തടയാനാകുമെന്ന് കരുതുന്നു.

ഈ ചൂതാട്ടങ്ങൾക്ക് സംഘടിത സ്വഭാവമുണ്ടോയെന്നും, ഇവയുടെ പിന്നിൽ സംഘടിത പ്രവർത്തനമുണ്ടോയെന്നും അന്വേഷിക്കുന്നതിനും ഈ ചൂതാട്ടങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുമായി പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

**അവയവദാതാവിന് ശസ്ത്രക്രിയ ചെലവുകൾ നൽകാൻ നടപടി**

45 (4409) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഡ്നി, കരൾ എന്നീ അവയവങ്ങൾ ദാനം ചെയ്യുന്ന ദാതാവിന് കാരുണ്യാ ബെനവലന്റ് ഫണ്ടിൽനിന്ന് ധനസഹായം നൽകുന്നതിന് നിലവിൽ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം അവയവദാനം നടത്തുന്നവർക്കുള്ള ശസ്ത്രക്രിയ ചെലവുകൾ ഭാരിച്ചതാണെന്നുള്ള വസ്തുത കണക്കിലെടുത്ത് രോഗിക്ക് നിലവിൽ അനുവദിക്കുന്ന തുകയ്ക്ക് പുറമെ ദാതാവിന് പ്രത്യേകം തുക അനുവദിക്കാനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സ.ഉ.(സാധാ) നമ്പർ 810/2014/നി.വ. തീയതി 14-10-2014 പ്രകാരം അവയവദാതാവിന് ഒരു ലക്ഷം രൂപ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സ്വയം സംരംഭക മിഷൻ**

46 (4410) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ സ്വയം സംരംഭക മിഷന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതുവരെ എത്ര പേർക്ക് /എത്ര ഗ്രൂപ്പുകൾക്ക് സ്വയം സംരംഭകമിഷൻ മുഖേന വായ്പ നൽകി; എത്ര തുക അപ്രകാരം നൽകി ;

(സി) പ്രസ്തുത സംരംഭത്തിൽ വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) സ്വയം സംരംഭക മിഷൻ ഇപ്പോഴും പ്രവർത്തനം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ യുവതീ യുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽരഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യ വ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.

(ബി) 31-5-2016 ലെ കണക്കുകൾ പ്രകാരം 11033 പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുകയും 7966 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തു. അതിൽ 3836 പേർ 1757 സംരംഭങ്ങൾ തുടങ്ങുകയും അവർക്ക് 15179.14 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യുകയും ഉണ്ടായി.

(സി) 18-നും 40-നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽരഹിതരായ നല്ല ആശയങ്ങളുള്ള, വ്യവസായം നടത്തി മുൻ പരിചയമില്ലാത്ത, യുവതീ യുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിധവകൾക്ക് 45 വയസ്സുവരെ അപേക്ഷിക്കാം. + 2 /വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത. 2 മുതൽ 5 പേർ അടങ്ങിയ ഗ്രൂപ്പുകളായിട്ടാണ് അപേക്ഷിക്കേണ്ടത്.

(ഡി) 2016 മേയ് വരെ പരിശീലനം പൂർത്തിയാക്കിയ സംരംഭകർക്ക് വായ്പ വിതരണം നടത്തുന്നുണ്ട്. 2011 മുതൽ 5 വർഷത്തേയ്ക്കാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്. പദ്ധതിയുടെ കാലാവധി ഈ വർഷം അവസാനിക്കും. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

## കെ.എസ്.എഫ്.ഇ.യിൽ ശമ്പള പരിഷ്കരണം

47 (4411) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ. യിൽ ശമ്പള പരിഷ്കരണം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്കണ കരാറിന് ജീവനക്കാരുടെ സംഘടനകളുമായി ധാരണയായിട്ടും സർക്കാർ അംഗീകാരം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പരിഷ്കരണ നടപടികൾ എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) G.O.(MS) No.90/2016/Taxes തീയതി 8-9-2016 പ്രകാരം കെ.എസ്.എഫ്.ഇ.-യിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും 2016 സെപ്തംബർ മുതൽ പരിഷ്കരിച്ച നിരക്കിലുള്ള ശമ്പളം നൽകുകയും ചെയ്തിട്ടുണ്ട്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

48 (4412) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജീവനക്കാർക്കും അധ്യാപകർക്കും വേണ്ടി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ:

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്തെ ഇൻഷ്വറൻസ് വകുപ്പിന്റെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്വകാര്യ ആശുപത്രികളെയും ലാബുകളെയും ഉൾപ്പെടുത്തി ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും ചികിത്സ നടത്തുന്നതിന് ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്തിൽ ഇതുസംബന്ധിച്ച ശിപാർശ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. എന്നാൽ ഇതുസംബന്ധിച്ച തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്**

49 (4413) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കുവേണ്ടി രൂപീകരിച്ച അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം (ജി.പി.എ.ഐ.എസ്.) 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലത്ത് എത്ര തുക പ്രീമിയമായി സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് തന്നെയാണോ കൈകാര്യം ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ജീവനക്കാർക്ക് ലഭിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ഡി) 2015-16 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര രൂപ വീതം ആനുകൂല്യം ലഭിച്ചുവെന്നും ആകെ എത്ര തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ജീവനക്കാർക്കുവേണ്ടി രൂപീകരിച്ച അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം (ജി.പി.എ.ഐ.എസ്.) 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലത്ത് 20,73,09,140 രൂപ പ്രീമിയമായി സമാഹരിച്ചു.

(ബി) ഈ തുക സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് തന്നെയാണ് കൈകാര്യം ചെയ്യുന്നത്.

(സി) ഈ പദ്ധതി പ്രകാരം അംഗമായിട്ടുള്ള ജീവനക്കാർക്ക് അപകട മരണം, അപകടംമൂലം രണ്ട് കയ്യോ കാലോ നഷ്ടപ്പെടുക അല്ലെങ്കിൽ രണ്ട് കണ്ണുകളുടെ കാഴ്ച നഷ്ടപ്പെടുക, അപകടംമൂലം ഒരു കണ്ണും ഒരു കാലോ കയ്യോ നഷ്ടപ്പെടുക, അപകടംമൂലം സ്ഥിരമായതും പൂർണ്ണമായതുമായ അംഗവൈകല്യം സംഭവിക്കുക എന്നിവയ്ക്ക് 10 ലക്ഷം രൂപയും, അപകടംമൂലം ഒരു കാല്, കയ്യോ അല്ലെങ്കിൽ ഒരു കണ്ണിന്റെ കാഴ്ചശക്തി നഷ്ടപ്പെടുക എന്നിവയ്ക്ക് 5 ലക്ഷം രൂപയും ആനുകൂല്യം നൽകിവരുന്നു.

(ഡി) 2015-16 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം 82 പേർക്ക് 10 ലക്ഷം രൂപ, 10 പേർക്ക് 8 ലക്ഷം രൂപ, 15 പേർക്ക് 5 ലക്ഷം രൂപ, 6 പേർക്ക് 4 ലക്ഷം രൂപ വീതം ആകെ 113 പേർക്ക് 9,99,00,000 രൂപ ആനുകൂല്യമായി വിതരണം ചെയ്തു.

**കയർ വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ**

50 (4414) ശ്രീ. വി. ജോയി:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. ദാസൻ:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയിൽ വൈവിധ്യവത്കരണത്തിലൂടെ ഉൽപാദന ക്ഷമതയും ഗുണമേന്മയും വർദ്ധിപ്പിച്ച് ആഭ്യന്തര, വിദേശ വിപണനം ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി യിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കയറിന്റെയും പ്രകൃതിദത്ത നാരുകളുടെയും അന്താരാഷ്ട്ര മേളയായ 'കയർ കേരള', ബയർ സെല്ലർ മീറ്റുകൾ എന്നിവ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കയറിന്റെ ആഭ്യന്തര വിപണനം ശക്തിപ്പെടുത്തുന്നതിനായി 'കേരള കയർ ഫെയർ' വിപണന മേളകൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മേളകൾമൂലമുണ്ടായ പ്രയോജനങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കയർ വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) കയറിന്റെ ക്രയവില സ്ഥിരതാ ഫണ്ട് 17 കോടി രൂപയിൽനിന്നും 100 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ സംഭരിച്ച് എക്സ്പോർട്ടർമാർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. കയർഫെഡും വിദേശ വിപണിയിൽ കയർ നൽകുന്നുണ്ട്. ആഭ്യന്തര, വിദേശ വിപണി കണ്ടെത്തുന്നതിനായി ദേശീയ, അന്തർദ്ദേശീയ വിപണനമേളകളിൽ പങ്കെടുക്കുകയും കൂടാതെ കയർ കേരള പേലെയുള്ള മേളകൾ സംഘടിപ്പിച്ച് വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രൈമറി സഹകരണ സംഘങ്ങളും ഉത്പ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി മുൻ വർഷത്തെ വിറ്റുവരവിന്റെ 10% ഉത്പ്പാദന വിപണന പ്രചോദനമായി നൽകുന്നു. മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് പദ്ധതി പ്രകാരം മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾക്കും കയർഫെഡിനും കയർ കോർപ്പറേഷനും ഫോമില്ലിനും കഴിഞ്ഞ 3 വർഷത്തെ പൊതുവിപണിയിലുള്ള വിറ്റുവരവിന്റെ ശരാശരിയുടെ 10% തുക വിപണി വികസന ധനസഹായമായി നൽകിവരുന്നു.

(ബി) കയറിന്റെയും പ്രകൃതിദത്ത നാരുകളുടെയും അന്താരാഷ്ട്ര മേളയായ കയർകേരള ബയർ സെല്ലർ മീറ്റുകൾ എന്നിവ 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിൽ നടത്തിയിട്ടുണ്ട്.

(സി) കയറിന്റെ ആഭ്യന്തര വിപണനം ശക്തിപ്പെടുത്തുന്നതിനായി കേരള കയർ ഫെയർ വിപണന മേളകൾ 2013, 2014, 2015 വർഷങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി. ഇതുമൂലം കയർഫെഡ്, കയർ കോർപ്പറേഷൻ വിവിധ മാറ്റ്സ് & മാറ്റിംഗ്സ് കയർ സംഘങ്ങൾ തുടങ്ങി അനേകം സ്ഥാപനങ്ങളുടെ കയറുൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ സാധിച്ചു.

(ഡി) പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ പുതുതായി തൊഴിൽ തേടി എത്തുന്നവർ വിരളമായിരിക്കുന്നു. മറ്റുമേഖലകളിലെ തൊഴിൽ സാദ്ധ്യതയും വേതന വർദ്ധനവും ഇതിനു കാരണമാണ്. ആഭ്യന്തര ഉപഭോഗത്തിൽ കയറിനും കയർ ഉൽപ്പന്നങ്ങൾക്കുമുണ്ടായ കുറവ് വിപണിയെ ബാധിച്ചിട്ടുണ്ട്. സിന്തറ്റിക്, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ആധിക്യം ഇതിനുകാരണമാണ്. പരമ്പരാഗത രീതിയിൽ തൊണ്ടഴുക്കി ചകിരി ഉൽപ്പാദിപ്പിച്ച് കൈകൊണ്ട് കയർ പിരിക്കുന്നതിലെ കാലതാമസവും ശാരീരികമായ ബുദ്ധിമുട്ടുകളും പുതിയ

തലമുറയെ ഇതിൽനിന്നും പിൻതിരിപ്പിക്കുകയും യന്ത്രവൽക്കരണത്തിന്റെ ആവശ്യകതയ്ക്ക് ആക്കം കൂട്ടുകയും ചെയ്തിട്ടുണ്ട്. കയർ സംരംഭകർ കേരളത്തെ അപേക്ഷിച്ച് ഉൽപ്പാദനച്ചെലവ് കുറഞ്ഞ തമിഴ്നാട്, ആന്ധ്ര സംസ്ഥാനങ്ങളിൽ തങ്ങളുടെ വ്യവസായത്തിന്റെ സിംഹഭാഗവും മാറ്റി സ്ഥാപിക്കുകയാണ്. കയർ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ചകിരിയുടെ ദൗർലഭ്യമാണ്. നാളികേര ഉൽപ്പാദനത്തിലുണ്ടായ ഇടിവ് തൊണ്ടുസംഭരണത്തേയും അതുവഴി ചകിരി ഉൽപ്പാദനത്തേയും പ്രതികൂലമായി ബാധിച്ചു. തമിഴ്നാട് പോലുള്ള അന്യസംസ്ഥാനങ്ങളിൽ നാളികേര ഉൽപ്പാദനത്തിനുണ്ടായ വർദ്ധനവ് അവിടങ്ങളിൽ തൊണ്ടുസംഭരിച്ച് ചകിരി ഉൽപ്പാദിപ്പിച്ച് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വ്യവസായ സ്ഥാപനങ്ങൾ തഴച്ചു വളരുവാൻ ഇടയാക്കിയിട്ടുണ്ട്. കയർ കമ്മീഷൻ റിപ്പോർട്ടിന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## കയർ വ്യവസായം

51 (4415) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻസർക്കാരിന്റെ കാലത്ത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന കയർ വ്യവസായവും കയർ വ്യവസായ സഹകരണ സംഘങ്ങളും ഇപ്പോൾ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുമോ;

(സി) കയർ വികസന കോർപ്പറേഷൻ, കയർ വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് കയർ വ്യവസായവും സംഘങ്ങളും വലിയ പ്രതിസന്ധിയെ നേരിടുകയാണുണ്ടായത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിക്കുന്നത്.

(ബി)

(a) ഒരു രണ്ടാം കയർ പുനഃസംഘടനാ പരിപാടി സർക്കാർ നടപ്പിലാക്കുന്നതാണ്. മിനിമം വേതനം ഉറപ്പാക്കി കയർ പിരി തൊഴിലാളികൾക്ക് ജോലി ഉറപ്പുവരുത്തുന്ന തരത്തിൽ കയർ സഹകരണ സംഘങ്ങളുടെ സാമ്പത്തികവും സാങ്കേതികവും സംഘടനാപരവുമായ പുനഃസംഘടനയാണ് ലക്ഷ്യമിടുന്നത്. സംഘങ്ങളുടെ പുനഃസംഘടനയ്ക്ക് ആവശ്യമായ വിഭവം NCDC യിൽനിന്നും കണ്ടെത്തുന്നതാണ്.

(b) സംസ്ഥാനത്ത് നിന്നും വഴിമാറിപ്പോകുന്ന കയർവ്യവസായത്തെ പിടിച്ചുനിർത്തുന്നതിനായി സമ്പൂർണ്ണ ആധുനീകരണം നടപ്പിലാക്കും.

(c) ചകിരി ഉത്പ്പാദനത്തിനും ചകിരിച്ചോറിന്റെ വിനിയോഗത്തിനുംവേണ്ടി അത്യാധുനിക രീതിയിലുള്ള മില്ലുകൾ സ്ഥാപിക്കും.

(d) കയർ കോംപോസിറ്റ് ബോർഡ് നിർമ്മാണം പോലെയുള്ള പുത്തൻമേഖലകളിലേയ്ക്ക് വ്യവസായത്തെ നയിക്കും.

(e) ആധുനീകരണം നടപ്പിലാക്കുമ്പോൾ പരമ്പരാഗത തൊഴിൽ മേഖലയ്ക്കും തൊഴിലാളികൾക്കും സമ്പൂർണ്ണ സംരക്ഷണം നൽകും.

(f) കയർ ക്രയവിലസ്ഥിരതാ ഫണ്ട് 17 കോടിയിൽനിന്നും 100 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 2016 ഏപ്രിൽ മാസം മുതലുള്ള കയർ തൊഴിലാളി പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുകയും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ പെൻഷൻ തുക മുൻകൂറായി ഓണക്കാലത്ത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2013-14 വർഷം മുതൽ കയർ തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമനിധി ആനുകൂല്യങ്ങൾ 2016 നവംബർ, ഡിസംബർ മാസങ്ങളിലായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്വീകരിച്ചുവരുന്നു. കയർ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി**

52 (4416) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊണ്ട് സംഭരണവും ചകിരി ഉൽപാദനവും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിവരിക്കുമോ;

(സി) പദ്ധതിയനുസരിച്ച് കയർ സഹകരണ സംഘങ്ങൾക്ക്എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 16-1-2015 ലെ ജി.ഒ.(എം.എസ്)നമ്പർ 116/2015/10 പ്രകാരം നിലവിലുണ്ടായിരുന്ന തൊണ്ടുസംഭരണ പദ്ധതിയിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. 16-1-2010 തീയതിയിലെ സ.ഉ.(കൈ) നമ്പർ 15/2010/വ്യവ. സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കി തുടങ്ങിയത്.

(ബി) കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുക, പാഴാക്കി കളയുന്ന തൊണ്ട് തൊഴിലാളികൾ സംഭരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങളും വേതനവും ഉറപ്പാക്കുക, നാളികേര കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കുക, കയർ ഉല്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകളെ ലാഭകരമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) ഈ പദ്ധതി പ്രകാരം തൊണ്ടുസംഭരണത്തിനും ചകിരി ഉല്പാദനത്തിനുമായി താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

തൊണ്ട് സംഭരണം

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | തൊണ്ട് സംഭരിച്ച് എത്തിക്കുന്നവർക്ക് ഇൻസെന്റീവ് | |
| | i) 60/80 ഗ്രാമിന് മുകളിൽ ചകിരി ലഭിക്കുന്ന | |
| | a) പച്ചത്തൊണ്ടിന് | 25 പൈസ |
| | b) ഉണക്കത്തൊണ്ടിന് | 15 പൈസ |
| | ii) 60/80 ഗ്രാമിന് താഴെ ചകിരി ലഭിക്കുന്ന | |
| | a) പച്ചത്തൊണ്ടിന് | 20 പൈസ |
| | b) ഉണക്കത്തൊണ്ടിന് | 10 പൈസ |
| 2 | കയർമേഖലയിലെ സഹകരണ സംഘങ്ങൾ തൊണ്ട് സംഭരിക്കുമ്പോൾ(നേരിട്ടോ/ഏജൻസികൾ മുഖേനയോ) 5000 തൊണ്ടിന് വാഹന വാടക കൂടുതലായി സംഭരിക്കുന്ന ഓരോ 1000 തൊണ്ടിനും 50 രൂപ | 250 |
| 3 | ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊണ്ടുസംഭരിച്ച് നൽകുമ്പോൾ പ്രതിദിനവേതനമായി 400 പച്ചത്തൊണ്ടിന് | 160 |
| | കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും | 20 രൂപ വീതം |
| | ഉണക്കത്തൊണ്ടാണെങ്കിൽ 600 എണ്ണം | 150 രൂപ വീതം |
| | കൂടുതലായുള്ള ഓരോ 100 ഉണക്കത്തൊണ്ടിനും | 25 രൂപ വീതം |

ചകിരി ഉൽപ്പാദനം

| | | |
|---|---|---|
| 1 | പച്ചത്തൊണ്ടിൽനിന്നും ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോയ്ക്ക് | 3 രൂപ സബ്സിഡി |
| | ഉണക്കത്തൊണ്ടിൽ നിന്ന് ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോയ്ക്ക് | 2 രൂപ സബ്സിഡി |
| | മെയിന്റനൻസ് ഗ്രാന്റ് | |
| 2 | വലിയ ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 50000 രൂപ |
| 3 | മിനി ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 10000 രൂപ |

റിവോൾവിംഗ് ഫണ്ട്

കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ടുസംഭരണത്തിനായി പരമാവധി 2 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കുന്ന രീതിയിൽ പ്രവർത്തനമൂലധനം നൽകിവരുന്നു.

ഈ പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള ചകിരി വില/കയർ വില നിർണ്ണയ കമ്മിറ്റിയുടെ 27-11-2015 -ലെ യോഗത്തിൽ നിലവിലുള്ള കയറിന്റെ കമ്പോളവില കണക്കാക്കി പച്ചത്തൊണ്ടിൽനിന്നുള്ള ചകിരിക്ക് കിലോയ്ക്ക് 17 രൂപ നിരക്കിലും ഉണക്കത്തൊണ്ടിൽനിന്നുള്ള ചകിരിക്ക് കിലോയ്ക്ക് 14 രൂപ നിരക്കിലും നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ഡി) യന്ത്ര സഹായത്തോടുകൂടി തൊണ്ട് തല്ലി ചകിരി ഉല്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾ തുടങ്ങുക നിലവിലുള്ള ചകിരി ഉല്പാദന യൂണിറ്റുകൾ നവീകരിക്കുക, ചകിരിച്ചോറ് അസംസ്കൃത വസ്തുവായിട്ടുള്ള ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. കയർ വ്യവസായ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സമാന യൂണിറ്റുകൾ, സ്വകാര്യ കയർ വ്യവസായ യൂണിറ്റുകൾ എന്നിവരെയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**ഫോംമാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്**

53 (4417) ശ്രീ. എ. എം. ആരിഫ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ " ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്" എന്ന സ്ഥാപനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മുൻകാലങ്ങളിലെ സ്ഥാപനമേധാവികളുടെ വിദേശ യാത്രയും ധൂർത്തും സാമ്പത്തിക ബാധ്യത വരുത്തിവച്ചെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ;

(സി) കയർ, നാരുകൾ, ചണം, ലാറ്റക്സ് എന്നിവ കൊണ്ടുള്ള ഉത്പന്നങ്ങൾക്ക് ലോക കമ്പോളത്തിൽ വിപണി കണ്ടെത്തുന്നതിന് പ്രസ്തുത സ്ഥാപനം എത്രമാത്രം വിജയിച്ചിട്ടുണ്ട്;

(ഡി) ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ഇ) പ്രസ്തുത സ്ഥാപനത്തെ കാലോചിതമായി നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും ആവശ്യമായ നടപടിയുണ്ടാകുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡിന്റെ 2009-2010 വർഷം മുതൽ 2015-2016 വരെയുള്ള സാമ്പത്തിക സ്ഥിതി താഴെ ചേർക്കുന്നു:

| വർഷം | വിറ്റുവരവ് രൂപ (ലക്ഷത്തിൽ) | ലാഭം രൂപ (ലക്ഷത്തിൽ) | നഷ്ടം രൂപ (ലക്ഷത്തിൽ) |
|---|---|---|---|
| 2009-2010 | 652.52 | ..... | 25.70 |
| 2010-2011 | 776.41 | ..... | 128.23 |
| 2011-2012 | 601.53 | ..... | 412.10 |
| 2012-2013 | 705.85 | ..... | 63.47 |
| 2013-2014 | 764.36 | ..... | 57.62 |
| 2014-2015 | 916.83 | ..... | 77.81 |
| 2015-2016 | 1038.16 | 2.63 | |

(ബി) പരിശോധിക്കുന്നതാണ്.

(സി) കയറ്റുമതിയിൽ വർദ്ധനവ് രേഖപ്പെടുത്തുന്നില്ല. ഫോമിലിന്റെ കയറ്റുമതി വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | കയറ്റുമതി തുക (ലക്ഷത്തിൽ) |
|---|---|
| 2009-2010 | 9.63 |
| 2010-2011 | 33.60 |
| 2011-2012 | 25.99 |
| 2012-2013 | 43.79 |
| 2013-2014 | 72.24 |
| 2014-2015 | 49.99 |
| 2015-2016 | 13.05 |

(ഡി) ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനായി ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് മുഴുവൻ തൊഴിലാളികൾക്കും പണികൊടുക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. അതിനുവേണ്ടി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നു. ആലപ്പുഴ ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് കയറുൽപ്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനായി ചകിരി അടിസ്ഥാന വസ്തുവായുള്ള കോമ്പോസിറ്റ് ബോർഡ്, ചകിരിച്ചോർ അടിസ്ഥാന വസ്തുവായുള്ള ജൈവ വളം, ചെരിപ്പ്, കയർ മാട്രസ്സുകൾ എന്നിവ വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തകർച്ചയുടെ വക്കിൽ നിൽക്കുന്ന കയർ മേഖലയ്ക്ക് ഒരു കൈത്താങ്ങ് നൽകുകയും പരിസ്ഥിതിക്ക് അനുയോജ്യമായ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുക എന്നുള്ളതുമാണ് ഇതിന്റെ ലക്ഷ്യം.

(ഇ) സ്വീകരിക്കുന്നതാണ്.

**പാലക്കാട് ജില്ലയിലെ ഇൻഡസ്ട്രിയൽ പാർക്കുകൾ**

54 (4418) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വലുതും ചെറുതുമായ എത്ര ഇന്റസ്ട്രിയൽ പാർക്കുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഓരോന്നിന്റെയും പേരും സ്ഥലവും അവിടെ ഓരോ വ്യവസായ യൂണിറ്റിനും ലഭ്യമാകുന്ന സൗകര്യങ്ങളും നിലവിൽ പുതിയ വ്യവസായം തുടങ്ങാനുള്ള സ്ഥലത്തിന്റെ ലഭ്യതയും വ്യക്തമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ പുതിയതായി എത്ര വ്യവസായ പാർക്കുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് എന്നും അതിനായി ഓരോന്നിനും എത്ര സ്ഥലം ലഭ്യമാക്കേണ്ടിവരും എന്നും വ്യക്തമാക്കുമോ;

(ഡി) ഇതിനായുള്ള സാമ്പത്തിക സഹായം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിനുകീഴിൽ 4 ഡെവലപ്മെന്റ് ഏരിയ/പ്ലോട്ടുകളും പാലക്കാട് ജില്ലാ മിനി വ്യവസായ സഹകരണ സംഘം ലിമിറ്റഡിന്റെ കീഴിൽ 6 മിനി വ്യവസായ എസ്റ്റേറ്റുകളും കിൻഫ്രയുടെ കീഴിൽ 3 വ്യവസായ പാർക്കുകളും പ്രവർത്തിക്കുന്നു. സിഡ്കോയുടെ കീഴിലുള്ളവയുടെ വിവരം ശേഖരിച്ചുനല്കുന്നതാണ്.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) KSIDC യുടെ കീഴിൽ കനാൽ പിരിവ്, വാളയാർ എന്നിവിടങ്ങളിലായി 34.05 ഏക്കറിൽ 35 യൂണിറ്റുകൾ 10.15 കോടി ഇൻവെസ്റ്റ്മെന്റും 500 തൊഴിൽ സാധ്യതകളും ഉള്ള ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. കണിയാപുരത്ത് 4 ഏക്കറിൽ 15 കോടി മുതൽമുടക്കിൽ ഫിലിം സിറ്റി ഉദ്ദേശിക്കുന്നു.

(ഡി) ഇതിനായുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാരും, സംസ്ഥാന സർക്കാരും നല്കിവരുന്നു.

### മെഡി പാർക്ക്

55 (4419) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മെഡിക്കൽ ഉപകരണങ്ങളുടെ ഉൽപ്പാദനത്തിനുവേണ്ടി മെഡി പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം തേടുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ& ബി) കേരളത്തിൽ മെഡിക്കൽ ഉപകരണങ്ങളുടെ ഉൽപ്പാദനത്തിനും മരുന്നു നിർമ്മാണത്തിനും ഗവേഷണത്തിനുമായി ഒരു ഫാർമ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സംസ്ഥാന സർക്കാർ ലഭ്യമാക്കിയാൽ കേന്ദ്ര സർക്കാർ പ്രസ്തുത പാർക്ക് സ്ഥാപിക്കുമെന്ന് പ്രസ്താവിച്ചിരുന്നു. ഇതു പ്രകാരം കൊച്ചിയിലെ ഫാക്ടിന്റെ കൈവശമുള്ള ഉപയോഗശൂന്യമായ 300 ഏക്കർ സ്ഥലം ഫാർമ പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര സർക്കാരിൽനിന്നും ഈ ആവശ്യത്തിനായി അനുമതി ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുതിയ വ്യവസായ സംരംഭങ്ങൾ

56 (4421) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുതും വലുതുമായ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നൽകുന്ന സഹായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; സഹായ പദ്ധതികൾക്കായി സംരംഭകരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) ചെറുകിട/വൻകിട വ്യവസായ സംരംഭകർക്കായി ഈ സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ & ബി) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി സംഘടിപ്പിക്കപ്പെട്ട വിവിധ പരിപാടികളിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്റർപ്രണർ സപ്പോർട്ട് സ്കീം പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു.

വിവരസാങ്കേതിക/സാങ്കേതികാനുബന്ധമേഖലകളിലെ വികസനത്തിനായി സ്റ്റാർട്ടപ്പ് ബോക്സുകൾ നൽകുക, അന്തർദ്ദേശീയ വിനിമയ പദ്ധതി, പേറ്റന്റ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ചെലവ് തിരികെ നൽകുന്ന പദ്ധതി എന്നിവ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ മുഖേന നടപ്പിലാക്കുന്നുണ്ട്. ഓരോ പദ്ധതിയുടേയും ആനുകൂല്യങ്ങൾ ടി. പ്രോജക്ടിന്റെ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് നൽകുന്നത്.

**ഗെയിൽ പദ്ധതി**

57 (T+4422) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിർദ്ദിഷ്ട ഗെയിൽ പദ്ധതി നടപ്പിലാവുമ്പോൾ മലബാർ മേഖലയിൽ, പ്രത്യേകിച്ച് കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകൾക്ക് എങ്ങനെ പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി പൂർത്തിയാകുന്നതോടെ മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലും സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ (CGD) പദ്ധതി നിലവിൽ വരും.

പാചക വാതകം (PNG) പൈപ്പുകളിലൂടെ വീടുകളിൽ ലഭിക്കുമ്പോൾ ചെലവ് എൽ.പി.ജി.-യേക്കാൾ 30% കുറവായിരിക്കും.

വാഹനങ്ങൾക്ക് സി.എൻ.ജി. ലഭ്യമാകുമ്പോൾ 39 രൂപ വിലയുള്ള ഒരു കിലോ സി.എൻ.ജി.-ക്ക് 69 രൂപ വിലയുള്ള ഒരു ലിറ്റർ പെട്രോളിൽ നിന്നും ലഭിക്കുന്നതിനേക്കാൾ 20% കൂടുതൽ മൈലേജ് ലഭിക്കുന്നു.

മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലൂടെ ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുമ്പോൾ പൈപ്പ്ലൈൻ മലബാറിന്റെ ഒരു വ്യാവസായിക ഇടനാഴിയായി രൂപപ്പെടുകയും ഇതുവഴി മലബാറിലേയ്ക്ക് പുതിയ വ്യവസായങ്ങൾ ആകർഷിക്കപ്പെടുകയും ചെയ്യുന്നു. കൂടാതെ നിലവിലുള്ള വ്യവസായശാലകൾക്ക് കുറഞ്ഞ ചിലവിൽ ഇന്ധനം ലഭ്യമാക്കുന്നതിലൂടെ ഇന്ധനച്ചെലവ് ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും.

പ്രകൃതി വാതകം ഉപയോഗിക്കുമ്പോൾ മറ്റ് ഇന്ധനങ്ങൾ ഉണ്ടാക്കുന്നതിനേക്കാൾ അന്തരീക്ഷമലിനീകരണം 20% കുറയും.

ഇടയ്ക്കിടെ ഉണ്ടാകുന്ന എൽ.പി.ജി. ടാങ്കർ അപകടങ്ങൾ, എൽ.പി.ജി. സിലിണ്ടർ അപകടങ്ങൾ എന്നിവ ഒഴിവാക്കാൻ പൈപ്പ് ലൈൻ വഴിയുള്ള ഗ്യാസ് വിതരണ പദ്ധതി സഹായകമാണ്.

---

\+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വായ്പ

58 (4423) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഏതെല്ലാം വിധത്തിലുള്ള വായ്പാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായങ്ങൾക്ക് മൂലധന നിക്ഷേപത്തിന് ആനുപാതികമായി ധനസഹായം നല്കുന്ന എന്റർപ്രണർ സപ്പോർട്ട് സ്കീം (ESS) നിലവിലുണ്ട്. യുവ സംരംഭകർക്ക് ഈ സ്കീമിൽ 5% അധിക സബ്സിഡി നൽകുന്നുണ്ട്.

സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി സംഘടിപ്പിക്കപ്പെട്ട വിവിധ പരിപാടികളിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

(ബി) വ്യവസായ വാണിജ്യ വകുപ്പ് നേരിട്ട് വായ്പകളൊന്നും നൽകുന്നില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ Prime Ministers Employment Guarantee Programme (PMEGP) പ്രകാരം സംരംഭകരെ തെരഞ്ഞെടുത്ത് അവരുടെ പ്രോജക്ട് ബാങ്കുകളിലേയ്ക്ക് ശിപാർശ ചെയ്യുകയും അതനുസരിച്ച് ബാങ്കുകൾ വായ്പകൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സംരംഭകരുടെ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ കേന്ദ്രഗവൺമെന്റ് മുദ്ര, സ്റ്റാന്റ് അപ്പ് ഇന്ത്യ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

## മലബാർ സിമന്റ്സ് അഴിമതി

59 (4424) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സർവീസ് ചട്ട പ്രകാരം 48 മണിക്കൂറിൽ കൂടുതൽ കസ്റ്റഡിയിൽ ഇരുന്ന ഉദ്യോഗസ്ഥനെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്യണം എന്നുള്ള നിയമം നിലനില്ക്കേ മലബാർ സിമന്റ്സ് അഴിമതി കേസുകളിൽ വിജിലൻസ് അറസ്റ്റ് ചെയ്ത് 4 ദിവസം കസ്റ്റഡിയിൽ വച്ചിരുന്ന മുൻ മലബാർ സിമെന്റ്സ് എം.ഡി. യും പൊതുമേഖലാ പുനഃസംഘടനാ ബോർഡ് സെക്രട്ടറിയുമായ ശ്രീ.കെ.പത്മകുമാറിനെ സംരക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ബി) അദ്ദേഹം ഇപ്പോഴും റിയാബ് സെക്രട്ടറി സ്ഥാനത്ത് തുടരുന്നുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ&ബി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 29-9-2016 -ലെ സ.ഉ. (സാധാ) നമ്പർ 993/2016/വ്യവ ഉത്തരവ് പ്രകാരം റിയാബ് സെക്രട്ടറിയായിരുന്ന ശ്രീ. പത്മകുമാറിനെ നിർബന്ധിതാവധിയിൽ പ്രവേശിക്കുവാൻ നിർദ്ദേശിച്ച് കൊണ്ട് സർക്കാർ ഉത്തരവാകുകയും, വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. വിജയകുമാരൻ നായർ. കെ.ജി.-ക്ക് റിയാബ് സെക്രട്ടറിയുടെ അധിക ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

## ചേലക്കര മണ്ഡലത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകൾ

60 (4425) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ സഹായം ലഭിച്ചിട്ടുള്ള എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് യുവസംരംഭകർക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായി ചേലക്കര മണ്ഡലത്തിൽ നിന്നും എത്ര പുതിയ അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രത്തിന് ലഭിച്ചിട്ടുണ്ട്;

(ഡി) ഇവർക്ക് കഴിവതും വേഗത്തിൽ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചേലക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ സഹായം ലഭിച്ചിട്ടുള്ള 20 ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ജില്ലാ/താലൂക്ക്/ബ്ലോക്ക് തലങ്ങളിൽ സംരംഭകത്വ വികസന സെമിനാറുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, Prime Ministers Employment Guarantee Programme (PMEGP), എന്റെ ഗ്രാമം, ജോബ് ക്ലബ്, ശരണ്യ പദ്ധതി തുടങ്ങിയവയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും വൈദ്യുതി കണക്ഷൻ ഉടനടി ലഭ്യമാക്കുന്നതിനുള്ള സൗകര്യവും യുവസംരംഭകർക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് നൽകിവരുന്നു. കൂടാതെ സംരംഭകത്വ സഹായ പദ്ധതിയിലൂടെ അർഹരായവർക്ക് സാമ്പത്തിക സഹായങ്ങളും നൽകുന്നുണ്ട്.

(സി & ഡി) ചേലക്കര മണ്ഡലത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 129 അപേക്ഷകൾ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 69 അപേക്ഷകൾ KSEB യിലേയ്ക്കും, ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് സഹിതം വായ്പ ലഭിക്കുന്നതിനായി ബാങ്കുകളിലേയ്ക്കും നൽകിയിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**ബിസിനസ് ഇന്നൊവേഷൻ സെന്ററുകൾ**

61 (4426) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബിസിനസ് ഇന്നൊവേഷൻ സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് ഇതിന്റെ ലക്ഷ്യങ്ങൾ;

(ബി) എവിടെയെല്ലാമാണ് ഇത്തരം സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; ഏത് രീതിയിലാണ് ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത്തരം സെന്ററുകൾക്ക് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായ വികസനം ത്വരിതപ്പെടുത്തുക, പുതിയ വ്യവസായ സംരംഭവുമായി മുന്നോട്ടുവരുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുക, യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവരുടെ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്നിവയാണ് ബിസിനസ് ഇൻക്യുബേഷൻ സെന്ററുകളുടെ ലക്ഷ്യങ്ങൾ.

(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, എറണാകുളം ജില്ലയിൽ കാക്കനാട് ഇൻഫോ പാർക്ക് കാമ്പസ്, അങ്കമാലി ഇൻകെൽ കാമ്പസ് എന്നിവിടങ്ങളിൽ ഇത്തരം സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വ്യവസായ ആശയവുമായി മുന്നോട്ടുവരുന്ന എല്ലാ സംരംഭകർക്കും ആവശ്യമായ എല്ലാ സഹായങ്ങളും നൽകി സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് ഉപകരിക്കുന്ന തരത്തിൽ അവരെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലാണ് ഇവയുടെ പ്രവർത്തനം ഏകോപിക്കുന്നത്. യുവസംരംഭകർക്ക് സംരംഭകത്വ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓഫീസ് സംവിധാനങ്ങൾ, ഇന്റർനെറ്റ് സൗകര്യങ്ങൾ മറ്റ് അടിസ്ഥാന ആവശ്യങ്ങൾ തുടങ്ങിയവയുടെ ഏകോപനം വഴി നിശ്ചിത കാലയളവിൽ പ്രാഥമികഘട്ടം പ്രാവർത്തികമാക്കി പ്രവർത്തനക്ഷമമാക്കുന്നതിനാണ് ഇത്തരം സെന്ററുകൾ വഴി ഉദ്ദേശിക്കുന്നത്.

(സി) ഇത്തരം സെന്ററുകൾക്ക് ആധുനിക രീതിയിലുള്ള ഓഫീസ് സംവിധാനം, ഇന്റർനെറ്റ് സൗകര്യം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്.

**വ്യവസായ സ്ഥാപനങ്ങളിലെ സഞ്ചിത നഷ്ടം**

62 (4427) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ എത്രയെണ്ണം നഷ്ടത്തിലാണെന്നും ഇവയുടെ സഞ്ചിത നഷ്ടം എത്രയെന്നും വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കാലത്ത് ലാഭത്തിൽ ഉണ്ടായിരുന്നവയിൽ ഇപ്പോൾ നഷ്ടത്തിലുള്ള എത്ര വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ നഷ്ടം നികത്തി ലാഭമാക്കി മാറ്റാനും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാനും പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ 31 എണ്ണം നഷ്ടത്തിലായിരുന്നു. ഇവയുടെ സഞ്ചിത നഷ്ടം 1692.37 കോടി രൂപയാണ്.

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 23 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. ഇവയിൽ 13 സ്ഥാപനങ്ങൾ 2015-16 വർഷം നഷ്ടത്തിലാണ് പ്രവർത്തിച്ചത്.

(സി) ഉണ്ട്.

ഈ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശകലനം ചെയ്ത് അവ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ റിയാബ് (പബ്ലിക് സെക്ടർ റീ സ്ട്രക്ച്ചറിങ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ്) -ന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഇതിനായി 42 സ്ഥാപനങ്ങളുടെയും അവലോകന യോഗങ്ങൾ നടന്നു കഴിഞ്ഞു.

**കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തനം**

63 (4428) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കുടിശ്ശിക അടയ്ക്കാത്തതുമൂലം കോട്ടയം ടെക്സ്റ്റയിൽസ് മിൽ അടച്ചിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര രൂപയാണ് വൈദ്യുതി വകുപ്പിന് മിൽ നൽകുവാനുള്ളത്; ഈ തുക സർക്കാർ നൽകി മില്ലിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കോട്ടയം ടെക്സ്റ്റയിൽസിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും മിൽ കൂടുതൽ ആധുനികവൽക്കരിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) കോട്ടയം ടെക്സ്റ്റയിൽസിനോടനുബന്ധിച്ച് ടെക്സ്റ്റയിൽ ടെക്നോളജി പഠനത്തിനായി മുൻ സർക്കാർ ആരംഭിക്കാൻ തീരുമാനിച്ച് പഠനം നടത്തിയിരുന്ന ടെക്സ്റ്റയിൽ കോളേജ് എന്ന ആശയം പ്രാവർത്തികമാക്കുവാൻ ഈ സർക്കാർ നടപടി സ്വീകരിക്കുമോ; ടെക്സ്റ്റയിൽ മേഖലയിൽ സാങ്കേതിക വിദഗ്ധരുടെ കുറവ് പരിഹരിക്കുവാൻ കൂടുതൽ കോഴ്സുകൾ ആരംഭിക്കുവാൻ വ്യവസായ വകുപ്പ് പദ്ധതി ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015 ഡിസംബർ മാസം മുതൽ 2016 സെപ്റ്റംബർ മാസം വരെയുള്ള കുടിശ്ശിക ഏകദേശം 100 ലക്ഷം രൂപയാണ്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുമായി ഈ വിഷയത്തിൽ ചർച്ച നടത്തി പരിഹാരമുണ്ടാക്കാൻ കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കോട്ടയം ടെക്സ്റ്റയിൽസ് ഉൾപ്പെടെയുള്ള കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനത്തിനായി 2016 സെപ്റ്റംബർ മാസത്തിൽ സർക്കാർ 450 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

64 (4429) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ സംസ്ഥാന സർക്കാരിനുകീഴിലായി എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ; അവയിൽ എത്രയെണ്ണം പ്രവർത്തനലാഭത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ; അവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ഇവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മൂലധനമെത്ര; ഓരോ സ്ഥാപനത്തിലെയും ജീവനക്കാരുടെ എണ്ണം എത്ര; വിശദമാക്കാമോ ;

(സി) പുതിയ സർക്കാർ അധികാരമേറ്റപ്പോൾ ലാഭകരമായി പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയുണ്ടായോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലാവുകയോ, അടച്ചുപൂട്ടുകയോ ചെയ്ത ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ (2010-11) സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്. അവയിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന 23 സ്ഥാപനങ്ങളുടെ വിവരം അനുബന്ധം-I ആയി ചേർക്കുന്നു*.

(ബി) ഇല്ല.

(സി) പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധം-II ആയി ചേർക്കുന്നു.*

(ഡി&ഇ) ഇല്ല.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം**

65 (4430) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. ടി.ബൽറാം:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിയാബ് എത്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം നടത്തി; വിശദാംശം നൽകുമോ;

(ബി) ഓൺലൈനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എഴുത്തുപരീക്ഷ / ഇന്റർവ്യൂ എന്നായിരുന്നുവെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് നിയമിക്കുന്നതിന് മുമ്പ് വിജിലൻസ് ക്ലിയറൻസ് ആവശ്യമാണോ; എങ്കിൽ പുതിയതായി നിയമിതരായ എത്ര പേർക്ക് വിജിലൻസ് ക്ലിയറൻസ് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളെ അഴിമതി വിമുക്തമാക്കും എന്ന എൽ.ഡി.എഫിന്റെ പ്രകടന പത്രികയിലെ വാഗ്ദാനത്തിന് വിരുദ്ധമായി ഏതെങ്കിലും തരത്തിലുള്ള നിയമനം നടത്തുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിജിലൻസ് ക്ലിയറൻസ് വാങ്ങിക്കാതെ നിയമനം നടത്തിയതിന്റെ സാഹചര്യം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ നടപടികളിലൂടെ നിയമിക്കുന്നതിന്റെ ഭാഗമായി റിയാബ് മുഖേന പത്രപരസ്യം നൽകി നടപടികൾ സ്വീകരിച്ചിരുന്നു. ഇതുപ്രകാരം 15 സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്.

(ബി) റിയാബ് മുഖേന നൽകിയ പത്രപരസ്യത്തിന്റെ അടിസ്ഥാനത്തിൽ 1692 അപേക്ഷകൾ ലഭിച്ചിരുന്നു. 2016 സെപ്റ്റംബർ 6, 7, 8 തീയതി കളിലായിട്ടാണ് ഇന്റർവ്യൂ നടത്തിയത്.

(സി & ഡി) 15-10-2016-ലെ സ.ഉ.(പി)44/2016/ആ.സാ.വ. നമ്പർ ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നതതല ഉദ്യോഗസ്ഥ നിയമനങ്ങളെ സംബന്ധിച്ച ആക്ഷേപങ്ങളിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ധാതുമണൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുവാൻ നടപടി**

66 (4431) <u>ശ്രീ. വി. ഡി. സതീശൻ</u>:

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>:

<u>ശ്രീ. എം. വിൻസെന്റ്</u>:

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുമണൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുവാൻ വ്യവസായ കോംപ്ലക്സ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിവരിക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) സംസ്ഥാനത്ത് ധാതുമണലിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മൂല്യവർദ്ധിത ഉല്പന്നമായ ടൈറ്റാനിയം മെറ്റൽ ഉല്പാദിപ്പിക്കുന്നതിന് ചവറ KMML കമ്പനിയുടെ സമീപം ചിറ്റൂരിൽ വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി 150 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ ആരംഭിച്ചു. 28-9-2016-ന് ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും യോഗം ചേരുകയും തുടർന്ന് 1-10-2016-ന് കൊല്ലം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർവ്വ കക്ഷി യോഗം ചേരുകയും ചെയ്തു.

**കാസർഗോഡ് ജില്ലയിൽ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനായി അനുവദിച്ച ഭൂമി**

67 (4432) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ എത്ര വ്യവസായ പാർക്കുകളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിൽ എത്ര ഏക്കർ ഭൂമിയാണുള്ളത്; എത്ര പേർക്ക് വ്യവസായം തുടങ്ങുന്നതിനായി ഭൂമി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഭൂമി അനുവദിച്ച് നൽകിയവരെല്ലാം വ്യവസായം തുടങ്ങിയിട്ടുണ്ടോ; അനുവദിച്ചുനൽകിയ സ്ഥലത്ത് വ്യവസായം തുടങ്ങാത്തവർ എത്രയുണ്ടെന്നും ഇവരുടെ കൈവശങ്ങളിലായി എത്ര ഏക്കർ ഭൂമി വെറുതെ കിടക്കുന്നുണ്ടെന്നും അറിയിക്കുമോ;

(ഡി) എങ്കിൽ വ്യവസായം തുടങ്ങാത്തവരിൽ നിന്ന് ഭൂമി തിരിച്ചെടുത്ത് ആവശ്യക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ, വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ 2 വ്യവസായ പ്ലോട്ടുകളും (ചട്ടഞ്ചാൽ, അനന്തപുരം), ഒരു വ്യവസായ ഏരിയയുമാണുള്ളത് (അനന്തപുരം).

(ബി) ആകെ 239.5 ഏക്കർ ഭൂമിയാണുള്ളത്. 75 പേർക്ക് ഭൂമി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

<u>ഡി.പി. അനന്തപുരം</u>

ആകെ ഭൂമി - 103 ഏക്കർ

ഭൂമി അനുവദിച്ചു നൽകിയത് - 49 പേർക്ക്

<u>ഡി.പി. ചട്ടഞ്ചാൽ</u>

ആകെ ഭൂമി - 28.5 ഏക്കർ

ഭൂമി അനുവദിച്ചു നൽകിയത് - 20 പേർക്ക്

<u>ഡി. എ. അനന്തപുരം</u>

ആകെ ഭൂമി - 108 ഏക്കർ

ഭൂമി അനുവദിച്ചു നൽകിയത് - 6 പേർക്ക്

(സി) ഇല്ല. വ്യവസായം തുടങ്ങാത്തവർ 42 പേരുണ്ട്. 42 പേർക്കായി 49.26 ഏക്കർ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) വ്യവസായം തുടങ്ങാത്തവരിൽനിന്നും ഭൂമി തിരിച്ചുപിടിച്ചു വരുന്നുണ്ട്. ആയത് ആവശ്യക്കാർക്ക് റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### ബാലരാമപുരം സ്പിന്നിംഗ് മിൽ

68 (4433) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടതും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നവീകരിച്ചതുമായ ബാലരാമപുരം സ്പിന്നിംഗ് മിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഇല്ലാത്ത മണ്ഡലങ്ങളിൽ പുതുതായി നിക്ഷേപം നടത്തി സ്ഥാപനങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ബാലരാമപുരത്തുള്ള ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ ലാഭത്തിലല്ല പ്രവർത്തിക്കുന്നത്.

(ബി) കൂടുതൽ നിക്ഷേപങ്ങൾ ആകർഷിച്ച്, വ്യവസായവൽക്കരണം നടത്തി, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് സർക്കാരിന്റെ മുഖ്യലക്ഷ്യം. മുൻഗണനാമേഖലകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാവിധ പ്രോത്സാഹന നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. എല്ലാ മണ്ഡലങ്ങളിലും പൊതുമേഖലാ വ്യവസായം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

### കോട്ടയ്ക്കൽ ആസ്ഥാനമായി വ്യവസായ പാർക്ക്

69 (4435) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ തുടരാൻ നടപടി സ്വീകരിക്കുമോ;

(ബി) കോട്ടക്കൽ ആസ്ഥാനമായി ഒരു വ്യവസായ പാർക്ക് രൂപീകരണമെന്ന കോട്ടക്കൽ നഗരസഭാ ചെയർമാന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; പാർക്ക് തുടങ്ങുവാൻ ആവശ്യമായ നിർദ്ദേശം കെ.എസ്.ഐ.ഡി.സി.- യ്ക്കും മറ്റ് ഉദ്യോഗസ്ഥ തലത്തിലും നൽകുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളുടെ തുടർ നടപടികൾ നടന്നുവരുന്നു.

(ബി) കോട്ടക്കൽ ആസ്ഥാനമായി ഒരു വ്യവസായ പാർക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രത്യേക നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

70 (4436) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ; നഷ്ടത്തിലാവാനുള്ള കാര്യകാരണങ്ങൾ പരിശോധിച്ച് ഉത്തരവാദികൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

മുൻസർക്കാരിന്റെ കാലത്ത് നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* അഴിമതിയും കൊടുകാര്യസ്ഥതയുമാണ് നഷ്ടത്തിലാവാനുള്ള കാരണങ്ങളിൽ ചിലത്. അഴിമതി സംബന്ധിച്ച് ചില സ്ഥാപനങ്ങളിൽ വിജിലൻസിന്റെ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്.

**സർക്കാർ കാര്യാലയങ്ങളിൽ സ്വകാര്യ സംഘടനകളുടെ പ്രവർത്തനം**

71 (4437) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കാര്യാലയങ്ങളിൽ സ്വകാര്യ സംഘടനകളുടെ പ്രവർത്തനത്തിനും ഓഫീസ് ആവശ്യങ്ങൾക്കും സ്ഥലം അനുവദിക്കുന്നത് അനാരോഗ്യകരമായ പ്രവണതകൾക്ക് വഴിവയ്ക്കുമെന്നും എവിടെയെങ്കിലും മുൻപ് അനുവദിച്ചിട്ടുണ്ടെങ്കിൽ അത്തരം നടപടികൾ പുനഃപരിശോധിക്കാൻ ഉത്തരവ് ആകണമെന്നും സർക്കാരിന് വ്യവസായ വാണിജ്യ ഡയറക്ടർ ബഹു. ഫ്രാൻസിസ് ഐ.എ.എസ്. അപേക്ഷ നൽകിയിരുന്നോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിലെ നയപരമായ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) ഈ വിഷയത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ കത്ത് ലഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള സർക്കാർ കാര്യാലയങ്ങളിൽ സ്വകാര്യ സംഘടനകളുടെ പ്രവർത്തനത്തിനും ഓഫീസ് ആവശ്യങ്ങൾക്കും സ്ഥലം അനുവദിക്കാൻ സാധിക്കില്ലെന്ന് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്.

**വിവിധോദ്ദേശ്യ വ്യവസായ സോണുകൾ**

72 (4438) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബൃഹത് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വ്യവസായ സോണുകൾക്കുള്ള സ്ഥലം എവിടെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിവരിക്കുമോ;

(സി) ഓരോ വ്യവസായ സോണും തുടങ്ങുന്നതിന് എന്തുതുക ചെലവ് വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ ബൃഹത് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ കിൻഫ്ര മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു:

1. പട്ടാന്നൂർ, കണ്ണൂർ - 500 ഏക്കർ
2. പനയത്താൻപറമ്പ്, കണ്ണൂർ - 500 ഏക്കർ
3. തൊടുപുഴ, ഇടുക്കി - 900 ഏക്കർ
4. മങ്കട, മലപ്പുറം - 700 ഏക്കർ
5. വിഴിഞ്ഞം, തിരുവനന്തപുരം - 500 ഏക്കർ
6. കാസർഗോഡ് - 500 ഏക്കർ

ഇവയിൽ പനയത്താമ്പറമ്പിലെ 500 ഏക്കർ ഭൂമി, തൊടുപുഴയിൽ 900 ഏക്കർ ഭൂമി, മങ്കടയിൽ 690 ഏക്കർ ഭൂമി എന്നിവ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടാന്നൂരിൽ 500 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും കാസർഗോഡും പദ്ധതിക്കനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടില്ല.

(സി) ഓരോ വ്യവസായ പാർക്കും തുടങ്ങുന്നതിന് വേണ്ടിവരുന്ന ചെലവിനെ സംബന്ധിച്ച് ഭൂമി ഏറ്റെടുക്കുന്ന വേളയിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള DLPC കൂടിക്കഴിഞ്ഞാൽ മാത്രമേ വ്യക്തമായ ഒരു ധാരണ ലഭിക്കുകയുള്ളൂ.

**സ്റ്റാർട്ട് അപ് പ്രോത്സാഹനത്തിന് കർമ്മ പദ്ധതികൾ**

73 (T+4439) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ട് അപ്പുകളുടെ പ്രോത്സാഹനത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. പഠനകാലയളവിൽ സംരംഭകത്വത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്, ഹാജർ തുടങ്ങിയവ നൽകിവരുന്നു. കൂടാതെ

+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

- നൂതന ആശയവുമായി സമീപിക്കുന്നവർക്ക് പ്രീ-ഇൻകുബേഷൻ, ഇൻകുബേഷൻ സൗകര്യം.
- ചുരുങ്ങിയ പലിശ നിരക്കിൽ സീഡ് ഫണ്ടിംഗ്
- ബിസിനസ് വർദ്ധിപ്പിക്കുന്നതിന് ആക്സിലേറ്റർ സൗകര്യം
- ഉന്നത നിലവാരമുള്ള സാങ്കേതിക ഉല്പന്നങ്ങൾ ഉൾപ്പെട്ട സ്റ്റാർട്ട് അപ് ബോക്സുകൾ നൽകുക.
- പേറ്റന്റ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ചെലവ് തിരികെ നൽകുക.
- വിവിധ പരിശീലന കളരികളിലും ചർച്ചകളിലും പങ്കെടുക്കുന്നതിനുള്ള അവസരം
- IOT, R&D ലാബ് സൗകര്യങ്ങൾ
- യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്കാവശ്യമായ പ്രചോദനം നൽകുക.
- യുവതലമുറയെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക.
- സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക.
- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി യുവ സംരംഭകർക്ക് നേരിൽ ആശയവിനിമയം നടത്തുന്നതിനുള്ള അവസരം ഒരുക്കുക തുടങ്ങിയ കാര്യങ്ങൾ യുവ സംരംഭകർക്കായി നൽകിവരുന്നു.

(സി) സംരംഭകത്വ വികസനത്തിനായി സംസ്ഥാനത്ത് ഉടനീളം ഇൻക്യുബേഷൻ സെന്ററിന്റെ ശൃംഖല രൂപീകരിക്കുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിദ്യാർത്ഥി യുവ സംരംഭകർക്ക് അവരുടെ ആശയങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിക്ഷേപകർക്കുമുന്നിൽ അവതരിപ്പിക്കുന്നതിനും നിക്ഷേപകരുമായി ആശയ വിനിമയം നടത്തുന്നതിനുള്ള അവസരം ഒരുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

യുവസംരംഭകർക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.-യിൽ ആരംഭിച്ചിട്ടുള്ള സീഡ് ഫണ്ടിംഗ് സ്കീം തുടരുന്നതാണ്. പ്രസ്തുത സ്കീം പ്രകാരം വിദ്യാർത്ഥി/യുവ സംരംഭകരുടെ നൂതന ആശയങ്ങളെ വ്യവസായ സംരംഭങ്ങളാക്കി മാറ്റുന്നതിന് പരമാവധി 25 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം വായ്പ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.

സംരംഭകത്വ മേഖലയിലേയ്ക്ക് കടന്നുവരുന്ന യുവ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുവാനും അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി സെമിനാറുകളും, ശില്പശാലകളും സംഘടിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. ടൈ, സി.ഐ.ഐ. എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ വിവിധ കോളേജുകൾ/യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇൻക്യുബേഷൻ സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി. യിൽനിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.ടി. വിഭാഗത്തിൽപ്പെട്ട കോളേജുകൾക്കാവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

## നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ കരകയറ്റാൻ നടപടി

74 (4440) <u>ശ്രീ. എസ്.ശർമ്മ</u>:

<u>ശ്രീ. ജെയിംസ് മാത്യു</u>:

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>:

<u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകാനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ; ഇത് പരിഹരിച്ച് ഇത്തരം സ്ഥാപനങ്ങളെ കരകയറ്റാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതിക വിദ്യ നടപ്പിലാക്കി വിപണനത്തിനനുയോജ്യമായ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലുണ്ടായ കാലതാമസം, മെഷീനറികളുടെ കാലപ്പഴക്കം എന്നിവ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും വർദ്ധിച്ച ഉല്പാദനചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മത്സരക്ഷമമാകുവാൻ കഴിയാഞ്ഞതും, മതിയായ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുമാണ് മിക്ക സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണങ്ങൾ. അഴിമതിയും കെടുകാര്യസ്ഥതയും ചില സ്ഥാപനങ്ങൾ നഷ്ടത്തിലാകാൻ കാരണമായിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകന യോഗങ്ങൾ റിയാബ് മുഖേന നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവൽക്കരണവും വിപുലീകരണവും ഉല്പാദന വൈവിദ്ധ്യവൽക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സാമ്പത്തിക ലഭ്യതകൂടി കണക്കിലെടുത്തുകൊണ്ട് നടപ്പിൽ വരുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നിവ അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ചുകൊണ്ടായിരിക്കും സർക്കാർ തീരുമാനമെടുക്കുന്നത്.

## പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങൾ

75 (4441) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചുവെന്നും അവ ഏതൊക്കെ സ്ഥാപനങ്ങളാണെന്നും എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടന്ന താഴെപ്പറയുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചിട്ടുണ്ട്:

1. ഫോർമി ഇൻഡസ്ട്രീസ്, ഡെവലപ്മെന്റ് പ്ലോട്ട്, പുന്നപ്ര, ആലപ്പുഴ.

2&3. ആലപ്പുഴ ജില്ലയിലെ എരുവാ, പത്തിയൂർ എന്നീ സ്ഥലങ്ങളിലെ കാപെക്സിന്റെ അധീനതയിലുള്ള രണ്ട് കശുവണ്ടി ഫാക്ടറികൾ.

4. ആലപ്പുഴ ജില്ലയിലെ കല്ലുമൂട് കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി.

5. സൂപ്പർ ടെക് എഞ്ചിനീയറിംഗ്, എം.പി.ഐ.റ്റി.സി. ബിൽഡിംഗ്, ചെന്നത്തുകാല റോഡ്, ചെങ്ങന്നൂർ, ആലപ്പുഴ.

6. പവർ ഇലക്ട്രോണിക്സ്, വട്ടപ്പറമ്പിൽ, പുത്തൻകാവ് പി.ഒ., ചെങ്ങന്നൂർ, ആലപ്പുഴ.

7. സിയോൺ ബേക്കേഴ്സ്, സബ് ജയിൽ റോഡ്, ആലുവ, എറണാകുളം.

8. ഷെഡ്യൂൾഡ് കാസ്റ്റ് ഡിഫൈബറിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കാഞ്ഞൂർ, കാലടി, എറണാകുളം.

9. പി.വി. ഇൻഡസ്ട്രീസ്, ഡെവലപ്മെന്റ് പ്ലോട്ട്, അത്താണി, തൃശ്ശൂർ.

10. ചൈതന്യ ഫ്ലവർമിൽ, എറിയാട്, കൊടുങ്ങല്ലൂർ, തിരൂർ.

11. എമിറേറ്റ്സ് അക്വ പ്രൊഡക്ഷൻ, അമ്പലപ്പാറ, ഒറ്റപ്പാലം, പാലക്കാട്.

12. ബിസ്മി ഫ്ലവർ മിൽ, തിരുവെങ്ങപുരം, പട്ടാമ്പി, ഒറ്റപ്പാലം, പാലക്കാട്.

13. മാക്സ് ബോണ്ട് ഇൻഡസ്ട്രീസ്, കീരംപാറ റോഡ്, അട്ടിയമ്പാതി പി.ഒ., മേനോൻ പാറ, പാലക്കാട്.

14. ഉദുമ സ്പിന്നിംഗ് മിൽ, കാസർഗോഡ്.

15. കടവാതേൽ ഇൻഡസ്ട്രീസ്, വാലിയൻകോട്, പൊന്നാനി, മലപ്പുറം.

16. എസ്. & എൻ, മട്ടന്നൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, കണ്ണൂർ.

17. കൊല്ലം ജില്ലയിലെ സർക്കാർ അധീനതയിലുള്ള കശുവണ്ടി സ്ഥാപനങ്ങൾ.

**ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ശോചനീയാവസ്ഥ**

76 (4442) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പല എസ്റ്റേറ്റുകളിലെയും വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രവർത്തിക്കാത്ത യൂണിറ്റുകൾ സർക്കാർ ഏറ്റെടുത്ത് പുതിയ സംരംഭകർക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളെ സമഗ്രമായി പരിഷ്കരിച്ച് പുതിയ സംരഭങ്ങൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില വ്യവസായ എസ്റ്റേറ്റുകളിൽ ചില അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും മറ്റു ചില വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇത് പരിഹരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രവർത്തിക്കാത്ത യൂണിറ്റുകൾ നിയമപ്രകാരം ഏറ്റെടുത്ത് പുതിയ സംരംഭകർക്ക് മുൻഗണനാ ക്രമത്തിൽ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വ്യവസായ വികസന ഏരിയായിൽ പരിഷ്കരണ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സമഗ്ര പരിഷ്കരണത്തിന്റെ ഭാഗമായി ബഹുനില വ്യവസായ സമുച്ചയങ്ങളടക്കം നിർമ്മിച്ച് വ്യവസായ സംരംഭകർക്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**വ്യവസായ കേന്ദ്രങ്ങളിൽ ഇൻക്യുബേഷൻ സെന്റർ**

77 (4443) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭകർക്കായി എല്ലാ ജില്ലകളിലെയും വ്യവസായകേന്ദ്രങ്ങളിൽ ഇൻകുബേഷൻ സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) യുവതലമുറയെ സംരംഭക മേഖലയിലേക്ക് ക്ഷണിച്ചുകൊണ്ടുവരാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംരംഭകർക്കായി എന്തെല്ലാം സഹായങ്ങളും ഉപദേശങ്ങളുമാണ് ഇവിടെ നൽകുന്നത്; വിശദീകരിക്കുമോ ?

ഉത്തരം

(എ & ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ വ്യവസായ സംരംഭകർക്കാവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനും സംരംഭങ്ങൾ നടത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനും ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

യുവ സംരംഭകർക്കായി എറണാകുളം ജില്ലയിലെ കാക്കനാടുള്ള ഇൻഫോപാർക്ക് ക്യാമ്പസിലും അങ്കമാലിയിലെ ഇൻകെൽ ക്യാമ്പസിലും കെ.എസ്.ഐ.ഡി.സി.-യുടെ ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ വിവിധ കോളേജുകൾ/യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട അഞ്ച് കോളേജുകളിൽ കെ.എസ്.ഐ.ഡി.സി. യുമായി സഹകരിച്ച് സ്ഥാപിച്ച ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇൻക്യുബേഷൻ സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന്

കെ.എസ്.ഐ.ഡി.സി.-യിൽനിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.ടി.വിഭാഗത്തിൽപ്പെട്ട കോളേജുകൾക്കാവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) 1. സംരംഭകന്റെ പ്രായോഗിക പരിജ്ഞാനവും അനുഭവ സമ്പത്തും അഭിരുചിയും കണക്കിലെടുത്ത് പ്രോജക്ട് തെരഞ്ഞെടുക്കുന്നതിന് ഉപദേശം നൽകുന്നു.

2. പ്രോജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്താൻ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ശിപാർശ ചെയ്യുന്നു.

3. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സംരംഭകനുവേണ്ടി hand holding service നൽകുന്നു.

4. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നു.

5. ലൈസൻസുകളും ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിന് ഗ്രീൻ ചാനൽ കൗണ്ടർ, സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള ഉപദേശങ്ങൾ നൽകുന്നു.

**കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം**

78 (4445) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെറുതും വലുതുമായ വിവിധ നെയ്ത്ത് ശാലകളിൽ നെയ്യുന്ന കൈത്തറി ഉൽപ്പന്നങ്ങൾ തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിച്ച് വിപണിയിൽ എത്തിക്കുവാനും തൊഴിലാളികൾക്ക് അർഹമായ വേതനം ലഭ്യമാക്കുകയും ചെയ്യുന്നതിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കൈത്തറി മേഖലയുടെ തകർച്ച നേരിടാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്ത്തുകാരിൽനിന്നും സംഘങ്ങളിൽനിന്നും കൈത്തറി ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നതിന് ഹാന്റക്സ്, ഹാൻവീവ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് അടുത്ത വർഷം മുതൽ കൈത്തറി യൂണിഫോം നൽകുന്ന പദ്ധതിയും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കൈത്തറി മേഖലയുടെ തകർച്ച നേരിടാൻ സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി.
2. കൈത്തറി സംഘങ്ങളുടെ നവീകരണം, വർക്ക് ഷെഡ് നിർമ്മാണവും മെയിന്റനൻസും, ഡൈഹൗസ് മെയിന്റനൻസ്.
3. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം.
4. നൈപുണ്യ വികസന പരിശീലന പരിപാടികൾ.
5. ആസ്തി വർദ്ധനവിനും പ്രവർത്തന മൂലധനത്തിനും സർക്കാർ ഓഹരി പങ്കാളിത്തം.
6. മാർജിൻ മണി വായ്പ (അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന്)
7. പ്രവർത്തന മൂധനത്തിനുവേണ്ടി മാർജിൻമണി ഗ്രാന്റ്.
8. വിപണന മേളകളിൽ പങ്കെടുത്ത് വിപണനം നടത്തുന്നതിന് എക്സിബിഷൻ ഗ്രാന്റ്.
9. റിബേറ്റ് ആനുകൂല്യം.
10. സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രോഡക്റ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് പദ്ധതി.

**ഖാദി ബോർഡുവക പരിയാരം വില്ലേജിലെ സ്ഥലം**

79 (4446) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഖാദി ബോർഡുവക പരിയാരം വില്ലേജിൽ അതിരപ്പള്ളി മെയിൻ റോഡിനോട് ചേർന്നുകിടക്കുന്ന സ്ഥലം കെട്ടി സംരക്ഷിക്കുന്നതിനും അനുയോജ്യമായ പ്രോജക്റ്റ് നടപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പ്രസ്തുത സ്ഥലം ഖാദി ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിരുന്ന ഒരു സംഘത്തിന്റെ പേരിൽ ഉള്ളതാണ്. ടി സംഘം നിലവിൽ ലിക്വിഡേറ്റ് ചെയ്തിട്ടുള്ളതാണ്. സംഘത്തിന്റെ പേർക്കുള്ള പ്രസ്തുത സ്ഥലം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേർക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഈ സ്ഥലം ബോർഡിന്റെ ഉടമസ്ഥതയിലാകുന്ന മുറയ്ക്ക് ആയത് കെട്ടി സംരക്ഷിക്കുന്നതിനും അവിടെ അനുയോജ്യമായ പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

**കുട്ട, പായ, പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ പ്രതിസന്ധി**

80 (4447) <u>ശ്രീ. എം. എം. മണി</u>:
<u>ശ്രീ. പി. ഉണ്ണി</u>:
<u>ശ്രീ . ജോർജ് എം. തോമസ്</u>:
<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യായവില ലഭ്യമല്ലാത്തതിനാലും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം കാരണവും പരിസ്ഥിതി സൗഹൃദമായ കുട്ട, പായ, പനമ്പ് എന്നിവ ഉത്പാദിപ്പിക്കുന്ന നെയ്ത്ത് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യുമോ;

(സി) പരിസ്ഥിതി സൗഹൃദമായ ഇത്തരം പരമ്പരാഗത ഉത്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യന്ത്രവൽക്കരണത്തിലൂടെ കോർപ്പറേഷന്റെ പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിക്കുവാനും ഉല്പന്നത്തിന്റെ ഗുണമേന്മയും ഉല്പാദനവും ഉയർത്തുവാനും ലക്ഷ്യമിട്ടുകൊണ്ട് സാമൂഹ്യ

യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ബാംബു കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. ഈറ്റയിൽനിന്നും അളികീറി പനമ്പ് നെയ്യേണ്ടിവരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് തൊഴിലാളികൾക്ക് ആവശ്യാനുസരണം പനമ്പ് നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ "സ്ലീവറിംഗ് യൂണിറ്റുകളും" ആരംഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ ഉല്പന്നങ്ങളുടെ വിപണി ഊർജ്ജിതമാക്കുന്നതിന് പരസ്യങ്ങളും പുതിയ വിപണന തന്ത്രങ്ങളും ഉൾപ്പെടുന്ന പദ്ധതികൾ സർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) മുളയിൽനിന്നും പരിസ്ഥിതി സൗഹൃദ ഉല്പന്നമായ 'ബാംബു ഫ്ലോറിംഗ് ടൈൽസ്' ഉല്പാദിപ്പിക്കുന്നതിനായി 2011-ൽ കോഴിക്കോട് ജില്ലയിലെ നല്ലളത്ത് ഹൈടെക് ബാംബു ഫ്ലോറിംഗ് ടൈൽസ് ഫാക്ടറി സ്ഥാപിച്ച്, ഫാക്ടറി മെഷിനറികളുടെ പുനഃക്രമീകരണം നടത്തി ഉല്പാദനം ശാസ്ത്രീയമാക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബാംബു കോർപ്പറേഷൻ, ഈറ്റ-പനമ്പ് വ്യവസായത്തിന്റെ പുരോഗതിക്കായി സർക്കാർ സഹായത്തോടെ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കരകൗശല മേഖലയുടെ ഉന്നമനത്തിനായി നൂതന പദ്ധതി**

81 (4448) <u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീ. എം. മുകേഷ്:</u>
<u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല മേഖലയെ സഹായിക്കുന്നതിനും കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കരകൗശല യൂണിറ്റുകളുടെ നവീകരണത്തിനും പുതിയ ഡിസൈനുകളുടെ രൂപീകരണത്തിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കരകൗശല മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി അപെക്സ് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കരകൗശല മേഖലയെ സഹായിക്കുന്നതിനും കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനുമായി ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനും വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വിവിധ മേഖലകളിലുള്ള ഇവരുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും പുറമേ ഇവരുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുവാനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കെൽപാം എന്നിവയ്ക്കും അപെക്സ് സഹകരണ സ്ഥാപനമായ സുരഭിക്കും വിവിധ പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം നവീകരണത്തിനായി സർക്കാർ ധനസഹായം നൽകിവരുന്നു. പുതിയ ഡിസൈനുകളുടെ രൂപീകരണത്തിനും പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കരകൗശല മേഖലയിലെ സംരംഭകർക്ക് ആവശ്യമായ പരിശീലനം നൽകുകയും പണിയായുധങ്ങൾ നൽകുകയും ചെയ്തുവരുന്നു. സുരഭിയുടെ ആഭിമുഖ്യത്തിൽ ഒരു ക്രാഫ്റ്റ് ഡിസൈൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. ക്ലസ്റ്റർ വികസന പദ്ധതി പ്രകാരം വിവിധ കരകൗശല തൊഴിലാളി ക്ലസ്റ്ററുകളിൽ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കരകൗശല മേഖലയിലെ അപെക്സ് സഹകരണ സംഘം സമർപ്പിക്കുന്ന വിവിധ പദ്ധതി നിർദ്ദേശങ്ങൾക്ക് സർക്കാർ ധനസഹായം നൽകിവരുന്നു.

**ഖാദി മേഖലയെ സംരക്ഷിക്കാൻ നടപടി**

82 (4449) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിമേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര തൊഴിലാളികൾ ജോലി നോക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പല ഖാദി യൂണിറ്റുകളിലും തൊഴിലാളി ഒരു ദിവസം തൊഴിലുറപ്പ് തൊഴിലാളി ലഭിക്കുന്ന കൂലിപോലും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഖാദിമേഖലയെ സംരക്ഷിയ്ക്കാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കാനും എന്തൊക്കെ നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നൂല്പ് മേഖലയിൽ 7685 തൊഴിലാളികളും നെയ്ത്ത് മേഖലയിൽ 5222 തൊഴിലാളികളും ഉൾപ്പെടെ ആകെ 12907 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

(ബി) ഖാദി മേഖലയിൽ മിനിമം വേതനം നടപ്പാക്കിയിട്ടുണ്ട്. മിനിമം വേതനത്തിൽ ഉല്പാദനലക്ഷ്യം കൈവരിക്കുന്ന നൂല്പ് തൊഴിലാളിക്ക് 275 രൂപയും നെയ്ത്ത് തൊഴിലാളിക്ക് 325 രൂപയുമാണ് ലഭിക്കുന്നത്.

(സി) ഖാദി മേഖലയെ സംരക്ഷിക്കാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കാനും സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് മിനിമം കൂലി, ഉല്പാദന ഇൻസെന്റീവ്, ഉത്സവബത്ത, ഇ.എസ്.ഐ. പരിരക്ഷ, ക്ഷേമനിധി ആനുകൂല്യങ്ങളായ ചികിത്സാ സഹായം, മെഡിക്കൽ ആനുകൂല്യങ്ങൾ, മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം, ഇൻഷ്വറൻസ്, വിവാഹ ആനുകൂല്യം, ശവദാഹ ചടങ്ങിനുള്ള സാമ്പത്തിക ആനുകൂല്യം, പെൻഷൻ എന്നിവ ലഭ്യമാക്കുന്നുണ്ട്. നിലവിലെ കോസ്റ്റ് ചാർട്ട് പുതുക്കി 30 മുതൽ 40% വരെ കൂലി വർദ്ധിപ്പിച്ചുകഴിഞ്ഞു. ഇതിന് ക്രമാനുഗതമായി സാമ്പത്തിക താങ്ങൽ പദ്ധതിയിൽ വകയിരുത്തി മിനിമം വേതനം പുതുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പത്മശ്രീ ഗോപിനാഥൻ നായർ അധ്യക്ഷനായ സമിതി റിപ്പോർട്ട് പ്രകാരം ഖാദി മേഖലയിൽ ആധുനികവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. വരുന്ന ഓരോ വർഷത്തിലും പുതുതായി 600 നൂൽപ്പുകാർക്കും 400 നെയ്ത്തുകാർക്കും തൊഴിൽ നൽകുന്ന "ഖാദി ഗ്രാമം" പദ്ധതിയും സർക്കാരിന്റെ പരിഗണനയിലാണ്.

## അത്‌ലറ്റിക് താരങ്ങൾക്ക് പാരിതോഷികം

83 (T+4450) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് വെള്ളി മെഡൽ നേടിയ ശ്രീ. പി. എൻ. അജിത് ഉൾപ്പെടെയുള്ള താരങ്ങൾക്ക് പാരിതോഷികമടക്കമുള്ളവ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കോങ്ങാട് നിയമസഭാംഗം നല്കിയ പ്രൊപ്പോസൽ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കായികതാരങ്ങൾക്കും പരിശീലകർക്കും പാരിതോഷികം നൽകണമെന്ന എം.എൽ.എ.-യുടെ നിവേദനം ലഭിക്കുകയുണ്ടായി. ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ വിജയികളായ കായികതാരങ്ങൾക്ക് 4-6-2007-ലെ സ.ഉ. (സാധാ)നമ്പർ 2482/2007/പൊ.വി.വ. ഉത്തരവ് പ്രകാരമാണ് ക്യാഷ് അവാർഡ് നൽകിവരുന്നത്. ലോക സ്കൂൾ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ ലോക സ്കൂൾ അത്‌ലറ്റിക് മീറ്റിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് വെള്ളിമെഡൽ നേടിയവർക്ക് 2 ലക്ഷം രൂപ, വെങ്കലമെഡൽ നേടിയവർക്ക് 1 ലക്ഷം രൂപയും പാരിതോഷികം നൽകുന്നതിനുള്ള ശിപാർശ പരിശോധിച്ചു വരുന്നതായി പൊതു വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്.

## ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം പദ്ധതി

84 (4451) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച "ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം" പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

\+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ & ബി) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം പദ്ധതി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി.)-ൽ ഉൾപ്പെടുത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**കായികരംഗത്തെ സമഗ്ര പുരോഗതി**

85 (4452) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കായിക രംഗത്തെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റശേഷം കായിക രംഗത്തെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുമായ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+ ടി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കായിക പരിശീലന പദ്ധതി**

86 (4453) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളെയും ഉൾപ്പെടുത്തി ഒരു കായിക പരിശീലന പദ്ധതി നടപ്പിലാക്കി മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിന് പദ്ധതി തയ്യാറാക്കുമോ; ഇത്തരത്തിലുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്പോർട്സ് രംഗത്ത് അവസരങ്ങൾ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളും സ്പോർട്സ് സ്കൂളുകളും ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കിക്കൊണ്ടാണ് പരിഷ്കരിച്ച പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലേയ്ക്കുള്ള കായിക വിദ്യാഭ്യാസ പദ്ധതിയും അദ്ധ്യാപകർക്കുള്ള റഫറൻസ് പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് ആരോഗ്യ കായിക വിദ്യാഭ്യാസത്തിനുള്ള ആക്റ്റിവിറ്റി ബുക്കുകളും തയ്യാറാക്കി നൽകിയിട്ടുണ്ട്. കൂടാതെ അദ്ധ്യാപകർക്ക് പരിശീലനവും നൽകിവരുന്നു.

(ബി) ഉണ്ട്. അൺ എയ്ഡഡ് സ്കൂളുകളിൽ സി.ബി.എസ്.സി., ഐ.സി.എസ്.സി., ഐ.എസ്.സി. സിലബസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ക്ലസ്റ്റർ തലത്തിലും സൗത്ത് സോൺ തലത്തിലും ദേശീയ തലത്തിലും കായിക മത്സരങ്ങൾ ബന്ധപ്പെട്ട ബോർഡുകൾ മുഖേന സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ കായിക താരങ്ങൾക്ക് സംസ്ഥാന അസോസിയേഷനുകൾ നടത്തുന്ന മത്സരങ്ങളിലും പങ്കെടുക്കാവുന്നതുമാണ്.

(സി) സ്പോർട്സ് സ്കൂളുകൾ ആധുനികവത്കരിക്കുന്നതിന് ഈ വർഷം 17 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ലഭ്യമാണ്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി പുതിയതായി നിർമ്മിച്ചതോ നവീകരിച്ചതോ ആയ സ്റ്റേഡിയങ്ങൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് അനുവദിച്ച് നൽകിയവയിൽ, കൗൺസിലിന്റെ അധീനതയിലുള്ള സ്കീമുകളിലെ കായിക താരങ്ങൾ പരിശീലനത്തിനായി ഉപയോഗിച്ചുവരുന്നു.

**കായിക താരങ്ങൾക്ക് മികച്ച പ്രോത്സാഹനം**

87 (4454) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് മികച്ച പ്രോത്സാഹനവും മറ്റും ലഭിക്കുന്നില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിലും അർദ്ധ-സർക്കാർ സ്ഥാപനങ്ങളിലും ജോലി നല്കി എന്ന് വെളിപ്പെടുത്താമോ;

(സി) കായിക താരങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും സെക്രട്ടേറിയറ്റിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുമോ;

(ഡി) കായിക വകുപ്പ് നിലവിലുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. സംസ്ഥാനത്തെ കായിക താരങ്ങൾക്ക് മികച്ച പരിശീലനവും പ്രോത്സാഹനവും നൽകുന്നതിനുള്ള പദ്ധതികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, കായിക യുവജനകാര്യ ഡയറക്ടറേറ്റ് എന്നിവ മുഖാന്തിരം നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സർവ്വീസിൽ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടില്ല.

(സി & ഡി) 12-4-2010-ലെ ജി.ഒ.(എം.എസ്) നമ്പർ 126/10/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്ത് കായിക യുവജനകാര്യവകുപ്പ് നിലവിൽ വന്നിട്ടുണ്ട്. കായിക താരങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും നിലവിലുള്ള സംവിധാനം പര്യാപ്തമാണ്.

**സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള മാനദണ്ഡം**

88 (4455) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് തുടങ്ങിയ അന്തർദേശീയ മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്തിട്ടുള്ളതും ദേശീയ മത്സരങ്ങളിൽ

കേരളത്തെ പ്രതിനിധാനം ചെയ്തിട്ടുള്ളതും അന്തർ സർവ്വകലാശാല മത്സരങ്ങളിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയെ പ്രതിനിധാനം ചെയ്തിട്ടുള്ളതുമായ കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹതയുണ്ട്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ചുള്ള തസ്തികകളിൽ നിയമനം നൽകിവരുന്നു.

**സ്പോർട്സ് കൗൺസിലുകൾ മുഖേന നടപ്പിലാക്കുന്ന പരിശീലനങ്ങൾ**

89 (4456) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലുകൾ മുഖേന നടപ്പിലാക്കുന്ന പരിശീലനങ്ങൾക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുന്ന പരിശീലനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 5 കോടി രൂപ വീതം വകയിരുത്തുന്നതായും ഇതിനായുള്ള 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും കണ്ടെത്തുന്നതാണ്. 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 500 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും നീക്കിവയ്ക്കുന്നതായും പ്രഖ്യാപിച്ചിട്ടുണ്ട്.

ദേശീയ ഗെയിംസിനോടനുബന്ധിച്ച് പുതിയതായി നിർമ്മിക്കുകയോ/ പുനരുദ്ധരിക്കുകയോ ചെയ്തിട്ടുള്ള സ്റ്റേഡിയങ്ങളുടേയും മറ്റും സംരക്ഷണ ചുമതല വിവിധ സ്ഥാപനങ്ങൾക്കായി നൽകിയിട്ടുണ്ട്. ആയതിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സംരക്ഷണച്ചുമതലയിൽ സർക്കാർ ഉത്തരവുപ്രകാരം ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട് കണ്ണൂർ; ഡോ. അംബേദ്കർ നീന്തൽക്കുളം, പിരപ്പൻകോട്, തിരുവനന്തപുരം; വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്; ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ; കൊല്ലം ഹോക്കി സ്റ്റേഡിയം;

വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ എന്നീ സ്റ്റേഡിയങ്ങളും നീന്തൽക്കുളവും നൽകിയിട്ടുണ്ട്. ഈ സ്റ്റേഡിയങ്ങൾ, നീന്തൽക്കുളം ഉൾപ്പെടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള സ്റ്റേഡിയങ്ങളിൽ കേരളത്തിലെ കായികതാരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക പരിശീലനം നൽകുന്നതിന് വിനിയോഗിച്ചും സംരക്ഷിച്ചും വരുന്നു.

**സ്പോർട്സ് നയം**

90 (4457) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതിയ 'സ്പോർട്സ് നയം' നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലുള്ള സ്പോർട്സ് നയവും ഇനി പുതിയതായി നിലവിൽ വരാൻ പോകുന്ന സ്പോർട്സ് നയവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് സമഗ്രമായ കായികനയം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. "കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് യഥാർത്ഥ കായിക പ്രതിഭകളെ കണ്ടെത്തി സമഗ്ര പരിശീലനം ലഭ്യമാക്കുക" എന്നത് പുതിയ നയത്തിന്റെ ഭാഗമാണ്.

**വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം**

91 (4458) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) സ്കൂളുകളിൽ കായിക പരിശീലനത്തിന്റെ ഭാഗമായി നീന്തൽ പരിശീലനം നിർബന്ധമാക്കുമോ;

(സി) സ്കൂളുകളിൽ നിന്ന് മികച്ച നീന്തൽ താരങ്ങളെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന് സ്വിം ആന്റ് സർവൈവ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെടുന്ന മുങ്ങിമരണങ്ങളുടെ എണ്ണം വളരെ കൂടുതലാണെന്നും അതിൽ കുട്ടികളാണ് ഏറെയും എന്ന വസ്തുതകളുടെ വെളിച്ചത്തിൽ പ്രസ്തുത സാഹചര്യത്തെ അതിജീവിക്കുന്നതിന് സ്കൂളിൽ പഠിക്കുന്ന കുട്ടികൾ (5 മുതൽ 12 വയസ്സ് വരെ) നീന്തൽ പരിശീലനം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ടി പദ്ധതി നടപ്പിലാക്കിവന്നത്. സ്കൂളുകളിൽ പോർട്ടബിൾ സ്വിമ്മിംഗ് പൂൾ സ്ഥാപിച്ചാണ് പരിശീലനം നൽകുന്നത്. 2012-ൽ ആരംഭിച്ച ഈ പദ്ധതി വഴി വിവിധ ജില്ലകളിലെ എണ്ണായിരത്തിലധികം കുട്ടികൾ പരിശീലനം നേടി.

സ്വിം ആന്റ് സർവൈവ് പദ്ധതി എല്ലാ സ്കൂളുകളിലും വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്കൂളുകളിൽ നിന്നുള്ള മികച്ച നീന്തൽ താരങ്ങളെ കണ്ടെത്തി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്കൂൾ സ്പോർട്സ് ഹോസ്റ്റൽ സ്കീമിൽ ഉൾപ്പെടുത്തി വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു.

**എല്ലാവർക്കും വൈദ്യുതി**

92 (4459) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ 'എല്ലാവർക്കും വൈദ്യുതി' എന്ന പദ്ധതി കൊണ്ട് ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന ജനങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്ന് വിവരിക്കുമോ;

(ബി) പദ്ധതി തടസ്സപ്പെടുത്താൻ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ശ്രമിക്കുന്നു എന്ന വാർത്തയിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമ്പൂർണ

വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ബി.പി.എൽ. വിഭാഗക്കാർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാനും എ.പി.എൽ. വിഭാഗത്തിലുള്ളവർക്ക് സർവീസ് ലൈനിനുള്ള തുക മാത്രം ഈടാക്കി വൈദ്യുതി കണക്ഷൻ നൽകാനുമാണ് ഉദ്ദേശിക്കുന്നത്. വീടുകൾക്കുപുറമെ അംഗനവാടികൾകൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി എത്തിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത പദ്ധതി 2017 മാർച്ചോടുകൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**കെ.എസ്.ഇ.ബി. വഴി വിതരണം ചെയ്യുന്ന എൽ.ഇ.ഡി. ബൾബുകൾ**

93 (4460) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. വഴി വിതരണം ചെയ്യുന്ന എൽ.ഇ.ഡി. ബൾബുകൾ എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കിയോ; ഇല്ലെങ്കിൽ ഏതൊക്കെ ജില്ലകളിൽ വിതരണം പൂർത്തിയാക്കിയെന്നും ബാക്കിയുള്ള ജില്ലകളിൽ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ;

(ബി) ഗ്യാരന്റി കാലാവധിക്കുള്ളിൽ കേട് സംഭവിക്കുന്ന എൽ.ഇ.ഡി. ബൾബുകൾ മാറ്റി നൽകാൻ കെ.എസ്.ഇ.ബി. സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വഴി വിതരണം ചെയ്യുന്ന എൽ.ഇ.ഡി. ബൾബുകൾ ഇതുവരെ 37.5 ലക്ഷത്തോളം ഗാർഹിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ബൾബിന്റെ വിതരണം നടന്നുവരുന്നു. ബൾബിന്റെ വിതരണം ഒരു ജില്ലയിലും പൂർത്തിയായിട്ടില്ല. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യന്റ് സർവ്വീസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ.)-മായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇ.ഇ.എസ്.എൽ. ബാക്കി ബൾബുകൾ വാങ്ങി നൽകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

(ബി) ഗ്യാരന്റി കാലാവധിക്കുള്ളിൽ കേടുസംഭവിക്കുന്ന എൽ.ഇ.ഡി. ബൾബുകൾ മാറ്റി നൽകാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്.

ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) വഴി വിതരണം ചെയ്യുന്ന എൽ.ഇ.ഡി. ബൾബുകൾക്ക് മൂന്ന് വർഷമാണ് ഗ്യാരന്റി കാലാവധി. ഗ്യാരന്റി കാലാവധിക്കുള്ളിൽ കേടുസംഭവിക്കുന്ന എൽ.ഇ.ഡി ബൾബുകൾ ഇ.ഇ.എസ്.എൽ. മാറ്റി നൽകുന്നതിനുള്ള സംവിധാനം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരുക്കിയിട്ടുണ്ട്.

**കെ.എസ്.ഇ.ബി.-യുടെ നഷ്ടം കുറച്ചുകൊണ്ടുവരാൻ നടപടി**

94 (4461) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ഇ.ബി. യുടെ കടബാധ്യത എത്ര കോടി രൂപയാണ്;

(ബി) വൻകിട വ്യവസായികളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുത്ത് കെ.എസ്.ഇ.ബി.-യുടെ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി.-ക്ക് 30-9-2016 കണക്ക് പ്രകാരം ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണായും ഓവർഡ്രാഫ്റ്റായും 6390 കോടി രൂപയുടെ കടബാധ്യതയുണ്ട്.

(ബി) എച്ച്.റ്റി., ഇ.എച്ച്.റ്റി. വിഭാഗത്തിലെ സ്വകാര്യ വൻകിട വ്യവസായ ഉപഭോക്താക്കളിൽനിന്നും പിരിഞ്ഞു കിട്ടേണ്ടുന്ന 398.86 കോടി രൂപയിൽ 191.03 കോടി രൂപ കോടതി നടപടികൾ വേഗത്തിലാക്കിയും ശേഷമുള്ള 207.83 കോടി രൂപ പ്രസ്തുത ഉപഭോക്താക്കളിൽനിന്നും വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചും കുടിശ്ശിക നോട്ടീസ് നൽകിയും ഡിസ്മാന്റിൽ ചെയ്തും റവന്യൂ റിക്കവറി നടപടി മുഖേനയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**കെ.എസ്.ഇ.ബി. യിലെ സീനിയർ അസിസ്റ്റന്റ് തസ്തിക**

95 (4462) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. യിലെ സീനിയർ അസിസ്റ്റന്റ് തസ്തികയിലെ ജോലികൾ/സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സീനിയർ അസിസ്റ്റന്റ്, കാഷ്യർ തസ്തികകളുടെ അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) സീനിയർ അസിസ്റ്റന്റുമാരെ കാഷ്യർ തസ്തികയിലേക്ക് മാറ്റി നിയമിക്കുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരമെന്ന് വ്യക്തമാക്കുമോ;

(ഡി) കാഷ്യർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാതെ സീനിയർ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാർ വഴി നികത്തുന്ന സാഹചര്യമുണ്ടോ; എങ്കിൽ ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സെക്ഷൻ ഓഫീസുകളിൽ സീനിയർ അസിസ്റ്റന്റ് തസ്തികയിലെ ജോലികൾ/സേവനങ്ങൾ പ്രതിപാദിച്ചിട്ടുള്ള ഉത്തരവിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) സീനിയർ അസിസ്റ്റന്റ്, കാഷ്യർ തസ്തികകളിൽ പ്രത്യേക അനുപാതം നിശ്ചയിച്ചിട്ടില്ല.

(സി & ഡി) ഇല്ല. എന്നാൽ കാഷ്യർമാർ അവധിയിലാവുകയോ, മറ്റുകാരണങ്ങളാലോ ഉണ്ടാകുന്ന ഒഴിവിൽ (അഭാവത്തിൽ) താൽക്കാലികമായി കാഷ് കളക്ഷൻ ജോലികളിൽ തടസ്സം ഉണ്ടാകാതിരിക്കുന്നതിനും ഉപഭോക്താക്കൾക്ക് നൽകുന്ന സേവനത്തിൽ തടസ്സങ്ങളോ കുറവുകളോ ഉണ്ടാകാതിരിക്കുന്നതിനുംവേണ്ടി താത്കാലികമായി കാഷ്യറുടെ പ്രവൃത്തികൾ ചെയ്യുന്നതിന് സീനിയർ അസിസ്റ്റന്റിനേയും നിയോഗിക്കാറുണ്ട്. ഇത് സീനിയർ അസിസ്റ്റന്റിന്റെ കർത്തവ്യങ്ങൾ, ചുമതലാബോധങ്ങൾ എന്നിവ പ്രതിപാദിക്കുന്ന ചട്ടപ്രകാരമാണ്. കാഷ്യർ തസ്തികയിൽ ഇൻ-സർവ്വീസ് ക്വാട്ടയിലെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു.

**കെ.എസ്.ഇ.ബി.-യിൽ കാഷ്യർ തസ്തികയിലെ നിയമനം**

96 (4463) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി-യിൽ കാഷ്യർ തസ്തികയിലെ എത്ര ശതമാനം ഒഴിവുകളാണ് തസ്തികമാറ്റം വഴി നികത്തപ്പെടേണ്ടതെന്ന് വെളിപ്പെടുത്തുമോ;

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 1-1-2012-ന ശേഷം ഇതുവരെ തസ്തികമാറ്റം വഴി കാഷ്യർ തസ്തികയിൽ നടന്ന നിയമനത്തിന്റെ വിശദവിവരം ഒഴിവുകളുടെ എണ്ണം, റിപ്പോർട്ട് ചെയ്ത തീയതി എന്നിവ സഹിതം ലഭ്യമാക്കുമോ;

(സി) 1-1-2012-ന ശേഷം കാഷ്യർ തസ്തികയിൽ നടന്ന തസ്തിക മാറ്റത്തിന് ആനുപാതികമായി എത്ര പുതിയ ഒഴിവുകളാണ് പി.എസ്.സി. റിപ്പോർട്ട് ചെയ്യേണ്ടത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാഷ്യർ തസ്തികയിലെ മൊത്തം എണ്ണത്തിന്റെ 20% തസ്തിക മാറ്റം വഴി നികത്തപ്പെടണം.

(ബി)

| തീയതി | എണ്ണം |
|---|---|
| 22-6-2012 | 3 |
| 9-7-2012 | 1 |
| 25-8-2012 | 4 |
| 22-10-2012 | 1 |
| 18-2-2013 | 4 |
| 10-4-2013 | 4 |
| 26-4-2013 | 1 |
| 16-5-2013 | 1 |
| 1-7-2013 | 1 |
| 27-12-2013 | 6 |
| 20-2-2014 | 1 |
| 19-5-2014 | 1 |
| 30-8-2014 | 4 |
| 1-11-2014 | 120 |

(സി) തസ്തിക മാറ്റത്തിന് ആനുപാതികമായി പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതില്ല. ഓപ്പൺ ക്വാട്ടയിലെ ഒഴിവുകളും തസ്തികമാറ്റംവഴി നികത്തേണ്ട ഒഴിവുകളും കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുന്നുണ്ട്.

## കെ.എസ്.ഇ.ബി. മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ

97 (4464) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള മീറ്റർ റീഡർമാരുടെ എണ്ണം എത്രയെന്നും, ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

നിലവിൽ 855 പേർ സ്ഥിര ജീവനക്കാരായി പ്രവർത്തിക്കുന്നു. ഇപ്പോൾ 532 ഒഴിവുകൾ ഉണ്ട്. എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ തസ്തികയിലും എത്ര എണ്ണം ജീവനക്കാരാണ് ആവശ്യമെന്നത് ഉൾപ്പെടെ വിശദമായ പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തുകയും റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് പഠിച്ച് അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആവശ്യമായ തസ്തികകളും, അതിലെ ഒഴിവുകളും എത്രയെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

## കെ.എസ്.ഇ.ബി.-യുടെ വിതരണ ലൈനുകൾ ഭൂഗർഭ ലൈനുകളാക്കി മാറ്റുന്നതിന് പദ്ധതികൾ

98 (4465) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ കെ.എസ്.ഇ.ബി.യുടെ വിതരണ ലൈനുകൾ ഭൂഗർഭ ലൈനുകളാക്കി മാറ്റുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിലേക്കായി സമയബന്ധിത പദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ R-APDRP-യിൽ ഉൾപ്പെടുത്തി അണ്ടർ ഗ്രൗണ്ട് കേബിളുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നുണ്ട്. IPDS പദ്ധതിപ്രകാരവും അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി & സി) R-APDRP-ൽ ഉൾപ്പെടുത്തി 43 ടൗണുകളിലായി നാളിതുവരെ 966 Km കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. IPDS പദ്ധതി പ്രകാരം 193 Km അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യിൽ ഒഴിവുള്ള തസ്തികകൾ

99 (4466) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിൽ എത്ര തസ്തികകൾ ഒഴിവുണ്ട്; വ്യക്തമാക്കുമോ;

(ബി) ഒഴിവുള്ള തസ്തികകൾ ഏതെല്ലാമാണെന്നും, എത്ര വീതമാണെന്നും വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

### ഉത്തരം

(എ) 19 തസ്തികകളിൽ ഒഴിവുണ്ട്. ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ, പേഴ്സണൽ അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ, സീനിയർ അസിസ്റ്റന്റ്, കാഷ്യർ, മീറ്റർ റീഡർ, ഓവർസീയർ, ലൈൻമാൻ, ഡ്രൈവർ, വർക്കർ, ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ്, സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ്, ഫെയർകോപ്പി സൂപ്രണ്ട്, സീനിയർ ഫെയർകോപ്പി സൂപ്രണ്ട്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്.

(ബി) ഒഴിവുള്ള തസ്തികകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | ഡെപ്യൂട്ടിചീഫ് അക്കൗണ്ട്സ് ഓഫീസർ | 1 |
| 2. | പേഴ്സണൽ അസിസ്റ്റന്റ് | 3 |
| 3. | സീനിയർ സൂപ്രണ്ട് | 4 ഒഴിവുകൾ (പ്രൊമോഷൻ വഴി നികത്തേണ്ടത്) |
| 4. | അസിസ്റ്റന്റ് എഞ്ചിനീയർ | 91 ഒഴിവുകൾ (പി.എസ്.സി.വഴി നികത്തേണ്ടത്). പ്രൊമോഷൻവഴി നികത്തേണ്ട 262 ഒഴിവുകൾ |

| | | |
|---|---|---|
| 5. | സബ് എഞ്ചിനീയർ | പി.എസ്.സി. വഴി നികത്തേണ്ട 24 ഒഴിവുകൾ, പ്രൊമോഷൻ വഴി നികത്തേണ്ട 606 ഒഴിവുകൾ |
| 6. | സീനിയർ അസിസ്റ്റന്റ് | പ്രൊമോഷൻ വഴി നികത്തേണ്ട 413 ഒഴിവുകൾ |
| 7. | കാഷ്യർ | പി.എസ്.സി. വഴി നികത്തേണ്ട 428 ഒഴിവുകൾ, പ്രൊമോഷൻ വഴി നികത്തേണ്ട 76 ഒഴിവുകൾ |
| 8. | മീറ്റർ റീഡർ | പി.എസ്.സി. വഴി നികത്തേണ്ട 532 ഒഴിവുകൾ, പ്രൊമോഷൻ വഴി നികത്തേണ്ട 334 ഒഴിവുകൾ |
| 9. | ഓവർസീയർ | പ്രൊമോഷൻ വഴി നികത്തേണ്ട 598 ഒഴിവുകൾ |
| 10. | ലൈൻമാൻ I & II | പ്രൊമോഷൻ വഴി നികത്തേണ്ട 68 ഒഴിവുകൾ |
| 11. | ഡ്രൈവർ | 144 |
| 12. | വർക്കർ | പി.എസ്.സി. വഴി നികത്തേണ്ട 5 ഒഴിവുകൾ |
| 13. | ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 31 |
| 14. | സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | പ്രൊമോഷൻ വഴി നികത്തേണ്ട 25 ഒഴിവുകൾ |
| 15. | ഫെയർകോപ്പി സൂപ്രണ്ട് | പ്രൊമോഷൻ വഴി നികത്തേണ്ട 1 ഒഴിവ് |
| 16. | സീനിയർ ഫെയർകോപ്പി സൂപ്രണ്ട് | പ്രൊമോഷൻ വഴി നികത്തേണ്ട 3 ഒഴിവ് |
| 17. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 24 |
| 18. | സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | പ്രൊമോഷൻ വഴി നികത്തേണ്ട 16 ഒഴിവുകൾ |
| 19. | സബ് എഞ്ചിനീയർ (സിവിൽ) | പ്രൊമോഷൻ വഴി നികത്തേണ്ട 11 ഒഴിവുകൾ |

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള അക്കൗണ്ട്സ്/ഫിനാൻസ് ഓഫീസേഴ്സിൽനിന്നും പ്രൊമോഷൻ നൽകി ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പേഴ്സണൽ അസിസ്റ്റന്റായി പ്രൊമോഷൻ ലഭിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ള ജൂനിയർ പേഴ്സണൽ അസിസ്റ്റന്റ് ഇല്ലാത്തതിനാൽ പ്രസ്തുത ഒഴിവ് നികത്തുവാൻ സാധിച്ചിട്ടില്ല.

വർക്കറുടെ 5 ഒഴിവുകളും അസിസ്റ്റന്റ് എഞ്ചിനീയറുടെ 91 ഒഴിവുകളും പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. സബ് എഞ്ചിനീയർ ഇലക്ട്രിക്കലിന്റെ 24 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൊമോഷൻ (അപ്പോയിന്റ്മെന്റ് ബൈ ട്രാൻസ്ഫർ) വഴി നികത്തേണ്ട കാഷ്യർ 20 ശതമാനം ക്വാട്ടയിലെ 76, മീറ്റർ റീഡറുടെ തസ്തികയിലെ 25 ശതമാനം ക്വാട്ടയിലെ 334, സബ് എഞ്ചിനീയർ (സിവിൽ) തസ്തികയിലെ 11 എണ്ണം എന്നീ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 32800 ഓളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27175 ജീവനക്കാരുടെ ശമ്പള/ആനുകൂല്യങ്ങൾ നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ നിലവിൽ 5625 ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ഇല്ലാതെ ആയതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശാനുസരണം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഓരോ തസ്തികയുടെ ആവശ്യകതയും അതിൽ എത്ര എണ്ണം ജീവനക്കാർ വേണമെന്നതും ഉൾപ്പെടെ വിശദമായ പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ട് വിശകലനം ചെയ്ത് മാത്രമേ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഏറ്റവും അനിവാര്യമായ ജീവനക്കാരുടെ എണ്ണം കണക്കാക്കാൻ കഴിയൂ.

## കെ.എസ്.ഇ.ബി. കാഷ്യർ തസ്തിക

100 (4467) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യിൽ കാഷ്യർ തസ്തികയിൽ ജോലി നോക്കുന്ന സീനിയർ അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ പേര്, എംപ്ലോയി കോഡ്, എണ്ണം എന്നിവ വ്യക്തമാക്കുന്ന പട്ടിക ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ് തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കാഷ്യർ തസ്തികയിൽ ജോലി നോക്കുന്ന സീനിയർ അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ പേര്, എംപ്ലോയി കോഡ്, എണ്ണം എന്നിവ വ്യക്തമാക്കുന്ന പട്ടിക ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ് തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പുതിയ ജലവൈദ്യുത പദ്ധതികൾ

101 (4468) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉത്പാദനത്തിൽ ഭൂരിഭാഗവും ഉത്പാദിപ്പിക്കുന്നത് ജല വൈദ്യുത പദ്ധതികളിൽ നിന്നായിരിക്കേ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗത്തിനനുസൃതമായി പുതിയ ജല വൈദ്യുത പദ്ധതികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള ജല വൈദ്യുത പദ്ധതികൾ ഓരോന്നും ഏത് വർഷം നിർമ്മാണം ആരംഭിച്ചു, എന്നു മുതൽ വൈദ്യുതി ഉത്പാദനം ആരംഭിച്ചു, ഓരോന്നിലും ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ് എന്നിവ സംബന്ധിച്ച വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് വൻകിട വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നിരവധി കടമ്പകളും സാങ്കേതിക പ്രശ്നങ്ങളും ഉള്ള സാഹചര്യത്തിൽ ചെറുകിട ജല വൈദ്യുത പദ്ധതികൾ വഴി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്നും, എത്ര ശതമാനം നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും ഓരോ പദ്ധതിയിൽനിന്നും പ്രതീക്ഷിക്കുന്ന വൈദ്യുതി ഉല്പാദനത്തിന്റെ അളവ് എത്രയാണെന്നും വിശദമാക്കാമോ;

(ഇ) ഈ മേഖലയുമായി ബന്ധപ്പെട്ട് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഇനിയും സംസ്ഥാനത്ത് എവിടെയൊക്കെ ചെറുകിട ജല വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ കഴിയും എന്ന് നിർണ്ണയിച്ചിട്ടുണ്ടോ; സമയബന്ധിതമായി ഇവയുടെ നിർമ്മാണം ആരംഭിക്കാനും സംസ്ഥാനത്തുണ്ടാകുന്ന വൈദ്യുത കമ്മി ചെലവ് കുറഞ്ഞ രീതിയിൽ മറികടക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നുണ്ട്. പാരിസ്ഥിതി കാനുമതി/വനഭൂമി വനേതര പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള അനുമതി എന്നിവ ലഭിക്കുന്നതിന് നേരിടുന്ന തടസ്സങ്ങളും കാലതാമസവും പദ്ധതിക്കുവേണ്ട സ്ഥലമേറ്റെടുക്കാനുള്ള കാലതാമസവും ജലവൈദ്യുതി പദ്ധതികൾ നടപ്പാക്കുന്നതിന് പ്രധാന തടസ്സമാകുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ വർഷം വൈദ്യുത ഉത്പാദനം ആരംഭിച്ചതും ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ് എന്നിവ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വൻകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ നിരവധി കടമ്പകളും സാങ്കേതിക പ്രശ്നങ്ങളും ഉള്ള സാഹചര്യത്തിൽ ചെറുകിട ജലവൈദ്യുതി പദ്ധതികൾ വഴി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നിർമ്മാണം നടന്നുവരുന്ന 6 ചെറുകിട ജലവൈദ്യുത പദ്ധതികൾ (59 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തിയാക്കാനും (14) ജലവൈദ്യുത പദ്ധതികളും (149 മെഗാവാട്ട്) സ്ഥലമെടുപ്പ് പൂർത്തിയാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ 13 പദ്ധതികൾ (109 MW) ചെറുകിട പദ്ധതിയാണ്. കൂടാതെ പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുന്നതിനും അവയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സർവ്വേയും അനുബന്ധ ജോലികളും പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ

| | | |
|---|---|---|
| 1 | പൊരിങ്ങൽകുത്ത് | 24 മെഗാവാട്ട് (51 % പണി പൂർത്തിയായി.) |
| 2 | ഭൂതത്താൻകെട്ട് | 24 മെഗാവാട്ട് (36 % പണി പൂർത്തിയായി.) |
| 3 | പെരുന്തേനരുവി | 6 മെഗാവാട്ട് (84 % പണി പൂർത്തിയായി.) |
| 4 | അപ്പർ കല്ലാർ | 2 മെഗാവാട്ട് (12-8-2016-ൽ നിർമ്മാണം ആരംഭിച്ചു.) |
| 5 | കക്കയം | 3 മെഗാവാട്ട് (68 % പണി പൂർത്തിയായി.) |
| 6 | ചാത്തൻകോട്ടുനട-II | 6 മെഗാവാട്ട് (20 % പണി പൂർത്തിയായി.) |

(ഇ) പഠനം നടത്തിയിട്ടുണ്ട്. 15 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഡി.പി.ആർ. പൂർത്തിയാക്കി ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കേരളത്തിലെ വിവിധ നദികളിലായി 600 MW ശേഷിവരുന്ന ആയിരത്തോളം ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ കഴിയും. സ്വകാര്യ മേഖലയിലൂടെ CPP/IPP വിഭാഗത്തിൽ 99MW ശേഷിവരുന്ന 55 ചെറുകിട ജലവൈദ്യുത പദ്ധതികൾ "BOOT" അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള മത്സര ദർഘാസിന്റെ രണ്ടാംഘട്ടം (RFP) പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ**

102 (4469) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനും കെ.എസ്.ഇ.ബി.-യുമായി അഭിപ്രായ വ്യത്യാസം നിലനില്ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് അഭിപ്രായ വ്യത്യാസമുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 108 പ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകേണ്ടി വന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ വാണിജ്യ ആവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് എന്തൊക്കെ മാറ്റങ്ങളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റെഗുലേറ്ററി കമ്മീഷൻ 2014-ൽ പുറപ്പെടുവിച്ച താരിഫ് റഗുലേഷൻ ഇലക്ട്രിസിറ്റി നിയമത്തിലേയും ദേശീയ താരിഫ് നയത്തിലേയും വ്യവസ്ഥകളിൽ നിന്നും കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പിൻതുടരുന്ന മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിക്കുന്നതായി ചൂണ്ടിക്കാട്ടി കെ.എസ്.ഇ.ബി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കാനിടയായിട്ടുണ്ട്. കൂടാതെ 2006-ൽ സംസ്ഥാന സർക്കാർ റഗുലേറ്ററി കമ്മീഷന് ഇലക്ട്രിസിറ്റി നിയമത്തിലെ 108-ാം വകുപ്പ് പ്രകാരം നൽകിയ നിർദ്ദേശങ്ങൾ പാലിക്കാതെ കെ.എസ്.ഇ.ബി.-യിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വരുന്നതും കെ.എസ്.ഇ.ബി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി 2017 മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കേണ്ട സാഹചര്യത്തിലും കേന്ദ്ര സർക്കാരിന്റെ "Ease of doing business initiative" -ന്റെ ഭാഗമായും വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് സപ്ലൈ കോഡ് 2014 ഭേദഗതി വരുത്തുന്നതിന് സംസ്ഥാന റഗുലേറ്ററി കമ്മീഷന് സെക്ഷൻ 108 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് എല്ലാ വിഭാഗത്തിലുംപെടുന്ന ഉപഭോക്താക്കൾക്കും വൈദ്യുതി കണക്ഷൻ ലഭിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ, അപേക്ഷാ ഫോറം കൂടുതൽ ലഘൂകരിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനായി അപേക്ഷകന്റെ കണക്റ്റഡ് ലോഡിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ നൽകേണ്ട തുക കണക്കിലാക്കുന്ന രീതി സ്വീകരിക്കുന്നതിനും 100 കെ.വി.എ. യ്ക്ക് മുകളിൽ കണക്റ്റഡ് ലോഡുള്ള ഉപഭോക്താക്കൾക്ക് മുൻകൂട്ടി അപേക്ഷ നൽകാനുള്ള അവസരം ലഭ്യമാക്കുക എന്നീ നിർദ്ദേശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പ്രസരണ മേഖലയിലെ വൈദ്യുതിനഷ്ടം

103 (4470) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി പ്രസരണ മേഖലയിൽ പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതിനഷ്ടം ഉണ്ടാകുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

വൈദ്യുതി പ്രസരണ മേഖലയിൽ പ്രതിദിനം ഏകദേശം മൂന്ന് മില്യൻ യൂണിറ്റ് വൈദ്യുതിനഷ്ടം ഉണ്ടാകുന്നുണ്ട്.

## ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുവാൻ കർമ്മ പദ്ധതി

104 (4471) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. വി. ഡി. സതീശൻ :</u>
<u>ശ്രീ. എ. പി. അനിൽ കുമാർ :</u>
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ വിതരണ രംഗം ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിവരിക്കുമോ;

(ബി) എത്ര പുതിയ വൈദ്യുതി കണക്ഷനുകളാണ് ഒരു വർഷകാലയളവിനുള്ളിൽ നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി ഏതെല്ലാം വിതരണ ലൈനുകളാണ് കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ രംഗത്ത് മുൻസർക്കാർ ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ (RAPDRP), DDUGJY, IPDS തുടങ്ങിയവ) ബോർഡിന്റെ തനത് ഫണ്ടുപയോഗിച്ചുള്ള വാർഷിക പദ്ധതി എന്നിവയിലൂടെയാണ് വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്താൻ

ഉദ്ദേശിക്കുന്നത്. 11 കെ. വി. ലൈൻ നിർമ്മാണം, എൽ.റ്റി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, റീം കണ്ടക്ടറിംഗ്, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ എന്നീ പ്രവൃത്തികളാണ് ടി പദ്ധതികൾവഴി നടപ്പിലാക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ വിതരണ മേഖലയിൽ 400000-ത്തോളം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാനും 3050 കിലോമീറ്റർ 11 കെ.വി. ലൈൻ, 3500 കിലോമീറ്റർ എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുവാനും 3300 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും 2900 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുവാനും 1250 കിലോമീറ്റർ 11 കെ.വി. ലൈനിന്റെയും 10000 കിലോമീറ്റർ എൽ.റ്റി ലൈനിന്റെയും ശേഷി വർദ്ധിപ്പിക്കുവാനും 14.16 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ വഴി വിതരണ മേഖലയിലെ വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, ഗ്രാമീണ മേഖലയ്ക്ക് ഊന്നൽ നൽകി കൂടുതൽ വൈദ്യുതി കണക്ഷനുകൾ നൽകുക എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിതരണ നഷ്ടം കുറയ്ക്കുന്നതിനായി ലൈനിൽ വേണ്ട അറ്റകുറ്റപ്പണികൾ നടത്തുക, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം 116240 ഉപഭോക്താക്കളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബി.പി.എൽ. വിഭാഗക്കാർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാനും എ.പി.എൽ. വിഭാഗത്തിലുള്ളവർക്ക് സർവ്വീസ് ലൈനിനുള്ള തുക മാത്രം ഈടാക്കി വൈദ്യുതി കണക്ഷൻ നൽകാനുമാണ് ഉദ്ദേശിക്കുന്നത്. ടി പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കിവരുന്നു. 31-3-2017-ഓടുകൂടി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) മുൻ സർക്കാരിന്റെ 5 വർഷത്തെ ഭരണകാലയളവിൽ വിതരണ മേഖലയിൽ 2099316 സർവ്വീസ് കണക്ഷനുകൾ നൽകുകയും 9989 കിലോമീറ്റർ 11 കെ. വി. ലൈൻ 19284 കിലോമീറ്റർ എൽ.റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും 16348 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 13272 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

**സോളാർ എനർജി**

105 (4472) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ എനർജിയുടെ വിപുലമായ സാദ്ധ്യതകൾ പരിശോധിച്ച് സോളാർ എനർജി കൂടുതൽ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) അനർട്ട്-നെ കൂടുതൽ ശാക്തീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അനർട്ട്വഴി നൽകുന്ന സബ്സിഡികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നും വൈദ്യുതി ഉല്പ്പാദിപ്പിക്കുന്നതിനായി KSEB നടപ്പിലാക്കിയിട്ടുള്ളതും നിർമ്മാണം നടന്നുവരുന്നതും ആവിഷ്കരിച്ചിട്ടുള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

സോളാർ എനർജി കൂടുതൽ ഉത്പാദിപ്പിക്കുന്നതിനായി 2016-17 വർഷം അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികളിലൂടെ 25.4 മെഗാവാട്ട് ശേഷിയുള്ള സൗരവൈദ്യുത പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്:

2 മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ സ്ഥാപിക്കുന്ന പദ്ധതി- ഇതിൻപ്രകാരം ആകെ 19 മെഗാവാട്ട് സോളാർ പവർ പ്ലാന്റുകൾ 30 ശതമാനം കേന്ദ്ര സബ്സിഡി, 7,200 രൂപ/കിലോവാട്ട് സംസ്ഥാന സബ്സിഡി എന്നിവ നൽകി സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

1 മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കായി സ്ഥാപിച്ച

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുന്ന പദ്ധതി- ഈ പദ്ധതിയിലൂടെ 6.4 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. കിലോവാട്ടിന് 22,500 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയും 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയും പ്രയോജനപ്പെടുത്തും.

കൂടാതെ 11500 സ്ക്വയർ മീറ്റർ കളക്ടർ ഏര്യയുള്ള സോളാർ വാട്ടർ ഹീറ്റിംഗ് സംവിധാനങ്ങൾ സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകുക, 1 മുതൽ 5 എച്ച്.പി വരെ ശേഷിയുള്ള സോളാർ വാട്ടർ പമ്പുകൾ കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി സ്ഥാപിച്ചുനൽകുക, സോളാർ കോൺസൻട്രേറ്റർ കളക്ടർ ടൈപ്പ് സ്റ്റീം ജനറേഷൻ സിസ്റ്റംസ് കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകുക എന്നീ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) പരിശോധിക്കുവാൻ നിർദ്ദേശം നൽകും.

(സി) അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്ന ഗുണഭോക്താക്കൾക്ക് 2016-17 വർഷം അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം സബ്സിഡികൾ നൽകുന്നു:

2 മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും സബ്സിഡിയോടെ സ്ഥാപിക്കുന്ന പദ്ധതിയിൻപ്രകാരം ആകെ 19 മെഗാവാട്ട് സോളാർ പവർ പ്ലാന്റുകൾ 30 ശതമാനം കേന്ദ്ര സബ്സിഡി, 7,200 രൂപ/കിലോവാട്ട് സംസ്ഥാന സബ്സിഡി എന്നിവ നൽകി സ്ഥാപിക്കുക.

1 മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ എല്ലാ വിഭാഗത്തിലുമുള്ള ഗുണഭോക്താക്കൾക്കായി കിലോവാട്ടിന് 22,500 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയും 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയും നൽകി സ്ഥാപിക്കുക.

ഗാർഹിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഫ്ലാറ്റ് പ്ലേറ്റ് കളക്ടർ മാതൃകയിലുള്ള സോളാർ വാട്ടർഹീറ്ററുകൾ സ്ഥാപിക്കുന്നതിന് ഓരോ 100 ലിറ്റർ പ്രതിദിന ശേഷിക്കും 3,000 രൂപ പ്രകാരം 2,000 എണ്ണത്തിനും ഇവാക്യുവേറ്റഡ് ട്യൂബ് കളക്ടർ മാതൃകയിലുള്ള സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്നതിന് ഓരോ 100 ലിറ്റർ പ്രതിദിന ശേഷിക്കും 4,000 രൂപ പ്രകാരം 5,000 എണ്ണത്തിനും സബ്സിഡി നൽകി സ്ഥാപിക്കുക.

മെച്ചപ്പെട്ട വിറകടുപ്പുകൾക്കായുള്ള പദ്ധതി പ്രകാരം എസ്. സി./എസ്.ടി./ ടോട്ടൽ ഹൗസിംഗ് സ്കീം പദ്ധതി പ്രകാരം സ്ഥാപിക്കുന്ന അടുപ്പുകൾക്ക് 2500 രൂപ സബ്സിഡിയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിർമ്മിക്കുന്ന കമ്മ്യൂണിറ്റി അടുപ്പുകൾക്ക് 6,000 രൂപ സബ്സിഡിയും നൽകുക.

1 എച്ച്.പി. മുതൽ 5 എച്ച്.പി. വരെ ശേഷിയുള്ള സോളാർ വാട്ടർ പമ്പുകൾ 1 എച്ച്.പി.-ക്ക് 50000 രൂപ സബ്സിഡി നിരക്കിൽ സ്ഥാപിച്ചുനൽകുക.

സോളാർ കോൺസൻട്രേറ്റർ കളക്ടർ ടൈപ്പ് സ്റ്റീം ജനറേഷൻ സിസ്റ്റംസ് മീറ്റർ സ്ക്വയറിന് 2,000 രൂപ (ആകെ ശേഷി 1500 മീറ്റർ സ്ക്വയർ) സബ്സിഡി നിരക്കിൽ സ്ഥാപിച്ചുനൽകുക.

**ഊർജ്ജ സംരക്ഷണം**

106 (4473) <u>ശ്രീ. കെ. എം. ഷാജി:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. ടി .എ. അഹമ്മദ് കബീർ:</u>
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിൽ കുട്ടികൾക്കും വിദ്യാർത്ഥികൾക്കും പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുട്ടികളിലും സ്കൂൾ വിദ്യാർത്ഥികളിലും ഊർജ്ജസംരക്ഷണ അവബോധം വളർത്തിയെടുക്കുന്ന തരത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കുട്ടികളിലും സ്കൂൾ വിദ്യാർത്ഥികളിലും ഊർജ്ജ സംരക്ഷണ അവബോധം വളർത്തിയെടുക്കുന്ന തരത്തിൽ സ്കൂൾ കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി. താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. ഇ.സി.ഇ.ഇ. (എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി) വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുത്തുന്നതിലേയ്ക്കായി നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്.) മായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216

ഗാർഹിക ഉപഭോക്താക്കളുടെ വീട് സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2. കെ.എസ്.ഇ.ബി.എൽ.-ന്റെ സബ് ഡിവിഷൻ തലത്തിലുള്ള 211 ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകുകയും ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഒന്നരലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു. എനർജി വോളന്റിയേഴ്സ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തിവരുന്നു.

<u>ഇ.എം.സി. താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:</u>

സ്മാർട്ട് എനർജി പ്രോഗ്രാം (എസ്.ഇ.പി) യുടെ ഭാഗമായി 2015-16-ൽ 41 വിദ്യാഭ്യാസ ജില്ലകളിലായി 1561 സ്കൂളുകളെ ഉൾപ്പെടുത്താൻ സാധിച്ചു. ഇതിന്റെ ഭാഗമായി ഏകദേശം 78050 കുട്ടികൾക്ക് (ഹൈസ്കൂൾ, യു.പി. തലങ്ങളിൽ) ബോധവൽക്കരണം നൽകി. ഒരു റവന്യൂ ജില്ലയിൽ 5 സ്കൂളുകൾ എന്ന നിലയിൽ 70 സ്കൂളുകളെ ഊർജ്ജ സംരക്ഷണ വിദ്യാഭ്യാസ സ്ഥാപനമായി മാറ്റുന്നതിന്റെ ഭാഗമായി 25,000 രൂപയോളം വിലവരുന്ന ഊർജ്ജ കാര്യക്ഷമതയുള്ള എൽ.ഇ.ഡി. വിളക്കുകളും ഫാനുകളും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഈ വർഷം 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നും 150 സ്കൂളുകൾ എന്ന നിലയ്ക്ക് 6150 സ്കൂളുകളെയാണ് സ്മാർട്ട് എനർജി പ്രോഗ്രാമിൽ എൻറോൾ ചെയ്യാനാണ് ലക്ഷ്യം വച്ചിട്ടുള്ളത്. 307500 കുട്ടികളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

**ചെറുകിട ജലവൈദ്യുത നയം**

107 (4474) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>:

<u>ശ്രീ. കെ. സി. ജോസഫ്</u>:

<u>ശ്രീ. അൻവർ സാദത്ത്</u>:

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നയം നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇതിനായി ഏതൊക്കെ ചെറുകിട ജലവൈദ്യുത പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖേന നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ G.O.(P) No.25/2012/PD dated 3-10-2012 ഉത്തരവ് പ്രകാരം ചെറുകിട ജലവൈദ്യുത നയം 2012 പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത നയം 25 MW വരെയുള്ള പദ്ധതികൾക്ക് മാത്രമാണ്. മത്സരാധിഷ്ഠിത ദർഘാസ്‌വഴി വരുന്ന സംരഭകർ പദ്ധതികൾ അനുവദിച്ചതുമുതൽ 30 വർഷത്തേയ്ക്ക് BOOT (Build Own Operate Transfer) അടിസ്ഥാനത്തിൽ ഇൻഡിപെന്റന്റ് പവർ പ്രോജക്ട്സ് ആയോ ക്യാപ്റ്റീവ് പവർ പ്രോജക്ട്സ് ആയോ നടപ്പിലാക്കാനാണ് നയം രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത നയം നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ശേഷി 150 MW വർദ്ധനവാണ് 2017-നോടുകൂടി നേടാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) സർക്കാർ തലത്തിലും സ്വകാര്യ മേഖലാതലത്തിലും ഇത്തരം പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ഇൻഡിപെന്റന്റ് പവർ പ്രൊഡ്യൂസർ/ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസർ (IPP/CPP) വിഭാഗങ്ങളിലായി ചെറുകിട ജലവൈദ്യുത പദ്ധതികൾ BOOT അടിസ്ഥാനത്തിൽ 30 കൊല്ലത്തേയ്ക്ക് നടപ്പിലാക്കാനാണ് പോളിസി വിഭാവനം ചെയ്യുന്നത്. ഇതിനുശേഷം ഈ പദ്ധതികൾ സർക്കാരിലേയ്ക്ക് തിരിച്ച് നൽകേണ്ടതുമാണ്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുകയാണ് ഈ പോളിസി പ്രത്യേകമായി വിഭാവന ചെയ്തിരിക്കുന്നത്.

(സി)താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്.

1. ലോവർ വട്ടപ്പാറ - 3.5MW

2. കുറുംപട്ടി - 3MW

3. കൂടാതെ 2014-ൽ അനുവദിച്ച പദ്ധതികളിൽ പൂർത്തീകരിക്കാനുള്ളവ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പദ്ധതികളുടെ രൂപരേഖകൾ പരിശോധിക്കുന്നതിനും പദ്ധതിയുടെ മറ്റ് പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനുമായി സാങ്കേതിക വിദഗ്ദ്ധരുടെ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഊർജ്ജവകുപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിലുള്ള കമ്മിറ്റിയും വകുപ്പുമന്ത്രിയുടെ മേൽനോട്ടത്തിൽ അവലോകനവുമുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് അദ്ധ്യക്ഷന്മാർ അംഗങ്ങളായുള്ള ഏകജാലക സംവിധാനവും നിലവിലുണ്ട്.

## ഊർജ്ജ പ്രതിസന്ധി

108 (4475) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഊർജ്ജ പ്രതിസന്ധി നിലവിലുണ്ടായിരുന്നോ; എങ്കിൽ എന്നു മുതലെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും എത്ര തുക ചെലവായെന്നും ഏതെല്ലാം പദ്ധതികൾ പൂർത്തിയായെന്നും അറിയിക്കുമോ;

(സി) കേരളം നേരിടുന്ന വൈദ്യുത പ്രതിസന്ധി പരിഹരിക്കാൻ മുൻസർക്കാർ സ്വീകരിച്ച ഏതെല്ലാം നടപടികൾ ഫലപ്രാപ്തിയിലെത്തിയെന്നും ഫലപ്രാപ്തിയിലെത്താത്തവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ നിലവിലെ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടികൾ വിശദമാക്കുമോ;

(ഡി) മുൻസർക്കാരിന്റെ കാലയളവിൽ നിർദ്ദേശിക്കപ്പെട്ട പ്രസരണ ലൈനുകൾ ഏതെല്ലാമെന്നും അവ പൂർത്തീകരിക്കാനായി പ്രസ്തുത സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ആയതിനായി എത്ര തുക ചെലവഴിച്ചുവെന്നും ഇനിയും ആവശ്യമായ തുക എത്രയെന്നും വിശദമാക്കുമോ;

(ഇ) നിലവിലെ സർക്കാർ അധികാരമേല്ക്കുമ്പോഴുള്ള ഊർജ്ജ പ്രതിസന്ധി എത്രയെന്നും പ്രതിസന്ധി ഒഴിവാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്നു. 2012-13 കാലയളവിലുണ്ടായ കാലവർഷ ക്കുറവുമൂലം വൈദ്യുതിക്ഷാമം നേരിടേണ്ടിവന്നിട്ടുണ്ട്.

(ബി) ലഭ്യമായ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയും കേരളത്തിനുള്ളിലെ താപനിലയങ്ങളിൽ ഉൽപ്പാദനം നടത്തിയുമാണ് വൈദ്യുതി ആവശ്യകത നിറവേറ്റിയിരുന്നത്. ഇത് മതിയാകാതെ വന്ന സാഹചര്യത്തിൽ ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയിട്ടുണ്ട്.

2012-13 കാലയളവിൽ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി കായംകുളം തുടങ്ങിയ ദ്രവ ഇന്ധന നിലയങ്ങൾ പ്രവർത്തിപ്പിച്ച വകയിലും കൂടിയ വിലയ്ക്ക് എക്സ്ചേഞ്ചുകളിൽ നിന്ന് വൈദ്യുതി വാങ്ങിയ വകയിലും കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിരുന്ന തുകയേക്കാൾ 2563 കോടി രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

(സി) 2016-17 മുതലുള്ള വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് മുൻ സർക്കാർ കാലയളവിൽ 1415 മെഗാവാട്ട് വൈദ്യുതി വാങ്ങാനുള്ള ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിന് ആവശ്യമായ ഓപ്പൺ ആക്സസും ലഭ്യമായിട്ടുണ്ട്. ഇതിൽ 150 മെഗാവാട്ട് 17-12-2015 മുതലും 141.5 മെഗാവാട്ട് 1-4-2016 മുതലും 287 മെഗാവാട്ട് 1-6-2016 മുതലും ലഭിക്കുന്നുണ്ട്. മേൽ പറഞ്ഞ കരാറുകൾ പ്രകാരം ശേഷിക്കുന്ന വൈദ്യുതി 1-12-2016 മുതലും 1-10-2017 മുതലും ലഭിച്ചുതുടങ്ങുന്നതാണ്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന 397 മെഗാവാട്ട് മീഡിയം ടേം അടിസ്ഥാനത്തിലുള്ള കരാർ ഫെബ്രുവരി 2017-ൽ തീരുന്ന മുറയ്ക്ക് സംജാതമാവുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ മാർച്ച് 2016-ൽ തന്നെ 200 മെഗാവാട്ട് വൈദ്യുതി 1-3-2017 മുതൽ 30-6-2017 വരെ വാങ്ങാനുള്ള ഹ്രസ്വകാല കരാറിലും ഏർപ്പെട്ടിട്ടുണ്ട്.

വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിനുപുറമെ നിന്നും അധിക വൈദ്യുതി ലഭ്യമാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അധികമായി കൂട്ടിച്ചേർത്ത ഉല്പാദന ശേഷി 42.75 മെഗാവാട്ട് ആണ്. മുൻ സർക്കാരിന്റെ കാലയളവിൽ പവർഗ്രിഡിന്റെ 400 കെ.വി.സബ്സ്റ്റേഷൻ പാലക്കാടും 400 കെ.വി. സബ്സ്റ്റേഷൻ കോഴിക്കോടും പൂർത്തീകരിച്ചിട്ടുണ്ട്.

ഇതുവഴി സംസ്ഥാനത്തിനു പുറമെനിന്നും കൊണ്ടുവരുന്ന വൈദ്യുതിയുടെ അളവിൽ വർദ്ധനവുണ്ടായിട്ടുണ്ട്. പുറമെനിന്നും ഇപ്രകാരം ലഭ്യമാക്കിയ വൈദ്യുതി സംസ്ഥാനത്ത് എത്തിക്കുന്നതിനായി തിരുനെൽവേലി-ഇടമൺ-കൊച്ചി 400 കെ.വി. ലൈനിന്റെ നിർമ്മാണവും മൈസൂർ-അരീക്കോട് ലൈനിന്റെ നിർമ്മാണവും ഏറ്റെടുത്തിരുന്നു. ഇതിൽ മൈസൂർ-അരീക്കോട് ലൈനിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇടമൺ-കൊച്ചി ലൈനിന്റെ മുടങ്ങിക്കിടന്ന നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി, 2016-2022 വരെ കാലയളവിലായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ലൈനുകളുടെ പ്രസരണ ശേഷി വർദ്ധിപ്പിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്ക് ഉദ്ദേശിക്കുന്ന മൊത്തം ചെലവ് ഏകദേശം 10,000 കോടി രൂപയാണ്.

(ഡി) മുൻസർക്കാരിന്റെ കാലയളവിൽ നിർദ്ദേശിക്കപ്പെട്ട പ്രസരണ ലൈനുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഈ പ്രവൃത്തികൾക്കായി ഏകദേശം 184 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഏകദേശം 225 കോടി രൂപ ആവശ്യമായി വരും.

(ഇ) കാലവർഷത്തിലുണ്ടായ വൻ കുറവുമൂലം ഇപ്പോഴത്തെ കണക്കുകൾ പ്രകാരം ജലസംഭരണത്തിൽ ഏകദേശം 2292 ദശലക്ഷം യൂണിറ്റിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രതിസന്ധി തരണം ചെയ്യാൻ പുറമെനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാലവർഷം പ്രതീക്ഷിച്ചതുപോലെ ലഭിക്കാത്തതുമൂലം വേനൽക്കാലത്ത് ഉണ്ടാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് നടത്തിയ ഉന്നതതല ചർച്ചകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് ആവശ്യമായ കൂടുതൽ വൈദ്യുതി വാങ്ങാനുള്ള ടെണ്ടർ നടപടികൾ കൈക്കൊണ്ടുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഊർജ്ജ പ്രതിസന്ധി**

109 (4476) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എത്ര വീടുകൾ ഉണ്ടെന്നും ഈ വീടുകളിൽ വൈദ്യുതി എത്തിക്കുവാൻ സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കുമോ;

(സി) വയറിംഗ് ചെയ്യാത്ത, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകളിൽ വയറിംഗ് നടത്തി വൈദ്യുതീകരിക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) കാലവർഷം പ്രതീക്ഷിച്ചതുപോലെ ലഭിക്കാത്തതുമൂലം വേനൽക്കാലത്ത് ഉണ്ടാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് നടത്തിയ ഉന്നതതല ചർച്ചകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് ആവശ്യമായ ഉടനെ തന്നെ ആവശ്യമായ വൈദ്യുതി വാങ്ങാനുള്ള ടെണ്ടർ നടപടികൾ കൈക്കൊണ്ടുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതി (3.6 MW)-യുടെ നിർമ്മാണം പൂർത്തിയാക്കി 8-9-2016-ൽ കമ്മീഷൻ ചെയ്യുകയുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുടങ്ങിക്കിടന്ന പള്ളിവാസൽ എക്സ്റ്റൻഷൻ (60 MW) തോട്ടിയാർ (40 MW) ചാത്തൻകോട്ടുനട-II (6 MW) എന്നീ പദ്ധതികളുടെ നിർമ്മാണം പുനരാരംഭിക്കാനും നിർമ്മാണം നടന്നുവരുന്ന 6 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 149 മെഗാവാട്ട് ആകെ സ്ഥാപിതശേഷി വരുന്ന താഴെപ്പറയുന്ന 14 ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| 1. പെരുവണ്ണാമൂഴി | 6 MW<br>(30.09.2016-ൽ ടെണ്ടർ ചെയ്തു.) |
| 2. പഴശ്ശി സാഗർ | 7.5 MW |
| 3. ചിന്നാർ | 24 MW |
| 4. അപ്പർ ചെങ്കുളം | 24 MW |
| 5. ലാഡ്രം | 3.5 MW |
| 6. ഓലിക്കൽ | 5 MW |
| 7. പൂവാരംതോട് | 3 MW |
| 8. മാർമ്മല | 7 MW |
| 9. ചെമ്പുകടവ് III | 7.5 MW |
| 10. മാങ്കുളം | 40 MW |
| 11. പീച്ചാട് | 3 MW |
| 12. വെസ്റ്റേൺ കല്ലാർ | 5 MW |
| 13. മാരിപ്പുഴ | 6 MW |
| 14. വാലന്തോട് | 7.5 MW |
| ആകെ | 149 MW |

കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് AHEC റൂർകീ നടത്തിയ RLA (ശിഷ്ടായുസ്) പഠനത്തിന്റെ അന്തിമ റിപ്പോർട്ട് അനുസരിച്ച് നവീകരണ പദ്ധതിക്ക് രൂപം നൽകിവരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീം (1X50 MW) പദ്ധതിക്കുവേണ്ടി സ്വതന്ത്രമായി ഒരു പെൻസ്റ്റോക്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുറ്റ്യാടി ജലവൈദ്യുത പദ്ധതി (3X25 MW) 75 MW പുനരുദ്ധാരണ നവീകരണ പ്രവർത്തിയുടെ പ്രാരംഭ നടപടികൾ ആസൂത്രണം ചെയ്തുവരുന്നു. പ്രസ്തുത പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ 10 ശതമാനം (7.5 MW) അധികശേഷി വിഭാവനം ചെയ്തിരിക്കുന്നു.

ഇടുക്കി (3X130 MW) – ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഒന്നാംഘട്ട മെഷീനുകളുടെ നവീകരണത്തിനായുള്ള റിപ്പോർട്ട് ബോർഡ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

കെ.എസ്.ബി.എൽ. നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ സൗരോർജ്ജ പദ്ധതികളുടെയും കാറ്റിൽ നിന്നുള്ള പദ്ധതികളുടെയും പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*

നവനവീകരണ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 14.8815 മെഗാവാട്ട് ശേഷിയുള്ള 17 പദ്ധതികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. 4.22 മെഗാവാട്ട് ശേഷിയുള്ള 4 സൗരോർജ്ജ പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കാസർഗോഡ് സ്ഥാപിക്കുന്ന 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്കിന്റെ ആദ്യ 50 മെഗാവാട്ടിന്റെ നിർമ്മാണം നടന്നുവരുന്നു. മറ്റൊരു 200 MW ന്റെ സോളാർ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്ലാനിംഗ് ബോർഡുമായി ചേർന്ന് കോർപ്പറേഷനുകളുടെയും ജില്ലാ പഞ്ചായത്തുകളുടേയും അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 20.331 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിൽ കേരളത്തിലെ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 21 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ വിശദീകരണക്കുറിപ്പ് (ഡി.പി.ആർ) തയ്യാറാക്കിവരുന്നു. 2.025 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം പാലക്കാട് കഞ്ചിക്കോട് സ്ഥാപിച്ചിട്ടുണ്ട്. 7.3779 മെഗാവാട്ട് ശേഷിയുള്ള കാറ്റിന്റെ പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി അനെർട്ട് മുഖേന സൗരഗൃഹ പദ്ധതിയും സോളാർ കണക്റ്റ് ശൃംഖലാ ബന്ധിതപദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം 116240 ഉപഭോക്താക്കളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബി. പി. എൽ. വിഭാഗക്കാർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാനും എ.പി.എൽ. വിഭാഗത്തിലുള്ളവർക്ക് സർവ്വീസ് ലൈനിനുള്ള തുകമാത്രം ഈടാക്കി വൈദ്യുതി കണക്ഷൻ നൽകാനുമാണ് ഉദ്ദേശിക്കുന്നത്. ടി പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കിവരുന്നു. ഒരു നിയോജകമണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം നേടുന്നതിന് ആവശ്യമായ തുകയുടെ 50 ശതമാനം (പരമാവധി 1 കോടി രൂപ എന്ന കണക്കിൽ) കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെലവാക്കാനും ബാക്കി 50 ശതമാനം LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നും കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനും 31-3-2017-ഓടുകൂടി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിടുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി സർവ്വീസ് കണക്ഷൻ നടപടികൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള 1,16,240 ഗുണഭോക്താക്കളിൽ 85,604 ഗുണഭോക്താക്കൾ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നു. ആകെ രജിസ്റ്റർ ചെയ്യപ്പെട്ടവയിൽ വയറിംഗ് പൂർത്തീകരിച്ചിട്ടില്ലാത്ത 60,433 വീടുകൾ ഉണ്ട്. ഇതിൽ 46,585 വീടുകൾ ബി.പി.എൽ. വിഭാഗത്തിലുള്ളവരുടേതാണ്. ഒരു വീടിന്റെ വയറിംഗ് ഏറ്റവും ചുരുങ്ങിയ രീതിയിൽ (3 ലൈറ്റ് പോയിന്റ്, 2 പ്ലഗ് പോയിന്റ് ഇ.എൽ.സി.ബി. ഉൾപ്പെടെ) പൂർത്തീകരിക്കുന്നതിന് ഏകദേശം 6000 രൂപ ചെലവ് വരും. ഇതിന്റെ സാമ്പത്തിക ചെലവ് വഹിക്കാൻ ബോർഡിന് നിർവ്വാഹമില്ല. വയറിംഗ് നടത്താൻ സാമ്പത്തിക ശേഷി തീരെ ഇല്ലാത്ത ഗുണഭോക്താക്കളെ കണ്ടെത്താൻ നിർവ്വാഹക സമിതികളെ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും കോർപ്പറേഷൻ പ്രദേശങ്ങളിൽ സെക്ഷൻ ഓഫീസ് കേന്ദ്രീകരിച്ചുമുള്ള സമിതികൾ) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വീടുകളുടെ വയറിംഗ് പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ബന്ധപ്പെട്ട മറ്റു വകുപ്പുകളിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

## പനവൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസ്

110 (4477) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസിൽ എല്ലാ ദിവസവും വൈദ്യുതി ബിൽ തുക സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

ചുള്ളിമാന്നൂർ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ പ്രവർത്തിക്കുന്ന പനവൂർ കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസിൽ നിലവിൽ എല്ലാ ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും രാവിലെ ഒമ്പത് മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടർ കൂടാതെ വൈദ്യുത ചാർജ്ജ് കേരളത്തിലെ എല്ലാ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനുകളിലും Internet Banking സംവിധാനം ഉപയോഗിച്ച് ഓൺലൈനായും അടയ്ക്കുന്നതിനുള്ള സൗകര്യം ബോർഡ് ഒരുക്കിയിട്ടുണ്ട്. പുതിയതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാൽ പനവൂർ സബ് എഞ്ചിനീയർ ഓഫീസിൽ എല്ലാ ദിവസങ്ങളിലും വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്ന കാര്യം പ്രായോഗികമല്ല.

**വൈദ്യുതി പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരാൻ നടപടി**

111 (4478) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ വൈദ്യുതി പ്രസരണ നഷ്ടം വർഷത്തിൽ ശരാശരി എത്ര വാട്ടാണ്;

(ബി) ഇത് കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(സി) വൈദ്യുതി മോഷണം തടയുന്നതിനും പിടികൂടുന്നതിനും എന്തെല്ലാം നടപടികളാണ് കെ.സ്.ഇ.ബി. ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി പ്രസരണ നഷ്ടം വർഷത്തിൽ ശരാശരി 1095 മില്യൺ യൂണിറ്റാണ് (പീക്ക് സമയത്ത് 172 മെഗാവാട്ട്).

(ബി) വൈദ്യുതി, പ്രസരണ വിതരണ ലൈനുകളിലൂടെയും ട്രാൻഫോർമറുകളിലൂടെയും പ്രസരിക്കുമ്പോഴുണ്ടാകുന്ന ടെക്നിക്കൽ ലോസ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നത്.

1. കൂടുതൽ എച്ച്.ടി. ലൈനുകൾ സ്ഥാപിച്ച് എച്ച്.ടി./എൽ.ടി. അനുപാതം മെച്ചപ്പെടുത്തുക.

2. കൂടുതൽ വിതരണ ട്രാൻഫോർമറുകൾ സ്ഥാപിച്ച് എൽ.ടി. ലൈനുകളിലുള്ള ഊർജ്ജ നഷ്ടം കുറയ്ക്കുക.

3. എച്ച്.ടി ലൈനുകളിലും എൽ.ടി. ലൈനുകളിലും പഴയ കണ്ടക്ടർ മാറ്റി പുതിയ കണ്ടക്ടർ സ്ഥാപിക്കുക.

4. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുക.

5. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.

വൈദ്യുതി മോഷണം, കേടായ മീറ്ററുകൾ വഴി വീടുകളിൽ വൈദ്യുതി കൃത്യമായി രേഖപ്പെടുത്താത്തത്, ബില്ലിംഗിൽ വരുന്ന തെറ്റുകൾ മുതലായവ മൂലമുണ്ടാകുന്ന വിതരണ ശൃംഖലയിലുള്ള കമേഴ്സ്യൽ ലോസ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നത്:

1. കേടായ മീറ്ററുകളും ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

2. ബോർഡിന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കൂടുതൽ കാര്യക്ഷമമാക്കുക.

3. ഉപഭോക്താക്കളുടെ ബിൽ നൽകുന്നതും റവന്യൂ കളക്ഷനും കമ്പ്യൂട്ടർവത്കരിക്കുക.

4. എനർജി ഓഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

ഇതിനുപുറമെ പ്രസരണ വിതരണനഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ 2002-03 മുതൽ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്:

1. 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ 2727 സർക്യൂട്ട് കിലോമീറ്ററോളം ഇ.എച്ച്.റ്റി ലൈനുകളും 189 സബ്സ്റ്റേഷനുകളും 26034 സർക്യൂട്ട് കിലോമീറ്റർ എച്ച്.റ്റി ലൈനുകളും 72344-ത്തോളം സർക്യൂട്ട് കിലോമീറ്റർ എൽ.റ്റി. ലൈനുകളും 40823-ത്തോളം വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്.

2. കൂടാതെ, 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ വൈദ്യുതി ബോർഡ് 94 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ഈ കാലയളവിൽ ഏകദേശം 161 കോടിയോളം രൂപ വൈദ്യുതി മോഷണം നടത്തിയ വകയിൽ നിന്നും പിഴയായി എ.പി.റ്റി.എസ് ഈടാക്കിയിട്ടുണ്ട്.

2016-17 വർഷത്തിലേയ്ക്ക് ഏകദേശം 367 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.റ്റി. ലൈനുകളും 18 പുതിയ സബ്സ്റ്റേഷനുകളും 3050 കിലോമീറ്റർ 11 കെ.വി. ലൈനുകളും 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 3500 കിലോമീറ്റർ പുതിയ എൽ.റ്റി. ലൈനുകളും 14 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. ടി നടപടികൾ വഴി, നടപ്പുസാമ്പത്തിക വർഷം വൈദ്യുതി പ്രസരണ വിതരണ നഷ്ടം 14.10 ശതമാനത്തിലേയ്ക്ക് കുറയ്ക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ കാലാകാലങ്ങളിൽ ലോഡ് ഫ്ലോ സ്റ്റഡി നടത്തുകയും ഇതിനെ ആധാരമാക്കി വൈദ്യുതി ബോർഡ് താഴെപ്പറയുന്ന പ്രവൃത്തികൾ ആസൂത്രണം ചെയ്തുവരുന്നു. അവ ചുവടെ ചേർക്കുന്നു:

1. പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം/ നിലവിലുള്ള സബ്സ്റ്റേഷനുകളുടെ നവീകരണം, വോൾട്ടത വർദ്ധിപ്പിക്കൽ, ശേഷി വർദ്ധിപ്പിക്കൽ.

2. തെരഞ്ഞെടുക്കപ്പെട്ട പ്രസരണ ലൈനുകളുടെ വോൾട്ടത/ശേഷി വർദ്ധിപ്പിക്കൽ

3. വാഹക ശേഷി കുറഞ്ഞ കണ്ടക്ടറുകൾ മാറ്റി ശേഷി കൂടിയ കണ്ടക്ടറുകൾ ഉപയോഗിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതി.

4. പ്രസരണ ലൈനുകൾ ഇരട്ടിപ്പിക്കുകയും ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിവഴി ഉയർന്ന പ്രസരണ വോൾട്ടേജിലേയ്ക്ക് സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും ഉയർത്തുകയും ചെയ്യുന്നു.

5. ഉയർന്ന ശേഷിയുള്ള പുതുതലമുറ കണ്ടക്ടറുകൾ വഴി പ്രസരണ ശൃംഖല ബലപ്പെടുത്തുക.

(സി) വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വൈദ്യുതി മോഷണം തടയുന്നതിനായി ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 14 ആന്റിപവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും

പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങൾ മുഖേന വൈദ്യുതി മോഷണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട നമ്പറുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഇതുകൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കിമാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളികാർബണേറ്റ് സീലുകൾ ഉപയോഗിക്കുകയും ചെയ്തുവരുന്നു.

എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി ആധുനിക സംവിധാനങ്ങളുള്ള അക്യൂചെക്ക്, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടിമീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

## വൈദ്യുതി വിതരണം തടസ്സപ്പെടുമ്പോൾ എസ്.എം.എസ്. വഴി അറിയിപ്പ്

112 (4479) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറ്റകുറ്റപ്പണികൾക്കായി വൈദ്യുതി വിതരണം നിർത്തിവയ്ക്കുമ്പോഴും, ആകസ്മികമായ വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുമ്പോഴും ഉപഭോക്താക്കളെ എസ്.എം.എസ്. വഴി അറിയിക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നോ; ഈ പദ്ധതി കൊണ്ട് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) നിലവിൽ ഉപഭോക്താക്കൾ പരാതികൾക്കായി 1912 എന്ന നമ്പരിലേയ്ക്ക് വിളിച്ചിട്ടും പല സന്ദർഭങ്ങളിലും ഉചിതമായ മറുപടിയും സഹകരണവും കിട്ടുന്നില്ല എന്ന വസ്തുത മനസ്സിലാക്കി ഈ പരാതി സ്വീകരണ കേന്ദ്രത്തെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അറ്റകുറ്റപ്പണികൾക്കായി വൈദ്യുതി വിതരണം നിർത്തിവയ്ക്കുമ്പോഴും ആകസ്മികമായി വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുമ്പോഴും ഉപഭോക്താക്കളെ എസ്.എം.എസ്. വഴി അറിയിക്കുന്നതിന് വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി 'ഊർജ്ജ-ദൂത്' എന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ഉള്ളൂർ ഇലക്ട്രിക്കൽ സെക്ഷനിലും കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനിലും നിലവിൽവന്നു. കേരളത്തിലാകമാനമുള്ള എല്ലാ ഉപഭോക്താക്കൾക്കും ഈ സേവനം ഉടനടി ലഭ്യമാക്കും.

വൈദ്യുതി ഉല്പാദന നിലയങ്ങൾ, പ്രസരണ-വിതരണ ലൈനുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ ഉൾപ്പെട്ട വൈദ്യുതി ശൃംഖലയിൽ അനുഭവപ്പെടുന്ന വിഘാതങ്ങൾ വൈദ്യുതി ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ചില അറ്റകുറ്റപ്പണികൾ മൂലമുണ്ടാകുന്ന തടസ്സങ്ങളും അടിയന്തര ഘട്ടങ്ങളിൽ ഉണ്ടാകുന്ന തടസ്സവും എപ്പോൾ വൈദ്യുതി പുനഃസ്ഥാപിക്കുമെന്നും അതാത് സമയം കൃത്യമായി ഉപഭോക്താക്കൾക്ക് ഈ പദ്ധതിമൂലം അറിയാൻ കഴിയുന്നു.

ആകസ്മികമായി വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുമ്പോൾ എപ്പോൾ വൈദ്യുതി പുനഃസ്ഥാപിക്കാൻ കഴിയുമെന്ന ഉപഭോക്താക്കളുടെ ആശങ്ക ദൂരീകരിക്കാൻ ഈ പദ്ധതിക്കാകും.

(ബി) കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററിലെ 1912 എന്ന നമ്പരിൽ സ്വീകരിക്കപ്പെടുന്ന ഉപഭോക്താക്കളുടെ പരാതികളും അതിനുള്ള മറുപടിയും പൂർണ്ണമായും റെക്കോർഡ് ചെയ്യുകയും അത് മേലുദ്യോഗസ്ഥർ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. ദിവസേന ശരാശരി 1500-ൽപ്പരം പരാതികൾ ഇപ്രകാരം സ്വീകരിക്കുന്നുണ്ട്.

കൂടാതെ കാളുകൾ സ്വീകരിക്കാൻ നിയോഗിച്ചിരിക്കുന്ന കസ്റ്റമർ റിലേഷൻ അസിസ്റ്റന്റുമാരുടെ എണ്ണം 24-ൽ നിന്നും 42 ആയി ഉയർത്തിയിട്ടുണ്ട്. ഇവർക്ക് ഉന്നത നിലവാരത്തിലുള്ള പരിശീലനവും നൽകിവരുന്നു.

ഇതുകൂടാതെ ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും കാൾ സെന്ററിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഉപഭോക്താക്കൾ 9496061061 എന്ന നമ്പരിലേയ്ക്കാണ് വിളിക്കേണ്ടത്.

## ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

113 (4480) പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. കെ. ആൻസലൻ:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാര്യക്ഷമമായ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനായി 'സ്മാർട്ട് എനർജി പ്രോഗ്രാം' നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുവാനുദ്ദേശിച്ചുകൊണ്ടുള്ള 'ഊർജ്ജ കിരൺ' പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ഡി) വീട്ടമ്മമാർക്ക് ഇതിനെക്കുറിച്ച് അവബോധം നൽകുന്നതിനായി പരിശീലനം ലഭിച്ച വനിതാ വോളണ്ടിയർമാർ നടത്തുന്ന എനർജി ക്ലിനിക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കാര്യക്ഷമമായ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഇ.എം.സി. താഴെപ്പറയുന്ന കർമ്മ പദ്ധതികൾ നടത്തിവരുന്നു:

1. ഗാർഹിക മേഖലയിൽ ഊർജ്ജ ക്ലിനിക്, പൊതുജനബോധവൽക്കരണ പരിപാടിയായ ഊർജ്ജകിരൺ, ഊർജ്ജക്ലിനിക് വനിതാ വാളണ്ടിയർമാർ മുഖേനയും ഊർജ്ജ കിരൺ പരിപാടി സർക്കാരിതര സംഘടനകൾ, പൊതുജന വായനശാലകൾ, മറ്റു സംഘടനകൾ വഴി പരിശീലനം ലഭിച്ച പരിശീലകർ മുഖാന്തിരവും നടത്തിവരുന്നു.

2. വ്യവസായ മേഖലയിൽ ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധ മാക്കിയിട്ടുണ്ട്. അതിനായി എനർജി ഓഡിറ്റിംഗ് ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. കൂടാതെ പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾക്കും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും വേണ്ടി പ്രാഥമിക ഊർജ്ജ ഓഡിറ്റിംഗ്, ഊർജ്ജ ഓഡിറ്റിംഗ് സബ്സിഡി, സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ ഓഡിറ്റിംഗ് എന്നിവയാണ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ.

3. സർക്കാർ കെട്ടിടങ്ങളിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി ഊർജ്ജ ഓഡിറ്റ് നടത്തി കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പദ്ധതി.

4. ഊർജ്ജസംരക്ഷണ നിയമം 2001 അനുസരിച്ചുള്ള ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പിലാക്കുന്നതിനായി കേരള ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് തയ്യാറാക്കിവരുന്നു.

5. തെരുവുവിളക്കുകൾ ഊർജ്ജകാര്യക്ഷമമാക്കി വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിച്ചു.

6. വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ തലത്തിൽ സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ ബോധവൽക്കരണ പദ്ധതി നടപ്പിലാക്കിവരുന്നു.

7. ഇ.എം.സി.-യിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ലൈബ്രേറിയൻമാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് ഊർജ്ജ സംരക്ഷണ പരിശീലന പരിപാടി.

സംസ്ഥാനത്ത് കാര്യക്ഷമമായ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന കർമ്മ പദ്ധതികളാണ് KSEB ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്:

1. ഇ.സി.ഇ.ഇ. (എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി)
2. 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സാധാരണ ബൾബുകളും സി.എഫ്.എൽ.-കളും മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി.
3. ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്)
4. കെ.എസ്.ഇ.ബി.എൽ.-ന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവ് (IB) കളിൽ സോളാർ ഹീറ്റേഴ്സ് സ്ഥാപിക്കുന്ന പദ്ധതി.
5. വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ എനർജി എഫിഷ്യന്റ് ആക്കി ഊർജ്ജം സംരക്ഷിക്കുന്നതിനുള്ള പദ്ധതി.
6. എനർജി ഓഡിറ്റിംഗ്
7. കാർഷിക മേഖലയിൽ നിലവിലുള്ള പെട്ടി-പറ പമ്പിംഗ് സംവിധാനം മാറ്റി, ഊർജ്ജക്ഷമതയുള്ള പമ്പുകൾ സ്ഥാപിക്കുന്ന പദ്ധതി.

(ബി) ഉണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ വിദ്യാർത്ഥികൾക്കായി എനർജി കോൺഗ്രസ് നടത്തിവരുന്നു. എസ്.ഇ.പി 2015-16-ന്റെ ഭാഗമായി 41 വിദ്യാഭ്യാസ ജില്ലകളിൽ 1561 സ്കൂളുകളെ ഉൾപ്പെടുത്താൻ സാധിച്ചു. ഏകദേശം 78050 കുട്ടികൾക്ക് ഹൈസ്കൂൾ, യു.പി. തലങ്ങളിൽ നിന്നായി ബോധവൽക്കരണം നൽകി. ഒരു റവന്യൂ ജില്ലയിൽ 5 സ്കൂളുകൾ എന്ന നിലയിൽ 70 സ്കൂളുകളെ ഊർജ്ജ സംരക്ഷണ വിദ്യാഭ്യാസ സ്ഥാപനമായി മാറ്റുന്നതിന്റെ ഭാഗമായി 25,000 രൂപയോളം വിലവരുന്ന ഉപകരണങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഈ വർഷം 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നും 150 സ്കൂളുകൾ എന്ന നിലയ്ക്ക് 6150 സ്കൂളുകളെയാണ് സ്മാർട്ട് എനർജി പ്രോഗ്രാമിൽ എൻറോൾ ചെയ്യാൻ ലക്ഷ്യം വച്ചിട്ടുള്ളത്. ഇതിൻപ്രകാരം 307500 കുട്ടികളെയാണ് ഊർജ്ജസംരക്ഷണ ബോധവൽക്കരണം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്ന തിലേക്കായി സർക്കാരിതര സംഘടനകൾ മുഖാന്തരം നടത്തുന്ന

ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടിയാണ് ഊർജ്ജകിരൺ. എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് ഒരു ബോധവൽക്കരണ പരിപാടി എന്ന നിലയ്ക്ക് 192 പരിപാടി കേരളമൊട്ടാകെ നടത്തുകയുണ്ടായി. ഊർജ്ജകിരൺ പദ്ധതിയുടെ കീഴിൽ പരിശീലനപരിപാടികൾ നടത്തുന്നതിലേയ്ക്കായി കേരളത്തിലുടനീളം 117 റിസോഴ്സ് പേഴ്സണുകൾക്ക് ഇ.എം.സി. പരിശീലനം നൽകി. ഈ വർഷം വിവിധ എൻ.ജി.ഒ.-കൾ വഴി 143 റിസോഴ്സ് പേഴ്സണുകൾക്ക് പുതിയതായി പരിശീലനം നൽകുവാൻ പദ്ധതിയുണ്ട്. മൂന്ന് പഞ്ചായത്തുകളിൽ ഒരു പരിപാടി എന്ന നിലയ്ക്ക് ഈ വർഷം ഈ പദ്ധതി വിപുലപ്പെടുത്താൻ പദ്ധതിയുണ്ട്. പ്രസ്തുത ബോധവൽക്കരണ പരിപാടിയുടെ തുടർ പ്രവർത്തനം എന്ന നിലയ്ക്ക് അതത് പ്രദേശത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച സംഘാടകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വീട്ടമ്മമാർക്ക് ഊർജ്ജസംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജക്ലിനിക് പ്രോഗ്രാം നടത്തിവരുന്നു. ഊർജ്ജക്ലിനിക്കിന്റെ ഭാഗമായി ഊർജ്ജസംരക്ഷണ അനിമേറ്റർമാർ (സ്ത്രീകൾ) വീടുകൾ സന്ദർശിക്കുകയും വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന്റെ ന്യൂനതകൾ മാറ്റി ശരിയായ രീതി നിർദ്ദേശിക്കുകയും ചെയ്യുന്നു. ഈ പദ്ധതിയിൻ കീഴിൽ 430 എനർജി ക്ലിനിക് വോളണ്ടിയർമാർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചുവരുന്നു. കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ഒരു എനർജി ക്ലിനിക് വോളണ്ടിയറിന്റെ സേവനം എത്തിക്കുന്നതിലേയ്ക്കായുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

**വരൾച്ചമൂലമുള്ള വൈദ്യുതോൽപ്പാദനത്തിലെ കുറവ്**

114 (4481) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച വൈദ്യുതോൽപ്പാദനത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാലവർഷത്തിലുണ്ടായ വലിയ കുറവ് സംസ്ഥാനത്തിന്റെ വൈദ്യുതി ഉത്പാദനത്തെ വളരെയധികം ബാധിച്ചിട്ടുണ്ട്. 2016 ജൂൺ മുതൽ ഒക്ടോബർ 17-ാം തീയതി വരെ ലഭിച്ച നീരൊഴുക്ക് പ്രതീക്ഷിച്ചതിന്റെ 55 ശതമാനം മാത്രമാണ്. ഇതുമൂലം വൈദ്യുതി ഉൽപ്പാദനത്തിൽ 2292 ദശലക്ഷം യൂണിറ്റിന്റെ ഉൽപ്പാദനക്കുറവ് കണക്കാക്കുന്നു. രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച വൈദ്യുതോൽപ്പാദനത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തുകയും അത് തരണം ചെയ്യാനുള്ള നടപടികൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ കാലവർഷം മോശമായേക്കുമെന്നുള്ള സൂചന കെ.എസ്.ഇ.ബി.- യുടെ ആസൂത്രണത്തിൽ കണക്കിലെടുത്തിരുന്നു. ജൂൺ മാസം മുതൽ തന്നെ പരമാവധി ജലം സംഭരിക്കുവാനുള്ള നടപടികളെടുത്തിരുന്നു. 2017-ലെ വേനൽ മാസങ്ങളിലെ ആവശ്യകത നേരിടുന്നതിനായി പുറമെ നിന്ന് കൂടുതൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. വൈദ്യുതി കൂടുതൽ കൊണ്ടുവരുന്നതിനായി അരീക്കോട് 400 കെ.വി. സബ്സ്റ്റേഷനിൽ താൽക്കാലിക സംവിധാനമൊരുക്കാൻ പവർഗ്രിഡിനോട് ആവശ്യപ്പെടുകയും അതിനുള്ള അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാനുള്ള സന്നദ്ധത അറിയിക്കുകയും ചെയ്തിട്ടുണ്ട്.

2016-17 മുതലുള്ള വർദ്ധിച്ച വൈദ്യുതി ആവശ്യകത കണക്കിലെടുത്ത് വൈദ്യുതി ബോർഡ് 2014-ൽ ഏർപ്പെട്ട കരാർവഴി 315 മെഗാവാട്ട് വൈദ്യുതി 1-12-2016 മുതൽ ലഭ്യമാകും. കൂടാതെ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന 397 മെഗാവാട്ട് മീഡിയം ടേം അടിസ്ഥാനത്തിലുള്ള കരാർ ഫെബ്രുവരി 2017-ൽ തീരുന്ന മുറയ്ക്ക് 200 മെഗാവാട്ട് വൈദ്യുതി 1-3-2017 മുതൽ 30-6-2017 വരെ വാങ്ങാനുള്ള ഹ്രസ്വകാല കരാറിലും ഏർപ്പെട്ടിട്ടുണ്ട്. ഇതിന് ആവശ്യമായ ഓപ്പൺ ആക്സസും ലഭ്യമായിട്ടുണ്ട്. കാലവർഷം പ്രതീക്ഷിച്ചതുപോലെ ലഭിക്കാത്തതുമൂലം വേനൽക്കാലത്ത് പ്രതീക്ഷിക്കുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് നടത്തിയ ഉന്നതതല ചർച്ചകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് വേനൽക്കാലത്തേയ്ക്ക് കൂടുതൽ വൈദ്യുതി വാങ്ങാനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## കണ്ണൂർ ജില്ലയിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

115 (4482) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ എത്ര പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ അനുവദിച്ചിരുന്നുവെന്നും ജില്ലയിൽ നിലവിൽ ആകെ എത്ര സെക്ഷൻ ഓഫീസുകളുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പരിയാരം മെഡിക്കൽ കോളേജ്, ആയുർവേദ കോളേജ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നിവ കണക്കിലെടുത്ത് കല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് 5 പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ കണ്ണൂർ ജില്ലയിൽ അനുവദിച്ചിട്ടുണ്ട്. നിലവിൽ കണ്ണൂർ ജില്ലയിൽ 60 സെക്ഷൻ ഓഫീസുകളാണ് ഉള്ളത്.

(ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. കണ്ണൂർ ജില്ലയിലെ പഴയങ്ങാടി, പയ്യന്നൂർ, മാതമംഗലം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പിലാത്തറ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല. മെച്ചപ്പെട്ട സേവനം നൽകുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുവാനും ഓഫീസുകളുടെ പുനഃക്രമീകരണം പരിശോധിക്കുന്നുണ്ട്.

## വൈദ്യുതി ബില്ലിംഗ് സമ്പ്രദായം

116 (4483) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ബോർഡ് ഓഫീസുകളിലെ ബിൽ സമ്പ്രദായത്തെക്കുറിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ; ഉപഭോക്താക്കൾ യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന യൂണിറ്റിനാണോ പണം അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ സെക്ഷൻ ഓഫിസുകളിൽ നിന്നും വിതരണം ചെയ്യുന്ന ബില്ലിന്റെ കൂടെ ഹിഡൻ ചാർജ്ജുകൾ ഉൾപ്പെട്ടിട്ടുള്ള ബില്ലുകളെ സംബന്ധിച്ച് ബോർഡിനോ സർക്കാരിനോ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ഡെപ്പോസിറ്റ് തുക കുറവ് വന്നു എന്ന കാരണത്താൽ (ഹിഡൻ ചാർജ്ജ്) അധിക ചാർജ്ജ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

### ഉത്തരം

(എ) ഉപഭോക്താക്കളുടെ പ്രെമിസസിൽ മീറ്റർ റീഡർ എത്തി റീഡിംഗ് എടുത്തതിനുശേഷം അതിനനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ബിൽ ചെയ്യുന്നു. കണക്ടഡ് ലോഡ്, വൈദ്യുതി എന്ത് ആവശ്യത്തിന് ഉപയോഗിക്കുന്നു എന്നിവ കണക്കാക്കി പ്രതിമാസ/ദ്വൈമാസ കണക്കിൽ ബിൽ ചെയ്യുന്നു. ഉപഭോക്താക്കളിൽ നിന്നും വൈദ്യുത ഉപഭോഗത്തിനനുസരിച്ചാണ് പണം ഈടാക്കുന്നത്. നിരക്കുകൾ, പിഴ തുടങ്ങിയവയാണ് വൈദ്യുതി ചാർജ്ജിൽ ഉൾപ്പെടുത്തുന്നത്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ള ചാർജ്ജുകൾ മാത്രമേ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഈടാക്കുന്നുള്ളൂ.

(ബി) ഹിഡൻ ചാർജ്ജുകൾ ഈടാക്കുന്നില്ല. എന്നാൽ ഉപഭോക്താക്കൾക്ക് ബില്ല് തുക സംബന്ധിച്ച് ചില സംശയങ്ങൾ ഉണ്ടാകാറുണ്ട്. ആയത് ഉദ്യോഗസ്ഥർ യഥാസമയം ദൂരീകരിച്ചുവരുന്നു.

(സി) ഹിഡൻ ചാർജ്ജുകൾ ഈടാക്കുന്നില്ല. എന്നാൽ റഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടുള്ള സപ്ലൈകോഡ് 2014 പ്രകാരം എല്ലാ സാമ്പത്തിക വർഷത്തേയും ആദ്യപാദത്തിൽ നിലവിലുള്ള ഡെപ്പോസിറ്റ് തുക മുൻവർഷത്തെ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതുണ്ട്. ദ്വൈമാസ ബിൽ ലഭിക്കുന്ന ഉപഭോക്താക്കൾക്ക് മൂന്ന് മാസത്തെ ബിൽത്തുകയും പ്രതിമാസ ബിൽ ലഭിക്കുന്ന ഉപഭോക്താക്കൾക്ക് രണ്ട് മാസത്തെ ബിൽ തുകയുമായാണ് ഡെപ്പോസിറ്റ് ക്രമീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇപ്രകാരം ക്രമീകരണം നടത്തുമ്പോൾ അധികമായി ഡെപ്പോസിറ്റുള്ള ഉപഭോക്താക്കൾക്ക് അധിക തുക വൈദ്യുതി ബില്ലിൽ ഇളവ് നൽകുകയും നിശ്ചിത ഡെപ്പോസിറ്റിൽ കുറവുള്ള ഉപഭോക്താക്കൾക്ക് പ്രസ്തുത കുറവ് നികത്താൻ ബിൽ നൽകുകയും ചെയ്യുന്നുണ്ട്.

**വൈദ്യുതി ബോർഡിലെ സൂപ്പർവൈസറി തസ്തിക**

117 (4484) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിൽ സൂപ്പർവൈസറി തസ്തികകളിൽ എഞ്ചിനീയറിംഗ് ഡിപ്ലോമയോ ഡിഗ്രിയോ ഉള്ളവരെ നിയമിക്കണമെന്ന് റഗുലേറ്ററി കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിൽ മതിയായ യോഗ്യത ഇല്ലാത്തവർ ഉൽപ്പാദന, പ്രസരണ, വിതരണ ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നത് വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ റഗുലേറ്ററി കമ്മീഷൻ ഉത്തരവ് പ്രകാരം ഡിഗ്രി, ഡിപ്ലോമ എന്നിവ ഉള്ളവരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) അല്ലെങ്കിൽ ഉത്തരവിൽ ഇളവ് നൽകി നിലവിലുള്ളവരെത്തന്നെ നിലനിർത്തുമോ; ഉത്തരവിനെതിരെ കോടതിയെ സമീപിക്കുമോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) റിപ്പോർട്ട് ചെയ്യപ്പെട്ട അപകടങ്ങളുടെ കാരണങ്ങൾ പരിശോധിച്ചതിൽ സാങ്കേതിക വിജ്ഞാനത്തിന്റെ പരിമിതികൾ അപകടങ്ങൾ സംഭവിക്കുന്നതിന് കാരണമായതായി വിലയിരുത്തപ്പെട്ടിട്ടില്ല.

ഈ വിഷയം പഠിച്ച് വിലയിരുത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) കൺവീനറും ഫുൾ ടൈം ഡയറക്ടേഴ്സ്, ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസർ, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.), ചീഫ് പേഴ്സണൽ ഓഫീസർ തുടങ്ങിയവർ അംഗങ്ങളുമായി ഒരു കമ്മിറ്റി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി**

118 (4485) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികളാണ് പൂർത്തിയായതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ കാറ്റാടി പാടം സ്ഥാപിക്കുന്നത് സംബന്ധിച്ച പഠനം നടത്തിയത് ആരാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദന ശേഷിയുണ്ടെന്നാണ് പ്രസ്തുത പഠനത്തിൽ കണ്ടെത്തിയത്;

(ഡി) ഒരു മെഗാവാട്ടിന്റെ വൈദ്യുതി ഉല്പാദിപ്പിക്കുന്ന വിന്റ്മിൽ സ്ഥാപിക്കുന്നതിനുള്ള ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാറ്റിൽ നിന്നും ആകെ 43.275 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നു. ഇതിൽ വൈദ്യുതി ബോർഡിന് സ്വന്തമായി 2.025 മെഗാവാട്ട് (225 KW-ന്റെ 9 എണ്ണം) ശേഷിയുള്ള കഞ്ചിക്കോട്ടെ കാറ്റാടിപ്പാടമാണ് നിലവിലുള്ളത്.

കൂടാതെ സ്വകാര്യ സംരംഭകരുടേതായി രാമക്കൽമേട്ടിൽ 14.25 മെഗാവാട്ട് (750 KW-ന്റെ 19 എണ്ണം) ശേഷിയും അഗളിയിൽ 18.60 മെഗാവാട്ട് (600 KW -ന്റെ 31 എണ്ണം) ശേഷിയും പാലക്കാട് 8.40 മെഗാവാട്ട് (2.1 MW-ന്റെ 4 എണ്ണം) നിലവിലുണ്ട്.

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള C-WET (ഇപ്പോൾ NIWE-National Institute of Wind Energy), Chennai മുഖേനയാണ് നടത്തിയത്. കൂടാതെ നിലവിലുള്ള കഞ്ചിക്കോട് കാറ്റാടിപ്പാടത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിലേയ്ക്കും സമീപ പ്രദേശത്ത് കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുമായി NIWE-യുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പഠനവും നടത്തിയിട്ടുണ്ട്.

(സി) C-WET നടത്തിയ പഠനത്തിൽ കേരളത്തിൽ 790 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഒരു മെഗാവാട്ടിന്റെ വൈദ്യുതി ഉത്പാദിപ്പിക്കുന്ന വിന്റ് മിൽ സ്ഥാപിക്കാൻ ഏകദേശം 6.5 കോടി രൂപ ചെലവ് വരും.

(ഇ) കാറ്റിൽ നിന്നുൾപ്പെടെ സാധ്യമായ പദ്ധതികൾ നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ കെ.എസ്.ഇ.ബി. ഓഫീസുകളിലെ ഒഴിവുകൾ**

119 (4486) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ വ്യവസ്ഥയിലും നിലവിൽ ആകെ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പാലക്കാട് ജില്ലയിൽ കെ.എസ്.ഇ.ബി.യിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 381 വർക്ക് കോൺട്രാക്ടുകൾ വിവിധ തസ്തികകളിലെ പ്രവൃത്തികൾക്കായി നൽകിയിട്ടുണ്ട്.

(ബി) 16 തസ്തികകൾ.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വതന്ത്ര ക്യാപറ്റീവ് സംരംഭകർക്ക് ചെറുകിട ജലവൈദ്യുത പദ്ധതികൾ**

120 (4487) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതി നയമനുസരിച്ച് മുൻസർക്കാർ സ്വതന്ത്ര കാപ്റ്റീവ് സംരംഭകർക്ക് 'BOOT' അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇതനുസരിച്ച് കമ്മീഷൻ ചെയ്തത്; വിവരിക്കുമോ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഈ പദ്ധതികളിലൂടെ ഉല്പാദിപ്പിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഈ നയമനുസരിച്ച് ഈ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുതി പദ്ധതി നയമനുസരിച്ച് മുൻസർക്കാർ സ്വതന്ത്ര-ക്യാപ്റ്റിവ് സംരംഭകർക്ക് "BOOT" അടിസ്ഥാനത്തിൽ ജലവൈദ്യുത പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. 2014-ൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2012 മുതൽ 2015 മെയ് മാസം വരെ കമ്മീഷൻ ചെയ്ത സ്വകാര്യ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംരഭകർ വഴിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ താഴെപ്പറയുന്നവയാണ്:

| പദ്ധതി | കമ്മീഷൻ ചെയ്തത് |
|---|---|
| Viyyat Power Limited-ഇരുട്ടുക്കാനം III (1.5 MW) | 4-4-2012 |
| Ayyappa Hydro Power Limited-കാരിക്കയം (10.5 MW) | 29-8-2013 |

(സി&ഡി) മേൽപ്പറഞ്ഞ പദ്ധതികളിലൂടെ 12 മെഗാവാട്ട് ശേഷി സ്ഥാപിച്ചിട്ടുണ്ട്. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം, ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്നിവയിൽ നിന്നുള്ള വൈദ്യുത ഉല്പാദനം ത്വരിതഗതിയിൽ വർദ്ധിക്കും. 2020-ഓടെ കേരളത്തിന്റെ വൈദ്യുത ആവശ്യകതയുടെ 10 ശതമാനമെങ്കിലും ഇവയിൽ നിന്നും ഉറപ്പു വരുത്തുന്നതിനായി ലക്ഷ്യമിടുന്നു. 2012-ലെ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള നയം അനുസരിച്ച് മുമ്പ് കണ്ടെത്തിയ 55 പദ്ധതികൾ അനുവദിക്കുന്നതിനുള്ള മത്സരദർഘാസിന്റെ രണ്ടാംഘട്ട നടപടികൾ (RFP) നടന്നുകൊണ്ടിരിക്കുന്നു.

**ബ്രഹ്മപുരം താപനിലയം**

121 (4488) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം താപനിലയത്തിന്റെ രണ്ട് ജനറേറ്ററുകൾ മാറ്റി വാതകാധിഷ്ഠിതമാക്കാനുള്ള വൈദ്യുതി ബോർഡ് നിർദ്ദേശം റഗുലേറ്ററി കമ്മീഷൻ തടഞ്ഞോയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ ഡീസൽ ജനറേറ്ററുകൾ മാറ്റാനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് ബോർഡ് തയ്യാറാക്കിയിരുന്നതെന്ന് വിശദമാക്കാമോ;

(സി) അനുമതി നിഷേധിക്കാൻ തക്കവണ്ണം റഗുലേറ്ററി കമ്മീഷൻ ചൂണ്ടിക്കാണിച്ച ഘടകങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) കമ്മീഷൻ ബദൽ നിർദ്ദേശം എന്തെങ്കിലും സമർപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ബ്രഹ്മപുരം താപനിലയത്തിലെ കേടായ രണ്ട് ജനറേറ്ററുകൾ മാറ്റി പുതിയ വാതകാധിഷ്ഠിത ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മുതൽമുടക്ക് അംഗീകാരം വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിരാകരിക്കുകയുണ്ടായി. തുടർന്ന് സമർപ്പിച്ച റിവ്യൂ പെറ്റീഷനും നിരാകരിക്കുകയുണ്ടായി.

(ബി) ബ്രഹ്മപുരം ഡീസൽ വൈദ്യുതിനിലയം 1997-ലാണ് പ്രവർത്തനമാരംഭിച്ചത്. നിലയത്തിന്റെ സ്ഥാപിതശേഷി 106.6 മെഗാവാട്ട് ആയിരുന്നു (21.32 മെഗാവാട്ട് X 5 യൂണിറ്റ്സ്). നിലയത്തിലെ മൂന്നാം നമ്പർ ജനറേറ്റർ 8-11-2011 മുതലും രണ്ടാം നമ്പർ ജനറേറ്റർ 21-4-2012 മുതലും പ്രവർത്തനക്ഷമമല്ലാതായി തീർന്നു. അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാൻ പറ്റാത്ത സാഹചര്യത്തിലാണ് കേടായ രണ്ട് ഡീസൽ ജനറേറ്ററുകൾ, വാതകാധിഷ്ഠിത ജനറേറ്ററുകൾ സ്ഥാപിച്ച് നീക്കം ചെയ്യാൻ തീരുമാനിച്ചത്. നിർദ്ദിഷ്ട വാതക വൈദ്യുതി നിലയത്തിൽ "Regasified Liquified Natural Gas" യാണ് പ്രധാന ഇന്ധനമായി ഉപയോഗിക്കാൻ തീരുമാനിച്ചത്. ടി പദ്ധതിയുടെ വിശദമായ Detailed Project Report റെഗുലേറ്ററി കമ്മീഷന് മുമ്പാകെ 20-11-2014-ൽ സമർപ്പിക്കുകയും പദ്ധതിക്ക് അംഗീകാരം തേടുകയും ചെയ്തു. കെ.എസ്.ഇ.ബി ലിമിറ്റഡ് ദർഘാസുകൾ ക്ഷണിച്ചത് 'Technology Independent Solution Basis' പ്രകാരം ആയിരുന്നു. ആ സമയത്ത് 42 മെഗാവാട്ടിനുവേണ്ടി 171 കോടി രൂപയായിരുന്നു എസ്റ്റിമേറ്റ് തുകയായി നിശ്ചയിച്ചിരുന്നത്. എന്നാൽ ഏറ്റവും കുറഞ്ഞ തുകയുള്ള ദർഘാസ് ലഭിച്ചത് 'Gas Engine based Solutions' ലായിരുന്നു. 39.86 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ജനറേറ്റർ സ്ഥാപിക്കുന്നതിന് പദ്ധതി നിർവ്വഹണത്തിനായി ദർഘാസ് പ്രകാരം ലഭിച്ച കുറഞ്ഞ തുക 104.63 കോടി രൂപയായിരുന്നു.

(സി) പദ്ധതിയെ സംബന്ധിച്ച് കമ്മീഷൻ ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളിലും വിശദീകരണം വ്യക്തമായ കണക്കുകളുടെ പിൻബലത്തിൽ സമർപ്പിച്ചുവെങ്കിലും 12-1-2016-ലെ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ പദ്ധതിക്ക് താഴെപ്പറയുന്ന കാരണങ്ങൾ ചൂണ്ടിക്കാട്ടി അംഗീകാരം നൽകിയില്ല:

1. അടുത്ത അഞ്ചാറ് വർഷത്തേയ്ക്ക് സംസ്ഥാനത്തിന് പരിഹരിക്കാൻ കഴിയുന്ന വൈദ്യുതി കമ്മി മാത്രമായിരിക്കും ഉള്ളത്.

2. നിർദ്ദിഷ്ട വാതകാധിഷ്ഠിത പ്ലാന്റിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ താരിഫ്, ഉയർന്ന വാതക വില മൂലം മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന വൈദ്യുതിയേക്കാളും ഉയർന്നതായിരിക്കും.

3. വൈദ്യുതി ഉല്പാദിപ്പിച്ചില്ലെങ്കിലും വാതക കരാറിൽ ഉൾപ്പെടാൻ സാധ്യതയുള്ള 'take or pay' നിബന്ധന പ്രകാരവും 'ship or pay' നിബന്ധന പ്രകാരവും ഇന്ധനവില ഒടുക്കേണ്ടതായ സ്ഥിതിവിശേഷം സംജാതമാകും.

(ഡി) രാജ്യത്ത് നിലവിൽ 'short term market'-ൽ വില താരതമ്യേന കുറവായതിനാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അതിന്റെ പ്രതിദിന ആവശ്യകതയുടെ 10 മുതൽ 15 ശതമാനം വരെ വൈദ്യുതി ഇത്തരം സ്രോതസ്സുകളിൽ നിന്ന് കണ്ടെത്തണമെന്നും ബാക്കിയുള്ളത് ദീർഘകാല കരാറടിസ്ഥാനത്തിൽ കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സമീപ കാലത്തൊന്നും പ്രകൃതിവാതകാധിഷ്ഠിതമായ ഊർജ്ജ ഉല്പാദനത്തിന് മുതൽമുടക്കാനുള്ള അനുകൂലമായ സാഹചര്യം ഇല്ലെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

**സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന പരിപാടി**

122 (4489) ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി പൂർത്തിയായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ. എസ്. ഇ. ബി.-യുടെ കെട്ടിടങ്ങളുടെയും മറ്റു വിവിധ സർക്കാർ കെട്ടിടങ്ങളുടെയും മുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് സോളാർ പാർക്കിന്റെ ആദ്യഘട്ടമായ 50 മെഗാവാട്ട് നിലയം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I-ൽ *ആയി ചേർത്തിരിക്കുന്നു.

അനെർട്ടിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് പൂർത്തീകരിച്ച സൗരോർജ്ജ പവർപ്ലാന്റിന്റെ വിശദവിവരങ്ങൾ അനുബന്ധം II-ൽ* ചേർത്തിരിക്കുന്നു. കൂടാതെ സംസ്ഥാനത്തെ സൗരോർജ്ജ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 10000 സൗരഗൃഹ പദ്ധതി. 10 മെഗാവാട്ട് വികേന്ദ്രീകൃതമായി സംസ്ഥാനത്തെ വിവിധ കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സ്ഥാപിച്ചതുവഴി ഇതുവരെ 9900 ത്തോളം പവർപ്ലാന്റുകൾ പൂർത്തിയാക്കുകയും ഈ പദ്ധതി മുഖേന 9.9 മെഗാവാട്ടിന്റെ വർദ്ധനവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഓഫീസുകൾ, സ്കൂളുകൾ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഓഫീസുകൾ, ഹോസ്പിറ്റലുകൾ, തരിശ് ഭൂമി എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് 20.33 മെഗാവാട്ടിന്റെ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്കൂളുകൾ മറ്റ് ഓഫീസുകൾ ഇവയുടെ മേൽക്കൂരയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള 21 മെഗാവാട്ടിന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിവരുന്നു. ലാഭപ്രഭയിൽ സമ്മാനാർഹമായ 8 സ്കൂളുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എല്ലിന്റെ പതിനേഴ് കെട്ടിടങ്ങളുടെ മുകളിൽ 0.665 മെഗാവാട്ട് സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചുകഴിഞ്ഞു. കെ.എസ്.ഇ.ബി.എൽ.-ന്റെ തന്നെ 39 കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ-ന്റെ മറ്റ് 49 കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി പുരോഗമിക്കുന്നു. സൗരോർജ്ജ പവർപ്ലാന്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി ഡെമോൺസ്ട്രേഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ അനെർട്ടിന്റെ മേൽനോട്ടത്തിൽ 110 കിലോവാട്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥാപിതശേഷിയുള്ള പ്ലാന്റുകൾ 2012-13 സാമ്പത്തിക വർഷം ഗവൺമെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലായി, സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ വിതരണ ശൃംഖലാബന്ധിത സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തെ സൗരവൈദ്യുതോത്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിന് ഗ്രീൻ കേരള ക്യാമ്പെയിനിന്റെ ഭാഗമായി സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്.

ഇതനുസരിച്ച് സംസ്ഥാന റവന്യൂ വകുപ്പിനു കീഴിലുള്ള വിവിധ കെട്ടിടങ്ങളിൽ അനെർട്ട് നടത്തിയ പ്രാഥമിക പഠനം കാണിക്കുന്നത് സിവിൽ സ്റ്റേഷനുകൾ, മിനി സിവിൽ സ്റ്റേഷനുകൾ തുടങ്ങിയയിടങ്ങളിൽ നിന്ന് നാല് മെഗാവാട്ട് സൗര വൈദ്യുതോത്പാദനം സാധ്യമാകുമെന്നാണ്. തദ്ദേശഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളിലെ സൗരവൈദ്യുതോത്പാദന സാധ്യത പഠിക്കാൻ സി-ഡിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്വന്തം കെട്ടിടങ്ങളിലും തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലുമായി അമ്പതുമെഗാവാട്ട് സൗരവൈദ്യുതോത്പാദനം കൂടി സാധ്യമായേക്കും എന്ന് പ്രതീക്ഷിക്കുന്നു.

(സി) കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന 200 മെഗാവാട്ട് കാസർഗോഡ് സൗരോർജ്ജ പാർക്കിന്റെ ആദ്യ ഘട്ടമായ 50 മെഗാവാട്ടിന്റെ നിലയം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ഏറ്റെടുത്തിട്ടുണ്ട്.

<u>നിലവിലുള്ള പദ്ധതിയുടെ പുരോഗതി</u>

1. സോളാർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര നവനവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗരേഖകൾ പ്രകാരം കെ.എസ്.ഇ.ബി.യും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ (SECI) യുമായി ചേർന്ന് ഒരു സംയുക്ത സംരംഭസ്ഥാപനം തുടങ്ങുവാനായി സർക്കാർ അനുമതി നൽകുകയും 15-1-2016-ന് കമ്പനി രൂപീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിലുള്ള കമ്പനി 4-3-2016 മുതൽ കാസർഗോഡ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ടി കമ്പനിയുടെ മേൽനോട്ടത്തിൽ പദ്ധതി നിർമ്മാണം പുരോഗമിക്കുന്നു.

2. ഇന്ത്യൻ റിന്യൂവബിൾ എനർജി ഡവലപ്മെന്റ് ഏജൻസി (IREDA) മുഖേന സ്ഥാപിക്കുന്ന 50 മെഗാവാട്ട് സൗരോർജ്ജ പദ്ധതിയുടെ നിർമ്മാണം കാസർഗോഡ് ജില്ലയിലെ അമ്പലത്തറയിൽ പുരോഗമിക്കുന്നു. മൊത്തം സ്ഥാപിത ശേഷിയായ 50 മെഗാവാട്ട് 31-12-2016-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്.

3. സർക്കാർ കണ്ടെത്തിയിട്ടുള്ള 1086.6587 ഏക്കറിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് റവന്യൂ വകുപ്പിന്റെ സർവ്വെ നടപടികൾ പൂർത്തിയാക്കി 1086.6589 ഏക്കർ ഭൂമി ഏറ്റെടുക്കൽ ജൂലൈ മാസം 2016-ൽ പൂർത്തിയാക്കിയിട്ടുണ്ട്.

4. കാസർഗോഡ് ജില്ലയിലെ സോളാർ പാർക്കിൽ നിന്നുള്ള വൈദ്യുതി പ്രസരണത്തിന് വേണ്ടിയുള്ള 220/33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. ടി സബ്സ്റ്റേഷൻ 31-12-2016 -ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്.

## പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിടുന്ന വൈദ്യുതി ഉല്പാദനം

123 (4490) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നത്; ഇത് ഏതെല്ലാം പദ്ധതികളിലൂടെയാണ് ലക്ഷ്യമിടുന്നത്;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ പര്യാപ്തമല്ലായെങ്കിൽ പാരമ്പര്യ ഊർജ്ജ പദ്ധതികൾക്ക് ലക്ഷ്യമിടുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-2022) തയ്യാറാക്കി വരുന്നു. നിലവിൽ നിർമ്മാണം മുടങ്ങിക്കിടക്കുന്ന മൂന്ന് ജലവൈദ്യുത പദ്ധതികളും (106 മെഗാവാട്ട്) നിർമ്മാണം നടന്നുവരുന്ന ആറ് ജലവൈദ്യുത പദ്ധതികളും (59 മെഗാവാട്ട്) സ്ഥലമേറ്റെടുത്ത് നടന്നുവരുന്നു. 14 ജലവൈദ്യുത പദ്ധതികളുടെ (149 മെഗാവാട്ട്) നിർമ്മാണം 13-ാം പഞ്ചവത്സര പദ്ധതിയിലാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പദ്ധതികളുടെ ലിസ്റ്റും അവയുടെ പുരോഗതിയും അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.* മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള പദ്ധതികളെ സംബന്ധിച്ചുള്ള വിവരം അനുബന്ധം (2) -ൽ ചേർക്കുന്നു. *

(സി) പാരമ്പര്യ ഊർജ്ജ പദ്ധതികളായ സംഭരണശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ, താപനിലയങ്ങൾ തുടങ്ങിയവയുടെ സാദ്ധ്യതകൾ പരിശോധിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്.

**ജനറേറ്റർ സ്ഥാപിക്കുന്നതിന് മുൻകൂർ അനുമതി**

124 (4491) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ടവറുകൾ, വ്യവസായ - വാണിജ്യ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വൈദ്യുതിക്കുവേണ്ടി ജനറേറ്റർ സ്ഥാപിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമുണ്ടോ; ഇതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇവ മൂലമുണ്ടാകുന്ന വായു-ശബ്ദ മലിനീകരണങ്ങൾ സംബന്ധിച്ച് പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദീകരിക്കാമോ;

(സി) അനധികൃത ജനറേറ്റർ ഉപയോഗം മൂലമുണ്ടായ അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) മൊബൈൽ ടവറുകൾ, വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വൈദ്യുതിക്കുവേണ്ടി ജനറേറ്റർ സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും മുൻകൂർ അനുമതി ആവശ്യമുണ്ട്.

2010-ലെ Central Electricity Authority (Measures Relating to Safety and Electric Supply) Regulations -ലെ Regulation 32 പ്രകാരമാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ നിന്നും മുൻകൂർ അനുമതി നൽകുന്നത്.

ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. അക്വാസ്റ്റിക് ആവരണത്തോടുകൂടിയ ജനറേറ്ററുകൾ മാത്രമേ നിർമ്മിക്കാവൂ.
2. ജനറേറ്ററിൽ നിന്നുള്ള പാഴ് വായു പുറന്തള്ളുന്ന സ്റ്റാക്ക് / ചിമ്മിനിക്ക് $h+0.2\sqrt{KVA}$ മീറ്റർ ഉയരം ആവശ്യമാണ്. (h-ജനറേറ്റർ സ്ഥാപിക്കുന്ന ബിൽഡിംഗിന്റെ ഉയരം, ജനറേറ്ററിന്റെ ശേഷി KVA-ൽ)
3. മൊബൈൽ ടവറുമായി ചേർന്ന് പ്രവർത്തിപ്പിക്കുന്ന ജനറേറ്റർ സെറ്റുകൾക്ക് അക്വാസ്റ്റിക് ആവരണം ആവശ്യമുള്ളതും ജനറേറ്ററുകൾ അടുത്ത വീടുകളിൽ നിന്നും കുറഞ്ഞത് മൂന്ന് മീറ്റർ അകലത്തിൽ സ്ഥാപിക്കേണ്ടതുമാണ്.
4. വാണിജ്യ വ്യവസായ സ്ഥാപനങ്ങളിലും മറ്റും പ്രവർത്തിപ്പിക്കുന്ന ജനറേറ്റർ സെറ്റുകൾക്ക് താഴെപ്പറയുന്ന ദൂരപരിധി ബാധകമാണ്:

   (a) 100 KVA-യിൽ താഴെ ശേഷിയുള്ള ജനറേറ്റർ സെറ്റുകൾ വീടുകൾ/സ്ഥാപനങ്ങൾ/ആരാധനാലയങ്ങൾ എന്നിവയിൽ നിന്നും കുറഞ്ഞത് മൂന്ന് മീറ്റർ അകലം പാലിക്കണം.

   (b) 100 KVA -യിൽ കൂടുതൽ ശേഷിയുള്ള ജനറേറ്റർ സെറ്റുകളുടെ കുറഞ്ഞ ദൂരപരിധി $\sqrt{(KVA/2)}$ മീറ്ററിൽ എന്ന രീതിയിൽ കണക്കാക്കുന്നു.

(ബി) നിലവിലുണ്ട്. ജനറേറ്ററിന്റെ പ്രവർത്തനം കാരണമുണ്ടാകുന്ന വായു - ശബ്ദമലിനീകരണം തടയാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് ചുമതലയുണ്ട്. ജനറേറ്ററിന്റെ പ്രവർത്തനത്തിലുള്ള പരാതികളുടെ അടിസ്ഥാനത്തിലും അനുമതി വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനും ബോർഡിൽ നിന്നും തുടർ പരിശോധന നടത്തിവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനം**

125 (4492) ശ്രീ. സി. ദിവാകരൻ:

ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. ഇ. കെ.വിജയൻ:

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പോലും വൈദ്യുതി ലഭ്യമാക്കും എന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി 100 ച.മീറ്ററിൽ താഴെ വിസ്തൃതിയുള്ള വീടുകൾക്ക് ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കാതെ തന്നെ കണക്ഷൻ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണം

126 (4493) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണം സമയബന്ധിതമായി പ്രഖ്യാപിക്കുന്നതിനുള്ള തടസ്സങ്ങളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രോപ്പർട്ടീസ് ക്രോസിംഗ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിച്ച് ഇത് സമയബന്ധിതമായി നടപ്പാക്കാൻ റവന്യൂ അധികൃതർ ഉൾപ്പെടെയുള്ളവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മാർച്ച് 2017-ഓടുകൂടി കേരളത്തിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. നിലവിലെ കണക്കനുസരിച്ച് 116240 ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ആകെ രജിസ്റ്റർ ചെയ്യപ്പെട്ടവയിൽ വയറിംഗ് പൂർത്തീകരിച്ചിട്ടില്ലാത്ത 60433 വീടുകളുണ്ട്. വയറിംഗ് പൂർത്തീകരിക്കാൻ തീരെ സാമ്പത്തിക ശേഷിയില്ലാത്ത ഗുണഭോക്താക്കളുടെ വീടുകൾ വയറിംഗ് നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ.-മാരുടെ ഫണ്ട്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് തുടങ്ങിയവ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ സന്നദ്ധ സംഘടനകൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നുള്ള സഹായം സ്വീകരിച്ചും നിർദ്ധനരായ ഗുണഭോക്താക്കളുടെ വീടുകൾ വയറിംഗ് നടത്താൻ നിർവ്വഹണ സമിതികൾ ശ്രമിക്കും. വൈദ്യുതി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുവാദം

ആവശ്യമുള്ള വനമേഖലകളിലും നിലവിലുള്ള വൈദ്യുതി ശൃംഖല എത്തിക്കാൻ സാദ്ധ്യമല്ലാത്ത വിദൂര കോളനികളിലും De-Centralised & Distributed Generation (DDG) and Micro-Grid നടപ്പാക്കേണ്ടതായി വരും. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള മറ്റ് വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് വീടുകളുടെ സമീപത്തേയ്ക്ക് വിതരണ ശൃംഖല വ്യാപിപ്പിക്കേണ്ടതുണ്ട്. ഇതിനായി ട്രാൻസ്ഫോർമറുകൾ, പോസ്റ്റുകൾ എന്നിവ സ്ഥാപിക്കൽ, ത്രീ ഫേസ്, സിംഗിൾ ഫേസ് ലൈൻ വലിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തേണ്ടതുണ്ട്. പുതുതായി നിർമ്മിക്കേണ്ട വൈദ്യുത ലൈൻ മറ്റുള്ളവരുടെ വസ്തുവിലൂടെ കടന്നുപോകേണ്ടതുണ്ടെങ്കിൽ ആയതിന് വസ്തു ഉടമയുടെ അനുവാദം ആവശ്യമുണ്ട്. ഇത് ലഭിക്കാത്ത പക്ഷം അധികാരപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചശേഷം മാത്രമേ വൈദ്യുത ലൈൻ നിർമ്മിക്കാനാകുകയുള്ളൂ. കാലതാമസം കൂടാതെ അനുമതി ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാരംഭ കണക്കുകൾ പ്രകാരം ഏകദേശം 160 കോടി രൂപയാണ് (DDG/Micro Grid ഉൾപ്പെടുത്താതെ) പദ്ധതി ചെലവായി കണക്കാക്കപ്പെടുന്നത്. ഓരോ നിയോജക മണ്ഡലത്തിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുകയുടെ 50 ശതമാനം (പരമാവധി ഒരു കോടി രൂപ ഓരോ നിയോജക മണ്ഡലത്തിലും) കെ.എസ്.ഇ.ബി. ലിമിറ്റഡ് വഹിക്കുന്നതും ബാക്കി തുക LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SD, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ലഭിച്ചുകഴിഞ്ഞാൽ മാത്രമേ വൈദ്യുതീകരണത്തിനുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. വൈദ്യുതി കണക്ഷനുള്ള അപേക്ഷാ ഫോറം ലഘൂകരിക്കുന്നതിനും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ കാര്യത്തിലും ഉപഭോക്താവിന് ഉപയോഗപ്രദമായ രീതിയിൽ ആവശ്യമായ മാറ്റങ്ങൾ സപ്ലൈ കോഡ് റെഗുലേഷനുകളിൽ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ട്.

(ബി) നിലവിൽ പ്രോപ്പർട്ടി ക്രോസിംഗ് തർക്കമുള്ള കേസുകൾ ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അത് വേഗത്തിൽ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വൈദ്യുതി കണക്ഷനായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ ജീവനക്കാർ സ്ഥല പരിശോധന നടത്തുന്നുണ്ട്. സ്ഥല പരിശോധനയിൽ ഗുണഭോക്താവിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് മറ്റ് സ്വകാര്യ വസ്തുക്കളിൽ കൂടി വൈദ്യുതി ലൈൻ വലിക്കേണ്ടിവരുമെന്ന് ബോദ്ധ്യപ്പെടുകയും ഇതിന് ബന്ധപ്പെട്ട വസ്തു ഉടമകൾ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിലും പ്രോപ്പർട്ടി ക്രോസിംഗ് Objection ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് ഗുണഭോക്താവ് അറിയിക്കുന്ന സാഹചര്യങ്ങളിലും ഉടനെ തന്നെ ഇക്കാര്യം റവന്യൂ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണം

127 (4494) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി വൈദ്യുതീകരിക്കപ്പെടാത്ത വീടുകളുടെ വിവര ശേഖരണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളിലെ വയറിംഗ് ജോലികൾ ചെയ്യുന്നതിന് ബോർഡ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; വയറിംഗ് ജോലികളുടെ പൂർണ്ണ ചെലവ് ബോർഡ് വഹിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള 116240 ഗുണഭോക്താക്കളിൽ 85604 ഗുണഭോക്താക്കൾ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നു. ആകെ രജിസ്റ്റർ ചെയ്യപ്പെട്ടവയിൽ വയറിംഗ് പൂർത്തീകരിച്ചിട്ടില്ലാത്ത 60433 വീടുകളുണ്ട്. ഇതിൽ 46585 വീടുകൾ ബി.പി.എൽ. വിഭാഗത്തിലുള്ളവരുടേതാണ്. ഒരു വീടിന്റെ വയറിംഗ് ഏറ്റവും ചുരുങ്ങിയ രീതിയിൽ (3 ലൈറ്റ് പോയിന്റ്, 2 പ്ലഗ് പോയിന്റ് ഇ.എൽ.സി.ബി. ഉൾപ്പെടെ) പൂർത്തീകരിക്കുന്നതിന് ഏകദേശം 6000 രൂപ ചെലവ് വരും.

ഇതിന്റെ സാമ്പത്തിക ചെലവ് വഹിക്കാൻ ബോർഡിന് നിർവ്വാഹമില്ല. വയറിംഗ് നടത്താൻ സാമ്പത്തിക ശേഷി തീരെയില്ലാത്ത ഗുണഭോക്താക്കളെ കണ്ടെത്താൻ നിർവ്വാഹക സമിതികളെ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും കോർപ്പറേഷൻ പ്രദേശങ്ങളിൽ സെക്ഷൻ ഓഫീസ് കേന്ദ്രീകരിച്ചുമുള്ള സമിതികൾ) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വീടുകളുടെ വയറിംഗ് പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽനിന്നും സന്നദ്ധ സംഘടനകളിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. പട്ടികജാതി - പട്ടിക വർഗ്ഗങ്ങളിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് വയറിംഗ് പൂർത്തീകരിക്കുന്നതിന് പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഡെപ്പോസിറ്റ് ചാർജ്ജ്**

128 (4495) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെപ്പോസിറ്റ് ചാർജ്ജ് ഇനത്തിൽ ഈടാക്കിയ അധിക തുകകൾ ഉപഭോഗം കുറയുമ്പോൾ ഉപഭോക്താക്കൾക്ക് തിരികെ നൽകാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര തുക ഇപ്രകാരം പിരിച്ചെടുത്തിട്ടുണ്ട്; ഓരോ സെക്ഷനിൽ നിന്നും അധികം പിരിച്ചെടുത്ത തുക എത്രയെന്ന വ്യക്തമായ കണക്ക് ലഭ്യമാക്കുമോ; സെക്ഷൻ റിപ്പോർട്ടും ഡിവിഷൻ റിപ്പോർട്ടും ലഭ്യമാക്കുമോ;

(സി) ഇങ്ങനെ ഈടാക്കുന്ന അധികചാർജ്ജുകൾ അടിയന്തരമായി ഒഴിവാക്കുവാൻ വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ദ്വൈമാസ ബില്ലിംഗുള്ള ഉപഭോക്താവിൽ നിന്നും പോയ സാമ്പത്തിക വർഷത്തിലെ ശരാശരി പ്രതിമാസ ബിൽ തുകയുടെ മൂന്ന് മടങ്ങ് തുകയും പ്രതിമാസ ബില്ലിംഗുള്ള ഉപഭോക്താക്കളിൽ നിന്നും പോയ സാമ്പത്തിക വർഷത്തിലെ ശരാശരി പ്രതിമാസ ബിൽ തുകയുടെ രണ്ട് മടങ്ങും ആയ തുകയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റായി ബോർഡ് ഈടാക്കുന്നത്. വൈദ്യുത ഉപഭോഗത്തിലെ ഏറ്റക്കുറച്ചിലുകൾ/താരിഫിൽ വരുന്ന മാറ്റം എന്നിവ

അനുസരിച്ച് ബിൽ തുകയിലും വ്യത്യാസം വരുമെന്നതിനാൽ ഓരോ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്ന് മാസങ്ങൾക്കുള്ളിൽ തന്നെ ഓരോ ഉപഭോക്താവിന്റെയും പേരിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ശരാശരി പ്രതിമാസ ബിൽ തുകയുടെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ പുനർ നിർണ്ണയിക്കാറുണ്ട്. ഇത്തരത്തിൽ പുനർ നിർണ്ണയിക്കുമ്പോൾ ബോർഡിന്റെ പക്കലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പുനർ നിർണ്ണയിക്കപ്പെട്ട ഡെപ്പോസിറ്റ് തുകയേക്കാൾ കൂടുതലാണെങ്കിൽ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ അധികമുള്ള തുക ബാങ്ക് റേറ്റ് പലിശ ഉൾപ്പെടെ ഉപഭോക്താക്കൾക്ക് നൽകുന്നു. ഇത് തുടർന്നുവരുന്ന ബില്ലുകളിൽ കുറവ് ചെയ്യുന്നതാണ്. അതേസമയം ബോർഡിന്റെ കൈവശമുള്ള ഡെപ്പോസിറ്റ് തുക പുനർ നിർണ്ണയിക്കപ്പെട്ട തുകയേക്കാൾ കുറവാണെങ്കിൽ അധിക തുക ഉപഭോക്താവ് നൽകേണ്ടതുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷത്തെ താല്ക്കാലിക കണക്ക് പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഏകദേശം 312 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഇത് പുതിയ കണക്ഷനുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റും നിലവിലുള്ള കണക്ഷനുകളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ വരുന്ന വ്യത്യാസവും ഉൾപ്പെടെയാണ്. ഇതിന്റെ ഡിവിഷൻ തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ സപ്ലൈ കോട് 2014 റെഗുലേഷൻ 67 അനുസരിച്ച് ഓരോ ഉപഭോക്താവും വൈദ്യുതി ഉപയോഗത്തിനാനുപാതികമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് നിലനിർത്തേണ്ടതാണ്.

**വൈദ്യുതിയുടെ വാർഷികാവശ്യം**

129 (4496) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്നും കേന്ദ്രഗ്രിഡിൽ നിന്ന് എത്ര മെഗാവാട്ട് ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വാർഷിക ആവശ്യത്തിന്റെ എത്രശതമാനം ഇവിടെ ഉല്പാദിപ്പിക്കുന്നുവെന്നും സംസ്ഥാനത്തിന് പുറത്തുനിന്നും എത്ര ശതമാനം വാങ്ങുന്നുവെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മൊത്തം വൈദ്യുതിയുടെ എത്ര ശതമാനം ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെന്നും കാർഷിക, വ്യവസായ, മറ്റ് ഉല്പാദന മേഖലകളിൽ എത്ര ശതമാനം ഉപയോഗിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) വേനൽക്കാലത്ത് സംസ്ഥാനത്ത് വൈദ്യുതിക്ഷാമം ഉണ്ടാകാനിടയുണ്ടോയെന്ന് പരിശോധിച്ചുവോ; എങ്കിൽ ഇത് നേരിടാൻ എന്തെല്ലാം കരുതൽ നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്നും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിനുള്ളിലെ വൈദ്യുതോല്പാദനം പ്രധാനമായും ജലവൈദ്യുതിയാണ്. വാർഷിക ശരാശരിയായി 7000 ദശലക്ഷം യൂണിറ്റ് ഉല്പാദനമാണ് ജലവൈദ്യുത പദ്ധതികളിൽ നിന്നും സാദ്ധ്യമായിട്ടുള്ളത്. ഈ വർഷം കാലവർഷക്കുറവ് മൂലം ഏകദേശം 4950 ദശലക്ഷം യൂണിറ്റ് ഉല്പാദനമേ പ്രതീക്ഷിക്കുന്നുള്ളൂ. ശരാശരി ഉല്പാദനം ഇതനുസരിച്ച് ഏകദേശം 565 മെഗാവാട്ട് ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്. ശരാശരി മഴ ലഭിക്കുകയാണെങ്കിൽ ഇത് 799 മെഗാവാട്ട് ആണ്. എന്നാൽ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം ആവശ്യകതയ്ക്കനുസരിച്ച് ക്രമീകരിക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം വൈകുന്നേരങ്ങളിൽ പീക്ക് ലോഡ് സമയത്ത് ശരാശരി 1650 മെഗാവാട്ട് ഉല്പാദിപ്പിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ ആവശ്യകതയുള്ള മാർച്ച് മാസങ്ങളിൽ 1780 മെഗാവാട്ട് വരെ ഉല്പാദിപ്പിക്കാറുണ്ട്.

ഇതുകൂടാതെ ഏകദേശം 150 മെഗാവാട്ട് കെ.ഡി.പി.പി./ബി.ഡി.പി.പി.-യിൽ നിന്നും 325 മെഗാവാട്ട് കായംകുളത്തുനിന്നും ഉല്പാദിപ്പിക്കാൻ സാധിക്കും. എന്നാൽ ഉല്പാദനച്ചെലവ് കൂടുതൽമൂലം ഈ നിലയങ്ങളിൽ നിന്നുള്ള ഉല്പാദനം വളരെ അവശ്യഘട്ടത്തിൽ മാത്രമേ നടത്താറുള്ളൂ. കേന്ദ്രവിഹിതം 1361 മെഗാവാട്ട് ആണ്. കേന്ദ്ര വൈദ്യുതി നിലയങ്ങളിലെ വാർഷിക അറ്റകുറ്റപ്പണികൾ കാരണം ലഭ്യമായ ശരാശരി കേന്ദ്രവിഹിതം 1183 മെഗാവാട്ട് ആണ്.

(ബി) 2015-16-ലെ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിനുള്ളിൽ ഉല്പാദിപ്പിച്ച ആകെ വൈദ്യുതി വാർഷിക ആവശ്യകതയുടെ 31.4 ശതമാനവും പുറമെനിന്ന് കൊണ്ടുവന്നത് 68.6 ശതമാനവുമാണ്.

(സി) വിവിധ മേഖലകളിലുള്ള വൈദ്യുതി ഉപയോഗത്തിന്റെ കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു:

| കാറ്റഗറി | മൊത്തം ഉപഭോഗത്തിന്റെ ശതമാനത്തിൽ |
|---|---|
| ഗാർഹികം | 51.50 |
| വാണിജ്യം (ജനറൽ ഉൾപ്പെടെ) | 20.69 |
| വ്യാവസായികം | 20.34 |
| കാർഷികം | 1.48 |
| തെരുവ് വിളക്കുകൾ | 1.90 |
| റെയിൽവേ ട്രാക്ഷൻ | 1.10 |
| ബൾക്ക് ലൈസൻസി | 2.99 |

(ഡി) 2016-17 മുതലുള്ള വർദ്ധിച്ച വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് വൈദ്യുതി ബോർഡ് ഏർപ്പെട്ട ദീർഘകാല കരാർ പ്രകാരം 315 മെഗാവാട്ട് വൈദ്യുതി 1-12-2016 മുതൽ ലഭ്യമാകും. കൂടാതെ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന 397 മെഗാവാട്ട് മീഡിയം ടേം അടിസ്ഥാനത്തിലുള്ള കരാർ ഫെബ്രുവരി 2017-ൽ തീരുന്ന മുറയ്ക്ക് 200 മെഗാവാട്ട് വൈദ്യുതി 1-3-2016 മുതൽ 30-6-2017 വരെ വാങ്ങാനുള്ള ഹ്രസ്വകാല കരാറിലും ഏർപ്പെട്ടിട്ടുണ്ട്. ഇതിനാവശ്യമായ ഓപ്പൺ ആക്സസും ലഭ്യമായിട്ടുണ്ട്. കാലവർഷം പ്രതീക്ഷിച്ചതുപോലെ ലഭിക്കാത്തതുമൂലം വേനൽക്കാലത്തുണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് നടത്തിയ ഉന്നതതല ചർച്ചകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് ഉടനെതന്നെ ആവശ്യമായ അധിക വൈദ്യുതി വാങ്ങാനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ**

130 (4497) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾവഴി സംസ്ഥാനത്ത് എത്ര വൈദ്യുതിയാണ് ലഭിക്കുന്നതെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ ;

(ബി) കാറ്റിൽ നിന്നും, തിരമാലയിൽ നിന്നും, സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും, സൗരോർജ്ജ വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ച് അവ നടപ്പാക്കുവാൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 ഒക്ടോബർ 18-ാം തീയതി വരെയുള്ള കണക്കനുസരിച്ച് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള പ്രതിദിന ശരാശരി ഊർജ്ജ ലഭ്യത ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സൗരോർജ്ജം വഴി | - | 0.0746 ദശലക്ഷം യൂണിറ്റ് |
| കാറ്റിൽ നിന്നും | - | 0.2738 ദശലക്ഷം യൂണിറ്റ് |

അനെർട്ടിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ 599 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിക്കുകയും 287 കിലോവാട്ട് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലുമാണ്. സൗരോർജ്ജ മേഖലയിൽ സർക്കാർ ധനസഹായത്തോടെ അനെർട്ട് നടപ്പിലാക്കിയ 10000 സൗരഗൃഹപദ്ധതിയിൽ 9900 ത്തോളം ഒരു കിലോവാട്ട് ശേഷിയുള്ള പവർ പ്ലാന്റുകൾ വിവിധ മേൽക്കൂരകളിൽ സ്ഥാപിക്കുക വഴി 34650 യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉല്പാദിപ്പിക്കുന്നുണ്ട്. സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ ഇതുവരെയായി 600 കിലോവാട്ടോളം പവർ പ്ലാന്റുകൾ വിവിധ മേൽക്കൂരകളിൽ സ്ഥാപിച്ച് ഗ്രിഡ് ബന്ധനം നടത്തിയിട്ടുണ്ട്. ഇതുവഴി 2400 യൂണിറ്റോളം വൈദ്യുതി പ്രതിദിനം ഉല്പാദിപ്പിക്കുന്നുണ്ട്. അനെർട്ടിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് സ്വന്തം ഫണ്ട് ഉപയോഗപ്പെടുത്തി രണ്ട് മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റ് പാലക്കാട് കുഴൽമന്ദത്ത് നിർമ്മാണം അവസാന ഘട്ടത്തിലാണ്.

സംസ്ഥാനത്ത് കാറ്റിൽ നിന്നും 43.275 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാറ്റാടിപ്പാടങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ 2.02 മെഗാവാട്ട് കെ.എസ്.ഇ.ബി.-യുടേതായി പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് പ്രവർത്തിക്കുന്നു. സ്വകാര്യ മേഖലയിൽ പാലക്കാട് ജില്ലയിൽ Suzlon എന്ന

കമ്പനി 17.4 മെഗാവാട്ട്, Sarjan Realities എന്ന കമ്പനി 9.6 മെഗാവാട്ട്, ഇടുക്കി ജില്ലയിൽ Vestas എന്ന കമ്പനി 14.25 മെഗാവാട്ടിന്റെയും കാറ്റാടിപ്പാടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) കാറ്റിൽ നിന്നും സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി KSEB നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

(സി) സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ KSEB-യിൽ നിലവിലുണ്ട്. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഓഫീസുകൾ, ആശുപത്രികൾ, തരിശുഭൂമി എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് 20.33 മെഗാവാട്ടിന്റെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്കൂളുകൾ, മറ്റ് ഓഫീസുകൾ ഇവയുടെ മേൽക്കൂരയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള 21 മെഗാവാട്ടിന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിവരുന്നു. ലാഭപ്രഭയിൽ സമ്മാനാർഹമായ 8 സ്കൂളുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. സൗരോർജ്ജ പവർ പ്ലാന്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ഡെമോൺസ്ട്രേഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ അനെർട്ടിന്റെ മേൽനോട്ടത്തിൽ 110 കിലോവാട്ട് സ്ഥാപിതശേഷിയുള്ള പ്ലാന്റുകൾ 2012-13 സാമ്പത്തിക വർഷം സംസ്ഥാന ഗവൺമെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലായി സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ വിതരണ ശൃംഖലാബന്ധിത സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തെ സൗരവൈദ്യുതോല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിന് ഗ്രീൻ കേരള ക്യാമ്പയിനിന്റെ ഭാഗമായി സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാന റവന്യൂ വകുപ്പിന് കീഴിലുള്ള വിവിധ കെട്ടിടങ്ങളിൽ അനെർട്ട് നടത്തിയ പ്രാഥമിക പഠനം കാണിക്കുന്നത് സിവിൽ സ്റ്റേഷനുകൾ, മിനി സിവിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്റ്റേഷനുകൾ തുടങ്ങിയ ഇടങ്ങളിൽ നിന്ന് നാല് മെഗാവാട്ട് സൗരവൈദ്യുതോല്പാദനം സാദ്ധ്യമാകുമെന്നാണ്. തദ്ദേശഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളിലെ സൗരവൈദ്യുതോല്പാദന സാദ്ധ്യത പഠിക്കാൻ സി-ഡിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്വന്തം കെട്ടിടങ്ങളിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലുമായി അമ്പത് മെഗാവാട്ട് സൗരവൈദ്യുതോല്പാദനം കൂടി സാദ്ധ്യമായേക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ അനെർട്ട് നടപ്പാക്കിവരുന്ന സൗരമേൽക്കൂര വൈദ്യുത നിലയ പദ്ധതിയിലും സോളാർ കണക്ട് എന്ന ശൃംഖലാബന്ധിത സൗരവൈദ്യുത നിലയ പദ്ധതിയിലും ഒട്ടേറെ സർക്കാർ സ്ഥാപനങ്ങൾ സൗരവൈദ്യുതോല്പാദന നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തുടർന്നും ഏതൊരു സർക്കാർ സ്ഥാപനത്തിനും അനെർട്ട് നടപ്പാക്കിവരുന്ന പദ്ധതികളിലൂടെയോ അനെർട്ടിന്റെ സാങ്കേതിക കൺസൾട്ടൻസി സഹായം ഉപയോഗപ്പെടുത്തിയോ സൗരവൈദ്യുതോല്പാദന നിലയം സ്ഥാപിക്കുകയും അംഗീകൃത സബ്സിഡി ലഭ്യമാക്കുകയും ചെയ്യാവുന്നതുമാണ്.

**സംസ്ഥാനത്തിന് പുറമേനിന്ന് കൊണ്ടുവരുന്ന വൈദ്യുതി**

131 (4498) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറമേ നിന്ന് കൊണ്ടുവരുന്ന വൈദ്യുതിയുടെ അളവ് എത്രയെന്നും, ഇതിനായി ആശ്രയിക്കുന്ന വൈദ്യുതി ലൈനുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഇതുവഴിയുണ്ടാകുന്ന പ്രസരണ നഷ്ടം എത്രയെന്നും ഇത് കുറയ്ക്കാനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവോ എന്നും വ്യക്തമാക്കുമോ;

(സി) ഇതിനുള്ള പ്രധാന ലൈനുകളായ തിരുനെൽവേലി-ഇടമൺ-കൊച്ചി, ഛത്തീസ്ഗഡ്-മാടക്കത്തറ പ്രസരണ ലൈനുകളുടെ പൂർത്തീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും ഇതിനായി എത്ര തുക ചെലവായെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന മറ്റ് വൈദ്യുത ലൈനുകളുടെ പൂർത്തീകരണം ത്വരിതപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന് പുറമേനിന്ന് 2015-16 അന്തർ സംസ്ഥാന ലൈനുകൾ വഴി കൊണ്ടുവന്ന ആകെ വൈദ്യുതി 15689.12 മില്ല്യൺ യൂണിറ്റാണ്. സംസ്ഥാനത്തിന് പുറമേനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള അന്തർ സംസ്ഥാന ലൈനുകൾ ചുവടെ ചേർക്കുന്നു:

1. 400 കെ.വി. മൈസൂർ - അരീക്കോട് ലൈൻ
2. 400 കെ.വി. ഉദുമൽപേട്ട് - പാലക്കാട് ലൈൻ
3. 400 കെ.വി. തിരുനെൽവേലി - തിരുവനന്തപുരം ലൈൻ
4. 220 കെ.വി. ഇടുക്കി - ഉദുമൽപേട്ട് ലൈൻ
5. 220 കെ.വി. ശബരിഗിരി - തേനി ലൈൻ
6. 220 കെ.വി. ഇടമൺ - തിരുനെൽവേലി ലൈൻ
7. 220 കെ.വി. കടകോള - കണിയാംപെറ്റ ലൈൻ
8. 110 കെ.വി. കുഴിത്തുറ - പാറശ്ശാല ലൈൻ
9. 110 കെ.വി. കൊനോജ - മഞ്ചേശ്വരം ലൈൻ

(ബി) അന്തർ സംസ്ഥാന പ്രസരണ ശൃംഖലയിലുള്ള ലൈനുകൾ PGCIL-ന്റെയും മറ്റ് സംസ്ഥാനങ്ങളുടെയും ഉടമസ്ഥതയിലാണുള്ളത്. ഇവ സർക്കാരിന്റെയോ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയോ ഉടമസ്ഥതയിലല്ലാത്തതിനാൽ ഇതുവഴിയുണ്ടാകുന്ന പ്രസരണ നഷ്ടം കുറയ്ക്കാൻ പ്രത്യേക നടപടികളൊന്നും നേരിട്ട് സർക്കാരിന് സ്വീകരിക്കാനാവില്ല. മാത്രമല്ല സംസ്ഥാനത്തിന് പുറമേനിന്ന് കൊണ്ടുവരുന്ന വൈദ്യുതിയുടെ പ്രസരണ നഷ്ടം നിർണ്ണയിക്കുന്നത് സെൻട്രൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ വാലിഡേഷൻ കമ്മിറ്റിയാണ്. ഇപ്രകാരം കണക്കാക്കുന്ന പ്രസരണ നഷ്ടം ആഴ്ചതോറും മാറിക്കൊണ്ടിരിക്കുകയും ചെയ്യും.

(സി) കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിലേയ്ക്കായി തിരുനെൽവേലിയിൽ നിന്നും കൊച്ചി വരെ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ നിർമ്മിക്കുന്ന 400 കെ.വി. ലൈനിന്റെ ഒന്നാം ഘട്ടം തിരുനെൽവേലി മുതൽ ഇടമൺ വരെ പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ടമായ ഇടമൺ മുതൽ കൊച്ചി വരെ 149 കി.മീ.

നീളമുള്ള ലൈനിന്റെ 36 ശതമാനം ടവർ ഫൗണ്ടേഷനും 20 ശതമാനം ടവർ ഇറക്ഷനും 20 ശതമാനം സ്ട്രിംഗിഗും 2010-ൽ പൂർത്തിയായി. സ്ഥലമുടമകൾക്ക് സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 29/15/പി.ഡി. തീയതി 30-7-2015, സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 19/16/പി.ഡി. തീയതി 31-8-2016 എന്നിവ പ്രകാരം പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. സ്ഥലമുടമകളുടെ എതിർപ്പുമൂലം നിർത്തിവച്ച നിർമ്മാണ ജോലികൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി പ്രോപ്പർട്ടി സർവ്വേ പുരോഗമിക്കുന്നു. ഈ ലൈനിന്റെ പ്രൊഫൈൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. പവർഗ്രിഡ് കോർപ്പറേഷനാണ് ഈ ലൈനുകളുടെ പണി നടത്തിവരുന്നത്. ഇതിനുവേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്ന് ഇതുവരെ തുകയൊന്നും ചെലവായിട്ടില്ല.

ഛത്തീസ്ഗഡിൽ നിന്നും പുഗലൂർ വഴി മാടക്കത്തറയിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള HVDC line-ന്റെ അനുബന്ധ സബ്സ്റ്റേഷനുവേണ്ടി തൃശ്ശൂരിൽ PGCIL സ്ഥലം വാങ്ങിയിട്ടുണ്ട്. അതിനായി 32 കോടി രൂപ ചെലവായി. പ്രസരണ ലൈനും അനുബന്ധ സബ്സ്റ്റേഷനും PGCIL ആണ് ഏറ്റെടുത്ത് നടത്തുന്നത്. സബ്സ്റ്റേഷൻ വർക്കിനുവേണ്ടി ടെണ്ടർ വിളിച്ചിട്ടുണ്ട്. 2016 ഡിസംബറോടുകൂടി വർക്ക് അവാർഡ് ചെയ്യും. ഡിസംബറിൽ ലൈനിന്റെ വർക്ക് ടെണ്ടർ ചെയ്യാനാണ് PGCIL ഉദ്ദേശിക്കുന്നത്. 2017 മാർച്ചിൽ അവാർഡ് ചെയ്ത് 2019 ഡിസംബറോടുകൂടി പണി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഡി) സംസ്ഥാനത്ത് വിവിധ കോടതികളിൽ നിലവിലുള്ള കേസുമൂലം ചില ലൈനുകളുടെ പൂർത്തീകരണം മുടങ്ങിയിട്ടുണ്ട്. പ്രസ്തുത കേസുകൾ എത്രയും വേഗം തീർപ്പാക്കി വർക്കുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അംഗൻവാടികളുടെ വൈദ്യുതീകരണം

132 (4499) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടികളിൽ പലതും വൈദ്യുതീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ അംഗൻവാടികളെ കൂടി ഉൾപ്പെടുത്തുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കെട്ടിട നമ്പരില്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി കെട്ടിട നമ്പരില്ലാതെ അംഗൻവാടികളായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി വകുപ്പ് ഓഫീസറുടേയോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റ് ഓഫീസറുടേയോ സാക്ഷ്യപ്പെടുത്തും പ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ അംഗൻവാടികൾക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ**

133 (4500) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;

(ബി) ഇവ പൂർത്തീകരിക്കാത്ത കാരണത്താൽ, വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന എത്ര ടി.എം.സി. ജലം പ്രതിവർഷം നഷ്ടമാകുന്നു എന്നും പണി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായാൽ ഇതുവഴി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമായിരുന്നു എന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| | |
|---|---|
| പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 മെഗാവാട്ട്) | 74 ശതമാനം ജോലി പൂർത്തിയാക്കിയിട്ടുണ്ട്. |
| തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 മെഗാവാട്ട്) | 33.1 ശതമാനം ജോലി പൂർത്തിയാക്കിയിട്ടുണ്ട്. |
| ചാത്തൻകോട്ടുനട - II ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്) | 20.73 ശതമാനം ജോലി പൂർത്തിയാക്കിയിട്ടുണ്ട്. |

(ബി) പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിൽ പ്രതിവർഷം 2.59 TMC ജലവും തോട്ടിയാർ പദ്ധതിയിൽ പ്രതിവർഷം 3.04 TMC ജലവും ചാത്തൻകോട്ടുനട II ചെറുകിട ജലവൈദ്യുത പദ്ധതിയിൽ പ്രതിവർഷം 4.23 TMC ജലവും ഉപയോഗപ്പെടുത്തും വിധമാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. പണി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായാൽ പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം മുഖേന പ്രതിവർഷം 153.9 മില്ല്യൻ യൂണിറ്റും തോട്ടിയാർ ജലവൈദ്യുത പദ്ധതി മുഖേന പ്രതിവർഷം 99 മില്ല്യൻ യൂണിറ്റും ചാത്തൻകോട്ടുനട II ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നും പ്രതിവർഷം 14.76 മില്ല്യൻ യൂണിറ്റും വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും.

(സി) പ്രസ്തുത പദ്ധതികളുടെ ബാക്കി പണികൾ സമയബന്ധിതമായി തീർക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പിഷാരിക്കാവ് ക്ഷേത്ര ചിറ നവീകരണം**

134 (4501) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള കൊയിലാണ്ടി പിഷാരിക്കാവ് ക്ഷേത്രം വക കൊല്ലംചിറ നവീകരണത്തിന് മുൻ സർക്കാരിന്റെ കാലത്ത് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കൊയിലാണ്ടിയിലെ പ്രധാന ജലസ്രോതസ്സുകളിലൊന്നായ കൊല്ലംചിറ നവീകരണത്തിനും സംരക്ഷണത്തിനും പദ്ധതി ആവിഷ്കരിക്കുമോ; നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) മുൻ സർക്കാരിന്റെ കാലത്ത് ശ്രീ പിഷാരിക്കാവ് ദേവസ്വം വക കൊല്ലംചിറയുടെ നവീകരണത്തിനുള്ള പ്രവൃത്തി നബാർഡിന്റെ ഫണ്ടുപയോഗിച്ച് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നബാർഡിൽ നിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

**ശബരിമല സന്നിധാനത്തെ മാലിന്യ പ്ലാന്റ്**

135(4502) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തെ മാലിന്യ പ്ലാന്റ് നിർമ്മാണത്തിന് എത്ര രൂപ ചെലവായിരുന്നു; എന്നാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്;

(ബി) പ്രസ്തുത പ്ലാന്റ് പൂർണ്ണമായും പ്രവർത്തന സജ്ജമാണോ; അല്ലായെങ്കിൽ കാരണം വിശദമാക്കുമോ;

(സി) വരുന്ന ശബരിമല തീർത്ഥാടന കാലത്തിനുമുമ്പ് പ്ലാന്റ് പൂർണ്ണമായും പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ - സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ശബരിമല മാസ്റ്റർ പ്ലാൻ ഹൈപവർ കമ്മിറ്റിയിൽ നിന്നും വിശദാംശങ്ങൾ നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**മലബാർ ദേവസ്വം ബോർഡിൽ നിന്നും സഹായം ലഭിച്ച ക്ഷേത്രങ്ങൾ**

136 (4503) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് മലബാർ ദേവസ്വം ബോർഡിൽ നിന്നും സഹായം ലഭിച്ച കോഴിക്കോട് ജില്ലയിലെ ക്ഷേത്രങ്ങൾ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**മലബാർ ദേവസ്വം ജീവനക്കാരുടെ നിയമനം**

137 (4504) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരെ നിലവിൽ ഏത് വിധത്തിലാണ് നിയമിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പാരമ്പര്യമല്ലാത്ത എല്ലാ തസ്തികകളിലും ക്ഷേത്ര ട്രസ്റ്റിമാരാണ് ജീവനക്കാരെ നിയമിക്കുന്നത്.

(ബി) മലബാർ ദേവസ്വം ബോർഡ് ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ദേവസ്വം ബോർഡുകളിലേയും ഭരണ സർവ്വീസിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്ഷേത്ര ഭൂമികളുടെ കയ്യേറ്റം

138 (4505) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിൽ സംസ്ഥാനത്തൊട്ടാകെ എത്ര ഏക്കർ ഭൂമിയുണ്ടെന്ന് ദേവസ്വം ബോർഡുകളുടെ പേരുതിരിച്ച് വ്യക്തമാക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ചില ക്ഷേത്ര ഭൂമികൾ കയ്യേറ്റം മൂലം അന്യാധീനപ്പെട്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ക്ഷേത്രത്തിന്റെ എത്ര ഭൂമി ഇത്തരത്തിൽ അന്യാധീനപ്പെട്ടുപോയി എന്ന് വെളിപ്പെടുത്തുമോ;

(സി) ക്ഷേത്ര ഭൂമി ഇത്തരത്തിൽ സ്വകാര്യവ്യക്തികൾ കയ്യേറുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇനിയും ഇത്തരത്തിലുള്ള കയ്യേറ്റം തടയാൻ എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.*

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വസ്തുക്കളിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് 15-10-2008 മുതൽ പ്രവർത്തിക്കുന്നുണ്ട്. ക്ഷേത്രഭൂമി കയ്യേറ്റം തടയുന്നതിനായി ഒരു ട്രൈബ്യൂണൽ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

## ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ

139 (4506) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ദേവസ്വം ബോർഡുകൾ ഉണ്ടെന്നും അവ ഓരോന്നിന്റെയും കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡിലും ക്ഷേത്രങ്ങളിലുമായി ആകെ എത്ര തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകളിൽ ജനറൽ, ഒ.ബി.സി., ഒ.ഇ.സി., എസ്.സി./എസ്.ടി. എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ദേവസ്വം ബോർഡുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പേരും ഇവയിൽ ഓരോന്നിലുമുള്ള മൊത്തം തസ്തികകളുടെ എണ്ണവും ലഭ്യമാക്കുമോ; ഈ തസ്തികകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജനറൽ, ഒ.ബി.സി., ഒ.ഇ.സി. എസ്.സി./എസ്.ടി. തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനരീതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

**പമ്പയിലെ മലിനജല സംസ്കരണം**

140 (4507) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പയിൽ മലിനജല സംസ്കരണത്തിന് ദേവസ്വം ബോർഡ് എന്ത് സംവിധാനമാണ് സജ്ജമാക്കിയിട്ടുള്ളത്;

(ബി) മലിനജല സംസ്കരണത്തിന് പ്ലാന്റ് സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്ലാന്റ് സജ്ജമാക്കിയത് എന്നാണ്;

(സി) പ്രസ്തുത പ്ലാന്റിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**കാവുകളുടെ സംരക്ഷണം**

141 (4508) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളോടനുബന്ധിച്ച് നിലകൊള്ളുന്ന കാവുകളുടെ സംരക്ഷണത്തിനായി നിലവിലുള്ള പദ്ധതികൾ വ്യക്തമാക്കുമോ; വിവിധ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് കാവ് സംരക്ഷണം പരിഗണിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രധാന ക്ഷേത്ര കാവുകളായ പൊയിൽക്കാവ്, മുചുകുന്ന്, കോട്ടക്കാവ് എന്നിവ സംരക്ഷിക്കാൻ പദ്ധതി തയ്യാറാക്കുമോ; ആയതിന്റെ തുടർനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംരക്ഷണത്തിനായി സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരുന്നു. ഇതുസംബന്ധിച്ച നിബന്ധനകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇത് സംബന്ധിച്ചുള്ള നിർദ്ദേശമൊന്നും മലബാർ ദേവസ്വം ബോർഡിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

**ശബരിമലയിലും പമ്പയിലും ശുദ്ധജല വിതരണം**

142(4509) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലും പമ്പയിലും കുപ്പിവെള്ളം നിരോധിച്ചുകൊണ്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവിറക്കിയിരുന്നോ;

(ബി) തീർത്ഥാടനത്തിനെത്തുന്ന ഭക്തജനങ്ങൾക്ക് ശുദ്ധജല വിതരണത്തിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുള്ളത്;

(സി) തീർത്ഥാടന കാലത്ത് പമ്പയിലും ശരണപാതയിലും സന്നിധാനത്തുമായി എത്ര ലിറ്റർ ശുദ്ധജല വിതരണം നടത്തേണ്ടി വരും എന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം**

143 (4510) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും ക്ഷേത്ര ജീവനക്കാരുടെ വേതനം നൽകുന്നതിനും നിലവിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**ക്ഷേത്രങ്ങളോട് ചേർന്നുള്ള പൈതൃക കെട്ടിടങ്ങളും കൂത്തമ്പലങ്ങളും സംരക്ഷിക്കുന്നതിന് നടപടി**

144 (4511) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരവധി പുരാതന ക്ഷേത്രങ്ങളും ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള പൈതൃക കെട്ടിടങ്ങളും സംരക്ഷിക്കേണ്ടതിന്റെ ഭാഗമായി തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിലും, കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വങ്ങളിലും കൺസർവേഷൻ ആർക്കിടെക്ട് എന്ന തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പുരാതന ക്ഷേത്രങ്ങളോട് ചേർന്നുള്ള പൈതൃക കെട്ടിടങ്ങളും കൂത്തമ്പലങ്ങളും നാശോന്മുഖമായ മറ്റ് പുരാതന കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

145 (4512) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി 2016-17 ബജറ്റിൽ ഉൾക്കൊള്ളിച്ച ഒരു കോടി രൂപയ്ക്ക് പുറമേ ഈ പദ്ധതി നടപ്പിലാക്കുന്നതിന് എത്ര കോടി രൂപ അധികമായി അനുവദിക്കുവാനുദ്ദേശിയ്ക്കുന്നു;

(ബി) മലബാർ, തിരുവിതാംകൂർ, കൊച്ചി ദേവസ്വങ്ങൾക്കു കീഴിലുള്ള ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളങ്ങളുടെയും ആൽത്തറകളുടെയും കാവുകളുടെയും സംരക്ഷണത്തിനായി ഓരോ ദേവസ്വത്തിനും എത്ര കോടി രൂപ വീതം അനുവദിക്കുവാനുദ്ദേശിക്കുന്നു;

(സി) മുൻസർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഓരോ ദേവസ്വത്തിനും അനുവദിച്ച തുകയും സ്വകാര്യ ക്ഷേത്രങ്ങൾക്ക് അനുവദിച്ച തുകയുമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും ഓഡിറ്റഡ് ഇൻകം സർട്ടിഫിക്കറ്റും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 9 കോടി രൂപ അധികമായി അനുവദിക്കാൻ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

## ക്ഷേത്രവളപ്പിൽ ആയുധ കായിക പരിശീലനം

146 (4513) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളുടെ വളപ്പിൽ ആയുധ കായിക പരിശീലനം വിലക്കി ഈ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) 1988-ലെ മതസ്ഥാപന (ദുരുപയോഗം തടയൽ) നിയമം അനുസരിച്ചാണോ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ എല്ലാ ആരാധനാലയങ്ങളുടെയും വളപ്പിൽ ആയുധ പരിശീലനവും ഡ്രില്ലും തടയുന്നതിനായി സർക്കുലർ പുറപ്പെടുവിക്കാനായി നടപടി സ്വീകരിച്ചുവരികയാണ്.

**അന്യാധീനപ്പെട്ട് കിടക്കുന്ന ക്ഷേത്രങ്ങളും കാവുകളും**

147 (4514) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ, മലബാർ മേഖലകളിലെ നിരവധി ക്ഷേത്രങ്ങളും കാവുകളും അന്യാധീനപ്പെട്ടു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴയകാല സംസ്കാരത്തിന്റെ ഉറവിടമായിരുന്ന ഇത്തരം കാവുകളും കുളങ്ങളും സംരക്ഷിച്ച് അവയിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ശബരിമലയിലേയ്ക്കുള്ള പരമ്പരാഗത കാനന പാത**

148 (4515) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്കുള്ള പരമ്പരാഗത കാനന പാതയിൽ തീർത്ഥാടകർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ദേവസ്വം ബോർഡ് സജ്ജമാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പാതയിൽ എവിടെയെല്ലാം ഹൃദ്രോഗ പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(സി) പരമ്പരാഗത പാതയിൽ മതിയായ ശൗചാലയങ്ങൾ സജ്ജമാക്കാൻ ദേവസ്വം ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**ക്ഷേത്ര കുളങ്ങളുടെ നവീകരണം**

149 (4516) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ഏതെല്ലാം ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വർക്കല ഗ്രൂപ്പിന് കീഴിൽ വരുന്ന കവലയൂർ ശ്രീ മഹാദേവർ ക്ഷേത്രക്കുളം നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കുളം നവീകരിക്കുവാൻ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**ആർട്സ് ആന്റ് സയൻസ് കോളേജുകൾ**

150 (4517) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര ആർട്സ് ആന്റ് സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;വിശദാംശം നൽകുമോ;

(ബി) വിദ്യാഭ്യാസരംഗത്ത് സഹകരണ മേഖലയുടെ സംഭാവന എന്താണെന്ന് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(സി) സ്വാശ്രയ കോളേജുകളിൽ വലിയ ഫീസും പഠന സൗകര്യങ്ങളുടെ കുറവും അനുഭവപ്പെടുന്നത് കണക്കിലെടുത്ത് സാധാരണക്കാരുടെ കുട്ടികൾക്ക് പഠിക്കുന്നതിന്, ആവശ്യമായ സ്ഥലങ്ങളിൽ സഹകരണ മേഖലയിൽ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ 68 ആർട്സ് ആന്റ് സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) സ്കൂൾ കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്ക് നോട്ട് ബുക്ക്, മറ്റ് പഠന ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്ന സ്കൂൾ സൊസൈറ്റികൾ നിലവിലുണ്ട്.

ഉന്നത വിദ്യാഭ്യാസത്തിനായി ആർട്സ് ആന്റ് സയൻസ് കോളേജുകൾ സഹകരണ മേഖലയിലുണ്ട്. കൂടാതെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി കേരള അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) -ന്റെ കീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നു. സഹകരണ സംഘങ്ങൾ / ബാങ്കുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനത്തിനായി ഒരു ഫിനിഷിംഗ് സ്കൂളും കേപ്പിന്റെ നിയന്ത്രണത്തിലുണ്ട്.

കോഴിക്കോട് ജില്ലയിൽ എം. ദാസൻ എഞ്ചിനീയറിംഗ് കോളേജ് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നു.

സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം നെയ്യാർ ഡാമിന് സമീപം 'കിക്മ' എന്ന സ്ഥാപനം എം.ബി.എ. കോഴ്സ് നടത്തുന്നതിനായി 2009 മുതൽ പ്രവർത്തിച്ചുവരുന്നു. ആശുപത്രി സഹകരണ സംഘങ്ങളുടെ കീഴിൽ നഴ്സിംഗ് കോളേജുകൾ സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്ന സ്ഥാപനം എച്ച്.ഡി.സി.എം. എന്ന കോഴ്സ് നടത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി പരിശീലനം നൽകുന്നതിനായി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ നിയന്ത്രണത്തിൽ ജെ.ഡി.സി. (ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ), എച്ച്.ഡി.സി. (ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ) എന്നീ പരിശീലന കോഴ്സുകൾ നടത്തിവരുന്നു. കൂടാതെ സഹകരണ വകുപ്പിലെയും സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനായി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരത്തെ മൺവിളയിൽ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്.

(സി) അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾക്കായി വാഹനങ്ങൾ**

151 (4518) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് വാഹനങ്ങൾ വാങ്ങിയിരുന്നോ;

(ബി) ഇവയിൽ എത്രയെണ്ണം ഇന്ന് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്; വിശദമാക്കുമോ;

(സി) ഈ വാഹനങ്ങൾ വാങ്ങിയത് മാനദണ്ഡങ്ങൾ പാലിച്ചുതന്നെയാണോ; വിശദമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡ് സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് 141 വാഹനങ്ങൾ വാങ്ങിയിരുന്നു.

(ബി) 141 വാഹനങ്ങൾ കൺസ്യൂമർ ഫെഡറേഷൻ വാങ്ങിയതും നിലവിലുണ്ടായിരുന്ന ഒരു വാഹനവും ഉൾപ്പെടെ 142 സഞ്ചരിക്കുന്ന ത്രിവേണി വാഹനങ്ങളിൽ 64 എണ്ണം പ്രവർത്തനം നടത്തുന്നുണ്ട്. സഞ്ചരിക്കുന്ന ത്രിവേണികളുടെ വില്പന ലാഭകരമല്ലാത്തതിനാലും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും മറ്റ് ചെലവുകൾക്കും ടെസ്റ്റ് വർക്കിനും ഭീമമായ തുക ചെലവ് വരുന്നതിനാലും 78 സഞ്ചരിക്കുന്ന ത്രിവേണികളുടെ പ്രവർത്തനം താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(സി) അല്ല. വാഹനങ്ങൾ വാങ്ങുന്നതിനായി മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നില്ല. റ്റാറ്റാ മോട്ടോഴ്സിന്റെ പ്രതിനിധികളും കൺസ്യൂമർഫെഡിന്റെ ഭരണസമിതി അംഗങ്ങളും ചേർന്ന് നടത്തിയ യോഗത്തിൽ സർക്കാർ വിലയിൽ നിന്ന് 10000 രൂപ കുറച്ച് 808000 രൂപയ്ക്ക് വാഹനം വാങ്ങുന്നതിന് തീരുമാനിക്കുകയുണ്ടായി.

**അക്രഡിറ്റഡ് ഏജൻസി**

152 (4519) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സ്ഥാപനങ്ങളിൽ സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 'അക്രഡിറ്റഡ് ഏജൻസി'യായി അംഗീകാരം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം; ഓരോ സ്ഥാപനത്തിനും അംഗീകരിച്ച് നൽകിയിട്ടുള്ള പദ്ധതികളും സ്കീമുകളും വിശദമാക്കുമോ?

ഉത്തരം

സർക്കാരിന്റെ 7-8-2015-ലെ ജി.ഒ. (പി) 339/2015/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് പബ്ലിക് വർക്ക് ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**സഹകരണ രംഗത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന സംസ്ഥാനതല ബാങ്ക്**

153 (4520) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. തോമസ് ചാണ്ടി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കേരളത്തിൽ സഹകരണ രംഗത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാനതല ബാങ്കിൻെറ നടപടിക്രമങ്ങൾ എത്രത്തോളമായി എന്ന് വിശദമാക്കുമോ;

(ബി) അതിനായി സ്പെഷ്യൽ ഓഫീസർ നിയമനം, സാദ്ധ്യതാപഠനം, വിശദമായ പദ്ധതിരേഖ തയ്യാറാക്കൽ എന്നിവ പൂർത്തിയായോ; ഇതിൻെറ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പുതിയതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന പ്രസ്തുത ബാങ്കിൽ പ്രാഥമിക സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സർക്കാർ, പ്രവാസികൾ, കേരളത്തിലെ പൊതുജനങ്ങൾ എന്നിവർക്ക് നൽകാൻ ഉദ്ദേശിക്കുന്ന ഓഹരി വിഹിതത്തിൻെറ ഘടന സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അന്താരാഷ്ട്ര സഹകരണ ബാങ്കായ റാബോ ബാങ്ക്, പുതുതായി രൂപീകരിക്കപ്പെട്ട ബ്രിക്സ് ബാങ്ക് എന്നിവ പോലുള്ള അന്താരാഷ്ട്ര ബാങ്കുകളുടെ സാമ്പത്തിക സാങ്കേതിക സഹകരണം ഇതിന് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള എൻ.സി.ഡി.സി., ഐ.ആർ.എം.എ. (Institute of Rural Management, Ahammedabad), ഐ.ബി.ആർ.ഡി. എന്നിവയുടെ സാങ്കേതിക സഹായം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും, ഈ ബാങ്ക് ഏതൊക്കെ മേഖലകളിലാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ;

(ഇ) ഈ ബാങ്കിനെ മറ്റ് പൊതുമേഖലാ ബാങ്കുകളിൽ നിന്ന് ഏതൊക്കെ രീതിയിലാണ് വ്യത്യസ്തമാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) കേരള സഹകരണ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാനായി ബംഗളൂരു ഐ.ഐ.എം. പ്രൊഫസർ ശ്രീ. എം. എസ്. ശ്രീറാം ചെയർമാനായി 5 അംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി & ഡി) ഇത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ഇ) മറ്റ് വാണിജ്യ / പൊതുമേഖലാ ബാങ്കുകളിൽ നിന്ന് വ്യത്യസ്തമായി കാർഷിക, പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചുചാട്ടം സാദ്ധ്യമാക്കുന്ന പദ്ധതികളിൽ നിർണ്ണായക പങ്കുവഹിക്കുന്ന പ്രൈമറി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സംഘങ്ങളുടെ/ബാങ്കുകളുടെ അപ്പക്സ് സ്ഥാപനമായ ഒരു സഹകരണ ബാങ്കായിരിക്കും കേരള സഹകരണ ബാങ്ക്. സംസ്ഥാനത്ത് സമാഹരിക്കുന്ന നിക്ഷേപം മുഴുവൻ സംസ്ഥാനത്തിന്റെ വികസനത്തിനായി വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## സഹകരണ ബാങ്കുകളെ ക്ലാസിഫൈ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

154 (4521) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളെ ക്ലാസിഫൈ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ക്ലാസിഫിക്കേഷന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനവും, എ.ടി.എം. സംവിധാനവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇവ ഏതെല്ലാം ബാങ്കുകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്; ഇനി എവിടെയൊക്കെ അനുവദിക്കാൻ പദ്ധതിയുണ്ട് എന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ ബാങ്ക് ക്ലാസിഫൈ ചെയ്യുന്നത് കേരള സഹകരണ സംഘം നിയമം ചട്ടം 182 Appendix III പ്രകാരമാണ്. ജില്ലാ സഹകരണ ബാങ്കുകളുടെ ശരാശരി നിക്ഷേപം പ്രവർത്തന മൂലധനം, വായ്പാ ബാക്കി നില്പ്, Individual Deposit to total deposit, Individual Loan to total loan, CRAR, NPA, Audit Classification, ഓഹരിയിന്മേലുള്ള ലാഭവിഹിതം, വിതരണം ചെയ്ത കാർഷിക വായ്പ എന്നിവയുടെ അടിസ്ഥാനത്തിലാണ് സഹകരണ ബാങ്കുകളെ ക്ലാസിഫൈ ചെയ്യുന്നത്. ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 32/2013, 33/2013 നമ്പർ സർക്കുലറുകൾ പ്രകാരം രജിസ്ട്രാർ നൽകിയിട്ടുണ്ട്. ചട്ടം 182 പ്രകാരം സർക്കാർ സ്വമേധയോ അല്ലാതെയോ രജിസ്ട്രാറുമായി കൂടിയാലോചിച്ച് മൂന്ന് വർഷത്തിലൊരിക്കൽ ക്ലാസിഫിക്കേഷൻ റിവൈസ് ചെയ്യേണ്ടതാണ്.

(ബി) സംസ്ഥാന സഹകരണ ബാങ്കിൽ കോർ ബാങ്കിംഗ്, എ.റ്റി.എം. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളിൽ പത്തനംതിട്ട, ഇടുക്കി, കോട്ടയം ജില്ലാ സഹകരണ ബാങ്കുകളിൽ ഒഴികെയുള്ള ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ്, എ.റ്റി.എം. സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കുകളിൽ എ.റ്റി.എം. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു മാസത്തിനകം എ.റ്റി.എം. സംവിധാനം നിലവിൽ വരുന്നതാണ്. എന്നാൽ കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ എ.റ്റി.എം. സംവിധാനങ്ങൾ ത്വരിതഗതിയിൽ നടപ്പിലാക്കിവരുന്നു. 511 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനവും 58 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ എ.റ്റി.എം. സംവിധാനവും നിലവിലുണ്ട്. 31-3-2017-ഓടെ ബാക്കിയുള്ള എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സഹകരണ ബാങ്കുകൾ വഴി തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് വിദ്യാഭ്യാസ വായ്പ

155 (4522) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകൾ വഴി തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നതിനുള്ള ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇത്തരത്തിൽ വായ്പ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. സർക്കാർ / സർക്കാർ അംഗീകൃത കൗൺസിലുകൾ/എ.ഐ.സി.റ്റി.ഇ./അംഗീകൃത യൂണിവേഴ്സിറ്റികൾ തുടങ്ങിയവ അംഗീകരിച്ച കോഴ്സുകൾക്ക് സർക്കാർ / സർക്കാർ അംഗീകൃത കോളേജുകൾ/സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സഹകരണ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പ നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്.

## സഹകരണ ബാങ്കുകളിലെ ദ്വിതല സംവിധാനം

156 (4523) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ത്രിതല സംവിധാനത്തിൽ നിന്ന് ദ്വിതല സംവിധാനത്തിലേക്ക് മാറ്റാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ആലോചിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് മേഖലയിലെ നിലവിലെ ത്രിതല ഘടന ദ്വിതല ഘടനയിലേയ്ക്ക് മാറ്റുന്നതിനും സംസ്ഥാന സഹകരണ ബാങ്കിനേയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് പ്രൈമറി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സംഘങ്ങളുടെ / ബാങ്കുകളുടെ ഒരു അപ്പെക്സ് ബാങ്കായി കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനും ആലോചനയുണ്ട്. ഇതുസംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സ.ഉ. (സാധാ.) നമ്പർ 488/2016/സഹ. തീയതി 28-9-2016 പ്രകാരം ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

**സഹകരണ ബാങ്കുകളിലെ വായ്പാ പലിശ നിരക്ക്**

157 (4524) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വായ്പാ പലിശ നിരക്ക് കുറച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഈയിടെ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ ഉത്തരവ് സംസ്ഥാനത്തെ ഭൂരിപക്ഷം സഹകരണ ബാങ്കുകളും നടപ്പാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതിയ ഉത്തരവ് പ്രകാരം പരമാവധി പലിശ നിരക്ക് എത്രയാണ്; ഭവന-സ്വർണ്ണ പണയ വായ്പകൾക്കുള്ള പലിശ, മറ്റ് വായ്പകൾക്കുള്ള പലിശ നിരക്ക് എത്രയാണ്;

(ഇ) ഉത്തരവ് ഉണ്ടായിട്ടും പലിശ നിരക്ക് കുറയ്ക്കാത്ത ബാങ്കുകളുടെ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വായ്പാ പലിശനിരക്ക് കുറച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച 19/2016 നമ്പർ സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇല്ല.

(ഡി) 19/2016 നമ്പർ സർക്കുലർ പ്രകാരം വായ്പയ്ക്ക് ഈടാക്കാവുന്ന പരമാവധി പലിശനിരക്ക് 13.5 ശതമാനമാണ്. ഭവന/സ്വർണ്ണ പണയവായ്പ, മറ്റ് വായ്പ എന്നിവയ്ക്കുള്ള പലിശനിരക്കുകൾ മേൽ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) ഉത്തരവ് ഉണ്ടായിട്ടും പലിശ നിരക്ക് കുറയ്ക്കാത്ത ബാങ്കുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### സഹകരണ ബാങ്കുകളിൽനിന്ന് വിദ്യാഭ്യാസ വായ്പ

158 (4525) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് പലിശയിളവ് ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷനിൽ അംഗത്വമുള്ള ബാങ്കുകൾക്ക് മാത്രമാണ് വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡിയ്ക്ക് അർഹതയുള്ളത്. സഹകരണ മേഖലയിൽ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നുമെടുത്ത വിദ്യഭ്യാസ വായ്പയ്ക്ക് മാത്രമാണ് പലിശ സബ്സിഡി ലഭിക്കുന്നത്. മറ്റ് സഹകരണ ബാങ്കുകളിൽ നിന്നുമെടുത്ത വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി ലഭിക്കുന്നതിനായി വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി സംസ്ഥാനത്ത് നിന്നുള്ള എം.പി.മാർ മുഖേന ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

### സഹകരണ സ്ഥാപനങ്ങളിൽ നിയമനം

159 (4526) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുമ്പോൾ സംവരണ തത്വം പാലിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഈ രീതിയിൽ നിയമനം നടത്തുന്നതെന്നും ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നും വിശദമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനങ്ങൾ നടത്തുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുള്ള അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും നിയമനങ്ങളിൽ 1969-ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 80 (3 എ എ) പ്രകാരം 1958-ലെ കെ.എസ്. & എസ്.എസ്.ആർ.-ലെ ചട്ടം 14 മുതൽ 17 വരെയുള്ള മറ്റ് സാമുദായിക സംവരണം നൽകുന്നതിനും വകുപ്പ് 80(4) പ്രകാരം മൊത്തം ജീവനക്കാരുടെ 10 ശതമാനം തസ്തികകൾ പട്ടികജാതി- പട്ടികവർഗ്ഗക്കാർക്കായി സംവരണം നൽകുന്നതിനും വകുപ്പ് 80(5) പ്രകാരം ആകെയുള്ള തസ്തികയുടെ 3 ശതമാനം ഭിന്നശേഷിക്കാർക്കായി സംവരണം നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പരിമിതമായ ജീവനക്കാരുള്ള പ്രാഥമിക സംഘങ്ങളിൽ/ബാങ്കുകളിൽ വകുപ്പ് 80(4) പ്രകാരമുള്ള പട്ടികജാതി-പട്ടികവർഗ്ഗ സംവരണവും വകുപ്പ് 80(5) പ്രകാരമുള്ള ഭിന്നശേഷിക്കാരുടെ സംവരണവും മാത്രമേ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളൂ. ഇതുമായി ബന്ധപ്പെട്ട നിയമ ഭേദഗതി ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

**ഭക്ഷ്യ സംസ്കരണ വിപണന രംഗത്തെ സഹകരണ സംഘങ്ങൾ**

160 (4527) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സംസ്കരണ രംഗത്തും വിപണന രംഗത്തും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പേരും അവയുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങളും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലഭ്യമാക്കാം. (ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*)

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ നിന്നെടുക്കുന്ന കാർഷിക വായ്പ

161 (4528) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ നിന്നെടുക്കുന്ന കാർഷിക വായ്പയ്ക്ക് പൂർണമായ പലിശ ഇളവ് നൽകിയിട്ടുണ്ടോ;

(ബി) വായ്പ പരിധി എത്രയാണ്; വായ്പ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾ വഴിയുള്ള കാർഷിക വായ്പ വിതരണം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുക്കുന്ന ഹ്രസ്വകാല കാർഷിക വിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പൂർണ്ണമായ പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

(ബി) വായ്പ പരിധി പരമാവധി 3 ലക്ഷം രൂപ വരെയാണ് നിശ്ചയിച്ചിട്ടുള്ളത്. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് അനുസരിച്ചാണ് ഓരോ ജില്ലയിലും ഹ്രസ്വകാല കാർഷിക വിള വായ്പകൾ അനുവദിക്കുന്നത്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ കർഷകർ അംഗങ്ങളായിട്ടുള്ള അതാത് സംഘങ്ങളിൽ വായ്പാപേക്ഷ സമർപ്പിക്കണം. സംഘം ബൈലായിൽ നിഷ്കർഷിച്ചിട്ടുള്ള ഈട് വ്യവസ്ഥകൾ ബാധകമാണ്.

(സി) ഓരോ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും/ബാങ്കും വിതരണം ചെയ്യുന്ന മൊത്തം വായ്പയുടെ 25 ശതമാനത്തിൽ കുറയാതെ കാർഷിക വായ്പ വിതരണം ചെയ്യണമെന്നും അത് 40 ശതമാനം ആയി ഉയർത്തുവാൻ

ശ്രമിക്കേണ്ടതാണെന്നും സംസ്ഥാനത്ത് പച്ചക്കറി ഉൾപ്പെടെ ആഭ്യന്തര കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി വാണിജ്യാടിസ്ഥാനത്തിലും തരിശു ഭൂമിയിലും കൃഷിക്കായി കർഷകർക്കും, സ്വയം സഹായ സംഘങ്ങൾ/ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവർക്കും ആവശ്യമായ കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നബാർഡ് പുനർ വായ്പ ലഭിക്കാത്ത സംഘങ്ങളും/വായ്പാ പരിധി കഴിഞ്ഞ സംഘങ്ങളും കേന്ദ്ര സർക്കാർ സംഘങ്ങൾക്കായി പ്രഖ്യാപിച്ചിട്ടുള്ള പലിശ സബ്-വെൻഷൻ (ഇളവ്) സ്വീകരിച്ച് സംഘങ്ങളുടെ സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വായ്പാ വിതരണം ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക വായ്പാ വിതരണം ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും പഞ്ചായത്ത്, കൃഷി, സഹകരണ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**തിരുമുല്ലവാരം വനിതാക്ഷേമ സഹകരണ സംഘത്തിലെ അഴിമതി**

162 (4529) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തിരുമുല്ലവാരം വനിതാക്ഷേമ സഹകരണ സംഘത്തിലെ (Q-1094) അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച് സഹകരണ ആക്ട് വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ നാളിതുവരെ ഒരു നടപടിയും എടുത്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘത്തിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും നടത്തിയവർക്കെതിരെ നിയമാനുസൃത നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 1969-ലെ സഹകരണ നിയമം വകുപ്പ് 68(1) അനുസരിച്ച് അന്വേഷണ ഉദ്യോഗസ്ഥനായ ആദിച്ചനെല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും വകുപ്പ് 68(2) പ്രകാരം സർചാർജ് ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാൻ കാരണം ബോധിപ്പിക്കുന്നതിന് കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് വകുപ്പ് 65 പ്രകാരം

നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ക്രിമിനൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞ് ജോയിന്റ് രജിസ്ട്രാർ സിറ്റി പോലീസ് കമ്മീഷണർക്ക് കത്ത് നൽകിയിട്ടുണ്ട്. ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സംഘം സെക്രട്ടറിയെ അറസ്റ്റ് ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുള്ളതും പോലീസ് നടപടി ഇപ്പോഴും തുടർന്നുവരുന്നതുമാണ്.

(ബി) സഹകരണ വകുപ്പ് 65, 68(1), 68(2) എന്നിവ പ്രകാരം കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) നടപടി സ്വീകരിച്ചു വരുന്നതിനു പുറമേ ക്രിമിനൽ നടപടി സ്വീകരിക്കുന്നതിനായി സിറ്റി പോലീസ് കമ്മീഷണർക്ക് കത്ത് നൽകിയതിൻ പ്രകാരം സംഘം സെക്രട്ടറിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് ഭാരവാഹികൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

**ലിക്വിഡേഷനിലായ സഹകരണ സ്ഥാപനങ്ങൾ**

163 (4530) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി താലൂക്കിൽ പ്രവർത്തനരഹിതമായി ലിക്വിഡേഷനിലായ സഹകരണ സ്ഥാപനങ്ങൾ(വ്യവസായ സഹകരണ സംഘങ്ങൾ, ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, കാർഷിക സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, സ്വാശ്രയ സഹായ സഹകരണ സംഘങ്ങൾ എന്നിവ)ഏതെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

കൊച്ചി താലൂക്കിൽ പ്രവർത്തനരഹിതമായി ലിക്വിഡേഷനിലുള്ള സഹകരണ സംഘങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

1. മുനമ്പം ദേശീയ സഹകരണ സംഘം ക്ലിപ്തം നമ്പർ 2000
2. കുമ്പളങ്ങി സഹകരണ സംഘം ക്ലിപ്തം നമ്പർ 37
3. കണ്ണമാലി സഹകരണ സംഘം ക്ലിപ്തം നമ്പർ 697
4. കൊച്ചിൻ ഡോക്ക് ലേബർ ബോർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.266
5. കൊച്ചിൻ അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 1093
6. കൊച്ചിൻ പോർട്ട് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 373

7. തോപ്പുംപടി കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ക്ലിപ്തം നമ്പർ 661
8. കുന്നംപുറം കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ 172
9. എരവേലി സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ ഇ 128
10. കൊച്ചിൻ കസ്റ്റംസ് & സെൻട്രൽ എക്സൈസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 340
11. കൊച്ചിൻ ഡി.എൽ.ബി. എംപ്ലോയീസ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 266
12. കൊച്ചിൻ പോർട്ട് സ്റ്റാഫ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 5
13. ഹാർബർ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 509
14. കൊച്ചിൻ പോർട്ട് ഫെർട്ടിലൈസേഴ്സ് & ഫുഡ് ഗ്രെയിൻ ഹാൻഡിലിംഗ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 898
15. മട്ടാഞ്ചേരി എക്സ്-സർവ്വീസ് എഞ്ചിനിയേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 770
16. ഏളംകുന്നപ്പുഴ ലേഡീസ് കോട്ടേജ് ഹാൻഡിക്രാഫ്റ്റ് ഐ.സി.എസ്. എസ്.ഐ.എൻ.ഡി. ഇ 175
17. ജ്യോതിസ് വിമൻസ് ഐ.സി.എസ്.ഡബ്ല്യൂ.എസ്.ഐ.എൻ.ഡി.ഇ.136, ചുള്ളിക്കൽ
18. ലേഡീസ് സ്മാൾ സ്കെയിൽ ഐ.സി.എസ്.എസ്.ഐ.എൻ.ഡി. ഇ 61, കൊച്ചി
19. മാലിപ്പുറം സാൾട്ട് വർക്കേഴ്സ് ഐ.സി.എസ്.എസ്.ഐ.എൻ.ഡി. ഇ 58, മാലിപ്പുറം
20. വൈപ്പിൻ ബ്ലോക്ക് ബീഡി വർക്കേഴ്സ് എസ്.ഐ.എൻ.ഡി. ഇ 79, ഇടവനക്കാട്
21. കൊച്ചിൻ വനിതാ ഫിഷ് പ്രോസസിംഗ് ഐ.സി.എസ്. ഐ.എൻ.ഡി. ഇ 93, കൊച്ചങ്ങാടി

## കൺസ്യൂമർഫെഡിൽ നടന്ന അഴിമതി

164 (T4531)* ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ കൺസ്യൂമർഫെഡിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകുമോ;

(ബി) എത്ര കോടി രൂപയുടെ അഴിമതിയാണ് പ്രസ്തുത കാലയളവിൽ നടന്നിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് വകുപ്പുതലനടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കൺസ്യൂമർ ഫെഡറേഷനിൽ 2011-2016 കാലയളവിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട സഹകരണ സംഘം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് 22-9-2015-ൽ ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 11-12-2015-ൽ അന്വേഷണം സംബന്ധിച്ച് ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇടക്കാല റിപ്പോർട്ടിൽ അഴിമതി നടത്തിയതായി കണ്ടെത്തിയവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ വിജിലൻസിന്റെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള 11/79-ാം നമ്പർ സർക്കുലർ പ്രകാരം നിശ്ചിത ഫോറത്തിൽ കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി മേൽ നടപടികൾ സ്വീകരിക്കുന്നതിനായി പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണം നിലവിൽ അന്തിമ ഘട്ടത്തിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ആയതിൽ കുറ്റക്കാരെന്ന് തെളിയുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭ്യമാകുന്നതോടെ മാത്രമേ അഴിമതി സംബന്ധിച്ച തുക തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് വകുപ്പുതല നടപടി എടുത്തിട്ടുണ്ട്. കൺസ്യൂമർ ഫെഡിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവാകുകയും അന്വേഷണത്തിന്മേൽ ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിജിലൻസിന്റെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ സംഘം രജിസ്ട്രാറുടെ 11/79 സർക്കുലർ പ്രകാരം കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി മേൽനടപടി സ്വീകരിക്കുന്നതിനായി പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണത്തിന്മേലുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ടൂറിസം മേഖലയിൽ കേന്ദ്ര സംസ്ഥാന പദ്ധതികൾ

165 (4532) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം മേഖലയ്ക്ക് കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശിദർശൻ പദ്ധതി ഉൾപ്പെടെ ഏതെല്ലാം പദ്ധതികൾ വഴി എന്തു തുക അനുവദിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) അനുവദിക്കപ്പെട്ട തുക ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് സർക്കാർ വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം മേഖലയിൽ നടപ്പു വർഷം എന്തെല്ലാം മറ്റ് പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും അവ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16-ൽ കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശി ദർശൻ പദ്ധതിയിലുൾപ്പെടെ അനുവദിച്ചിട്ടുള്ള പദ്ധതികളും അവയുടെ തുകകളും ചുവടെ ചേർക്കുന്നു:

| പദ്ധതി | അനുവദിച്ച തുക | ലഭിച്ച തുക |
|---|---|---|
| ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടിയുടെ വികസനം | 99,21,87,000 | 19,84,37,000 |
| സ്പിരിച്വൽ സർക്യൂട്ട് പദ്ധതിയായ എരുമേലി-പമ്പ-സന്നിധാനം | 99,98,92,000 | 19,99,78,000 |
| സ്പിരിച്വൽ സർക്യൂട്ട് പദ്ധതിയായ ശ്രീ പത്മനാഭ സ്വാമി - ആറന്മുള-ശബരിമല വികസനം | 92,44,26,000 | 18,48,85,000 |

(ബി) 1. ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി പദ്ധതി പ്രദേശങ്ങൾ:

പീരുമേട്, വാഗമൺ, പൈൻവാലി ഫോറസ്റ്റ്, തേക്കടി-കുമളി, ഇടുക്കി, ആങ്ങമൊഴി, കൊച്ചാടിസോൺ, മൂഴിയാർ ഡാം, മൂഴിയാർ ഐ.ബി., പെൻസ്റ്റോക്ക്, ആറനമുടി, കക്കി ഡാം, ഇക്കോ പാറ, ട്രക്കിംഗ് ഏരിയ, കൊച്ചുപമ്പ, കൊച്ചുപമ്പ ഐ.ബി., ഗവി-ഇക്കോ ടൂറിസം സെന്റർ, ഫോട്ടോ പോയിന്റ് നിയർ വാലി & ക്ലിഫ് എഡ്ജസ്, കടമനിട്ട.

2. സ്പിരിച്വൽ സർക്യൂട്ട് എരുമേലി-പമ്പ-സന്നിധാനം പദ്ധതി ഭാഗങ്ങൾ

ശബരിമല, പമ്പ, ട്രക്കിംഗ് പാത്ത്, സന്നിധാനം.

3. ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം- ആറന്മുള-ശബരിമല പദ്ധതി ഭാഗങ്ങൾ

1. ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം

- വടക്കേ നട
- തെക്കേ നട
- പടിഞ്ഞാറേ നട
- കിഴക്കേ നട

2. ആറന്മുള

3. ശബരിമല

(സി) സംസ്ഥാന സർക്കാർ, കേന്ദ്ര ടൂറിസം വകുപ്പ്, കെ.ഐ.ഐ.എഫ്.ബി. (KIIFB) എന്നിവയുടെ ധനസഹായത്തോടെ ടൂറിസം കേന്ദ്രങ്ങളുടെ സൗകര്യ വികസനത്തിനും, ടൂറിസം ഉത്പ്പന്നങ്ങളുടെ വികസനത്തിനും വിപണനത്തിനും മാനവവിഭവശേഷി വികസനത്തിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**സീ പ്ലെയിൻ പദ്ധതി**

166 (4533) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കുന്നതിനായി തീരുമാനിച്ച സീ പ്ലെയിൻ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ് എന്നറിയിക്കുമോ ;

(ബി) ഇതിനായി ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) സീ പ്ലെയിൻ പദ്ധതിയുടെ ഭാഗമായി സർവ്വീസുകൾ നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കൊല്ലം (അഷ്ടമുടി), ആലപ്പുഴ (പുന്നമട) എന്നിവിടങ്ങളിൽ ഒരുക്കിയിട്ടുണ്ട്. ഇവയ്ക്ക് ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്.), ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ.) എന്നിവയുടെ അനുമതികൾ ലഭിച്ചിട്ടുണ്ട്. സർവ്വീസുകൾ നടത്തുവാനാവശ്യമായ വിവിധ അനുമതികൾ ലഭിച്ചിട്ടുള്ള സീപ്ലെയിനുകളുമായി സേവനദാതാക്കൾ സർവ്വീസ് നടത്തുവാനായി മുന്നോട്ടു വരുന്ന മുറയ്ക്ക് പ്രദേശത്തെ ഉൾനാടൻ മത്സ്യത്തൊഴിലാളി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്തു കൊണ്ടായിരിക്കും സർവ്വീസുകൾ ആരംഭിക്കുക.

(ബി) 31-3-2016 വരെയുള്ള കണക്കുകൾ പ്രകാരം, ആകെ 13,73,50,111 രൂപ സീപ്ലെയിൻ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## ഹൈ സ്പെൻഡിംഗ് ടൂറിസ്റ്റുകൾ

167 (4534) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനായി മാസ് ടൂറിസത്തിന് പകരം കൂടുതൽ ചെലവഴിക്കാൻ കഴിവുള്ള വിദേശ സഞ്ചാരികളുടെ (High Spending Tourists) എണ്ണത്തിൽ വർദ്ധനവ് വരുത്തണം എന്നത് കണക്കിലെടുത്ത് അവരെ ആകർഷിക്കുന്നതിന് എന്തെങ്കിലും പരിപാടികൾ ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഹൈ സ്പെൻഡിംഗ് ടൂറിസ്റ്റുകൾ എത്തുന്ന വിദേശ മാർക്കറ്റുകൾ, അവരെ ആകർഷിക്കുന്ന ഘടകങ്ങൾ എന്നിവയെപ്പറ്റി ഒരു പഠനം നടത്തുന്നതിനും അതിനനുസൃതമായി വിപണനരീതികൾ ആവിഷ്കരിക്കുന്നതിനും തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കൂടുതൽ തുക ചെലവഴിക്കാൻ കഴിവുള്ള ടൂറിസം മാർക്കറ്റുകളിൽ വിപണനം ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന വിപണന തന്ത്രങ്ങൾ വകുപ്പ് ഇപ്പോൾതന്നെ നടപ്പിലാക്കിവരുന്നുണ്ട്. വിദേശ പത്ര, ദൃശ്യ മാധ്യമങ്ങൾ വഴി കൂടുതൽ പരസ്യം നൽകിവരുന്നുണ്ട്. കൂടാതെ വിദേശ രാജ്യങ്ങളിൽ റോഡ്ഷോകളും വകുപ്പ് സംഘടിപ്പിക്കുന്നു.

**കേരള ട്രാവൽ മാർട്ട്**

168 (4535) ശ്രീ. എം. വിൻസെന്റ്:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ട്രാവൽ മാർട്ട് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ട്രാവൽ മാർട്ടിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ നടത്തിപ്പിലൂടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ട്രാവൻകൂർ- കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്- 1995 പ്രകാരം രജിസ്റ്റർ ചെയ്ത സ്വകാര്യ സ്ഥാപനമാണ് KTM സൊസൈറ്റി. ഇവർ രണ്ട് വർഷത്തെ ഇടവേളകളിൽ കേരള ട്രാവൽ മാർട്ട് സംഘടിപ്പിച്ചുവരുന്നു. ടൂറിസം വകുപ്പ് ഇതിന്റെ നടത്തിപ്പിലേയ്ക്കായി ധനസഹായം (സ്പോൺസർഷിപ്പ്) നൽകി വരുന്നുണ്ട്. 9-ാമത്തെ KTM 2016 സെപ്റ്റംബർ മാസം സംഘടിപ്പിച്ചിട്ടുണ്ട്.

(ബി & സി) കേരളത്തിലെ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ചെറുതും വലുതുമായ സംരംഭകർക്ക് അവരുടെ സേവനങ്ങളും മറ്റും ലോകമെമ്പാടും നിന്നുമെത്തുന്ന ടൂറിസം വ്യാപാര സംരംഭകർക്ക് മുന്നിൽ പ്രദർശിപ്പിക്കാനും അതുവഴി കൂടുതൽ വ്യാപാരം നടത്തുന്നതിനും വേണ്ടിയാണ് പ്രധാനമായും കേരള ട്രാവൽ മാർട്ട് കൊണ്ട് ലക്ഷ്യമിടുന്നത്. ഇതുവഴി കേരളത്തിലെ ഓരോ സംരംഭകനും ഗണ്യമായ വ്യാപാര വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ഈ മേളയുടെ പ്രധാന ഉദ്ദേശ്യവും അതുതന്നെയാണ്. ടൂറിസം രംഗത്തിന്റെ മൊത്തത്തിലുള്ള പുരോഗമനമാണ് ഇതുമൂലം സാധ്യമാകുന്നത്. ഈ അർത്ഥത്തിൽ കേരള ട്രാവൽ മാർട്ടിലൂടെ നേടാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്ന് പറയാൻ കഴിയും.

## വിനോദസഞ്ചാര മേഖലയുടെ വികസനം

169 (4536) ശ്രീ.കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ മാത്രം മദ്യം വില്ക്കാൻ നിർദ്ദേശം നൽകിയത് സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര മേഖലയെ എങ്ങനെയൊക്കെ ബാധിക്കുമെന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖല-സ്വകാര്യമേഖലയിലെ ഹോട്ടൽ വ്യവസായത്തെ ഇത് ഏതൊക്കെ രീതിയിൽ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) വിനോദ സഞ്ചാര മേഖലയെ മെച്ചപ്പെടുത്തുന്നതിന് രൂപീകരിക്കപ്പെട്ട ജില്ലാതല ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) വിനോദ സഞ്ചാര വകുപ്പ്, ടൂറിസം പ്രമോഷൻ കൗൺസിലുകൾ ഇവ തമ്മിൽ ഏത് തരത്തിലുള്ള ബന്ധമാണ് നിലനിൽക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) അത്തരം സഹകരണ സംഘങ്ങൾക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(ജി) മലബാർ മേഖലയുടെ വിനോദ സഞ്ചാര രംഗം വളരെ ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഫൈവ് സ്റ്റാർ ഹോട്ടലുകളിൽമാത്രം മദ്യം വിൽക്കാൻ നിർദ്ദേശം നൽകിയത് സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര മേഖലയെ എങ്ങനെയൊക്കെ ബാധിക്കുമെന്ന് പ്രത്യേകമായി ഒരു പഠനം വകുപ്പ്

നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിലവിലെ ടൂറിസം മേഖലയിലെ വളർച്ചാനിരക്കിലെ കുറവ് മനസ്സിലാക്കുന്നതിനായി 'Trade Research Survey 2016' എന്ന പഠനം വകുപ്പ് നടത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിൽ സംസ്ഥാനത്തെ ടൂറിസം വളർച്ചാനിരക്കിലുണ്ടായ കുറവിന് ഒരു കാരണം നിലവിലെ മദ്യനയം ആണെന്ന് പ്രതിപാദിച്ചിട്ടുണ്ട്.

(ബി) വകുപ്പ് നടത്തിയ 'Trade Research Survey 2016' എന്ന പഠനമനുസരിച്ച് സംസ്ഥാനത്തെ ഹോട്ടലുകളിലെ MICE (മീറ്റിംഗുകൾ, ഇൻസെന്റീവുകൾ, കോൺഫറൻസുകൾ, എക്സിബിഷനുകൾ) വ്യവസായം ക്ഷയിക്കുകയും ഈ ബിസിനസ് അയൽ സംസ്ഥാനങ്ങളിലേയ്ക്കും, ശ്രീലങ്ക തുടങ്ങിയ അയൽ രാജ്യങ്ങളിലേയ്ക്കും പോവുകയും ചെയ്തു. MICE വ്യവസായത്തിന്റെ വളർച്ചാ നിരക്ക് 9.1 ശതമാനത്തിൽനിന്നും 2015-ൽ 0.6 ശതമാനം എന്ന അവസ്ഥയിലേയ്ക്ക് എത്തുകയുണ്ടായി.

(സി) ഉണ്ട്.

(ഡി) ടൂറിസം വകുപ്പിന്റെ കീഴിൽ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി ആന്റ് സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 അനുസരിച്ച് പ്രവർത്തിക്കുന്ന സൊസൈറ്റിയാണ് ഡി.റ്റി.പി.സി. ടൂറിസം വകുപ്പിന്റെ നിർദ്ദേശത്തിന് വിധേയമായി പ്രാദേശിക ടൂറിസം വികസനത്തിനും വിപണനത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും അവ നടപ്പാക്കുകയും ചെയ്യുന്നത് ഡി.റ്റി.പി.സി.കളാണ്.

(ഇ) ടൂറിസം വകുപ്പിന്റെ കീഴിൽ സഹകരണ സംഘങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. സഹകരണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) ടൂറിസം വകുപ്പ് പ്രത്യേക സഹായങ്ങളൊന്നും നൽകുന്നില്ല.

(ജി) മലബാർ മേഖലയുടെ ടൂറിസം വികസനത്തിൽ വകുപ്പ് കൂടുതൽ ശ്രദ്ധ നൽകുന്നതാണ്. മലബാർ മേഖലയിലെ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും ടൂറിസം രംഗത്ത് നിക്ഷേപം ആകർഷിക്കുന്നതിനും പ്രത്യേക വിപണന പ്രചരണ പരിപാടികൾ ആവിഷ്കരിക്കുന്നതിനും ഈ രംഗത്ത് മാനവവിഭവശേഷി വികസിപ്പിക്കുന്നതിനും നടപടികൾ എടുത്ത് വരുന്നുണ്ട്. മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ ബേക്കലിൽ എയർസ്ട്രിപ്പ് നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ബേക്കലിൽ ലൈറ്റ് & സൗണ്ട് ഷോ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ച്, ധർമ്മടം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പുതിയ പദ്ധതികൾ

ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതും കോഴിക്കോട്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി വികസിപ്പിക്കുന്നതും പരിഗണിക്കുന്നതാണ്.

കോഴിക്കോട് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഉദുമ, കണ്ണൂർ, കോഴിക്കോട്, തിരൂർ, പെരിന്തൽമണ്ണ, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ ടൂറിസം രംഗത്തെ മാനവവിഭവശേഷി വികസനത്തിനായി പ്രവർത്തിക്കുന്നു.

## വിദേശ ടൂറിസ്റ്റുകളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ നടപടി

170 (4537) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതുമായി ബന്ധപ്പെട്ട് വിദേശ മാധ്യമങ്ങളിൽ ശ്രദ്ധ നേടാൻ സംസ്ഥാനത്തിന് ഒരു പബ്ലിക് റിലേഷൻ കമ്പനി ഇല്ലാത്തത് ടൂറിസം മേഖലയുടെ ഒരു കുറവായി സർക്കാർ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ:

(ബി) വിദേശികളെ എത്തിക്കാൻ പണം മുടക്കേണ്ടതും പ്രവർത്തിക്കേണ്ടതും വിദേശരാജ്യങ്ങളിലാണെന്നിരിക്കെ അതില്ലാത്തത് ടൂറിസം മേഖലയിലെ ഒരു പോരായ്മയായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ:

(സി) യൂറോപ്പിൽ നിന്ന് നേരിട്ട് തിരുവനന്തപുരത്തേക്കും കൊച്ചിയിലേക്കും വിമാന സർവ്വീസ് ആരംഭിച്ചാൽ കൂടുതൽ വിദേശികളെ സംസ്ഥാനത്തേക്ക് ആകർഷിക്കാനാകും എന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) എങ്കിൽ വിദേശ ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്കാകർഷിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വിദേശ ടൂറിസ്റ്റുകളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതുമായി ബന്ധപ്പെട്ട് വിദേശ മാധ്യമങ്ങളിൽ കേരള ടൂറിസം നിരന്തരമായി പരസ്യ കാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ടൂറിസം വകുപ്പ് എംപാനൽ ചെയ്തിട്ടുള്ള മാർക്കറ്റിംഗ് ഏജൻസികളുടെ സഹായത്താലാണിത് ചെയ്തുവരുന്നത്. ഇത്തരത്തിൽ ഒരു പബ്ലിക് റിലേഷൻ കമ്പനി ഇല്ലാത്തത് ടൂറിസം മേഖലയുടെ കുറവായി സർക്കാർ കരുതുന്നില്ല.

(ബി) കാലാകാലങ്ങളായി വിപണന തന്ത്രങ്ങളുടെ ഭാഗമായി വിദേശരാജ്യങ്ങളിൽ നിരവധി റോസ് ഷോകളും മറ്റുതരത്തിലുള്ള പ്രചരണ പരിപാടികളും വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു*.

**ടൂറിസം നയം**

171 (4538) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ടൂറിസം നയം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ചെറിയ ടൂറിസം ഡസ്റ്റിനേഷനുകൾ വികസിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ ജില്ലകൾ തോറും നയം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിൽ; പത്തനംതിട്ട ജില്ലയിലെ ഏതൊക്കെ ടൂറിസം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2012-ലാണ് ടൂറിസം നയം രൂപീകരിച്ചത്.

(ബി) ഉണ്ട്. ഇതിനായി നടപ്പു സാമ്പത്തിക വർഷം 15 കോടി രൂപ ടൂറിസം വകുപ്പിന്റെ പദ്ധതിയിൽ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

(സി) ജില്ലാ അടിസ്ഥാനത്തിൽ പ്രത്യേക നയരൂപീകരണം നടത്തിയിട്ടില്ല. എന്നാൽ എല്ലാ ജില്ലകളിലേയും സാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ മണിയാർ, പരുന്തുംപാറ തുടങ്ങിയ സ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് ഉദ്ദേശമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ടൂറിസം വികസനം

172 (4539) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതിക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വളരെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായ ചെറായിയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ, പ്രസാദ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ഇതിൽ 2015-16 വർഷത്തിൽ ഇക്കോ ടൂറിസം സർക്യൂട്ടായ ഗവി, വാഗമൺ എന്നിവയുടെ വികസനത്തിനായി 9921.87 ലക്ഷം രൂപയുടെയും സ്പിരിച്വൽ ടൂറിസം പദ്ധതിയായ എരുമേലി-പമ്പ -സന്നിധാനം വികസനത്തിനായി 9998.92 ലക്ഷം രൂപയുടെയും ശ്രീ പത്മനാഭ സ്വാമി-ആറന്മുള-ശബരിമല വികസനത്തിനായി 9244.26 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പദ്ധതി രൂപീകരിക്കുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കൊച്ചി മുസിരിസ് ബിനാലെ

173 (4540) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മുസിരിസ് ബിനാലെയുടെ മൂന്നാം സീസണിന് ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്;

(ബി) പ്രസ്തുത ബിനാലെ നടത്തിപ്പിൽ സർക്കാരിന്റെ ഏതെങ്കിലും മേഖലകൾക്ക് പങ്കാളിത്തം ഉണ്ടോ;

(സി) ധനപരമായ കൃത്യത ഉറപ്പുവരുത്താൻ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) ബിനാലെയുടെ പ്രൊമോട്ടിങ്ങ് ഏജൻസി എന്ന നിലയിൽ സർക്കാരിന്റെ ഏതെങ്കിലും വകുപ്പ് ചുമതല എറ്റെടുത്തിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ബഡ്ജറ്റിൽ 7.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി & സി) ടൂറിസം വകുപ്പിന് നേരിട്ട് പങ്കാളിത്തമില്ല. സർക്കാർ നൽകുന്ന തുക സംബന്ധിച്ചുള്ള ചെലവുകൾ സംബന്ധിച്ച് കൃത്യമായ ഓഡിറ്റ് ചെയ്ത് സ്റ്റേറ്റുമെന്റ് ആവശ്യപ്പെടുന്നതാണ്.

(ഡി) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള ശക്തി മനസ്സിലാക്കി കൊച്ചി മുസിരിസ് ബിനാലെ ഒരു പ്രധാന ടൂറിസ്റ്റ് ഉത്പന്നമായി വിപണനം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൊച്ചി മുസിരിസ് ബിനാലെ നടക്കുന്ന സന്ദർഭത്തിൽ കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ തരത്തിലുള്ള പരസ്യ പ്രചരങ്ങൾ നടത്തുന്നതിന് ടൂറിസം വകുപ്പ് ചുമതല ഏറ്റെടുക്കുന്നതാണ്.

**ടൂറിസം വകുപ്പ് നേരിട്ട് നടത്തുന്ന കോഴ്സുകൾ**

174 (4541) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പ് നേരിട്ട് നടത്തുന്ന കോഴ്സുകൾ ഏതെല്ലാമാണെന്നും അവയുടെ കാലദൈർഘ്യം, സീറ്റുകളുടെ എണ്ണം, ഫീസ് എന്നിവയും വ്യക്തമാക്കുമോ;

(ബി) കിറ്റ്സ്, കെ.ഐ.എച്ച്.എം.എസ്, ഐ.എച്ച്.എം.സി.റ്റി.(KITTS, KIHMS, IHMCT) എന്നിവയുടെ കോഴ്സുകൾ ഏതെല്ലാമാണെന്നും അവ ഏതെല്ലാം സ്ഥാപനങ്ങൾ വഴിയാണ് നടത്തുന്നതെന്നുള്ള വിവരവും ലഭ്യമാക്കുമോ;

(സി) പുറമേയുള്ള സ്ഥാപനങ്ങൾക്ക് കോഴ്സുകൾ നടത്താൻ അനുമതി നൽകുമ്പോൾ ഈ മേഖലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുമോ;

(ഡി) തൊഴിലവസരം കൂടുതലുള്ള കോഴ്സുകൾക്ക് ചേരുന്നതിന് വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ടൂറിസം വകുപ്പ് വിദ്യാർത്ഥികൾക്കായിനേരിട്ട് കോഴ്സുകളൊന്നും നടത്തുന്നില്ല. വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് കോഴ്സുകൾ നടത്തുന്നത്.

(ബി) <u>കിറ്റ്സ് നടത്തുന്ന കോഴ്സുകളും സ്ഥലങ്ങളും</u>

| | |
|---|---|
| എം.ബി.എ. (ട്രാവൽ & ടൂറിസം) | ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം |
| ബി.ബി.എ. (ടൂറിസം മാനേജ്മെന്റ്) ഡിഗ്രി കോഴ്സ് | ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം |
| ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ് & ട്രാവൽ മാനേജ്മെന്റ് | തലശ്ശേരി സെന്റർ |
| ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ് | തിരുവനന്തപുരം, എറണാകുളം, തലശ്ശേരി |
| അയാട്ട കോഴ്സുകൾ | തിരുവനന്തപുരം, എറണാകുളം സെന്ററുകൾ |
| പി.ജി. ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് & ടൂറിസം | എറണാകുളം, തലശ്ശേരി സെന്ററുകൾ |
| ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻ | തിരുവനന്തപുരം,എറണാകുളം സെന്ററുകൾ |

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്റ്റഡീസിനെ (KIHMS) ഉത്തരവാദിത്വ ടൂറിസം പദ്ധതിക്ക് പ്രാമുഖ്യം നൽകി 2015 മുതൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS)ന്റെ ഭാഗമാക്കി മാറ്റുകയുണ്ടായി. ആയതിനാൽ ഈ സ്ഥാപനം ഇപ്പോൾ പ്രത്യേകമായി കോഴ്സുകൾ നടത്തുന്നില്ല.

<u>ഐ.എച്ച്.എം.സി.റ്റി. കോവളം നടത്തുന്ന കോഴ്സുകൾ</u>

1. ഹോസ്പിറ്റാലിറ്റി ആന്റ് ഹോട്ടൽ അഡ്മിനിസ്ട്രേഷൻ- ത്രിവൽസര ഡിഗ്രി കോഴ്സ്.
2. ഡിപ്ലോമ ഇൻ ഫുഡ് പ്രൊഡക്ഷൻ- ഒന്നര വർഷ കോഴ്സ്.
3. ഡിപ്ലോമ ഇൻ ഫുഡ് & ബിവറേജ് സർവ്വീസ്- ഒന്നര വർഷ കോഴ്സ്.

മുകളിൽ പറഞ്ഞ റെഗുലർ കോഴ്സുകൾക്കു പുറമേ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ 'Hunar Se Rozgar Thak'-ന്റെ ഭാഗമായി താഴെ പറയുന്ന സൗജന്യ പരിശീലന പരിപാടികൾ നടത്തിവരുന്നു.

1. 6 ആഴ്ച ദൈർഘ്യമുള്ള F & B Service കോഴ്സ്.
2. 8 ആഴ്ച ദൈർഘ്യമുള്ള Food Production കോഴ്സ്.
3. 8 ആഴ്ചത്തെ Food Production പരിശീലനം പൂർത്തീകരിച്ചിട്ടുള്ളവർക്കായി 6 മാസത്തെ ഉപരിപഠന കോഴ്സ്.
4. 6 ദിവസത്തെ Skill Testing & Certification Programme (ഹോട്ടലുകളിലും മറ്റ് സർക്കാർ/ ഇതര സ്ഥാപനങ്ങളിലും ഹോസ്പിറ്റാലിറ്റി മേഖലയിൽ തൊഴിലെടുക്കുന്ന അവിദഗ്ധ ജീവനക്കാർക്കു വേണ്ടിയുള്ള പരിശീലന പരിപാടി).
5. മുകളിൽ പറഞ്ഞ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്ന സൗജന്യ പരിശീലന പരിപാടികൾക്കു പുറമേ 'Hunar Se Rozgar Thak'ന്റെ ഭാഗമായി കേരളത്തിലെ പ്രമുഖ ഹോട്ടലുകളിൽ ഐ.എച്ച്.എം.സി.ടി. കോവളവുമായുള്ള എം.ഒ.യു. പ്രകാരം 8 ആഴ്ച/6 ആഴ്ച ദൈർഘ്യമുള്ള സൗജന്യ പരിശീലന പരിപാടികൾ നടത്തി വരുന്നു.

(സി) ടൂറിസം വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഇപ്പോൾ കോഴ്സുകൾ നടത്തുന്നത്. പുറമേയുള്ള സ്ഥാപനങ്ങൾക്ക് നൽകുകയാണെങ്കിൽ മുൻഗണന പരിശോധിക്കാവുന്നതാണ്.

(ഡി) സ്വീകരിക്കുന്നുണ്ട്.

**ടൂറിസം അഡ്വൈസറി കമ്മിറ്റി**

175 (4542) ശ്രീ. കെ. ദാസൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം അഡ്വൈസറി കമ്മിറ്റി നിലവിലുണ്ടോ;

(ബി) ടൂറിസം വികസനവുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്നതിന് പ്രസ്തുത കമ്മിറ്റിയെ എപ്രകാരമാണ് പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം അഡ്വൈസറി കമ്മിറ്റി പുന:സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിന്റെ ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിക്കുവാനും നടപ്പിലാക്കുവാനുമുള്ള വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ടൂറിസം അഡ്വൈസറി കമ്മിറ്റിയുടെ ഉപദേശ-നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ വകുപ്പ് പ്രയോജനപ്പെടുത്തിവരുന്നു.

(സി) ഉണ്ട്.

(ഡി) പരിശോധിച്ച് വരുന്നു.

**ടൂറിസം ഡയറക്ടർക്ക് നൽകിയ നിവേദനം**

176 (4543) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് നിയോജക മണ്ഡലത്തിലെ ചുണ്ടൻ വള്ളങ്ങളുടെ വള്ളപ്പുര നിർമ്മിക്കുന്നതിനും വള്ളങ്ങൾ പുതുക്കി പണിയുന്നതിനും ടൂറിസം വകുപ്പിൽ നിന്നും തുക അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ടൂറിസം വകുപ്പ് മുഖേന ടൂറിസം ഡയറക്ടർക്ക് നൽകിയ 48/VIP/Co-Op&Tsm/16 നമ്പർ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

നിലവിൽ ചുണ്ടൻവള്ളങ്ങളുടെ പുനരുദ്ധാരണത്തിന് ടൂറിസം വകുപ്പിൽ നിന്ന് ഫണ്ട് അനുവദിക്കുന്നില്ല. ഈ സാഹചര്യത്തിൽ ധനസഹായം അനുവദിക്കണമെന്നുള്ള ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന ടൂറിസം ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

**ഗസ്റ്റ് ഹൗസ് ഹോട്ടലുകളും വഴിയോര വിശ്രമകേന്ദ്രങ്ങളും**

177 (4544) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി. വൻ നഗരങ്ങളിൽ ചെന്നൈ റെയിൻ ഡ്രോപ്പ് മാതൃകയിൽ ഗസ്റ്റ് ഹൗസ് ഹോട്ടലുകൾ സ്ഥാപിക്കുമെന്ന പുതിയ കെ.ടി.ഡി.സി. ചെയർമാന്റെ പ്രസ്താവനപ്രകാരം ഈ സർക്കാർ ഇതിലേയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലെ പ്രധാന റോഡുകളിൽ നിലവിലുള്ള കെ.ടി.ഡി.സി. വഴിയോര വിശ്രമകേന്ദ്രങ്ങൾ വളരെകുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലാകമാനം എല്ലാ പ്രധാന വഴിയോരങ്ങളിലും വഴിയോര വിശ്രമകേന്ദ്രം വളരെ നല്ല നിലവാരത്തോടെ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരളത്തിലെ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളിൽ കെ.ടി.ഡി.സി. സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ ഗസ്റ്റ് ഹൗസ് ഹോട്ടലുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ വിഷയത്തിന്മേലുള്ള പ്രാരംഭ തല ചർച്ചകൾ തുടങ്ങിയിട്ടേയുള്ളൂ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) സാധ്യത പരിശോധിക്കുന്നതാണ്.

**മലബാർ ടൂറിസം പാക്കേജ്**

178 (4545) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ ടൂറിസത്തിന്റെ സമഗ്ര വികസനത്തിനായിട്ടുള്ള മലബാർ ടൂറിസം പാക്കേജിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുന്നത്;

(ബി) ഈ പദ്ധതിയിൽ ഏറനാട് മണ്ഡലത്തിലെ ആനപ്പാറ, കോഴിപ്പാറ, ആഡ്യൻപാറ പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ പദ്ധതികളുടെ നവീകരണത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാലതാമസത്തിനുള്ള കാരണമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) പദ്ധതി രൂപീകരിച്ചുവരുന്നതേയുള്ളൂ.

## മലബാറിലെ ഇക്കോ, മെഡിക്കൽ, പൈതൃക ടൂറിസം പദ്ധതികൾ

179(4546) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ഇക്കോ, മെഡിക്കൽ, പൈതൃക ടൂറിസം പദ്ധതികൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കരിപ്പൂർ വിമാനത്താവളത്തെ ബന്ധപ്പെടുത്തി എന്തെങ്കിലും ടൂറിസം പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഇല്ല. മലബാറിന്റെ വികസന പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന സാധ്യത പരിശോധിക്കാവുന്നതാണ്.

## മട്ടാഞ്ചേരി ബസാർ

180(4547) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്രപ്രാധാന്യമുള്ള മട്ടാഞ്ചേരി ബസാർ ഇന്ന് നശിച്ചു കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബസാർ പുതുക്കിപ്പണിയുന്നതിന് എന്തെങ്കിലും പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ബസാറിന്റെ ഇരുവശങ്ങളിലുമുള്ള കച്ചവടസ്ഥാപനങ്ങളും പാണ്ടികശാലകളും പരിവർത്തനപ്പെടുത്തി മറ്റുകാര്യങ്ങൾക്കായി ഉപയോഗി ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി)) ഇപ്പോൾ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല.

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ**

181 (4548) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും വൃത്തിയുള്ള ശുചിമുറികളോ, ഇ-ടോയ്‌ലറ്റ് സംവിധാനമോ നിലവിലില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പല വിനോദ സഞ്ചാര കേന്ദ്രങ്ങളിലും സ്ഥാപിക്കുന്ന ഇ-ടോയ് ലറ്റുകൾ പ്രവർത്തനക്ഷമമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവർത്തനക്ഷമമല്ലാത്ത ഇത്തരം സംവിധാനങ്ങൾ യഥാസമയം ഉപയോഗക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ സഞ്ചാരികൾക്ക് ലഭിക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

(സി) അടിസ്ഥാന സൗകര്യങ്ങൾ സഞ്ചാരികൾക്ക് ഉറപ്പുവരുത്തുവാനുള്ള വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 84 ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ ഡെസ്റ്റിനേഷനുകളിൽ ഡെസ്റ്റിനേഷൻ മാനേജർമാരെ നിയമിച്ചിട്ടുണ്ട്.

**തീർത്ഥാടന - ടൂറിസം കേന്ദ്രങ്ങളുടെ വികസനം**

182 (4549) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർത്ഥാടന-ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെങ്കിലും കർമ്മപദ്ധതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം കേന്ദ്രങ്ങളുടെ വികസനത്തിനായി ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് കേന്ദ്രസർക്കാർ ലഭ്യമാക്കുന്നത്;

(സി) സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനത്തിനായി കേന്ദ്രസർക്കാരിൽ നിന്നുള്ള സഹായം കൂടുതൽ കേന്ദ്രങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തിലെ ടൂറിസം തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനത്തിനായി പദ്ധതികൾ നിലവിലുണ്ട്.

കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ, പ്രസാദ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി തീർത്ഥാടന ടൂറിസത്തിന് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. സ്വദേശ് ദർശൻ എന്നത് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള തീമാറ്റിക് സർക്യൂട്ടാണ്. ഒരേ സ്കീമിൽ ഉൾപ്പെടുത്തിയുള്ള സ്ഥലങ്ങൾ സന്ദർശിക്കാൻ ഉതകുംവിധമാണ് ഇത് നടപ്പിലാക്കുന്നത്. ഇക്കോ ടൂറിസം, റൂറൽ ടൂറിസം, കോസ്റ്റൽ ടൂറിസം, സ്പിരിച്വൽ ടൂറിസം, ബുദ്ധിസം, ഹിമാലയ ഹെറിറ്റേജ് ടൂറിസം സർക്യൂട്ടുകളും ഇതിൽ ഉൾപ്പെടുന്നു.

'പ്രസാദ്' എന്ന പദ്ധതി ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമിടുന്നു. തീർത്ഥാടനം ലക്ഷ്യമിട്ടു വരുന്ന ടൂറിസ്റ്റുകൾക്ക് വളരെ പ്രയോജനം ലഭിക്കണമെന്ന ഉദ്ദേശത്തോടെ ആരംഭിച്ചതാണ് ഈ പദ്ധതി.

(സി) പരിശോധിക്കുന്നതാണ്.

**വാടാനപ്പള്ളി ബീച്ചിന്റെ സൗന്ദര്യവൽക്കരണം**

183 (4550) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധാരാളം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ബീച്ചിന്റെ സൗന്ദര്യവൽക്കരണത്തിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

പരിശോധിക്കാവുന്നതാണ്.

**പാറന്നൂർചിറ ടൂറിസം കേന്ദ്രമാക്കാൻ പദ്ധതി**

184 (4551) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ പാറന്നൂർ ചിറ ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിലില്ല.

**തിരുവനന്തപുരം ജില്ലയിലെ ടൂറിസം പദ്ധതികൾ**

185 (4552) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2011 മേയ് മുതൽ 2016 ഏപ്രിൽ വരെ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനായി ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും,നിർമ്മാണത്തിന് മേൽനോട്ടം നിർവ്വഹിച്ച ഏജൻസിയേതാണെന്നും കരാർ ഏറ്റെടുത്തിരുന്നത് ആരാണെന്നും വിശദമാക്കുമോ; ഇതിൽ ഏതെല്ലാം പദ്ധതികൾ ഡി.റ്റി.പി.സി.-ക്ക് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണത്തിലാണ് അഴിമതി നടന്നതായി പരാതി ലഭിച്ചിട്ടുള്ളതെന്നും,പരാതികളിന്മേൽ നടന്ന അന്വേഷണം ഏത് ഘട്ടത്തിലാണെന്നും അന്വേഷണ റിപ്പോർട്ട് ഉൾപ്പെടെ വിശദമാക്കുമോ;

(സി) നിർമ്മാണം പൂർത്തിയായ പദ്ധതികളിൽ ഭൂരിഭാഗവും നാശാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതികൾ**

186 (4553) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാരികളെ ആകർഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കേരളത്തിലേയ്ക്ക് കൂടുതൽ വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ്, വിഷ്വൽ മീഡിയകളിലൂടെ നടത്തിവരുന്ന പരസ്യ കാമ്പയിൻ.
2. ദുബായിയിലെ 200 ഓളം ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ.
3. ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ്, OOH പ്രസിദ്ധീകരണങ്ങൾ വഴിയുള്ള പരസ്യ കാമ്പയിൻ.
4. ഓൺലൈൻ മുഖേന പ്രശസ്തരായ ബ്ലോഗേഴ്സിനെ തെരഞ്ഞെടുത്ത് ബ്ലോഗേഴ്സ് കാമ്പയിൻ നടത്തുന്നു.
5. കേരളത്തിന് വിപണി സാധ്യതയുണ്ടെന്ന് വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാൻഡ്, ഫിലിപ്പൈൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽനിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നുതന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്ന വിസ ഓൺ അറൈവൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6. ചൈന, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകളും ഫെമിലിയറൈസേഷൻ ടൂറുകളും സംഘടിപ്പിച്ചതിലൂടെ പുതിയ വിപണി സാധ്യതകൾ തേടാൻ കഴിഞ്ഞു.

7. മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിൽ ആയൂർവേദത്തിലും കാലവർഷത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു. ട്രേഡ് ഫെയറുകൾ, റോഡ് ഷോകൾ, ടൂർ ഓപ്പറേറ്റർമാർക്കു വേണ്ടിയുള്ള ഫെമിലിയറൈസേഷൻ പ്രചാരണങ്ങൾ തുടങ്ങിയവയാണ് കിഴക്കൻ രാജ്യങ്ങളിൽ നടത്തി വരുന്നത്. വിനോദ സഞ്ചാരികൾ പ്രത്യേക സീസണുകളിൽ മാത്രമായി വരുന്നതിന് മാറ്റമുണ്ടാക്കാൻ ഇന്ത്യയിൽ ഓഫ് സീസൺ പ്രചാരണങ്ങൾക്കും ആരംഭം കുറിച്ചിട്ടുണ്ട്.

8. ആയുർവേദം, സ്പൈസസ് റൂട്ട്, മീറ്റിംഗുകൾ, ഇൻസെന്റീവുകൾ, സമ്മേളനങ്ങൾ, എക്സിബിഷനുകൾ (മൈസ് ടൂറിസം), വിവാഹം, സാംസ്കാരിക മേളകൾ, സാഹസിക വിനോദസഞ്ചാരം, സൈക്ലിംഗ് തുടങ്ങി കേരളത്തിന്റെ ഉൽപ്പന്നങ്ങളുടെ പ്രചാരണമാണ് വിസിറ്റ് കേരള 2015-ൽ നടത്തിയിട്ടുള്ളത്.

**ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള പ്രത്യേക സൗകര്യങ്ങൾ**

187 (4554) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. പി. ടി. തോമസ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഭിന്നശേഷിയുള്ളവർക്ക് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയനുസരിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് വിനോദ കേന്ദ്രങ്ങളിൽ ഒരുക്കിയിരിക്കുന്നത്; വിവരിക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഭിന്നശേഷിയുള്ളവർക്ക വേണ്ടിയുള്ള പ്രത്യേക സൗകര്യങ്ങൾ ഒരുക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ - സി) ഇക്കാര്യത്തിൽ തത്വത്തിലുള്ള തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ വിശദാംശങ്ങൾ പഠിച്ച് വരുന്നതേയുള്ളൂ. വിശദമായി പഠിച്ച് ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക സൗകര്യങ്ങൾ സാദ്ധ്യമാകുന്ന സ്ഥലങ്ങളിൽ ഒരുക്കുന്നതാണ്.

**വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷാ സംവിധാനങ്ങൾ**

188 (4555) ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. അനിൽ അക്കര:

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങളിൽ അടിക്കടി ഉണ്ടാകുന്ന അപകടമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഇത്തരം കേന്ദ്രങ്ങളിൽ എത്ര അപകടമരണങ്ങൾ സംഭവിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വിനോദസഞ്ചാരകേന്ദ്രങ്ങളിൽ മതിയായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാത്തതാണ് അപകടങ്ങൾക്ക് കാരണം എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഡി) സഞ്ചാരികൾ കൂടുതലായെത്തുന്ന ബീച്ചുകളിലും കായൽമേഖലകളിലും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റ് ഏർപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ അപകടമരണങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലൈഫ് ഗാർഡുകളെയും ടൂറിസം പോലീസിന്റെയും സേവനം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ശ്രദ്ധ വേണ്ടിവരുന്ന മേഖലകളിൽ പരിശോധിച്ച് ആവശ്യമായ ശ്രദ്ധ നൽകുന്നതാണ്. പ്രധാനപ്പെട്ട ബീച്ചുകളിലും കായൽ മേഖലകളിലും സഞ്ചാരികൾക്ക് ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ആവശ്യകത പരിശോധിച്ച് ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പരിശോധിക്കാവുന്നതാണ്.

**കേരള ടൂറിസം- 16**

189 (4556) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് കേരള ടൂറിസം -16 എന്ന പേരിൽ കർമ്മ പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) ടൂറിസം വകുപ്പ് കേരള ടൂറിസം-16 എന്ന പേരിൽ കർമ്മ പദ്ധതി നടപ്പിലാക്കുന്നില്ല.

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4420, 4434, 4444 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല ]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 am]

## II അറിയിപ്പ്

### റൂൾ 50 പ്രകാരം നോട്ടീസ് നൽകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിന് മുമ്പ് ഒരു കാര്യം ചെയർ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. വളരെ അടിയന്തര പ്രാധാന്യമുള്ളതും അടിയന്തര സ്വഭാവമുള്ളതും പൊതുപ്രശ്നമായി സമൂഹത്തിൽ ഉയർന്നുവരുന്നതുമായ കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള അംഗങ്ങളുടെ അവസരമാണ് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റൂൾ 50 പ്രകാരം കൊടുക്കുന്ന നോട്ടീസ്. പക്ഷെ പലപ്പോഴും അടിയന്തര പ്രാധാന്യമുള്ള വിഷയമല്ല കൊണ്ടുവരുന്നത് എന്നുള്ള കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇന്ന് ശ്രീ. പി. ടി. തോമസിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. പക്ഷെ ഇതേ വിഷയം 20-10-2016-ന് സബ്മിഷനായി ശ്രീ. പി. ടി. തോമസ് തന്നെ സഭയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഭാവിയിൽ അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾക്കുമാത്രം റൂൾ 50 പ്രകാരം നോട്ടീസ് കൊടുക്കണമെന്ന് സൂചിപ്പിക്കുകയും ഓർമ്മപ്പെടുത്തുകയും ചെയ്തുകൊണ്ട് ഇത് അനുവദിക്കുകയാണ്.

## III അടിയന്തരപ്രമേയം

### ഗുണ്ടാവിളയാട്ടം

മി. സ്പീക്കർ: സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനവും ഗുണ്ടാവിളയാട്ടവും ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. കഴിഞ്ഞ ദിവസം എറണാകുളം ജില്ലയിലെ എളമക്കര പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മുഖ്യമന്ത്രിയുടെ പേര് പറഞ്ഞ് കറുകപ്പള്ളിയിലെ ക്വട്ടേഷൻ ഗുണ്ടാ സംഘത്തിന്റെ നേതൃത്വത്തിൽ വ്യവസായിയായ യുവതിയുടെ വീടും സ്ഥലവും പണവും കവർന്നെടുത്ത സംഭവവും ഇതേ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മറ്റൊരു സംഘം ഇടപ്പള്ളി കൊണ്ടോട്ടി സെന്റ് പീറ്റർ യൂസ്ഡ് കാർ ഷോറൂമിലെ നിരവധി കാറുകൾ തല്ലിത്തകർത്ത സംഭവവും ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരുടെ മൗനാനുവാദത്തോടെയാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സമാന സ്വഭാവമുള്ള ഗുണ്ടാ വിളയാട്ടവും അക്രമങ്ങളും ഉന്നതന്മാരുടെ പേര് പറഞ്ഞ് നടക്കുന്ന തട്ടിപ്പുകളും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, വി. കെ. ഇബ്രാഹിംകുഞ്ഞ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്ത് ഗുണ്ടാവിളയാട്ടംമൂലം ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുന്നു എന്നുപറയുന്നത് ശരിയല്ല. ഗുണ്ടാസംഘങ്ങളോട് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാരിനുള്ളത്. ഏതൊക്കെ പ്രദേശങ്ങളിൽ ഇത്തരം പരാതികൾ ഉയർന്നുവന്നിട്ടുണ്ടോ അവിടങ്ങളിലൊക്കെ ശക്തമായ നിലപാടാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. ഈ രീതിയിൽ പ്രവർത്തിക്കുന്ന ഗുണ്ടാ സംഘങ്ങളോട് ഒരു വിട്ടുവീഴ്ചയും പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകില്ല. ഇവിടെ ഉന്നയിച്ച പ്രശ്നം എറണാകുളം പള്ളിച്ചാൻപറമ്പിൽ ശ്രീമതി സാന്ദ്രാ തോമസിന് എറണാകുളം ജൂവലറി ഷോപ്പ് ഉടമ കമാലുദ്ദീൻ തന്റെ ഭാര്യയുടെ വക 5 സെന്റ് സ്ഥലവും കെട്ടിടവും 1 കോടി രൂപ വില സമ്മതിച്ച് 50 ലക്ഷം രൂപ രൊക്കം നൽകി വസ്തു രജിസ്റ്റർ ചെയ്തശേഷം മൂന്നാം ദിവസം മുതൽ ഒന്നേകാൽ കോടി രൂപ കൂടി ഉടനടി നൽകണമെന്നാവശ്യപ്പെട്ട് കമാലുദ്ദീനും വിൻസെന്റും മറ്റ് എട്ടോളം പേരും ശ്രീമതി സാന്ദ്രാ തോമസിന്റെ വീട്ടിലും അവർ എറണാകുളത്ത് നടത്തി വരുന്ന സ്ഥാപനത്തിലും നിരന്തരം ചെന്ന് ഭീഷണിപ്പെടുത്തുകയുണ്ടായി. ഇത് കാണിച്ചുകൊണ്ട് സാന്ദ്രാ തോമസ് സംസ്ഥാന പോലീസ് മേധാവിക്ക് 17-10-2016-ന് പരാതി നൽകുകയുണ്ടായി. സാന്ദ്രാ തോമസിന്റെ വീടും സ്ഥലവും കമാലുദ്ദീന് ഒന്നേമുക്കാൽ കോടി രൂപയ്ക്ക് കൊടുത്തതായി എഗ്രിമെന്റ് തയ്യാറാക്കി നിർബന്ധിച്ച് ഒപ്പിട്ട് വാങ്ങിയതായും നാല് മുദ്രപ്പത്രങ്ങളും മൂന്ന് ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ട് വാങ്ങിയതായും ചില ബാങ്ക് രേഖകളും പേപ്പറുകളും അപഹരിച്ചതായും ഒരു കോടി അറുപത് ലക്ഷം രൂപ വില വരുന്ന ജാഗ്വാർ കാർ 30 ലക്ഷം രൂപയ്ക്ക് ജോഷി എന്നയാൾക്ക് നിർബന്ധിച്ച് പണയപ്പെടുത്തി കമാലുദ്ദീൻ കൈക്കലാക്കിയതായും വീണ്ടും പലരീതിയിൽ ശല്യം തുടരുന്നതായും പരാതിയിൽ പറഞ്ഞിട്ടുണ്ട്. ആ പരാതി എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ചു കൊടുത്തതിന്റെ അടിസ്ഥാനത്തിൽ കമാലുദ്ദീൻ, ജോഷി, കറുകപ്പള്ളി സിദ്ധിഖ്, രാജേഷ്, പിച്ചാണ്ടി എന്നറിയപ്പെടുന്ന വിൻസെന്റ്, അജയകുമാർ, നിയാസ്, ഫൈസൽ, സജ്ന മറ്റ് ഏതാനുംപേർ എന്നിവരെ പ്രതികളാക്കി ഐ.പി.സി. 384, 395, 506 (1), 447, 451, 34 പ്രകാരവും മണി ലെൻഡേഴ്സ് ആക്ട് 13, 17 പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നു. ഈ കേസ്സിലെ പ്രധാനിയായ കമാലുദ്ദീൻ ഉൾപ്പെടെ 7 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു. മറ്റ് പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തി വരുന്നു. ഇവിടെ പറഞ്ഞ മറ്റൊരു സംഭവം എറണാകുളം പോണേക്കരയിലുള്ള

കൊണ്ടോട്ടി കാർ വേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും വില്പന നടത്തിയ ഒരു കാർ കേടായതിനാൽ അത് തിരികെ എടുക്കണമെന്ന ആവശ്യവുമായി സമീപിച്ചപ്പോൾ അത് വിസമ്മതിച്ചതിലുള്ള വിരോധത്തിലും സ്പീഡോമീറ്റർ റീഡിംഗ് മാറ്റി വില്പന നടത്തി എന്ന പ്രശ്നവും ചോദിക്കാൻ ചെന്നപ്പോഴാണ് കേസ്സിന് ആസ്പദമായ സംഭവമുണ്ടായത്. തുടർന്ന് മേൽപ്പറഞ്ഞ സ്ഥാപനത്തിൽ 17-10-2016-ന് കയറി സ്ഥാപന ഉടമയേയും സ്റ്റാഫുകളേയും തടഞ്ഞ് നിർത്തി ദേഹോപദ്രവമേൽപ്പിച്ചതിന് എളമക്കര പോലീസ് സ്റ്റേഷനിൽ 1010/16 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നു. എടപ്പള്ളി പോണേക്കര എളമക്കര സ്വദേശികളായ മഹേഷ്, നിജു, മുഹമ്മദ് ബഷീർ, രാജേഷ്, കൃഷ്ണകുമാർ, ഗിരീശൻ, ഹംസ എന്നിവരും മറ്റ് മൂന്നുപേരും ഈ കേസ്സിലെ പ്രതികളാണ്. ഈ കേസ്സിലെ 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സ്പീഡോമീറ്റർ റീഡിംഗ് മാറ്റി കാർ വിറ്റതിന് സ്ഥാപന ഉടമയെ പ്രതിയാക്കി ക്രൈം 1017/16 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രമേയത്തിൽ ആരോപിക്കുന്ന മറ്റ് സംഭവങ്ങളൊന്നുംതന്നെ ഗുണ്ടാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളല്ല. ഈ സംഭവങ്ങളിലെല്ലാംതന്നെ പോലീസ് യഥാസമയം കേസ് രജിസ്റ്റർ ചെയ്ത് വേണ്ട നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഗുണ്ടാപ്രവർത്തനത്തിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. നിരന്തരം ഗുണ്ടാ പ്രവർത്തനത്തിൽ ഏർപ്പെട്ടുവരുന്നവർക്കെതിരെ റൗഡി ഹിസ്റ്ററി ഷീറ്റുകൾ ആരംഭിച്ചും സി.ആർ.പി.സി. 107 പ്രകാരവും KAAPA [The Kerala Anti-social Activities (prevention) Act] പ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 61 പേരുടെ പേരിൽ KAAPA നടപടികൾക്കായി ജില്ലാകളക്ടർക്കും 26 പേരുടെ പേരിൽ റെയിഞ്ച് ഐ.ജി.ക്കും റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങളിലേർപ്പെട്ട് ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥരും ഷാഡോ പോലീസും നിരീക്ഷിച്ച് വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തുവാനുള്ള സംവിധാനവും സ്വീകരിച്ച് വരുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. പി. ടി. തോമസ്: സർ, ലോകത്തിലെ തന്നെ ഏറ്റവും മനോഹരമായ കൊച്ചി ഇന്ന് ക്വട്ടേഷൻ സംഘത്തിന്റെ പിടിയിൽ അമർന്നിരിക്കുകയാണ്. അതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് കറുകപ്പള്ളി സിദ്ധിഖ് എന്ന ഗുണ്ടാത്തലവന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ച സംഭവവും അതോടൊപ്പം ഇടപ്പള്ളിയിൽ യൂസ്ഡ് കാർ ഷോറൂമിൽ മഹേഷ് എന്ന

വ്യക്തിയുടെ നേതൃത്വത്തിൽ നടന്ന അക്രമവും. ഇതെല്ലാം ഏറ്റവും ഗുരുതരമായ ചില വിഷയങ്ങളിലേക്ക് വിരൽ ചൂണ്ടുന്നതാണ്. പോലീസ് - ഗുണ്ടാ സംഘങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു, ആർക്കുവേണ്ടി പ്രവർത്തിക്കുന്നു, ആരാണ് ഇവരെ സംരക്ഷിക്കുന്നത് എന്നതിന്റെ അവസാനത്തെ ഉദാഹരണമാണ് ശ്രീമതി സാന്ദ്രാ തോമസിന്റെ സംഭവം. ഒരു സ്ഥല കച്ചവടവുമായി ബന്ധപ്പെട്ടുണ്ടായ സംഭവത്തിൽ മേൽപ്പറഞ്ഞ ഗുണ്ട ഇംഗ്ലീഷ് സിനിമയിൽ കാണുന്നതുപോലെ Cold Blooded Murder ആണ് നടത്തിയത്. ഗുഡ് മോർണിംഗ്, ഗുഡ് ഈവനിംഗ് എന്നൊക്കെ പറഞ്ഞ് ഈ പ്രശ്നം പരിഹരിക്കാമെന്ന് ധരിപ്പിച്ച് അടുത്തുകൂടുകയാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം കൊച്ചിയിലെ പോലീസ് സ്റ്റേഷനിൽ ഒരു പരാതി കൊടുത്താൽ 10 മിനിട്ടിനകം പോലീസ് എത്തുന്നതിന് മുൻപ് ഗുണ്ടാ സംഘം അവിടെ എത്തുകയാണ്. എങ്ങനെയാണ് പോലീസ് സ്റ്റേഷനിൽ കൊടുക്കുന്ന കേസ് ഗുണ്ടാ സംഘത്തിന്റെ കയ്യിലെത്തുന്നത്? അവർ മധ്യസ്ഥരാകുന്നത്? അങ്ങനെയുള്ള ഒരു സംഭവമാണ് ഇവിടെ അരങ്ങേറിയിരിക്കുന്നത്. ഇവിടെ ഞാൻ രാഷ്ട്രീയമൊന്നും പറയുന്നില്ല. *******+ ഞാൻ പാർട്ടിയെ കുറ്റപ്പെടുത്തുന്നില്ല.

ചോര നീരാക്കി പണിയെടുത്ത നിരവധിയായ സമർപ്പിതരായ സി.പി.ഐ (എം)-ന്റെ നേതാക്കൻമാരായ എം.എം. ലോറൻസിനെപ്പോലെ, എ. പി. വർക്കിയെപ്പോലെ, രവീന്ദ്രനാഥിനെപ്പോലെ, ബാലചന്ദ്രനെപ്പോലുള്ള നിരവധി നേതാക്കൻമാരെക്കൊണ്ട് സമ്പന്നമായ കൊച്ചി ********** നല്ല പോലീസ് ഉദ്യോഗസ്ഥന്മാരുള്ള കേരള സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥന്മാരെ സൈഡ്‌ലൈൻ ചെയ്തിരിക്കുകയാണ്. നിരവധി നല്ല ഉദ്യോഗസ്ഥന്മാർ നമുക്കുണ്ട്. എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കേസ് അന്വേഷിക്കാൻ ഉത്തരവിട്ടത്? ഒരു പാവപ്പെട്ട വീട്ടമ്മയ്ക്ക് നീതി കിട്ടാൻ തിരുവനന്തപുരത്ത് വന്ന് അങ്ങയെ കാണേണ്ടിവന്നു. കൊച്ചിയിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരില്ലേ? അങ്ങയുടെ സെൻട്രൽ റെയ്ഞ്ച് ഐ.ജി.-യെ എന്തുകൊണ്ട് ഈ കേസ് ഏൽപ്പിച്ചില്ല. അദ്ദേഹം ഇപ്പോൾ ദാവൂദ് ഇബ്രാഹിമിന് പഠിക്കുകയാണ്. കുപ്രസിദ്ധമായ നിരവധി കേസ്സുകളുടെ തലപ്പത്ത് അന്വേഷിച്ചാൽ ശ്രീജിത്ത് എന്നുപറയുന്ന അങ്ങയുടെ സെൻട്രൽ സോൺ ഐ.ജി. യെ കാണാൻ കഴിയും. തെളിയിക്കാൻ ഞാൻ തയ്യാറാണ്. അങ്ങ് വീട്ടമ്മയുടെ കേസന്വേഷിക്കാൻ ഉത്തരവിട്ടത് നല്ല കാര്യമാണ്. പിണറായിയുടെ നല്ല പ്രവൃത്തിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അതിന്റെ പിന്നിലുള്ള പോലീസ്-ഗുണ്ടാ മാഫിയാ സംഘത്തെപ്പറ്റിയും, ഈ സ്ത്രീക്കുണ്ടായ ഗുരുതരമായ ഭീഷണിയെപ്പറ്റിയും, ഇതിന്റെ പിന്നിലുള്ള രാഷ്ട്രീയബന്ധത്തെക്കുറിച്ചും അന്വേഷിക്കാൻ അങ്ങ് ഉത്തരവിട്ടോ? കൊച്ചിയിലെ ഉന്നത സി.പി.ഐ.(എം) നേതാവിനോട് ഈ പാവപ്പെട്ട സ്ത്രീ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

പരാതി പറഞ്ഞ് പത്തു മിനിട്ട കഴിഞ്ഞപ്പോൾ ഗുണ്ടാത്തലവൻ സിദ്ദിഖ് വിളിച്ച പറഞ്ഞത്, ആരോട് പറഞ്ഞാലും രക്ഷയില്ല, എല്ലാം ഞാൻ തീരുമാനിക്കുമെന്നാണ്. ഏതായാലും അയാളെ അറസ്റ്റ് ചെയ്തിരിക്കുന്നു. ഞാൻ അങ്ങയെ വീണ്ടും വീണ്ടും അഭിനന്ദിക്കുന്നു. പക്ഷേ ഇത് മഞ്ഞുമലയുടെ ഒരറ്റം മാത്രമേ ആയിട്ടുള്ളൂ. യഥാർത്ഥ പ്രതികളെ പിടിക്കണമെങ്കിൽ പോലീസ് - ഗുണ്ടാ ക്വട്ടേഷൻ അവിശുദ്ധ കൂട്ടുകെട്ടിനെപ്പറ്റി സമഗ്രമായ അന്വേഷണത്തിന് ഉത്തരവിടാൻ തയ്യാറുണ്ടോ? അങ്ങനെ ഉത്തരവിട്ടാൽ യഥാർത്ഥ വസ്തുത പുറത്തുവരും. അങ്ങയുടെ പേര് ഇതിലേയ്ക്ക് വലിച്ചിഴച്ചപ്പോഴാണ് അങ്ങേയ്ക്ക് ചൂടുണ്ടായത്. അത് നല്ല കാര്യമാണ്. അങ്ങയുടെ പേര് പറഞ്ഞാണ് ഈ തട്ടിപ്പ് നടത്തിയതെന്നാണ് എല്ലാ മാധ്യമങ്ങളും പറഞ്ഞിരിക്കുന്നത്. ഇത് പി.ടി. തോമസ് പറയുന്നതല്ല. എറണാകുളത്തെ മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ എല്ലാ പത്രങ്ങളും എന്റെ കൈവശമുണ്ട്. അതിൽ 'മുഖ്യമന്ത്രിയുടെ പേര് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയ സംഘത്തെ പിടിച്ചു' എന്ന വാർത്തയുണ്ട്. 'ഇത് എൻ.ഐ.എ. അന്വേഷിക്കേണ്ട കേസ്സാണ്, ഇതിൽ കുഴൽപ്പണ സംഘത്തിന് ബന്ധമുണ്ട്, ഉന്നത പോലീസുദ്യോഗസ്ഥന്മാർ അറിഞ്ഞാണ് നടക്കുന്നത് ' ഇതെല്ലാം പത്രത്തിൽ വന്നിരിക്കുന്ന വാർത്തകളാണ്. ഈ ഗുണ്ടാ സംഘത്തിന് അങ്ങയോട് വളരെ അടുത്ത് നില്ക്കുന്ന കണ്ണൂരിലെ ഉന്നതരായ നേതാക്കന്മാരുമായി ബന്ധമുണ്ട്. ഇന്നൊരു കല്യാണത്തിന് ചെന്നാൽ ഏതൊരു ഗുണ്ടയ്ക്കും നമ്മുടെ കൂടെനിന്ന് ഒരു ഫോട്ടോ എടുക്കാം. ഫോട്ടോ എടുക്കുന്നതിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ, ശ്രീ. ഇ. പി. ജയരാജനടക്കം ശ്രീ. പി. രാജീവടക്കമുള്ള നേതാക്കന്മാരുമായി ഒന്നിച്ച് നില്ക്കുന്ന പടമുണ്ട്. ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. ചിലപ്പോൾ ഗുണ്ടകൾ മുതലെടുക്കാൻ വേണ്ടി നിന്നതായിരിക്കാം. പക്ഷേ ആ പടങ്ങളും ബന്ധങ്ങളുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേര് ഉപയോഗിക്കാൻ ഇയാളെ പ്രേരിപ്പിച്ചതെന്ന് കാണുമ്പോൾ ഇതെല്ലാം കൂട്ടി വായിക്കുമ്പോൾ ഈ സംഭവത്തെപ്പറ്റി കൂടി അന്വേഷിക്കണം. ഞാനാദ്യം പറഞ്ഞ നല്ലവരായ സി.പി.ഐ.(എം) നേതാക്കന്മാർ വളർത്തിയെടുത്ത എറണാകുളത്തെ പാർട്ടി ഇന്ന് കൊടി പിടിച്ച് മുന്നിൽ നില്ക്കുന്നു. കൊടി പിടിച്ചുകൊണ്ട് നില്ക്കുന്ന ഈ ഗുണ്ടയുടെ പടവുമുണ്ട്. കൊടി പിടിച്ചു മുന്നിൽ നില്ക്കുന്നത് ഇത്തരക്കാരാണെന്ന് തിരിച്ചറിയാൻ നടപടി സ്വീകരിക്കണം. അങ്ങേയ്ക്ക് താല്പര്യമുള്ള മറ്റൊരു കാര്യം കൂടി ഞാൻ പറയാം. കളമശ്ശേരിയിലെ ഒരു വ്യവസായി കോട്ടയ്ക്കലിൽ അങ്ങയുടെ മുന്നണിയുടെ സ്ഥാനാർത്ഥിയായിരുന്നു. ഇന്നലത്തെ ചാനലിൽ ഞാൻ കാണുന്നത് അദ്ദേഹത്തിന്റെ സ്ഥാപനം സക്കീർ ഹുസൈൻ എന്ന സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ നിർദ്ദേശ പ്രകാരം ഗുണ്ടകൾ കടന്നാക്രമിക്കാൻ പോകുന്നു എന്നാണ്. കളമശ്ശേരി ഏലൂർ പോലീസ് അകമ്പടിയോടെ വ്യവസായിയെ വീട്ടിൽ കൊണ്ടാക്കുന്നു. എൽ.ഡി.എഫ്.ന്റെ സ്ഥാനാർത്ഥിയായി

കോട്ടയ്ക്കലിൽ മത്സരിച്ച ഒരു വ്യവസായിയുടെ സ്ഥിതി ഇതാണെങ്കിൽ മറ്റുള്ളവരുടെ കാര്യം പറയേണ്ടതുണ്ടോ? മറ്റൊന്ന്, 23-ാം തീയതി കൊച്ചിയിൽ നിന്ന് ജിനു പൗലോസ് എന്നയാൾ അങ്ങേയ്ക്ക് തന്ന പരാതിയാണ് എന്റെ കൈവശമുള്ളത്. ആ പരാതിയിൽ പറയുന്നത് ഇതേ സംഘം ഒരാളെ തട്ടികൊണ്ടുപോയി നടത്തിയ ഗുണ്ടായിസത്തിന്റെ കഥയാണ്. നേരത്തെ ഗൾഫിലെ ഒരു വ്യവസായിക്കുവേണ്ടി രാജഗിരി കോളേജിലെ കുട്ടിയെ തട്ടിക്കൊണ്ടുപോയി 25 കോടി രൂപ വാങ്ങി ഒത്തുതീർപ്പുണ്ടാക്കിയതിലും ഇതേ സംഘത്തിനാണ് ബന്ധമെന്ന് പറയുന്നു. ഇതിനെ സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്താൻ തയ്യാറുണ്ടോ? ക്രിമിനൽ സംഘത്തിന്റെ കാവലാളാണ് പോലീസ് എന്ന് ജസ്റ്റിസ് മുള്ള പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. നല്ല പോലീസുകാരുമുണ്ട്. പക്ഷേ, ബഹുമാനപ്പെട്ട പിണറായിയുടെ ഗവൺമെന്റിൽ അങ്ങനെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഞെട്ടിക്കുന്ന കഥകളുണ്ട്. അങ്ങ് നടപടി എടുക്കുന്നില്ലെങ്കിൽ അടുത്ത ദിവസം ഈ സഭയിലോ പത്രങ്ങളിലോ പറയാൻ ഒരു എളിയ പൊതുപ്രവർത്തകനായ ഞാൻ നിർബന്ധിതനാകുമെന്ന കാര്യം പറയുകയാണ്. ********+ ഇതൊക്കെ ഒന്നന്വേഷിക്കണം. എന്നിട്ട് നിങ്ങൾ നീതിന്യായ നിർവ്വഹണത്തിന്റെ മുഖ്യ സംഘാടകനായി പ്രതിഷ്ഠിച്ചിരിക്കുകയാണ്. ഒരു വീട്ടമ്മയ്ക്ക് നീതി കിട്ടണമെങ്കിൽ തിരുവനന്തപുരത്തുവന്ന് മുഖ്യമന്ത്രിയെ കാണണംപോലും. അവിടെയുള്ള പോലീസുകാരുടെ പണിയെന്താണ്? മുഖ്യപ്രതി സിദ്ദിഖിനെ പിടിക്കാൻ പോകുമ്പോൾ അഞ്ചു മിനിട്ട് മുമ്പ് ഇയാൾ പോലീസ് സ്റ്റേഷനിലെ മേശപ്പുറത്ത് ഇരിക്കുകയായിരുന്നു. പിടിക്കാൻ വരുന്ന എന്നറിഞ്ഞ് ഇയാൾ ഇറങ്ങി ഓടിയെങ്കിലും പോലീസ് പിടിച്ചു. ഇതാണ് ഇന്ന് കൊച്ചിയിൽ നടക്കുന്നത്. ഞാൻ കോളേജ് വിദ്യാഭ്യാസ കാലം മുതൽ കൊച്ചിയിൽ പഠിച്ചുവളർന്ന ആളാണ്. എനിക്ക് അവിടെയുള്ള ജനങ്ങളെ അറിയാം. ഭയവിഹ്വലരായി ജനങ്ങൾ കഴിയുന്നു. മാനംമര്യാദയായി ഒരാൾക്ക് പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കാൻ കഴിയില്ല. ജനമൈത്രി പോലീസിന്റെ പേര് പറയുന്നുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളുടെയും ഭരണം ഈ ഗുണ്ടാ സംഘത്തിന്റെ കൈവശമാണ്. അതിനറുതി വരുത്തണം. കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..

ശ്രീ. പി. ടി. തോമസ്: സർ, ജനങ്ങൾക്ക് ഇറങ്ങി നടക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണം. ഒരു കാര്യം കൂടി പറയാം, ഇത് അത്യന്തം ഗുരുതരമാണ്.

മി. സ്പീക്കർ : പ്ലീസ്.. കൺക്ലൂഡ്.

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരംരേഖയിൽ നിന്നും നീക്കം ചെയ്തു.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ഞാൻ അവസാനിപ്പിക്കാം. അങ്ങ് പറയുന്നതുപോലെ കേൾക്കാം. അത്യന്തം ഗുരുതരമായ ഒരു പ്രശ്നമുള്ളത്, ഈ ഉന്നത പോലീസുദ്യോഗസ്ഥൻ ഒരു ന്യൂനപക്ഷ സമുദായത്തിലെ ഒരംഗത്തെ വിളിച്ച് മര്യാദക്ക് നടന്നോളണമെന്നും, തീവ്രവാദകേസ്സുകളിൽ നിന്നെയൊക്കെ ഉൾപ്പെടുത്താൻ എനിക്കറിയാമെന്നും പറയുന്നു. ആവശ്യമെങ്കിൽ ഞാനതിന്റെ വിശദാംശം പിന്നീട് വെളിപ്പെടുത്തും. ഗുണ്ടാ സംഘവും ഈ പോലീസ് ഉദ്യോഗസ്ഥനും തമ്മിലുള്ള അവിശുദ്ധ രാഷ്ട്രീയ കൂട്ടുകെട്ട് അന്വേഷിക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാവലാൾ കള്ളന്മാരായി മാറുന്ന ചിത്രമാണ് ഇവിടെ കാണുന്നത്. ഇതോടൊപ്പം കേരളത്തിലെ വിവിധ സ്ഥലങ്ങളിലെ കാര്യങ്ങൾ പറഞ്ഞുകൊണ്ട് നിർത്താം. കാര്യവട്ടം ക്യാമ്പസ്സിൽ ആന്ധ്രാ സ്വദേശിയായ പട്ടികജാതി കുട്ടിയുടെ കഥ ഇന്നത്തെ പത്രത്തിലുണ്ട്. അത് അന്വേഷിക്കണം. കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. നാദാപുരത്തും കുറ്റ്യാടിയിലും നടന്ന സംഭവങ്ങൾ അതുപോലെ മൂവാറ്റുപുഴയിൽ ഡി.വൈ.എഫ്.ഐ. നേതാവിന് ബസ്സിൽ സഞ്ചരിക്കാനുള്ള സൗകര്യത്തിനുവേണ്ടി യാത്രക്കാരനെ ആക്രമിച്ചതും കാലടിയിലെ കൊലപാതകങ്ങളുമടക്കം നിരവധി കാര്യങ്ങൾ പറയാനുണ്ട്. കേരളത്തിലെ ക്രമസമാധാനനില ഗുരുതരമായ അവസ്ഥയിൽ എത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന് മറുപടി പറയണം. 'ബലികുടീരങ്ങളെ സ്മരണകളിരമ്പും രണസ്മാരകങ്ങളെ' എന്നു പാടിയ നിങ്ങൾ നമ്മുടെ കൃഷ്ണപ്പിള്ളയുടെ സ്മാരകം തല്ലിത്തകർത്തു.

<u>മി. സ്പീക്കർ</u>: പഴയ കാര്യങ്ങൾ പറയാതെ അങ്ങ് നോട്ടീസ് തന്ന കാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിക്കണം.

<u>ശ്രീ. പി. ടി. തോമസ്</u> : 'ഞങ്ങൾ നിങ്ങളുടെ സ്മരണാങ്കണ ഭൂവിൽനിന്നിതാ' എന്ന മുദ്രാവാക്യം വിളിച്ചവർ ഗുണ്ടാസംഘത്തിന്റെ കൊടിയും പിടിച്ചു നില്ക്കുന്നു. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാനപ്പെട്ട പി. ടി. തോമസ് ഉന്നയിച്ച പ്രശ്നത്തിന്റെ അവസാനഭാഗം സ്വാഭാവികമായി രാഷ്ട്രീയഭാഗങ്ങളായി വന്നതാണ്. ആദ്യം പറഞ്ഞ ഭാഗങ്ങൾ സർക്കാർ ഗൗരവമായി കാണുന്ന പ്രശ്നങ്ങളാണ്. ഗുണ്ടാസംഘങ്ങൾക്ക് എന്തുമാകാം എന്ന

നിലയിലുള്ള ഒരു പ്രത്യേക രീതി നമ്മുടെ സംസ്ഥാനത്ത് വളർന്നുവന്നിട്ടുണ്ട്. അത് അവസാനിപ്പിക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ നേരത്തെ പ്രസ്താവിച്ച കാര്യങ്ങളും ശ്രീ. പി. ടി. തോമസ് ആദ്യഭാഗത്ത് പറഞ്ഞ ഗുണ്ടാസംഘത്തിന്റെ അഴിഞ്ഞാട്ടവും നാടിന്റെ പൊതുവായ ക്രമസമാധാന പാലനത്തെ ബാധിക്കുന്ന രീതിയിലാണ് വരുന്നത്. അതിൽ പോലീസാണ് നടപടി സ്വീകരിച്ചത്. ആ വീട്ടമ്മ ഇവിടെ വന്നിരുന്നുവെന്ന് ശ്രീ. പി. ടി. തോമസ് പറഞ്ഞത് ശരിയാണ്. ഇവിടെ നിന്നുള്ള നിർദ്ദേശത്തിന്റെ ഭാഗമായാണ് അതിൽ നടപടികൾ ഉണ്ടാകുന്നത്. ഏതെല്ലാം ഗുണ്ടാ ആക്രമണങ്ങളും ഗുണ്ടായിടപെടലുകളും നടന്നിട്ടുണ്ടോ അതിനെല്ലാം അപ്പപ്പോൾ തന്നെ ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ പോകുന്നുണ്ട്. അതിന്റെ ഭാഗമായുള്ള ഫലപ്രദമായ നടപടിയും ഉണ്ടാകുന്നുണ്ട്. ഇവിടെ അദ്ദേഹം പ്രസ്താവിച്ച തരത്തിലുള്ള ബന്ധങ്ങൾ പോലീസിനുണ്ടെന്നുള്ളതിന് ഒരു തെളിവും ഇതുവരെ കിട്ടിയിട്ടില്ല. ഇവിടെ ഗുണ്ടകൾക്ക് അഴിഞ്ഞാടാൻ ഒരു മടിയുമില്ല എന്ന സ്ഥിതി നിലനിൽക്കുന്നുണ്ട്. ആളുകൾ അദ്ധ്വാനിച്ചുണ്ടാക്കുന്ന കാശ് അദ്ധ്വാനിക്കാതെ തട്ടിപ്പറിക്കാനാണ് ഗുണ്ടാസംഘങ്ങൾ ശ്രമിക്കുന്നത്. സർക്കാർ ഇത്തരം സംഘങ്ങളെ നിലയ്ക്കുനിർത്തുക തന്നെ ചെയ്യും. ഇക്കാര്യത്തിലൊന്നും രാഷ്ട്രീയത്തിന്റെ പ്രശ്നമില്ല. ഇത് നമ്മുടെ നാടിന് ആവശ്യമുള്ള കാര്യമാണ്. ഏത് പ്രദേശത്തായാലും അവിടെയുള്ളവർക്ക് സ്വൈരമായി ജീവിക്കാൻ കഴിയണം. ഏതെങ്കിലും ഗുണ്ട അദ്ദേഹത്തിന്റെ രക്ഷയ്ക്കുവേണ്ടി ഏതെങ്കിലും ഭാഗത്ത് ചാരിനിന്നിട്ടുണ്ടെങ്കിൽ അതൊരു സംരക്ഷണകവചമായി ഈ സർക്കാരിന് കീഴിൽ വരില്ല. എന്റെ രാഷ്ട്രീയപാർട്ടിയോട് ബന്ധപ്പെട്ട ഒരാളായിപ്പോയി അത്തരമൊരു ഗുണ്ട എന്നുവന്നാൽ അയാളെ സംരക്ഷിക്കാൻ ഒരാളുമുണ്ടാവില്ല. ഈ നാടിനെയും ഇവിടത്തെ ജനങ്ങളെയും സംരക്ഷിക്കാനാണ് സർക്കാർ നിൽക്കുന്നത്. ഇനി അഥവാ എന്റെ ഏറ്റവും അടുത്തുനിൽക്കുന്ന ഒരാളാണ് ഇങ്ങനെ പ്രവർത്തിക്കുന്നുവെന്ന് വിചാരിക്കുക, സാധാരണ അങ്ങനെ ഒരാൾ ഉണ്ടാകില്ല, അയാൾക്കുപോലും സംരക്ഷണമുണ്ടാകില്ല എന്നുള്ളത് ഉറപ്പാണ്. ഇവിടെ വിചിത്രമായ കഥകളും സംഭവങ്ങളുമാണ് വരുന്നത്. നമ്മുടെ നാട്ടിൽ പലതരത്തിലും കാശുണ്ടാക്കുന്ന ആളുകളുണ്ട്. അങ്ങനെയുള്ള ആളുകളുടെ അടുത്ത് ഏതെങ്കിലും തരത്തിലുള്ള പ്രശ്നമുന്നയിച്ച് പോകുകയും അവരിൽ നിന്നും കാശ് ചോദിക്കുകയുമാണ് ചെയ്യുന്നത്. കാശ് ചോദിച്ചില്ലെങ്കിൽ മറ്റ് പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള ചില റാക്കറ്റുകൾ കേരളത്തിൽ പ്രവർത്തിച്ച

കൊണ്ടിരിക്കുകയാണ്. ആളുകളുടെ പണം പിടുങ്ങാൻവേണ്ടി നടക്കുന്ന ഗുണ്ടാസംഘങ്ങൾ, അവർക്കുവേണ്ടി ആളെ എന്തും ചെയ്യാൻ മടിക്കാത്ത സംഘങ്ങൾ, അവർക്ക് കാശ് കൊടുത്തില്ലെങ്കിൽ ആക്രമണം നടത്തു മെന്നുള്ളതാണ് സ്ഥിതി. ഇവിടെ അവതരിപ്പിച്ച ഈ വിഷയം ഗുരുതരമായ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇതിനകം തന്നെ പോലീസിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. ചില കേസ്സുകൾ എന്റെ ശ്രദ്ധയിൽപ്പെട്ട ഘട്ടത്തിൽ ഗൗരവമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പരസ്യമായി അതൊന്നും മറ്റൊരുതരത്തിൽ വന്നില്ല. ഇതുമാത്രമേ അങ്ങനെ വന്നിട്ടുള്ളൂ. എന്നാൽ അതിനെല്ലാം നടപടികളുണ്ടായിട്ടുണ്ട്. എല്ലാംകൂടി ഒന്നിച്ച് ഗൗരവമായ അന്വേഷണം വേണമെങ്കിൽ ആ അന്വേഷണവും നടത്താൻ ഈ സർക്കാർ തയ്യാറാണ്. ഇത്തരം ഗുണ്ടാസംഘങ്ങളെ പ്രത്യേകമായി വാച്ച് ചെയ്യാനും അവർക്കുനേരെ ആവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കാനും ഒരു പ്രത്യേക സംഘത്തെ നിയോഗിക്കാനും സർക്കാർ സന്നദ്ധമാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. ഇത് എല്ലാവരും ഗൗരവമായി കാണേണ്ട ഒന്നാണ്. അത് മനസ്സിലാക്കിയാണ് നീങ്ങേണ്ടത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ മുഖ്യമന്ത്രി ഇതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് കാര്യങ്ങൾ പറഞ്ഞ സാഹചര്യത്തിൽ, സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ പര്യാപ്തമായൊരു വിഷയമാണിതെന്ന് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. ഇന്ന് കേരളത്തിൽ ഗുണ്ട - മാഫിയ റാക്കറ്റുകൾ സജീവമാണെന്ന് അദ്ദേഹം തന്നെ പറയുകയുണ്ടായി. പണക്കാരുടെ കയ്യിൽനിന്നും പണം പിടുങ്ങാൻ ഗുണ്ടകളും മാഫിയകളും വളരെ സജീവമായി പ്രവർത്തിക്കുന്നു. സർക്കാരിന് ഇച്ഛാശക്തിയുണ്ടെങ്കിൽ അങ്ങനെ പ്രവർത്തിക്കില്ലെന്നാണ് എനിക്ക് പറയാനുള്ളത്. This is a fit case for a discussion. ഈ വിഷയം സഭാനേതാവായ മുഖ്യമന്ത്രിതന്നെ അതീവഗൗരവമുള്ളൊരു കാര്യമാണെന്ന് പറയുകയും ബഹുമാന്യനായ പി. ടി. തോമസ് അത് ഗൗരവത്തോടെ അവതരിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഏറ്റവും ഗൗരവമുള്ള കേസ്സാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്ത് നടക്കുന്ന ഗൗരവതരമായ പ്രശ്നങ്ങളാണ് ഇതെല്ലാം. കേരളത്തിൽ ഗുണ്ടകളും

മാഫിയകളും അരങ്ങ് തകർക്കുന്നു. അതിന് ഭരണകക്ഷിയുടെ പേര് ഉപയോഗിക്കുന്നു. മുഖ്യമന്ത്രിയുടെ ആളാണെന്നുപോലും പറഞ്ഞ് ഇത്തരം തട്ടിപ്പുകൾക്ക് നേതൃത്വം നൽകുന്ന സംഘങ്ങൾ പ്രവർത്തിക്കുകയാണ്. ഇക്കാര്യത്തിൽ മുഖ്യമന്ത്രി ശക്തമായ നടപടി സ്വീകരിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. കള്ളന്മാരുടെയും ഗുണ്ടകളുടെയും കൊള്ളക്കാരുടെയും വിഹാരമായി കേരളം മാറുന്നു. മോഷണം നിത്യസംഭവങ്ങളാകുന്നു. എ.ടി.എം. തട്ടിപ്പുകൾ നടക്കുന്നു. ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞ സംഭവം ഞാൻ ആവർത്തിക്കുന്നില്ല. കൊച്ചിയിലെ സ്ത്രീകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഒരു പരമ്പര ഏഷ്യാനെറ്റ് ചാനലിൽ ഇന്നലെ മുതൽ ആരംഭിച്ചിട്ടുണ്ട്. കൊച്ചി നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക നഗരം കൂടിയാണ്. അവിടെ സ്ത്രീകൾക്കും സാധാരണക്കാരായ ആളുകൾക്കും നടക്കാൻ കഴിയാത്ത, വീട്ടിൽ ജീവിക്കാൻ കഴിയാത്ത അന്തരീക്ഷമുണ്ടായിരിക്കുന്നത് അതീവഗൗരവത്തോടുകൂടി കാണേണ്ട കാര്യമാണ്. കളമശ്ശേരിയിലെ സംഭവം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതിന്റെ പിന്നിൽ രാഷ്ട്രീയമായ പിൻബലമുണ്ട് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധന്മാർക്കും രാഷ്ട്രീയ സംരക്ഷണം ലഭിക്കുന്നതുകൊണ്ടാണ് പോലീസിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാതെ വരുന്നത്. കേരളത്തിൽ നിയമവാഴ്ച അപകടത്തിലാകുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. മാത്രമല്ല, The nexus between police and gundas ആണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നമായി മാറുന്നത്. പോലീസ് ഉദ്യോഗസ്ഥന്മാർക്ക് നീതി നിർവ്വഹിക്കാൻ കഴിയാത്ത നിലയിൽ ഗുണ്ടകൾ വളർന്നുവരുന്നു. കായംകുളത്ത് വെട്ടുകേസ്സിലെ പ്രതിയെ പിടിക്കാൻ പോയ പോലീസിനെ മർദ്ദിക്കുന്നു. അവിടെ രണ്ട് പ്രാവശ്യം എ.എസ്.ഐ. അടക്കമുള്ളവർക്ക് പരിക്കേറ്റു. പോലീസിന്റെ അവസ്ഥ ഇതാണെങ്കിൽ സാധാരണക്കാരുടെ സ്ഥിതി എന്തായിരിക്കും? ഇറ്റലിയിൽ ഭരണകൂടം പരാജയപ്പെട്ടപ്പോൾ മാഫിയകൾ പ്രവർത്തനം ഏറ്റെടുക്കുകയുണ്ടായി. ജനങ്ങൾ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മാഫിയകളെ സമീപിക്കുന്ന അവസ്ഥയുണ്ടായി. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ പലയിടത്തും മാഫിയകൾ സമൂഹത്തെ നിയന്ത്രിക്കുന്ന സ്ഥിതിവിശേഷം അതീവ ഗുരുതരമാണ്. കേരളം അതുപോലെയുള്ള ഒരു സാഹചര്യത്തിലേയ്ക്ക് നീങ്ങുന്നുണ്ടോ എന്ന് ഞാൻ ഭയപ്പെടുകയാണ്. ഗുണ്ടകളെയും മാഫിയകളെയും അമർച്ചചെയ്യാൻ നിലവിൽ സംവിധാനമുണ്ടെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. മാഫിയകളെയും ഗുണ്ടകളെയും പിടിക്കാനായിരുന്നു ഓപ്പറേഷൻ സുരക്ഷ എന്ന പദ്ധതി ആവിഷ്കരിച്ചത്. 1,87,481 പേരെയാണ് ഓപ്പറേഷൻ സുരക്ഷ പദ്ധതിയിലൂടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അറസ്റ്റ് ചെയ്തത്. ഗുണ്ടകൾ, സാമൂഹ്യവിരുദ്ധന്മാർ, ഹിസ്റ്ററി ഷീറ്റേഴ്സ്, വാറണ്ട് പ്രതികൾ, പോലീസിന്റെ കണ്ണ് വെട്ടിച്ച് നടക്കുന്നവർ തുടങ്ങിയവരുടെ പ്രവർത്തനം ഇന്ന്

അവസാനിച്ചിരിക്കുന്നു, അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നില്ല. ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കാൻ വേണ്ടിയായിരുന്നു കഴിഞ്ഞ സർക്കാർ ഓപ്പറേഷൻ കുബേര പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത്. സമാധാനാന്തരീക്ഷം നിലനിർത്താനുള്ള ശ്രമങ്ങൾ ഇന്ന് ഇല്ലതായിരിക്കുന്നു. ഗുണ്ടാസംഘങ്ങൾ പരസ്പരം അക്രമങ്ങൾ നടത്തുന്നത് പതിവായി മാറുന്നു. തിരുവനന്തപുരം ജില്ലയിലെ കണ്ണമ്മൂലയിൽ ഗുണ്ടകൾ പരസ്പരം വെട്ടിമരിക്കുന്നു. പത്തനംതിട്ടയിലെ കാര്യം ശ്രീ. അടൂർ പ്രകാശ് സൂചിപ്പിക്കുകയുണ്ടായി. പോലീസ് സ്റ്റേഷനിൽ കയറി പ്രതികളെ രക്ഷപ്പെടുത്താനുള്ള ശ്രമം നടക്കുന്നു. ഗുണ്ടാ മാഫിയാ സംഘത്തിൽ നിന്നും രക്ഷ നേടാൻ പോലീസിനെ അഭയം പ്രാപിക്കുമ്പോൾ അവിടെനിന്നും നീതി കിട്ടാത്ത അവസ്ഥയാണ് ഉണ്ടാകുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ക്രമസമാധാന നില അനുദിനം വഷളാകുന്ന സാഹചര്യമാണുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ വർദ്ധിക്കുന്നു. ഗുണ്ടാ മാഫിയാസംഘങ്ങൾ അരങ്ങ് തകർക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതെല്ലാം നോക്കാൻ ഇവിടെ പോലീസുണ്ടോ, ഉദ്യോഗസ്ഥന്മാരുണ്ടോ, ഉള്ള ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നുണ്ടോ? ഉന്നത തലത്തിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ കിടമത്സരമാണ് ഇവിടെ ഇത്തരം സംഭവങ്ങളു ണ്ടാക്കുന്നത്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗുണ്ടാ-മാഫിയ ആക്രമണങ്ങൾമൂലം കള്ളന്മാരുടെയും കൊള്ളക്കാരുടെയും പറുദീസയായി കേരളം മാറുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട .........

ശ്രീ. സി. കെ. നാണു: സർ, ......

മി. സ്പീക്കർ: അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അദ്ദേഹത്തെപ്പോലെ ഒരാൾ ഒരു സെക്കന്റ് വേണമെന്ന് പറഞ്ഞാൽ ...........

ശ്രീ. സി. കെ. നാണു: നാല് മാസം മുമ്പ് അധികാരത്തിൽവന്ന ഗവൺമെന്റാണിത്. ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. പി. ടി. തോമസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം പറഞ്ഞപ്പോൾ അതിനുമുമ്പ് ഭരിച്ച ഗവൺമെന്റിനെ സംബന്ധിച്ച് ഒരു വാക്ക് പോലും പറയാതെ ആ പ്രമേയം

ഉൾക്കൊണ്ടുകൊണ്ട് മാന്യമായ രീതിയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചത്. വേറെ ഒന്നും അദ്ദേഹം പറഞ്ഞിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ച അതേ സ്പിരിറ്റിൽത്തന്നെയാണ് ശ്രീ. പി. ടി. തോമസും അടിയന്തരപ്രമേയം അവതരിപ്പിച്ചത്. അടിയന്തരപ്രമേയമാകുമ്പോൾ അല്പം ചൂടും പുകയുമൊക്കെയുണ്ടാകും. ഗുണ്ടാവിളയാട്ടത്തിന്റെ പ്രശ്നം ഞാൻ രാഷ്ട്രീയമായി പറയുന്നില്ല എന്നുപറഞ്ഞുകൊണ്ട് ആ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടുതന്നെയാണ് ശ്രീ. പി. ടി തോമസ് പറഞ്ഞത്. അതിനുശേഷം മുഖ്യമന്ത്രിയും അതേ രീതിയിൽ തന്നെയാണ് പറഞ്ഞത്. വാക്കൗട്ട് നടത്തുന്നത് നിങ്ങളോട് പ്രതിഷേധിച്ചല്ല. ഈ വിഷയം ചർച്ചയ്ക്കെടുക്കാത്തതിലുള്ള അഭിപ്രായ വ്യത്യാസം ആണ് വാക്കൗട്ടിന് ആധാരം. അങ്ങനെ കണക്കാക്കിയാൽ മതി, നിങ്ങൾ ആവശ്യമില്ലാതെ പ്രകോപിതരാകാതിരുന്നാൽ മതി.

ഈ വിഷയം വളരെ ഗൗരവതരമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും വിചാരിക്കുന്നതിനേക്കാൾ ഗൗരവമേറിയ വിഷയമാണിത്. കൊച്ചിയിലെ കാര്യം പറയാം. ഇവിടെ ലാൻഡ് വളരെ പരിമിതമാണ്. പാടം നികത്താനോ വെറ്റ് ലാൻഡ് നികത്താനോ പാടില്ല എന്നൊക്കെയാണ്. പക്ഷേ സ്ഥലം നികത്താനായി ഈ സംഘത്തെ ഏൽപ്പിക്കുന്നവർക്ക് ഇതൊരു വിഷയമേയല്ല. അങ്ങ് ഐ.ടി. വകുപ്പിന്റെകൂടി ചുമതലയുള്ള ആളാണ്. ഒരു ഐ.ടി പാർക്ക് സ്ഥാപിക്കാൻ എന്തെല്ലാം നൂലാമാലകളാണുള്ളത്. ഇത്രയധികം എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്യുന്ന ഒരു പ്രോജക്ടിനുവേണ്ടി കൊച്ചിയിൽ സ്ഥലം നികത്താൻ ഒരിക്കലും അവസരം ലഭിക്കില്ല. എന്നാൽ കോൺട്രാക്ട് കൊടുത്താൽ ഇത് സാധിച്ചെടുക്കാൻ കഴിയും. പി.ഡബ്ല്യു.ഡി. കോൺട്രാക്ട്, ലേബർ കോൺട്രാക്ട് തുടങ്ങി കോൺട്രാക്ടുകൾ പലവിധമുണ്ട്. എന്നാൽ ഇത്തരം ജോലികൾ ഗുണ്ടകളെ ഏൽപ്പിക്കുന്നതിനാൽ ഇപ്പോൾ ഗുണ്ടാ കോൺട്രാക്ടും നമ്മുടെ സംസ്ഥാനത്ത് നടക്കുന്നുണ്ട്. ശ്രീ. പി. ടി. തോമസ് പറഞ്ഞത് ഡീപ്പായിത്തന്നെ അന്വേഷിക്കണം. അതിൽ ധാരാളം വസ്തുതകളുണ്ട്. ഈ സംഘത്തെ ഏൽപ്പിച്ചുകഴിഞ്ഞാൽ ഏത് ഭൂമിയും നികത്താം. അവർക്ക് അതിനൊരു സിസ്റ്റമുണ്ട്. ഇത് വളരെ ഗൗരവമുള്ള വിഷയമായതിനാൽ നമ്മൾ ചർച്ച

ചെയ്യേണ്ടതാണ്. മറ്റൊന്ന്, പോലീസും ഈ സംഘവും തമ്മിലൊരു ലിങ്കുണ്ട്. ഇത് കൊച്ചിയിൽ മാത്രം ലിമിറ്റ് ചെയ്ത് നിൽക്കുന്ന വിഷയമല്ല. നാദാപുരത്തെ കാര്യം പറഞ്ഞു, ഇത് നമ്മൾ എപ്പോഴും ഉന്നയിക്കുന്ന വിഷയമാണ്. ഒരു കേസിലും യഥാർത്ഥ പ്രതികളുണ്ടാകില്ല. അത് സി.പി.ഐ.(എം), ലീഗ് തുടങ്ങിയ പൊളിറ്റിക്കൽ പാർട്ടികളല്ല. അല്ലാതെ വളർന്നുവരുന്ന ചില പൊളിറ്റിക്കൽ പാർട്ടികളുണ്ട്. അതിൽ വർഗ്ഗീയ തീവ്രവാദ സംഘടനകളുണ്ട്. അവരുമായാണ് നല്ല ബന്ധമുള്ളത്. അടുത്ത കാലത്ത് അവിടെയുണ്ടായ സി.പി.ഐ.(എം),....... ലീഗ് സംഘടനയല്ല, അല്ലാത്തൊരു കൊലപാതകത്തിൽ.........ഇവർ അവിടെ ചെന്നാൽ ഒന്നാം നമ്പർ കസേരയാണ് ലഭിക്കുന്നത്. ആദ്യത്തെ ട്രീറ്റ്മെന്റ് കിട്ടുന്നത് ഇത്തരക്കാർക്കാണ്. ഇവർ എങ്ങനെയാണ് വളർന്നുവന്നത് എന്നറിയില്ല. പോലീസിലെ എല്ലാ ഓഫീസർമാരും ഇവരെ സപ്പോർട്ട് ചെയ്യുന്നവരാണെന്ന് പറയുന്നില്ല. വേഗത്തിൽ കാശുണ്ടാക്കാനുള്ള വഴി ആയതുകൊണ്ടായിരിക്കാം പോലീസുകാർക്ക് ഇവരോട് ബന്ധമുള്ളത്. ഇത് വളരെ ഗൗരവമുള്ള വിഷയം തന്നെയാണ്. കേരളം ഒരു സിറ്റി സ്റ്റേറ്റ് പോലെയാണ്. സാമ്പത്തികമായും മറ്റും വളർന്നുവരുന്ന മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് കുറച്ച് വ്യത്യാസമുള്ള സ്റ്റേറ്റാണ് കേരളം. ബോംബെ എങ്ങനെയായിരുന്നു, ബോംബെയിൽ എന്തിനും ഒരു ഫീസുണ്ട്, എന്തിനും ഒരു സംഘമുണ്ടായിരുന്നു. ഇപ്പോൾ കുറച്ച് വ്യത്യാസപ്പെട്ടുവരുന്നു എന്നേയുള്ളൂ. അതുപോലെ കേരളവും ആയിത്തീരും. എല്ലാ സ്ഥലങ്ങളിലും ഇപ്പോൾ മാഫിയ, ഗുണ്ടാ സംഘങ്ങളുണ്ട്. ഇതൊരു യാഥാർത്ഥ്യമാണ്. അവർക്ക് രാഷ്ട്രീയ ബന്ധങ്ങളുണ്ടാക്കാൻ കഴിയും. ഏറ്റവുമധികം ശ്രദ്ധിക്കേണ്ടത് ഭരണകക്ഷിയായ നിങ്ങൾ തന്നെയാണ്, നിങ്ങൾക്ക് ഇക്കാര്യങ്ങളിൽ ഉത്തരവാദിത്വമുണ്ട്. അതിനെക്കാൾ വലിയൊരു പ്രശ്നം ഇപ്പോൾ വളർന്നുവരുന്നുണ്ട്. തീവ്രവാദത്തിനെതിരായി നമ്മൾ വളരെ ശക്തമായ നിലപാട് സ്വീകരിക്കണം. നമ്മുടെ ചെറുപ്പക്കാരുൾപ്പെടെയുള്ള ആളുകളെ വഴിതെറ്റിക്കാനുള്ള വലിയ ശ്രമം അന്തർദ്ദേശീയ തലത്തിൽ നടക്കുന്നുണ്ട്. ഗൾഫിലൊക്കെ പോകുമ്പോൾ അവരുമായി കോൺടാക്ടുണ്ടാക്കി ഇവിടെ തീവ്രവാദം വളർത്താൻ പല മതതീവ്രവാദ ഗ്രൂപ്പുകളും ശ്രമിക്കുന്നുണ്ട്. ഇന്ത്യയിലെ പല സാഹചര്യവും അതുപോല സംഘപരിവാറും മറ്റും അതിന് സാഹചര്യമുണ്ടാക്കുന്നുമുണ്ട്. പക്ഷേ

ഇവിടെ തീവ്രവാദം പറഞ്ഞ് അടിച്ചുകൊല്ലാനുള്ള ശ്രമവും നടക്കുന്നുണ്ട്. ഇതൊക്കെ വളരെ ഗൗരവമുള്ള വിഷയമാണ്. അധികാരം മിസ്യൂസ് ചെയ്യുന്ന ഒരു പ്രവണത കാണുന്നുണ്ട്, ക്രിമിനൽ ബന്ധം വല്ലാതെ വളർന്നുവരുന്നുണ്ട്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. അതുകൊണ്ടുതന്നെ ഈ വിഷയം ചർച്ച ചെയ്യണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ചർച്ച ചെയ്യാത്തതിലുള്ള പ്രൊട്ടസ്റ്റാണ്. അപ്പോൾ ഞങ്ങൾക്ക് അതുസംബന്ധിച്ച് പറയാനുള്ള അവസരവും ലഭിക്കും. അതിനാലാണ് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, എന്റെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല 16.02.2016-ൽ നൽകിയ മറുപടിയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം 76 ഗുണ്ടാ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ആക്രമണങ്ങളിൽ 15 പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. ആക്രമണം എന്നുപറയുന്നത് എന്തോ പുതിയ സംഭവമാണെന്ന് ധരിക്കരുത്. അതിക്രൂരമായ ഗുണ്ടാ ആക്രമണവും കൊലപാതകവും ബലാത്സംഗവും നടന്നത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് എന്ന് ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടിക്ക് അറിയാവുന്ന കാര്യമാണല്ലോ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നാലുമാസം കൊണ്ട് എന്തോ ഒരു അസാധാരണ ഗുണ്ടാ പ്രതിഭാസം ഇവിടെ മുളച്ചുപൊങ്ങിയിട്ടുണ്ട് എന്ന് ആരും പറഞ്ഞില്ല. ഇത് നേരത്തെ ഇവിടെയുണ്ട്. പക്ഷേ അതിന്റെ പ്രൊപ്പോർഷനും എണ്ണവും കണക്കുമൊന്നും നോക്കണ്ട. എണ്ണത്തിനെക്കുറിച്ച് ഒരിക്കൽ പറഞ്ഞതിനുതന്നെ അങ്ങ് കുടുങ്ങിക്കിടക്കുകയാണ്. അതിനാൽ എണ്ണത്തിന്റെ വിഷയം ഇനി എടുക്കുന്നില്ല. ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ശ്രീ. പി. ടി. തോമസ് സംസാരിച്ചപ്പോൾ സൂചിപ്പിച്ചത്, പോലീസിൽ പരാതി കൊടുത്താൽ അപ്പോൾത്തന്നെ ഗുണ്ടാ സംഘങ്ങളിലെ ആളുകൾ ഈ പരാതി കൊടുത്തവരെ

തേടിയെത്തി കോംപ്രമൈസ് ചർച്ചയിലേയ്ക്ക് പോകുകയോ അവരെ ഭീഷണിപ്പെടുത്തുന്ന നിലയിലേയ്ക്ക് മാറുകയോ ചെയ്യുന്നുവെന്നാണ്. ഇത് വളരെ ഗുരുതരമായ ഒരു സാഹചര്യം തന്നെയാണ്. ഒരു പൗരനെ സംബന്ധിച്ച് അവന് സംരക്ഷണം നൽകേണ്ടത് പോലീസുകാർ തന്നെയാണ്. പോലീസ് സ്റ്റേഷനിൽ ചെന്ന് ഒരു പരാതി കൊടുത്തുകഴിഞ്ഞ് മിനിട്ടുകൾക്കുള്ളിൽ ഗുണ്ടാ നേതൃത്വവും മാഫിയ സംഘങ്ങളും അത് അറിയുകയും അവർ പരാതിക്കാരനെ തേടിയെത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ അനുവദിച്ചു കൊടുക്കാൻ കഴിയുന്ന ഒന്നാണോ; അത് ഗവൺമെന്റ് ചിന്തിക്കേണ്ടതു തന്നെയാണ്. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ വരുമ്പോഴാണ് പോലീസിന് മാഫിയാ ബന്ധമുണ്ട് എന്നുപറയുന്ന കാര്യങ്ങൾക്ക് അർത്ഥമുണ്ടാകുന്നത്. ഇതന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അന്വേഷിച്ചുകഴിഞ്ഞാൽ തീർച്ചയായും തെളിവുകളുണ്ടാകും. ഇവിടെ ചില പോലീസ് ഉദ്യോഗസ്ഥർക്ക് ഗുണ്ടകളുമായിട്ടുള്ള ബന്ധങ്ങളാണ് ഇത്തരത്തിലുള്ള വിഷയങ്ങളിലേയ്ക്ക് ചെന്നെത്തുന്നതിന് കാരണം. കൊച്ചി നഗരത്തിൽ മാത്രമായി നിലനിൽക്കുന്ന ഒരുകാര്യമായി ഇതിനെ കാണാൻ കഴിയുകയില്ല. മോഷണങ്ങൾ വളരെ വ്യാപകമായ നിലയിൽ നടന്നുവരുന്നു. ആ ജില്ലയിലെ എം.എൽ.എ. എന്നുള്ള നിലയിൽ എനിക്കത് പറയാൻ കഴിയും, എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ, കിഴക്കൻ പ്രദേശങ്ങളിലൊക്കെ മോഷണം വളരെ വ്യാപകമായി നടക്കുന്നുണ്ട്. കൂടാതെ, സ്കൂൾ കേന്ദ്രീകൃതമായി മയക്കുമരുന്ന് മാഫിയകൾ പ്രവർത്തിക്കുന്ന സാഹചര്യവുമുണ്ട്. ഈയടുത്ത ദിവസങ്ങളായി തുടരെ ബൈക്ക് മോഷണങ്ങളും വീടുകളിലെ മോഷണവും മോഷണ ശ്രമങ്ങളും ഉൾപ്പെടെ നടക്കുന്നുണ്ട്. ഇത് അടിക്കടി വർദ്ധിച്ചുവരുന്നത് പോലീസ് നിഷ്ക്രിയമായി പോകുന്നു എന്നതിലേയ്ക്കുതന്നെയാണ് വിരൽചൂണ്ടുന്നത്. ഗവൺമെന്റ് ഇത്തരത്തിലുള്ള കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്തണമെന്നുള്ളതുതന്നെയാണ് എനിക്കും ഇവിടെ സൂചിപ്പിക്കാനുള്ളത്. നിയമപാലനത്തെ ബാധിക്കാത്ത വിധത്തിൽ മാഫിയ സംഘങ്ങളെ അടിച്ചമർത്താനുള്ള സാഹചര്യങ്ങളുണ്ടാകണം. നേരത്തെ സൂചിപ്പിച്ചതുപോലെ ബോംബെയിലോ ലാറ്റിൻ അമേരിക്കൻ രാജ്യത്തോ ഉള്ള ഒരു സാഹചര്യമല്ല കേരളത്തിലുണ്ടാകേണ്ടത്. വളരെ സമ്പന്നമായ ഒരു പ്രദേശമെന്ന നിലയിൽ ഇത്തരത്തിലുള്ള വിഷയങ്ങളെ എന്നും തടയിടാൻ സാധിച്ചിട്ടുള്ള ഒരു ഭരണസംവിധാനം കേരളത്തിലുണ്ടായിട്ടുണ്ട്. ആ നിലയിൽത്തന്നെ ഈ ഗവൺമെന്റിന് മുമ്പോട്ടുപോകാൻ കഴിയണം എന്ന് എടുത്തുപറയാൻ

ആഗ്രഹിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ടിൽ ഞാൻ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇവിടെ ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ അത്യന്തം ഗൗരവമുള്ളതാണ്. ഇവയൊക്കെ ആരംഭിച്ചത് ചെറിയ രീതിയിലാണെങ്കിലും സംസ്ഥാനത്തെ ഗ്രസിച്ചിരിക്കുന്ന, നിയമവ്യവസ്ഥയെ മറികടന്നുകൊണ്ട് സാമ്പത്തിക കാര്യങ്ങൾക്കായാലും മറ്റ് താൽപ്പര്യങ്ങൾക്കു വേണ്ടി ആയാലും ബലംപ്രയോഗിച്ചുകൊണ്ട് പ്രവർത്തിക്കുകയും ബാക്കി ആളുകൾ നിസ്സഹായരായി നോക്കിനിൽക്കേണ്ടതുമായ ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിന്റെ ഗൗരവത്തെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത് വളരെ ഗൗരവമുള്ള കാര്യമാണെന്നും ഇനി ഇത്തരം കാര്യങ്ങൾ അനുവദിക്കുകയില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. സാമ്പത്തിക കാര്യങ്ങൾക്കുവേണ്ടി മാത്രമല്ല, മറ്റ് കാര്യങ്ങൾ നേടിയെടുക്കുന്നതിനും ഓരോരുത്തരെ പാഠം പഠിപ്പിക്കുന്നതിനുമുള്ള രീതിയിലൊരു പോക്ക് ഇവിടെ കാണുന്നുണ്ട്. എന്റെ പാർട്ടിയുടെ സംസ്ഥാന ഓഫീസിനുനേരെ കല്ലേറുണ്ടായി, അതിന്റെ പേരിൽ ആക്ഷനില്ല. അതുപോലെതന്നെ ഇതിന്റെ അടുത്തുവച്ചുതന്നെ പട്ടികജാതി മോർച്ചയുടെ സംസ്ഥാന പ്രസിഡന്റായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു മഹിളയെയും മർദ്ദിച്ചു, അതിനും ആക്ഷനില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു യുവമോർച്ച പ്രവർത്തകനെ അദ്ദേഹത്തിന്റെ അമ്മയുടെ മുമ്പിൽവച്ച് വെട്ടിക്കൊന്നിരിക്കുന്നു. അതുപോലെതന്നെ ഒട്ടേറെ സംഭവങ്ങളുണ്ട്. കോടതിയിൽ സാക്ഷി പറയുന്നതിന്റെ പേരിൽ ശിക്ഷിക്കുന്നു. പോളിംഗ് ഏജന്റായിപ്പോയി എന്നതിന്റെ പേരിൽ മൃഗീയമായി മർദ്ദിക്കുന്നു. വാസ്തവത്തിൽ പോലീസ് നിഷ്പക്ഷമായി പ്രവർത്തിക്കാത്ത ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. ഇതാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അത് സാമ്പത്തികമോ, രാഷ്ട്രീയമോ, മറ്റ് താൽപ്പര്യങ്ങളോ കൊണ്ടാകാം. ഏതായാലും ഈ രാജ്യത്തെ എല്ലാ പൗരന്മാർക്കും, അവർ ഏത് ജാതിക്കാരോ മതക്കാരോ പാർട്ടിക്കാരോ ആകട്ടെ അവർക്ക് നിയമപ്രകാരം പ്രവർത്തിക്കാനുള്ള ഒരു സാഹചര്യമുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെത്തന്നെ നേരിട്ട് കണ്ട് നിവാരണം നേടേണ്ടതായ ഒരു സംഭവമാണുണ്ടായിട്ടുള്ളത്. ഇത് വളരെ ഗൗരവമായിട്ടുള്ള ഒരു ഇഷ്യൂ ആണ്.

അത് ചർച്ച ചെയ്യണം. ഈ രംഗത്ത് പരാജയപ്പെട്ടിരിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ നിർബന്ധിതനായിരിക്കുകയാണ്.

ശ്രീ. എസ്. ശർമ്മ: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 307. .....

ശ്രീ. ഇ. പി. ജയരാജൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ........

മി. സ്പീക്കർ: മേൽപ്പറഞ്ഞ രണ്ടുകാര്യങ്ങളും ചെയർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനകം സഭയിൽ തിരിച്ചെത്തി).

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) ദൃശ്യമാധ്യമ പ്രവർത്തകരുടെ തൊഴിലവകാശങ്ങൾ

ശ്രീമതി വീണാ ജോർജ്ജ്: സർ, ജനാധിപത്യത്തിൽ ജനങ്ങളുടെ ശബ്ദമാണ് മാധ്യമങ്ങൾ. അനീതിക്കും അസമത്വത്തിനും അടിച്ചമർത്തലിനു മെതിരെ ശബ്ദമുയർത്തേണ്ടവരാണ് മാധ്യമ പ്രവർത്തകർ. തൊഴിലിടങ്ങളിലെ ചൂഷണങ്ങളെക്കുറിച്ച് നിരന്തരമായി വിവിധ മാധ്യമങ്ങളിലൂടെ റിപ്പോർട്ട് ചെയ്യുന്നവരാണ് മാധ്യമ പ്രവർത്തകർ. പാടങ്ങളിലും ഫാക്ടറികളിലുമുള്ള തൊഴിൽസമത്വങ്ങളിൽ തുടങ്ങി ടെക്സ്റ്റൈൽ ഷോപ്പുകളിലെ ജീവനക്കാരുടെയും സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെയും നേർക്കുള്ള പീഡനങ്ങളെ സംബന്ധിച്ചും റിപ്പോർട്ട് ചെയ്തവരാണ് അവർ. പക്ഷെ, ടെക്സ്റ്റൈൽ ജീവനക്കാരുടെ നിൽപ്പ് സമരത്തെക്കുറിച്ചും നഴ്സുമാർക്കുനേരെയുള്ള ആക്രമണങ്ങളെക്കുറിച്ചും പീഡനങ്ങളെക്കുറിച്ചും റിപ്പോർട്ട് ചെയ്യുമ്പോഴും സ്വന്തം തൊഴിലിടത്തിലെ ചൂഷണങ്ങളെക്കുറിച്ചും അവകാശ ലംഘനങ്ങളെക്കുറിച്ചും ശബ്ദമുയർത്താതെ അവർക്ക് ജോലിചെയ്യേണ്ടിവരുന്ന ഒരു സാഹചര്യമാണുള്ളത്. കഴിഞ്ഞ 15 വർഷത്തെ കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഏറ്റവും വിപ്ലവകരമായ മാറ്റം ഉണ്ടായിരിക്കുന്നത് ദൃശ്യമാധ്യമ രംഗത്താണെന്ന് മനസ്സിലാക്കാൻ കഴിയും. നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഏഴ് ന്യൂസ് ചാനലുകളും ഏകദേശം മുപ്പത്തിയഞ്ചോളം മെയിൻ സ്ട്രീം ചാനലുകളും നിരവധി പ്രാദേശിക ചാനലുകളുമുണ്ട്. പതിനയ്യായിരത്തിലധികം ജീവനക്കാരും അനുബന്ധ

മേഖലകളിൽ പ്രവർത്തിക്കുന്നവരുമുൾപ്പെടെ ഏകദേശം ഇരുപതിനായിരം ആളുകൾ ഈ മേഖലയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി മാധ്യമരംഗത്തെ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ, നമുക്കറിയാം കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു പാർട്ടിയുടെ മുഖപത്രത്തിലെ ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം കിട്ടിയിട്ടില്ല. ദൃശ്യമാധ്യമ രംഗത്തേയ്ക്കെത്തുമ്പോൾ ഈ പ്രശ്നത്തിന്റെ കടുപ്പം വളരെയേറെയാണ്. പല ചാനലുകളും മൂന്നും നാലും വർഷത്തിനുള്ളിൽ സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചുപൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. നിലവിൽ പ്രവർത്തിക്കുന്ന പല ചാനലുകൾക്കും പ്രവർത്തിക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. കേരളം പോലൊരു ചെറിയ സംസ്ഥാനത്ത്, ചെറിയ മാർക്കറ്റുള്ള കേരളത്തിൽ കോർപ്പറേറ്റുകൾ ദൃശ്യമാധ്യമരംഗത്തേക്ക് വരുന്നുവെന്ന സാഹചര്യംകൂടി നമ്മൾ കാണണം. ഞാൻ ഈ സഭയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്ന കാര്യം, കേന്ദ്ര സർക്കാർ പാസ്സാക്കിയ വർക്കിംഗ് ജേർണലിസ്റ്റ്സ് ആക്ടിന്റെ പരിധിയിൽ ദൃശ്യ-മാധ്യമ പ്രവർത്തകർ വരുന്നില്ല എന്നുള്ള ദു:ഖകരമായ യാഥാർത്ഥ്യമുണ്ട്. വർക്കിംഗ് ജേർണലിസ്റ്റുകളുടെ നിർവ്വചനത്തിൽ ദൃശ്യ-മാധ്യമ പ്രവർത്തകർ ഉൾപ്പെടാത്തതുകൊണ്ട് വേജ് ബോർഡിന്റെ പരിധിയിലും ഇവർ വരുന്നില്ല. വേജ് ബോർഡ് നിർദ്ദേശങ്ങൾ നടപ്പിലാക്കാത്ത ധാരാളം പത്രസ്ഥാപനങ്ങൾ ഇവിടെയുണ്ട്. കോൺട്രാക്ട് അടിസ്ഥാനത്തിൽ ആളുകളെ നിയമിച്ചാൽ വേജ് ബോർഡിന്റെ സേവന വേതന വ്യവസ്ഥകൾ കൊടുക്കേണ്ടതില്ല എന്നതുകൊണ്ട് കോൺട്രാക്ട് അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്ന പത്രസ്ഥാപനങ്ങളുണ്ടെന്ന് നമുക്കറിയാം. ദൃശ്യ-മാധ്യമ രംഗത്ത് മണിക്കൂറുകൾ ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യമുണ്ട്. ഒരു തത്വദീക്ഷയുമില്ലാതെ സ്ഥലംമാറ്റങ്ങൾ നടക്കുന്നുണ്ട്. ഒപ്പം നീതിപൂർവ്വമല്ലാത്ത ഷിഫ്റ്റുകളിലും ദൃശ്യ-മാധ്യമ പ്രവർത്തകർ ജോലി ചെയ്യുന്നു. ഈ രീതിയിലുള്ള അസമത്വങ്ങൾ അവിടെ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ള മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ (1) ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് ദൃശ്യ-മാധ്യമ രംഗത്തെ പ്രശ്നങ്ങൾ പഠിക്കണം. അതിനായി മാധ്യമ പ്രവർത്തകരുൾപ്പെടുന്ന ഒരു സമിതിയെ നിയോഗിക്കണം. (2) വേജ് ബോർഡിന്റെ പരിധിയിൽ ദൃശ്യ-മാധ്യമ പ്രവർത്തകരെക്കൂടി ഉൾപ്പെടുത്തുന്നതിനു വേണ്ടി വർക്കിംഗ് ജേർണലിസ്റ്റുകളുടെ നിർവ്വചനത്തെ മാറ്റത്തക്കവിധത്തിൽ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം എം.പി.-മാർ മുഖേനയും

സർക്കാർതലത്തിലും ചെലുത്തണം. (3) കാലാനുസൃതമായി മാധ്യമ പ്രവർത്തകർക്ക് പെൻഷൻ പുതുക്കി നൽകണമെന്ന വിനീതമായ അഭ്യർത്ഥന വയ്ക്കുന്നതോടൊപ്പം ഒരു അസംഘടിത മേഖലയെ ഏത് രീതിയിൽ പരിഗണിക്കുന്നുവോ ആ രീതിയിൽ പരിഗണിച്ചുകൊണ്ട് ദൃശ്യമാധ്യമ രംഗത്തെ പ്രശ്നങ്ങൾ പഠിച്ച് വളരെ സമഗ്രമായ ഇടപെടൽ നടത്തണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ദൃശ്യ-മാധ്യമ രംഗത്തെ മാധ്യമ പ്രവർത്തകർക്കും മറ്റുള്ളവർക്കും തൊഴിൽ അരക്ഷിതാവസ്ഥ ഉള്ളതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. സമൂഹത്തിന്റെ ശബ്ദമായി പ്രവർത്തിക്കുമ്പോഴും മാധ്യമ പ്രവർത്തകർക്ക് സ്വന്തം കാര്യം പറയാൻ കഴിയാത്ത സാഹചര്യങ്ങളുണ്ട്. പല സ്ഥാപനങ്ങളിലും കുറഞ്ഞ തുക വേതനമായി നൽകുന്നത് സംബന്ധിച്ചും ശമ്പളം കൃത്യസമയത്ത് ലഭിക്കാത്തത് സംബന്ധിച്ചും ആക്ഷേപമുണ്ട്. ദൃശ്യ-മാധ്യമ രംഗത്ത് വേജ് ബോർഡ് നിലവിലില്ല. ജോലി സമയത്തിന്റെ ക്രമീകരണം പല ദൃശ്യമാധ്യമങ്ങളിലുമില്ല. പലപ്പോഴും മാധ്യമ പ്രവർത്തകർക്കും മറ്റ് ജീവനക്കാർക്കും വളരെ കൂടുതൽ സമയം ജോലി ചെയ്യേണ്ടതായി വരുന്നുണ്ട്. കൃത്യമായ സമയ ക്രമീകരണമില്ലാതെ ജോലി ചെയ്യുന്നത് മാനസികമായും ശാരീരികമായും ജീവനക്കാരെ അലട്ടുന്നുണ്ട്. മാത്രമല്ല, വാർത്തകൾ കൃത്യമായി കൈകാര്യം ചെയ്യുന്നതിനെയും ഇത്തരം പ്രശ്നങ്ങൾ ബാധിക്കുന്നുണ്ട്. പലപ്പോഴും അധിക സമയം ജോലി ചെയ്യുന്നതിന് അധിക വേതനമൊന്നും ലഭിക്കാറില്ലെന്ന ആക്ഷേപമുണ്ട്. അതിനാൽ മാധ്യമങ്ങളിൽ കൃത്യമായ സമയ ക്രമീകരണം ഏർപ്പെടുത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. ചിലയിടങ്ങളിൽ ജീവനക്കാർക്ക് ജോലി നിർവ്വഹിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുമുണ്ട്. സ്ത്രീ ജീവനക്കാർക്കടക്കം ഇതുമൂലം പ്രശ്നങ്ങളുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലെടുക്കുന്ന ജീവനക്കാരെന്ന നിലയിൽ കൃത്യമായ വേതനവും അവകാശങ്ങളും സൗകര്യങ്ങളുമൊരുക്കാൻ മാധ്യമ സ്ഥാപനങ്ങൾക്ക് തൊഴിൽ നിയമപ്രകാരവും മനുഷ്യത്വപരമായും ഉത്തരവാദിത്തമുണ്ട്. മാധ്യമ സ്ഥാപനങ്ങളിലെ തൊഴിൽ, വേതനം എന്നിവ സംബന്ധിച്ച് തൊഴിൽ വകുപ്പിന്റെ കാര്യക്ഷമമായ നിരീക്ഷണത്തിന് സംവിധാനമൊരുക്കും. ഇത്തരത്തിൽ സുഗമമായ സൗകര്യങ്ങളിലൂടെ മാത്രമേ ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമ പ്രവർത്തകർക്ക് സ്വന്തം കർത്തവ്യം കൃത്യമായി നിർവ്വഹിച്ച് സാമൂഹ്യ സേവനം നടത്താനാകൂ. ഇവിടെ ബഹുമാന്യയായ അംഗം ചൂണ്ടിക്കാണിച്ച ദൃശ്യ-മാധ്യമ

രംഗത്തെ പ്രത്യേകതകൾക്ക് അതിന്റെ വേറൊരു വശംകൂടിയുണ്ട്. വേജ് ബോർഡിന്റെ പരിധിയിൽ വരണമെന്ന് ദൃശ്യമാധ്യമ രംഗത്തുള്ളവർതന്നെ വലിയ തോതിൽ ആവശ്യമുയർത്തുന്നില്ല എന്നൊരു പ്രശ്നമുണ്ട്. കാരണം, ദൃശ്യമാധ്യമ രംഗത്തുള്ളത് ഒരു മോഹ വേതനമാണ്. സാധാരണ അച്ചടി മാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളുമെടുത്താൽ, അച്ചടി മാധ്യമങ്ങളിൽ ഏറെക്കുറെപ്പേർ സ്ഥിരമായി നിൽക്കുന്നവരായിരിക്കും. എന്നാൽ ദൃശ്യമാധ്യമ രംഗത്ത് ഇന്ന് ഒരു സ്ഥാപനത്തിൽ കാണുന്നവരെ നാളെ മറ്റൊരു സ്ഥാപനത്തിലാണ് കാണുന്നത്. കാശ് എവിടെയാണോ കൂടുതൽ കിട്ടുന്നത് അവിടേയ്ക്ക് പോകാൻ നിർബന്ധിതരാവുകയാണ്. യഥാർത്ഥത്തിൽ വേജ് ബോർഡ് ഉണ്ടായാൽ ഇത്രയാണ് വേജ് എന്ന കൃത്യമായ ഒരു നിശ്ചിതത്വം വരും. ആ ഒരു വ്യവസ്ഥ ഇന്ന് ഇതിനകത്തില്ല. അത് വേണമെന്ന് മോഹ വേതനം പറ്റുന്നവർ താൽപ്പര്യപ്പെടുന്നുമില്ല. എന്നാൽ അവർ മാത്രമല്ല അതിലുള്ളത്, സാധാരണക്കാരായ ഒട്ടേറെ ആളുകളുണ്ട്. അതുകൊണ്ട് ഇത് ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. നമ്മുടേതുപോലുള്ള ഒരു സമൂഹത്തിൽ ഏത് മേഖലയിലും സംഘടിതമായൊരു വിഭാഗമായി നിൽക്കുക, അവർക്ക് വേജ് ബോർഡിന്റെ സൗകര്യം പോലുമില്ല എന്നൊരു നിലയുണ്ടാകുക എന്നത് സംഭവിക്കുന്ന കാര്യമാണ്. അപ്പോൾ ആ ആവശ്യം ആ വിഭാഗത്തിൽനിന്നുതന്നെ ഉയരുന്നില്ല എന്നതാണ് ഇവിടെ കാണേണ്ട ഒരു കാര്യം. അത് ഗൗരവമായി പരിഗണിക്കേണ്ട പ്രശ്നമാണെന്ന് പറയുമ്പോൾതന്നെ ഈയൊരു ഭാഗവും കൂടി കാണാതിരിക്കരുത്. ഇതുസംബന്ധിച്ച് വിദഗ്ദ്ധ സമിതി പഠിക്കേണ്ട പ്രശ്നങ്ങൾ അവരുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ട കാര്യങ്ങളാണ്. അതുമായി ബന്ധപ്പെട്ടവരിൽനിന്നുതന്നെ പ്രശ്നങ്ങൾ ഉയർന്നുവരണം. നേരത്തെ മാധ്യമ രംഗത്ത് ഉണ്ടായിരുന്നു എന്നുള്ളതുകൊണ്ടുമാത്രം അതിന്റെ ആകെ പ്രാതിനിധ്യം ബഹുമാന്യയായ അംഗത്തിന് അവകാശപ്പെടാൻ കഴിയില്ല. അത് അവർതന്നെ അവരുടെ ഭാഗമായി ഉയർത്തികൊണ്ടുവന്നാൽ ആ കാര്യം ആലോചിക്കാവുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (2) സിമന്റ് വില വർദ്ധനവ്

ശ്രീ. പി. ടി. തോമസ് : സർ, നമ്മുടെ നാട്ടിൽ സിമന്റിന്റെ വില ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. സിമന്റിന്റെ വില വർദ്ധനവുമൂലം ഏറ്റവും കൂടുതൽ കഷ്ടത അനുഭവിക്കുന്നത് പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലുള്ളവരും

ലക്ഷംവീട് കോളനിയിലുള്ളവരും ഇടത്തരക്കാരും സാധാരണക്കാരായ ആളുകളുമാണ്. ഇത്തരം ആളുകൾ ഒരു കക്കൂസ് കെട്ടാനോ ചെറിയൊരു വീട് തേപ്പ് നടത്താനോ ഒക്കെ ശ്രമിക്കുമ്പോഴാണ് സിമന്റിന്റെ വില വർദ്ധനവുമൂലം ഏറ്റവും കൂടുതൽ കഷ്ടം അനുഭവിക്കുന്നത്. സിമന്റിന് എത്ര രൂപ വില വർദ്ധിച്ചാലും വൻകിട നിർമ്മാതാക്കൾക്കും വലിയ പണക്കാർക്കും ആ വിലവർദ്ധനവ് വലിയൊരു കാര്യമല്ല. എന്നാൽ പാവപ്പെട്ടവരും സാധാരണക്കാരുമായ ആളുകൾ സിമന്റിന്റെ വില വർദ്ധനവുമൂലം വളരെയേറെ കഷ്ടപ്പെടുകയാണ്. കേരളത്തിൽ ഒരു ചാക്ക് സിമന്റിന്റെ വില ഏകദേശം 420-430 രൂപയാണ്. അതേ സമയം ആന്ധ്രാപ്രദേശിൽ 275-290, തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ 290-310 എന്ന നിരക്കിലാണ് ഒരു ചാക്ക് സിമന്റിന്റെ വില. തമിഴ്നാട്ടിൽ അമ്മ സിമന്റെന്ന പേരിൽ കുമാരി ജയലളിത കൊടുക്കുന്ന സിമന്റിന് 200 രൂപയിൽ താഴെയാണ് വില. മഹാരാഷ്ട്രയിൽ 300 രൂപയും അയൽ രാജ്യമായ ചൈനയിൽ 150 രൂപയും ശ്രീലങ്കയിൽ 190 രൂപയുമാണ് സിമന്റിന്റെ വില. ഗൾഫിൽ 220 മുതൽ 230 രൂപവരെയും യൂറോപ്പിൽ 200 രൂപയുമാണ് വില. കേരളത്തിൽ ഒരുവർഷം ഏകദേശം 8000-10000 കോടി രൂപ സിമന്റ് വാങ്ങുന്നതിനുവേണ്ടി ചെലവഴിക്കുകയാണ്. വില വർദ്ധനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏകദേശം 1200-2000 കോടി രൂപ പ്രതിവർഷം കേരളത്തിന് നഷ്ടമാവുകയാണ്. ഈ രണ്ടായിരം കോടി രൂപയുടെ പകുതിയായ ആയിരം കോടി രൂപ ഗവൺമെന്റിന് തന്നെയാണ് നഷ്ടമാവുന്നത്. പി.ഡബ്ല്യു.ഡി. വർക്കുകൾ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വർക്കുകൾ, സ്മാർട്ട് സിറ്റിയുടെയും ഇൻഫോ പാർക്കുകളുടെയും വർക്കുകൾ തുടങ്ങിയവയിലൂടെയാണ് ഈ പണം നഷ്ടപ്പെടുന്നത്. അതുകൊണ്ട് സിമന്റിന്റെ വില നിയന്ത്രിച്ച് നിർത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ ഒരു കോൺഫറൻസ് വിളിക്കണം. ഗുജറാത്തിൽ അങ്ങനെയൊരു നടപടി സ്വീകരിച്ചതിന്റെ ഫലമായി സിമന്റിന്റെ വില വളരെ കുറഞ്ഞു. ഡൽഹിയിലും അങ്ങനെയൊരു നടപടി ഉണ്ടായതിന്റെ ഫലമായി 270-280 രൂപയ്ക്ക് സിമന്റ് കിട്ടും. തമിഴ്നാട്ടിൽ കുമാരി ജയലളിത കർക്കശമായ നിലപാടെടുത്തു. അതിന്റെ ഫലമായി അവിടെയും സിമന്റിന്റെ വില വളരെയധികം കുറഞ്ഞു. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിൽ സിമന്റ് വിതരണം ചെയ്യുന്ന കമ്പനികളിലെ ഉന്നതരെ വിളിച്ചുവരുത്തി ശക്തമായ നിർദ്ദേശം നൽകിയാൽ രണ്ടായിരം കോടി രൂപ പ്രതിവർഷം കേരളത്തിന് നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ കഴിയും. അതുപോലെതന്നെ മലബാർ സിമന്റ്സിന്റെ ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയുമോ എന്ന കാര്യം ആലോചിക്കേണ്ടതാണ്. അതിലേയ്ക്ക്

ഞാൻ കടക്കുന്നില്ല. ഇത് ഏറ്റവും ഗുരുതരമായൊരു വിഷയമാണ്. ഇത് നടപ്പാക്കിയിരുന്നുവെങ്കിൽ മൂന്നു വർഷംകൊണ്ട് മുന്നൂറ് കോടിയിലധികം രൂപ മെട്രോ റെയിലിന്റെ പേരിലും അങ്ങ് കഴിഞ്ഞ ദിവസം ഉദ്ഘാടനം ചെയ്ത പാലാരിവട്ടം ഫ്ലൈഓവറിൽ ഏഴ് കോടി രൂപയും ലാഭിക്കാൻ കഴിയുമായിരുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് വാണംപോലെ കുതിച്ചുയരുന്ന സിമന്റിന്റെ വില നിയന്ത്രിക്കണമെന്നും പാവപ്പെട്ടവർക്കും സാധാരണക്കാർക്കും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ വില പിടിച്ചു നിർത്തണമെന്നുമുള്ള ആവശ്യമാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിൽ സിമന്റിന്റെ വില കൂടുതലാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 29-7-2016-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ പ്രധാനപ്പെട്ട സിമന്റ് ഉല്പാദകരും ഡീലർമാരും പങ്കെടുത്തു. സിമന്റ് വിതരണക്കാർ ഉന്നയിച്ച പ്രധാന പരാതി, ഉല്പാദകർ നേരിട്ട് ഫ്ലാറ്റ് നിർമ്മാതാക്കൾക്ക് കുറഞ്ഞ വിലയ്ക്ക് സിമന്റ് വിതരണം ചെയ്യുന്നുവെന്നും സാധാരണക്കാർക്ക് വിതരണം ചെയ്യേണ്ട സിമന്റിന്റെ വില യാതൊരു മുന്നറിയിപ്പും കൂടാതെ ക്രമാതീതമായി വർദ്ധിപ്പിക്കുന്നുവെന്നുമാണ്. അയൽസംസ്ഥാനങ്ങളിൽ സിമന്റിന്റെ വില കേരളത്തെക്കാൾ കുറവാണെന്ന് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് ഒരു വസ്തുതയാണ്. സിമന്റ് ഉല്പാദകരുമായി പ്രത്യേകം ചർച്ച നടത്തി ഇക്കാര്യത്തിൽ സാദ്ധ്യമായ ഇടപെടൽ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മലബാർ സിമന്റ്സ് കേരളത്തിൽ ആവശ്യമുള്ള സിമന്റിന്റെ 10 ശതമാനം മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ. മലബാർ സിമന്റ്സ് വിപണി വിലയെക്കാൾ 25 രൂപ കുറച്ചാണ് ചില്ലറ വില്പന വില നിശ്ചയിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തതിനുശേഷം സിമന്റ് കമ്പനി ഉടമകളും വിതരണക്കാരുമായുള്ള തർക്കവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി എന്ന നിലയ്ക്ക് എന്നെ കാണാൻ വന്നിരുന്നു. ആ ഘട്ടത്തിൽ അവരുടെ മുന്നിൽ ഞാൻ ഈ പ്രശ്നമുന്നയിച്ചിരുന്നു. തമിഴ്നാടിലെ അമ്മ സിമന്റ് വില കുറച്ചുകൊടുക്കുന്ന കാര്യം തന്നെയാണ് ചൂണ്ടിക്കാണിച്ചത്. അപ്പോൾ അവർ അത് തീർത്തും തള്ളിക്കളഞ്ഞില്ല. പക്ഷേ നമുക്ക് അതിനൊരു ക്രമീകരണമുണ്ടാക്കേണ്ടതായി വരും. ഏത് തരത്തിലുള്ളവർക്കാണ് ആ സിമന്റ് കൊടുക്കാൻ സാധിക്കുക, എങ്ങനെയാണ്

കൊടുക്കുക എന്നുള്ള ഒരു ധാരണ പൊതുവിൽ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ വില ക്രമാതീതമായി കുതിച്ചുയരുന്ന ഒരു ഘട്ടത്തിൽ അത്തരത്തിൽ ഒരു സംവിധാനവും ആലോചിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം വില കുറയ്ക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുന്നതിനുള്ള യോഗവും നടത്തുന്നതാണ്.

ശ്രീ. പി. ടി. തോമസ്: ഇടത്തരക്കാരും സാധാരണക്കാരുമായിട്ടുള്ള ആളുകൾക്ക് ഇക്കാര്യത്തിൽ സബ്സിഡി കൊടുക്കുന്ന കാര്യം ആലോചിക്കുമോ? അതല്ലെങ്കിൽ അമ്മ സിമന്റിന്റെ രീതിയിൽ പാവപ്പെട്ടവർക്കുവേണ്ടി സിമന്റ് വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സബ്സിഡി പ്രായോഗികമാവില്ല. രണ്ടാമത്തേതാണ് നമുക്ക് പ്രായോഗികമാക്കാൻ കഴിയുന്നത്. അത് സിമന്റ് കമ്പനി ഉടമകളുമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. അത്തരമൊന്ന് പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിയുമോയെന്നുള്ളത് ആലോചിക്കാം. അതിന്റെ ഭാഗമായിട്ടു തന്നെ ഏതുതരത്തിലുള്ള....., അതിന് പ്രത്യേകം മാനദണ്ഡം നിശ്ചയിക്കണം. ആ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്.

## V സബ്മിഷൻ

### (1) ദളിത് യുവാക്കൾക്ക് നേരെയുള്ള പോലീസ് മർദ്ദനം

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, രണ്ട് പ്രധാനപ്പെട്ട സംഭവങ്ങളാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ എനിക്ക് കൊണ്ടുവരാനുള്ളത്. ഒന്ന്, കൊല്ലം അഞ്ചാലുംമൂട്ടിൽ രണ്ട് ദളിത് യുവാക്കളേയും മൂവാറ്റുപുഴയിൽ ആറ്റിങ്ങൽ സ്വദേശിയായ ഒരു ദളിത് യുവാവിനെയും പോലീസ് ക്രൂരമായി മർദ്ദിച്ച മനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്ന രണ്ട് സംഭവങ്ങളുണ്ടായി. ഈ രണ്ട് സ്ഥലങ്ങളിലും ഞാൻ നേരിട്ട് പോയി ഇവരെ കണ്ടതാണ്. കൊല്ലം അഞ്ചാലുംമൂട്ടിൽ 1.85 ലക്ഷം രൂപ മോഷ്ടിച്ചുവെന്ന് ആരോപിച്ചാണ് പ്രതികളെന്ന് സംശയിക്കുന്ന കാഞ്ഞിരംകുഴി സ്വദേശി അമൃതാഴത്തിൽ രാജീവ് (32), അറുന്നൂറ്റിമംഗലം വയലിൽ പുത്തൻവീട്ടിൽ ഷിബു (36) എന്നിവരെ പോലീസ് അറസ്റ്റ് ചെയ്ത് പീഡിപ്പിച്ചത്. ഒരു മാസം മുമ്പ് രാജീവ് ജോലി ചെയ്തിരുന്ന

നിർമ്മാണക്കമ്പനിയിൽ 1.85 ലക്ഷം രൂപ കാണാതായിരുന്നു. ഇതിന്റെ പേരിലാണ് ഇവരെ പോലീസ് പിടികൂടിയത്. അഞ്ചാലുംമൂട്, കൊല്ലം വെസ്റ്റ് എന്നീ പോലീസ് സ്റ്റേഷനുകളിൽ അഞ്ചുദിവസത്തോളം മാറിമാറി കൊണ്ടുപോയി ഈ ദളിത് യുവാക്കളെ മർദ്ദിക്കുകയുണ്ടായി. ഞാൻ കൊല്ലം ജില്ലാ ആശുപത്രിയിൽ ചെന്നപ്പോൾ ഇവരുടെ കൈകൾ മുഴുവൻ വീർത്ത് നീര് വന്നിരിക്കുകയാണ്. ലാത്തികൊണ്ട് അവരുടെ കൈകളിൽ വളരെ ഭീകരമായാണ് മർദ്ദിച്ചിട്ടുള്ളത്. അതിന്റെ ദൃശ്യങ്ങൾ എനിക്ക് കാണാൻ കഴിഞ്ഞു. ഭക്ഷണമോ വെള്ളമോ കൊടുക്കാതെയാണ് അവരെ മർദ്ദിച്ചത്. ഞങ്ങൾ മോഷ്ടാക്കളല്ല, ഞങ്ങൾ അത് ചെയ്തിട്ടില്ലെന്ന് ഈ രണ്ട് ദളിത് യുവാക്കൾ കാലുപിടിച്ച് പറഞ്ഞിട്ടും അവരെ മോചിപ്പിക്കാൻ തയ്യാറായില്ല. പ്രാഥമിക ആവശ്യങ്ങൾ പോലും നിർവ്വഹിക്കാൻ കഴിയാത്ത നിലയിൽ വളരെ ക്ഷീണിതരായാണ് കാണപ്പെട്ടത്. അവർക്ക് നടക്കാൻ പോലും വയ്യാത്ത അവസ്ഥയിലാണ് കൊല്ലം ജില്ലാ ആശുപത്രിയിൽ കഴിയുന്നത്. അറസ്റ്റ് ചെയ്താൽ സാധാരണഗതിയിൽ 24 മണിക്കൂറിനകം മജിസ്ട്രേറ്റിനു മുമ്പിൽ ഹാജരാക്കേണ്ടതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ മൂവാറ്റുപുഴയിൽ തയ്യൽ കടയിൽ ജോലി ചെയ്തുകൊണ്ടിരുന്ന പ്രതീഷ് എന്ന ആറ്റിങ്ങൽ സ്വദേശിയെയും 12 മണിക്കൂർ കൈകൾ കൂട്ടിക്കെട്ടി ലോക്കപ്പിലിട്ട് അഞ്ചര മണിക്കൂർ കൊടും പീഢനമായിരുന്നു. ഉപ്പും പാറപ്പൊടിയും ചേർന്ന മിശ്രിതത്തിൽ മുട്ട് കുത്തി നിൽക്കാനായിരുന്നു പോലീസ് ആജ്ഞാപിച്ചത്. പിന്നെ മുളകരച്ച് കണ്ണിലും രഹസ്യഭാഗങ്ങളിലും പുരട്ടുകയും കാൽ തല്ലിയൊടിക്കുകയും ചെയ്തു. ഞാൻ അദ്ദേഹത്തെ ആറ്റിങ്ങൽ ഗവൺമെന്റ് ആശുപത്രിയിൽ പോയി കണ്ടതാണ്. മെഡിക്കൽ കോളേജ് സൂപ്രണ്ടുമായി ഞാൻ സംസാരിച്ച് അവിടേയ്ക്ക് റഫർ ചെയ്യാനുള്ള സൗകര്യം ചെയ്തു. ശ്രീ. ബി. സത്യൻ എം.എൽ.എ.-യും അവിടെ പോയി അവരെ കണ്ടതാണ് എന്ന് എനിക്കറിയാം. ഇന്ന് കാര്യവട്ടം യൂണിവേഴ്സിറ്റിയിൽ ഹൈദ്രാബാദിലെ ഒരു ദളിത് വിദ്യാർത്ഥിയെ റാഗിംഗ് ചെയ്ത സംഭവമുണ്ടായി. ദളിത് കുട്ടികൾക്ക് നേരെയുണ്ടാകുന്ന ഈ അതിക്രമങ്ങളെ ബഹുമാന്യനായ മുഖ്യമന്ത്രി ഗൗരവത്തിലെടുക്കണം. ഇത് ചില പോലീസ് ഉദ്യോഗസ്ഥന്മാർ ബോധപൂർവ്വം ചെയ്യുന്നതാണ്. ദളിത് വിഭാഗത്തിൽപ്പെട്ട ആളുകൾ പോലീസ് സ്റ്റേഷനിൽ ചെന്നാൽ അവർക്ക് നീതി ഉറപ്പാക്കുന്ന നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. പട്ടികജാതി വിഭാഗക്കാർക്കെതിരെയുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്ന ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് കാണുന്നുണ്ട്. സാമ്പത്തികമായിട്ടുള്ള പീഡനത്തിന്റെ കാര്യമിരിക്കട്ടെ. അവർ അവരുടെ ഇഷ്ടപ്രകാരം, അവർക്ക് ഇഷ്ടമുള്ള ഒരു പാർട്ടിക്കുവേണ്ടി പ്രവർത്തിക്കുന്നു. വേറെ പാർട്ടിയിലുണ്ടായിരുന്നവർ മാറി വരുന്നു. ഇത് അവരുടെ കുറ്റമാണോ? ഇങ്ങനെ ചെയ്യുന്ന ആൾക്കാരെ പീഡിപ്പിക്കുന്ന സമ്പ്രദായം അനുവദനീയമാണോ? അവർക്കും പൗരാവകാശങ്ങളില്ലേ; അവർക്കും ഇഷ്ടമുള്ള പാർട്ടിയിൽ പ്രവർത്തിക്കാൻ സ്വാതന്ത്ര്യമില്ലേ; അത് നിഷേധിച്ച്......, ഈ നഗരത്തിലെ, കോർപ്പറേഷനിലെ കൗൺസിലറായി ജനങ്ങൾ തെരഞ്ഞെടുത്തിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി ലക്ഷ്മിയുടെ ഓഫീസ് തല്ലിതകർത്തു. പിന്നെ ആ സ്ത്രീയുടെ മകന്റെ പേരിൽ കേസെടുത്തു. ഇത്തരത്തിൽ ഈ നാട്ടിൽ അനീതി നടക്കുന്നു. ഇതിനെതിരെ ശക്തമായ നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊല്ലം അഞ്ചാലുംമൂട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കാഞ്ഞിരംകുഴി ജംഗ്ഷനു സമീപം രമണൻ നടത്തിവരുന്ന കടയിൽ 29-8-2016-ന് രാത്രി മോഷണം നടക്കുകയും രമണന്റെ പരാതി പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. കേസന്വേഷണം നടത്തിയ കൊല്ലം വെസ്റ്റ് സി.ഐ. മോഷണം നടന്ന സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന രാജീവൻ ജോലിക്ക് വരാത്തതും അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ അനീഷ്, ഷിബു എന്നിവർ സ്വന്തം വീടുകളിൽ നിന്നും വിട്ടുനിൽക്കുന്നതും മനസ്സിലാക്കി. രമണന് ഇവരെ സംശയമുള്ളതായി മൊഴി നൽകിയതിന്റെയടിസ്ഥാനത്തിൽ 20-10-2016-ന് രാവിലെ കസ്റ്റഡിയിലെടുത്ത് അഞ്ചാലുംമൂട് സ്റ്റേഷനിൽ കൊണ്ടുവന്ന് വിശദമായി ചോദ്യം ചെയ്തു. മേൽപ്പറഞ്ഞവരുടെ ഫിംഗർ പ്രിന്റ് ഡി.സി.ആർ.ബി.-യിൽ അയച്ച് അന്വേഷണം നടത്തിയതിൽ ഇവരെ പ്രതിചേർക്കുന്നതിന് മതിയായ തെളിവുകളില്ല എന്ന് മനസ്സിലാക്കി വൈകുന്നേരം ആറുമണിയോടെ ബന്ധുക്കളുടെ കൂടെ വിട്ടയയ്ക്കുകയും ആവശ്യമെന്ന് കണ്ടാൽ അന്വേഷണവുമായി സഹകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. കസ്റ്റഡിയിൽ നിന്നും വിട്ട രാജീവും ഷിബുവും പോലീസ് മർദ്ദനമാരോപിച്ചുകൊണ്ട് 22-10-2016-ന് കൊല്ലം ജില്ലാ ആശുപത്രിയിൽ അഡ്മിറ്റായി. ലോക്കപ്പ് മർദ്ദനം നടന്നുവെന്നാണ് അവർ ആരോപിച്ചത്. അത് ഗൗരവമായി എടുത്തുകൊണ്ടുതന്നെ അഞ്ചാലുംമൂട് എസ്.ഐ. പ്രശാന്ത് കുമാറിനെ

സ്ഥലം മാറ്റിയിട്ടുണ്ട്. കേസിന്റെ അന്വേഷണത്തിനായി കൊല്ലം എ.സി.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് പിഴവുകൾ എന്തെങ്കിലുമുണ്ടായിട്ടുണ്ടെങ്കിൽ കർശനമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ പത്രവാർത്ത കണ്ടപ്പോൾ തന്നെ എന്താണ് സംഭവിച്ചതെന്ന് വിളിച്ചന്വേഷിച്ചിരുന്നു. പോലീസിന്റെ വേർഷനാണ് ഞാൻ ഈ പറഞ്ഞ കാര്യം. എന്നാൽ പ്രതിപക്ഷ നേതാവ് പോയികണ്ടു എന്ന കാര്യം ഇവിടെ സംസാരിച്ചുകഴിഞ്ഞിട്ടുണ്ട്. അന്വേഷണത്തിനുശേഷം വരുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടിയെടുക്കും. ആറ്റിങ്ങൽ സംഭവത്തിന്റെ കാര്യത്തിൽ, ആവശ്യമായ നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. റാഗിംഗ് ഗൗരവമായി കാണുന്ന കാര്യമായതിനാൽ ഒരു കാരണവശാലും അനുവദിക്കുകയില്ല. റാഗിംഗ് നടന്നുവെന്നാണ് ആക്ഷേപം വന്നിട്ടുള്ളത്. അത് സംബന്ധിച്ച് ഗൗരവമായി പരിശോധിച്ച് നടപടി സ്വീകരിക്കും. പാർട്ടി വിട്ടു എന്നതിന്റെ പേരിലോ പട്ടികജാതിക്കാരായിപ്പോയി എന്നതുകൊണ്ടോ ആരെയും ആക്രമിക്കുന്ന നിലയൊന്നും പൊതുവിൽ കേരളത്തിലില്ല. പാർട്ടി അടിസ്ഥാനത്തിലുള്ള ആക്രമണങ്ങളുമല്ല, വ്യത്യസ്ത സംഭവങ്ങൾ വ്യത്യസ്ത രീതിയിലുണ്ടായിട്ടുണ്ടാകും. ഇതിൽ ശക്തമായ നടപടി സർക്കാർ സ്വീകരിക്കും.

## (2) ക്ഷേമനിധി

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, പത്ര ഏജന്റുമാർക്കും വിതരണക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് മുക്കാൽ ലക്ഷത്തോളം പത്ര ഏജന്റുമാരും അതിനേക്കാൾ പത്രവിതരണക്കാരുമുണ്ട്. നിലവിൽ ഇവർക്ക് മാത്രമായി ക്ഷേമ പദ്ധതിയില്ല. കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിലാണ് ഇവരെ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിലവിൽ ഇവരിൽ ഭൂരിഭാഗവും ഇതിൽ അംഗങ്ങളല്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പത്ര ഏജന്റുമാർക്ക് പ്രായമായാൽ യാതൊരു ആനുകൂല്യവും ഇല്ലാത്ത സ്ഥിതിയാണ് ഇന്നുള്ളത്. പത്രത്തിന്റെ കമ്മീഷൻ മാത്രമാണ് മുഖ്യമായ വരുമാനം. ദേശാഭിമാനി പോലുള്ള പത്രങ്ങൾ കൃത്യമായി പണം അടച്ചാൽ ഇൻസെന്റീവ് നൽകുന്നുണ്ട്. ചില പത്രങ്ങളാണെങ്കിൽ ഉത്സവകാലത്ത് പരിഗണന നൽകുന്നുണ്ടെന്നുള്ളത് ഒഴിച്ചാൽ പത്രത്തിന്റെ കമ്മീഷൻ മാത്രമാണ് അവരുടെ മുഖ്യമായ വരുമാനം. - മലയാളികളെ

സംബന്ധിച്ചിടത്തോളം ഒരു ദിവസം ആരംഭിക്കുന്നതുതന്നെ പത്രവായനയിലൂടെയാണ്. ഒരു കയ്യിൽ ആവി പറക്കുന്ന ചായയും മറുകയ്യിൽ പത്രവുമായി നിൽക്കുന്ന ചിത്രമാണ് (യഥാർത്ഥത്തിൽ) മലയാളിയെ അടയാളപ്പെടുത്തുന്നത്. ഇന്ന് ലോകം അതിവേഗം സഞ്ചരിക്കുന്നെങ്കിലും പത്ര-മാധ്യമങ്ങളുടെ പ്രാധാന്യം നമ്മുടെ നാട്ടിലൊട്ടും കുറയുന്നില്ല. വിരൽത്തുമ്പിൽ വാർത്തകൾ ലഭിക്കുന്ന രീതിയിലേയ്ക്ക് മാറിയിട്ടുണ്ടെങ്കിലും രാവിലെ വീട്ടുമുറ്റത്ത് എത്തുന്ന പത്രം വായിക്കുകയെന്ന ശീലത്തിൽ കാര്യമായ കുറവുണ്ടായിട്ടില്ല. ഇന്ന് പത്രങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട പ്രതിസന്ധി ആവശ്യത്തിന് ഏജന്റുമാരെയും വിതരണക്കാരെയും ലഭിക്കുന്നില്ലായെന്നുള്ളതാണ്. വീടുകളിൽ പത്രം എത്തിക്കുന്ന വലിയ ഒരു വിഭാഗം ഈ തൊഴിലിൽ നിന്ന് മാറിപോയിക്കൊണ്ടിരിക്കുന്നു. വിതരണത്തിന് ആളെകിട്ടാതെ ഏജന്റുമാരും ഏജന്റുമാരെ കിട്ടാതെ പത്രസ്ഥാപനങ്ങളും ബുദ്ധിമുട്ടുന്ന സ്ഥിതിയാണ് ഇന്ന് ഉണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ മാറ്റം ഉണ്ടാകുന്നില്ലായെങ്കിൽ ഇന്ന് പത്രമേഖല വലിയ പ്രതിസന്ധിയെ നേരിടുമെന്നുള്ളത് ഉറപ്പാണ്. പത്രഏജന്റുമാരെയും വിതരണക്കാരെയും സംബന്ധിച്ചിടത്തോളം അവർക്ക് പുലർച്ചെ എഴുന്നേൽക്കേണ്ടി വരും. അവരുടെ ജോലി അതിരാവിലെയാണ് നിർവ്വഹിക്കേണ്ടി വരുന്നത്. കൃത്യ സമയത്ത് വീടുകളിൽ പത്രം എത്തിച്ചില്ലെങ്കിൽ വീട്ടുകാർ അവരോട് തട്ടിക്കയറുന്ന സ്ഥിതിയും അതോടൊപ്പം തന്നെ നിരവധി പ്രതികൂലമായ അവസ്ഥയുമുണ്ട്. കഴിഞ്ഞ വർഷം എന്റെ മണ്ഡലത്തിലെ പിലാത്തറ പഴിച്ചിയിൽ ഒരു പത്രവിതരണക്കാരൻ പട്ടിയുടെ കടിയേറ്റ് പേവിഷ ബാധിച്ച് മരണമടയുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള ഒട്ടേറെ പ്രശ്നങ്ങൾ അവർ നേരിടുന്നതിനാൽ ഇക്കാര്യത്തിൽ ശക്തമായ നടപടി ഉണ്ടാകേണ്ടതുണ്ട്. മറ്റ് ക്ഷേമ പദ്ധതികളെപ്പോലെ പത്ര ഏജന്റുമാരുടെയും വിതരണക്കാരുടെയും ഒരു വിഹിതവും പത്ര ഉടമകളുടെ മോശമല്ലാത്ത വിഹിതവും ഗവൺമെന്റിന്റെ നോമിനലായ വിഹിതവും ചേർത്ത് അവർക്ക് ഒരു ക്ഷേമനിധി ആരംഭിക്കാൻ ശക്തമായ, സത്വരമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, പത്ര ഏജന്റുമാർക്കും വിതരണക്കാർക്കും ക്ഷേമനിധി ആനുകൂല്യം നിലവിലുണ്ട്. 20-3-1991-ലെ തൊഴിൽ വകുപ്പിന്റെ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമ പദ്ധതിയിലാണ് പത്ര ഏജന്റുമാരെയും

വിതരണക്കാരെയും നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലുള്ള പ്രശ്നം, ഇങ്ങനെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള കാര്യം ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ പലർക്കും അറിയാത്ത സ്ഥിതി നിലനിൽക്കുന്നുണ്ട്. അതൊരു വസ്തുതയാണ്. ഈ ക്ഷേമനിധിയിൽ നിന്നും ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണമടയുന്ന അംഗങ്ങളുടെ ശവസംസ്കാര ചെലവിനുള്ള ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം തുടങ്ങി ഒട്ടേറെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്. നിലവിലുള്ള ആനുകൂല്യങ്ങൾക്ക് പുറമേ മറ്റ് വല്ലതും ഇവർക്കായി ഏർപ്പെടുത്തേണ്ടതുണ്ടോയെന്നതും പഠനവിധേയമാക്കാം. ഈ ക്ഷേമ പദ്ധതി ഉൾപ്പെടെ മറ്റ് അഞ്ച് ക്ഷേമ പദ്ധതികൾ കൂടി കൂട്ടിച്ചേർത്ത് 2-2-2016-ലെ ജി.ഒ.(പി)നം. 24/2016 തൊഴിൽ ഉത്തരവ് മുഖേന കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. പത്ര ഏജന്റുമാർക്കും വിതരണക്കാർക്കും ഇനി മുതൽ കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ബോർഡിൽ അംഗത്വം എടുക്കാവുന്നതും അതുവഴിയുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്. മറ്റ് ക്ഷേമ പദ്ധതികളെ അപേക്ഷിച്ച് താരതമ്യേന മെച്ചപ്പെട്ട ആനുകൂല്യങ്ങളാണ് പുതിയ ബോർഡിലുള്ളത്. പുതിയ ബോർഡ് വരുന്നതോടെ പ്രശ്നമെല്ലാം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### (3) പോലീസ് സ്റ്റേഷനുകളിൽ കൂട്ടിയിട്ടിരിക്കുന്ന വാഹനങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരള സംസ്ഥാനത്തെ പോലീസ്, എക്സൈസ്, ഫോറസ്റ്റ്, റവന്യൂ ഓഫീസുകളുടെ പരിസരങ്ങളിൽ വിവിധ കേസുകളോടനുബന്ധിച്ച് പിടിച്ചുവയ്ക്കപ്പെട്ട ആയിരക്കണക്കിന് വാഹനങ്ങൾ യഥാസമയം തുടർനടപടികൾ സ്വീകരിച്ച് ഡിസ്പോസ് ചെയ്യാത്തതുമൂലം വെയിലും മഴയുമേറ്റ് നശിച്ച് പരിസര മലിനീകരണവും സാമ്പത്തിക നാശവും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ അവസ്ഥാവിശേഷമാണുള്ളത്. ഈ നിയമസഭയിലും പുറത്തും ഒരുപാട് ചർച്ച ചെയ്യുകയും തീരുമാനങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഒരു നടപടിയും ഇതിന്റെ ഭാഗമായി ഉണ്ടായിട്ടില്ല. പോലീസ് വകുപ്പിന്റെ തന്നെ ആയിരത്തിലേറെ വാഹനങ്ങൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. 2016-ലെ നിയമസഭാ സമ്മേളനത്തിൽ ചോദിച്ച ചോദ്യത്തിന്, മറുപടിയായി ഏകദേശം 23993 വാഹനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ പോലീസ് സ്റ്റേഷനുകളിലും മറ്റ് മേഖലകളിലും

പിടിച്ചിട്ടതായ മറുപടി വന്നിട്ടുണ്ട്. പോലീസ് കേസ്സുകളുമായി ബന്ധപ്പെട്ട് പിടിച്ചിടുന്ന വാഹനങ്ങൾ നിയമ നടപടികൾക്കുശേഷം പോലീസ് മേധാവികൾ വില നിശ്ചയിച്ച് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് (സിൽക്ക്) വിൽക്കണമെന്ന നിർദ്ദേശം നിലവിലുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട് തുടർനടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല. പോലീസ് സ്റ്റേഷനിൽ മാത്രം കിടക്കുന്ന ഏകദേശം 20000-ത്തോളം വാഹനങ്ങൾ നിരന്തരമായി കേരള സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും നിറഞ്ഞുനിൽക്കുകയാണ്. കേരളത്തിൽ മലപ്പുറം ജില്ലയിലാണ് ഇത് ഏറ്റവും കൂടുതലായുള്ളത്. മലപ്പുറം ജില്ലയിൽ കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം പോലീസ് സ്റ്റേഷനിലും പരിസര പ്രദേശങ്ങളിലുമായി ഏകദേശം 2600-ഓളം വാഹനങ്ങൾ കിടക്കുന്നുണ്ട്. നടന്നുപോകുന്ന ആളുകൾക്കും അതിലൂടെ വരുന്ന വാഹനങ്ങൾക്കുമൊക്കെ ഏറെ പ്രയാസകരമായ അവസ്ഥാവിശേഷമാണ് ഇത് ഉണ്ടാക്കികൊണ്ടിരിക്കുന്നത്. സാമ്പത്തികമായി വളരെയേറെ നഷ്ടം ഉണ്ടാകുന്നതിനാൽ അവ ലേലം ചെയ്തോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലോ ഡിസ്പോസ് ചെയ്ത് പരിസര മലിനീകരണം ഒഴിവാക്കാനാവശ്യമായ നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, സംസ്ഥാനത്ത് വിവിധ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കേണ്ടി വരുന്നത് അനിവാര്യമായ നടപടിയുടെ ഭാഗമായാണ്. തൊണ്ടി മുതലുകളായി സൂക്ഷിക്കേണ്ട വാഹനങ്ങൾ കോടതി നടപടികളിലൂടെ മാത്രമേ വിട്ടുകൊടുക്കാൻ കഴിയൂ. എന്നാൽ ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ വർദ്ധിച്ച തോതിൽ ഇത്തരം വാഹനങ്ങൾ തുടർച്ചയായി പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കേണ്ടി വരുന്നത് ഒട്ടനവധി അസൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ വാഹനങ്ങൾ കൂട്ടിയിടുന്നത് ഒഴിവാക്കുന്നതും ഓരോ വാഹനങ്ങളും ഉൾപ്പെട്ടിട്ടുള്ള കേസുകളുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തൊണ്ടിമുതലായി സൂക്ഷിക്കേണ്ടതല്ലാത്ത വാഹനങ്ങൾ എത്രയും വേഗം വിട്ടുനൽകുന്നതിനും ഇതിനകം തന്നെ സംസ്ഥാന തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഒരോ വകുപ്പും ഒഴിവാക്കേണ്ട വാഹനങ്ങൾ സംബന്ധിച്ച് കൃത്യമായി വിലയിരുത്തൽ നടത്തി അവ ഒഴിവാക്കി കിട്ടുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പരിസരത്ത് അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടിമുതലായ വാഹനങ്ങളിന്മേൽ തീർപ്പുണ്ടാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പരിസരത്തുനിന്ന് വാഹനങ്ങൾ

ഒഴിവാക്കുന്നതിനുവേണ്ടി പ്രത്യേകം യാർഡുകൾ കണ്ടെത്തുന്നതിനുള്ള നടപടി ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ ബന്ധപ്പെട്ട കോടതിയുടെ നിർദ്ദേശമനുസരിച്ച് അപ്പപ്പോൾ തന്നെ അതാത് ഉടമസ്ഥർക്ക് വിട്ടുനൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അവകാശികളില്ലാതെ പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കുന്ന വാഹനങ്ങൾ 2011-ലെ കേരള പോലീസ് ആക്ടിന്റെ 56-ാം സെക്ഷൻ പ്രകാരം ലേലം ചെയ്ത് നൽകുന്നതിനും നിർദ്ദേശം നൽകുന്നതാണ്.

## (4) പോലീസ് മർദ്ദനം

ശ്രീ. എം. വിൻസെന്റ്: സർ, ദളിത് പീഡനവുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ 50-ന് നൽകിയ മറുപടിയിൽ ഗുണ്ടായിസം അനുവദിക്കില്ലായെന്നുള്ള സ്വാഗതാർഹമായ സ്റ്റേറ്റ്മെന്റ് ഇവിടെ നടത്തുകയുണ്ടായി. ഒരു പോലീസ് ഓഫീസർ ഗുണ്ടയെപ്പോലെ പെരുമാറുന്നതുമായി ബന്ധപ്പെട്ട സംഭവമാണ്. കഠിനംകുളം പുതുവൽ പട്ടികജാതി കോളനിയിൽ താമസിക്കുന്ന 23 വയസ്സുള്ള സജിത്ത് എന്ന് പറയുന്ന ചെറുപ്പക്കാരൻ ഒരു മീൻവണ്ടിയുടെ ഡ്രൈവറായി ജോലി നോക്കുകയാണ്. പുതുക്കുറിച്ചി കടൽപ്പുറത്ത് മത്സ്യ വ്യാപാരം നടത്തുന്ന ഒരു വ്യാപാരിയുടെ കീഴിൽ ജോലി ചെയ്യുകയാണ് സജിത്ത്. രാത്രി 8.30 മണി മുതൽ സജിത്തും മറ്റ് തൊഴിലാളികളും അവിടെയുണ്ടായിരുന്നു. പുലർച്ചെ രണ്ടുമണിയോടുകൂടി കഠിനംകുളം പോലീസ് സ്റ്റേഷനിൽ നിന്ന് പോലീസ് വന്ന്, ഉടനെ വിടാമെന്ന് പറഞ്ഞ് സജിത്തിനെ പിടിച്ചുകൊണ്ടുപോയി. അവിടെയുണ്ടായിരുന്ന തൊഴിലാളികളും വ്യാപാരിയും കൂടി സ്റ്റേഷനിലേയ്ക്ക് പോയപ്പോൾ സജിത്തിനെ ഉടുവസ്ത്രം അഴിച്ച് സെല്ലിൽ അടച്ചിരിക്കുന്നതാണ് കാണാൻ സാധിച്ചത്. ആറു മണിയോടുകൂടി സബ് ഇൻസ്പെക്ടർ വരികയും അദ്ദേഹത്തെ വേറൊരു മുറിയിൽ കൊണ്ടുപോയി മലർത്തികിടത്തി ബൂട്ടിട്ട് നെഞ്ചിലും വയറ്റിലും ചവിട്ടുകയും കൈ ചവിട്ടി ഒടിക്കുകയും ചെയ്തു. അതിനുശേഷം രണ്ട് കാൽ മുട്ടിലും കയറി നിന്നുകൊണ്ട് കാൽ വെള്ളയിൽ വളരെ മൃഗീയമായി മർദ്ദിക്കുകയുണ്ടായി. പത്തര മണിയോടെ ബന്ധുക്കൾ വന്നപ്പോൾ ഇറങ്ങിപോകാൻ പറഞ്ഞു. അവശനായ സജിത്തിനെ മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തു. 14-ാം തീയതി മുതൽ 17-ാം തീയതി വരെ മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. 17-ാം തീയതി അദ്ദേഹത്തെ പുത്തൻതോപ്പ് പ്രാഥമികാരോഗ്യകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുകയും അവിടെ ചികിത്സയിൽ കഴിയുന്ന സമയത്ത് 22-ാം തീയതിയോടുകൂടി അദ്ദേഹത്തിന്റെ കാൽ പഴുക്കുകയും വീണ്ടും മെഡിക്കൽ കോളേജിൽ കൊണ്ടുപോയി സർജറി നടത്തുകയും ചെയ്തു. നിസ്സാരമായ പെറ്റി കേസിനാണ് അർദ്ധരാത്രി പോലീസ് വന്ന് അദ്ദേഹത്തെ

പിടിച്ചുകൊണ്ടുപോയത്. അതിന് ആധാരമായി പറയുന്നത് പുതുവൽ കോളനിയിലുള്ള സ്റ്റാർ റോക്കിംഗ്സ് എന്ന ക്ലബ്ബിന്റെ വാർഷികത്തിൽ മദ്യപിച്ചു ബഹളമുണ്ടാക്കിയെന്നാണ്. ഈ പറയുന്ന സമയത്ത് അദ്ദേഹം പുതുക്കുറിച്ചി കടൽപ്പുറത്തായിരുന്നു. മാത്രമല്ല, ഇദ്ദേഹമല്ല അവിടെ ബഹളമുണ്ടാക്കിയതെന്ന് ക്ലബ്ബിന്റെ ഭാരവാഹികൾ രേഖാമൂലം എഴുതികൊടുത്തിരുന്നു. എഴുതിക്കൊടുത്ത പ്രതികളെ ഇതുവരെയും പിടിച്ചിട്ടുപോലുമില്ല. ഈ എസ്.ഐ.യുടെ ദളിത് പീഡനം ഒറ്റപ്പെട്ട സംഭവമല്ല. സെപ്റ്റംബർ മാസം 25-ാം തീയതി നാല് ദളിത് യുവാക്കളെ പിടിച്ചുകൊണ്ടുപോയിട്ട് 26-ാം തീയതി വൈകുന്നേരമാണ് വിട്ടയച്ചത്. അതുവരെ സ്റ്റേഷനിലിട്ട് തല്ലുകയുണ്ടായി. ഈ മാസം 9-ാം തീയതി മനുവെന്ന ചെറുപ്പക്കാരനെയും ഇതുപോലെ പിടിച്ചു കൊണ്ടുപോയി. പോലീസ് മർദ്ദനത്തിനെതിരായി പോലീസ് സ്റ്റേഷൻ മാർച്ച് നടത്തിയപ്പോൾ ആ പ്രദേശത്തെ മുഴുവൻ ഗുണ്ടകളും മാർച്ചിന് മുമ്പായി പോലീസ് സ്റ്റേഷൻ നടയിൽ സന്നിഹിതരായിരുന്നു. എസ്.ഐ.-യ്ക്ക് ഗുണ്ടകളുമായി അവിശുദ്ധ ബന്ധമുണ്ടെന്നാണ് ഇത് തെളിയിക്കുന്നത്. ഇദ്ദേഹം വിളപ്പിൽശാല പോലീസ് സ്റ്റേഷനിൽ സബ് ഇൻസ്പെക്ടറായിരുന്ന സമയത്ത് പെറ്റിക്കേസ്സിൽ അടയ്ക്കേണ്ട തുക അടയ്ക്കാതിരിക്കുകയും അതിനെത്തുടർന്ന് അവിടത്തെ സി.പി.ഒ.-ക്ക് എതിരായി കേസ് എടുക്കുകയും ചെയ്ത വാർത്തയുണ്ട്. എസ്.ഐ.-ക്ക് എതിരെ യാതൊരു നടപടിയുമുണ്ടായില്ല. ഇദ്ദേഹം നിരന്തരമായി ദളിത് പീഡനം നടത്തികൊണ്ടിരിക്കുകയാണ്. ഇത് സർക്കാരിന്റെ നയമാണോ; നയമല്ലെങ്കിൽ തിരുത്തണം. അതല്ലെങ്കിൽ പോലീസുകാർക്കെതിരെ മാതൃകാപരമായ നടപടിയെടുക്കണം. അനുവദിക്കുമെങ്കിൽ ഒരു പരാതി കൂടി പറയാനുണ്ട്. പോലീസ് സ്റ്റേഷനുകളിലേയ്ക്ക് എസ്.ഐ.മാരെയും സി.ഐ.മാരെയും വിളിക്കുമ്പോൾ അവർ ഫോൺ എടുക്കാറില്ല. അവരുടെ ജോലിത്തിരക്കു കാരണം എടുക്കാതിരിക്കാം. പക്ഷെ, അതിനുശേഷം വിളിക്കാമല്ലോ. ഞങ്ങൾ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾക്കുവേണ്ടി വിളിക്കുമ്പോൾ ഫോൺ എടുക്കാത്ത അവസ്ഥ പോലീസ് സ്റ്റേഷനിലുണ്ട്. ഈ സബ്മിഷനുമായി ബന്ധപ്പെട്ട കാര്യമല്ലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എന്റെ കയ്യിലുള്ള റിപ്പോർട്ടിൽ ബഹുമാന്യനായ അംഗം പറഞ്ഞതിൽനിന്നും തീർത്തും വ്യത്യസ്തമായ കാര്യങ്ങളാണുള്ളത്. ഒരു ക്ലബ്ബിന്റെ പ്രശ്നം അങ്ങ് പറയുകയുണ്ടായി. 13-10-2016-ന് രാത്രി 11.30-ഓടെ പുതുവൽ കോളനിയിലെ പഞ്ചമി ക്ലബ്ബിന്റെ ആഘോഷം നടക്കുന്നതിനിടെ ചിലർ മദ്യപിച്ച് ബഹളമുണ്ടാക്കി പരിപാടികൾ തടസ്സപ്പെടുത്തിയതിന്റെ ഭാഗമായി ആളുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനു വേണ്ടി പോലീസിന് രാത്രി മുഴുവൻ അവിടെ ക്യാമ്പ് ചെയ്യേണ്ടിവന്നു. അടുത്ത

ദിവസം (14-10-2016) രാവിലെ സബ് ഇൻസ്പെക്ടറും പാർട്ടിയും പട്രോൾ ഡ്യൂട്ടി നോക്കി 9.30-ഓടുകൂടി ഈ സ്ഥലത്ത് എത്തിയ സമയം സജിത്ത് എന്നയാൾ മദ്യപിച്ച് ക്രമരഹിതമായി പെരുമാറുന്നുണ്ടായിരുന്നു. അതുകണ്ട് എസ്.ഐ. വിളിച്ച് അന്വേഷിച്ചു. അൽക്കോമീറ്റർ പരിശോധനയിൽ മദ്യപിച്ചതായി ബോദ്ധ്യപ്പെട്ട് അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ കൊണ്ടുവന്നു. ടിയാനോട് പേരും വിലാസവും ചോദിച്ചറിഞ്ഞു. ശശിധരൻ മകൻ സജിത്ത്, 23 വയസ് ആണെന്ന് ഉറപ്പുവരുത്തി ടിയാന് എതിരെ കേസ് രജിസ്റ്റർ ചെയ്തു. പ്രസ്തുത വിവരം ബന്ധുക്കളെ അറിയിക്കുകയും സ്റ്റേഷനിൽ എത്തിയവരുടെ ജാമ്യത്തിൽ അപ്പോൾത്തന്നെ വിട്ടയയ്ക്കുകയും ചെയ്തു. അന്ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് പുതുവൽ സി.എസ്.ഐ. ചർച്ചിന് സമീപം താമസിക്കുന്ന ശ്യാമ, ഭർത്താവ് സജിയുമൊത്ത് സ്റ്റേഷനിൽ വരികയും 13-10-2016-ന് രാത്രി 12.30-ന് സജിത്തും കൂട്ടാളികളായ ചന്തു, ജിത്തു, കണ്ടാലറിയാവുന്ന മറ്റൊരാളുമായി വീട്ടിൽ അതിക്രമിച്ച് കയറി അസഭ്യം വിളിക്കുകയും ഭീഷണിപ്പെടുത്തുകയും വീടിന് കേടുപാടുകൾ വരുത്തുകയും ചെയ്തുവെന്ന് കാണിച്ച് പരാതി നൽകി. ഈ പരാതിയെക്കുറിച്ച് അന്വേഷണം നടത്തി പരാതി സത്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം (14-10-2016) ശ്യാമയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ടി ആളുകൾക്കെതിരെ കഠിനംകുളം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷിച്ചുവരികയാണ്. അന്വേഷണത്തിൽ സജിത്ത് മേൽപ്പറഞ്ഞ കേസുകൾക്കുപുറമെ കഠിനംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 361/2014 കേസിലും പ്രതിയാണ്. ഈ സംഭവവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച രീതിയിൽ പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് ആറ്റിങ്ങൽ എ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ അന്വേഷണ റിപ്പോർട്ടിനെത്തുടർന്ന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യും.

## (5) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സ്ഥലം അനുവദിക്കൽ

<u>ശ്രീ. എം. രാജഗോപാലൻ</u> : സർ,

"അകത്തിരുട്ടകറ്റുവാൻ കൊളുത്തണം വിളക്കുകൾ

പുറത്തിരുട്ടകറ്റുവാൻ അക്ഷരം പഠിക്കണം" - ഡോ. എൻ. വി. കൃഷ്ണവാര്യരുടെ വരികളാണിത്. കേരളത്തിലെ ജനാധിപത്യ ജനകീയ ഗ്രന്ഥശാലാ

പ്രസ്ഥാനത്തിന്റെ ഏറ്റവും സംഘടിത രൂപമാണ് കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ. സംസ്ഥാന ലൈബ്രറി കൗൺസിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട ലൈബ്രറികളിൽ നാലരക്കോടി പുസ്തകങ്ങളും ആകെ 350 കോടി രൂപ വിലവരുന്ന പുസ്തക ശേഖരവുമുണ്ട്. സംസ്ഥാനം സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിൽ ഗ്രന്ഥശാലാ സംഘത്തിന്റെ സംഭാവന എല്ലാവർക്കും അറിയാവുന്നതാണ്. തിരുവനന്തപുരം പബ്ലിക് ലൈബ്രറിയോടുചേർന്ന് 1957-ൽ ഗവൺമെന്റ് അനുവദിച്ച 20 സെന്റ് സ്ഥലത്ത് സർക്കാർ നിർമ്മിച്ച് നൽകിയ ചെറിയ കെട്ടിടത്തിലാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ഹെഡ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. സംസ്ഥാനത്തെ എണ്ണായിരത്തോളം ഗ്രന്ഥശാലകളുടെ പൂർണ്ണ നിയന്ത്രണം, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, ജില്ലാ താലൂക്ക് ലൈബ്രറി കൗൺസിലുകളുടെ വിവിധ പദ്ധതികൾ തുടങ്ങി വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളും ചുമതലകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ചെറിയ ഓഫീസ് വളരെ അപര്യാപ്തമാണ്. ഇതിനെത്തുടർന്ന് ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ ആസ്ഥാനമന്ദിരത്തിന്റെ വികസനത്തിന് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഓഫീസ് പരിസരത്തോട് ചേർന്ന് കിടക്കുന്ന 20 സെന്റ് സ്ഥലം അനുവദിച്ച് നൽകാൻ അപേക്ഷിച്ചിരുന്നു. ആഡിറ്റോറിയം, കോൺഫറൻസ് ഹാൾ, ഓഫീസ് റൂം, ലൈബ്രറി ആന്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ഉൾപ്പെടുന്ന സുവർണ്ണ ജൂബിലി സ്മാരക കോംപ്ലക്സാണ് അന്ന് നിർമ്മാണ ലക്ഷ്യമിട്ടിരുന്നത്. അങ്ങനെ സർക്കാർ ഉത്തരവിലൂടെ ലൈബ്രറി കൗൺസിലിന് സ്ഥലം അനുവദിച്ച് നൽകുകയുണ്ടായി. ഓഫീസ് കോംപ്ലക്സ്, ലൈബ്രറി ആന്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശിലാസ്ഥാപനം അന്നത്തെ മുഖ്യമന്ത്രി സഖാവ് ഇ. കെ. നായനാർ 15-11-2000-ൽ നിർവ്വഹിക്കുകയുണ്ടായി. ഒരു മന്ദിര നിർമ്മാണ കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. 24-1-2001-ലെ ഉത്തരവ് വഴി സർക്കാർ ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. 14-3-2002-ൽ ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നൽകിയിട്ടുള്ള അനുമതി പൊടുന്നനെ റദ്ദ് ചെയ്യുകയുണ്ടായി. അത് കഴിഞ്ഞ ഗവൺമെന്റിന്റെ തത്വദീക്ഷയില്ലാത്തതും രാഷ്ട്രീയപ്രേരിതവുമായ ഒരു നടപടിയായിരുന്നു. അതിന്റെ ഫലമായി ഇന്ന് ലൈബ്രറി കൗൺസിലിന് സ്വന്തമായി കെട്ടിടമില്ല. ഭീമമായ വാടക കൊടുക്കേണ്ടിവരുന്നു. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് അനുവദിച്ച സ്ഥലം ഒരു തരത്തിലും തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ നിലവിലുള്ള സൗകര്യങ്ങളെയോ വികസന പദ്ധതികളെയോ പ്രതികൂലമായി ബാധിക്കുന്നതല്ല. ഈ രണ്ട് സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളുടെ

പ്രവർത്തനങ്ങളും വികസനവും കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ അനിവാര്യമാണ്. സർക്കാരിന്റെ പിന്തുണയില്ലാതെ ഈ രണ്ട് സ്ഥാപനങ്ങളുടെയും വികസന പദ്ധതികൾ സഫലീകരിക്കാൻ കഴിയില്ല. പൊതുസേവനത്തിന്റെ മേഖലയിലാണ് ഈ രണ്ട് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. വസ്തുതാപരമായി പരിശോധിച്ചാൽ പബ്ലിക് ലൈബ്രറീസ് ആക്ട് 8-ാം വകുപ്പ് പ്രകാരം തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കേണ്ട ചുമതലകൂടി സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുണ്ടെന്നാണ് മനസ്സിലാക്കുന്നത്. സമൂഹത്തിൽ വായനയുടെ വ്യാപനം ഉറപ്പുവരുത്താനായി കുട്ടികളുടെ ക്ലാസ് റൂം ലൈബ്രറി, കുട്ടിക്കൊരു പുസ്തകം പദ്ധതി, വിവര സാങ്കേതിക വിദ്യയിൽ നവമാധ്യമം എന്നിവയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കൊണ്ടുള്ള സമ്പൂർണ്ണ വായനാ പ്രസ്ഥാനത്തിനൊക്കെ തുടക്കംകുറിക്കാൻ തീരുമാനിച്ചിട്ടുള്ള ഈ എൽ.ഡി.എഫ്. ഗവൺമെന്റ് യു.ഡി.എഫ്. സർക്കാരിന്റെ മുൻ ഉത്തരവ് റദ്ദാക്കുകയും പുനഃപരിശോധന നടത്തി സ്ഥലം ലൈബ്രറി കൗൺസിലിന് ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകാനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

11 .00AM ]

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ വില്ലേജിൽ സർവ്വേനമ്പർ 3038-ൽപ്പെട്ട 20 സെന്റ് സർക്കാർ പുറമ്പോക്ക് സ്ഥലത്ത് ഓഫീസ് കോംപ്ലക്സും ഇ.എം.എസ്. മെമ്മോറിയൽ ലൈബ്രറി ആന്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കുന്നതിന് 8-8-2000-ലെ സർക്കാർ ഉത്തരവ് 250/2000/റവന്യൂ പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് അനുമതി നൽകിയിരുന്നു. തിരുവനന്തപുരം പബ്ലിക് ലൈബ്രറി സംരക്ഷണ സമിതിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി തേടാതെയാണ് 8-8-2000-ലെ ഉത്തരവ് പുറപ്പെടുവിച്ചത് എന്നതിനാൽ സ്ഥലം നൽകിയ നടപടി അസ്ഥിരപ്പെടുത്തുന്നതിന് 23-1-2002-ലെ മന്ത്രിസഭായോഗം തീരുമാനിക്കുകയും 14-3-2002-ലെ സർക്കാർ ഉത്തരവ് 40/2002/റവന്യൂ പ്രകാരം സ്ഥലം അനുവദിച്ച നടപടി റദ്ദ് ചെയ്തിരിക്കുകയുമാണ്. ബഹുമാന്യനായ എം.എൽ.എ. അദ്ദേഹത്തിന്റെ സബ്മിഷനിലൂടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2002-ൽ അത് റദ്ദ് ചെയ്ത

കാര്യമാണ് ചൂണ്ടിക്കാണിച്ചത്. ഓഫീസ് കോംപ്ലക്സും ലൈബ്രറി ആന്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലൈബ്രറി കൗൺസിലിന് കൈമാറുന്നതു സംബന്ധിച്ച ശിപാർശ ഭരണവകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് നിയമപ്രകാരം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. സ്ഥലം കൈമാറുന്ന വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇതുവരെ തീരുമാനമെടുത്ത് ഫയൽ അയച്ചിട്ടില്ല.

## (6) ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ

ശ്രീ. ആർ. രാമചന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലെ കരുനാഗപ്പള്ളി ട്രാൻസ്പോർട്ട് ഡിപ്പോയെ സംബന്ധിച്ചുള്ള പ്രശ്നങ്ങളാണ് ഈ സബ്മിഷനിൽ ഉന്നയിക്കാനുള്ളത്. ഇന്ന് വളരെ പരിതാപകരമായ ഒരവസ്ഥയിലാണ് കരുനാഗപ്പള്ളി ഡിപ്പോ പ്രവർത്തിക്കുന്നത്. ബസ്സുകളുടെ കുറവ് വളരെയധികം ബുദ്ധിമുട്ടുകളുണ്ടാക്കുന്നു. പ്രതിദിനം 6 ലക്ഷം രൂപയിലധികം വരുമാനമുള്ള ഈ ഡിപ്പോയിൽ നിലവിൽ 3 സൂപ്പർ ഫാസ്റ്റുകളും 14 ഫാസ്റ്റ് പാസഞ്ചറും ഉൾപ്പെടെ 95 ഷെഡ്യൂളുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും സർവ്വീസ് നടത്താൻ യോഗ്യമായ ബസ്സുകൾ 70 എണ്ണം മാത്രമാണുള്ളത്. 25 ഷെഡ്യൂളുകളാണ് പ്രതിദിനം വെട്ടിക്കുറയ്ക്കുന്നത്. ഇതിൽ 18 ബസ്സുകൾ 10 വർഷത്തിലധികം പഴക്കമുള്ളവയാണ്. അവിടെ 7 ഹൈടെക് ബസ്സുകൾ ഓർഡിനറി ബസ്സുകളാക്കി പ്രവർത്തിക്കുന്നുണ്ട്. ഈ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് ഏറ്റവും വലിയ ബാധ്യതയായി മാറിക്കൊണ്ടിരിക്കുകയാണ്. ഇവയുടെ ഡീസൽ ചെലവും മെയിന്റനൻസും വളരെ കൂടുതലാണ്. മാത്രമല്ല, ഓർഡിനറി ബസ്സുകൾക്ക് യോജിക്കാത്ത തരത്തിലുള്ള വലിപ്പവും മറ്റും കൊണ്ട് ഈ ബസ്സുകൾ റോഡിലിറക്കുന്നതിന് ജീവനക്കാർ മടിക്കുന്ന സാഹചര്യവുമുണ്ട്. 75-ലധികം ബൈറൂട്ടുകൾ ഓടിക്കുന്ന ഈ ഡിപ്പോയിൽ പ്രതിദിനം ജനങ്ങൾക്ക് ഏറ്റവും അത്യന്താപേക്ഷിതമായ പല ബൈറൂട്ടുകളും ക്യാൻസൽ ചെയ്യുന്ന സാഹചര്യമാണുള്ളത്. കരുനാഗപ്പള്ളിയിൽ നിന്ന് ചെറിയഴീക്കൽ-ആലുംപടി-ഓച്ചിറ വഴി കായംകുളത്തിനുണ്ടായിരുന്ന ചെയിൻ സർവ്വീസുകൾ റോഡിന്റെ അറ്റകുറ്റപ്പണികൾ നടക്കുന്നുവെന്നുള്ള കാരണത്താൽ വെട്ടിക്കുറച്ചിരിക്കുകയാണ്. കൊട്ടാരക്കരയിലേയ്ക്കുള്ള ചെയിൻ സർവ്വീസ് ബസ്സുകൾ ബസ്സ് ക്ഷാമംമൂലം ഓടുന്നില്ല. 3 സൂപ്പർ ഫാസ്റ്റ് റൂട്ടുകളുള്ളതിൽ രണ്ടെണ്ണവും 14 ഫാസ്റ്റ് പാസഞ്ചർ ബസ്സ് സർവ്വീസുകളുള്ളതിൽ ഒൻപതെണ്ണവും മാത്രമാണ് സർവ്വീസ് നടത്തുന്നത്. സർവ്വീസുകളുടെ കുറവ് കോർപ്പറേഷന്റെ വരുമാനത്തിൽ അതിഭീമമായ കുറവാണ് വരുത്തിയിട്ടുള്ളത്. പ്രതിദിനം 10 ലക്ഷം

രൂപ വരുമാനം ലഭിക്കാവുന്ന സ്ഥാനത്താണ് 6 ലക്ഷം രൂപ ലഭിക്കുന്നത് എന്നുള്ളത് വളരെ ഗൗരവതരമായ വിഷയമാണ്. ബസ്സ് ഗാരേജിന്റെ അവസ്ഥ വളരെ ശോചനീയമാണ്. ഇതിന്റെ പ്രധാന ഭിത്തി തകർന്ന് ഗാരേജ് ഷെഡ്ഡ് താഴെവീഴുന്ന അവസ്ഥയിലാണ്. ഇവിടെയുള്ള വർക്ക്ഷോപ്പ് ജീവനക്കാർ വളരെ ഭയപ്പാടോടെയാണ് ജോലി ചെയ്യുന്നത്. ഗാരേജിന്റെ പരിസരഭാഗങ്ങൾ ടാർ ചെയ്തിട്ട് 8 വർഷത്തിലധികമായി. കെ.യു.ആർ.ടി.സി.യ്ക്ക് അഞ്ച് നോൺ എ.സി. ബസ്സുകൾ അനുവദിച്ചതിൽ മൂന്നെണ്ണം മാത്രമേ ഡിപ്പോയിൽ എത്തിയിട്ടുള്ളൂ. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അവഗണന നേരിടുന്ന കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനങ്ങളും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനായി അടിയന്തര ശ്രദ്ധ ഉണ്ടാകേണ്ടതായിട്ടുണ്ട്. അതുപോലെ തന്നെ വൃശ്ചികോത്സവം പ്രമാണിച്ച് ഓച്ചിറ ക്ഷേത്രത്തിലേയ്ക്ക് പുതിയ സർവ്വീസുകൾ നടത്തേണ്ടതായിട്ടുണ്ട്. ശബരിമല സീസണിൽ കരുനാഗപ്പള്ളിയിൽ നിന്ന് പമ്പയ്ക്ക് ബസ്സ് സർവ്വീസ് ഓപ്പറേറ്റ് ചെയ്യേണ്ടതുണ്ട്. ഡിപ്പോയിൽ നിന്ന് പമ്പയിലേയ്ക്ക് ബസ്സുകൾ പിൻവലിക്കുന്ന ഒരു സ്ഥിതിയും അവിടെ നിലനില്ക്കുന്നുണ്ട്. ഡിപ്പോയ്ക്ക് ചുറ്റുമതിലില്ല. വാണിജ്യപ്രാധാന്യമുള്ള ഒരു സ്ഥാനത്താണ് ഈ ഡിപ്പോ നിൽക്കുന്നത്. ആ സ്ഥലം പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താനുള്ള സാധ്യതകളെ സംബന്ധിച്ചും ആരായേണ്ടതായിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട കരുനാഗപ്പള്ളി എം.എൽ.എ. അവിടത്തെ ഡിപ്പോയിലെ പ്രശ്നങ്ങളാണ് ഇവിടെ ഉന്നയിച്ചത്. നേരത്തെ 95 സർവ്വീസുകളാണ് ഉണ്ടായിരുന്നത്. 5 വർഷത്തിനിടയിൽ ഒരിക്കൽപ്പോലും ഓടാത്ത 7 സർവ്വീസുകൾ പിൻവലിച്ചിട്ടുണ്ട്. എല്ലാ സ്ഥലത്തും ഒരു ദിവസവും രണ്ട് ദിവസവും ഓടിയ സർവ്വീസുകൾ ക്രമീകരിച്ചു. അതിന്റെ ഫലമായി ഇപ്പോൾ 88 സർവ്വീസുകളാണ് അവിടെയുള്ളത്. അത് നടത്താൻ പര്യാപ്തമായ ബസ്സുകളില്ലായെന്ന അങ്ങയുടെ നിരീക്ഷണം ശരിയാണ്. 11 ബസ്സുകൾ ഇപ്പോൾ വർക്ക്ഷോപ്പിലാണ്. ആ 11 ബസ്സുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി പെട്ടെന്നുതന്നെ സർവ്വീസ് നടത്താനുള്ള സാഹചര്യം സൃഷ്ടിക്കും. നവംബർ മാസം 1-ാം തീയതിക്ക് മുൻപ് ഇതിൽ 5 സർവ്വീസുകളെങ്കിലും തുടങ്ങാൻ കഴിയുമെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള റിപ്പോർട്ട്. ശബരിമല സീസണുമായി ബന്ധപ്പെട്ട് എല്ലാ ഡിപ്പോകളിൽനിന്നും ബസ്സുകൾ പിൻവലിച്ചാണ് ശബരിമല സർവ്വീസുകൾ എല്ലാ വർഷവും നടത്താറുള്ളത്. അങ്ങനെ പിൻവലിക്കുന്ന ബസ്സുകൾ പിൽക്കാലത്ത് ശബരിമല സീസൺ കഴിഞ്ഞാൽ അതാത് ഡിപ്പോകൾക്ക്

തിരിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. അതുപോലെതന്നെ മറ്റൊരു പ്രശ്നം, ഫാസ്റ്റും സൂപ്പർ ഫാസ്റ്റുമായി ഓടിയ ബസ്സുകൾ കൺവെർട്ട് ചെയ്താണ് ഓർഡിനറി ബസ്സുകളാക്കുന്നത്. കൂടുതൽ പ്രായം കൂടിയ ബസ്സുകൾ താഴോട്ടുകൊണ്ടുവരികയും പുതിയ ബസ്സുകൾ സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്സ് തുടങ്ങിയ സർവ്വീസുകളാക്കി മാറ്റുകയും ചെയ്യുന്ന ഒരു സംവിധാനമാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിലുള്ളത്. ഡ്രൈവർമാർക്ക് എപ്പോഴും പുത്തൻ ബസ്സുകൾ തന്നെ വേണം എന്ന് തോന്നും. എന്നാൽ ആ തോന്നലുകളെയൊക്കെ നമുക്ക് തൃപ്തിപ്പെടുത്താൻ കഴിയില്ല. ഇത് കെ.എസ്.ആർ.ടി.സി.-യുടെ ഒരു സംവിധാനമാണ്. പുതിയ ബസ്സുകൾ വരുമ്പോൾ സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്സ് തുടങ്ങിയവയ്ക്ക് കൊടുക്കുകയും പഴയ ബസ്സുകൾ കൺവെർട്ട് ചെയ്ത് ഓർഡിനറി, ഓർഡനറി ലിമിറ്റഡ് സ്റ്റോപ്പ് എന്നീ ബസ്സുകളാക്കുന്ന സംവിധാനവുമാണുള്ളത്. ഏതായാലും കരുനാഗപ്പള്ളിയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് അവിടെ കൂടുതൽ പരിഷ്കാര നടപടികൾ എന്തൊക്കെയാണ് ചെയ്യാൻ കഴിയുക എന്ന കാര്യം സർക്കാർ ഗൗരവത്തിൽ പരിശോധിക്കുന്നതാണ്.

## (7) പെർമിറ്റില്ലാതെയുള്ള ടാക്സി സർവ്വീസ്

ഡോ. എൻ. ജയരാജ്: സർ, സംസ്ഥാനത്ത് ടാക്സി സർവ്വീസ് നടത്തുന്ന വലിയൊരു വിഭാഗം തൊഴിലാളികൾക്കും തൊഴിൽ സംരംഭകർക്കും സർക്കാരിനും ഭീഷണി ഉയർത്തുന്ന ഒന്നാണ് അനധികൃത ടാക്സികൾ. മോട്ടോർ വാഹന നിയമപ്രകാരം അർഹതപ്പെട്ട ലൈസൻസ്, ബാഡ്ജ് എന്നിവ നേടി അതാത് വാഹനങ്ങൾക്ക് ഉയർന്ന നിരക്കിലുള്ള റോഡ് നികുതിയും ഇൻഷ്വറൻസും അതോടൊപ്പംതന്നെ തൊഴിലാളികളുടെ സുരക്ഷയ്ക്കായി ക്ഷേമനിധിവിഹിതവും അടച്ച് ചട്ടപ്രകാരവും നിയമപ്രകാരവുമാണ് ടാക്സി സർവ്വീസുകൾ നമ്മുടെ സംസ്ഥാനത്ത് നടത്താനുള്ള പെർമിറ്റ് നേടുന്നത്. കൂടാതെ ഇത്തരം വാഹനങ്ങൾ നിരത്തിലിറക്കുവാനും സർവ്വീസ് നടത്തുവാനുംവേണ്ടി കൃത്യമായ ഇടവേളകളിൽ ഫിറ്റ്നെസ് പരിശോധനയ്ക്കും ഇവർ വിധേയമാണ്. എന്നാൽ പ്രൈവറ്റ് വാഹനങ്ങളായി രജിസ്റ്റർ ചെയ്യുകയും മുകളിൽ പറഞ്ഞ യാതൊരു പരിശോധനയ്ക്ക് വിധേയമാകാതെയും സ്വകാര്യ വാഹനങ്ങളുടെ നികുതി അടയ്ക്കുകയും മാത്രം ചെയ്തുകൊണ്ട് എസ്.യു.വി. വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങളുൾപ്പെടെ ഒട്ടേറെ വാഹനങ്ങൾ സംസ്ഥാനത്ത് ടാക്സികളായി സർവ്വീസ് നടത്തുന്നുവെന്നത് വ്യാപകമായ പരാതിക്ക് ഇടയാക്കിയിട്ടുണ്ട്. ഇത്തരം സർവ്വീസുകൾ സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനത്തിലുണ്ടാക്കുന്ന കുറവ് ചെറുതൊന്നുമല്ല.

റോഡ് ടാക്സ് ഏതാണ്ട് 8 സീറ്റിനുമുകളിലുള്ള വാഹനങ്ങൾക്ക് മൂന്നുമാസത്തേയ്ക്ക് ഒരു പാസഞ്ചറിന് 310 രൂപയും ഡ്രൈവർമാരുടെ ക്ഷേമനിധിയുൾപ്പെടെ ഏതാണ്ട് 150 രൂപയും വർഷംതോറുമുള്ള ഫിറ്റ്നെസ് പരിശോധനയുൾപ്പെടെയുള്ള സർവ്വ പണികളും തീർക്കുമ്പോൾ ഏതാണ്ട് 50,000 രൂപയോളം ടാക്സി സർവ്വീസ് നടത്തുന്ന ഒരാളിന് ശരാശരി ചെലവ് വരുന്നുണ്ട്. കൂടാതെ ഇൻഷ്വറൻസ് ചെലവും വരുന്നുണ്ട്. 1500 സി.സി.വരെയുള്ള ടാക്സിവാഹനങ്ങൾക്ക് 5 സീറ്റുകളുള്ളതിന് 14,603 രൂപയും 1500-ന് മുകളിൽ 8 സീറ്റുകൾക്ക് 18,521 രൂപയുമാണ് പ്രതിവർഷം അടയ്ക്കേണ്ടത്. അതുമാത്രമല്ല, സഞ്ചരിക്കുന്ന വാഹനങ്ങളിലെ ഓരോ യാത്രികനും ഇൻഷ്വറൻസ് പരിരക്ഷ കിട്ടണമെങ്കിൽ അത് ടാക്സി വാഹനങ്ങൾക്കു മാത്രമേയുള്ളൂ. പ്രൈവറ്റ് വാഹനങ്ങളെ സംബന്ധിച്ച് ഇൻഷ്വറൻസ് പരിരക്ഷ ഡ്രൈവർക്കും ഉടമസ്ഥനും മാത്രമാണ് ലഭിക്കുന്നത്. മാത്രമല്ല, അപകടങ്ങളിൽ മറ്റു വാഹനങ്ങൾ പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത വാഹനത്തിന്റെ തേർഡ് പാർട്ടി ഇൻഷ്വറൻസ് പരിരക്ഷ മാത്രമാണ് ഒന്നാം വാഹനത്തിന്റെ യാത്രക്കാർക്ക് ലഭിക്കുന്നത്. യഥാർത്ഥത്തിൽ പ്രൈവറ്റ് വാഹനങ്ങൾ തനിയെ മറിഞ്ഞുണ്ടാകുന്ന അപകടങ്ങളിൽ ഇൻഷ്വറൻസ് പരിരക്ഷ ഡ്രൈവർക്കും ഉടമസ്ഥനും മാത്രമാണ് ലഭിക്കുന്നത്. പൊതുജനങ്ങൾക്ക് ഈ നിയമങ്ങളൊന്നും അറിയില്ല എന്നതാണ് യാഥാർത്ഥ്യം. ചുരുക്കത്തിൽ വലിയ തുക മുടക്കിയാണ് ഈ മേഖലയിൽ ടാക്സി സേവനം നടത്തുന്ന ഒട്ടനവധി ആളുകൾ പ്രവർത്തിക്കുന്നത്. അവരുടെ ജീവിത മാർഗ്ഗം കൂടിയാണിത്. ഒരു വലിയ വ്യവസായമാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പാക്കുന്നത്. അതുകൊണ്ട് പ്രൈവറ്റ് വാഹനങ്ങളായി രജിസ്റ്റർ ചെയ്ത് ടാക്സി സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ ഉചിതമായ ശിക്ഷാനടപടികൾ കൈക്കൊണ്ട്, ഈ വ്യവസായത്തെ രക്ഷിക്കുകയും അതോടൊപ്പംതന്നെ സംസ്ഥാനത്തിന് ലഭിക്കേണ്ടതായ വരുമാനം നഷ്ടമാകാതെ സംരക്ഷിക്കുവാനുള്ള നടപടി ബഹുമാനപ്പെട്ട ഗതാഗത വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അംഗീകൃത വാഹനങ്ങൾക്കുപകരം സ്വകാര്യ വാഹനങ്ങൾ നിയമം ലംഘിച്ച് സർവ്വീസ് നടത്തുന്നതുമൂലം അംഗീകൃത വാഹനങ്ങളുടെ വരുമാനത്തെ തടസ്സപ്പെടുത്തുന്നു വെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഡോ. എൻ. ജയരാജ് പ്രധാനമായും ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹം പറഞ്ഞ ഒരു കാര്യം എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. നിയമാനുസൃത പെർമിറ്റുകൾ എടുക്കാത്ത വാഹനങ്ങൾ ഉപയോഗിക്കുന്നവർക്ക്

സംഭവിക്കാനിടയുള്ള കാര്യങ്ങളെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. എന്തുകൊണ്ടോ നമ്മുടെ പൗര സമൂഹം ഇത്തരം വാഹനങ്ങളെ വല്ലാതെ ആശ്രയിക്കുന്നു. ഈ പ്രവണത അവസാനിപ്പിക്കേണ്ടത് അവരുടെ തന്നെ രക്ഷയ്ക്ക് ആവശ്യമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അനധികൃത സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന അങ്ങയുടെ നിർദ്ദേശം വളരെ ശരിയാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ നാല് മാസത്തിനിടയിൽമാത്രം നടത്തിയ പരിശോധനയിൽ 420 വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ നടപടികൾ ശക്തിപ്പെടുത്തുന്നതോടൊപ്പം വ്യാപകമായ പരിശോധനയും നടത്തണം. അങ്ങനെ പരിശോധനകൾ ഊർജ്ജിതപ്പെടുത്തി പെർമിറ്റില്ലാത്ത വാഹനങ്ങൾ പിടിച്ചെടുക്കുകയെന്ന നിലപാടും പിഴ ഈടാക്കാനുള്ള നടപടികളുമാണ് സർക്കാർ ഇപ്പോൾ ആസൂത്രണം ചെയ്തിട്ടുള്ളത്. അനധികൃത ടാക്സി സർവ്വീസിനെതിരെ കർശന നടപടികളെടുത്ത് നിയമാനുസൃത സർവ്വീസ് നടത്തുന്ന ഈ വ്യവസായത്തെ സംരക്ഷിക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അറിയിക്കട്ടെ.

### (8) ജങ്കാർ സർവ്വീസ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തൃശ്ശൂർ-എറണാകുളം ജില്ലകളെ ബന്ധിപ്പിക്കുന്നതും തീരപ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട ഗതാഗത മാർഗ്ഗവുമാണ് അഴീക്കോട് ജങ്കാർ സർവ്വീസ്. സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിലുള്ള ഈ ജങ്കാർ സർവ്വീസുകൾ എല്ലാ വർഷവും വലിയ സംഖ്യ ചെലവഴിച്ച് അറ്റകുറ്റപ്പണി നടത്തിയാണ് മുന്നോട്ടുപോകുന്നത്. ഇപ്പോൾ ഈ ജങ്കാറിന്റെ പ്രവർത്തനത്തിന് ചില തടസ്സങ്ങൾ നേരിടുകയാണ്. സർവ്വീസ് നടത്തുന്ന പാതയിൽ ചെളിയും മണ്ണുംമൂലം രൂപംകൊണ്ട മണൽതിട്ടയിൽ ഇടിച്ച് നിത്യേന സർവ്വീസ് നിർത്തേണ്ട സാഹചര്യം നിലനിൽക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെയും വിദ്യാർത്ഥികളുടെയും മറ്റുള്ളവരുടെയും യാത്രയും ചരക്കുനീക്കവും ഇപ്പോൾ വലിയ അപകട ഭീഷണി നേരിടുകയാണ്. പാലമാണ് ശാശ്വത പരിഹാരമെന്ന് എല്ലാവർക്കും അറിയാം. എന്നാൽ അതിന് നിരവധി കടമ്പകൾ പൂർത്തീകരിക്കേണ്ടതുണ്ട്. അതുകൊണ്ട് മത്സ്യബന്ധനം, തുറമുഖസംരക്ഷണം, യാത്രാപ്രശ്നം എന്നിവ പരിഹരിക്കാൻ എത്രയുംവേഗം അഴീക്കോട്, മുനമ്പം ഭാഗത്തെ മണൽതിട്ട നീക്കുന്നതിന് സർക്കാർ നടപടിയെടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച പ്രശ്നം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിലെ അഴീക്കോട് നിന്നും എറണാകുളം ജില്ലയിലെ മുനമ്പത്തേയ്ക്ക് തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നടത്തിവന്നിരുന്ന ജങ്കാർ സർവ്വീസ് ചാനലിൽ മണൽ വന്നടിഞ്ഞതുമൂലം നിലവിൽ സർവ്വീസ് നടത്താൻ പറ്റാത്ത സാഹചര്യമാണെന്ന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തുറമുഖ ഡയറക്ടറെ അറിയിച്ചിരുന്നതാണ്. ഇവിടെ പറഞ്ഞതുപോലെ വിദ്യാർത്ഥികൾ, തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെയെല്ലാം യാത്രയും ചരക്കു ഗതാഗതവും സ്തംഭിച്ചിരിക്കുകയാണ്. 15 മിനിറ്റ് ഇടവേളകളിൽ ജങ്കാർ സർവ്വീസ് നടത്തുന്നതിനാൽ മാന്വൽ ഡ്രഡ്ജിംഗ് മുഖാന്തിരം മണൽതിട്ട മാറ്റുന്നത് സാധ്യമല്ലായെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ ഡ്രഡ്ജിംഗിലൂടെ തടസ്സം നീക്കുന്നതിന് കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകുകയുണ്ടായി. കൊടുങ്ങല്ലൂർ തുറമുഖത്തെ മെക്കാനിക്കൽ ഡ്രഡ്ജിംഗ് പ്രവൃത്തിയോടനുബന്ധമായി ഈ പ്രവൃത്തിയും ചെയ്യാനാണ് നിർദ്ദേശം നൽകിയത്. എന്നാൽ കൊടുങ്ങല്ലൂർ തുറമുഖത്തെ മെക്കാനിക്കൽ ഡ്രഡ്ജിംഗിനായി വിളിച്ച ടെണ്ടറിൽ പങ്കെടുത്ത ഒരു സ്ഥാപനം ദർഘാസ് സംബന്ധമായി ഒടുക്കേണ്ടുന്ന തുക ഒടുക്കിയെങ്കിലും ടെണ്ടർ വെബ്സൈറ്റിൽ ആയത് രജിസ്റ്റർ ചെയ്യപ്പെടാത്തതുകാരണം അയോഗ്യരാക്കപ്പെടുകയുണ്ടായി. ഇക്കാരണത്താൽ പ്രസ്തുത സ്ഥാപനം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവനുസരിച്ച് ഈ സ്ഥാപനത്തെയും പരിഗണിക്കേണ്ടതായി വന്നു. എന്നാൽ വെബ് അധിഷ്ഠിത മാർഗ്ഗങ്ങളിലൂടെ ടെണ്ടർ നടത്തിയതിനാൽ ഇതിനുള്ള സൗകര്യം ലഭ്യമല്ലായെന്ന് കേരള സംസ്ഥാന ഐ. ടി. മിഷൻ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ പുതിയ ടെണ്ടർ വിളിക്കുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് ലഭ്യമാക്കി ഡ്രഡ്ജിംഗിനും അതുവഴി ജങ്കാർ ചാനലിലെ മണൽതിട്ട നീക്കം ചെയ്യാനും വേണ്ട നടപടികൾ തുറമുഖ വകുപ്പ് സ്വീകരിക്കുമെന്ന് സഭയെ അറിയിക്കുന്നു.

## (9) പുറപ്പള്ളിക്കാവ് റഗുലേറ്റർ- കം- ബ്രിഡ്ജ്

മി. സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, എറണാകുളം ജില്ലയിലെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള മുഴുവൻ എം.എൽ.എ.മാരും വളരെ താൽപ്പര്യമെടുക്കുന്ന ഒരു വിഷയമാണ് ബഹുമാന്യനായ പൊതുമരാമത്തു വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നത്. കൊച്ചി നഗരത്തിലും എറണാകുളം ജില്ലയിലെ ഭൂരിപക്ഷം പ്രദേശങ്ങളിലും കുടിവെള്ളത്തിനും ജലസേചനത്തിനും ആശ്രയിക്കുന്നത് പെരിയാറിന്റെ രണ്ട് കൈവഴികളാണ്. ആലുവ വാട്ടർ വർക്സിലും ചൊവ്വര വാട്ടർ വർക്സിലും കുപ്പത്തടം പമ്പിംഗ് സ്റ്റേഷനിലുമൊക്കെ ഉപ്പുവെള്ളം കയറാതിരിക്കുന്നതിന് പുറപ്പള്ളിക്കാവിലും ഉദ്യോഗമണ്ഡലിലെ പാതാളത്തും രണ്ട് ബണ്ട് കെട്ടുന്ന രീതിയാണ് ഇതിനുമുമ്പ് ഉണ്ടായിരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാതാളത്തുള്ള ബണ്ടിനുപകരം റഗുലേറ്റർ-കം-ബ്രിഡ്ജ് പൂർത്തിയായി, അത് കമ്മീഷൻ ചെയ്തിട്ടില്ല. പുറപ്പള്ളിക്കാവിൽ നബാർഡിന്റെ 68 കോടി രൂപയും പൊതുമരാമത്ത് വകുപ്പിന്റെ 32 കോടി രൂപയും ചേർത്ത് ജോയിന്റ് വെൻച്വറായി ഒരു റെഗുലേറ്റർ കം-ബ്രിഡ്ജിന്റെ പണി ആരംഭിച്ചു. നബാർഡിന്റെ പൈസ കിട്ടി. പൊതുമരാമത്ത് വകുപ്പ് എമൗണ്ട് കൊടുക്കാത്തതുകാരണം കരാറുകാർ ആ പണി നിർത്തിവച്ചിരിക്കുകയാണ്. ഈ പരിതസ്ഥിതിയിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് പ്രശ്നം പരിഹരിച്ചു തരണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൊച്ചി നഗരത്തിന്റെ മുഴുവൻ കുടിവെള്ള പ്രശ്നവും, കൊച്ചിയിലെ ഹൈടെക് വ്യവസായങ്ങൾക്കും കുടുംബങ്ങൾക്കും ഫ്ലാറ്റുകൾക്കും കർഷകർ ജലസേചനത്തിനുമൊക്കെ ഉപയോഗിക്കുന്ന വെള്ളത്തിന്റെ 80 ശതമാനവും പെരിയാറിലെ ശുദ്ധജലത്തിൽ നിന്നാണ്. അത് ശുദ്ധജലമായി തന്നെ നിലനിർത്തുന്നതിന് അങ്ങ് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പുറപ്പള്ളിക്കാവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം നബാർഡിന്റെ സഹായത്തോടെ ഇറിഗേഷൻ വകുപ്പാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തിക്കായി 100 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിക്ക് 24-4-2014-ന് ജലസേചന വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്. അതിനുമുമ്പ് ബഹുമാനപ്പെട്ട

എസ്. ശർമ്മ മന്ത്രിയായിരുന്നപ്പോൾ 44 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. അദ്ദേഹത്തിന്റെ മണ്ഡലമായിരുന്നു അത്. പുതിയ ഗവൺമെന്റ് വന്നപ്പോൾ എസ്റ്റിമേറ്റ് പുതുക്കി 100 കോടി രൂപയായി മാറ്റുകയാണുണ്ടായത്. ഈ 100 കോടി രൂപയിൽ 68 കോടി രൂപമാത്രമേ നബാർഡിന്റേതായി അനുവദിക്കപ്പെട്ടിട്ടുള്ളു. ബാക്കി 32 കോടി രൂപ ഇറിഗേഷൻ വകുപ്പാണ് കൈകാര്യം ചെയ്യേണ്ടതെങ്കിലും അന്നത്തെ ഇറിഗേഷൻ വകുപ്പുമന്ത്രിയും ഇപ്പോൾ സബ്മിഷൻ ഉന്നയിച്ച അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയും ചേർന്ന് ഒരു കോൺഫറൻസിൽ വച്ച് ഇത് പൊതുമരാമത്ത് വകുപ്പ് വഹിക്കുമെന്ന് തീരുമാനിക്കുകയാണുണ്ടായത്. അതിന്റെ ഉത്തരവും ഇറക്കിയിരുന്നു. അതിൽ പറഞ്ഞിരിക്കുന്നത്, The construction of two line road - 6.75 m. width above Purappallikavu regulator-cum-bridge..... ബ്രിഡ്ജല്ല റോഡ് നിർമ്മിക്കാനാണ് ആ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. ഈ പ്രവൃത്തികൾക്ക് 32 കോടി രൂപയുടെ ഭരണാനുമതി അന്നത്തെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി നൽകുകയുണ്ടായി. രണ്ടുവരി റോഡ് നിർമ്മാണത്തിന് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി പൂർത്തീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും 32 കോടി രൂപ അനുവദിക്കണമെന്ന് അക്കാലത്തൊന്നും ആവശ്യപ്പെട്ടില്ല. ഇപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതായത് രണ്ടുവർഷത്തിനുശേഷമാണ് ജലസേചന വകുപ്പിലെ അധികാരികൾ പണം അനുവദിക്കാൻ പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയത്. ഇത് വളരെ അതിശയകരമായ സംഭവമാണ്. സഭയിലുള്ള മുഴുവൻ അംഗങ്ങളും ഇത് കേൾക്കണം. ഇങ്ങനെയാണെങ്കിൽ നമുക്ക് എങ്ങനെ ഭരിക്കാൻ കഴിയും. ഇതിന് നയാപൈസ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റിൽ ഇല്ലായിരുന്നു. ആകെ 127 കോടി രൂപയാണ് വച്ചിട്ടുള്ളത്. അദ്ദേഹം തന്നെ തയ്യാറാക്കിയ ബഡ്ജറ്റാണിത്,. പുതുക്കിയ ബഡ്ജറ്റിലും മാറ്റമൊന്നും വരുത്തിയിട്ടില്ല. ഞാൻ യാതൊരു വിമർശനങ്ങളും അദ്ദേഹത്തെക്കുറിച്ച് ഇതുവരെ പറഞ്ഞിട്ടില്ല. ഇതും ഒരു വിമർശനമായി പറയുകയല്ല, അതെല്ലാം അറിയാവുന്ന അദ്ദേഹം സബ്മിഷന്റെ ആദ്യത്തെ വരിയായി പറയുന്നത് പി.ഡബ്ല്യു.ഡിയുടെ കുറ്റകരമായ അനാസ്ഥ കാരണമെന്നാണ്. പ്രതിപക്ഷ - ഭരണപക്ഷ വ്യത്യാസമില്ലാതെ ഇതൊക്കെ സഭ അറിയണം. അദ്ദേഹം വായിച്ചുനോക്കിയിട്ടാണല്ലോ തന്നത്. കുറ്റകരമായ അനാസ്ഥയാണെങ്കിൽ........... 24-4-2014-ൽ പി.ഡബ്ല്യു.ഡി. സെക്രട്ടറിയായ സൂരജ് ഈ ഉത്തരവ് ഇറക്കിയശേഷം രണ്ടുവർഷം അങ്ങയുടെ കൈവശമായിരുന്നു

ഈ വകുപ്പ്. ആ സമയത്ത് പണി പൂർത്തിയാക്കാമായിരുന്നു. ഇതിനായി അങ്ങ് പത്തുപൈസ മാറ്റിവച്ചില്ല. ഇതെങ്ങനെയാണ് പി.ഡബ്ല്യൂ.ഡി.ക്ക് പണിയാൻ കഴിയുക. റെഗുലേറ്റർ-കം-ബ്രിഡ്ജ് പണിയേണ്ടത് ഇറിഗേഷൻ വകുപ്പാണ്. നബാർഡ് അവർക്കല്ലേ പണം കൊടുത്തത്. ബാക്കിയുള്ള 32 കോടിയിൽ 16 കോടി രൂപ ഇറിഗേഷൻ വകുപ്പ് എടുക്കുകയാണ്. 16 കോടി രൂപയിൽ ഒറ്റപൈസ പോലും ഇറിഗേഷൻ വകുപ്പിന് ചെലവില്ല. ഇപ്പോഴത്തെ ഇറിഗേഷൻ വകുപ്പല്ല. പൊതുഖജനാവിൽ നിന്നും പണം എങ്ങനെ ചെലവഴിക്കുന്നുവെന്നതിന് യാതൊരു ഉത്തരവാദിത്തവുമില്ല. ഇത് ചെയ്തത് ശരിയല്ല. ഇത് പണിയേണ്ടതാണെന്നുള്ളതിന് അഭിപ്രായവ്യത്യാസമില്ല. 32 കോടി രൂപയുടെ അഡീഷണൽ ഫണ്ട് നൽകണം. ഇപ്പോൾ 127 കോടി രൂപ തന്നു. പുതിയ എം.എൽ.എ.-മാർക്ക് 75,000 രൂപ വച്ച് കൊടുക്കണ്ടേ. 127 കോടി രൂപയല്ലേ ആകെയുള്ളൂ, വേണമെങ്കിൽ ഞാൻ അത് കൊടുക്കാം. ഇതുപോലെ കഴിഞ്ഞ ഗവൺമെന്റ് 6,000 കോടി രൂപയുടെ വർക്കിന് പത്തുപൈസപോലും ബഡ്ജറ്റിൽ വച്ചില്ല. അതാണ് ശ്രീ. കെ.സി. ജോസഫ് എന്നോട് പിണങ്ങിയത്. ഞാൻ അത് ചെയ്തുകൊടുത്തു. പിന്നെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, അത് വേറെ ചെയ്യാമെന്ന്. പണി ചെയ്യുന്നതിന് അഭിപ്രായ വ്യത്യാസമില്ല. പക്ഷേ ധനകാര്യഭാഗം നോക്കാതെ.......നാട്ടുകാരെല്ലാം എനിക്കെതിരായി വരുകയാണ്. അവർ കത്തിക്കാൻ ശ്രമിക്കുന്നത് എന്റെ കോലമാണ്, അദ്ദേഹത്തിന്റേതല്ല. അത് സംഭവിക്കാതിരിക്കട്ടെ. രണ്ടര വർഷം മുമ്പ് ബഡ്ജറ്റിൽ പണമില്ലാതെ 561 കോടി രൂപയുടെ 177 വർക്കുകൾ പ്രഖ്യാപിച്ചു. അതിൽ ഐറ്റം നമ്പർ 88 ആണ് ഇത്. പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയായ സൂരജ് എന്ന ഐ.എ.എസ് ഉദ്യോഗസ്ഥൻ യാതൊരു മര്യാദയുമില്ലാതെ എല്ലാ ചട്ടങ്ങളും ലംഘിച്ച് ഉത്തരവിറക്കി. അയാൾ എങ്ങനെ ഈ സ്ഥാപനത്തിൽ ഇരിക്കുന്നുവെന്നുള്ളതാണ്. ഇതൊക്കെ പറഞ്ഞ് മനസ്സിലാക്കി കൊടുക്കണ്ടേ; അതിനല്ലേ ഐ.എ.എസ്സുകാരെ നിയമിച്ചിരിക്കുന്നത്. ബഡ്ജറ്റിൽ പണമില്ല, സ്പെഷ്യൽ സാംഗ്ഷനില്ല, ഇത് ചെയ്യാൻ പറ്റില്ല. ആദ്യം പണി ചെയ്യുക, മാണി സാറിനോട് ചോദിച്ചാൽ തുക തരില്ലായിരുന്നോ; അതൊന്നും അയാൾ ചെയ്തില്ല. അയാൾ ഡസൻ കണക്കിന് ഉത്തരവുകളിറക്കി. എഴുതിയ കടാലാസിന്റെ വിലപോലുമില്ലാതെ അവ പാറിപ്പറക്കുകയാണ്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും ആലോചിച്ച് ഇതൊക്കെ ചെയ്യാൻ ശ്രമിക്കുകയാണ്. പക്ഷേ പി.ഡബ്ല്യൂ.ഡി.യുടെ ഉത്തരവാദിത്ത മില്ലായ്മയാണ് ഇതെന്ന് അദ്ദേഹം പറഞ്ഞാൽ...... ഈ സഭ ഭരണ ഘടനാപരമായാണ് പ്രവർത്തിക്കേണ്ടത്. എല്ലാവരും ചേർന്ന് പി.ഡബ്ല്യൂ.ഡി.-യെ

ശ്വാസംമുട്ടിച്ചാലെങ്ങനെയാണ്. എന്റെ ശ്വാസമല്ല മുട്ടുന്നത് കേരള സംസ്ഥാനത്തിന്റെ വികസനത്തിനാണ് ശ്വാസംമുട്ടുന്നത്. മുഖ്യമന്ത്രിക്കോ ധനകാര്യ വകുപ്പുമന്ത്രിക്കോ എനിക്കോ യാതൊരു പ്രശ്നവുമില്ല. ഞങ്ങൾ ചെയ്യാൻ തയ്യാറാണ്. പണം കിട്ടണമെന്നേയുള്ളൂ. ബഡ്ജറ്റിൽ പണമില്ലാതെ, പ്രത്യേക പണം മാറ്റി വയ്ക്കാതെ, 6000 കോടിയോളം രൂപയുടെ പ്രവൃത്തികൾ അന്നത്തെ കാലത്ത് ഏറ്റെടുത്തിരുന്നു. അന്നത്തെ പി.ഡബ്ല്യൂ.ഡി. സെക്രട്ടറി സൂരജ്, ഐ.എ.എസ്. ഒരു ചട്ടവും പാലിക്കാതെ, കടലാസിന്റെ വിലപോലും ഇല്ലാത്ത നിരവധി ജി.ഒ. കൾ ഇറക്കിയിരുന്നു. അതെല്ലാം ഇന്നത്തെ സർക്കാരിന് തലവേദനയായിരിക്കുകയാണ്. ജനകീയ ആവശ്യമായതിനാൽ മധുരിച്ചിട്ട് തുപ്പാനും വയ്യ, ചട്ടവിരുദ്ധമായതിനാൽ കയ്ച്ചിട്ട് ഇറക്കാനും വയ്യാത്ത അവസ്ഥയാണ്. എന്നാലും ഈ പദ്ധതി നടപ്പിലാക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഹായിക്കണം. അങ്ങ് ആവശ്യത്തേക്കാൾ കൂടുതൽ സഹായിച്ചിട്ടുണ്ട്. നിങ്ങൾ ഇറിഗേഷൻ വകുപ്പിന് വേണമെങ്കിൽ കൊടുത്തോളൂ. ആ 32 കോടി രൂപ തന്ന് അവിടത്തെ എം.എൽ.എ.-യായ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെ രക്ഷിക്കണം. പി.രാജീവ് എന്നെ വിളിച്ചു. അവിടെ എല്ലാവരും എന്നെ വിളിക്കുകയാണ്. അങ്ങ് പറയുന്ന ആവശ്യം ന്യായമാണെങ്കിലും ഈ പറയുന്ന കാര്യങ്ങൾ നോക്കേണ്ടതായിട്ടുണ്ട്. താങ്കളുടെ മണ്ഡലമായതിനാൽ അന്നത്തെ ഇറിഗേഷൻ വകുപ്പിനെ പ്രീണിപ്പിച്ച്, ആ വകുപ്പിന് 32 കോടി രൂപയിൽ ഒരു രൂപ പോലും ബാധ്യതയില്ലാതെ സ്വയം ഏറ്റെടുത്തതാണ്. പക്ഷേ അങ്ങ് അത് മറന്നുപോയി. അതിനുള്ള പണം എത്തിക്കണമായിരുന്നു. രണ്ട് വർഷം ഉണ്ടായിരുന്നു. അത് പണിത് ഉദ്ഘാടനം ചെയ്തിട്ട് പോരാമായിരുന്നു. എങ്കിലും ഞാൻ പറയുകയാണ് ഇത് നമ്മൾ പണിയേണ്ടതായിട്ടുണ്ട്. ഒരു കാര്യവും ഞാൻ അങ്ങേയ്ക്ക് എതിരായി സഭയിൽ സംസാരിച്ചിട്ടില്ല. ഇപ്പോഴും സംസാരിക്കുന്നില്ല. ഇതൊക്കെ വളരെ വേദനാജനകമായ കാര്യമാണ്. ഇങ്ങനെ ശ്വാസംമുട്ടിക്കരുത്. പി.ഡബ്ല്യൂ.ഡി.-യുടെ അഭിപ്രായം ഞാൻ പറഞ്ഞു. ഇറിഗേഷൻ, ധനകാര്യ വകുപ്പുകളുമായി ആലോചിച്ച്, ബഹുമാനപ്പെട്ട അംഗം കൂടി മുൻകൈ എടുത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെക്കൊണ്ട് ഇതിനൊരു പരിഹാരമുണ്ടാക്കണം. ഞാൻ ഫയലിൽ എഴുതിക്കൊടുത്തിരിക്കുകയാണ്. അത് നടപ്പിലാക്കി ആ കൃഷിക്കാരെ സഹായിക്കണം. മിക്കവാറും ഇത് പണിതുകഴിഞ്ഞു. വളരെ കുറച്ചേ ഇനി പണിയാനുള്ളൂ. ആ തുക കൊടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: .....

മി. സ്പീക്കർ: സബ്മിഷനിൽ ചോദ്യമില്ല. ദയവായി അങ്ങ് ഇരിക്കണം. സബ്മിഷൻ അംഗീകരിക്കുകയും പുറപ്പള്ളിക്കാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് ചെയ്യാമെന്നുമാണ് അദ്ദേഹം പറഞ്ഞത്. സബ്മിഷന് ചോദ്യം ചോദിക്കുന്ന കീഴ്വഴക്കമില്ല.

## (10) സ്റ്റാമ്പ് ഡ്യൂട്ടിയിലെ ഇളവ്

ശ്രീ. പി. കെ. ശശി: സർ, സഹകരണമേഖല നേരിടുന്ന ഗൗരവമായ പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സംസ്ഥാനത്തെയാകെ ബാധിക്കുന്ന ഒരു വിഷയമാണിത്. നമ്മുടെ സാമൂഹിക ജീവിതത്തിൽ ഇത്രയധികം സ്വാധീനം ചെലുത്തുന്ന മറ്റൊരു മേഖലയില്ല. 1969-ൽ ഇ.എം.എസ് ഗവൺമെന്റ് കൊണ്ടുവന്ന സമഗ്രമായ സഹകരണ നിയമത്തിലുണ്ടായിരുന്ന പല ഇളവുകളും കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് വളരെ ആശ്വാസമായിരുന്നു. ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം, സഹകരണ നിയമത്തിലെ സെക്ഷൻ 40 അനുസരിച്ച് സഹകരണ സ്ഥാപനങ്ങൾ വാങ്ങുന്ന വസ്തു വകകളുടെ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവനുവദിച്ചിരുന്നു. തീർച്ചയായും സാമൂഹിക പ്രതിബദ്ധതയിൽ ഊന്നിനിന്ന് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഇതൊരു ആശ്വാസമായിരുന്നു. എന്നാൽ കഴിഞ്ഞ രണ്ട് വർഷമായി സഹകരണ സ്ഥാപനങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ഈ ഇളവ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പല ദുർബല സംഘങ്ങളും സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കാത്തതിനാൽ റവന്യൂ നടപടികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിനടിസ്ഥാനമായ പ്രശ്നം, നിലവിലുണ്ടായിരുന്ന 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ സെക്ഷൻ 40 അനുസരിച്ച് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളിൽ കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് രജിസ്ട്രേഷൻ വകുപ്പിന്റെ ഇടപെടൽ വന്നു. ഒരു ബാങ്കിന്റെ ബിസിനസ്സ് ആവശ്യങ്ങൾക്ക് കെട്ടിടം പണിയുന്നതിനുവേണ്ടി ആ സ്ഥാപനത്തിന്റെ അംഗത്തിൽ നിന്നാണ് സ്ഥലം വാങ്ങുന്നതെങ്കിൽ, അത് ബാങ്കിന്റെ ബിസിനസ്സ് ആവശ്യമായി പരിഗണിച്ച് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കുമായിരുന്നു. അത് വ്യക്തിയുടെ താൽപ്പര്യമനുസരിച്ചാണ്. അതുകൊണ്ട് സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും ഇളവ് കൊടുക്കേണ്ടതില്ല എന്ന തീരുമാനം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായി. പിന്നീട് സഹകരണ സ്ഥാപനങ്ങൾ കോടതിയെ സമീപിച്ചു. കോടതിയാകട്ടെ ഗവൺമെന്റ് തീരുമാനത്തെ അംഗീകരിക്കുകയാണ് ചെയ്തത്. ഇക്കാര്യത്തിൽ സഹകരണ സ്ഥാപനങ്ങൾ പ്രയാസം നേരിടുന്നുവെന്നതുകൊണ്ട് സ്ഥാപനങ്ങളുടെ സുരക്ഷിതത്വവും സംരക്ഷണവും കണക്കിലെടുത്ത് നിലവിലുള്ള നിയമത്തിലെ സെക്ഷൻ 40-ൽ ആവശ്യമായ ഭേദഗതി വരുത്തി സാമൂഹികവും

നിയമപരവുമായ പരിരക്ഷ സഹകരണസ്ഥാപങ്ങൾക്ക് കൊടുക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷന്റെ ഭാഗമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 40 ഉപവകുപ്പ് (1) ക്ലോസ് (എ) പ്രകാരവും സർക്കാരിന്റെ 8-10-1960-ലെ ഉത്തരവുപ്രകാരവും സഹകരണ സംഘങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ ഭാഗമായി സംഘങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്നില്ല എന്നത് വസ്തുതയാണ്. 1969-ലെ സഹകരണ സംഘം നിയമത്തിലെ വകുപ്പ് 40 (1)(a) പ്രകാരവും 1960-ലെ സർക്കാർ ഉത്തരവ് പ്രകാരവും 1959-ലെ കേരള സ്റ്റാമ്പ് ആക്ട് പ്രകാരവുമുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് സഹകരണ സംഘങ്ങൾക്ക് ലഭിച്ചുവരികയായിരുന്നു. ഇതനുസരിച്ച് ബിസിനസ്സുമായി ബന്ധപ്പെട്ട് സംഘം വാങ്ങുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭിക്കുമായിരുന്നു. സംഘത്തിന്റെ ബിസിനസ്സ് എന്നത് മേൽ പരാമർശിച്ച നിയമവ്യവസ്ഥയിൽ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ടായിരുന്നില്ല എന്നതിനാലും, സംഘം സ്വന്തം ഓഫീസ് കെട്ടിടത്തിനായി സ്ഥലം വാങ്ങുമ്പോഴും മറ്റ് ബിസിനസ് ആവശ്യങ്ങൾക്കായും ഹൗസിംഗ് സഹകരണസംഘങ്ങൾ തങ്ങളുടെ സംഘങ്ങൾക്ക് നിർമ്മിച്ചു നൽകുന്ന കെട്ടിടം അംഗങ്ങൾ വാങ്ങുമ്പോഴും ജാമ്യവസ്തു സംഘം തന്നെ ലേലത്തിൽ പിടിക്കുമ്പോഴുമെല്ലാം ഈ ഇളവ് ലഭ്യമായിരുന്നു. എന്നാൽ ഏതാനും വർഷങ്ങൾക്കുമുമ്പ് രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ചില സബ്‍രജിസ്ട്രാർമാർ പ്രസ്തുത ഇളവ് പല കാരണങ്ങൾ ചൂണ്ടിക്കാട്ടി നിഷേധിക്കുന്ന സമീപനമുണ്ടായി. അതിനെത്തുടർന്നാണ് നിരവധി സംഘങ്ങൾ കോടതിയിൽ ഈ കേസ്സുമായി പോയത്. ഹൈക്കോടതി ഫുൾ ബഞ്ച് ഇതുമായി ബന്ധപ്പെട്ട കേസ് കേട്ടതിനുശേഷം വിധിച്ചത്, കെ.സി.എസ്. ആക്ട് 40(1)(a)-യിലും എസ്.ആർ.ഒ. 75/60-ലെ ക്ലോസ് (1)(a)-യിലും ഇളവ് നൽകേണ്ടത് സംഘമോ സംഘത്തിനുവേണ്ടിയോ അല്ലെങ്കിൽ സംഘത്തിലെ അംഗമോ ഓഫീസറോ എക്സിക്യൂട്ട് ചെയ്യുന്ന ഡോക്യുമെന്റുകളിലാണെന്നും സംഘങ്ങൾ ഭൂമി വാങ്ങുമ്പോൾ വകുപ്പ് 55 അനുസരിച്ച് ട്രാൻസ്ഫർ പ്രോപ്പർട്ടിയായിട്ടുള്ള പ്രമാണം എക്സിക്യൂട്ട് ചെയ്യുന്നത് സംഘമല്ല, മറിച്ച് സംഘം വിൽപ്പന നടത്തുന്ന ആൾ ആണെന്നും അതിനാൽ വകുപ്പ് 40(1)(a) പ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടുന്നില്ല എന്നുമാണ്. തികച്ചും സാങ്കേതികമായ കാരണങ്ങളാണ് മേൽ വിധിന്യായത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവിന് വിഘാതമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകിക്കൊണ്ടുള്ള നിലവിലെ സർക്കാർ ഉത്തരവിലെ അവ്യക്തതയും അപാകതയും പരിഹരിച്ചുകൊണ്ട് 1969-ലെ കേരള സഹകരണസംഘം

നിയമത്തിലെ വകുപ്പ് 40-ൽ ഭേദഗതി വരുത്തുകയും 1960-ലെ സർക്കാർ നോട്ടിഫിക്കേഷന് പകരം പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമാണ്. ഇക്കാര്യത്തിൽ രജിസ്ട്രേഷൻ, ധനകാര്യം, നികുതി എന്നീ വകുപ്പുകളുടെ അനുകൂല സമീപനം കൂടിയുണ്ടാകേണ്ടതുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി ഇളവുകൾ പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ആവശ്യമായ പരിശോധന നടത്തുന്നതാണ്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

### ചട്ടം 47 (2) അനുസരിച്ച് പ്രത്യേക ലിസ്റ്റ് പ്രകാരം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 505-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VII ക്രമപ്രശ്നം

### ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, കേരള നിയമസഭയുടെ വിഷയ നിർണ്ണയ സമിതികളുടെ ആഭ്യന്തര പ്രവർത്തനചട്ടങ്ങൾ 6-ാം വകുപ്പു പ്രകാരം ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ രേഖകളും സമിതി മുമ്പാകെ ഹാജരാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അത്തരത്തിൽ ഹാജരാക്കുന്ന ധനാഭ്യർത്ഥനകളുടെ കുറിപ്പിൽ മുൻ അഞ്ചുവർഷത്തെ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യവും വ്യതിയാനങ്ങളുമുള്ള പക്ഷം അവയ്ക്കുള്ള കാരണങ്ങളും ഹാജരാക്കണമെന്ന് പ്രസ്തുത ചട്ടത്തിൽ തന്നെ 7(3) അനുശാസിക്കുന്നുണ്ട്. എന്നാൽ 2016-17-ലെ ബഡ്ജറ്റുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനാ കുറിപ്പുകളിൽ ചുവടെ ചേർക്കുന്ന അക്കൗണ്ട് ശീർഷകത്തിൽ മുൻവർഷത്തെ ചെലവുകൾ സൂചിപ്പിച്ചില്ല എന്നുകാണുന്നു. ധനാഭ്യർത്ഥന XLV-സബ്ജക്ട് കമ്മിറ്റി-VIII, സബ്ജക്ട് കമ്മിറ്റി-XIII ധനാഭ്യർത്ഥന XLVI- -ൽ രണ്ട് ഹെഡ് ഓഫ് അക്കൗണ്ടുകൾ, ധനാഭ്യർത്ഥന XVII-ൽ രണ്ട് ഹെഡ് ഓഫ് അക്കൗണ്ടുകൾ - സബ്ജക്ട് കമ്മിറ്റി-VI, സബ്ജക്ട് കമ്മിറ്റി-VIII-ൽ ധനാഭ്യർത്ഥന XVII സബ്ജക്ട് കമ്മിറ്റി-VIII-ൽ ധനാഭ്യർത്ഥന V - എന്നാൽ ആരോഗ്യ വകുപ്പിന്റെ കാര്യത്തിൽ ഒരു ശീർഷകത്തിലും മുൻവർഷത്തെ ചെലവിന്റെ കണക്കുകളൊന്നും സൂചിപ്പിച്ചിട്ടില്ല. എന്നാൽ കൃഷി വകുപ്പിന്റെ

കാര്യത്തിലാകട്ടെ കണക്കുകൾ പൂർണ്ണമായും നൽകിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചത് ചില ഉദാഹരണങ്ങൾ മാത്രമാണ്. വിശദമായി പരിശോധിച്ചാൽ ഇത്തരം അപാകതകൾ സ്ഥിരമായി വരുന്നതായി ബോദ്ധ്യമാകും. സംസ്ഥാന നിയമസഭ ഭരണഘടനയുടെ 205, 206, 204 എന്നീ ആർട്ടിക്കിൾസ് ഉപയോഗിച്ച് വോട്ട് ഓൺ അക്കൗണ്ട്, ധനവിനിയോഗ ബില്ലുകൾ എന്നിവ പാസ്സാക്കി നൽകുന്ന തുകയുടെ ചെലവുകൾ സംബന്ധിച്ച വിശദമായ വിവരം അറിയാനുള്ള അവകാശം ഈ സഭയ്ക്കുണ്ട്. ധനവിനിയോഗത്തിലൂടെ പാസ്സാക്കി നൽകുന്ന പ്രസ്തുത തുകയ്ക്ക് ഗവൺമെന്റിന് നിയമസഭയോട് അക്കൗണ്ടബിലിറ്റിയുണ്ട്. മാത്രമല്ല, സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനാ വേളയിലെ ചർച്ചയിൽ അംഗങ്ങൾക്ക് ഫലപ്രദമായി ഇടപെടണമെങ്കിൽ മുൻവർഷത്തെ ചെലവ് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. ധനാഭ്യർത്ഥന ചർച്ച ചെയ്യുന്ന അവസരത്തിൽ ചെലവുകൾക്കുമേൽ വ്യക്തമായ കണക്കില്ലാതെ പുതിയ ചെലവുകളുടെ ധനാഭ്യർത്ഥനയുമായി സഭയെ സമീപിക്കുന്നത് ശരിയായ നടപടിയല്ല. അതിനാൽ ഇത്തരം തെറ്റായ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് അങ്ങയുടെ ഭാഗത്തുനിന്നും ശക്തമായ റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയിൽ അംഗങ്ങളായ ഞങ്ങൾ ചൂണ്ടിക്കാണിക്കാറുണ്ട്. എന്നാൽ പലപ്പോഴും അത് നൽകാറില്ലെന്ന് മാത്രമല്ല ആവർത്തിച്ചു കൊണ്ടിരിക്കുകയുമാണ്. അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വളരെ പ്രസക്തമായ ഒരു ക്രമപ്രശ്നമാണ്. 2016-2017-ലെ ബഡ്ജറ്റുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനാ കുറിപ്പുകളിൽ ഏതാണ്ട് 7 ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ടാണ് ചെലവുകൾ സൂചിപ്പിച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞത്. സബ്ജക്ട് കമ്മിറ്റിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങൾ 7(3) പ്രകാരം ധനാഭ്യർത്ഥനയ്ക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന വകുപ്പുകൾ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ധനാഭ്യർത്ഥനകളുമായി താരതമ്യവും വ്യതിയാനവുമുള്ള പക്ഷം അവയ്ക്കുള്ള കാരണങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കണമെന്ന് കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ചട്ടങ്ങളും വ്യവസ്ഥകളും നിലവിലുണ്ടെങ്കിലും ചില വകുപ്പുകളെങ്കിലും ഇക്കാര്യത്തിൽ മതിയായ ശ്രദ്ധ പുലർത്തുന്നില്ല. ഇത് യഥാർത്ഥത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഒരു അലംഭാവമാണ്. മുൻവർഷങ്ങളിലും ഇത്തരം അലംഭാവങ്ങളുള്ളതായി മനസ്സിലാക്കുന്നു.

ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഈ വീഴ്ച തുടരുന്നത് അനുവദിക്കാനാവില്ല. ആയതിനാൽ മേലിൽ സബ്ജക്ട് കമ്മിറ്റികൾക്ക് പേപ്പറുകൾ സമർപ്പിക്കുമ്പോൾ നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾക്കും സബ്ജക്ട് കമ്മിറ്റിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും ബഹുമാനപ്പെട്ട സ്പീക്കർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും റൂളിംഗുകൾക്കും അനുസൃതമായി കൃത്യമായ സ്റ്റേറ്റ്മെന്റുകൾ നൽകണമെന്ന് എല്ലാ വകുപ്പുകൾക്കും കർശനമായ നിർദ്ദേശം കൊടുക്കുന്നതാണ്. സബ്ജക്ട് കമ്മിറ്റികളെ ഒരു വിലയുമില്ലാതെ ചിലയാളുകൾ കാണുന്നുവെന്നതാണ് ഇതിലെ പ്രശ്നം. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ഈ വിഷയമാണ് യഥാർത്ഥത്തിലുള്ള ക്രമപ്രശ്നം. പോയിന്റ് ഓഫ് ഓർഡർ എന്ന് പറയുന്നത് ഇതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കർശനമായ നിർദ്ദേശം വിവിധ വകുപ്പുകൾക്ക് നൽകും. അതാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

### റൂളിംഗ്

<u>മി. സ്പീക്കർ</u>: ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്ക് ചുമതലപ്പെട്ട സബ്ജക്ട് കമ്മിറ്റികൾക്ക് ആവശ്യമായ രേഖകൾ പൂർണ്ണമായ നിലയിൽ നൽകുന്നില്ലെന്ന അതീവ ഗുരുതരമായ ഒരു പ്രശ്നമാണ് അദ്ദേഹം സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. ഇതൊരു നിസ്സാര പ്രശ്നമല്ല. കാരണം ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തി സബ്ജക്ട് കമ്മിറ്റികൾ എടുക്കുന്ന നിലപാടാണ് സഭയിൽ ചർച്ചയ്ക്ക് വരേണ്ടത്. നിയമസഭയ്ക്ക് മുമ്പിൽ വരേണ്ട പരമപ്രധാനമായ ചർച്ച ഡോക്യുമെന്റ് നിഷേധിച്ചുവെന്നതാണ്. അതുകൊണ്ട് ഇതൊരിക്കലും ആവർത്തിക്കാൻ പാടില്ല. അതീവ ഗുരുതരമായ ഈ പ്രശ്നത്തെ സംബന്ധിച്ച് താഴെപ്പറയുന്ന റൂളിംഗ് നൽകുകയാണ്.

" ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റികൾക്ക് വിവിധ സർക്കാർ വകുപ്പുകൾ ലഭ്യമാക്കുന്ന രേഖകൾ പൂർണ്ണമല്ലെന്നും ഇതു സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7(3)-ൽ പരാമർശിച്ചിരിക്കുന്ന പ്രകാരമല്ല അവ നൽകുന്നതെന്നും അതുമൂലം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വേണ്ടത്ര ഗൃഹപാഠം നടത്തി സബ്ജക്ട് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കാൻ കഴിയുന്നില്ലെന്നും ഇക്കാര്യത്തിൽ വ്യക്തമായ റൂളിംഗ് വേണമെന്നുമാണ് ശ്രീ. എം. ഉമ്മർ ചട്ടം 303 പ്രകാരം ഉന്നയിച്ചത്. ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ വ്യക്തമായ വിശദീകരണമാണ് ഇവിടെ നൽകിയത്. തുടർന്ന് ഇത് ആവർത്തിക്കില്ലെന്ന് അദ്ദേഹം ഉറപ്പുനൽകി എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുമെന്നും ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ സമിതികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7-ൽ പരാമർശിച്ചിരിക്കുന്ന പ്രകാരമായിരിക്കണം ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച

യോഗവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് രേഖകൾ നൽകേണ്ടതെന്നും സഭാനടപടി ചട്ടങ്ങളുടെ ഭാഗമായി ചേർത്തിട്ടുള്ളതും സ്പീക്കർമാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ളതുമായ നിർദ്ദേശങ്ങളിലെ 7-ാം നമ്പർ നിർദ്ദേശത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കേണ്ടതാണെന്നുമുള്ള കർശന നിർദ്ദേശം പാർലമെന്ററികാര്യ വകുപ്പ് എല്ലാ ഭരണവകുപ്പുകൾക്കും നൽകേണ്ടതാണെന്നും അത് നടന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും ചെയർ റൂൾ

ചെയ്യുന്നു. കൂടാതെ അപ്രകാരമുള്ള രേഖകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുന്നതിലേക്കായി പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 6-ൽ പരാമർശിച്ചിരിക്കുന്ന പ്രകാരം യോഗ തീയതിക്ക് രണ്ടുദിവസങ്ങൾക്കുമുമ്പ് നിയമസഭാ സെക്രട്ടേറിയറ്റിൽ മേലിൽ ലഭ്യമാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു."

## VIII ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ : ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രിക്ക് പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ

സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു:

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 24-02-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-07-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| XXV | പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 954,31,96,000 | 56,49,14,000 | 715,73,98,000 | 42,36,85,000 | 1192,89,97,000 | 70,61,42,000 | 1263,51,39,000 |
| XXXVII | വ്യവസായങ്ങൾ | 152,24,93,000 | 231,70,01,000 | 114,18,71,000 | 173,77,52,000 | 190,31,22,000 | 289,62,53,000 | 479,93,75,000 |

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയെയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

# ധനാഭ്യർത്ഥന നമ്പർ XXV

## പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. മഞ്ഞളാംകുഴി അലി: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,51,39,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭൂമി വാങ്ങിനൽകൽ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നതിലുള്ള കാലവിളംബം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. കെ. എം. ഷാജി: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,51,39,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് ('പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന നിർമ്മാണ പദ്ധതി' പ്രകാരമുള്ള ധനസഹായം യഥാസമയം നൽകാത്തതിനാൽ വീടുകൾ പൂർത്തിയാക്കാനാവാത്ത സ്ഥിതിവിശേഷമുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,51,39,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (SC/ST വിഭാഗക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതിക്കും അവർക്കുള്ള ഫണ്ട് വിവക്ഷിക്കപ്പെട്ട ഉദ്ദേശത്തിനായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുവാനും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. എം. വിൻസെന്റ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,51,39,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ന്യൂനപക്ഷ/OBC സമുദായത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിൽ നൈപുണ്യം നേടുന്നതിന് ആവശ്യമായ പദ്ധതികൾ

ആവിഷ്കരിച്ച് നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. അൻവർ സാദത്ത്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,51,39,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (SC/ST വിഭാഗക്കാർക്കുള്ള സംവരണം അവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. എ. പി. അനിൽ കുമാർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,51,39,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതിക്കാർക്ക് തൊഴിൽലഭ്യത വർദ്ധിപ്പിക്കുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. വി. ഡി. സതീശൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,51,39,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ട്രൈബൽ വിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,51,39,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അട്ടപ്പാടിയിലെ ആദിവാസി ഗോത്രവിഭാഗത്തിൽപ്പെട്ട പാവപ്പെട്ട അമ്മമാരെ ആക്ഷേപിക്കുന്നതരത്തിലും അവരുടെ അന്തസ്സിനെ കളങ്കപ്പെടുത്തുന്ന രീതിയിലുമുള്ള പ്രസ്താവന നടത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,51,39,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സ്വന്തമായി വീടില്ലാത്ത പതിമൂവായിരത്തിലേറെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാൻ സമഗ്രമായ പദ്ധതി രൂപീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,51,39,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ആദിവാസി മേഖലകളിൽ വ്യാജമദ്യം നൽകി അവരെ ചൂഷണം ചെയ്യുന്നതിനെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11. <u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,51,39,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ആദിവാസി ഊരുകളിൽ നിന്നും സ്കൂളുകളിലെത്താൻ വാഹന സൗകര്യമില്ലാത്തതുകൊണ്ട് പഠനം ഉപേക്ഷിക്കുവാൻ കുട്ടികൾ നിർബന്ധിതരാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1263,51,39,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

12. ശ്രീ. അബ്ദുൽ ഹമീദ്. പി.

13. ശ്രീ. പി. കെ. ബഷീർ

14. ശ്രീ. എം. ഉമ്മർ

15. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

16. ശ്രീ. ടി. എ. അഹമ്മദ് കബീർ

## ധനാഭ്യർത്ഥന നമ്പർ XXXVII

## വ്യവസായങ്ങൾ

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. സണ്ണി ജോസഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 479,93,75,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് ക്രിയാത്മകമായ പരിപാടികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. കെ. സി. ജോസഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 479,93,75,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പൊതുമേഖലാ കമ്പനികളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയെ ലാഭകരമാക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 479,93,75,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (കശുവണ്ടി, കയർ, കൈത്തറി തുടങ്ങിയ മേഖലകളിലെ വ്യവസായ വളർച്ചയ്ക്കും പുരോഗതിക്കും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. കെ. മുരളീധരൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 479,93,75,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ധാതു അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. അനൂപ് ജേക്കബ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 479,93,75,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. മഞ്ഞളാംകുഴി അലി: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 479,93,75,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 479,93,75,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (പൊതുമേഖലാസ്ഥാപനങ്ങളിലെ CEO-മാരുടെ നിയമനങ്ങളിൽ ഇടപെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 479,93,75,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു :

8. ശ്രീ. ടി. എ. അഹമ്മദ് കബീർ

9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

10. ശ്രീ. എം. ഉമ്മർ

11. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

12. ശ്രീ. പി. കെ. ബഷീർ

13. ശ്രീ. എൻ.എ. നെല്ലിക്കുന്ന്

14. ശ്രീ. എൻ. ഷംസുദ്ദീൻ

15. ശ്രീ. അബ്ദുൽ ഹമീദ്. പി.

16. ശ്രീ. ടി. വി. ഇബ്രാഹിം

17. ശ്രീ. കെ. എം. ഷാജി

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ബി. സത്യൻ: സർ, ശ്രീനാരായണ ഗുരുദേവൻ തന്നെ കാണാൻ വന്ന ദളിത് വിദ്യാർത്ഥികൾക്കുവേണ്ടി വർക്കല ശിവഗിരിയിൽ വച്ച് എഴുതി തയ്യാറാക്കിയതാണ് ഇന്ന് നാം കാണുന്ന ദൈവദശകം. ഇന്ന് സംസ്ഥാന സർക്കാർ തന്നെ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഗുരുദേവന്റെ ഏറ്റവും

പ്രധാനപ്പെട്ട സന്ദേശമായ ദൈവദശകം എഴുതിയതിന്റെ നൂറ് വർഷം തികയുന്ന വേളയാണിത്. അതുപോലെതന്നെ ആലുവ ആശ്രമത്തിൽ വച്ച് അദ്ദേഹം നടത്തിയ എനിക്ക് ജാതിയില്ല, മതമില്ല എന്ന പ്രഖ്യാപനവും ഓർക്കുകയാണ്. ഒരു വർഷം നീണ്ടുനിൽക്കുന്ന സാംസ്കാരിക പരിപാടികളുടെ ഭാഗമായി ശ്രീനാരായണ ഗുരുദേവൻ തയ്യാറാക്കിയ ദൈവദശകവും അദ്ദേഹത്തിന്റെ "എനിക്ക് ജാതിയും മതവുമില്ലെ"ന്ന പ്രഖ്യാപനവും സംബന്ധിച്ച് സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ മേഖലകളിലും സാമൂഹികമായും സാമ്പത്തികമായും മറ്റു പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഇടയിലും പ്രചാരണ പ്രവർത്തനങ്ങൾ നടത്താൻ തയ്യാറാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പട്ടികജാതിക്ഷേമ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ശ്രീ. എ. കെ. ബാലനും പ്രഖ്യാപിച്ചു കഴിഞ്ഞ സാഹചര്യത്തിലാണ് അത് ഓർക്കുന്നതായി ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയെയും ഞങ്ങൾ അഭിനന്ദിക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിഷയത്തിലേയ്ക്ക് വരുമ്പോൾ അയ്യൻകാളിയെ ഓർക്കാതിരിക്കാനാകില്ല. അതുപോലെ ഭരണഘടനാ ശിൽപി ഡോ. ബി. ആർ. അംബേദ്കറെയും സ്മരിക്കാതിരിക്കാൻ കഴിയില്ല. ഭരണഘടനയുടെ ഡയറക്ടീവ് പ്രിൻസിപ്പിൾ 45-ാം അനുച്ഛേദത്തിലാണ് രാജ്യത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെയും പിന്നോക്കം നിൽക്കുന്ന ആളുകളെയും മുന്നണിയിലേയ്ക്ക് കൊണ്ടുവരാൻവേണ്ടിയുള്ള പദ്ധതികൾ രാജ്യത്ത് ആവിഷ്കരിക്കണമെന്ന് പറയുന്നത്. അങ്ങനെ ഭരണഘടനയുടെ പിൻബലത്തോടുകൂടി രാജ്യത്ത് ഭരിക്കുന്ന ഗവൺമെന്റുകൾ ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥമാണ്. അത് നോക്കുമ്പോൾ ഭരണം നടത്തുന്ന കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും ഈ മേഖലയിലെ ഏറ്റവും പിന്നോക്കം നിന്നുപോയ വിഭാഗത്തിൽപ്പെട്ടവരുടെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഭരണഘടനയുടെ പിൻബലത്തോടുകൂടി പരിഹരിക്കാൻ കഴിയും. അതാണ് ഏറ്റവും ഗൗരവമായി കാണേണ്ടതെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ദേശീയ അടിസ്ഥാനത്തിൽ ദളിത് വിഭാഗത്തിൽപ്പെട്ടവർ അഭിമുഖീകരിക്കുന്ന വളരെ ഗൗരവമായ പ്രശ്നങ്ങൾ നമ്മൾ ഇന്ന് ചർച്ച ചെയ്തു. ഇന്ന് അസഹിഷ്ണുതയുടെ നാടായി മാറുകയാണ്. ദളിത് വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും ചെറുപ്പക്കാരും തൊഴിലാളികളും വീട്ടമ്മമാരും സ്ത്രീകളും കുട്ടികളും പീഡിപ്പിക്കപ്പെടുന്ന സംഭവങ്ങൾ ദൈനംദിനം ഉണ്ടാകുന്നു. രോഹിത് വെമുല എന്ന വിദ്യാർത്ഥി തന്റെ വ്യക്തിപരവും വിദ്യാഭ്യാസപരവും തൊഴിൽപരവുമായ ദയനീയമായ വിഷയങ്ങൾകൊണ്ട് തന്റെ ജീവിതം തന്നെ ഹോമിച്ചത് ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുകയാണ്. സ്വന്തം

സഹധർമ്മിണിയുടെ ശവശരീരം തോളിലേറ്റി പന്ത്രണ്ട് വയസ്സുമാത്രം പ്രായമുള്ള മകളെയുംകൂട്ടി 10 കിലോമീറ്ററോളം സഞ്ചരിച്ച ശ്രീ. ദാനാമാജിയെന്ന മനുഷ്യനെ ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുകയാണ്. ശ്രീ. ദാനാമാജിക്ക് ഒരു സഹായഹസ്തം നീട്ടിയത് ബഹ്റിൻ രാജാവാണെന്നതുകൂടി പറയുമ്പോൾ നാം വിശ്വസിക്കുന്ന ജനാധിപത്യ പ്രക്രിയയിൽ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയുമൊക്കെയായി അധികാരത്തിൽ ഇപ്പോൾ നിൽക്കുന്ന ബി.ജെ.പി. ഗവൺമെന്റ് ഈ വിഭാഗത്തിൽപ്പെടുന്ന ജനങ്ങളോട് കാണിക്കുന്ന അനീതി ഈ സന്ദർഭത്തിൽ സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. ദേശീയ അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന വലിയ വെല്ലുവിളികൾ ദളിത് വിഭാഗത്തിൽപ്പെട്ടവർ നേരിടേണ്ട അവസ്ഥ വരികയാണ്. സംവരണം വേണ്ടെന്ന് ആർ.എസ്.എസ്. നേതാവ് ശ്രീ. മോഹൻ ഭഗവത് പറയുന്നത് മുതൽ നമ്മുടെ രാജ്യം ഭരിക്കുന്നവർതന്നെ അത് ആവർത്തിക്കുമ്പോൾ ബി.ജെ.പി. സർക്കാരിന്റെ കീഴിൽ ദളിത് സമൂഹം എത്രമാത്രം സുരക്ഷിതമാണെന്ന് കാണണം. ഈ കാലമത്രയും പീഡനത്തിന്റെ കഥകൾ രാജ്യത്ത് ഉയർന്നുവരുമ്പോൾ അതിനെതിരായ അതിശക്തമായ പ്രതിരോധനിര ഉയർത്തിപ്പിടിക്കുന്നത് കേരളമാണ്. അങ്ങനെ വലിയ മാറ്റങ്ങളുണ്ടാകാൻ കേരളം വലിയ പങ്ക് വഹിച്ചു. ഞാൻ അതിവിടെ വിശദമായി പറയുന്നില്ല. ഇവിടെ സൂചിപ്പിച്ച പ്രകാരം ഭരണഘടനയുടെ പിൻബലമുണ്ട്. ആ പിൻബലത്തോടുകൂടി ഈ വിഭാഗത്തിൽപ്പെട്ടവരുടെ സംരക്ഷണം........, പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെയും 2011-ൽ രൂപപ്പെട്ട ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെയും ഉൾപ്പെടെ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് പെട്ടുപോയവരെ വിദ്യാഭ്യാസപരമായും തൊഴിൽപരമായും ഉദ്ധരിക്കുവാൻ, ശാക്തീകരിക്കുവാൻ നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനത്തിലേയ്ക്ക് വരുമ്പോൾ വളരെ ദയനീയമായ ഒരു ചിത്രം കാണുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഭരണം ഈ വിഭാഗത്തിൽപ്പെട്ടവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും പാവപ്പെട്ടവരുടെയുമിടയിൽ നടത്തിയ കാര്യങ്ങളെ സംബന്ധിച്ച് അവലോകനം ചെയ്യുമ്പോൾ വളരെ ദയനീയമായ ചിത്രമാണ് കാണുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 2011-2012-ൽ ആകെ ചെലവഴിച്ച 94 ശതമാനത്തിൽ നിന്നും 2015-2016 ആയപ്പോൾ 82 ശതമാനമായി ചുരുങ്ങി. ഓരോ മേഖലയിലും നടപ്പിലാക്കിയ കാര്യങ്ങളുണ്ട്. പട്ടികജാതിയിൽപ്പെട്ടവർ ജനസംഖ്യയുടെ 9.15 ശതമാനം വരുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട സഹോദരങ്ങൾ 1.45 ശതമാനം വരുന്നു. 2011-ലെ സെൻസസ് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഏകദേശം 30,39,573-ഉം പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർ 4,84,839-ഉം ആണെന്ന്

കാണുന്നു. 7,51,165 പട്ടികജാതി കുടുംബങ്ങളും 1,40,468 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. 26,342 പട്ടികജാതി സങ്കേതങ്ങളും 4,762 പട്ടികവർഗ്ഗ സങ്കേതങ്ങളുമുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെയും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെയും ഗൗരവമായ കാര്യം ഭൂമിയും പാർപ്പിടവും തന്നെയാണ്. അക്കാര്യത്തിൽ വളരെ അക്ഷന്തവ്യമായ അപരാധമാണ് കഴിഞ്ഞ ഗവൺമെന്റ് ചെയ്തത്. ഇടതുപക്ഷ ഗവൺമെന്റ് ഏകദേശം 49,464 വീടുകൾ നിർമ്മിച്ച് നൽകി. അതിൽ 44,104 എണ്ണം പൂർത്തിയാകുകയും ചെയ്തു. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് അനുവദിച്ച 29,594 വീടുകളിൽ 13,591 എണ്ണമാണ് പൂർത്തീകരിച്ചതെന്ന് പറയുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കണക്ക് ഇതിനേക്കാൾ വളരെ ദയനീയമാണ്. 16,363 വീടുകൾ അനുവദിച്ചതിൽ 1,393 വീടുകളാണ് ആകെ പൂർത്തീകരിച്ചിട്ടുള്ളത്. വലിയ ബാധ്യത അതിൽ നിൽക്കുന്നു. 242 കോടിയോളം രൂപ ഇനി ആ ബാധ്യതയിൽ നിർവ്വഹിക്കപ്പെടേണ്ടതായി കണക്കുകൾ സൂചിപ്പിക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമിയും വീടും നൽകാനുള്ള പദ്ധതി തയ്യാറാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പട്ടികജാതിക്ഷേമ വകുപ്പുമന്ത്രിയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി വഴിയും ജനകീയാസൂത്രണം വഴിയും ആർജ്ജിച്ചിട്ടുള്ള വലിയ നേട്ടങ്ങളാണ് വീടുകൾ നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കിയിട്ടുള്ളത്. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തകർക്കപ്പെട്ടു. 1975-ൽ എം. എൻ. ഗോവിന്ദൻ നായർ ആരംഭിച്ച ലക്ഷംവീട് പുനർനിർമ്മാണ പദ്ധതിയാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഒരു ചുവരിനാൽ വേർതിരിക്കപ്പെട്ട രണ്ട് വീടുകളാണ് ലക്ഷംവീട് പദ്ധതിയിലുണ്ടായിരുന്നത്. ആ വീടുകളെ ഒറ്റവീടുകളാക്കാൻ തയ്യാറാക്കിയ പദ്ധതി സമൂഹത്തിൽ വലിയ മാറ്റമുണ്ടാക്കി. അതും നിലച്ചുപോയി. മറ്റു പല പദ്ധതികളും ആവിഷ്കരിക്കുന്നതിനേക്കാൾ പ്രാധാന്യത്തോടെ ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും നൽകുന്നതിനുള്ള നടപടികൾ പുനരാവിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ അധികാരമേറ്റ് 10-ാം ദിവസംതന്നെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സഹോദരൻമാർ അധിവസിക്കുന്ന അട്ടപ്പാടിയിൽ പോയിരുന്നു. മാത്രമല്ല, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നതതല യോഗങ്ങൾ ചേർന്ന് സമയബന്ധിതമായി പദ്ധതികൾ

നടപ്പിലാക്കുന്നതിനുവേണ്ട കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു. ഊരുകളിൽ ആവശ്യമായ ഭക്ഷണം, പോഷകാഹാരക്കുറവുമൂലം ഒരു കുഞ്ഞുപോലും മരിക്കാതിരിക്കാനുള്ള പദ്ധതി, പാവപ്പെട്ട സ്ത്രീകൾക്ക് നൽകേണ്ട ഭക്ഷ്യ ധാന്യങ്ങൾ എത്തിക്കുക തുടങ്ങിയ ഒട്ടനവധി പദ്ധതികൾ അങ്ങ് ആവിഷ്കരിച്ചു. ഓണക്കിറ്റുകളും ഓണക്കോടികളും നൽകിയെന്നു മാത്രമല്ല ഓണക്കാലത്ത് അവരോടൊപ്പമിരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്തുകൊണ്ട് വളരെ നീതിപൂർവ്വമായ ഒരു സമീപനം അങ്ങ് സ്വീകരിച്ചു. പക്ഷേ ആ വകുപ്പുതലത്തിൽ നിലനിൽക്കുന്ന ഉദ്യോഗസ്ഥ സംവിധാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസവും തൊഴിൽപരവുമായ വിഷയങ്ങളിൽ സമയബന്ധിതമായി തീരുമാനങ്ങളെടുക്കുന്നതിലും നടപ്പാക്കുന്നതിലും ഉദ്യോഗസ്ഥന്മാർ വേണ്ടത്ര തൃപ്തികരമല്ലാത്ത നിലപാട് സ്വീകരിക്കുന്നു. തിരുവനന്തപുരം ജില്ലയിൽപ്പോലും പട്ടികജാതി വികസന ഓഫീസറുടെ സീറ്റ് മാസങ്ങളായി ഒഴിഞ്ഞു കിടക്കുകയാണ്. ജില്ലാതല ഉദ്യോഗസ്ഥന്റെ അഭാവം ഏറെ പ്രയാസമുണ്ടാക്കി എന്ന് ഞാനിവിടെ സൂചിപ്പിക്കുന്നു.

ദീർഘമായി പറയുവാനുള്ള സമയമില്ല. ഒരുപാട് പ്രശ്നങ്ങൾ ഇന്ന് അവർ അഭിമുഖീകരിക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിലുള്ള വിഷയങ്ങളെ സംബന്ധിച്ച്, സ്റ്റൈപെന്റ്, ലംപ്സം ഗ്രാന്റ്, സ്കോളർഷിപ്പ്, പോക്കറ്റ് മണി എന്നൊക്കെയുള്ളത് വളരെ മനോഹരമായ പേരുകളാണ്. കേൾക്കുമ്പോൾ മറ്റുള്ളവർ ഞെട്ടും. എ.ടി.എം. വഴി അവർക്കുള്ള ധനസഹായം കിട്ടുന്ന പദ്ധതി അങ്ങ് നടപ്പിലാക്കിയത് വളരെ നല്ലതാണ്. അൺ എയ്ഡഡ് കോളേജുകൾ, അൺ എയ്ഡഡ് സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ, മാനേജ്മെന്റ് റണ്ണിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് തുടങ്ങി എം.ബി.ബി.എസ്.-നും പോസ്റ്റ് ഗ്രാജുവേഷനും പഠിക്കുന്ന കുട്ടികൾ വരെ ഈ പറയപ്പെടുന്ന സ്ഥാപന മേധാവികളുടെയും അവിടെയുള്ള ഉദ്യോഗസ്ഥരുടേയും മുമ്പിൽപ്പോയി ഇപ്പോഴും അവരുടെ ആവശ്യങ്ങൾ നിരന്തരമായി പറയുകയാണ്. പറയാതെ അവർക്കുള്ള ആനുകൂല്യങ്ങൾ കൊടുക്കില്ല എന്ന വാശിയിലാണ്. ആ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വാങ്ങി പഠിച്ച ഒരു വിദ്യാർത്ഥി ആയതുകൊണ്ടാണ് ഞാനിത് പറയുന്നത്. എൽ.പി. സ്കൂൾ മുതൽ പോസ്റ്റ് ഗ്രാജുവേഷനും എൽ.എൽ.ബി.-യും വരെ ആ അനുകൂല്യംകൊണ്ട് പഠിച്ച ഒരു വിദ്യാർത്ഥിയായിരുന്നു ഞാൻ. ഇപ്പോൾ ശ്രീ. മോഹൻ ഭഗവതും ബി.ജെ.പി. നേതാക്കൻമാരും അവരുടെ രഹസ്യ അജണ്ട നടപ്പിലാക്കാൻ പരിശ്രമിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി സമയബന്ധിതമായി

കുട്ടികൾക്ക് ലഭിക്കത്തക്ക നിലയിൽ പക്വമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. ഈ വർഷം ഗവൺമെന്റ് പ്രഖ്യാപിക്കുന്ന ഭൂമിയും വീടും, അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുക, അവരുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ കർമ്മ പരിപാടികൾ എന്നിവയെല്ലാം നടപ്പിലാക്കുന്നതിനുവേണ്ടി നമ്മുടെ പ്രിയപ്പെട്ട വകുപ്പുമന്ത്രി ആവിഷ്ക്കരിക്കുന്ന പദ്ധതികൾ നന്നായി മുന്നോട്ടു കൊണ്ടു പോകാനുള്ള എല്ലാ പിന്തുണയും സഹായവും ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ഉണ്ണി: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം, വ്യവസായം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പരിപൂർണ്ണമായി പിന്തുണയ്ക്കുന്നു.

പാലക്കാട് ജില്ലയിലെ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഈ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ശ്രമിക്കുന്നത്. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാർഷിക മേഖലയാണ് പാലക്കാട്. എന്നാൽ 1971- നുശേഷം വളർന്നുവന്ന അതിവിപുലമായ ഒരു വ്യവസായ ശൃംഖല പാലക്കാടിനുണ്ട്. കേരളത്തിലെ രണ്ടാമത്തെ വ്യവസായ മേഖല എന്നാണ് പാലക്കാട് അറിയപ്പെടുന്നത്. എന്നാൽ വളരെ ഗുരുതരമായ പ്രതിസന്ധിയാണ് ഇന്ന് പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖല അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ മാനുഫാക്ചറിംഗ് മേഖല നേരിടുന്ന പ്രതിസന്ധി കേരളത്തിലെ രണ്ടാമത്തെ വ്യവസായ മേഖലയായ കഞ്ചിക്കോട്ടെ വ്യവസായ സ്ഥാപനങ്ങളേയും ഗുരുതരമായി ബാധിച്ചിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും ടെക്സ്റ്റൈൽസ്, സ്റ്റീൽ ഉൾപ്പെടെയുള്ള സ്വകാര്യ വ്യവസായ സ്ഥാപനങ്ങളും ഇന്ന് പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയാണ്. കഞ്ചിക്കോട്ടെ പ്രമുഖ ടെക്സ്റ്റൈൽസ് സ്ഥാപനമായ പട്ടൗഡി ഗ്രൂപ്പിന്റെ Patspin India Limited-ൽ ഉൽപ്പന്നം വിറ്റഴിക്കാനാകാതെ കെട്ടിക്കിടക്കുന്ന അവസ്ഥയാണുള്ളത്. വിദേശത്തേയ്ക്ക് ബനിയൻ തുണികൾ കയറ്റി അയയ്ക്കുന്ന Augustan Textile Colours Limited എന്ന സ്ഥാപനം ഓർഡർ ഇല്ലാത്തതുമൂലം ലേ-ഓഫ് പ്രഖ്യാപിച്ചിരിക്കുകയാണ്. Precot Meridian Mill-ന്റെ കോയമ്പത്തൂരിലെ മൂന്ന് മില്ലുകൾ പ്രതിസന്ധിമൂലം പൂട്ടി. അതുമായി ബന്ധപ്പെട്ട് കഞ്ചിക്കോട് യൂണിറ്റുകൾ സ്ഥിരം തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറയ്ക്കാൻ ഇടവന്നു. ഇന്ത്യയിൽ നൂൽ ഉൽപ്പാദിപ്പിക്കുന്ന പ്രധാന അസംസ്കൃത വസ്തുവായ

കോട്ടണിന്റെ ഉൽപ്പാദനം കുറയുകയും വില കൂടുകയും ചെയ്തു. എന്നാൽ ബംഗ്ലാദേശിൽ കുറഞ്ഞ കൂലിക്ക് തുണിയും നൂലും ഉൽപ്പാദിപ്പിച്ച് നികുതി ഇല്ലാതെ ഇന്ത്യയിലേയ്ക്ക് വൻതോതിൽ ഇറക്കുമതി ചെയ്യപ്പെടുകയാണ്. അതുമൂലം നമ്മുടെ രാജ്യത്തെ ടെക്സ്റ്റൈൽ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് അതിനോട് മത്സരിക്കാനാകാത്ത പരിതസ്ഥിതി ഇന്ന് കൈവന്നിരിക്കുന്നു. ആസിയാൻ കരാറിന്റെ ഭാഗമായിട്ടാണ് ബംഗ്ലാദേശിൽനിന്നും ഇറക്കുമതി തീരുവയില്ലാതെ നൂലും തുണിയും ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നത്. ഇതു കൊണ്ടു തന്നെ ഇന്ത്യയിലെ വൻകിട ടെക്സ്റ്റൈൽ വ്യവസായികൾ അവരുടെ വ്യവസായങ്ങൾ ബംഗ്ലാദേശിലേയ്ക്ക് മാറ്റിയിട്ട് ഇന്ത്യയിലേയ്ക്ക് അവരുടെ ഉൽപ്പന്നം ഇറക്കുമതി ചെയ്യുകയാണ് ചെയ്യുന്നത്. ഇത് നിലവിൽ പ്രവർത്തിച്ചു പോന്നിരുന്ന സ്ഥാപനങ്ങളുടെ നിലനിൽപ്പിനെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ഈ മേഖലയിൽ ലേ-ഓഫും സ്ഥിരം തൊഴിലാളികളുടെ എണ്ണത്തിൽ വെട്ടിക്കുറവും മിനിമം കൂലിപോലും ലഭിക്കാത്ത ഈ രംഗത്ത് കരാർ തൊഴിലാളികളുടെ ചൂഷണവും മൊത്തം തൊഴിലാളികളുടെ സ്ഥിതിയും ദുരിതപൂർണ്ണമായിരിക്കുകയാണ്. സ്റ്റീൽ ഈ മേഖലയിലെ പ്രധാനപ്പെട്ട ഒരു വ്യവസായമാണ്. ഇന്ത്യയിലെ വൻകിട സ്റ്റീൽ കമ്പനികൾ ഉൾപ്പെടെ വലിയ പ്രതിസന്ധിയിലാണെന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. കഞ്ചിക്കോട്ടെ 36 ചെറുകിട സ്റ്റീൽ കമ്പനികളേയും ഈ പ്രതിസന്ധി ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ അടച്ചുപൂട്ടിയത് 10 സ്റ്റീൽ കമ്പനികളാണ്. ഇരുമ്പയിര് ഖനനം സുപ്രീംകോടതി ഉത്തരവുമൂലം പരിമിതപ്പെടുത്തിയത്. സ്റ്റീൽ ഉൽപ്പാദനത്തിന് ആവശ്യമായ sponge iron കിട്ടുന്നതിന് തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. വിദേശത്തുനിന്നും കൂടിയ നിരക്കിൽ sponge iron ഇറക്കുമതി ചെയ്ത് സ്റ്റീൽ ഉൽപ്പാദിപ്പിച്ച് കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ടി വരുന്നു. സ്റ്റീൽ വ്യവസായ പ്രതിസന്ധിക്ക് ഇതൊരു കാരണമാണ്. നിർമ്മാണ മേഖലയിലെ മാന്ദ്യം കാരണം തൊഴിലും കൂലിയും നഷ്ടപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ള കഞ്ചിക്കോട്ടെ ബി.ഇ.എം.എൽ. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് സ്ഥാപിതമായത്. അതിന്റെ രണ്ടാംഘട്ട വികസനത്തിന് യു.പി.എ. സർക്കാർ വാഗ്ദാനം നൽകിയിരുന്നുവെങ്കിലും അത് നടപ്പാക്കിയില്ല. ഇപ്പോൾ കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ബിജെ.പി. സർക്കാർ പ്രതിരോധ വ്യവസായ മേഖലയിൽ അനുവദിച്ച വിദേശ മൂലധനവും സ്വകാര്യവൽക്കരണവും ഈ സ്ഥാപനത്തിന്റെ നിലവിലുള്ള ഉൽപ്പാദനം കുറയാൻ ഇടയാക്കിയിരിക്കുകയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ രാജസ്ഥാനിലെ യൂണിറ്റ് അടച്ചുപൂട്ടാൻ

തീരുമാനിച്ചപ്പോൾ കഞ്ചിക്കോട്ടെ യൂണിറ്റ് ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ മുന്നോട്ട് വന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. നാളിതുവരെയായി ലാഭത്തിൽ പ്രവർത്തിക്കുന്ന കഞ്ചിക്കോട് യൂണിറ്റിൽ 1997-ന ശേഷം ശമ്പള വർദ്ധനവുണ്ടായിട്ടില്ല. എങ്കിലും അന്നത്തെ ശമ്പളംകൊണ്ട്, അന്നത്തെ കൂലിയ്ക്ക് ജോലിചെയ്യുന്ന തൊഴിലാളികളുടെ സ്ഥാപനമാണിത്. ഈ കമ്പനി എത്രയുംവേഗം ഏറ്റെടുക്കാനും അവിടെയുള്ള തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാനും ആവശ്യമായ നടപടി ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

പൊതുമേഖലാസ്ഥാപനമായ ഐ.ടി.ഐ. ലിമിറ്റഡിന്റെ ഉത്തരേന്ത്യയിലെ 5 യൂണിറ്റുകളും നഷ്ടത്തിലാണെങ്കിലും കഞ്ചിക്കോട് യൂണിറ്റ് നാളിതുവരെ ലാഭത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഉത്തരേന്ത്യൻ യൂണിറ്റിലെ ജീവനക്കാർക്ക് ശമ്പളം നൽകാനുള്ള ബാധ്യത കൂടി കഞ്ചിക്കോട്ടുള്ള യൂണിറ്റിൽ അടിച്ചേൽപ്പിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. കഞ്ചിക്കോട് യൂണിറ്റിലെ ഫണ്ട് കടത്തി കൊണ്ടുപോകുന്നത് കഞ്ചിക്കോട് ഐ.ടി.ഐ. യൂണിറ്റിനെ പ്രതിസന്ധിയിലാക്കുകയാണ്. കഴിഞ്ഞ 11 വർഷമായി ഇവിടെ ശമ്പളം പുതുക്കിയിട്ടില്ല. ലാഭമുണ്ടായിട്ടും ശമ്പളം കൃത്യമായി നൽകാറില്ല. ഐ.ടി.ഐ. യൂണിറ്റിന്റെ മൊത്തത്തിലുള്ള പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. ആധുനിക ടെലിഫോൺ എക്സ്ചേഞ്ച്, നാഷണൽ പോപ്പുലർ രജിസ്ട്രേഷൻ കാർഡ്, ആധാർ കാർഡ്, ഐ.എസ്.ആർ.ഒ. ഉപഗ്രഹ വിക്ഷേപണത്തിനാവശ്യമായ ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന ഈ പൊതുമേഖലാ വ്യവസായ യൂണിറ്റും കേന്ദ്ര സർക്കാരിന്റെ നയംമൂലം പ്രതിസന്ധി അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മലബാർ സിമെന്റ്സിൽ കഴിഞ്ഞ ഭരണകാലത്ത് വരുത്തിവച്ച 165 കോടി രൂപയുടെ ബാധ്യതയും 50 കോടിയുടെ ബാങ്ക് വായ്പയും കെടുകാര്യസ്ഥതയും കാരണം ഉൽപ്പാദനത്തെപ്പോലും ബാധിക്കുന്ന അവസ്ഥ ഉണ്ടായി. സ്വകാര്യ സിമെന്റ് കമ്പനികൾകൂടി പൊതുമേഖലാ വ്യവസായത്തെ തകർക്കാൻ ശ്രമിക്കുന്ന ഒരവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ജില്ലയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനത്തെ രക്ഷിച്ചെടുക്കേണ്ടതുണ്ട്. വിപണിയിൽ 10 ശതമാനം മാത്രമുള്ള മലബാർ സിമെന്റ്സിന്റെ വിഹിതം ഇരട്ടിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടത് അടിയന്തര ആവശ്യമാണ്. കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ വ്യവസായ മേഖലയായ കഞ്ചിക്കോട് വലുതും ചെറുതുമായ നാന്നൂറോളം വ്യവസായ സ്ഥാപനങ്ങളുണ്ട്. ഇത് പരിഗണിച്ച് ഗതാഗത

യോഗ്യമായ റോഡ്, വൈദ്യുതി, വെള്ളം, മാലിന്യ സംസ്കരണ പ്ലാന്റ്, ഇ.എസ്.ഐ. ആശുപത്രി, പി.എഫ്. ആഫീസ് ഉൾപ്പെടെയുള്ള ഒരു പാക്കേജ് ഈ മേഖലയിൽ നടപ്പിലാക്കാൻ ഈ സർക്കാരിന് സാധ്യമാകേണ്ടതുണ്ട്. ഒരേ സ്വഭാവത്തിലുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് ഉൽപ്പന്നങ്ങളുണ്ടാക്കുന്ന ഒരേ സ്വഭാവത്തിലുള്ള വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ ക്ലസ്റ്ററുകൾ രൂപീകരിക്കാൻ കഴിയണം.

12 Noon]

1990-ൽ മലപ്പുറം ജില്ലയിലെ വാടാനക്കുറിശ്ശി മുതൽ വാളയാർ വരെ നീണ്ടു കിടന്നിരുന്ന വ്യവസായ മേഖല ഇന്ന് പലതും അടച്ചു പൂട്ടിക്കഴിഞ്ഞിരിക്കുകയാണ്. വ്യവസായങ്ങളുടെ ശവപ്പറമ്പായി മാറാതിരിക്കാൻ ഇന്നത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ കരുതലോടെയുള്ള ഇടപെടൽ ആവശ്യമായി വന്നിരിക്കുന്നു. കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ കഞ്ചിക്കോട് വ്യവസായ മേഖലയുടെ സംരക്ഷണത്തിന് ഇടപെടുമെന്ന പൂർണ്ണവിശ്വാസമാണ് എനിക്കുള്ളത്. മതനിരപേക്ഷവും അഴിമതി രഹിതവുമായ ഒരു നവകേരളം സൃഷ്ടിക്കാനുള്ള ശ്രമത്തിലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എന്ന് ജനങ്ങൾക്ക് പൂർണ്ണമായും വിശ്വാസമുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുവച്ച മുദ്രാവാക്യത്തോടും വാഗ്ദാനങ്ങളോടും നീതിപുലർത്തുന്നതാണ് ഈ സർക്കാരെന്ന് കേരളം കരുതുന്നു. ദിവസങ്ങൾക്കുമുൻപ് നടന്ന 14 തദ്ദേശസ്വയം ഭരണ തെരഞ്ഞെടുപ്പുകളിൽ എൽ.ഡി.എഫ്. തകർപ്പൻ വിജയമാണ് കരസ്ഥമാക്കിയത്. സംസ്ഥാന സർക്കാരിനെതിരെ യു.ഡി.എഫും., ബി.ജെ.പി.-യും നിരന്തരം നടത്തുന്ന കുപ്രചരണങ്ങളെ തള്ളിമാറ്റിയാണ് എൽ.ഡി.എഫിന്റെ ഉജ്ജ്വല വിജയമെന്നത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. പട്ടികജാതി വിദ്യാർത്ഥികളെ അറിവിന്റെ ലോകത്തിലേയ്ക്ക് നയിക്കാൻ സംസ്ഥാന സർക്കാർ പഠനമുറി സഹായ പദ്ധതി ആവിഷ്ക്കരിക്കുമെന്ന ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലന്റെ കഴിഞ്ഞ ദിവസങ്ങളിലെ പ്രഖ്യാപനം ഒരു വലിയ ഉയർത്തെഴുന്നേൽപ്പാണ് ഈ വിഭാഗങ്ങൾക്കിടയിൽ ഉണ്ടാക്കിയിട്ടുള്ളത്. എട്ടാം ക്ലാസ്സ് മുതൽ കോളേജ് തലം വരെ പഠനം നടത്തുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം രണ്ടു ലക്ഷം രൂപ സർക്കാർ സഹായധനം നൽകുകയാണ്. മെച്ചപ്പെട്ട പഠനാന്തരീക്ഷം സൃഷ്ടിക്കുക വഴി വിദ്യാർത്ഥികളെ വിദ്യാഭ്യാസപരമായി ഉന്നതിയിലേയ്ക്ക് എത്തിക്കുകയാണ് ഇതിന്റെ ലക്ഷ്യമെന്ന് മന്ത്രി പ്രഖ്യാപിച്ചു കഴിഞ്ഞു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാസാനുകൂല്യങ്ങൾ ഒ.ബി.സി.

വിഭാഗങ്ങൾക്ക് 138 കോടി രൂപയും, എസ്.സി. വിഭാഗത്തിന് 68 കോടി രൂപയും കുടിശ്ശികയായിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കരുതലിന്റേയും സ്നേഹത്തിന്റേയും തണലൊരുക്കുകയാണ് ഇന്ന് എൽ.ഡി.എഫ്. സർക്കാർ ചെയ്യുന്നത്. യു.ഡി.എഫിന്റെ പ്രഖ്യാപനങ്ങളിൽ ഒതുങ്ങുന്നതിനു പകരം ഓരോചുവടിലും ഒപ്പമുണ്ടെന്ന ആത്മവിശ്വാസം ഈ വിഭാഗങ്ങൾക്ക് നൽകി അവരെ പുരോഗതിയിലേയ്ക്ക് നയിക്കുന്ന സമീപനമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. പട്ടികജാതി കുടുംബങ്ങളിലെ പെൺകുഞ്ഞുങ്ങൾക്ക് സ്നേഹതണലുമായി എൽ.ഡി.എഫ്. സർക്കാർ വാൽസല്യനിധി ഇൻഷ്വറൻസ് പദ്ധതി യാഥാർത്ഥ്യമാക്കുകയാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്താൻ ഒരുങ്ങുകയാണ് പട്ടികജാതി വികസന വകുപ്പ്. ഈ ധനാഭ്യർത്ഥനയെ പരിപൂർണ്ണമായി പിൻതാങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. അടുത്തകാലത്ത് രാജ്യത്താകമാനം ദളിത്‌വേട്ട കൂടി വരികയാണ്. സ്വാതന്ത്ര്യം ലഭിച്ച് ഏഴ് പതിറ്റാണ്ടായിട്ടും ദളിതരുടെ ശാക്തീകരണം ഇന്നും ഏട്ടിലെ പശു ആണ്. മനുഷ്യനെ കടിച്ചു കീറാൻവേണ്ടി തെരുവിൽ അലഞ്ഞു നടക്കുന്ന നായ്ക്കളെ സംരക്ഷിക്കുന്നതിനായി ഇവിടെ കേന്ദ്ര മന്ത്രിമാർ ഉണ്ട്. എന്നാൽ രാജ്യത്ത് പട്ടികവിഭാഗങ്ങളെ നിരന്തരമായി ആക്രമിക്കുകയും കൊലപ്പെടുത്തുകയും ചെയ്യുമ്പോൾ ഈ കേന്ദ്ര മന്ത്രിമാർ തെരുവിൽ അലയുന്ന പട്ടികളുടെ വില പോലും പട്ടികവിഭാഗങ്ങൾക്ക് നൽകുന്നില്ല എന്നുള്ളത് വേദനാജനകമാണ്. രാജ്യത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനും സംരക്ഷണത്തിനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വൻതുകകൾ വകയിരുത്തുകയും, നിയമങ്ങൾ നിർമ്മിക്കുകയും ചെയ്യുമ്പോഴും അവർക്ക് നേരെയുള്ള അക്രമങ്ങൾ ഞെട്ടിപ്പിക്കുന്ന രീതിയിൽ വർദ്ധിക്കുകയാണ്. 2016-ൽ നാഷണൽ കമ്മീഷൻ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്സ് പുറത്തുവിട്ട കണക്കുപ്രകാരം, പല സംസ്ഥാനങ്ങളിലും ദളിതർക്ക് നേരെയുള്ള അതിക്രമങ്ങളിൽ ഏറ്റവും കൂടുതൽ പോയവർഷം റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. രാജസ്ഥാനിൽ 7144, ബീഹാറിൽ 7121, പ്രധാനമന്ത്രിയുടെ സംസ്ഥാനമായ ഗുജറാത്തിൽ 6655, ഛത്തീസ്ഗഢിൽ 3008, എന്നിങ്ങനെ ഓരോദിവസവും ദളിതർക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുകയാണ്. ദളിതർക്കെതിരായുള്ള രാജ്യത്തെ മൊത്തം കുറ്റകൃത്യങ്ങളുടെ കണക്ക് പരിശോധിച്ചാൽ ഓരോ 18 മിനിറ്റിലും ഒരു ദളിതൻ ആക്രമിക്കപ്പെടുകയാണ്. 2011-2014 കാലയളവിൽ രാജ്യത്തെ ദളിതർക്ക് നേരെയുള്ള അതിക്രമങ്ങളിൽ 40 ശതമാനം വർദ്ധനവാണ് വന്നിരിക്കുന്നത്. 2014-ൽ മാത്രം 47064 കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മുൻ വർഷത്തെ അപേക്ഷിച്ച് 19 ശതമാനം വർദ്ധനവാണിത്. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം 2014-ൽ മാത്രം 40000 കേസ്സുകളാണ് രാജ്യത്ത് രജിസ്റ്റർ ചെയ്യിട്ടുള്ളത്. യു.പി.-യാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് 8075 കേസ്സുകൾ. രാജസ്ഥാൻ തൊട്ടുപിന്നിൽ 8025 കേസ്സുകളും ബീഹാറിൽ 7893 കേസ്സുകളും മധ്യപ്രദേശിൽ 4151 കേസ്സുകളും ആന്ധ്രാപ്രദേശിൽ 4114 കേസ്സുകളും ഇതാണ് ഏറ്റവും അവസാനം നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ 2015-ൽ പുറത്തുവിട്ട കണക്കു പ്രകാരമുള്ളത്. 2015-ലെ എൻ.സി.ആർ.ബി.-യുടെ കണക്കുപ്രകാരം ദളിത് വിഭാഗങ്ങൾക്കു നേരെ നടന്ന അക്രമങ്ങൾ 45003 ആണ്. യു.പി.-യാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് 8358, രാജസ്ഥാനിൽ 6998 ഉം, ബീഹാറിൽ 6997 ഉം, മധ്യപ്രദേശിൽ 4188 ഉം, എന്നാണ് കഴിഞ്ഞ വർഷത്തെ കണക്ക്. എൻ.സി.ആർ.ബി.-യുടെ കണക്കുപ്രകാരം രാജ്യത്ത് ഓരോ ദിവസവും ദളിതർക്ക് നേരെയുള്ള അക്രമം കൂടിക്കൂടി വരികയാണ്. ദളിതർക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾക്കുനേരെ ഭരണസംവിധാനങ്ങൾ പലപ്പോഴും കണ്ണടയ്ക്കുകയാണ് പതിവ്. ചില കേസ്സുകൾ രജിസ്റ്റർ ചെയ്യാൻ പോലീസ് മടിക്കുമ്പോൾ, കോടതി ഉത്തരവിടുമ്പോൾ മാത്രമാണ് പലപ്പോഴും അതിന് മുതിരുന്നത്. കോടതികളിൽ എത്തുന്ന കേസ്സുകളിൽ പലതും ശിക്ഷിക്കപ്പെടുന്നത് വളരെക്കുറവാണ് എന്നത് ഞെട്ടിക്കുന്ന വസ്തുതയാണ്. 2014-ൽ 127341 കേസ്സുകൾ രാജ്യത്തെ വിവിധ കോടതികളിൽ വിചാരണയ്ക്കെത്തി. 17712 കേസ്സുകളുടെ വിചാരണ പൂർത്തിയായപ്പോൾ 5102 കേസ്സുകളിൽ മാത്രമാണ് ശിക്ഷിക്കപ്പെട്ടത്. 12610 കേസ്സുകളിൽ പ്രതികൾ കുറ്റവിമുക്തരായി. അതായത് 28.8% മാത്രമാണ് ശിക്ഷാനിരക്ക് എന്നുള്ളത് നമ്മളെ ഞെട്ടിപ്പിക്കുന്ന സംഗതിയാണ്. പട്ടികജാതി വിഭാഗങ്ങളുടെ കേസ്സുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക കോടതികൾ വേണം എന്നുള്ള ആവശ്യം പല സംസ്ഥാനങ്ങളും പാലിച്ചിട്ടില്ല. ഛത്തീസ്ഗഢ്, ജാർഘണ്ഡ്, മധ്യപ്രദേശ്, കേരളം എന്നിവിടങ്ങളിൽ മാത്രമാണ് ഇപ്പോൾ കേസ്സ് പരിഗണിക്കുവാൻ പ്രത്യേക കോടതികൾ ഉള്ളത്. സാംസ്കാരികമായി വളരെ ഉയർന്ന നിലയിലാണ് കേരളമെങ്കിലും അടുത്ത കാലത്തായി കേരളത്തിൽ ഒട്ടനവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്നിവിടെ പ്രതിപക്ഷ നേതാവും കോവളം എം.എൽ.എ. ശ്രീ. എം. വിൻസെന്റും അവതരിപ്പിച്ച സബ്മിഷൻ പട്ടികജാതിക്കാരായ ആളുകളെ അകാരണമായി പോലീസ് പീഡിപ്പിച്ച കേസ്സുകളാണ്. ഇവിടെ കൊച്ചാലുംമൂട് പോലീസ് സ്റ്റേഷനിൽ നടന്ന സംഭവത്തിൽ നാലു ദിവസമാണ് നിരപരാധികളായ ദളിത് യുവാക്കളെ പോലീസ് കസ്റ്റഡിയിൽ വച്ചത്. അതിനെതിരെ നടപടിയെടുത്തു, ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ ശ്രീ. എം. വിൻസെന്റ് ഇവിടെ പറഞ്ഞകാര്യം-സെപ്റ്റംബർ 25-ന് രണ്ട് ദളിത് യുവാക്കളെ പിടിച്ചുകൊണ്ടുപോയി ഒരു ദിവസം മുഴുവൻ പീഡിപ്പിച്ചു. ഒക്ടോബർ 9-ന് മനുവെന്ന

യുവാവിനെ രണ്ടു ദിവസം പീഡിപ്പിച്ചു. കഠിനംകുളം എസ്.ഐ. ശ്രീ. ഹേമന്ദാണ് ഇതൊക്കെ ചെയ്തത്. അദ്ദേഹത്തിന് പട്ടികജാതിക്കാരെ കണ്ടാൽ എന്തോ കലി വന്നതുപോലെയാണ്. അദ്ദേഹത്തിനെതിരെ ഇതുവരെ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഇങ്ങനെയുള്ള പീഡനം ഇനിയും ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് ശക്തമായ നടപടിയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നാൽ എല്ലാം ശരിയാക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ ഒരു കാര്യം പ്രത്യേകം പറയേണ്ടതായിട്ടുണ്ട്. നമുക്കറിയാം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ, ദളിതർക്കെതിരായി പീഡനം നടക്കുമ്പോൾ നിയമപരമായി അവർക്കെതിരെ കേസ്സെടുക്കുന്നതിന് പകരം പലപ്പോഴും അവരെ രാഷ്ട്രീയത്തിന്റെ പേരിൽ സംരക്ഷിക്കാനാണ് നോക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ട്രെയിനിൽ വച്ചുണ്ടായ ദാരുണമായ സംഭവത്തിൽ പാവപ്പെട്ട ഒരു പെൺകുട്ടിയെ ട്രെയിനിൽ നിന്ന് തള്ളിയിട്ട് പീഡിപ്പിച്ച് കൊലപ്പെടുത്തിയ ഗോവിന്ദച്ചാമി എന്ന നീചനായ പ്രതിയെ സംരക്ഷിക്കാൻ നിലപാട് എടുത്ത ഗവൺമെന്റ് പാവപ്പെട്ട പല ദളിത് വിഭാഗങ്ങളേയും പീഡിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാർ നടപടിയെടുക്കാതെ നോക്കി നിൽക്കുന്ന കാഴ്ചയാണ് ഇന്ന് കാണാൻ കഴിയുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എല്ലാം ശരിയാകുമെന്നാണ് ബഹുമാനപ്പെട്ട മണിയാശാൻ ഇന്നലെ ഈ സഭയിൽ പറഞ്ഞത്. പലതും ശരിയായി എന്നാണ് അദ്ദേഹം ഇവിടെ അവകാശപ്പെട്ടത്. മണിയാശാനെക്കുറിച്ച് ഞങ്ങൾക്ക് നല്ല അഭിപ്രായമാണ്. കാരണം അദ്ദേഹം പറഞ്ഞാൽ, ഇടുക്കി ജില്ലയിൽ അദ്ദേഹത്തെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ് നാൻ ഒരു തടവ് ചൊന്നാൽ അത് നൂറ് തടവ് ചൊന്ന മാതിരി, മണിയാശാൻ ഒരു കാര്യം പറഞ്ഞാൽ ഇടുക്കി ജില്ലയിൽ അത് നടന്നിരിക്കുമെന്നാണ് പറയുന്നത്. മണിയാശാൻ പറഞ്ഞത് എന്താണ് എല്ലാം ശരിയായത്, ഇവിടെ ശരിയാക്കിയത് ആരെയാണ്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, മണിയാശാന്റെ ഗുരുവായ ശ്രീ. വി. എസ്. അച്ചുതാനന്ദനെയല്ലേ ആദ്യം ശരിയാക്കിയത്. അദ്ദേഹത്തിന് ഭരണപരിഷ്കാര കമ്മിറ്റിയുടെ ചെയർമാനാകാൻ വേണ്ടി മൂന്ന് പ്രാവശ്യമാണ് ശ്രീ. സീതാറാം യെച്ചൂരിക്ക് കത്തയയ്ക്കേണ്ടി വന്നത്. നിങ്ങൾ അദ്ദേഹത്തെ ആടിനെ പ്ലാവില കാണിച്ച് കൂട്ടിൽ കയറ്റുന്നതുപോലെ കൊണ്ടുപോയി എം.എൽ.എ. ഹോസ്റ്റലിൽ ആദ്യം തളച്ചില്ലേ, ആ എം.എൽ.എ. ഹോസ്റ്റലിൽ നിന്നും പുറത്തുകടക്കാൻ അദ്ദേഹത്തിന് പൊളിറ്റ് ബ്യൂറോയിലേയ്ക്ക് എത്രപ്രാവശ്യം കത്തയയ്ക്കേണ്ടിവന്നു. നിങ്ങൾ ആലോചിച്ചു നോക്കണം. അദ്ദേഹത്തിന്റെ പിറന്നാൾ കഴിഞ്ഞ ദിവസമായിരുന്നു. 93 വയസ്സ് പൂർത്തിയാക്കി. 93 വയസ്സ് പൂർത്തിയാക്കിയ അദ്ദേഹം ഈ 14-ാം കേരള നിയമസഭ അവസാനിക്കുമ്പോൾ

അദ്ദേഹത്തിന് 98 വയസ്സ കഴിഞ്ഞ് 99-ാം വയസ്സിലേക്ക് കടക്കം 99-ാം വയസ്സിൽ ഇന്ത്യൻ പാർലമെന്റിലും, കേരളത്തിലെ ഒരു നിയമസഭയിലും ഇദ്ദേഹത്തെപ്പോലെ ഒരാൾ കാണില്ല, അത് ചരിത്രത്തിന്റെ ഭാഗമായി മാറാൻ പോകുകയാണ്. അങ്ങനെയൊരാളെ വീണ്ടും അപമാനിക്കാൻവേണ്ടി ഭരണപരിഷ്കാര കമ്മിറ്റിയുടെ ചെയർമാൻ ആക്കിയശേഷം പി.എം.ജി.-യിൽ ഓഫീസ് അനുവദിച്ചിരിക്കുന്നു. സെക്രട്ടേറിയറ്റിൽ ഇടമില്ലാത്തതു കൊണ്ടാണോ? അദ്ദേഹത്തെ അപമാനിക്കാൻ വേണ്ടിയല്ലേ, പി.എം.ജി.യിൽ ഇരിക്കേണ്ടത് പോസ്റ്റ് മാസ്റ്റർ ജനറൽ ആണ്, ശ്രീ. വി. എസ്. അച്ചുതാനന്ദനല്ല. ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് സെക്രട്ടേറിയറ്റിൽ കൊടുത്തില്ലെങ്കിൽ ഈ അസംബ്ലിയുടെ ഏതെങ്കിലും ഒരിടത്ത് അദ്ദേഹത്തിന് കമ്മിറ്റി കൂടാൻ ഒരു ഓഫീസ് അനുവദിക്കണമെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് ഒരു കാര്യം കൂടി പറയാനുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ എച്ച്. ഒ. സി. എന്ന പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടൽ ഭീഷണിയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടുള്ള കാര്യമാണ്. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന എച്ച്.ഒ.സി. എന്ന പൊതുമേഖലാ സ്ഥാപനത്തെ രക്ഷിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടാൽ മാത്രമേ കഴിയുകയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതുപോലെയുള്ള പ്രതിസന്ധി വന്നു. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഇടപെട്ട് ആ പൊതുമേഖലാ സ്ഥാപനത്തെ പിടിച്ചു നിർത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഇത് ഉണ്ടാകണം. എച്ച്.ഒ.സി. യെ രക്ഷിക്കാൻ വേണ്ടി അങ്ങ് അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽ കൂടി ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നന്ദി, നമസ്കാരം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ)

ശ്രീമതി സി. കെ. ആശ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുന്നു. സ്വാതന്ത്ര്യത്തിന്റെ എഴുപതാണ്ടുകൾ പിന്നിടുമ്പോഴും ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ജാതി വിവേചനമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഹൈദ്രാബാദ് യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന രോഹിത് വെമുലയുടെ ആത്മഹത്യ. തന്റെ ആത്മഹത്യാകുറിപ്പിൽ "എന്റെ ജനനമാണ് എന്റെ മരണകാരണ"മെന്ന് അദ്ദേഹം എഴുതി വയ്ക്കുമ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സമൂഹത്തിലും ജാതിവിവേചനം എത്ര തീവ്രമാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കഴിഞ്ഞ ആഗസ്റ്റ് 15-ന് രാജ്യത്ത് സ്വാതന്ത്ര്യദിനാഘോഷം നടക്കുമ്പോൾ മഹാത്മാഗാന്ധി ജനിച്ച, ശ്രീ. നരേന്ദ്ര മോദി ഭരിച്ച ഗുജറാത്തിൽ ഡോ. ബി. ആർ. അംബേദ്കറുടെ പ്രതിമയിൽ ദളിത് സമൂഹങ്ങൾ ഒത്തുകൂടി ഒരു

സ്വാതന്ത്ര്യ പ്രതിജ്ഞയെടുത്തു. ഇനിമേൽ ഞങ്ങൾ തോട്ടിപ്പണി യെടുക്കുകയില്ലെന്നും ചത്ത പശുവിന്റെ മാംസം മറവ് ചെയ്യുന്നതുപോലെയുള്ള ജോലികളിൽ ഏർപ്പെടില്ലെന്നും അവർ പ്രഖ്യാപിച്ചു. ഇത് അവരുടെ സ്വാതന്ത്ര്യ പ്രഖ്യാപനമായിരുന്നു. ഇതിൽനിന്നെല്ലാം നാം മനസ്സിലാക്കേണ്ട കാര്യം ഇന്നും വിദ്യാഭ്യാസ മേഖലയിലും ജോലിയുടെ കാര്യത്തിലുമെല്ലാം ഇന്ത്യയിൽ ദളിത് വിഭാഗങ്ങൾ എവിടെ നിൽക്കുന്നുവെന്നുള്ളതാണ്. വഴി നടക്കാനോ അക്ഷരമഭ്യസിക്കാനോ അവകാശമില്ലാതിരുന്ന കാലഘട്ടത്തിൽ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് തഴയപ്പെട്ട ഒരു സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ച് ഉയർത്തുന്നതിന് ഭരണഘടനാ ശിൽപ്പി ഡോ. ബി. ആർ. അംബേദ്കർ ഭരണഘടനയിൽ സംവരണം പോലെയുള്ള തത്വങ്ങൾ എഴുതിച്ചേർത്തു. കാലാകാലങ്ങളിൽ സംവരണത്തിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക ജനവിഭാഗങ്ങൾ വിദ്യാഭ്യാസത്തിലും ഉദ്യോഗ കാര്യങ്ങളിലും മറ്റും ഉയർച്ചയുടെ പടവുകൾ കയറുന്നതിനിടയിലാണ് കേന്ദ്ര ഗവൺമെന്റ് സംവരണ തത്വത്തെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നത്. കേരളത്തിലെ സ്വകാര്യ മേഖലയിലെ ആധിപത്യം സവർണ്ണ സമുദായങ്ങൾക്കായിരിക്കെ, സ്വകാര്യ മേഖലയിൽ സംവരണം ഏർപ്പെടുത്തണമെന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആവശ്യം വർഷങ്ങൾ പിന്നിട്ടിട്ടും നടപ്പിലായിട്ടില്ല. ഇത്തരമൊരു സാഹചര്യത്തിൽ ഈ ജനവിഭാഗങ്ങൾ ആ കറുത്ത കാലഘട്ടത്തിലേയ്ക്ക് എത്തപ്പെടുമോയെന്ന് ഞാൻ ഭയപ്പെടുന്നു. ഈ സർക്കാരിന്റെ കാലത്തെങ്കിലും ഈ ആവശ്യം നടപ്പാക്കാനുള്ള തീരുമാനമെടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ വളരെ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു. വിവേകാനന്ദൻ കേരളം സന്ദർശിച്ച അവസരത്തിൽ ഇവിടെ നിലനിന്നിരുന്ന ചാതുർവർണ്ണ്യ വ്യവസ്ഥ കാരണം കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിക്കുകയുണ്ടായി. എന്നാൽ നവോത്ഥാന നായകരായ ശ്രീനാരായണ ഗുരുവിന്റെയും അയ്യങ്കാളിയുടെയും മന്നത്ത് പത്മനാഭന്റെയും ചട്ടമ്പി സ്വാമികളുടെയുമൊക്കെ പ്രവർത്തനഫലമായി ഭ്രാന്താലയമായിരുന്ന കേരളം ദൈവത്തിന്റെ സ്വന്തം നാടായി. എന്നാൽ നവോത്ഥാന നായകരുടെ വിപ്ലവകരമായ ആശയങ്ങളെ പ്രായോഗികതലത്തിൽ കൊണ്ടുവന്നതിനും സാമൂഹിക സമത്വം കൈവരിക്കുന്നതിനും കമ്മ്യൂണിസ്റ്റ് പാർട്ടി വഹിച്ച പങ്ക് നിഷേധിക്കാൻ കഴിയില്ല. ഭൂപരിഷ്കരണ നിയമവും ലക്ഷം വീട് പദ്ധതികളും പരമ്പരാഗത മേഖലയിൽ ഉണ്ടാക്കിയ വിവിധ ക്ഷേമ പദ്ധതികളും ഇതിൽ എടുത്ത് പറയാവുന്ന ഉദാഹരണങ്ങളാണ്. ചരിത്രത്തിന്റെ ഈ നീണ്ട പ്രക്രിയയിൽ ഒരിടത്തുപോലും ദളിത് പിന്നോക്കക്കാരുടെ ഒപ്പം നിൽക്കാത്തവർ ഇപ്പോൾ അവരുടെ വക്താക്കളും സംരക്ഷകരുമായി രംഗത്ത് വന്ന് അവിശുദ്ധ കൂട്ടുകെട്ടുണ്ടാക്കുന്നത് ലജ്ജാകരമാണ്. ഈ സാഹചര്യത്തിൽ പുതിയതായി അധികാരമേറ്റ ഇടതുപക്ഷ സർക്കാർ ദളിത് പിന്നോക്ക വിഭാഗങ്ങളുടെ

ഉന്നമനത്തിനായി എടുത്ത നടപടികളെ നമ്മൾ വിലയിരുത്തേണ്ടതാണ്. യാഥാർത്ഥ്യബോധവും ദീർഘവീക്ഷണവുമുള്ള പദ്ധതികൾക്കൊപ്പം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഓരോ ചുവടിലും ആത്മവിശ്വാസം നൽകുകയാണ് പുതിയ സർക്കാരിന്റെ ആത്യന്തികമായ ലക്ഷ്യം. ഇതിന് ആദ്യ ബഡ്ജറ്റിൽ തന്നെ പട്ടികജാതി വിഭാഗത്തിനായി 1038 കോടി രൂപയും പട്ടിക വർഗ്ഗ വികസനത്തിന് 208.38 കോടി രൂപയും അനുവദിച്ച സർക്കാരിനെ അഭിനന്ദിക്കുകയാണ്. മുൻകാലങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗങ്ങൾക്കായി മാറ്റിവയ്ക്കപ്പെട്ട തുക പൂർണ്ണമായി അവരുടെ കൈകളിൽ എത്തിച്ചേർന്നിട്ടില്ലെന്ന വസ്തുത നിലനിൽക്കെ അതിൽനിന്നെല്ലാം വ്യത്യസ്തമായി ഈ തുക അർഹരായവരുടെ കൈകളിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾകൂടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ഇന്ത്യയിൽ നടപ്പാക്കിവരുന്ന പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി എല്ലാ മേഖലകളിൽനിന്നും സർക്കാർ പിൻവാങ്ങുകയും അവിടെ സ്വകാര്യ കുത്തകകൾക്ക് പ്രവർത്തനാനുമതി നൽകിയ വഴി ഏറ്റവും കഷ്ടത്തിലായത് പിന്നോക്ക ദളിത് വിഭാഗക്കാരാണ്. വില്ലേജ് ആഫീസുകളിൽനിന്നും താലൂക്കാഫീസുകളിൽനിന്നും നേരത്തെ സൗജന്യമായി കിട്ടിയിരുന്ന സർട്ടിഫിക്കറ്റുകൾ ഇപ്പോൾ അക്ഷയവഴിയാണ് ലഭ്യമാകുന്നത്. എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് സർക്കാർ വക അപേക്ഷകളിൽ കോർട്ട് ഫീ സ്റ്റാമ്പ് കൊടുക്കേണ്ടിയിരുന്നില്ല. എന്നാൽ ഇപ്പോൾ അക്ഷയ കേന്ദ്രങ്ങൾ വഴി ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് മുതലായവ കൊടുക്കാൻ തുടങ്ങിയപ്പോൾ അപേക്ഷ ഒന്നിന് 30 രൂപ സർവ്വീസ് ചാർജായി ഇവർ നൽകേണ്ടിവരുന്നു. നേരത്തെ ഇത് ജാതി സംഘടനകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വില്ലേജ് ആഫീസറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും നൽകിയിരുന്ന ജാതി സർട്ടിഫിക്കറ്റ് ഇപ്പോൾ അക്ഷയകേന്ദ്രം വഴി രജിസ്റ്റർ ചെയ്താൽ ആറ് മാസത്തെ വാലിഡിറ്റി വച്ച് വിവിധ പർപ്പസിന് ഉപയോഗിക്കാമെന്നിരിക്കെ വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ഉണ്ടാകുന്നതിനും അനർഹർ ജാതിയുടെ ആനുകൂല്യങ്ങൾ നേടുന്നതിനുമിടയാകുന്ന ഒരവസ്ഥ നിലവിലുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഇതിന് ഉചിതമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റൊരു പ്രശ്നമുള്ളത് ഗവൺമെന്റ് തലത്തിൽ പിന്നോക്കക്കാരുടെ ഫയലുകൾ നീക്കാൻ ചില ഉദ്യോഗസ്ഥർ വിമുഖത കാട്ടുന്നുവെന്ന പൊള്ളുന്ന യാഥാർത്ഥ്യം. ഓരോ ഫയലിലും ഓരോ ജീവിതമാണുള്ളതെന്ന് നമ്മുടെ ജീവനക്കാർ പലപ്പോഴും മറന്നുപോകുന്നു. ഇതിനെതിരെ അടിയന്തരമായി അങ്ങയുടെ ശ്രദ്ധയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ആദിവാസി വിഭാഗങ്ങൾക്കും താമസിക്കുവാൻ സ്വന്തമായി വീടോ സ്ഥലമോ ഇല്ലാതിരുന്ന

സാഹചര്യത്തിൽ അവർക്ക് കോളനികൾ നൽകിയെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ കാലം ഇത്രയും കഴിഞ്ഞിട്ടും ഈ ജന വിഭാഗങ്ങളുടെ മുന്നേറ്റത്തെ ഇപ്പോഴും സമൂഹത്തിന്റെ ഒരു പ്രത്യേക അതിർവരമ്പിലേയ്ക്ക് മാറ്റിനിർത്തുന്നതിന് ഇത് വഴിയൊരുക്കുന്നു. ഇതൊഴിവാക്കാൻ അവർക്ക് ജനറൽ ഹൗസിംഗ് കോളനികളിൽ നിശ്ചിത ശതമാനം വീടുകൾ നൽകുകവഴി അവർക്കും അവരുടെ കുട്ടികൾക്കും മറ്റുള്ളവരുമായി ഇടപഴകുന്നതിനുള്ള അവസരമൊരുങ്ങും. കൂടാതെ പബ്ലിക് സ്കൂളുകളിൽ സീറ്റ് സംവരണം ചെയ്യുകവഴി മറ്റുള്ള കുട്ടികൾക്ക് ലഭ്യമാകുന്ന ഉയർന്ന വിദ്യാഭ്യാസം ഇവർക്കും കിട്ടുന്നതിനുള്ള സാഹചര്യമൊരുങ്ങുന്നു. തൊഴിലാണ് ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിൽ മുഖ്യ പങ്ക് വഹിക്കുന്നത്. ഡോക്ടറുടെ മകൻ ഡോക്ടറും പ്രൊഫസറുടെ മകൻ പ്രൊഫസറും ചെത്തു തൊഴിലാളിയുടെ മകൻ ചെത്തുതൊഴിലാളിയും കൂലിപ്പണിക്കാരന്റെ മകൻ കൂലിപ്പണിക്കാരനും ആകുന്ന ഒരു സാമൂഹ്യ പശ്ചാത്തലം ഇന്നും നില നിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഗവൺമെന്റ് സബ്സിഡി കൊടുക്കുന്ന സ്വകാര്യ മേഖലയിലെങ്കിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി ജോലിയുടെ കാര്യത്തിലുള്ള പട്ടികജാതിക്കാരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പിന്നോക്കക്കാരുടെ ഇത്തരം പ്രശ്നങ്ങളിൽ അടിയന്തരമായി അങ്ങ് ഇടപെടണമെന്നുകൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. കലയേയും സംസ്കാരത്തേയും തെറ്റായ രീതിയിലേയ്ക്ക് നയിക്കുന്ന സംഭവങ്ങൾ ഈ കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്നു. ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ് മലയാളികളുടെ സ്വന്തം ഓണസങ്കൽപ്പത്തെപ്പോലും തെറ്റായ രീതിയിൽ വ്യാഖ്യാനിക്കാൻ നടത്തുന്ന ശ്രമങ്ങൾ. സാംസ്കാരിക രംഗത്തെ ഇത്തരം പ്രവണതകളെ ചെറുക്കുവാനും മലയാളികളുടെ സാംസ്കാരിക ബോധത്തെ ശരിയായ തലത്തിലേയ്ക്ക് ഉയർത്തുവാനും ജാതിയില്ലാ വിളംബരത്തിന്റെ നൂറാമത് വാർഷികം സമുചിതമായി ആഘോഷിച്ചതിലൂടെ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് സാംസ്കാരിക രംഗത്തെ സർക്കാരിന്റെ വലിയ നേട്ടമാണ്. സാംസ്കാരിക വകുപ്പ് 40 കോടി രൂപ ചെലവിൽ എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന പ്രഖ്യാപനവും സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ മലയാള സാഹിത്യ കൃതികൾ ലോകത്തിന്റെ ഏത് കോണിലിരുന്നും വായിക്കാൻ ഡിജിറ്റലൈസേഷൻ നടത്തുമെന്ന പ്രഖ്യാപനവും യാഥാർത്ഥ്യമാകുന്നതോടുകൂടി കേരളം കണ്ട ഏറ്റവും മികച്ച മന്ത്രിമാരുടെ പട്ടികയിൽ അങ്ങ് ഇടംപിടിക്കുമെന്ന സന്തോഷം പങ്ക് വച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമനസ്സോടെ പിൻതാങ്ങുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം, വ്യവസായങ്ങൾ എന്നീ

ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. പ്രതിപക്ഷത്തു നിന്നും എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. വി. പി. സജീന്ദ്രൻ സംസാരിച്ചു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആദ്യഭാഗം മുഴുവൻ ദേശീയ തലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചുള്ള കണക്കുകൾ വച്ച് വളരെ മനോഹരമായൊരു പ്രസംഗമായിരുന്നു. പക്ഷെ അതിന്റെ അവസാനഭാഗത്ത് വന്നപ്പോൾ അദ്ദേഹത്തിന് സ്ഥലജലഭ്രമം പിടിപെട്ടോയെന്ന് സംശയമുണ്ട്. അതായത് ഈ ഗോവിന്ദച്ചാമിയെ ആരോ രക്ഷിക്കാൻ ശ്രമിക്കുന്നു എന്നൊക്കെ പറഞ്ഞു. അദ്ദേഹം കൂടി അംഗമായിരുന്ന മുൻ ഗവൺമെന്റ്, അദ്ദേഹം അന്ന് എം.എൽ.എ. യാണ്. അക്കാലത്ത് സൗമ്യ വധക്കേസ്സുമായി ബന്ധപ്പെട്ടുകൊണ്ട് സുപ്രീംകോടതിയിൽ വാദിക്കേണ്ട പ്രോസിക്യൂട്ടറെ...

<u>മി. ചെയർമാൻ</u>: യെസ് പോയിന്റ് ഓഫ് ഓർഡർ...

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: അല്ല ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് പറയാം..എന്റെ സമയം കഴിഞ്ഞിട്ട് പറയാം. അതുകൊണ്ട്...

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ്?

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: അതുകൊണ്ട്....

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഞാൻ പ്രസംഗിച്ചതിനെ കുറിച്ച് സ്ഥലജലവിഭ്രാന്തി പിടിച്ചു എന്ന് പറഞ്ഞ വാക്ക് രേഖയിൽ ഉണ്ടാകാൻ പാടില്ല. അതിന് റൂളിംഗ് വേണം. അത് രേഖയിലുണ്ടാകാൻ പാടില്ല.

<u>മി. ചെയർമാൻ</u>: സ്ഥലജലവിഭ്രാന്തി....അത് അങ്ങനെയുള്ള ഒരു വാക്കല്ല.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സ്ഥലത്തെ സംബന്ധിച്ചുള്ള തന്റെ ധാരണയ്ക്ക് കുറവുണ്ടായെന്ന് മാത്രമേ അതിന് അർത്ഥമുള്ളൂ. സ്ഥലജലവിഭ്രാന്തി എന്ന് പറഞ്ഞാൽ അതൊരു മോശപ്പെട്ട പദമൊന്നുമല്ല. നല്ല പദമാണ്. അദ്ദേഹം ഗോവിന്ദച്ചാമിക്ക് ഗുക്ക് കയർ കൊടുക്കാതിരുന്നതുമായി ബന്ധപ്പെട്ടാണ് പറഞ്ഞത്. മുൻ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ സുപ്രീംകോടതിയിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ മാറ്റി നിശ്ചയിച്ചത് ആരാണ് എന്ന് അന്ന് അദ്ദേഹത്തിന്റെ നേതാവായിരുന്നവരോട് മാത്രം ചോദിച്ചാൽ അതിന് ഉത്തരം കിട്ടും. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. എന്തുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനകാലത്ത് സംഭവിച്ച ജിഷാ വധക്കേസ്സിനെക്കുറിച്ച് അദ്ദേഹം ഒന്നും പറയാതിരുന്നത്? ജിഷാ വധക്കേസ് അന്വേഷണം വഴിതെറ്റിപ്പോയ സന്ദർഭത്തിലാണ് ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ

വരുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജിഷയുടെ മരണകാരണത്തെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക പോലീസ് സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിയെന്ന് മാത്രമല്ല ഗവൺമെന്റ് ചില വാഗ്ദാനങ്ങൾ മുന്നോട്ട് വച്ചിരുന്നു. അതിലൊന്ന് കുറ്റവാളിയെ കണ്ടെത്തുമെന്നും ജിഷയുടെ അമ്മയ്ക്ക് വീട് വച്ച് നൽകുമെന്നതുമായിരുന്നു. 45 ദിവസം കൊണ്ട് വീട് പൂർത്തീകരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ അവർക്ക് നല്കിയതും ജിഷയുടെ സഹോദരിക്ക് സർക്കാർ ജോലി കൊടുത്തതും വിസ്മരിച്ചുകൊണ്ട് അദ്ദേഹം ആ വശത്ത് നിന്ന് ഒളിച്ചോടിയത് ശരിയായില്ലെന്ന് മാത്രമേ അത് സംബന്ധിച്ച് പറയാനുള്ളൂ. മറ്റ് മേഖലയിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിന്റെ വ്യാവസായിക മേഖലയ്ക്ക് പുതിയ ഉണർവ്വും പ്രതീക്ഷയും പ്രദാനം ചെയ്യുന്ന ഒരു ബഡ്ജറ്റാണ് അങ്ങ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ വ്യവസായ മേഖല ഇന്ന് ഏറെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. നാം അതെല്ലാം പല ഘട്ടങ്ങളിലായി ചർച്ച ചെയ്യുന്നുണ്ട്. പൊതുസ്വകാര്യ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിച്ച് വ്യവസായ വികസനം സാധ്യമാക്കി മികച്ച നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റും എന്നതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ലക്ഷ്യം. യു.ഡി.എഫ്.ന്റെ കാലത്ത് സർവ്വനാശത്തിലേയ്ക്ക് തള്ളിയിട്ട കേരളത്തിലെ വ്യവസായ ശാലകളെല്ലാംതന്നെ നഷ്ടത്തിൽ നിന്നും ലാഭത്തിലേയ്ക്ക് കൊണ്ടുവരാനും അവരുടെ പ്രവർത്തന മേഖല വിപുലീകരിച്ചുകൊണ്ട് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാനുമുള്ള അത്യന്തം ശ്രമകരമായ ദൗത്യമാണ് കഴിഞ്ഞ നൂറ് നൂറ്റിനാല്പത് ദിവസം കൊണ്ട് ഈ ഗവൺമെന്റ് ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ മിനി ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിക്കാനെടുത്ത തീരുമാനം അതിലൊന്നാണ്. കെ.എസ്.ഐ.ഡി.സി.ക്ക് സ്റ്റാർട്ട് അപ്പ് പദ്ധതികളുടെ ഭാഗമായി കളമശ്ശേരി കോളേജ് ഓഫ് സോഷ്യൽ സയൻസിൽ ഇൻക്യൂബേഷൻ സെന്റർ ആരംഭിക്കാനുള്ള തീരുമാനം അതിൽ മറ്റൊന്നാണ്. വ്യവസായ നിക്ഷേപ മേഖലയിൽ അപേക്ഷിച്ചാൽ 30 ദിവസത്തിനകം അനുമതി കിട്ടുമെന്നുള്ള പ്രഖ്യാപനം നടത്തിയത് ഈ ഗവൺമെന്റിന്റെ വ്യവസായ വകുപ്പുമന്ത്രി കൂടിയാണ്. സാമ്പത്തിക, സാങ്കേതിക, മാനവശേഷി, വിപണനം, മാനേജ്മെന്റ്, ഭരണ നടത്തിപ്പ് തുടങ്ങിയ മേഖലകളിലൊക്കെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വേണ്ടത്ര ശ്രദ്ധകൊടുക്കാതെ വന്നതിനെത്തുടർന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ "കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലി" എന്ന സമീപനം സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് യു.ഡി.എഫ്. ഭരണകാലത്ത് പൊതുമേഖല തകർച്ച നേരിടേണ്ടി വന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2004-05-ൽ കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങൾ 208 കോടി

രൂപയുടെ നഷ്ടമാണ് കാണിച്ചിരുന്നത്. തുടർന്ന് സഖാവ് വി.എസ്.-ന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനെത്തുടർന്ന് 2009-10-ൽ കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങൾ 666 കോടി രൂപയുടെ ലാഭമുണ്ടാക്കി. 2011 ആയപ്പോൾ ആ ഗവൺമെന്റ് പോയി. 2013-14 ആയപ്പോൾ ഇതേ വ്യവസായ ശാലകൾ 422 കോടി രൂപയുടെ നഷ്ടത്തിലേയ്ക്ക് എത്തി. അങ്ങനെയൊരു നഷ്ടത്തിലേക്ക് എത്തിക്കാൻ യു.ഡി.എഫ്.-ഉം ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ആളുകളും വല്ലാതെ ബുദ്ധിമുട്ടിയിട്ടുണ്ടെന്ന് അവരുടെ നടപടികളൊക്കെ പരിശോധിച്ചാൽ കാണാൻ സാധിക്കും. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി ഇതാണെങ്കിൽ പരമ്പരാഗത മേഖലയിലെ കൈത്തറി, കശുവണ്ടി, കയർ, ഖാദി, കളിമൺ പാത്ര നിർമ്മാണം തുടങ്ങി ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുത്തിരുന്ന കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ വലിയ സംഭാവന നൽകിയിട്ടുള്ള കേരളത്തിന്റെ പരമ്പരാഗത മേഖലയാകെ തകർത്ത് തരിപ്പണമാക്കിയ ഒരു കാലമായിരുന്നു കഴിഞ്ഞ 5 വർഷക്കാലം എന്ന് നമുക്ക് കാണാൻ സാധിക്കും.

കേരളത്തിലെ ആധുനിക വ്യവസായങ്ങൾ ഇന്ന് നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രതിസന്ധി ഊർജ്ജവുമായി ബന്ധപ്പെട്ടാണ്. വൈദ്യുതിയുടെ വിലക്കൂടുതൽ, വൈദ്യുതി ലഭ്യമാക്കുന്നതിലുള്ള ബുദ്ധിമുട്ട്, വൈദ്യുത ഊർജ്ജോല്പാദന രംഗത്തെ കുറവ് ഇതെല്ലാം കേരളത്തിലെ പല വ്യവസായശാലകളേയും പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ടി.സി.സി. പോലുള്ള വ്യവസായശാലകൾ-55 ശതമാനം അതിന്റെ അസംസ്കൃത വസ്തു എന്ന് പറയുന്നത് വൈദ്യുതിയാണ്. അതുകൊണ്ട് തന്നെ വൈദ്യുതിയുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ടി.സി.സി. പോലുള്ള വ്യവസായശാലകളെ തകർച്ചയിലേയ്ക്ക് എത്തിക്കും. ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന ലക്ഷ്യത്തോടുകൂടിയാണ് എൽ.എൻ.ജി. ടെർമിനൽ - വിദേശത്ത് നിന്ന് പ്രകൃതി വാതകം കൊണ്ടുവന്ന് കേരളത്തിന്റെ ഊർജ്ജോല്പാദന രംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാക്കാൻ സാധ്യമായ എൽ.എൻ.ജി. ടെർമിനലും അതിന്റെ പൈപ്പ് സ്ഥാപിക്കലും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ പൈപ്പിടലിന്റെ കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ല. നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ കായംകുളത്തുള്ള പവർ പ്ലാന്റിലേയ്ക്ക് പൈപ്പിടുന്നതിനുള്ള ശ്രമം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉപേക്ഷിക്കുകയാണ് ചെയ്തത്. കോയമ്പത്തൂരിലേയ്ക്കും മംഗലാപുരത്തേയ്ക്കുമുള്ള പൈപ്പിടൽ അന്ന് ഉപേക്ഷിച്ചു. സിറ്റിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കളമശ്ശേരി മണ്ഡലത്തിൽ 5 വീടുകൾക്ക് കണക്ഷൻ കൊടുത്തു എന്നതൊഴിച്ചാൽ മറ്റൊരു നടപടിയും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടില്ല.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധികളുമായി ചർച്ച നടത്തി പൈപ്പ് ലൈൻ യുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തീകരിക്കാനാവശ്യമായ നീക്കം നടത്തുകയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് ഞങ്ങൾക്ക് പറയാനുള്ളത് ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ കാര്യങ്ങൾ നിർവ്വഹിക്കാനാവശ്യമായ തയ്യാറെടുപ്പ് നിങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്നാണ്. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നതിന് മുൻപ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വ്യവസായ വകുപ്പിൽ നടന്ന ചില ക്രമക്കേടുകളെ സംബന്ധിച്ച് പറയേണ്ടതുണ്ട്. നിരവധി വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വേണ്ടി രൂപീകരിച്ച സിഡ്കോയുടെ സ്ഥിതിയെന്താണ്? സിഡ്കോയെ ആരാണ് തകർത്തത്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉത്തർപ്രദേശിലെ കോർപ്പറേറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മുപ്പതിനായിരം ടൺ ഡൈഅമോണിയം ഫോസ്ഫേറ്റ് നൽകാമെന്ന കാരറുമായി ബന്ധപ്പെട്ട് ഒരു വിദേശ സ്ഥാപനത്തിൽ നിന്നും 4,78,000 ഡോളർ വാങ്ങിയെടുക്കാനുള്ള നടപടി സ്വീകരിച്ചു. എന്നിട്ട് അത് ഉത്തരപ്രദേശ് സ്ഥാപനത്തിന് കൈമാറി അവർ ആ പണം മാറിയെടുത്തു. ഇപ്പോൾ ഈ വിദേശി സിഡ്കോയോട് പണം ആവശ്യപ്പെട്ടിരിക്കുകയാണ്. പണമെവിടെപ്പോയി? ഇതൊരു അഴിമതിയാണെങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സിഡ്കോയുമായി ബന്ധപ്പെട്ട് തന്നെ കായംകുളത്തെ കായലിൽ നിന്നും....

മി. ചെയർമാൻ: യെസ്.....പ്ലീസ്.....ബഹുമാനപ്പെട്ട മെമ്പർ...

ശ്രീ. ജോൺ ഫെർണാണ്ടസ്: മണൽ വാരൽ....ഒരു മിനിട്ട്...മണൽ വാരലുമായി.....ഇതുകഴിഞ്ഞിട്ട് വഴങ്ങാം...കായംകുളത്തെ കായലിൽ നിന്നും മണൽ വാരലുമായി ബന്ധപ്പെട്ട് ഒരു കരാർ.......

മി. ചെയർമാൻ: യെസ്. ബഹുമാനപ്പെട്ട മെമ്പർ പോയിന്റ് ഓഫ് ഓർഡർ...

ശ്രീ. ജോൺ ഫെർണാണ്ടസ്: എനിക്ക് സമയം തരണം സർ..

ശ്രീ. വി. ഡി. സതീശൻ: പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ സമയം കിട്ടും. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോൾ അഴിമതി ആരോപണമാണ് ഉന്നയിക്കുന്നത്. അഴിമതി ആരോപണം ഉന്നയിക്കുന്നതുകൊണ്ട് വിരോധമില്ല. പക്ഷെ അഴിമതി ആരോപണമുന്നയിക്കണമെങ്കിൽ റൂൾസ് ഓഫ് പ്രൊസീജ്വർ അനുസരിച്ച് റൂൾ 285 പ്രകാരം മുൻകൂട്ടി സ്പീക്കർക്ക് കൊടുത്ത് അനുമതിയോടുകൂടി വേണം പറയാൻ. മാത്രമല്ല ആർക്കെതിരായിട്ടാണ് അഴിമതി ആരോപണം ഉന്നയിക്കുന്നത് അവർക്ക് അതിന്റെ നോട്ടീസും പോകണം. ഈ സഭയിൽ ചില നടപടിക്രമങ്ങളുണ്ട്. അപ്പോൾ അഴിമതി ആരോപണ

ത്തിലേയ്ക്കോ അതിന്റെ കണ്ടന്റിലേക്കോ മെറിറ്റിലേക്കോ അല്ല പോകുന്നത്. ഒരു പ്രോസീജ്വറുണ്ട്. ആ പ്രോസീജ്വർ ഫോളോ ചെയ്യണം. അത് ഓർഡറിലല്ല. റൂൾ 285 അനുസരിച്ച് അങ്ങ് അത് രേഖകളിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, സിഡ്കോയെ സംബന്ധിച്ച് നേരത്തെ ഉയർന്നുവന്ന ആരോപണങ്ങളെക്കുറിച്ച് വ്യവസായ വകുപ്പുതന്നെ അന്വേഷണം ആവശ്യപ്പെട്ട് വിജിലൻസിന് കൊടുത്തിട്ടുള്ള ഒരു വസ്തുതയാണ് പറഞ്ഞത്. ആ വസ്തുതയുടെ പ്രധാന പ്രതി അന്നത്തെ സിഡ്കോയുടെ എം.ഡി. തന്നെയാണ്. ഉള്ളതു പറഞ്ഞാൽ കള്ളിക്കു തുള്ളും. അതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.

മി. ചെയർമാൻ : അങ്ങയുടെ സമയം കഴിഞ്ഞു. അവസാനിപ്പിക്കണം.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കായംകുളത്ത് മണൽവാരലുമായി ബന്ധപ്പെട്ട് സുകൃതകിരൺ സോഫ്റ്റ്‌വെയർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ടുകൊണ്ട് വിജിലൻസ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെക്കാളെല്ലാം അപകടകരമായ ഒന്ന് ഈ ഗവൺമെന്റിന്റെ കാലത്ത്, കഴിഞ്ഞ 14 -ാം കേരള നിയമസഭയുടെ........ ഞാൻ വഴങ്ങുന്നില്ല.

മി. ചെയർമാൻ : അങ്ങ് പ്രസംഗം കൺക്ലൂഡ് ചെയ്യണം.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ എറണാകുളത്ത് കടവന്ത്രയിലുള്ള സിഡ്കോയുടെ 5.13 ഏക്കർ ഭൂമി ഭീമാ ജുവലറിക്ക് കൈമാറാൻ എടുത്ത തീരുമാനം സംബന്ധിച്ച് ഒരു സബ്മിഷൻ കൊണ്ടുവന്നു. ബഹുമാനപ്പെട്ട അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ആ സബ്മിഷന് മറുപടി കൊടുത്തു.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ഞാൻ വഴങ്ങുന്നില്ല. എന്റെ സമയം അപഹരിക്കാൻ കഴിയില്ല. എന്റെ സമയം എനിക്ക് വേണം. .....ബഹുമാനപ്പെട്ട തിരുവഞ്ചൂർ അങ്ങ് ക്ഷമിക്കണം. .....

മി. ചെയർമാൻ : പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, റൂൾ 285 ആക്ഷേപം പറയുന്ന കാര്യത്തെക്കുറിച്ചാണ്. റൂൾ 286 എനിക്ക് ഇന്റർഫിയർ ചെയ്യാനുള്ള അവകാശമാണ്. റൂൾ 286 അനുസരിച്ച് ഒരു ഡിസ്കഷന്റെ മധ്യത്തിൽ മെമ്പർക്ക് ഇന്റർഫിയർ ചെയ്യാൻ കഴിയും. റൂൾ 286 അനുസരിച്ച് ശ്രീ. വി.ഡി. സതീശൻ

പറഞ്ഞ കാര്യങ്ങൾ പറയുന്നു. സമയം ചുരുക്കി എടുക്കാനാണ് ഞാനത് വിശദീകരിക്കാത്തത്. ഇവിടെ വളരെ പ്രകടമായ ഒരു റൂളിന്റെ ലംഘനത്തെക്കുറിച്ച് പറഞ്ഞു. അങ്ങ് അതിനെക്കുറിച്ച് പരിശോധിക്കുമെന്നെങ്കിലും പറയണ്ടേ? ഇവിടെ ഒരു റൂളിംഗ് ഉണ്ടാകണ്ടേ? ചെയറിന്റെ റൂളിംഗ് ഇല്ലാതെ വീണ്ടും ഇങ്ങനെയൊന്നും സംഭവിച്ചിട്ടില്ല എന്ന മട്ടിൽ നീങ്ങുന്നത് ശരിയാണോ? അതുകൊണ്ട് റൂൾ 285 അനുസരിച്ച് ഈ കാര്യത്തെക്കുറിച്ച് ചെയറിന്റെ അഭിപ്രായം പറയണം. അതല്ല, ഇതാണ് കീഴ്വഴക്കമെങ്കിൽ ഒരു കുഴപ്പവുമില്ല. നമുക്ക് ആ രൂപത്തിലേയ്ക്ക് പോകാം. കീഴ്വഴക്കം ഇത് അല്ല എന്നുണ്ടെങ്കിൽ അങ്ങേയ്ക്ക് അത് പരിശോധിച്ച് പറയാനുള്ള ഉത്തരവാദിത്തമുണ്ട്.

ശ്രീ. എസ്. ശർമ്മ : സർ, ഇവിടെ ശ്രീ. ജോൺ ഫെർണാണ്ടസ് ഏതെങ്കിലും ഒരു വ്യക്തിയുടെ പേരെടുത്ത് പ്രത്യേകമായി പറഞ്ഞിട്ടില്ല. ഒരു വകുപ്പിൽ ഒരു ഏജൻസി നടത്തിയ കരാറും അതുമായി ബന്ധപ്പെട്ട ആരോപണങ്ങളും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പറഞ്ഞതാണ്. ഇവിടെ ബഹുമാനപ്പെട്ട തിരുവഞ്ചൂരും ശ്രീ. വി. ഡി. സതീശനും പറഞ്ഞതനുസരിച്ച്, റൂൾ 284 പ്രകാരം ഒരു ആക്ഷേപം ഒരാൾക്കെതിരായി ഉന്നയിക്കണമെന്നുണ്ടെങ്കിൽ എഴുതി കൊടുത്ത് ഉന്നയിക്കണമെന്നുള്ളത് ശരിയാണ്. ഇത് ഒരു വ്യക്തി എന്നുള്ള നിലയ്ക്ക് ഏതെങ്കിലും പറഞ്ഞിട്ടുണ്ടോ? എന്താണ് അത് ഏറ്റുപിടിക്കേണ്ട കാര്യം? അങ്ങനെയൊരു പ്രശ്നമില്ല.

മി. ചെയർമാൻ : സാധാരണഗതിയിൽ സഭയിൽ മന്ത്രിമാർക്കെതിരെ, വകുപ്പിനെതിരെയുള്ള ആരോപണങ്ങൾ എഴുതി തന്നാണ് ഉന്നയിക്കുന്നത്. അങ്ങനെയെ പാടുള്ളൂ. എന്നാൽ ഇപ്പോൾ ഇതു സംബന്ധിച്ച് അങ്ങനെ ഉണ്ടായിട്ടില്ല. പുതിയ ആരോപണമായി വന്നതല്ല. നേരത്തെ വന്ന കാര്യങ്ങൾ പരാമർശിച്ചതാണ്. എന്തായാലും അതിനെ സംബന്ധിച്ച് പരിശോധിക്കാം. ബഹുമാനപ്പെട്ട മെമ്പർ അങ്ങേയ്ക്ക് പറഞ്ഞ് അവസാനിപ്പിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ബഹുമാന്യനായ വി. എസ്. അച്യുതാനന്ദൻ 11-7-2016-ൽ സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചു. എറണാകുളം കടവന്ത്രയിലുള്ള സിഡ്കോയുടെ 5.13 ഏക്കർ ഭൂമി ഭീമാ ജൂവലറിക്ക് കൈമാറാൻ എടുത്ത തീരുമാനത്തെ സംബന്ധിച്ചായിരുന്നു അത്. 100 കോടി രൂപ വിലയുള്ള ഭൂമി 80 വർഷത്തേയ്ക്ക് കേവലം നിസ്സാരമായ ഏതാനും കോടികൾ വാങ്ങി പാട്ടത്തിന് കൊടുക്കാൻ എടുത്ത തീരുമാനത്തെ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. പി. ജയരാജൻ ഇടപെട്ട് കർക്കശമായി നിർത്തലാക്കാനും അതിനെ സംബന്ധിച്ച് അന്വേഷിക്കാനും തീരുമാനിച്ചു. അങ്ങനെ അന്വേഷിക്കാൻ തീരുമാനിച്ചപ്പോൾ ഭൂമി കിട്ടുമായിരുന്ന ഈ ജൂവലറിക്കാരുടെ ഹാലിളകി. അവർ കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾക്ക് എല്ലാ മാസവും വല്ലാത്ത തോതിൽ പരസ്യവും മറ്റും കൊടുക്കുന്നവരാണ്. ആ

പരസ്യത്തിന്റെ ഫലമായി മാധ്യമങ്ങൾ ഈ ഗവൺമെന്റിനെയും വ്യവസായവകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീ. ഇ. പി. ജയരാജിനെയും വളഞ്ഞിട്ട് ആക്രമിക്കാൻ തുടങ്ങി. ആ ആക്രമണത്തിന്റെ ഭാഗമായിട്ടാണ് നിങ്ങൾ അദ്ദേഹത്തിനെതിരായി ഇല്ലാത്ത ആരോപണങ്ങൾ കൊണ്ടുവന്നത്. കൂരിരുട്ടിൽ ഇല്ലാത്ത കരിമ്പൂച്ചയെ തപ്പുന്ന പ്രതിപക്ഷത്തിന്റെ ഈ നിലപാട് കഴിഞ്ഞ അഞ്ചുകൊല്ലക്കാലം അവർ ഭരിച്ചുമുടിച്ച കേരളത്തിന്റെ വ്യവസായ മേഖല, അങ്ങനെയുള്ള വ്യവസായ മേഖലയെ പുത്തൻ ഉണർവ്വിലേയ്ക്ക് നയിക്കാനാണ് സഖാവ് ശ്രീ. ഇ. പി. ജയരാജൻ ശ്രമിച്ചത്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോയിരുന്നെങ്കിൽ കേരളത്തിലെ വ്യവസായമേഖല കുറെക്കൂടി മുന്നോട്ടു പോകുമെന്നതായിരുന്നു യാഥാർത്ഥ്യം. കേരളത്തിന്റെ വ്യവസായ മേഖലയെയും പൊതുമേഖലയെയും സംരക്ഷിച്ചുകൊണ്ട് ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും കേരളത്തിന്റെ വളർച്ചക്ക് നിദാനമായ പ്രവർത്തനങ്ങളും ഏറ്റെടുക്കുമെന്നാണ് ഞങ്ങൾ കണക്കാക്കുന്നത്. അതിന് സഹായകരമായ ഈ ധനാഭ്യർത്ഥനയെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യനായ ജോൺ ഫെർണാണ്ടസ്, യു.ഡി.എഫ്.-ന്റെ കാലത്ത് വ്യവസായ വകുപ്പിൽ നടന്നതായി പറഞ്ഞ കാര്യങ്ങളിൽ പലതും അദ്ദേഹത്തിന് ആ കാര്യങ്ങളെ സംബന്ധിച്ച് ശരിയായ ധാരണ ഇല്ലാത്തതുകൊണ്ട് പറഞ്ഞതാണ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് അതിനുമുമ്പ് ഉണ്ടായിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നിയമിച്ച പല ഉദ്യോഗസ്ഥരെയും അതാത് സ്ഥാനങ്ങളിൽത്തന്നെ ഇരുത്തി എന്നുള്ളതാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്ത തെറ്റ്. അതിലേറ്റവും പ്രധാനപ്പെട്ടത് ഇപ്പോൾ ആരോപണം ഉന്നയിച്ച ഉദ്യോഗസ്ഥൻ വ്യവസായവകുപ്പിൽ നിയമിതനായത് എന്റെ ഓർമ്മ ശരിയാണെങ്കിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ആ ഉദ്യോഗസ്ഥന്റെ പേര് ബഹുമാന്യനായ എന്റെ സുഹൃത്ത് ജോൺ ഫെർണാണ്ടസ് പറഞ്ഞില്ല. പക്ഷേ, ആ ഉദ്യോഗസ്ഥൻ വ്യവസായവകുപ്പിൽ നിയമിതനായത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിയമിക്കപ്പെട്ട എം.ഡി.-മാർ എല്ലാവരും തുടർന്നു. പുതിയ ഗവൺമെന്റ് വന്നിട്ട് പുതിയ എം.ഡി.-മാരെ നിയമിക്കുന്നില്ല, പഴയ എം. ഡി. -മാരെ മാറ്റുന്നില്ല എന്ന് പലരും ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. പക്ഷേ, പലരെയും തുടരാൻ അനുവദിച്ചിരുന്നു. അപ്പോൾ അതൊരു അവാസ്തവമായ പ്രസ്താവനയാണ്. കഴിഞ്ഞ ഗവൺമെന്റിനോ അതിലെ മന്ത്രിമാർക്കോ മുഖ്യമന്ത്രിക്കോ ഒന്നും ആ

വിഷയത്തിൽ താല്പര്യവുമുണ്ടായിരുന്നില്ല. ഇപ്പോൾ ഭീമാ ജൂവലറിയുടെ പ്രശ്നം പറഞ്ഞു. ഉദ്യോഗസ്ഥതലത്തിൽ അതിനെപ്പറ്റി ഡിസ്കഷനും കാര്യങ്ങളുമൊക്കെ നടന്ന് അത് ഫയലായി കഴിഞ്ഞപ്പോൾ അന്നത്തെ വ്യവസായവകുപ്പുമന്ത്രിതന്നെ അതിന് നടപടി ആവശ്യമില്ലെന്ന് പറഞ്ഞ് സ്റ്റേ ചെയ്തു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഈ നിയമസഭയിൽ ഒരു സബ്മിഷൻ ഉന്നയിച്ചപ്പോൾ അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ഇ. പി. ജയരാജൻ വളരെ ശക്തമായി ആ പദ്ധതി ഇല്ല, അതൊരിക്കലും അനുവദിക്കില്ല എന്നുപറഞ്ഞത് ഞാൻ ഓർക്കുന്നുണ്ട്. ആര് കൊടുക്കാൻ തീരുമാനിച്ചു; അതിന് രാഷ്ട്രീയമായൊരു തീരുമാനം എടുത്തോ; അതാണ് യഥാർത്ഥത്തിലുള്ള പ്രശ്നം. അതുകൊണ്ട് അവാസ്തവമായ പ്രസ്താവന നിയമസഭയിൽ നടത്തുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. ഞാൻ എന്റെ വിഷയത്തിലേയ്ക്ക് കടക്കുകയാണ്. പൊതുമേഖലയെ ശക്തിപ്പെടുത്തുന്ന തോടൊപ്പം സ്വകാര്യ മേഖലയെയും സംയുക്ത മേഖലയെയും ശക്തിപ്പെടുത്തുന്ന ഒരു വ്യവസായ നയം ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ കേരളത്തിന്റെ വ്യവസായ രംഗം മുരടിച്ച് പോകും. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് വളരെ ആവേശത്തോടുകൂടി എല്ലാവരും സംസാരിക്കുകയുണ്ടായി. വാസ്തവത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഖജനാവ് കാലിയാക്കുന്ന വെള്ളാന ആണെന്നുള്ള കാര്യത്തിൽ ശക്തമായ അഭിപ്രായമുണ്ട്. അത് പരിശോധിക്കുമ്പോൾ പലപ്പോഴും മനസ്സിലാകുന്ന സത്യവും അതുതന്നെയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിന് ആവശ്യമാണ്. ജനാധിപത്യ സംവിധാനത്തിലും പുരോഗമന ജനാധിപത്യ ഗവൺമെന്റു കളുമൊക്കെയുള്ള കാലത്തും പൊതുമേഖലാസ്ഥാപനങ്ങൾ സംരക്ഷിക്കപ്പെടണം. വ്യവസായ രംഗം വളരണമെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളോടൊപ്പംതന്നെ സ്വകാര്യ മേഖലയും സംയുക്ത മേഖലയും ശക്തിപ്പെടണം അല്ലെങ്കിൽ വ്യവസായ രംഗം ശക്തിപ്പെടില്ല എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആരുടെ ഭരണകാലത്ത് ആയാലും പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഇഷ്ടം പോലെ തുക അനുവദിക്കാൻ സാധിക്കുമോ? നമ്മുടെ സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ നൂറോളം പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ഈ നൂറോളം വ്യവസായ സ്ഥാപനങ്ങളിൽ 10 സ്ഥാപനങ്ങൾ മാത്രമാണ് സ്ഥിരമായി, സസ്റ്റെയിനബിളായി ലാഭമുണ്ടാക്കുന്നത്. ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് എല്ലാവർഷവും ബഡ്ജറ്റ് സപ്പോർട്ട് കൊടുക്കാൻ ഏതെങ്കിലും ഗവൺമെന്റിന് സാധിക്കുമോ? അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഒരു രാഷ്ട്രീയസമവായം അനിവാര്യമാണ്. ജനങ്ങളുടെ നികുതിപ്പണം, വായ്പ എടുക്കുന്ന പണം, ഓവർഡ്രാഫ്റ്റ്

തുടങ്ങിയവ മുഴുവൻ പ്രസ്തുത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ തിന്നുമുടിക്കുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകും. വൺടൈം ആയി ഇത് സെറ്റിൽ ചെയ്തുകൊണ്ട് ഒരു ഫെസിലിലേറ്ററുടെ റോളിൽ ഗവൺമെന്റ് നിൽക്കുന്ന ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. ആ സ്ഥാപനങ്ങൾ സ്വയം വളർന്നുവരട്ടെ, അതിനുള്ള ആലോചന ഈ ഗവൺമെന്റ് നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ബഹുമാന്യനായ മുൻ വ്യവസായ വകുപ്പുമന്ത്രി രാജിവച്ച ശേഷം നടത്തിയ പ്രസംഗത്തിൽ വ്യവസായ രംഗത്തെക്കുറിച്ച് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തുകയുണ്ടായി. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കിയിരുന്ന ഒരു വ്യവസായം മലബാർ സിമന്റ്സ് ആണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മലബാർ സിമന്റ്സിൽ നിന്ന് 166 കോടി രൂപ ലാഭമുണ്ടാക്കി. ശ്രീ. ഇ. പി. ജയരാജൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അതിൽനിന്നും 20 കോടി രൂപ ലാഭമുണ്ടായിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ഇന്ന് പൂട്ടി കിടക്കുകയാണ്. അത് തുറക്കാനുള്ള സംവിധാനം ഉണ്ടാക്കണം. സിമന്റിന്റെ കാര്യത്തെ സംബന്ധിച്ച് നേരത്തെ ഇവിടെ ശ്രീ. പി. ടി. തോമസ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കേരളത്തിൽ ഇന്ന് സിമന്റിന് വലിയ ക്ഷാമം അനുഭവപ്പെടുകയാണ്. അങ്ങനെയുള്ള ഏക സിമന്റ് ഫാക്ടറിയാണ് പൂട്ടി കിടക്കുന്നത്. അതെന്തുകൊണ്ട് തുറക്കുന്നില്ല; അതിന് അദ്ദേഹം കെ.എം.എം.എൽ.-ന്റെ പ്രശ്നം പറഞ്ഞു. കെ.എം.എം.എൽ.-ൽ വാതകച്ചോർച്ച ഉണ്ടാകുകയും ദീർഘനാൾ കമ്പനി പ്രവർത്തിപ്പിക്കാതെയും കിടന്നതിന്റെ ഫലമായി അവിടെ ലാഭം കുറഞ്ഞു. വീണ്ടും അതിപ്പോൾ ലാഭത്തിൽ വരികയാണ്. കഴിഞ്ഞ 5, 6 വർഷങ്ങളായി സ്മാൾ ആന്റ് മീഡിയം ഇൻഡസ്ട്രീസിന്റെ കാര്യങ്ങൾ പരിശോധിച്ചാൽ വലിയ ഇംപ്രൂവ്മെന്റ് ഉണ്ടായതായി കാണാം. 35,000-ലധികം സ്മാൾ ആന്റ് മീഡിയം ഇൻഡസ്ട്രീകൾ തുടങ്ങാനുള്ള ആരംഭം കുറിച്ചിട്ടുണ്ട്, പലതും പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. ആ രംഗത്ത് കൂടുതൽ പ്രോത്സാഹനം ഗവൺമെന്റ് നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പല പ്രമേയങ്ങൾക്കും മറുപടിയായി പറയുകയുണ്ടായി. അത് വളരെ സന്തോഷകരമായ സംഗതിയാണ്. നിക്ഷേപ സൗഹൃദ സംസ്ഥാനമായി ഈ സംസ്ഥാനത്തെ മാറ്റുന്നതിന് ഏറ്റവും കൂടുതൽ പങ്കുവഹിച്ചത് മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ നേതൃത്വത്തിൽ നടത്തിയ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റും എമർജിംഗ് കേരളയും ആണെന്നുള്ളത്

ആർക്കും നിഷേധിക്കാൻ സാധിക്കാത്തൊരു വസ്തുതയാണ്. ഞാൻ അതിന് അവകാശവാദം പറയുന്നതല്ല. ഇതുപോലുള്ള സംഗതികൾ നമ്മുടെ സംസ്ഥാനത്ത് ഇനിയും ഉണ്ടാകുന്നതിന് ഈ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വ്യവസായ വികസനത്തിൽ കിൻഫ്രയുടെ വലിയ സ്വാധീനം നമുക്കുണ്ട്.

പാലക്കാടുള്ള മെഗാഫുഡ് പാർക്ക്, ഒറ്റപ്പാലത്തുള്ള ഡിഫൻസ് പാർക്ക്, കളമശ്ശേരിയിലെ ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, ഇന്നൊവേഷൻ സെന്റർ, ഇന്റർനാഷണൽ എക്സിബിഷൻ സെന്റർ, കോഴിക്കോട് ഫുട്‌വെയർ ക്ലസ്റ്റർ തുടങ്ങിയവയെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളവയാണ്. ഇതെല്ലാം പ്രോത്സാഹിപ്പിക്കണം. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട കളമശ്ശേരിയിലെ സ്റ്റാർട്ട് അപ്പ് വില്ലേജ് - ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അത് വലിയൊരു സംഭവമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് രാജ്യത്ത് ആദ്യമായി പി.പി.പി. മോഡലിലുള്ള ഒരു സ്റ്റാർട്ട് അപ് വില്ലേജ് ആരംഭിച്ചത്. ഇവിടെനിന്നും സി.ഇ.ഒ.യെയും വിദഗ്ദ്ധരെയും മറ്റും ആന്ധ്രാപ്രദേശ്, ഹൈദരാബാദ് തുടങ്ങിയ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ വന്ന് ക്ഷണിച്ചുകൊണ്ടുപോയാണ് ഇതുപോലുള്ള സ്റ്റാർട്ട് അപ്പ് വില്ലേജുകൾ അവിടെ സെറ്റ് അപ് ചെയ്യുന്നത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു ദിവസം കളമശ്ശേരിയിലെ സ്റ്റാർട്ട് അപ് വില്ലേജ് സന്ദർശിക്കണമെന്ന് ഞാൻ പറഞ്ഞത്. കളമശ്ശേരിയിലെ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെടുന്നു. അങ്ങേയ്ക്ക് പല കോണുകളിൽനിന്നും അതുസംബന്ധിച്ച് ഇൻഫർമേഷനുണ്ട്. അതിനൊരു നടപടി സ്വീകരിക്കണം. ഒരുവർഷം മുമ്പ്, ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ് ബിനാനി സിങ്ക് ലിമിറ്റഡ് കമ്പനി പൂട്ടിയത്. അതിന് പല കാരണങ്ങളുണ്ട്. അങ്ങയുടെ ഗവൺമെന്റ് വന്നതിനുശേഷമാണ് കളമശ്ശേരിയിലെ ശ്രീശക്തി പേപ്പർ മിൽസ് പൂട്ടിയത്. പല സ്ഥാപനങ്ങളും പൂട്ടപ്പെടുന്നത് വ്യത്യസ്ത കാരണങ്ങളാലാണ്. പല സ്ഥാപനങ്ങളും പൂട്ടാൻ കാത്തിരിക്കുകയാണ്. ഇടയാർ വ്യവസായ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായ സ്ഥാപനമാണ് സി.എം.ആർ.എൽ. (കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസ് ലിമിറ്റഡ്). അവർക്ക് റാമെറ്റീരിയൽസും ഇൽമനൈറ്റും കിട്ടുന്നില്ല; എന്തുകൊണ്ട് ലഭിക്കുന്നില്ല? ഇൽമനൈറ്റ് കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം. പരോക്ഷമായും പ്രത്യക്ഷമായും രണ്ടായിരത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്ന ആ കമ്പനിയാണ് ആദ്യം പൂട്ടാൻ പോകുന്നത്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, സുപ്രീം കോടതിയുടെ ക്ലിയറൻസ് ലഭിച്ചിട്ടും ഗവൺമെന്റ് അത് ചെയ്തിട്ടില്ല. അവർക്കൊരു മിനറൽ സെപ്പറേഷൻ പ്ലാന്റ് വച്ചാൽ മാത്രമേ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അതുപോലെ

ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ടി.സി.സി.-യും വളരെയേറെ പ്രതിസന്ധിയിലാണ്. വൈദ്യുതിയുടെ വില വർദ്ധനവാണ് ഏറ്റവും വലിയ പ്രശ്നം. ഇതുസംബന്ധിച്ച് ചില മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. 2001-ൽ ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയുമായിരുന്ന കാലത്ത് ഓപ്പൺ ആക്സിസ് കൊടുക്കണമെന്ന് ഇലക്ട്രിസിറ്റി ബോർഡിനോട് നിർദ്ദേശിച്ചിട്ടും അത് ഇതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഓരോ കണ്ടീഷൻ പറഞ്ഞുകൊണ്ടാണ് ഇപ്പോൾ കാര്യങ്ങൾ മുന്നോട്ടുപോകുന്നത്.

ഐ.ടി. മേഖലയിലെ വളർച്ച വളരെ പ്രധാനമാണ്. ഐ.ടി. മേഖലയിലെ കയറ്റുമതിയിൽനിന്നും ഒരു ബില്യൻ ഡോളർ ലഭിക്കുകയുണ്ടായി. ഈ രാജ്യത്ത് ആദ്യമായി ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയത് കേരളമാണ്, കെൽട്രോൺ അതിന്റെ ഒരു പ്രത്യേകതയാണ്. അന്നത്തെ കമ്മ്യൂണിസ്റ്റുകാരായ വ്യവസായ വകുപ്പു മന്ത്രിമാർ വരെ താൽപ്പര്യമെടുത്താണ് അത് തുടങ്ങിയത്. തമിഴ്നാട്, കർണ്ണാടക പോലുള്ള സംസ്ഥാനങ്ങൾ ഐ.ടി. മേഖലയിൽ കേരളത്തേക്കാൾ വളരെ മുന്നോട്ട് പോകുകയും അവർ വലിയ രീതിയിൽ കയറ്റുമതി നടത്തുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു വർഷം ഒരു ബില്യൻ ഐ.ടി. കയറ്റുമതി ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കാലത്ത് അത് രണ്ട് ബില്യനാക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പൊല്യൂഷൻ ഇല്ലാത്ത, hazardous അല്ലാത്ത, വിഷമങ്ങളില്ലാത്ത ഇത്തരം വ്യവസായങ്ങളെ കേരളത്തിൽ കൂടുതലായി പ്രോത്സാഹിപ്പിക്കാൻ സാധിക്കണം. അത് സെറ്റ് അപ്പ് ചെയ്യാനുള്ള സംവിധാനം കൂടി ഉണ്ടാക്കണം. ഇപ്പോൾ കൊച്ചിയാണ് അതിന്റെ പ്രധാനപ്പെട്ട ഒരു മേഖല. കൊച്ചി നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും hazardous അല്ലാത്ത, പൊല്യൂട്ടഡ് അല്ലാത്ത, ഐ.ടി. ന്യൂ ജനറേഷൻ വ്യവസായങ്ങൾ സെറ്റപ്പ് ചെയ്യാനുള്ള മൂന്നോ, നാലോ, അഞ്ചോ പാർക്കുകൾക്കുള്ള സ്ഥലം കണ്ടെത്തുന്നതിനും അനുവാദം നൽകുന്നതിനും അങ്ങയുടെ ഗവൺമെന്റ് പ്രത്യേകം താൽപ്പര്യമെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പല കമ്പനികളും പൂട്ടുന്ന കാര്യം ഞാൻ ഇവിടെ പറയുകയുണ്ടായി. എച്ച്.ഒ.സി.-യെ സംബന്ധിച്ച് ശ്രീ. വി. പി. സജീന്ദ്രനും സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ജനപ്രതിനിധികൾ വേണമെങ്കിൽ അങ്ങനെയും അല്ലെങ്കിൽ വിദഗ്ദ്ധരെയും മറ്റുള്ളവരെയും സംഘടിപ്പിച്ചുകൊണ്ട്, അവരെ പങ്കെടുപ്പിച്ചുകൊണ്ട് വിശദമായ ചർച്ചകൾ നടത്തി അതിനുള്ള പരിഹാരമുണ്ടാക്കണം. റാ-മെറ്റീരിയൽ കിട്ടാത്തതുകൊണ്ട് ഒരു കമ്പനി പൂട്ടാൻ ഇടവരരുത് എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ

അനുകൂലിക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രി വളരെ ഗൗരവമായി എടുക്കും. എനിക്ക് അദ്ദേഹത്തോടുള്ള അഭ്യർത്ഥന, പണ്ട് അട്ടപ്പാടിയിൽ അഹാഡ്സ് പ്രവർത്തിച്ച അവസരത്തിൽ ഞങ്ങൾ ഒന്നുരണ്ടു പ്രാവശ്യം അവിടെ പോയപ്പോൾ മനസ്സിലായത് ഉദ്യോഗസ്ഥന്മാരായി അവിടെ ജോലിക്കെടുത്തത് അവിടത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെയാണ്. അതുകാരണം അവർക്ക് ശമ്പളം ലഭിക്കുകയും അവരുടെ കുടുംബത്തിന്റെ കാര്യങ്ങൾ ശ്രദ്ധിക്കാനും പറ്റി. അതുപോലെ വനസംരക്ഷണത്തിന് വനമേഖലയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ തന്നെ ഉപയോഗിക്കാൻ സാധിച്ചാൽ ഒരു വലിയ മാറ്റം ഈ പട്ടികവർഗ്ഗ സമൂഹത്തിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കും. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പ്രധാനമായും ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. പലപ്പോഴായി സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും അവർക്ക് നൽകിയ ഫണ്ടിനെ സംബന്ധിച്ച് പല കമ്മിറ്റികളും അന്വേഷണത്തിന് പോയ അവസരത്തിൽ അത് ആ പാവപ്പെട്ടവരുടെ കൈയിൽ എത്താത്ത അവസ്ഥയുണ്ടായിരുന്നു. അതിനൊരു മാറ്റമുണ്ടാക്കാൻ; ശക്തമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിച്ചാൽ കേരളത്തിന്റെ സാംസ്കാരികമായും വിദ്യാഭ്യാസപരവുമായുള്ള പുരോഗതി പോലെ ഇന്ത്യയിൽ പട്ടികവർഗ്ഗത്തിന്റെ പുരോഗതിക്കുവേണ്ടി ഫലപ്രദമായി പ്രവർത്തിച്ച ഒരു സംസ്ഥാനമെന്ന് നമുക്ക് ബോദ്ധ്യപ്പെടുത്താൻ സാധിക്കും. ഇവിടെ വ്യവസായ രംഗത്ത് ഇന്ത്യാ രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുന്ന ചില ഗുണപരമല്ലാത്ത ചലനങ്ങൾ നമ്മൾ കാണേണ്ടതാണ്. അതിലൊന്ന് സാധാരണയായി എല്ലാ വർഷവും റെയിൽവേയ്ക്ക് ബഡ്ജറ്റുണ്ടാകാറുണ്ട്. ബ്രിട്ടീഷ് ഭരണ കാലത്തുതന്നെ മറ്റു ഭരണത്തിൽ നിന്ന് റെയിൽവേയെ പ്രത്യേകമായി നടത്തിയിരുന്നു. ഇപ്പോൾ റെയിൽവേ ബഡ്ജറ്റ് കേന്ദ്ര ഗവൺമെന്റ് ഒഴിവാക്കി. ഇപ്പോൾ പല പത്രങ്ങളിലും വരുന്നതുപോലെ ഇത് റെയിൽവേയെ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കത്തിന്റെ ഭാഗമാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പല തരത്തിലുള്ള പ്രചരണങ്ങൾ രാജ്യത്തുണ്ടാകുന്നുണ്ടെങ്കിലും ഇന്ന് ഇന്ത്യാ ഗവൺമെന്റ് പ്രധാനമായും കേന്ദ്രീകരിക്കുന്നത് എവിടെയാണ്? ഇപ്പോൾ ഐ.ഒ.സി.-യുടെ 5000 കോടി രൂപയുടെ ഒരു പ്രോജക്ട് അദാനി ഗ്രൂപ്പിന് നൽകാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെടുന്നു. അദാനിയും അംബാനിയുമടക്കമുള്ള വൻകിട കുത്തകകളുടെ താല്പര്യങ്ങൾ മാത്രം സംരക്ഷിക്കുന്ന രൂപത്തിലുള്ള ഒരു വ്യവസായ നയമാണ് ഇന്ന് ഇന്ത്യാരാജ്യത്ത് നടപ്പിലായിക്കൊണ്ടിരിക്കുന്നത്. ആ ഘട്ടങ്ങളിലെല്ലാം നമ്മുടെ

നാട്ടിലെ ജനങ്ങളുടെ മുമ്പാകെ ജാതിയുടെയും മതത്തിന്റെയും പ്രശ്നങ്ങൾ പറഞ്ഞുകൊണ്ട് അതിന്റേതായ ഒരു അന്തരീക്ഷം രാജ്യത്തുണ്ടാക്കി ഈ കുത്തകകൾക്ക് സഹായകരമായ നിലപാടുകളുണ്ടാക്കുന്നത് നമുക്ക് കാണാൻ സാധിക്കും. ഇവിടെ ചർച്ചയിൽ പങ്കെടുത്തവരൊക്കെ സംസാരിച്ചപോലെ നിലവിലുള്ള നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പോരായ്മകളുണ്ടെങ്കിൽ അത് പരിഹരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷപ്പെടുത്താനാവശ്യമായ അടിയന്തര നടപടികളുണ്ടാകണം. നമ്മുടെ നാട്ടിലെ ബീഡി വ്യവസായം, ചുരുട്ട്, കുടിൽ വ്യവസായം, ആ തൊഴിലൊന്നും ഇപ്പോഴില്ല. അവർക്കെല്ലാം ഗവൺമെന്റ് പെൻഷൻ നൽകുന്നുണ്ടെങ്കിലും....., കോളേജ് വിദ്യാഭ്യാസം നേടി ഒരു വർഷം 110 ലക്ഷം വിദ്യാർത്ഥികൾ പുറത്തുവരുന്നുണ്ടെങ്കിലും ഏതാണ്ട് 20 ശതമാനത്തിന് മാത്രമാണ് ഇന്ന് നമ്മുടെ നാട്ടിൽ ജോലി കൊടുക്കാൻ സാധിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. വിദ്യാഭ്യാസമുള്ളവരടക്കം വർഷംതോറും വരുന്ന അവസരത്തിൽ ജോലി ലഭിക്കാത്ത ഒരു വലിയ യുവസമൂഹം നമ്മുടെ നാട്ടിലുണ്ട്. അവർക്ക് ജോലി കൊടുക്കാൻ എങ്ങനെ സാധിക്കും. ഒരു ഗവൺമെന്റ് അതിനെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ എനിക്ക് തോന്നുന്നത്, സ്വാതന്ത്ര്യ സമരകാലത്ത് ഗാന്ധിജി ഖാദി വസ്ത്രം ധരിക്കാൻ; കൈത്തറിയെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച ഒരു നിലപാടുണ്ടായിരുന്നു. നമ്മുടെ നാട് അതിലേയ്ക്ക് നീങ്ങേണ്ടി വരില്ലേ എന്ന് ഞാൻ ഭയപ്പെടുന്നു. കാരണം ഇന്ത്യയിലെ വൻകിട കുത്തകക്കാർ, ഉയർന്ന ജാതിക്കാർ ഇവരുടെയൊക്കെ താല്പര്യങ്ങൾ മാത്രം സംരക്ഷിക്കുന്ന ഒരു ഭരണകൂടത്തിന് ഈ രാജ്യത്തിലെ സാധാരണക്കാരെ ആവശ്യമില്ല. ആ ഭരണകൂടത്തിൽ നിന്ന് രാജ്യത്തെ രക്ഷിക്കാൻ സാധിക്കണമെങ്കിൽ ഖാദി വസ്ത്രത്തിലും കൈത്തറിയിലേയ്ക്കും അതുപോലെ കുടിൽ വ്യവസായങ്ങളിലേയ്ക്കും കടന്നുചെന്ന് നമ്മുടെ നാട്ടിലെ സാധാരണജനങ്ങളുടെ ജീവിതം സംരക്ഷിക്കുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കാൻ സാധിക്കണം. അത് എങ്ങനെ സാധിക്കുമെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ രാഷ്ട്രീയമായ പലതരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിലും പരിശോധിച്ചുനോക്കിയാൽ ഈ സാഹചര്യങ്ങളിലേയ്ക്ക് ഇടയാക്കിയതിന് കോൺഗ്രസ് (ഐ)-ക്ക് പ്രധാന പങ്കുണ്ട്. ഇന്ത്യയിൽ ജനതാപാർട്ടി അധികാരത്തിൽ വന്നപ്പോൾ ഒരു നിലപാട് സ്വീകരിച്ചു. ആ നിലപാട്, ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ വൻകിട കുത്തകകൾക്ക് ഇത്ര കോടി രൂപയുടെ വ്യവസായമുണ്ടെങ്കിൽ അവർക്ക് വ്യവസായശാല അനുവദിക്കാത്ത ഒരു കാലമുണ്ടായിരുന്നു. അതങ്ങ് മാറി. ജനതാ ഗവൺമെന്റ് അധികാരത്തിൽ നിന്ന് പോയശേഷം കോൺഗ്രസ് (ഐ) അധികാരത്തിൽ വന്നപ്പോഴാണ് ഇന്ത്യയുടെ സമ്പത്തിന്റെ 50 ശതമാനം, ഒരു

ശതമാനം വരുന്ന ആളുകളുടെ കൈയിലേയ്ക്ക് എത്തിച്ചത്. അതിൽ നിന്ന് കേരളത്തിലെ സാധാരണക്കാരനെ രക്ഷിക്കുക എളുപ്പമല്ല. ഇന്ന് ബഹുമാനപ്പെട്ട പി. ടി. തോമസ് ഒരു അടിയന്തര പ്രമേയം കൊണ്ടുവന്നിരുന്നു. ഞാൻ ഇവിടെ വായിച്ചപ്പോൾ – The link between youth who have dropped out of formal schooling those who are jobless and at risk groups likely to be impacted by or be involved in delinquent crime and violence is one that is often made very quickly. ഇതാണ് ഇന്ത്യാ രാജ്യത്ത് നമ്മുടെ നാട്ടിലെ ഭരണകൂടം വൻകിട കുത്തകകൾക്ക് അനുകൂലമായുണ്ടാക്കിയ നിലപാട്. വിദ്യാഭ്യാസമുള്ളവർക്ക് ജോലി ലഭിക്കാതെയും പാവപ്പെട്ടവന്റെ വീട്ടിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കാതെ തെരുവിലേയ്ക്ക് വരുന്നതിന്റെ ഫലമായുമുള്ള ഭീകരത ഇന്ത്യാ രാജ്യത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. അതിൽ നിന്ന് കേരളത്തെ രക്ഷിക്കാൻ സാധിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് മറുപടി പറഞ്ഞതുപോലെ ഇവിടത്തെ വ്യവസായ ശാലകളെ സംരക്ഷിക്കാൻ നമുക്ക് സാധിക്കണം. ഖാദിയും കൈത്തറിയും വ്യാപകമായി ഈ രാജ്യത്ത് പ്രചരിപ്പിക്കണം. പാവപ്പെട്ട ജനവിഭാഗത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് നമ്മൾ പരിശ്രമിച്ചാൽ ഇന്ന് സാർവ്വദേശീയ കുത്തകകളോടൊപ്പം നിന്നുകൊണ്ട് നമ്മളെ തകർക്കാൻ ശ്രമിക്കുന്ന വിഭാഗത്തിൽ നിന്ന് ഇന്ത്യാ രാജ്യത്തെ രക്ഷിക്കാൻ സാധിക്കും. ജാതിയുടെയും മതത്തിന്റെയും പേരുപറഞ്ഞുകൊണ്ട് നമ്മളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നവരിൽ നിന്ന് വ്യത്യസ്തമായി എല്ലാവരും ഐക്യത്തോടുകൂടി നീങ്ങാൻ സാധിക്കുന്ന ഒരു സാഹചര്യമുണ്ടാക്കിയാൽ മാത്രമേ നമ്മുടെ വ്യവസായങ്ങൾ മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കുകയുള്ളൂ. ഇന്ത്യാ രാജ്യം മാതൃകയാകണം. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ നേർക്ക് അക്രമമുണ്ടായാൽ ആ അക്രമത്തിന്റെ പേര് പറഞ്ഞുകൊണ്ട് കേരളവും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാരോട് മോശമായി പെരുമാറുന്നുവെന്ന് വരുത്താൻ ശ്രമിക്കുന്ന ശക്തികളുണ്ട്. അത് മനസ്സിലാക്കി കൊണ്ട് കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ കേരള ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യത നിറവേറ്റുമെന്നുള്ള പ്രതീക്ഷ എനിക്കുണ്ട്. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്.

1.00 PM]

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും അനുകൂലിക്കുകയാണ്. ഈ ചർച്ച ഇവിടെ നടക്കുമ്പോൾ ഇന്നലെ യു.ഡി.എഫ്-ന്റെ

പ്രതിനിധികൾ സഭയിൽനിന്ന് ഇറങ്ങിപ്പോകുകയുണ്ടായി. സ്പീക്കറെ വളഞ്ഞുവച്ച് സഭയെ പ്രക്ഷുബ്ധമാക്കിക്കൊണ്ടാണ് അവർ ഇറങ്ങിപ്പോയത്. ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയിൽനിന്ന് കഴിഞ്ഞ ഒരാഴ്ച മുമ്പ് എന്തോ പരാമർശമുണ്ടായി എന്ന കാരണത്താൽ ഒരാഴ്ച കഴിഞ്ഞതിനു ശേഷമാണ് ഈ നിയമസഭയെ പ്രക്ഷുബ്ധമാക്കി ഇന്നലെ പ്രതിപക്ഷം ഇറങ്ങിപ്പോകുന്നത്. ഇവിടെ യു.ഡി.എഫ്.-ന് ആദിവാസികളോടുള്ള സമീപനം വ്യക്തമാക്കുന്ന ധാരാളം കാര്യങ്ങളുണ്ട്. ചരിത്രപരമായ എല്ലാ കാര്യങ്ങളും ഇവിടെ പറയാനുദ്ദേശിക്കുന്നില്ല. എന്നാൽ യു.ഡി.എഫ്. കേരളം ഭരിക്കുമ്പോൾ ആദിവാസി വിഭാഗത്തോടുള്ള സമീപനം, ഈ നിയമസഭയെത്തന്നെ പ്രക്ഷുബ്ധമാക്കിയിട്ടുള്ള ഒട്ടനവധി സംഭവങ്ങൾ നടന്നിട്ടുണ്ട്. ജാലിയൻവാലാബാഗ് പോലെയുള്ള സംഭവങ്ങളെ അനുസ്മരിപ്പിക്കുന്ന രീതിയിൽ വയനാട്ടിലെ മുത്തങ്ങയിലുള്ള ആദിവാസി കുടിലുകൾ തീയിട്ട് കത്തിച്ച് അവസാനം ജോഗിയെ വെടിവച്ചുകൊന്ന് ആയിരക്കണക്കിന് ആദിവാസികളെ കണ്ണൂർ സെൻട്രൽ ജയിലിൽ അടച്ചു കൊണ്ടുള്ള യു.ഡി.എഫ്.-ന്റെ സമീപനം കേരള ചരിത്രത്തിൽ നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. ഈ രീതിയിലാണ് യു.ഡി.എഫ്. ആദിവാസികളോട് എടുത്തിട്ടുള്ള സമീപനം. ഇങ്ങനെയിരിക്കെ ഇന്നലെ ഈ നിയമസഭയിൽനിന്ന് ഇറങ്ങിപ്പോയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ കഴിഞ്ഞ 5 വർഷങ്ങൾക്കുമുമ്പും കേരളത്തിന്റെ മന്ത്രിയായിരുന്നു. പട്ടികവർഗ്ഗ വകുപ്പും വൈദ്യുതി വകുപ്പും അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്. കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിനുവേണ്ടി ക്രിയാത്മകമായ പ്രവർത്തനം അദ്ദേഹം നടത്തിയിട്ടുണ്ട്. അതുപോലെതന്നെ പട്ടികവർഗ്ഗ കോളനികൾ നിരന്തരം സന്ദർശിച്ചുകൊണ്ട് അവരുടെ കാര്യങ്ങൾ അടുത്ത് മനസ്സിലാക്കി ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിനായി ശ്രമിച്ചിട്ടുള്ള ഒരു മന്ത്രിയാണ് അദ്ദേഹം. അദ്ദേഹം ഭരിക്കുമ്പോഴാണ് ആറായിരത്തോളം കുടുംബത്തിന് ഭൂമി നൽകിയത്. അതേസമയം ഈ കഴിഞ്ഞ അഞ്ചുവർഷം ഇവിടെ യു.ഡി.എഫ്.-ന്റെ ഭരണം കടന്നുപോയിട്ടുണ്ട്. ആ അവസരത്തിൽ നടന്ന കാര്യമാണ് കഴിഞ്ഞ ഒരാഴ്ചയ്ക്കുമുമ്പ് പരാമർശമുണ്ടായിട്ടുള്ളത്. അട്ടപ്പാടി പട്ടിണിമരണവും തുടർന്നുവരുന്ന ശിശുമരണവും യു.ഡി.എഫ്. ഭരിക്കുമ്പോൾ നമ്മൾ കണ്ടതാണ്. അതേസമയം വയനാട് പോലുള്ള ജില്ലകളിൽ നിരന്തരമായി ആദിവാസി സഹോദരിമാർ ആംബുലൻസിൽ പ്രസവിക്കുന്ന കാര്യവും കേരളത്തിൽ യു.ഡി.എഫ്. ഭരിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതാണ് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.ഉം തമ്മിലുള്ള വ്യത്യാസം. കേരളത്തിലെ

ആദിവാസികളെ സംബന്ധിച്ച് ഈ കാലഘട്ടത്തിനനുസൃതമായിട്ടുള്ള മാറ്റം വേണമെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ യു.ഡി.എഫ്.-ന്റെ കാര്യങ്ങൾ പൊതുവായി എടുത്ത് പരിശോധിക്കുമ്പോൾ നമുക്കറിയാം ഈ നിയമസഭയ്ക്കകത്തുണ്ടാകുന്ന പ്രക്ഷുബ്ധം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രയോ പ്രാവശ്യം ഈ നിയമസഭ നടത്താത്ത രീതിയിലുള്ള വിഷയങ്ങളാണ് ഇതിനകത്ത് ഉണ്ടായിട്ടുള്ളത്. എനിക്ക് ഈ അവസരത്തിൽ ബഹുമാനപ്പെട്ട യു.ഡി.എഫ്. പ്രവർത്തകരോട് പറയാനുള്ളത് അവരുടെ നേതാക്കന്മാരായ ശ്രീ. എ. കെ. ആന്റണിയും ശ്രീ. വി. എം. സുധീരനും ഉൾപ്പെടെയുള്ള ആളുകൾ വളരെ വ്യക്തമായി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കേരളത്തിലെ യു.ഡി.എഫ്. ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ യു.ഡി.എഫ്.-ന്റെ കാലത്ത് കേരളത്തിൽ ആദിവാസി ഭൂമിവിതരണവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അഴിമതിയിൽ യു.ഡി.എഫ്. പ്രവർത്തകർക്കും പങ്കുണ്ടെന്ന് എന്റെ സുഹൃത്തുകൂടിയായ ശ്രീ. ഐ. സി. ബാലകൃഷ്ണൻ കെ.പി.സി.സി. പ്രസിഡന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അദ്ദേഹം അതന്വേഷിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്.-ന് ആദിവാസികളോടുള്ള സമീപനമാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. അതുപോലെതന്നെ ഇന്നത്തെ പ്രതിപക്ഷ നേതാവും അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയുമായ ശ്രീ. രമേശ് ചെന്നിത്തല വയനാട്ടിൽ വരികയുണ്ടായി. മാവോയിസ്റ്റ് തീവ്രവാദവുമായി ബന്ധപ്പെട്ട് തൊണ്ടർനാട് പാക്കേജ് എന്ന രീതിയിൽ 5 കോടി രൂപയുടെ ഒരു പാക്കേജ് അവിടെ നടപ്പാക്കുകയുണ്ടായി. അവിടെ ഒരു പ്രവർത്തനവും നടക്കുന്നില്ല എന്നാണ് ഇന്ന് ആ പാക്കേജ് പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത്. ആദിവാസികൾക്ക് ധാരാളം പശുക്കളെയും കോഴികളെയും കൊടുത്തിട്ടുണ്ട്. പക്ഷെ, അതെല്ലാം കടലാസ്സുകളിൽ മാത്രമായി ഒതുങ്ങുകയാണ്. ഒരു പ്രവർത്തനവും അവിടെ നടക്കുന്നില്ല. അവിടെ നടന്നിട്ടുള്ള അഴിമതിയെ സംബന്ധിച്ച് ഇന്നലെ കേരള കൗമുദി വീക്കിലിയിൽ വളരെ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. ഇതാണ് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം. ഈ അവസരത്തിൽ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല, ആദിവാസിയെ സംബന്ധിച്ച് കേരളത്തിൽ ഒരു പുതിയ സമീപനം ഉണ്ടാക്കിയെടുക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. കാലാകാലങ്ങളായി തനതായി തുടർന്നു പോരുന്ന പദ്ധതികൾ മാത്രമാണ് ആദിവാസികൾക്കുവേണ്ടി നടപ്പാക്കി കൊണ്ടിരിക്കുന്നത്. ആദിവാസികളെ സംബന്ധിച്ച് ഇന്ന് ഒട്ടനവധി ഉദ്യോഗാർത്ഥികളുണ്ട്. ടി.ടി.സി., എഞ്ചിനീയറിംഗ്, ബി.എഡ് എന്നിവ പാസ്സായ ധാരാളം ചെറുപ്പക്കാർ കേരളത്തിലുണ്ട്. പക്ഷെ അവർക്കൊന്നും സർക്കാർ

തലത്തിൽ യാതൊരു വിധത്തിലുള്ള ഉദ്യോഗങ്ങളും ലഭിക്കുന്നില്ല. അവർക്ക് പുതിയ ജോലി സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. ആദിവാസികളുടെ വീടിനെ സംബന്ധിച്ച് പറഞ്ഞാൽ കാലാകാലങ്ങളായി നാം അവർക്ക് നിർമ്മിച്ചു കൊടുക്കുന്നത് വളരെ ചെറിയ വീടുകളാണ്. അത് അനവധി വിഷയങ്ങൾ ആദിവാസി കുടുംബങ്ങളിലുണ്ടാക്കുന്നുണ്ട്. മാറിയ പശ്ചാത്തലത്തിൽ സൗകര്യ പ്രദമായ വീടുകൾ അവർക്ക് നിർമ്മിച്ചുകൊടുക്കേണ്ടതായിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഉന്നത പഠനത്തിനായി എം.ആർ.എസ്. പോലുള്ള ഹോസ്റ്റലുകൾ കേരളത്തിൽ കൂടുതലായി നിർമ്മിക്കണമെന്നുള്ള നിർദ്ദേശവും എനിക്കുണ്ട്. വ്യവസായവുമായി ബന്ധപ്പെട്ട് കേരളത്തിലെ...

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, (മൈക്ക് ഓഫ്) ആദിവാസികളുടെ ഭവന നിർമ്മാണത്തിനുള്ള സംഖ്യ വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായം അങ്ങേയ്ക്കില്ലേ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, അതുസംബന്ധിച്ച് ഞാൻ പറഞ്ഞല്ലോ. ഇന്ന് ആദിവാസികൾക്ക് നിർമ്മിച്ചുകൊടുക്കുന്നത് ചെറിയ വീടുകളാണ്. കാലാനുസൃതമായി അവർക്ക് പുതിയ തരത്തിലുള്ളതും വാസയോഗ്യമായ സൗകര്യത്തോടുകൂടിയുമുള്ള വീടുകൾ നിർമ്മിച്ചുകൊടുക്കണമെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. അതുപ്രകാരം സ്വാഭാവികമായും വലിയ വീടുകൾ നിർമ്മിക്കുമ്പോൾ കൂടുതൽ തുക ഒരു യൂണിറ്റ് കോസ്റ്റിന് നൽകേണ്ടിവരും. അത് ഞാൻ വ്യക്തമായി സൂചിപ്പിച്ചില്ല എന്നുമാത്രമേയുള്ളൂ. പുതിയ വീടുകൾ അവർക്ക് നിർമ്മിച്ചു നൽകണമെന്ന് തന്നെയാണ് ഞാനിവിടെ സൂചിപ്പിച്ചിട്ടുള്ളത്. അതുപോലെതന്നെ ആദിവാസി കോളനികളിൽ വലിയ തോതിൽ മദ്യത്തിന്റെ വിപത്ത് നമുക്ക് കാണാൻ കഴിയും. ആ വിപത്ത് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് കോളനികളിൽ നടപ്പാക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ആദിവാസികൾ അട്ടപ്പാടി, വയനാട് പോലുള്ള പ്രദേശങ്ങളിൽ ജീവിക്കുന്നുണ്ട്. അവരെയൊക്കെ ഇന്ന് മാവോയിസ്റ്റ് വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. പല കോളനികളിലും മാവോയിസ്റ്റുകൾ കേന്ദ്രീകരിക്കുന്നു, അവരെയെല്ലാം തീവ്രവാദികളാക്കുന്നതിനുവേണ്ടിയാണ് കോളനികളിൽ ശ്രമം നടന്നുകൊണ്ടിരിക്കുന്നത്. അത്തരം കാര്യങ്ങളിൽ ഗവൺമെന്റിന്റെ പരിശോധന ആവശ്യമായി വന്നിരിക്കുകയാണ്. പല ആളുകളും ഈ സംഘടനയിൽ ചെന്നുചേരുന്നുവെന്ന് വളരെ പ്രയാസത്തോടുകൂടി നമുക്ക് മനസ്സിലാക്കാൻ കഴിയും. എന്നാൽ ജോലി കിട്ടാതെ ചെറുപ്പക്കാർ അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. ഈ സാഹചര്യത്തിൽ സ്വാഭാവികമായും അത്തരം ചെറുപ്പക്കാർ ഇങ്ങനെയുള്ള സംഘടനകളിൽ എത്തിച്ചേരാൻ സാധ്യത വളരെ കൂടുതലാണ്. ആ കാര്യങ്ങൾ തീർച്ചയായും പരിശോധിച്ച് അതിനൊരു മാറ്റമുണ്ടാക്കണം എന്നാണ് സൂചിപ്പിക്കാനുള്ളത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. ഒ. ആർ. കേളു: സർ, ഇവിടെ വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുള്ള എൽ.ഡി.എഫ്.-ന്റെയും യു.ഡി.എഫ്.-ന്റെയും സമീപനം മനസ്സിലാക്കിക്കൊണ്ട് പുതിയൊരു കാലഘട്ടത്തിലേയ്ക്ക് കേരളത്തിലെ ആദിവാസി സമൂഹത്തെ നയിക്കുന്നതിനാവശ്യമായ ഒരു സാഹചര്യം ഭാവിയിൽ ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങിക്കൊണ്ട് നിർത്തുന്നു. അഭിവാദ്യങ്ങൾ.

ഡോ. എൻ. ജയരാജ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഡിമാന്റ് ചർച്ചയിൽ പങ്കെടുക്കുമ്പോൾ കഴിഞ്ഞ കാലഘട്ടത്തിൽനിന്ന് വ്യത്യസ്തമായി ചെറിയൊരു വെളിച്ചം കാണാൻ കഴിയുന്നുവെന്ന് പറയാതിരിക്കാൻ കഴിയില്ല. വരേണ്യതയുടെ ഏകാന്ത തീരങ്ങളിലേയ്ക്ക് നമ്മുടെ വികസ്വരതയെ കൊണ്ടുപോകാനുള്ള വളരെ തീവ്രമായ ശ്രമം രാജ്യത്തെമ്പാടും നടക്കുകയും നമ്മുടെ വൈവിധ്യങ്ങളേയും വൈരുദ്ധ്യങ്ങളേയുമൊക്കെ തളച്ചിടാൻ ശ്രമിക്കുകയും ചെയ്യുന്നവർക്കെതിരെയുള്ള ആത്മരോഷം നമ്മുടെ രാജ്യത്ത് വളരെയേറെ ശക്തമാകുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത് എന്ന് പറയാതിരിക്കാൻ കഴിയില്ല. നമ്മുടെ രാജ്യത്തിന്റെ മൊത്തത്തിലുള്ള അന്തരീക്ഷത്തിൽ അത് ശക്തമായി കേൾക്കാൻ തുടങ്ങി. അത് ഗുജറാത്തിലും ദാദ്രിയിലും ഝാർഖണ്ഡിലും മാത്രമല്ല ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും കേൾക്കുന്നു. ഒരു കാലഘട്ടത്തിൽ അവഗണിക്കപ്പെട്ട ഒരു വലിയ സമൂഹം ശക്തമായ പോരാട്ടത്തിന്റെ രീതിയിലേയ്ക്ക് തയ്യാറെടുക്കുന്ന കാഴ്ചയാണ് യഥാർത്ഥത്തിൽ കാണാൻ കഴിയുന്നത്. നമ്മുടെ ഭരണഘടനാ ശില്പിയായ ഡോ. അംബേദ്ക്കറുടെ വാക്കുകൾക്ക് ഇന്നും പ്രസക്തിയുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ് . അദ്ദേഹം പറഞ്ഞത് 'ആട്ടിൻകുട്ടികളെയാണ് ബലി നടത്തുന്നത്. സിംഹങ്ങളെയല്ല. ശാന്തരായിരുന്നാൽ നിങ്ങൾ ബലിയാടുകളാക്കപ്പെടും. അങ്ങനെ സംഭവിക്കാതിരിക്കട്ടെ. സംഭവിക്കാതിരിക്കണമെങ്കിൽ നിങ്ങൾ ഓരോരുത്തരും ഗർജ്ജിക്കുന്ന സിംഹങ്ങളായി മാറണം'. യഥാർത്ഥത്തിൽ ആ സിംഹനാദം നമ്മുടെ സമൂഹത്തിലും രാജ്യത്തും കേട്ടുതുടങ്ങുന്നു എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. പക്ഷെ ഇവിടെ പ്രസക്തമാകുന്നൊരു കാര്യം ഈയൊരു സാഹചര്യങ്ങളൊക്കെ ഉണ്ടാകുമ്പോഴും രോഹിത് വെമുലയെ പോലെയുള്ള ആളുകൾ നമ്മുടെ സമൂഹത്തിൽ വീണ്ടും സൃഷ്ടിക്കപ്പെടുന്നു എന്നുള്ളത് എടുത്ത് പറയാതിരിക്കാൻ കഴിയില്ല. കേരളത്തിന് അഭിമാനമായിട്ടുള്ള മഹാനായ

അയ്യങ്കാളിയും കാവാലിക്കുളം കണ്ടൻ കുമാരനും കല്ലട രാമൻ നാരായണനുമൊക്കെ പ്രതിനിധാനം ചെയ്ത ഒരു സഭയുടെ ഭാഗമാണ് ഞാനും സാറും ഒക്കെ. പക്ഷെ കഴിഞ്ഞ എഴുപത് വർഷക്കാലമായി ഇവിടെ ചർച്ച ചെയ്യപ്പെടുമ്പോഴും അടിസ്ഥാന വർഗ്ഗത്തിന്റെ പ്രശ്നങ്ങൾക്ക് ഇന്നും പരിഹാരം കാണാൻ പൂർണ്ണമായും കഴിഞ്ഞില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. പട്ടികജാതിക്കാരനെ മൂന്ന് സെന്റിൽനിന്ന് മൂന്നര സെന്റിലേയ്ക്ക് മാറ്റുന്നതിനും ലംപ്സംഗ്രാന്റ് 250 രൂപയിൽനിന്ന് 260 രൂപയായി ഉയർത്തുന്നതിനുമുള്ള ചർച്ചകൾ യഥാർത്ഥത്തിൽ എവിടെയാണ് നടക്കുന്നതെന്നുള്ളത് ചിന്തിക്കേണ്ട കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് കോർപ്പറേറ്റ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ എവിടെയാണ് സി.ഇ.ഒ.-മാരായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളുള്ളത്. ഏറ്റവും ശക്തമായ ബാങ്കിംഗ് മേഖലയിൽ വളരെ അപൂർവ്വമായി മാത്രമാണ് അതിന്റെ തലപ്പത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളെ കാണാൻ കഴിയുന്നത്. ഇന്നിവിടെ രാവിലെ ബഹുമാന്യയായ വീണാ ജോർജ്ജ് മാധ്യമ രംഗവുമായി ബന്ധപ്പെട്ട് സംസാരിക്കുകയുണ്ടായി. മാധ്യമരംഗത്ത് വളരെ പ്രശസ്തനായ പത്രപ്രവർത്തകൻ വി.എൻ.ഉന്നിയാൽ ഒരു പഠനം നടത്തുകയുണ്ടായി. In search of a Delith Journalist എന്നുപറയുന്ന പൈനിയറിൽ വന്ന അദ്ദേഹത്തിന്റെ ഒരു ലേഖനം ഞാൻ അടുത്തകാലത്ത് വായിക്കുകയുണ്ടായി. ഒരു ശതമാനത്തിൽ താഴെയാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജേർണലിസ്റ്റുകൾ മാധ്യമ രംഗത്തുള്ളത്. മാത്രമല്ല, പലപ്പോഴും അവർക്കെതിരെയുള്ള അതിക്രമങ്ങൾക്കപ്പുറം അവരുടെ സാംസ്കാരികതയെ എടുത്തുകാണിക്കാൻ പത്രങ്ങളും മാധ്യമങ്ങളും തയ്യാറാകുന്നില്ല എന്നുള്ളതാണ് വസ്തുത. ദേശീയ തലത്തിൽ നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ സൂചിപ്പിക്കുന്നത് അഞ്ചുവർഷം കൊണ്ട് ദളിത് വിഭാഗവുമായി ബന്ധപ്പെട്ട 44 ശതമാനം പുതിയ കേസുകൾ ഉണ്ടാകുന്നുവെന്നുള്ളതാണ്. കേരളത്തിലും കാര്യങ്ങൾ ഭദ്രമാണെന്ന് പറയാൻ കഴിയില്ല, ഒരുപക്ഷെ മറ്റ് സംസ്ഥാനങ്ങളുടെ അവസ്ഥയല്ല എങ്കിൽപ്പോലും, അത് ശാരീരികമായ ഒരു പീഡനം മാത്രമല്ല, അതിനപ്പുറത്ത് മാനസികമായ അവസ്ഥകൂടിയാണ്. വിശപ്പിന് സംഗീതമുണ്ടെങ്കിൽ തീർച്ചയായും അട്ടപ്പാടിയിലും കേരളത്തിന്റെ മറ്റ് പ്രദേശങ്ങളിലുമൊക്കെത്തന്നെ ആ സംഗീതം നമുക്ക് കേൾക്കാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഇവിടെ പട്ടികജാതിക്കാർക്കും ആദിവാസികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ഒരർത്ഥത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ കാണാൻ കഴിയും എന്ന യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. ഈ ഭൂമിയെല്ലാം അവരുടേതായിരുന്നു. ഒരു കാലഘട്ടത്തിലെ കേരളത്തിന്റെ ചരിത്രത്തിലേയ്ക്ക് കടന്നുപോകുമ്പോൾ ഇതെല്ലാം ഗോത്ര

വർഗ്ഗങ്ങളുടെ അധീനതയിലായിരുന്നു. മധ്യ ഏഷ്യയിൽനിന്നുള്ള ആര്യന്മാരുടെ കടന്നുവരവോടെ അവർ പുറത്തേയ്ക്ക് പോകുകയും പിന്നീട് അധിനിവേശ ത്തിന്റേതായ കാഴ്ചപ്പാടുകൾ ഉണ്ടാവുകയും ചെയ്തു. പക്ഷെ ഇന്ന് അവരെ മൂന്നു സെന്റിൽനിന്ന് നാല് സെന്റിലേയ്ക്ക് മാറ്റാൻ കഴിഞ്ഞു. അല്ലെങ്കിൽ അവരെമാത്രം ചുറ്റപ്പെട്ടതായ ഒരു സമൂഹത്തിൽ മാത്രം ജീവിക്കാനായി മാറ്റുന്ന എന്നുള്ള ഈ സമൂഹത്തിന്റെ കാഴ്ചപ്പാട് അതിന്നും മാറിയില്ല എന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. ജയമോഹന്റെ ഏറെ ചർച്ച ചെയ്യപ്പെട്ട 'നൂറ് സിംഹാസനങ്ങൾ' എന്ന വളരെ പ്രശസ്തമായ ഒരു നോവലുണ്ട്. ഒരു സമൂഹത്തിന്റെ കാഴ്ചപ്പാടാണതിൽ പറയുന്നത്. ഒരു ഐ.എ.എസ്. ഓഫീസറായിട്ടുപോലും ധർമ്മപാലന് അദ്ദേഹത്തിന്റെ മനസ്സിനും ശരീരത്തിനുമുള്ള അവർണ്ണത പിറവികൊണ്ടോ അധികാരംകൊണ്ടോ സമ്പത്തുകൊണ്ടോ ഉത്തുമാറ്റാൻ കഴിയുകയില്ലായെന്ന് പഠിപ്പിച്ച ഒരു പാഠമാണ് ആ നോവലിലൂടെ ആവിഷ്കരിക്കുന്നത്. ആ നോവലിൽ സൂചിപ്പിക്കുന്നതുപോലെ സ്വന്തം അമ്മയെ ആട്ടിയോടിച്ചപ്പോൾ അയാൾ അനുഭവിച്ചത് അഗാധമായ നിസ്സംഗത മാത്രമല്ല, നൂറ് സിംഹാസനങ്ങൾ താണ്ടിയാലും ഉറയ്ക്കാത്ത ഇരിപ്പിടത്തെക്കുറിച്ചുള്ള ഭയമാണ്. ആ ഭയം ഇന്നും നമ്മളെ വേട്ടയാടുമ്പോൾ ഈ നാട്ടിലെ പാവപ്പെട്ട ആദിവാസി ദളിത് വിഭാഗത്തിലും പിന്നോക്ക വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലുംപെട്ട ആളുകളുടെ ഭയാശങ്കകൾ പൂർണ്ണമായി അസ്തമിക്കുന്നില്ല എന്ന് പറയാതിരിക്കാൻ കഴിയില്ല. ബഹുമാന്യനായ മന്ത്രി ഇപ്പോൾ മൂന്നു ലക്ഷം രൂപയാണ് പട്ടികജാതി ജനവിഭാഗങ്ങൾക്ക് വീടുവയ്ക്കുന്നതിനായി കൊടുക്കുന്നത്. മൂന്നുലക്ഷം രൂപയ്ക്ക് കേരളത്തിൽ ഒരു വീടുവയ്ക്കാൻ കഴിയില്ല എന്നൊരു യാഥാർത്ഥ്യ ബോധമുണ്ടാകണം. അക്കാര്യം ഇവിടെ സൂചിപ്പിച്ചു. അതുപോലെ ടോയ്‌ലെറ്റ് നിർമ്മിക്കാൻ 25,000 രൂപയാണ് കൊടുക്കുന്നത്. കേരളത്തിലെ സാഹചര്യങ്ങളിൽ 25,000 രൂപയ്ക്ക് ടോയ്‌ലെറ്റ് നിർമ്മിക്കാൻ കഴിയില്ല. ഇതൊക്കെ വർദ്ധിപ്പിക്കേണ്ടതാണ്. ഒരു സെന്റ് ഭൂമിക്ക് 75,000 രൂപയാണ് അനുവദിക്കുന്നത്. മധ്യതിരുവിതാംകൂറിലൊന്നും 75,000 രൂപയ്ക്ക് ഒരു സെന്റ് ഭൂമി കിട്ടുകയില്ല. ഒരു കാര്യം കൂടി അങ്ങയോട് സൂചിപ്പിക്കുകയാണ്. അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമങ്ങൾ ദയവായി ഗവൺമെന്റ് ഏജൻസികൾക്ക് കൊടുക്കരുത്. എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് പ്രവൃത്തികൾ സംസ്ഥാന നിർമ്മിതി കേന്ദ്രവും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട ഒരു സ്ഥാപനവും ഏറ്റെടുത്തിട്ട് രണ്ട് വർഷമായി. ബഹുമാന്യനായ മുൻമന്ത്രി ശ്രീ. എ. പി. അനിൽ കുമാറിന്റെ കാലത്ത് അനുവദിച്ചതാണ്. ഇപ്പോഴും പണി പൂർത്തീകരിച്ചിട്ടില്ല. സ്വന്തമായി ടെക്നിക്കൽ സ്റ്റാഫില്ലാത്ത യാതൊരു സംവിധാനവുമില്ലാത്ത അവരെ ഇത് ഏൽപ്പിച്ചതുകൊണ്ട് പണി പൂർത്തീകരിക്കാൻ

കഴിയുന്നില്ല എന്നുള്ളത് പറയാതിരിക്കാൻ കഴിയില്ല. ലംപ്സംഗ്രാന്റ് നേരത്തെയുണ്ടായിരുന്നത് 30 ശതമാനമാണ്. അത് കൊടുത്തിട്ടില്ല. അതോടൊപ്പം 50 ശതമാനമാക്കാൻവേണ്ടി സർക്കാർ ഉത്തരവ് വരുമെന്നുപറഞ്ഞ് കാത്തിരിക്കുകയാണ്. അത് എത്രയും പെട്ടെന്ന് നൽകാനുള്ള നടപടി സ്വീകരിക്കണം. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് ശ്രീ. മോൻസ് ജോസഫ് വളരെ പ്രധാനപ്പെട്ടൊരു കാര്യം പറഞ്ഞു. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലുള്ള കോട്ടയം ടെക്സ്റ്റയിൽസിൽ സമരം നടക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡും വ്യവസായ വകുപ്പും തമ്മിലുള്ള തർക്കമാണത്. അടിയന്തരമായി ഈ കാര്യത്തിൽ ഇടപെട്ട് കോട്ടയം ടെക്സ്റ്റയിൽസ് ഉൾപ്പെടെ തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. കേരളത്തിലെ വ്യവസായത്തിന്റെ പുരോഗതിക്ക് തടസ്സം നിൽക്കുന്നത് തൊഴിലാളികളാണെന്ന ചർച്ച വ്യാപകമായി നടക്കാറുണ്ട്. കഴിഞ്ഞ എത്രയോ വർഷങ്ങളെടുത്ത് പരിശോധിച്ചാൽ തൊഴിലാളികളെക്കൊണ്ട് നമ്മുടെ വ്യവസായ മേഖലകളിൽ ഒരു പ്രശ്നവുമുണ്ടായിട്ടില്ല എന്ന് നമുക്ക് ബോധ്യപ്പെടും. വ്യവസായ രംഗത്ത് ഏറെ സമാധാനപൂർണ്ണമായ അന്തരീക്ഷം നിലനിർത്തി കൊണ്ടുപോകാനുള്ള പരിശ്രമമാണ് അവർ നടത്തുന്നത്. ഇന്ത്യയിലാകമാനമുള്ള വ്യാവസായിക മേഖലയെ നാശത്തിലേയ്ക്ക് കൊണ്ടുപോകുന്ന, നമ്മുടെ സ്വാശ്രയത്തെ നാശത്തിലേയ്ക്ക് കൊണ്ടുപോകുന്ന സമീപനങ്ങൾക്കെതിരെയാണ് കേരളത്തിലെയും ഇന്ത്യയിലെയും മുഴുവൻ തൊഴിലാളികളും യോജിച്ചുനിന്ന് പോരാടുന്നത്. കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന് വ്യവസായ വകുപ്പ് ശ്രീ. ഇ. പി. ജയരാജൻ ഏറ്റെടുത്ത് കേരളത്തിലെ വ്യാവസായിക മേഖലയ്ക്കൊരു കുതിപ്പ് ഉണ്ടാക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് 30 ദിവസത്തിനകം എല്ലാ അനുമതികളും വ്യവസായ സംരംഭങ്ങൾക്ക് നൽകും എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് പ്രവർത്തനം ആരംഭിച്ചത്. അത് ആ രംഗത്ത് ആകെയൊരു ആവേശമുണ്ടാക്കിയ തീരുമാനമായിരുന്നു. അതോടൊപ്പം എനിക്ക് സൂചിപ്പിക്കാനുള്ളത് കേരളത്തിന്റെ വ്യാവസായിക രംഗത്ത് നമ്മുടെ പരമ്പരാഗത വ്യവസായ മേഖലയെ വിസ്മരിച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയില്ല എന്നുള്ളതാണ്. പ്രത്യേകിച്ച് കൈത്തറി, കയർ, കശുവണ്ടി, ഖാദി തുടങ്ങിയ മേഖലകൾ. കൈത്തറി രംഗത്ത് ഏകദേശം മൂന്നര ലക്ഷത്തിലധികംപേർ ജോലി ചെയ്യുന്നുണ്ട്. കൈത്തറി വ്യവസായത്തെക്കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കണം. അതിന് പ്രത്യേക വകുപ്പ് സൃഷ്ടിക്കുമെന്ന് നേരത്തെ

പ്രഖ്യാപിച്ചിട്ടുണ്ട്. അത് സ്വാഗതാർഹമായ കാര്യമാണ്. പ്രത്യേകിച്ച് ജീവനക്കാരൊന്നും വരാതെ സാമ്പത്തിക ബാധ്യതയില്ലാതെ തന്നെ അത് ചെയ്യാൻ കഴിയുന്നതുമാണ്. കയർ വ്യവസായ മേഖലയിൽ ഉള്ളതുപോലെ കൈത്തറിക്ക് അത്തരമൊരു സമീപനം കൈക്കൊള്ളാൻ നമുക്ക് കഴിയണം. നിലവിലുള്ള ഉദ്യോഗസ്ഥന്മാരെ വിന്യസിച്ചുകൊണ്ട് നമുക്കത് ചെയ്യാൻ കഴിയും. കൈത്തറിക്ക് ഇപ്പോഴുള്ളത് ഹാന്റക്സാണ്. പക്ഷേ അതിന് പരിഹാരമായി ഒരു അപ്പക്സ് ബോഡി നമുക്ക് സൃഷ്ടിക്കാൻ കഴിയണം. കണ്ണൂർ, കോഴിക്കോട്, ബാലരാമപുരം തുടങ്ങിയ സ്ഥലങ്ങൾ വൈവിധ്യമാർന്ന തുണിത്തരങ്ങൾ ഉല്പാദിപ്പിച്ച മേഖലകളാണ്. സ്വാതന്ത്ര്യത്തിന് എത്രയോ വർഷങ്ങൾക്കുമുമ്പ് ബ്രിട്ടീഷ് രാജ്ഞി, തിരുവിതാംകൂർ രാജാവ്/രാജ്ഞി തുടങ്ങിയവർ വീടുകളിൽ ഉപയോഗിച്ചിരുന്ന വസ്ത്രങ്ങൾ നെയ്തത് കോഴിക്കോട് കോമൺ വെൽത്ത് ഫാക്ടറിയിലാണ്. പക്ഷേ ഇന്ന് ആ മേഖല നശിച്ചുകൊണ്ടിരിക്കുന്നു. അത്തരം ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് പോകുകയാണ്. അതിന്റെ വൈവിധ്യപൂർണ്ണമായ ഉല്പാദന പ്രക്രിയ മുന്നോട്ടു കൊണ്ടു പോകാനാവശ്യമായ സമീപനം നമ്മൾ കൈക്കൊള്ളണം. ഒരു പ്രോജക്ട് അടിസ്ഥാനത്തിൽ ഇത് കൊണ്ടുപോകാൻ കഴിയണം. ഇപ്പോഴുള്ളത് സ്കീം ഓറിയന്റേഷൻ പ്രവർത്തനങ്ങളാണ്. സ്കീം ഓറിയന്റേഷൻ പ്രവർത്തനം അവസാനിപ്പിച്ച് പ്രോജക്ടടിസ്ഥാനത്തിൽ ഇത് മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായ നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതിനനുസൃതമായി കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം മേഖലകളിൽ മേഖലാ ഓഫീസുകൾ/പ്രോജക്ട് ഡിവിഷൻ ആരംഭിച്ച് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന ഒരു കാഴ്ചപ്പാടാണ് ഉണ്ടാകേണ്ടത്. ഹാന്റക്സിന്റെ പ്രവർത്തനങ്ങളിൽ കെടുകാര്യസ്ഥതയും അഴിമതിയുമുണ്ടെന്നാണ് പത്ര വാർത്തകളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കാൻ കഴിയുന്നത്. തുണി സംഭരണ സമീപനത്തിൽ അതിഭീകരമായ തിരിമറികൾ നടക്കുന്നു എന്ന ആരോപണമുണ്ട്. അവിടെ വിപണനം നടത്തുന്ന വസ്ത്രങ്ങൾ പൂർണ്ണമായും കൈത്തറിയാണോ എന്ന പരിശോധന ഇതുമായി ബന്ധപ്പെട്ട് നടത്തേണ്ടതുമുണ്ട്. നേരത്തെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നമ്മുടെ സ്കൂളുകളിൽ കൈത്തറി, ഖാദി യൂണിഫോം നടപ്പിലാക്കുന്നു എന്ന് പ്രഖ്യാപിച്ചു. ഇപ്പോൾ നമ്മുടെ സ്കൂളുകളിലേയ്ക്ക് തമിഴ്നാട്ടിൽ നിന്ന് ഹാന്റക്സിന്റെ ഏജന്റുമാർ കാറ്റലോഗുമായി കടന്നുവന്നിരിക്കുന്നു എന്നുപറയുമ്പോൾത്തന്നെ നമുക്കത് ബോധ്യപ്പെടും. കേരളത്തിലെ പാവപ്പെട്ട കൈത്തറി സംഘങ്ങൾക്ക് അത്തരം പരിശ്രമങ്ങളൊന്നുമില്ല. ഈ രംഗത്തുള്ള തമിഴ്നാട് മേഖലയിലെ കുത്തകകൾ മാർക്കറ്റ് പിടിച്ചെടുക്കാനാണ് മോഡേൺ

പ്രചരണങ്ങൾ നൽകി കാറ്റലോഗുമായി ഇന്ന് വിദ്യാലയങ്ങളിലേയ്ക്ക് എത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഹാന്റക്സിന്റെ അഴിമതിയും കെടുകാര്യസ്ഥതയും മനസ്സിലാക്കാൻ സാധിക്കും. വ്യവസായ വാണിജ്യ വകുപ്പിൽ മിടുക്കൻമാരായ ഉദ്യോഗസ്ഥരുണ്ട്. പക്ഷേ അവർക്ക് വേണ്ടത്ര ജോലി ചെയ്യാനുള്ള അവസരങ്ങൾ ലഭിക്കുന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. അതിനനുസരിച്ച് പ്രത്യേക ഫണ്ടും അവർക്ക് നൽകേണ്ടതുണ്ട്. അതിനുള്ള സമഗ്രമായ പദ്ധതിയാണ് ആവിഷ്കരിക്കേണ്ടത്. ചെത്ത് വ്യവസായ രംഗത്ത് പുനഃസംഘടന അനിവാര്യമാണ്. എങ്കിൽ മാത്രമേ ആ മേഖലയെ നിലനിർത്തി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ബീഡി രംഗത്തും ഇതേ സമീപനം തന്നെ സ്വീകരിക്കേണ്ടതാണ്. ഞാൻ നേരത്തെ കോമൺ വെൽത്തിനെത്തിനെക്കുറിച്ച് പറഞ്ഞതിനോടൊപ്പം ഒരു വരി കൂടി സൂചിപ്പിക്കാനുണ്ട്. കേരളത്തിന്റെ പാരമ്പര്യം ഉയർത്തിപ്പിടിച്ച ഒരു സ്ഥാപനമായിരുന്നു അത്. കെടുകാര്യസ്ഥതയുടെ അടിസ്ഥാനത്തിൽ അത് നഷ്ടപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അത് ഹെറിറ്റേജ് ഇൻഡസ്ട്രി എന്ന നിലയ്ക്ക് ഏറ്റെടുക്കണമെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ അതിന്റെ തുടർ നടപടികൾ മുന്നോട്ടുപോയിട്ടില്ല. ഈ ഗവൺമെന്റ് ആ ബിൽ പാസ്സാക്കിയെടുക്കാനുള്ള പരിശ്രമം നടത്തണമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. കാരണം കോഴിക്കോടിന്റെ മനോഹാരിത ഇപ്പോൾ ചെയറിലിരിക്കുന്ന അവിടത്തെ എം.എൽ.എ.-യ്ക്ക് അറിയാം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, ആ ബിൽ ഈ നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, പക്ഷേ അത് ഇനിയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്. ബിൽ നമ്മൾ ഇവിടെ പാസ്സാക്കിയത് കൊണ്ടായില്ല. അതിന്റെ തുടർ നടപടികൾ ആരംഭിച്ചില്ല എന്നാണ് സൂചിപ്പിച്ചത്. എല്ലാത്തിനും ഒരു ഭംഗി കാണുന്ന, ചെയർ സൂചിപ്പിച്ചതുപോലെ നഗരത്തിലെ ആ സ്ഥാപനത്തെ ആ രീതിയിൽ കൊണ്ടുവരാനുള്ള പരിശ്രമം നമ്മൾ നടത്തേണ്ടതാണ്. കേരളത്തിന്റെ വ്യവസായിക മേഖലയുടെ വളർച്ചയ്ക്കാവശ്യമായ പ്രധാനപ്പെട്ട ഒന്നാണ് റെയിൽവേ. ഇന്ന് ഭീതി ഉണർത്തുന്ന രീതിയിലാണ് യാത്രാവണ്ടികളും ചരക്കുവണ്ടികളും റെയിലിലൂടെ പോകുന്നത്. ബ്രിട്ടീഷുകാർ റെയിലിനുള്ള സ്ഥലം കണ്ടെത്തിയതും റെയിൽവെ ട്രാക്കുകൾ നിർമ്മിച്ചതും വളരെ ഭാവനാപൂർവ്വമായാണ്. കാലപ്പഴക്കത്താൽ ഇന്ന് ഒട്ടേറെ അപകടങ്ങൾ

സംഭവിക്കുകയാണ്. അതിനനുസൃതമായ മാറ്റം വരുത്താനുള്ള നല്ല നിലപാടുകൾ സ്വീകരിച്ചാൽ മാത്രമേ വ്യാവസായിക ഭൂപടത്തിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ എന്ന അവസ്ഥയാണിന്നുള്ളത്. അതിന്റെ ഭാഗമായി പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴയുടെ വാഗൺ ഫാക്ടറി തുടങ്ങിയ പ്രവർത്തനങ്ങളിൽ കേരളത്തിലെ എം.പി.മാരുമായി സഹകരിച്ചുകൊണ്ട് അത് നേടിയെടുക്കാനുള്ള പരിശ്രമം നടത്തേണ്ടതുണ്ട്. കഴിഞ്ഞ വർഷം ആഗസ്റ്റ് 7 രാജ്യവ്യാപകമായി കൈത്തറി ദിനമായി ആചരിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരുന്നു. പക്ഷേ അതിന്റെ അവസ്ഥയെന്താണ്? നെയ്ത്തുകാർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നില്ല, ലഭിച്ചാൽതന്നെ ഭീമമായ വില വർദ്ധിപ്പിക്കുന്ന സാഹചര്യമാണുള്ളത്. ഈ വിഷയത്തിൽ മോദി ഗവൺമെന്റ് കണ്ണടയ്ക്കുന്ന അവസ്ഥയാണുള്ളത്. ഒരു പത്രമെഴുതിയത്, "കൈത്തറി മേഖലയിൽ മുഴങ്ങുന്ന വീണ്ടെടുപ്പിന്റെ തറിയൊച്ചകൾ" എന്നാണ്. മൂന്നര ലക്ഷം ആളുകൾ ജോലി ചെയ്യുന്ന ഒരു മേഖല എന്ന നിലയ്ക്കാണ് ഞാൻ ഇതുസംബന്ധിച്ച് പറഞ്ഞത്. ആദിവാസികളേറെയുള്ള മണ്ഡലത്തിൽനിന്ന് വരുന്ന ആളാണ് ഞാൻ. ഒരു ജനപ്രതിനിധി എന്ന നിലയ്ക്കല്ല, ഒരു മനുഷ്യൻ എന്ന നിലയിൽ ആ കോളനികളിലൂടെ കടന്നുപോകുമ്പോൾ നമുക്ക് പ്രശ്നങ്ങളുണ്ടാവുകയാണ്. അത്രയേറെ കണ്ണുനീരിന്റെ ഓർമ്മകളാണ് അവിടെ നിന്നുണ്ടാകുന്നത്, പ്രത്യേകിച്ച് പണിയ മേഖലകളിൽ. കാലങ്ങളായി നമ്മൾ സ്വീകരിക്കുന്ന ഔദ്യോഗിക നിലപാടുകൾക്ക് പുറമെ കേരളത്തിലെ ചെറുപ്പക്കാരെ സംഘടിപ്പിച്ചുകൊണ്ട് ആദിവാസികളും മനുഷ്യരാണ് എന്ന് മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു സമീപനത്തിലേയ്ക്ക് വന്നില്ലെങ്കിൽ നമ്മളും അവരും തമ്മിലുള്ള അന്തരം അതിഭീകരമായിരിക്കും. അതിനുവേണ്ടിയുള്ള ശ്രമം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്, പ്രത്യേകിച്ച് വകുപ്പ് കൈകാര്യം ചെയ്യുന്ന അനുഭവ സമ്പത്തുള്ള മന്ത്രി ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിൽ നടപ്പിലാക്കാനുള്ള പരിശ്രമം നടത്തണം. ഉദ്യോഗസ്ഥൻമാർ മാത്രം തീരുമാനിച്ചാൽ കാര്യങ്ങൾ നടപ്പിലാകാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇപ്പോൾ നമ്മുടെ വീടുകളിലെ പശുക്കൾക്കും നായ്ക്കൾക്കും എ.സി. കൂടുകളാണുണ്ടാക്കുന്നത്. എന്നാൽ ആദിവാസികൾ താമസിക്കുന്ന വീടുകൾ കണ്ടാൽ ........... അതിനൊരു മാറ്റം വരണം. ആദിവാസികളുടെ വീട് ഇങ്ങനെ എന്ന് തീരുമാനിക്കുന്നതിനപ്പുറത്ത് നാട്ടിലെ സാധാരണ മനുഷ്യൻ ജീവിക്കുന്നതുപോലെ മാന്യമായി ജീവിക്കാൻ കഴിയുന്ന വീടുകളുണ്ടാക്കും എന്ന് തീരുമാനിക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിൽനിന്ന് പാവപ്പെട്ട, അടിച്ചമർത്തപ്പെട്ട ഇത്തരം ജനവിഭാഗങ്ങൾ ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ

നമുക്ക് കഴിയേണ്ടതുണ്ട് എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ സന്തോഷപൂർവം അഭിമാനപൂർവം പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. വ്യവസായത്തെ സംബന്ധിച്ച് പറയുമ്പോൾ മാവൂർ ഗ്വാളിയോർ റയോൺസിന്റെ നൂറ് കണക്കിന് ഏക്കർ സ്ഥലം വർഷങ്ങളായി വെറുതെ കിടക്കുകയാണ്. ഏതെങ്കിലും രൂപത്തിൽ തൊഴിലാളികൾക്ക് ജോലി ലഭിക്കുന്ന രീതിയിലുള്ള സംവിധാനം അവിടെ ഏർപ്പെടുത്തുന്നതിന് ഈ സർക്കാർ മുന്തിയ പരിഗണന നൽകണമെന്നാണ് ആദ്യമായി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രണ്ടാമത്, സിഡ്കോ നിരവധിയായ കാര്യങ്ങൾ ചെയ്തുവച്ചിട്ടുണ്ട്. ആ കാര്യങ്ങളിൽ ചിലത് പുറത്തുവന്നപ്പോഴാണ് ബഹുമാനപ്പെട്ട ഇ. പി. ജയരാജന് ഇത്തരം പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിവന്നത് എന്ന് നമുക്കറിയാം. അവിടെ മണൽ ഇറക്കുമതി ചെയ്യാൻ ഒരാൾക്ക് കരാർ കൊടുത്ത് 2 കോടി രൂപ അഡ്വാൻസ് കൊടുത്തിട്ടുണ്ട്. ഇന്നുവരെ ഒരു തരി മണൽപോലും കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്തിട്ടില്ല എന്നാണ് എന്റെ തന്നെ ഒരു ചോദ്യത്തിന് ഇന്നലെ അങ്ങ് മറുപടി നൽകിയിട്ടുള്ളത്. അതുപോലെ എസ്.സി. ഡിപ്പാർട്ടുമെന്റിലെ കോളനികൾ പുനരുദ്ധരിപ്പിക്കാൻവേണ്ടി ഓരോ കോളനിക്കും ഒരു കോടി രൂപ വീതം കൊടുത്തിരുന്നു. ഇത് എന്റെ നിയോജക മണ്ഡലത്തിൽ മാത്രമുള്ള വിഷയമല്ല. ഇതിനും അഡ്വാൻസ് കൊടുത്തിട്ടുണ്ട്. കരാറുകാർ അഡ്വാൻസും വാങ്ങി പോയതല്ലാതെ ഇന്നുവരെ ഒരു കോളനിയിലെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. ഇത് ഗുരുതരമായ ഒരു വിഷയമാണ്. അതുകൊണ്ട് എസ്.സി/എസ്.ടി ഡിപ്പാർട്ട്മെന്റും സിഡ്കോയുമായി യോഗം ചേർന്ന് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ന്യൂനപക്ഷ ക്ഷേമത്തെ സംബന്ധിച്ച് പറയുമ്പോൾ 2002-ലാണ് കേന്ദ്ര ഹജ്ജ് ആക്ട് പാസ്സാക്കിയത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്നുവരെ അതിനൊരു റൂൾ ഫ്രെയിം ചെയ്ത് വന്നിട്ടില്ല. റൂൾ ഫ്രെയിം ചെയ്യാത്തതുകൊണ്ട് ജീവനക്കാരെ സംബന്ധിച്ചും നടപടിക്രമങ്ങളെ സംബന്ധിച്ചും വലിയ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ബഹുമാനപ്പെട്ട പാലൊളി മുഹമ്മദ് കുട്ടി ഇതിനൊരു ശ്രമം നടത്തിയിരുന്നു, അതിന് ഏകദേശ ധാരണയായിരുന്നു. പക്ഷേ കഴിഞ്ഞ ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു ശ്രദ്ധയും ചെലുത്തിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഹജ്ജ് റൂൾ അടിയന്തരമായി പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റ് വഖഫ് ബോർഡിന് രണ്ട് കോടി രൂപ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് കൊടുത്തതിനേക്കാൾ ഏറ്റവും നല്ല പരിഗണനയാണ് വഖഫ്

ബോർഡിന് ഈ ഗവൺമെന്റ് നൽകിയിട്ടുള്ളത്. മദ്രസ അദ്ധ്യാപകർക്കുള്ള വീടുകൾക്ക് പലിശരഹിത വായ്പ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം ന്യൂനപക്ഷക്ഷേമ വകുപ്പ് 51 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് ഇപ്രാവശ്യം 83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾക്ക് പുതിയ ആശയങ്ങൾ ഉൾക്കൊള്ളണമെന്ന് പറഞ്ഞിട്ടുള്ളത്......ന്യൂനപക്ഷങ്ങളുടെ വീടുകളുടെയും പദ്ധതികളുടെയും കാര്യത്തിൽ കൂടി പുതിയ പുതിയ ആശയങ്ങൾ കൊണ്ടുവരാൻ പുതിയ മന്ത്രിക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്, മുസ്ലീം ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങളെ അപഗ്രഥിക്കുമ്പോൾ അതിന് ആധികാരികമായ രേഖയെന്ന് പറയുന്നത് സച്ചാർ കമ്മിറ്റി റിപ്പോർട്ട് തന്നെയാണ്. മുസ്ലീങ്ങൾ നേരിടുന്ന വെല്ലുവിളികളെന്ന് പറയുന്നത്, മാന്യമായ അസ്ഥിത്വവും സുരക്ഷയും തുല്യതയുമാണ്. ഈ മൂന്ന് കാര്യങ്ങളാണ് സച്ചാർ കമ്മിറ്റി വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. എന്നാൽ 2005 മാർച്ച് 5-ന് സമർപ്പിച്ചിട്ടുള്ള ഈ റിപ്പോർട്ടിൽ ഇക്കാര്യങ്ങളൊക്കെ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ഇവയ്ക്കൊന്നും യാതൊരു മാറ്റവുമില്ലാത്ത സ്ഥിതിയിലാണെന്നുമാത്രമല്ല അത് കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു എന്നുള്ളതാണ് ഇന്നത്തെ വസ്തുത. ഈ വസ്തുതകളെ വിലയിരുത്താൻ ശ്രമിക്കുന്നതിനുപകരം അനാവശ്യമായ വിവാദങ്ങൾ സൃഷ്ടിക്കാനാണ് എല്ലാവരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അനാവശ്യമായ ശരീയത്ത് വിവാദം ഉയർത്തിക്കൊണ്ടുവരാൻ കേന്ദ്ര സർക്കാർ ശ്രമിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി മുസ്ലീം സ്ത്രീകളുടെ അവകാശത്തെക്കുറിച്ച് വലിയ ആകുലത പ്രകടിപ്പിക്കുകയുണ്ടായി. ഗുജറാത്തിൽ കലാപം നടക്കുമ്പോൾ ഞാനും എന്റെ കുടുംബവും അവിടെ അകപ്പെട്ടുപോയിരുന്നു. ഗർഭിണികളുടെ വയറ്റിൽ നിന്ന് ത്രിശൂലം ഉപയോഗിച്ച് കുട്ടിയെ പുറത്തെടുത്ത ആളുകളാണ് മുസ്ലീം സ്ത്രീകളുടെ രക്ഷയെ സംബന്ധിച്ച് പറയുന്നത്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നൂറും ഇരുന്നൂറും ആളുകളെ പച്ചയോടെ ചുട്ടുകൊന്നവരാണ് ഫാസിസ്റ്റുകൾ. ഇപ്പോൾ മുസ്ലീം സ്ത്രീകളുടെ സംരക്ഷണത്തിന് മുറവിളി കൂട്ടുന്നത് അവരാണ്. ഉത്തർപ്രദേശിലെ തെരഞ്ഞെടുപ്പാണ് ലക്ഷ്യം. അവരുടെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കുന്ന പരിശ്രമത്തിലാണ് മുസ്ലീം ലീഗ് ഉൾപ്പെടെയുള്ള ചില ശക്തികൾ. അവരും ഇതുപോലെ തന്നെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും അനാവശ്യമായ ചർച്ചകൾ ഉണ്ടാക്കുകയും ചെയ്തുകൊണ്ട് ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളെ പോലെ അവർ പ്രവർത്തിക്കുന്നു. ശരീയത്ത് സംബന്ധിച്ച് ഇടതുപക്ഷ എം.എൽ.എ.-മാർ മറുപടി പറയണമെന്നാണ് ലീഗ് ആവശ്യപ്പെടുന്നത്. ഇത് ലീഗിന്റെ പത്രമാണ്. ശരീയത്തിനെ സംബന്ധിച്ച് സി.പി.ഐ.(എം), ഇടത് മുസ്ലീം സാമാജികന്മാർ

മറുപടി പറയണമെന്നാണ് ഇതിൽ പറയുന്നത്. ശരീയത്തിനെ സംബന്ധിച്ച് ഞങ്ങളല്ല ഉത്തരം പറയേണ്ടത്, പണ്ഡിതന്മാരാണെന്ന് പറയുന്നവർ തന്നെയാണ് ഇപ്പോൾ ഇടതുപക്ഷ എം.എൽ.എ.-മാരാണ് അതിന് മറുപടി പറയണമെന്ന് പറയുന്നത്. ഞങ്ങൾ അഭിപ്രായം പറയണമെന്ന് പറയുന്നതിൽ ഒരു രാഷ്ട്രീയമുണ്ട്. ബി.ജെ.പി.-യുടെ രാഷ്ട്രീയം തന്നെയാണത്. പണ്ഡിതന്മാർ പറയേണ്ട ഒരു കാര്യത്തിൽ ഇടതുപക്ഷ സഹയാത്രികരായ എം.എൽ.എ.-മാർ മറുപടി പറയണമെന്ന് പറയുന്നത് ബി.ജെ.പി. എടുക്കുന്ന അതേ അടവ് നയത്തിന്റെ ഭാഗമാണെന്നാണ് പറയാൻ ഉദ്ദേശിക്കുന്നത്. എം.എൽ.എ.-മാർ എന്ന നിലയ്ക്കാണ് ചോദ്യമെന്നതുകൊണ്ട് അത് വ്യക്തമാക്കാനുള്ള നല്ല വേദി നിയമസഭ തന്നെയാണെന്ന് ഞാൻ കരുതുകയാണ്. സി.പി.ഐ. (എം) ഇതുസംബന്ധിച്ച് പോളിറ്റ് ബ്യൂറോയിൽ പറയുന്നത്-'ന്യൂനപക്ഷ സമുദായങ്ങളുടെ തനിമയ്ക്കുനേരെയുള്ള വർഗ്ഗീയ ശക്തികളുടെ കടന്നാക്രമണങ്ങളും ഏകീകൃത സിവിൽ കോഡ് അജണ്ട മുന്നോട്ട് കൊണ്ടുപോകുവാൻ സർക്കാർ നേരിട്ടും വിവിധ സ്ഥാപനങ്ങൾ വഴിയും നടത്തുന്ന നീക്കങ്ങളും സ്ത്രീകളുടെ അവകാശങ്ങൾക്കുമേൽ പ്രതികൂല ഫലങ്ങൾ ഉളവാക്കും. ഏക നീതിയെന്നത് തുല്യത പ്രദാനം ചെയ്യുന്ന ഉറപ്പല്ല' എന്നാണ്. ഇനി ഞങ്ങളെ സംബന്ധിച്ച് സംശയം വേണ്ട. പോളിറ്റ് ബ്യൂറോ പറഞ്ഞ കാര്യങ്ങളെ പൂർണ്ണമായും ഞങ്ങൾ പിന്താങ്ങുകയാണ്. ഞങ്ങൾക്ക് ആ കാര്യത്തിൽ ഒരു സംശയവുമില്ല. ആ സംശയവും ചോദിച്ച് ഞങ്ങളുടെയടുത്തേക്ക് വരേണ്ട കാര്യമില്ല. ഇന്നലെ, ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്, ശ്രീ. പി. കെ. ബഷീർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. കെ. എം. ഷാജി എന്നിവരുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വ്യക്തമായി മറുപടി പറഞ്ഞിട്ടുണ്ട്. (എ) മത ആരാധനാ സമ്പ്രദായങ്ങളിൽ തിരുത്തലുകൾക്കോ പരിഷ്കാരങ്ങൾക്കോ ഉദ്ദേശിക്കുന്നു ണ്ടോയെന്ന ചോദ്യത്തിന്, ഇല്ലായെന്നാണ് മറുപടി പറഞ്ഞത്. (ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഏത് രീതിയിലുള്ള ഇടപെടലുകളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോയെന്ന ചോദ്യത്തിന് ബാധകമല്ലായെന്ന മറുപടിയാണ് പറഞ്ഞത്. (സി) മത ആരാധനാ ആചാരാനുഷ്ഠാനങ്ങളിൽ തിരുത്തലുകളോ പരിഷ്കാരങ്ങളോ നിലവിൽ ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ നിലപാട് വ്യക്തമാക്കുമോയെന്ന ചോദ്യത്തിന്, മത ആരാധന ആചാരാനുഷ്ഠാനങ്ങളിൽ തിരുത്തലുകളോ പരിഷ്കാരങ്ങളോ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലായെന്ന മറുപടിയാണ് നൽകിയത്. ഇനി ലീഗുകാർക്ക് എന്തെങ്കിലും സംശയമുണ്ടെങ്കിൽ ചോദിച്ചാൽ ഇപ്പോൾ പറയാൻ തയ്യാറാണ്. സി.പി.ഐ.(എം) പോളിറ്റ് ബ്യൂറോ ഇതുസംബന്ധിച്ച് എടുത്ത തീരുമാനങ്ങളെക്കുറിച്ച് ദേശാഭിമാനി റിപ്പോർട്ട് ചെയ്തതാണ് ഞാൻ ഇവിടെ വായിച്ചത്. ശരീയത്ത് എന്നാൽ പെണ്ണുകെട്ടലും മൊഴിചൊല്ലലും മാത്രമാണെന്ന് കരുതുന്ന ചില ആളുകൾ ഇവിടെയുണ്ട്. അഴിമതി

കാണിക്കരുത്, കളവ് പറയരുത്, പലിശ വാങ്ങരുത്, കൊലപാതകം നടത്തരുത്, ബോംബ് ഉണ്ടാക്കരുത് ഇതൊക്കെ ശരീയത്തിന്റെ ഭാഗം തന്നെയാണ്. ഇതല്ലാതെ പെണ്ണുകെട്ടലും മൊഴിചൊല്ലലും മാത്രമല്ല. കണ്ണൂർ ജില്ലയിൽ അവസാനത്തെ കൊലപാതകം നടത്തിയത് ആരാണ്? സമാധാനത്തിന്റെ വെള്ളരി പ്രാവുകളാണ് അവസാനത്തെ കൊലപാതകം നടത്തിയത്. അത് ശരീയത്തിന് എതിരല്ലേ? കേരളത്തിൽ ബോംബ് നിർമ്മാണത്തിനിടെ ഏറ്റവും അധികം ആളുകൾ മരിച്ചത് ഏത് വിഭാഗക്കാരാണ്; സമാധാനത്തിന്റെ വെള്ളരി പ്രാവുകളെന്ന് പറയുന്ന ലീഗുകാരാണ്. അത്രയും ആളുകൾ വേറൊരു ബോംബ് നിർമ്മാണ സമയത്തും മരിച്ചുപോയിട്ടില്ല. വളരെയേറെ പരിശ്രമത്തിന്റെ ഫലമായാണ് നാദാപുരത്ത് സമാധാന അന്തരീക്ഷം ഉണ്ടാക്കിയത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെയുണ്ട്. 12 വർഷം ആ സമാധാനം അവിടെ നിലനിന്നു. ഷിബിൻ വധത്തോടുകൂടി ആ സമാധാനം വീണ്ടും ഇല്ലാതായി. അതിന്റെ ഉത്തരവാദിത്വവും സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ തന്നെ ഏറ്റെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 1829-ൽ 'സതി' നിരോധിക്കുമ്പോൾ അന്നുള്ള 90 ശതമാനം ഭക്തരും 50 ശതമാനം സ്ത്രീകളും വിശ്വസിച്ചിരുന്നത് 'സതി' ദൈവിക ചടങ്ങാണെന്നാണ്. 1936 നവംബർ 12-ന് അവർണ്ണർക്ക് ക്ഷേത്രത്തിൽ പ്രവേശനം അനുവദിക്കുമ്പോൾ 99 ശതമാനം സവർണ്ണരും 90 ശതമാനം അവർണ്ണരും വിശ്വസിച്ചത് അത് ദൈവ നിന്ദയാണെന്നാണ്. 1822-ൽ മാറിടം മറയ്ക്കുന്ന വേഷം ധരിച്ച് കൽക്കുളം ചന്തയിലൂടെ ഒരു ചാന്നാർ സ്ത്രീ കടന്നുവന്നപ്പോൾ മാറ് മറയ്ക്കാത്ത മുഴുവൻ സ്ത്രീകളും പറഞ്ഞത് അത് നിയമവിരുദ്ധമാണെന്നാണ്. 1800-കളിൽ വസൂരിക്ക് വാക്സിൻ കണ്ടുപിടിച്ചപ്പോഴും നമ്മുടെ നാട്ടിലെ ഭക്തർ പറഞ്ഞത് അത് ദേവിയുടെ കോപമാണെന്നാണ്. പെൺകുട്ടികൾ എഴുത്ത് പഠിക്കരുതെന്നും സ്കൂളിൽ പോകരുതെന്നും പറഞ്ഞപ്പോഴും പെൺകുട്ടികളും രക്ഷിതാക്കളും കരുതിയത് അത് ദൈവം നിഷിദ്ധമാക്കിയിട്ടുണ്ടെന്ന് തന്നെയാണ്. അന്ന് പറഞ്ഞ മതഗ്രന്ഥങ്ങളും സൂക്തങ്ങളുമൊക്കെ തന്നെയാണ് ഇന്നുമുള്ളത്. പക്ഷേ കാലം മാറി, കോലം മാറി അതുകൊണ്ട് നിങ്ങൾ ശരീയത്തിനെ സംബന്ധിച്ച് പറയുന്ന എല്ലാ കാര്യങ്ങളും ശരിയായി കൊള്ളണമെന്നില്ല. അതൊക്കെ ചർച്ചയ്ക്ക് വിധേയമാക്കുന്നത് ഏറ്റവും നന്നാകുമെന്ന് മാത്രം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞതുപോലെ വിവേചനം ഒരുപാടുണ്ട്. ഇ-മെയിൽ കേസ്, കോഴിക്കോട് പോസ്റ്റ് ഓഫീസിന് മുമ്പിൽ നടന്ന വിദ്യാർത്ഥി സമരത്തിന് എതിരായി എടുത്ത കേസ്, ലെറ്റർ ബോംബ് കേസ് തുടങ്ങിയ ധാരാളം വിഷയങ്ങളിൽ അസമത്വം നിലനിൽക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ സത്വരമായ ശ്രദ്ധയുണ്ടാകണമെന്നും സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ യുക്തമായ നടപടികളുണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽ കൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങികൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ശ്രീ. ഒ. ആർ. കേളു പ്രസംഗം തുടങ്ങുമ്പോൾ ഒന്നുരണ്ട് കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് തിരുത്തുന്നതിനുവേണ്ടിയാണ് ഞാനിത് പറയുന്നത്. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്ക് മുമ്പ് ഏഷ്യാനെറ്റ് ചാനൽ ആദിവാസി ഭൂമിയെടുക്കലുമായി ബന്ധപ്പെട്ട് കോൺഗ്രസ് നേതാക്കൾക്ക് പങ്കുണ്ടെന്ന വാർത്ത പുറത്തുവിട്ടപ്പോൾ അതിൽ കോൺഗ്രസ് നേതാക്കൾക്ക് പങ്കുണ്ടോയെന്ന് പരിശോധിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് എന്നെ ചുമതലപ്പെടുത്തിയിരുന്നു. പരിശോധിച്ചപ്പോൾ കോൺഗ്രസ്സിന്റെ നേതാക്കൾക്കാർക്കും പങ്കില്ലെന്ന് തെളിഞ്ഞതിന്റെ റിപ്പോർട്ടാണ് കെ.പി.സി.സി.-ക്ക് സമർപ്പിച്ചത്. അദ്ദേഹം യു.ഡി.എഫ്. നേതാക്കൾക്ക് പങ്കുണ്ടെന്നുള്ള റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളതെന്നാണ് പറഞ്ഞത്. അത് സഭാരേഖയിൽ തിരുത്തണം. അങ്ങത് പരിശോധിക്കണം. യു.ഡി.എഫ്.-ന്റെ കാലത്ത് ആദിവാസികളെ ജയിലിൽ അടച്ചുവെന്നാണ് പറയുന്നത്. അതിന്റെ സാഹചര്യങ്ങൾ അറിയുന്ന ആളുകൾ തന്നെയാണവർ. ആദിവാസി ക്ഷേമ സമിതി (എ.കെ.എസ്.)-യുടെ നേതൃത്വത്തിലുള്ള സമരവുമായി ബന്ധപ്പെട്ട കാര്യങ്ങളിലൊക്കെ ഗവൺമെന്റ് നടപടികൾ എടുത്തിട്ടുണ്ട്. കേരളത്തിൽ ഒരേക്കർ മുതൽ അഞ്ചേക്കർ വരെ ഭൂമി പട്ടികവർഗ്ഗകാർക്ക് കൊടുക്കാൻ തീരുമാനിച്ചത് ശ്രീ. എ. കെ. ആന്റണി ഗവൺമെന്റാണ്. അതോടൊപ്പം തന്നെ മുത്തങ്ങ സമരത്തിൽ ജോഗി വെടിയേറ്റ് മരണപ്പെട്ടു. അതിന് ഉത്തരവാദി ആരാണെന്നുള്ളത് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന നേതാക്കൾക്കെല്ലാം അറിയാം. അതിന് നേതൃത്വം കൊടുത്ത നേതാവ് ആരുടെ കൂടെയാണെന്ന് അവർക്ക് പറയാൻ കഴിയും. ഈ ഗവൺമെന്റ് ഇന്ന് അഞ്ച് മാസം പൂർത്തീകരിക്കുകയാണ്. സ്വാഭാവികമായും ഒരു ഗവൺമെന്റിനെ കേരള ജനത വിലയിരുത്തുന്നത് നൂറ് ദിനം കൊണ്ടാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് അതിന് മാതൃകയായിരുന്നു. ഈ ഗവൺമെന്റ് നൂറ് ദിനംകൊണ്ട് എന്തൊക്കെ ചെയ്തു എന്നുള്ളതിന് നിയോജക മണ്ഡലാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും ഒരു വിലയിരുത്തൽ ഉണ്ടാകണമായിരുന്നു. ഒരു സുപ്രഭാതത്തിൽ നൂറ് ദിന ജില്ലാതല പരിപാടി വയനാട് ജില്ലയിൽ പ്രഖ്യാപിച്ചു. ആ ഉദ്ഘാടന ചടങ്ങിൽ ബഹുമാനപ്പെട്ട എ. കെ. ശശീന്ദ്രൻ വന്നിരുന്നു. കല്പറ്റ എം.എൽ.എ. ശ്രീ. സി. കെ. ശശീന്ദ്രൻ ആയിരുന്നു അദ്ധ്യക്ഷൻ. 10.30 -ന് ഞാൻ

അവിടെ ചെന്നപ്പോൾ കുറച്ച് ചെണ്ടക്കാരെയും പത്തോ നാല്പതോ ഉദ്യോഗസ്ഥരെയുമാണ് കാണാൻ കഴിഞ്ഞത്. ഒരു ഗവൺമെന്റിനെ മോശമാക്കുന്ന പരിപാടി നടത്താൻ പാടുണ്ടോ? കഴിഞ്ഞ കാലങ്ങളിലൊക്കെ നൂറ് ദിന കർമ്മപരിപാടി പ്രഖ്യാപിച്ചു. പ്രഖ്യാപനങ്ങളിൽ എന്തൊക്കെ യാഥാർത്ഥ്യമായെന്നുള്ളത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് നൂറ് ദിന പരിപാടി ജില്ലാതലത്തിൽ ആസൂത്രണം ചെയ്യുക. ആ നൂറ് ദിന പരിപാടി വയനാട് ജില്ലയിൽ പരാജയമാണെന്ന് ഞാൻ മുഖ്യമന്ത്രിയെ അറിയിക്കുകയാണ്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പട്ടികവർഗ്ഗ മേഖലയിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആ പദ്ധതികൾ ഇപ്പോൾ തുടർന്നു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലന്റെ നേതൃത്വത്തിൽ ആ പദ്ധതികളിലെ ന്യൂനതകളൊക്കെ പരിഹരിച്ച് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. പട്ടികവർഗ്ഗ മേഖലയിൽ പുതിയൊരു പദ്ധതിക്കും ഈ ഗവൺമെന്റ് രൂപം കൊടുത്തിട്ടില്ല. ശ്രീ. ഒ. ആർ. കേളു യു.ഡി.എഫ്.-ന് എതിരായിട്ടുള്ള പ്രസംഗമാണ് ഇവിടെ നടത്തിയത്. അദ്ദേഹം ഒരു കാര്യം വിലയിരുത്തേണ്ടതുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് സംസ്ഥാനത്ത് ഭരണം നടത്തുമ്പോൾ അദ്ദേഹം തിരുനെല്ലി പഞ്ചായത്ത് പ്രസിഡന്റായിരുന്നു. ആ കാലത്ത് ടി.എസ്.പി. പദ്ധതിയിൽ പഞ്ചായത്ത് ചെലവഴിച്ച തുകയുടെ കണക്ക് പറയണം. കോടികളാണ് ചെലവഴിച്ചത്. അതൊക്കെ മറച്ചുവച്ചുകൊണ്ട് ഒന്നും ചെയ്തിട്ടില്ലായെന്നുള്ള ആരോപണവുമായി അദ്ദേഹം വന്നത് ശരിയല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ജനകീയാസൂത്രണം തുടങ്ങിയ കാലം മുതൽ പട്ടികവർഗ്ഗക്കാർക്കുള്ള ഭവന പദ്ധതിക്ക് ഗവൺമെന്റ് മുൻതൂക്കം കൊടുത്തിട്ടുണ്ട്. പക്ഷേ സമ്പൂർണ്ണ ഭവന പദ്ധതിയിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ജനകീയാസൂത്രണ കാലത്തുപോലും അനുവദിച്ച പദ്ധതികളുടെ ഫയൽ ക്ലോസ് ചെയ്യാൻ ഉദ്യോഗസ്ഥന്മാർക്ക് കഴിഞ്ഞിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് ഭവനനിർമ്മാണത്തിന് എസ്.സി. വിഭാഗത്തിന് ഒരു ലക്ഷം രൂപയും എസ്.ടി. വിഭാഗത്തിന് ഒന്നര ലക്ഷം രൂപയുമാണുണ്ടായിരുന്നത്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് എസ്.സി. വിഭാഗത്തിന് ഒരു ലക്ഷം രൂപയായിരുന്നത് മൂന്ന് ലക്ഷം രൂപയായും എസ്.ടി. വിഭാഗത്തിന് ഒന്നര ലക്ഷം രൂപയായിരുന്നത് മൂന്നര ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. ഈ തുക അഞ്ച് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് അടിസ്ഥാന സൗകര്യമുള്ള ഭവനം നിർമ്മിച്ച് കൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട്

എനിക്ക് പറയാനുള്ളത്. ഇതിൽ ചൂഷണങ്ങൾ നടക്കുന്നുണ്ട്. സാധാരണക്കാരൻ ഒരു ലക്ഷം രൂപ മുടക്കി ഒരു വീട് പണിതാൽ പത്തോ നാല്പതോ വർഷം അതിൽ താമസിക്കും. രണ്ട് ലക്ഷം രൂപയോ മൂന്നര ലക്ഷം രൂപയോ മുടക്കി വീട് പണിതാൽപ്പോലും പത്ത് വർഷം കഴിയുമ്പോൾ വീണ്ടും അത് പൊളിച്ച് പണിയേണ്ട സാഹചര്യങ്ങളുണ്ടാകുന്നു. ഇതിന് മേൽനോട്ടം വഹിക്കുന്നതിനുള്ള ടെക്നിക്കൽ വിംഗ് ട്രൈബൽ ഡിപ്പാർട്ട്മെന്റിൽ ഇല്ല. സ്വന്തമായി വീട് നിർമ്മിക്കാൻ കഴിവുള്ള പട്ടികവർഗ്ഗക്കാരുടെ എണ്ണം വളരെ കുറവാണ്. പല കോളനികളിലും പോയി അവിടെ താമസിച്ച് അവരുടെ പ്രശ്നങ്ങൾ പഠിച്ച വ്യക്തിയാണ് അങ്ങ്. ചൂഷണം ചെയ്യുന്ന വ്യക്തികളെ കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കാൻ കഴിയണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തീരുമാനമെടുത്തിരുന്നു. ഒട്ടനവധി ബിനാമികളുടെ പേരിൽ കേസ് ചാർജ് ചെയ്തിട്ടുണ്ട്. ഭവന നിർമ്മാണം മാത്രമല്ല ഇതൊരു സബ് പ്ലാൻ പദ്ധതിയാണ്. ഈ പദ്ധതി മേൽനോട്ടം വഹിച്ച് നടപ്പാക്കുന്നതിന് ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഒരു എഞ്ചിനീയറിംഗ് വിംഗ് ഉണ്ടാകണമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. 90-ഉം 95-ഉം ശതമാനം ചെലവഴിച്ചുവെന്ന് കണക്ക് പറയാറുണ്ട്. എങ്ങനെയാണ് ഇത് ചെലവഴിക്കുന്നത്? അക്കൗണ്ടിൽനിന്നും വിവിധ ഏജൻസികൾക്ക് ഡിപ്പാർട്ട്മെന്റ് പണം കൊടുക്കുകയാണ്. പട്ടികവർഗ്ഗക്കാരുടെ കൈകളിലേയ്ക്ക് ഈ പണം എത്തിയാലല്ലേ ചെലവഴിച്ചുവെന്ന് പറയാൻ കഴിയുകയുള്ളൂ. ഡിപ്പാർട്ട്മെന്റ് വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്യുന്നു. അത് ഡെപ്പോസിറ്റ് ചെയ്തുകഴിഞ്ഞാൽ ഇവിടെ എക്സ്പെന്റിച്ചറായി. കൃഷി, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നു. പക്ഷേ ഈ ഫണ്ട് പട്ടികവർഗ്ഗക്കാരുടെ കോളനികളിലേയ്ക്ക് എത്തിയിട്ടില്ല. ഇക്കാര്യം പരിശോധിക്കണമെന്ന് വയനാട് ജില്ലയിലെ അവലോകന യോഗത്തിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിച്ചിരുന്നു.

എല്ലാ ഡിപ്പാർട്ട്മെന്റുകളിലും വെബ്സൈറ്റുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റിന്റെ കീഴിലും വെബ്സൈറ്റുണ്ടായിരുന്നു. പക്ഷേ അതിപ്പോൾ ബ്ലോക്ക് ചെയ്തിരിക്കുകയാണ്. പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ കമ്പ്യൂട്ടറും ഇന്റർനെറ്റുമൊക്കെ ഉപയോഗിക്കുകയും ഗവൺമെന്റുകൾ നടത്തുന്ന പദ്ധതികളെക്കുറിച്ച് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. എന്തുകൊണ്ടാണ് അത് ബ്ലോക്ക് ചെയ്തത്? അങ്ങനെ ബ്ലോക്ക് ചെയ്തിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ആ പ്രശ്നത്തിന് പരിഹാരം കാണണമെന്നുകൂടി

സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. താഴെത്തട്ടിൽ പ്രവർത്തിക്കുന്നത് ടി.ഒ.-മാരാണ്. ട്രൈബൽ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങൾ ശക്തമായി വിലയിരുത്തണം. അട്ടപ്പാടി, വയനാട് പോലെയുള്ള മേഖലകളിൽ പ്രവർത്തിക്കുമ്പോൾ അവർക്ക് കോളനികളിൽ എത്തുന്നതിന് വലിയ പ്രയാസങ്ങളുണ്ടാകുന്നു. അവർക്ക് വാഹനവും മറ്റ് സൗകര്യങ്ങളുമില്ല. യൂണിറ്റ് മാനേജ്മെന്റിന്റെ ഭാഗമായി ഇവരെയൊക്കെ യോജിപ്പിച്ച് പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റിനെ ശക്തമാക്കി മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം. അഴിമതിയുണ്ടെങ്കിൽ അത് ശക്തമായി അന്വേഷിക്കണം. അഴിമതിക്കാരെ സമൂഹത്തിന്റെ മുന്നിലേയ്ക്ക് കൊണ്ടുവരുന്നതിന് ഞങ്ങളാരും എതിരല്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇവിടെ കോൺഗ്രസ്സിന്റെ നേതാക്കൾക്ക് ഒരു പങ്കുമില്ലായെന്ന് കണ്ടെത്തിക്കഴിഞ്ഞു. പിന്നെ ആർക്കാണ് ഇതിൽ പങ്ക്? അതേക്കുറിച്ച് അന്വേഷിക്കേണ്ടതുണ്ട്. വയനാട് ജില്ലയിൽ മാത്രമല്ല കേരളത്തിലെ 14 ജില്ലകളിലും പട്ടികവർഗ്ഗക്കാരുടെ പദ്ധതികളെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തണമെന്ന് ആവശ്യപ്പെടുകയാണ്. മറ്റ് കാര്യങ്ങളൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ അഭിമാനപൂർവ്വം പിന്താങ്ങുന്നു. നിയമസഭാ മന്ദിരത്തിന്റെ മുന്നിൽ മഹാത്മാ ഗാന്ധി, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ഡോ. ബി. ആർ. അംബേദ്കർ എന്നിവരുടെ മൂന്ന് പ്രതിമകളുണ്ട്. മതനിരപേക്ഷതയുടെ അടയാളമാണത്. ഇത് ശ്രീ. ഐ. സി. ബാലകൃഷ്ണൻ മനസ്സിലാക്കണം. സ്വാതന്ത്ര്യത്തിനും നീതിക്കും നന്മയ്ക്കും സാമൂഹിക ഉന്നമനത്തിനും വേണ്ടി നടത്തിയ നവോത്ഥാന സമര ചരിത്രത്തിന്റെ മുഖമുദ്രകൂടിയാണത്. ശ്രീബുദ്ധൻ, ശ്രീനാരായണഗുരു, അയ്യൻകാളി, വിവേകാനന്ദൻ, ചട്ടമ്പിസ്വാമികൾ, ഇ.എം.എസ്. നമ്പൂതിരിപ്പാട്, കൃഷ്ണപിള്ള, എ.കെ.ജി. തുടങ്ങിയ നവോത്ഥാന നായകരും എഴുത്തുകാരും കലാകാരന്മാരും സവർണ്ണ മേധാവിത്വത്തിനെതിരെ നട്ടെല്ല് നിവർത്തി നടന്ന നാടാണിത്. അട്ടപ്പാടിയിലെ ആദിവാസികളെ അപമാനിച്ച നിങ്ങൾക്ക് ആരും മാപ്പ് തരികയില്ല. പുരോഗമന പ്രസ്ഥാനത്തിന്റെ 50-ാം വാർഷികം ആഘോഷിക്കുന്ന ഘട്ടത്തിലാണ് സഖാവ് പിണറായി വിജയൻ സർക്കാരിന്റെ മതനിരപേക്ഷ അഴിമതിമുക്ത ഭരണത്തിന്റെ നൂറാം നാൾ പിന്നിടുന്നത്. അത് ശ്രദ്ധേയമാണ്. സമൃദ്ധിയുടെ അടയാളമായി ബക്രീദും ഓണവും ഒന്നിച്ച് കൊണ്ടാടിയ അപൂർവ്വതയും

ഈ കാലത്തുതന്നെയുണ്ടായി. നമ്മൾ ജീവിച്ചിരിക്കുമ്പോൾ അങ്ങനെയൊരു അവസ്ഥ ഉണ്ടാവുകയില്ല. ജാതിയില്ലാ വിളംബരത്തിൽ ഊർജ്ജം പകരുന്ന ധന്യതയിൽക്കൂടിയാണ് കേരള ജനതയും സർക്കാരും മുന്നോട്ട് പോകുന്നത്. രാജ്യത്തുടനീളം ജനങ്ങളെ അണിനിരത്തി സാംസ്കാരിക വകുപ്പ് ഈ സന്ദേശം പ്രചരിപ്പിക്കുക മാത്രമല്ല ഇടപെടുകകൂടി ചെയ്യും. സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ എളുപ്പമാണ്, പക്ഷേ ഇടപെടുക എന്നുള്ളത് വളരെ പ്രയാസമാണ്.

"ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും

സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാമിത്."

'മാണിത്' എന്നല്ല 'മാമിത്' എന്നാണ് ഗുരുദേവൻ പറഞ്ഞത്. അരുവിപ്പുറം പ്രതിഷ്ഠയ്ക്കുശേഷം ശ്രീനാരായണഗുരു ഇങ്ങനെ കുറിച്ചിട്ടത് നമ്മുടെ മനസ്സിലെ കാലുഷ്യം ഇല്ലാതാക്കാനാണ്. തൊട്ടാൽ എതിർക്കുക, എന്തെങ്കിലും പറയുക ഇതൊക്കെയാണ് ഇവിടെ നടക്കുന്നത്. കർമ്മങ്ങളിലൂടെ മാത്രമേ സ്വച്ഛമായ ജീവിതത്തിന് അർത്ഥവും ഗൗരവവും ഉണ്ടാകുകയുള്ളൂ. നവോത്ഥാനം ഉഴുതുമറിച്ചതും ദേശീയ പ്രസ്ഥാനം വിത്തുവിതച്ചതുമായ ഈ മണ്ണിൽ ഇന്ന് വിളയുന്നത് വർഗ്ഗീയരാഷ്ട്രീയമാണ്. ഇത് വളരെ ദൗർഭാഗ്യകരമാണ്. ആഗ്രഹിക്കാതെ ജനിക്കുകയും ആഗ്രഹത്തിന് വിപരീതമായി മരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ജീവിതം എന്നുപറയുന്നത്. ഈ ആവേശത്തിൽ ചില ആക്ടിവിസ്റ്റുകളുടെ പിൻബലത്തോടെ യാഥാർത്ഥ്യം മറച്ചുവയ്ക്കാനും വിസ്മരിക്കാനും ചിലർ പാടുപെടുകയാണ്. പ്രധാനമായും, ദളിതന്റെ ഉപജീവനമാർഗ്ഗമാണ് മൃഗങ്ങളുടെ തോൽ. ചത്ത പശുവിനെ ആരാധിക്കുന്നത് ഹൈന്ദവ ആചാരമല്ല. മൃഗം കടിച്ചുകൊന്നതിന് ദളിതർ കൊന്നുവെന്ന് പറഞ്ഞ് അവരെ ആക്രമിച്ചതും കൊന്നതും എന്തിനാണ്? ഫാസിസ്റ്റ് ശക്തികൾ തെരുവുനായ്ക്കളെപ്പോലെ ലജ്ജിപ്പിക്കുന്ന തരത്തിൽ പെരുകിവരുന്നു. മനുഷ്യൻ മനുഷ്യനെ അപമാനിക്കാൻ കാരണം ജാതിയും മതവുമാണ്. 'ജാതി' എന്നു പറഞ്ഞാൽ 'ജന്മം' എന്നേ അർത്ഥമുള്ളൂ; 'ജൻമസിദ്ധം' എന്നല്ല എന്നാണ് പണ്ഡിതന്മാർ പറയുന്നത്. സംസ്ഥാനത്തിന്റെ നവോത്ഥാന നായകരുടെ പേരിൽ വർഗ്ഗീയതയെ തടയാനും ശക്തിപ്പെടുത്താനുമാണ് പതിനാല് സാംസ്കാരികനിലയങ്ങൾ ഉണ്ടാകാൻ പോകുന്നത്. ഇത് പ്രഖ്യാപനം മാത്രമല്ല, അത് യാഥാർത്ഥ്യമാകും. 'സ്പെയ്സ്' എന്ന സാംസ്കാരിക പഠനകേന്ദ്രവും ഉണ്ടാകുന്നു. കേരള കലാഗ്രാമങ്ങൾ, സാംസ്കാരിക ശില്പശാലകൾ, സ്ത്രീകളുടെ പദവി ഉയർത്തുന്ന പഠന കേന്ദ്രങ്ങൾ എന്നിങ്ങനെ ഒരു വലിയ സാംസ്കാരിക കുതിച്ചുചാട്ടത്തിന് തയ്യാറെടുക്കുകയാണ്. കേരളത്തിന്റെ

പൊതു ഇടങ്ങൾ പൊതു ഇടങ്ങളല്ലാതായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഓരോ കാലത്തും കാലത്തിന്റെ മുദ്ര ചാർത്തിയ സൃഷ്ടികളുണ്ടായിട്ടുണ്ട്;കലാകാരന്മാരും കലാകാരികളുമുണ്ടായിട്ടുണ്ട്. കുമാരനാശാൻ അയിത്തത്തിനെതിരെ 'ദുരവസ്ഥ'യിലൂടെ പ്രതികരിച്ചു. തകഴി ശിവശങ്കരപിള്ള 'രണ്ടിടങ്ങഴി'യിലൂടെയാണ് പ്രതികരിച്ചത്. വാഴ വയ്ക്കാൻ അവകാശമുള്ളവന് അത് വെട്ടാനുള്ള അവകാശവും കൂടിയുണ്ട് എന്ന് സ്ഥാപിക്കാനാണ് ചങ്ങമ്പുഴ 'വാഴക്കുല' എന്ന കവിത എഴുതിയത്. മതസൗഹാർദ്ദം വിളംബരം ചെയ്ത് ഇടശ്ശേരി 'കൂട്ടുകൃഷി' എഴുതി. വി. റ്റി. ഭട്ടതിരിപ്പാട് അന്ധവിശ്വാസത്തിനെതിരെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്' എഴുതി. അങ്ങനെ നീണ്ടുപോകുന്ന ഒരു വലിയ പൈതൃകവും സംസ്കാരവും നമുക്കുണ്ട്. ആശ്രിതർക്ക് ആത്മവീര്യം നൽകിയ നാടൻ പാട്ടുകളും നാടൻ കലകളും തോറ്റങ്ങളുമെല്ലാം ചേർന്നതാണ് സമൃദ്ധിയുടെ കേരളം. അതിനെ വീണ്ടും ഭ്രാന്താലയമാക്കാനുള്ള ഈ ശ്രമത്തെ നമ്മൾ കക്ഷിരാഷ്ട്രീയം മറന്ന് ചെറുക്കേണ്ടതുണ്ട്. സാംസ്കാരിക വകുപ്പ് വളരെ വ്യക്തമായ ധാരണയോടും ധാർമ്മികമായ പിന്തുണയോടുംകൂടിയാണ് ഇവിടെ കാര്യങ്ങൾ നടത്തുന്നത്. കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക്ക്‌ലോർ അക്കാഡമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുടെ ഒരു കൺസോർഷ്യം ഉണ്ടാക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രി സാംസ്കാരിക വകുപ്പുമന്ത്രി കൂടിയായതുകൊണ്ട് എല്ലാ ഡിപ്പാർട്ടുമെന്റിന്റെയും ഒരു കൺസോർഷ്യം കേരളത്തിനകത്തും പുറത്തും ഉണ്ടാക്കിയാൽ നന്നായിരുന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഇവിടെ ഭരിച്ചപ്പോൾ ലോകത്താകമാനം മലയാളത്തിന്റെ മാഹാത്മ്യം എത്തിച്ചിരുന്നു. ഗവൺമെന്റ് സാംസ്കാരിക സ്ഥാപനങ്ങളും അച്ചടിക്കുന്ന പുസ്തകങ്ങളുടെ മാർക്കറ്റിംഗും വളരെ ശ്രദ്ധിക്കണം. ആ അർത്ഥത്തിൽ അതിന്റെ പ്രവർത്തനവും ശക്തിപ്പെടുത്തണം. എങ്കിൽ മാത്രമേ കോടിക്കണക്കിന് രൂപ വിലയുള്ള പുസ്തകങ്ങൾ കെട്ടിക്കിടക്കാത്ത അവസ്ഥയുണ്ടാകൂ. നഷ്ടമായാലും ബാല സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കണം. ചിട്ടയില്ലാത്തത് ചിട്ടപ്പെടുത്തുമ്പോൾ ചിലർക്കത് കൊള്ളും. കെടുകാര്യസ്ഥത കൊണ്ടും അഴിമതി കൊണ്ടും കുത്തഴിഞ്ഞ് മരവിച്ചുകിടക്കുകയാണ് ഇതിന്റെ അകത്തളങ്ങൾ. പഠിപ്പിക്കുകയും വിദ്യാഭ്യാസം നടത്തുകയും പൂജാകർമ്മങ്ങൾ ചെയ്യുന്നവരും ബ്രാഹ്മണർ; രാജ്യരക്ഷ, സൈനിക സേവനം എന്നിവയിലുൾപ്പെട്ടവർ ക്ഷത്രിയർ; കൃഷി, കച്ചവടം മുതലായ കാര്യങ്ങൾ ചെയ്യുന്നവർ വൈശ്യർ; മറ്റ് ശാരീരിക ജോലികൾ ചെയ്യുന്നവർ ശൂദ്രർ-

അദ്ധ്വാനിക്കുന്നവൻ. ഇതോടെ ഉച്ചനീചത്വങ്ങൾ മറനീക്കി പുറത്തുവന്നു. ഉയർന്നവനെന്നും താഴ്ന്നവനെന്നുമുള്ള മനോഭാവം ഉടലെടുത്തു. ശൂദ്രനെ, അദ്ധ്വാനിക്കുന്നവനെ നാലാം തരക്കാരനാക്കി, അറിവ് നിഷേധിച്ചു. സമയം അനുവദിക്കാത്തതുകൊണ്ട് അതിലേയ്ക്ക് ഞാൻ തുടർന്ന് പോകുന്നില്ല. അങ്ങനെ അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ മുന്നേറ്റത്തിന് നമ്മൾ ആത്മാർത്ഥമായി പരിശ്രമിക്കണം.

ഇവിടെ, അസഹിഷ്ണുതയ്ക്ക് കാരണം എന്താണെന്ന് പരിശോധിക്കണം. 'നമുക്ക് ജാതിയില്ല' എന്ന സന്ദേശം ഹൃദയങ്ങളിലെത്തിച്ചതോ സന്ദേശം പ്രചരിപ്പിച്ചതോ മാത്രമല്ല, സാംസ്കാരികരംഗത്ത് ഇടപെട്ടത് പലർക്കും രസിക്കുകയുണ്ടായില്ല. ഈയിടെ പാലക്കാട് മഹത്തായ ഒരു അവാർഡുദാന ചടങ്ങ് നടന്നു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത അവാർഡ് ദാന ചടങ്ങിൽ 50,000-ത്തിലധികം ആളുകളാണ് പങ്കെടുത്തത്. നടന്മാർ, പ്രമുഖ വ്യക്തികൾ ഇവരെക്കൂടാതെ സാധാരണ ജനങ്ങളും അതിൽ പങ്കെടുത്തു. മലയാള ചലച്ചിത്ര അവാർഡുവിതരണ ചടങ്ങ് ഇത്രയും ജനപങ്കാളിത്തത്തോടെ മുൻപ് നടന്നിട്ടില്ല. നടിമാരായ ഷീലയും ശാരദയും ആനന്ദാശ്രുക്കൾ പൊഴിച്ചതുമെല്ലാം മുന്തിയ പരിപാടികളായി ഉൾക്കൊള്ളാൻ കഴിയണം. ഈ സർക്കാർ 'ദന്തഗോപുരവാസികളുടെ കൂടെയല്ല ജനങ്ങൾക്കൊപ്പമാണ്' എന്ന് തെളിയിക്കുന്നതായിരുന്നു ആ അവാർഡുദാന ചടങ്ങ്. കുറേ ആഢ്യന്മാർ മാത്രം പങ്കെടുത്ത ചടങ്ങായിരുന്നില്ല അത്. മനുഷ്യന്റെ സംസ്കാരം രൂപപ്പെടുന്നത് സാമൂഹ്യജീവിതത്തിൽ നിന്നാണെന്നത് മറക്കാൻ പറ്റില്ല. സ്വയം അപഹാസ്യരാകരുത്. ചിട്ടയില്ലാത്തത് ചിട്ടപ്പെടുത്തുമ്പോൾ ചില്ലുകൊട്ടാരം പോലെ തകർന്നുപോകുന്ന അവസ്ഥ ലജ്ജാകരമാണ്. സമൂഹം തള്ളിക്കളഞ്ഞ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തിരിച്ചുവരുന്നത് ഭീതിയുണ്ടാക്കുന്നു. 'അമ്പു കൊള്ളാത്തവരില്ല ഗുരുക്കളിൽ' എന്ന വാക്യം ഓർത്തുപോകുകയാണ്. ശ്രീ. എം. ടി. വാസുദേവൻ നായരുടെ കഥാപാത്രം പറയുന്നതുപോലെ 'കളിനടക്കട്ടെ, കളിനടക്കട്ടെ, എല്ലാ കളികളും നടക്കട്ടെ'. കാര്യക്ഷമമായ എല്ലാ പദ്ധതികളും കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 12 ശതമാനം മാത്രമേ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി ചെലവഴിക്കപ്പെടുന്നുള്ളൂ എന്നത് വേദനാജനകമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് പദ്ധതി വിഹിതവുമായി ബന്ധപ്പെട്ട് പട്ടികജാതി മേഖലയിൽ നടപ്പിലാക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചുള്ള ചർച്ചയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ പട്ടികജാതി

വിഭാഗത്തിന്റെ കാര്യത്തിൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്നുമാസമേ ആയിട്ടുള്ളൂ. എല്ലാ വിഭാഗത്തിനും നൽകുന്ന സഹായങ്ങളുടെ പരിധി ഇപ്പോൾ വർദ്ധിപ്പിച്ചു. എന്നാൽ പട്ടികജാതി വിഭാഗത്തിന് ചികിത്സാസഹായം നൽകാനുള്ള വരുമാന പരിധി 50,000 രൂപ മാത്രമായി പരിമിതപ്പെടുത്തി യിരിക്കുകയാണ്. അതൊരു വിവേചനമാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ; അല്ലെങ്കിൽ അത് മാറ്റണമെന്ന അഭിപ്രായമുണ്ടോ?

മി. സ്പീക്കർ: അങ്ങ് ആ ചോദ്യത്തിന് ഉത്തരം പറഞ്ഞിട്ട് അവസാനിപ്പിച്ചോളൂ.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഉണ്ട്. പട്ടികജാതി വികസന വകുപ്പ് കഴിഞ്ഞ വർഷം ചെലവഴിച്ച പദ്ധതി തുകയിൽ അതിന്റെ കണക്കുണ്ട്. മുൻ എൽ.ഡി.എഫ്. സർക്കാർ 49,464 വീടുകൾ അനുവദിച്ചു. അതിൽ 44,004 വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. 2010 മാർച്ച് 30-ന് 'കാലാവധി കഴിഞ്ഞ 25,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ 1,15,774 പേർക്കു മാത്രമേ അതിന്റെ ഗുണം ലഭിച്ചിട്ടുള്ളൂ. പിന്നീട് യു.ഡി.എഫ്. സർക്കാർ 50,000 രൂപയായും എന്റെ സബ്മിഷന്റെ ഭാഗമായി യു.ഡി.എഫ് സർക്കാർ അത് ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. എന്നാൽ അതിനാവശ്യമായ തുക വകയിരുത്തുകയോ അതിന്റെ ഉത്തരവിറക്കുകയോ ചെയ്യാതെ ബുദ്ധിമുട്ടിച്ചു. അങ്ങനെ കുടിശ്ശികയാക്കിയ നിരവധി ഉദാഹരണങ്ങളുണ്ട്. ചുരുക്കത്തിൽ കുടിശ്ശിക തീർക്കുന്നതിനുവേണ്ടി മാത്രം 1160.59 കോടി രൂപയാണ് ഈ സർക്കാർ ചെലവഴിച്ചത്. പട്ടികജാതി വിഭാഗത്തിൽ ഭൂരഹിതരായ 30,698 കുടുംബങ്ങളും ഭവനരഹിതരായ 26,210 കുടുംബങ്ങളും പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂരഹിതരായ 9,500 കുടുംബങ്ങളും ഭവനരഹിതരായ 15,000 കുടുംബങ്ങളും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇവർക്ക് വീണ്ടും വീടും സ്ഥലവും നൽകേണ്ടതുണ്ട്. പരാധീനതകൾക്കിടയിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാം മനസ്സിലാക്കുകയും ചിട്ടയായ പ്രവർത്തനങ്ങൾ നടത്തുകയും അത് പൂർത്തീകരിക്കുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിനുള്ള പദ്ധതികൾ ഇവിടെ തയ്യാറാക്കിയിട്ടുമുണ്ട്.

മി. സ്പീക്കർ: പ്ലീസ്...... ഇനി പുതിയ വിഷയത്തിലേയ്ക്ക് പോകണ്ട ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ആയിക്കോട്ടെ. ഞാൻ നിർത്തുന്നു.

ഈ ധനാഭ്യർത്ഥനകളെ അഭിമാനത്തോടെ പിന്തുണയ്ക്കുന്നു.

2.00 PM ]

ശ്രീ. ടി. വി. ഇബ്രാഹിം: സർ, XXV, XXXVII എന്നീ നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്ത്യൻ ഭരണഘടനയിൽ വീക്കർ സെക്ഷനിൽ നിർവ്വചിക്കപ്പെട്ടിരിക്കുന്ന അവശ-ദുർബല വിഭാഗങ്ങൾക്കു വേണ്ടിയുള്ള ധനാഭ്യർത്ഥന ചർച്ചയാണ് നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 69 സംവൽസരങ്ങൾ പിന്നിട്ടു കഴിഞ്ഞു. അങ്ങനെയുള്ള രാജ്യത്ത് ഇത്ര ശക്തമായ ഭരണഘടനാ വകുപ്പുകളും നേരത്തെ ഇവിടെ പ്രതിപാദിക്കപ്പെട്ടതുപോലെയുള്ള സാമൂഹ്യ പരിഷ്കർത്താക്കളുടെയും രാഷ്ട്രീയ നേതാക്കന്മാരുടെയും സാഹിത്യകാരന്മാരുടെയുമൊക്കെ പിന്തുണയും വിവിധ സർക്കാരുകൾ നടപ്പിലാക്കിയിട്ടുള്ള അനേകം പദ്ധതികളും ഘടക പദ്ധതികളുമൊക്കെ ഉണ്ടായിട്ടുപോലും എസ്.സി./എസ്.ടി. വിഭാഗങ്ങൾ ഇന്നും അവശത പേറി നിൽക്കുന്നുവെന്ന് പറയുന്നത് നമ്മുടെ രാജ്യത്തിനപമാനവും നാണക്കേടുമാണ്. ഇന്ത്യയിൽ 25 ശതമാനം വരുന്ന ഈ വിഭാഗത്തിന്റെ വളരെ വേദനിപ്പിക്കുന്ന കണക്കുകൾ നേരത്തെ ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഓരോ 18 മിനിട്ടിലും ഒരു എസ്.സി. ആക്രമിക്കപ്പെടുന്നുവെന്നും പ്രതിദിനം 3 എസ്.സി. വനിതകളെങ്കിലും ബലാൽസംഗത്തിന് ഇരയാകുന്നുവെന്ന കണക്കും ഞെട്ടിപ്പിക്കുന്നതാണ്. ദിവസവും 27 എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ നമ്മുടെ രാജ്യത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കേരളത്തിൽ ആദിവാസികളായ അവിവാഹിത അമ്മമാരുടെ എണ്ണം കൂടിക്കൊണ്ടേയിരിക്കുന്നുവെന്നാണ് കഴിഞ്ഞ ദിവസവും മന്ത്രി റിപ്പോർട്ട് ചെയ്തത്. നമ്മുടെ സംസ്ഥാനത്ത് 11 ശതമാനത്തിലധികം എസ്.സി./എസ്.ടി. വിഭാഗങ്ങളുണ്ട്. ഇക്കൂട്ടത്തിൽ നിന്നും എത്ര കളക്ടർമാർ, എത്ര എം.എൽ.എ.-മാർ, എത്ര മന്ത്രിമാർ വന്നിട്ടുണ്ട്? ഉദ്യോഗസ്ഥ തലപ്പത്തും പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്തും എത്ര പേർ ഉണ്ടെന്നുള്ളതൊക്കെ ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ എൻ.എച്ച്-ലൂടെ യാത്ര ചെയ്യുമ്പോൾ എത്ര കച്ചവട സ്ഥാപനങ്ങൾ, എത്ര വ്യവസായ സ്ഥാപനങ്ങൾ അതിന്റെ തലപ്പത്ത് ഏതെങ്കിലും ഒരു എസ്.സി. യോ എസ്.ടി. യോ ഉണ്ടോയെന്ന് പരിശോധിച്ചാൽ അവർ ഇപ്പോഴും എത്രമാത്രം പിന്നോക്കം നിൽക്കുന്നുവെന്ന് മനസ്സിലാക്കാം. നഗര പ്രദേശങ്ങളിൽ എസ്.സി. വിഭാഗത്തെ കാണാനേ കഴിയുന്നില്ല. ഇതൊക്കെ പരിഹരിക്കാൻ വേണ്ടി മാറിമാറി വന്ന സർക്കാരുകൾ നിരവധി പദ്ധതികളും പരിപാടികളുമൊക്കെ ആവിഷ്ക്കരിച്ചെങ്കിലും പ്രതീക്ഷിച്ചതുപോലെ പുരോഗതി ഉണ്ടായിട്ടില്ലായെന്നത് സത്യമാണ്. ഈ പദ്ധതികളൊന്നും ലക്ഷ്യം കണ്ടിട്ടില്ല. നേരത്തെ പഞ്ചവൽസര പദ്ധതികൾ

ഉണ്ടായിരുന്നു. അത് ഇപ്പോൾ നീതി ആയോഗ് ആക്കി മാറ്റിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രത്യേക ഘടക പദ്ധതികൾ ഉണ്ടായിരുന്നു. ഇതിന്റെയൊക്കെ കണക്കുകൾ എന്താണെന്ന് നോക്കിയാൽ ഇവിടെ പ്രതിപാദിച്ചതുപോലെ ഫണ്ടുകൾ ലാപ്സായി പോകുന്നു, ദുർവിനിയോഗം നടക്കുന്നു, അഴിമതിക്ക് വിധേയമാകുന്ന തുടങ്ങിയ കാര്യങ്ങളൊക്കെ തന്നെയാണ്. ഇതിനുള്ള പരിഹാരമാണ് എത്രയും വേഗം ചർച്ച ചെയ്തു തീരുമാനിക്കേണ്ടത്. ഡോ. ബി. ആർ. അംബേദ്ക്കർ ഭരണഘടനാ നിർമ്മാണ സഭയിൽ ചെയ്ത പ്രസംഗത്തിൽ പൊളിറ്റിക്കൽ ഡെമോക്രസിക്കുപകരം അല്ലെങ്കിൽ പൊളിറ്റിക്കൽ ഡെമോക്രസിക്ക് ഒപ്പം തന്നെ സോഷ്യൽ ഡെമോക്രസിയാണ് ആവശ്യമെന്ന് പറഞ്ഞിട്ടുണ്ട്. അദ്ദേഹം ചെയ്ത പ്രസംഗത്തിന്റെ ടെക്സ്റ്റ് സമയപരിമിതി കാരണം ഞാൻ ഇവിടെ വായിക്കുന്നില്ല. ഒരു സോഷ്യൽ ഡെമോക്രസിയുടെ ഭാഗത്തേയ്ക്ക് അടിയന്തരമായി നാം നീങ്ങേണ്ടിയിരിക്കുന്നു. സുസ്ഥിരമായ വികസനമാണ് ഈ മേഖലയിൽ അത്യാവശ്യമായി വന്നിട്ടുള്ളത്. സോഷ്യൽ ഡെമോക്രസിയിൽ വിഭവങ്ങളുടെ തുല്യമായ വിതരണം ഇവിടെ നടക്കേണ്ടിയിരിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. കേരളത്തിൽ 11 ശതമാനത്തിലധികം വരുന്ന എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് എത്ര ഭൂമിയുണ്ട്? ഇവിടെ ഭൂപരിഷ്കരണം നടന്നുകഴിഞ്ഞു. ഭൂപരിഷ്കരണം നടപ്പിലാക്കിയപ്പോഴും എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് ആവശ്യത്തിന് ഭൂമി കിട്ടിയിട്ടില്ല. ആവശ്യത്തിന് ഭൂമിയും കൃഷിയിടങ്ങളും വീടും ഉണ്ടാകുമ്പോഴേ അവർക്കുതന്നെ ഒരു ആത്മവിശ്വാസം ഉണ്ടാകുകയുള്ളൂ. ഭൂമി, വിദ്യാഭ്യാസ പുരോഗതി, ജോലി, വികസന പങ്കാളിത്തം എന്നിവ വേണം. ഇവയൊക്കെ ആവശ്യാനുസരണം ഉണ്ടായിട്ടുണ്ടോയെന്നുള്ളത് അടിയന്തരമായി പരിശോധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ രാജ്യത്ത് സ്വന്തമായി ഭൂമിയും കൃഷിയിടങ്ങളും ഇല്ലാത്ത എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ കണക്ക് മറ്റുള്ള ആളുകളെ അപേക്ഷിച്ച് എത്രയോ ഇരട്ടിയാണെന്ന് നമുക്ക് എല്ലാവർക്കും അറിയാം. കോളനികൾ വികസിപ്പിക്കാനാണ് മാറി മാറി വന്ന ഗവൺമെന്റുകൾ ശ്രമിച്ചിട്ടുള്ളത്. കോളനികൾ അടിയന്തരമായി ഇല്ലാതാക്കേണ്ടിയിരിക്കുന്നു. കോളനികൾ ഒരു തരത്തിലും പ്രോത്സാഹിപ്പിക്കപ്പെടാൻ പാടില്ല. എസ്.സി./എസ്.ടി. കോളനികളിൽ റോഡും പാലവും വെളിച്ചവും കൊടുക്കുന്നതിനുപകരം, വെളിച്ചത്തേയ്ക്ക് അവരെ ഇറക്കിക്കൊണ്ടു വരാനാണ് നാം ശ്രമിക്കേണ്ടത്. ചെറിയ കോളനികളിൽ വീണ്ടും വീണ്ടും വീടുകൾ കൊടുത്തുകൊണ്ടേയിരിക്കുന്നു. ഭവന വായ്പ വർദ്ധിപ്പിക്കണമെന്ന ആവശ്യം ഞാൻ ശക്തമായി ഉന്നയിക്കുകയാണ്. റോഡ് സൗകര്യമില്ലാത്ത ഒരു സ്ഥലത്ത് വീട് വയ്ക്കണമെങ്കിൽ 3 ലക്ഷം രൂപ കൊണ്ട് തറയൊരുക്കുവാൻ മാത്രമേ

പര്യാപ്തമാകുവെന്ന് നമുക്കറിയാം. ഇതൊക്കെ അടിയന്തരമായി വർദ്ധിപ്പിക്കേണ്ടി യിരിക്കുന്നു. ഇവരെ കോളനികളിൽ നിന്നും ഇറക്കിക്കൊണ്ടുവന്ന് വിശാലമായ ഭൂമി കൊടുത്ത് അവിടെ പാർപ്പിക്കാൻ വേണ്ട സാഹചര്യങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. കോളനികൾ എല്ലാം തന്നെ ഉടച്ചുവാർക്കണം. മറ്റുള്ളവർ താമസിക്കുന്നിടത്തേയ്ക്ക് അവരെ മാറ്റി പാർപ്പിക്കണം. അതിനാവശ്യമായ നിയമനിർമ്മാണം നമ്മുടെ രാജ്യത്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ ജീവിതശൈലിയിൽ മാറ്റം വരുത്താനും ജീവിത രീതിയുടെ നിലവാരം ഉയർത്താനും സാംസ്കാരികമായ വളർച്ചയും ഈ വിഭാഗത്തിന് ഉണ്ടാകുവെന്നുള്ളത് വളരെ വ്യക്തമാണ്. അതുകൊണ്ട് എല്ലാ മേഖലയിലും ഈ രീതിയിലുള്ള പ്രവർത്തനങ്ങൾ, കാഴ്ചപ്പാടുകൾ ഉയർന്നുവരേണ്ടിയിരിക്കുന്നു. സംവരണം കൊണ്ടുമാത്രം ഈ വിഭാഗം രക്ഷപ്പെടുകയില്ലായെന്ന് നമുക്കെല്ലാവർക്കും അറിയാം. പക്ഷെ സംവരണം ഒരു പരിധി വരെ ഇവരെ സപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊതുമേഖലയിലും സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളിലും അടിയന്തരമായി സംവരണം നടപ്പിലാക്കേണ്ടിയിരിക്കുന്നു. എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ മിശ്ര വിവാഹത്തെ പ്രോൽസാഹിപ്പിക്കുന്നുണ്ട്. എങ്കിലും അവർക്ക് ആവശ്യമായ രീതിയിൽ ഒന്നുകൂടി സപ്പോർട്ട് കൊടുക്കണം. മിശ്ര വിവാഹത്തിന് തയ്യാറാകുന്ന ഉയർന്ന ജാതിയിലുള്ള ആളുകൾക്ക് ജോലി സംവരണം അടക്കമുള്ള സപ്പോർട്ടുകൾ കൊടുക്കേണ്ടിയിരിക്കുന്നു. എന്റെ മണ്ഡലത്തിൽ കേരളത്തിലെ ഏറ്റവും വലിയ ഒരു എസ്.സി./എസ്.ടി. കോളനിയായ എൻ.എച്ച്- കോളനിയുണ്ട്. അവിടെ 400 ഓളം കുടുംബങ്ങളുണ്ട്. അവിടെയൊരു സ്കൂളുണ്ട്. 100 ശതമാനം എസ്.സി./എസ്.ടി. വിഭാഗം പഠിക്കുന്ന ആ സ്കൂളിന് ഒരു കെട്ടിടം വേണമെന്ന് ഞാൻ ബഹുമാനപ്പെട്ട പട്ടികജാതി വികസനവകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പക്ഷെ ഇതുവരെ ഒരു മറുപടിയും കിട്ടിയിട്ടില്ല. അതുപോലെ ആ ഭാഗങ്ങളിൽ നിരവധി റോഡുകളും പാലങ്ങളുമൊക്കെ ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ അതിനും ഇതുവരെ ഒരു മറുപടിയും കിട്ടിയിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്തെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഫർണിച്ചറും ലാപ് ടോപ്പും ഇന്റർനെറ്റ് സൗകര്യമുള്ള പഠന മുറികൾ നൽകേണ്ടതുണ്ട്. ഡോ. ബി. ആർ. അംബേദ്ക്കറുടെ ദളിത് പഠനം ഇവിടെ വികസിപ്പിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും അംബേദ്ക്കർ ചെയറുകൾ സ്ഥാപിക്കണം.

അടുത്തതായി എനിക്ക് സൂചിപ്പിക്കുവാനുള്ളത് രാജ്യത്തെ മുസ്ലീംങ്ങൾ അടക്കമുള്ള ന്യൂനപക്ഷ വിഭാഗത്തിന്റെ കാര്യമാണ്. സച്ചാർ കമ്മീഷന്റെയും പാലോളി കമ്മിറ്റിയുടെയും റിപ്പോർട്ടിന്റെ ഫലമായി കേരളത്തിൽ ന്യൂനപക്ഷ

വകുപ്പ് രൂപപ്പെട്ടു കഴിഞ്ഞു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഒന്നുകൂടി ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് 103 കോടി രൂപ അവസാനം കൊടുത്തുകൊണ്ട് ഈ വകുപ്പിനെ ശക്തിപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഒരുപാട് പോരായ്മകളുണ്ട്. ഈ പോരായ്മകളൊക്കെ നികത്തിക്കൊണ്ട് ആവശ്യത്തിന് ഓഫീസും സ്റ്റാഫും ജില്ലാതലങ്ങളിൽ ന്യൂനപക്ഷ വകുപ്പിന് പ്രത്യേകമായി ഓഫീസുകൾ തുറക്കേണ്ട ആവശ്യവും ഉണ്ട്. വിധവകളുടെ വീട്, കുടിവെള്ള പദ്ധതികൾ അടക്കമുള്ള നിരവധി പദ്ധതികൾ ശക്തമായി കേരളത്തിൽ നടപ്പിലാക്കേണ്ടിയിരിക്കുന്നു. ആവശ്യത്തിന് ഫണ്ട് കൊടുത്ത് ന്യൂനപക്ഷ വകുപ്പിനെ കൂടുതൽ ശക്തിപ്പെടുത്തണം. ന്യൂനപക്ഷ വിഭാഗങ്ങൾക്കു കൊടുക്കുന്ന വിവിധ സ്കോളർഷിപ്പുകൾ പ്രീമെട്രിക്-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ്, ഐ.ഡി.എം.ഐ,(Infrastructure Development in Minority Institutes) എസ്.പി.ക്യൂ.ഇ.എം (Scheme to Provide Quality Education in Madrassas), ഹജ്ജ്-വഖഫ് പോലുള്ള ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ എല്ലാം ന്യൂനപക്ഷ ക്ഷേമവകുപ്പിൻ കീഴിലേയ്ക്ക് കൊണ്ടുവരണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ***+ മറ്റുള്ളവർക്കൊക്കെ മൂന്നും നാലും മിനിട്ട് കൂടുതൽ കിട്ടിയിട്ടുണ്ട്. പക്ഷെ എന്റെ സമയമായപ്പോൾ സർ വന്നു.

മി. സ്പീക്കർ: ചെയറിനോടാണോ ഇത് പറയുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: 2 മിനിട്ടുകൊണ്ട് വളരെ അത്യാവശ്യമുള്ള ചില കാര്യങ്ങൾ പറയാം. മദ്രസ അധ്യാപകർക്കുള്ള പെൻഷൻ ഇപ്പോൾ 1000 രൂപയാണുള്ളത്. അവർ മാസം തോറും 100 രൂപ പ്രീമിയം അടയ്ക്കുന്നവരാണ്. അവരുടെ പെൻഷൻ 5000 രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കേന്ദ്രസർക്കാരിന്റെ എം.എസ്.ഡി.പി. പദ്ധതിയിൽ കേരളത്തിൽ നിന്നും ഇപ്പോൾ....

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പോയിന്റ് ഓഫ് ഓർഡർ.... **** അത് രേഖയിൽ നിന്നും നീക്കം ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അത് സംബന്ധിച്ച് റൂളിംഗ് വേണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല ): അത് തമാശയായി കണക്കിലെടുത്താൽ മതി.

---

\+ പിൻവലിച്ചു.

<u>മി. സ്പീക്കർ</u>: തമാശയാണെങ്കിലും അത് ഓർഡറിലല്ല.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> അത് നീക്കം ചെയ്യാം. ഇന്ത്യയിൽ എം.എസ്.ഡി.പി. സ്കീമിൽ (Multi Sectoral Development Project) 700 ബ്ലോക്കുകളുണ്ട്. കേരളത്തിൽ വയനാട് ജില്ലയിലെ 4 ബ്ലോക്കുകൾ മാത്രമാണ് ഉള്ളത്. ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. കേരളത്തിലെ മറ്റു ബ്ലോക്കുകളെ കൂടി ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പുകൂടി ഇന്നത്തെ ധനാഭ്യർത്ഥനയിലുള്ളതുകൊണ്ട് വ്യവസായത്തിന് മറുപടി പറയുമ്പോൾ വളരെ അത്യാവശ്യമായ ഒന്നു രണ്ടു കാര്യങ്ങൾ കൂടി പറയട്ടെ, ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ടുമാത്രം പറയുകയാണ്. കേരളത്തിലെ മുസ്ലീം പോലീസ് ഉദ്യോഗസ്ഥന്മാർക്ക് താടി വയ്ക്കാനുള്ള അനുവാദം ഇല്ല. സി.ഐ.എസ്.എഫ്-ലും റെയിൽവേ പോലീസിലും ബോംബെ സെക്യൂരിറ്റി ഫോഴ്സിലുമുള്ള ഈ സൗകര്യം കേരളത്തിലും അനുവദിച്ചുകൊടുക്കണമെന്ന് അപേക്ഷിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ വലിയ പ്രതീക്ഷയാണ് അർപ്പിച്ചിരിക്കുന്നത്. വനം വകുപ്പിലെ മുസ്ലീം ഉദ്യോഗസ്ഥന്മാർക്ക് വെള്ളിയാഴ്ച പള്ളിയിൽ പോകാനുള്ള സൗകര്യം പോലുമില്ല.

കാലിക്കറ്റ് എയർപോർട്ടിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയുണ്ടാകണം. ശ്രദ്ധയുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. അതിന്റെ തുടക്കത്തിലുള്ള ശ്രമങ്ങൾ ഇപ്പോൾ മന്ദീഭവിച്ചോ അവസാനം വിട്ടുപോയോ എന്നൊരു സംശയമുണ്ട്. ഒരു കാര്യംകൂടി പറയട്ടെ, താനൂരിൽ ...ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലത്തെ റൂൾ 50-നുള്ള മറുപടിയിൽ വലിയ പ്രതീക്ഷയേകിക്കൊണ്ടാണ് സംസാരിച്ചത്. താനൂരിൽ പോലീസ് അതിക്രമം കാരണം 30 ഓളം കുടുംബങ്ങളിലെ പുരുഷന്മാർ അവരുടെ വീട് വിട്ട് പാലായനം ചെയ്തിട്ടുണ്ട്. അവിടെയുള്ള ആളുകൾക്ക് സംരക്ഷണം നൽകാനുള്ള നടപടി കൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ധനാഭ്യർത്ഥകളെ ഞാൻ ശക്തമായി പിൻതുണയ്ക്കുന്നു. ഈ ധനാഭ്യർത്ഥന ചർച്ച നടക്കുമ്പോൾ ആൽബർട്ട് ഐൻസ്റ്റീനിന്റെ വാക്കുകൾ ഞാൻ ക്വാട്ട് ചെയ്യുകയാണ് " Great spirits have always encountered violent opposition from mediocre minds" ഒരു പക്ഷേ

ഐൻസ്റ്റീൻ ഈ സഭയെ ദീർഘവീക്ഷണത്തോടുകൂടി കണ്ടായിരിക്കാം ഇത്തരമൊരു പരാമർശം നടത്തിയത്. 2006-11-ൽ വ്യവസായ മേഖലയിൽ 2105 കോടി രൂപ ലാഭമുണ്ടായിരുന്നത് 2014-15 എത്തുമ്പോഴേയ്ക്കും 2554.46 കോടി രൂപ നഷ്ടത്തിലെത്തി. ബഹുമാന്യനായ കുഞ്ഞാലിക്കുട്ടി സാഹിബ് പ്രാപ്തികുറഞ്ഞ ആളാണെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ something fishy അത് ഈ ഗവൺമെന്റ് കണ്ടെത്തണം, എന്തുകൊണ്ട് എൽ.ഡി.എഫ് ഭരിക്കുമ്പോൾ ലാഭത്തിലായിരുന്ന സ്ഥാപനങ്ങൾ യു.ഡി.എഫ് ഭരിക്കുമ്പോൾ നഷ്ടത്തിലേയ്ക്ക് പോകുന്നു, ഇത് വളരെ ഗൗരവപൂർവ്വം ചർച്ചകൾക്ക് വിധേയമാക്കണം. കേരളത്തിൽ 42 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ചുരുങ്ങിയ കാലംകൊണ്ട്, വെറും 142 ദിവസം കൊണ്ട് കെൽട്രോൺ, മലബാർ സിമന്റ്സ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ സന്ദർശിച്ച് അതിനൊരു ചിട്ടയുണ്ടാക്കാൻ നേരത്തെയുണ്ടായിരുന്ന വ്യവസായ വകുപ്പുമന്ത്രിക്ക് സാധിച്ചു. പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കാൻ നല്ല നിലപാട് നാം സ്വീകരിക്കുന്നുണ്ട്. ഒന്നാം ക്ലാസുമുതൽ എട്ടാം ക്ലാസുവരെയുള്ള കുട്ടികൾക്ക് യൂണിഫോമായി കൈത്തറിത്തുണികൾ നൽകുന്നു. ഖാദി മിനിമം വേജസ് ഉയർത്തിയിരിക്കുന്നു. ഓണം-റംസാൻ കാലത്ത് 2008-ൽ 58.5 കോടി രൂപയുടെ ബിസിനസ്സാണ് നടന്നതെങ്കിൽ 2016 ആയപ്പോഴേയ്ക്കും 75 കോടി രൂപയിലേയ്ക്ക് എത്താൻ കഴിഞ്ഞു. പ്രൈവറ്റ് സെക്ടറിനേയും പബ്ലിക് സെക്ടറിനേയും ഒരുപോലെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ പോളിസി. കേരളത്തെ ഇൻവെസ്റ്റർ ഫ്രണ്ട്‌ലി സ്റ്റേറ്റാക്കി മാറ്റാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. ആ ശ്രമത്തിനെ ഞങ്ങൾ ശക്തമായി പിന്തുണയ്ക്കുന്നു. കേരളത്തിലെ വ്യവസായം വളർന്ന് പുതുതലമുറയ്ക്ക് തൊഴിൽ സൃഷ്ടിക്കാൻ ഉതകുന്ന തരത്തിൽ ഇച്ഛാശക്തിയോടുകൂടി ഈ സർക്കാർ മുന്നോട്ടുപോകും. അങ്ങനെ മുന്നോട്ടു പോകുന്നതിന് കേരളീയ ജനസമൂഹം നല്ല പിന്തുണ നൽകും. ടെൽക്, കെൽ, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്നിവയുടെ ഉല്പന്നങ്ങൾ എൽ.എസ്.ജി.ഡി മുഖാന്തിരവും ഇലക്ട്രിസിറ്റി വകുപ്പ് മുഖാന്തിരവും വിറ്റഴിക്കാൻ ഈ സർക്കാർ തീരുമാനിച്ചു. പി.എസ്.യു-വിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ സെൻട്രലൈസ്ഡ് പർച്ചേസിലൂടെ വാങ്ങാൻ ഈ സർക്കാർ തീരുമാനിച്ചു. ഇതൊക്കെയാണ് യഥാർത്ഥത്തിൽ വ്യവസായ വകുപ്പിനകത്തുള്ള മാഫിയ സംഘത്തെ ചുരുങ്ങിയ കാലയളവിൽ കേരളത്തിലെ വ്യവസായ വകുപ്പുമന്ത്രിക്കെതിരെ ഇറങ്ങിപ്പുറപ്പെടാൻ പ്രേരിപ്പിച്ചത്. അദ്ദേഹത്തിന്റെ 142 ദിവസം കേരളത്തിലെ വ്യവസായ വകുപ്പിന്റെ ചരിത്രത്തിൽ റിമാർക്കബിൾ പിരീഡായിരിക്കുമെന്ന കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. കേരളത്തിനകത്ത് പ്രചരിപ്പിക്കപ്പെടുന്നത് വ്യവസായ മേഖലയിൽ

വികസനമുണ്ടാകാത്തതിനുകാരണം ഹർത്താലും ബന്ദുമുള്ളതുകൊണ്ടാണെന്നാണ്. യഥാർത്ഥത്തിൽ പെന്റുലം പൊളിറ്റിക്സാണ് കേരളത്തിന്റെ ശാപം. അഞ്ചുവർഷം എൽ.ഡി.എഫ്. വ്യവസായം മെച്ചപ്പെടുത്തും. അടുത്ത അഞ്ചുവർഷം യു.ഡി.എഫ് വന്ന് അതിനകത്തുനിന്നും കട്ട് മുടിക്കും. അതിന്റെ ഭാഗമായിട്ടാണ് കേരളത്തിന്റെ വ്യവസായ മേഖലയിലേയ്ക്ക് കടന്നുവരാൻ ആളുകൾ മടിക്കുന്നത്. ഒരുകാര്യം നമുക്ക് ഉറപ്പിക്കാം, കേരളത്തിലെ പെന്റുലം പൊളിറ്റിക്സ് അവസാനിക്കാൻ പോകുന്നു. കേരളത്തിൽ ഇനിയുള്ള നാളുകൾ ഇടതുപക്ഷത്തിന്റെ നാളുകളാണെന്ന് നമുക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും. കേന്ദ്രഗവൺമെന്റ് നീതി ആയോഗിലൂടെ സെൻട്രൽ പി.എസ്.യു-കളെ വിൽക്കാൻ ശ്രമിച്ച ഘട്ടത്തിൽപോലും ഇൻസ്ട്രുമെന്റേഷൻ ഇന്ത്യാ ലിമിറ്റഡ് എന്ന സ്ഥാപനം ഏറ്റെടുക്കാൻ ഇച്ഛാശക്തി കാണിച്ച സർക്കാരാണിതെന്ന കാര്യത്തിൽ ആർക്കും സംശയംവേണ്ട. പബ്ലിക് സെക്ടർ അണ്ടർടേക്കിംഗിനെ മെച്ചപ്പെടുത്തി മുന്നോട്ടുപോകാൻ സാധിക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

എസ്.സി/എസ്.ടി മേഖലയിൽ നാം നടത്തിയ പ്രവർത്തനങ്ങൾ XXV-ാം നമ്പർ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയിൽ എല്ലാ ആളുകളും സൂചിപ്പിച്ചു. എന്തെല്ലാം ഞങ്ങൾ ചെയ്തു. എന്തുകൊണ്ട് ശ്രീ. എ. കെ. ബാലൻ വേട്ടയാടപ്പെടുന്നു. കാരണം എസ്.സി/എസ്.ടി മേഖലയിൽ അദ്ദേഹം നടത്തുന്ന പ്രവർത്തനങ്ങളെ അസഹിഷ്ണുതയോടെ നോക്കിക്കാണുന്ന ഒരു വിഭാഗം ദളിത്മേഖലയിൽ ഇടപെടുന്നതുകൊണ്ടാണ് അദ്ദേഹം വേട്ടയാടപ്പെടുന്നത്. ഇന്നൊരു മുഖ്യധാരാ പത്രം എഡിറ്റോറിയൽ പേജ് പൂർണ്ണമായും നീക്കിവച്ചിരിക്കുന്നത് ബഹുമാന്യനായ മന്ത്രിക്കെതിരായിട്ടാണ്. അതിൽ നിന്നും ഒരു കാര്യം ഉറപ്പാണ് എസ്.സി/എസ്.ടി മേഖലയിലും പിന്നോക്ക മേഖലയിലും വളരെ കൃത്യമായ നിലപാട് സ്വീകരിച്ചു കൊണ്ടുതന്നെ ഈ സർക്കാർ മുന്നോട്ടുപോകും. ഈ സർക്കാരിന്റെ എല്ലാ ശ്രമങ്ങളെയും കേരളത്തിലെ പിന്നോക്ക വിഭാഗങ്ങൾ, പ്രത്യേകിച്ചും എസ്.സി./എസ്.ടി വിഭാഗങ്ങൾ നെഞ്ചേറ്റുമെന്ന കാര്യത്തിൽ ഒരു സംശയവും ഞങ്ങൾക്കില്ല. ന്യൂനപക്ഷമേഖലയിൽ ആരാണ് നയങ്ങൾ നടപ്പിലാക്കിയത്; കേരളത്തിലെ ന്യൂനപക്ഷങ്ങൾ എങ്ങനെ മുന്നോട്ടുവന്നു? അത് ലീഗിന്റെ ഔദാര്യമല്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിച്ചതുകൊണ്ടാണ് മുസ്ലീം ന്യൂനപക്ഷങ്ങൾ ഇന്ന് അനുഭവിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിച്ചതെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇനിയും മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കി ഈ സർക്കാർ മുന്നോട്ട് പോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇവിടെ കുറേ രാഷ്ട്രീയം ചർച്ച ചെയ്തു. കൊലപാതക രാഷ്ട്രീയത്തിന്റെ ബ്രാന്റ് അംബാസിഡർമാരായി ഇടതുപക്ഷ രാഷ്ട്രീയത്തെ മുദ്രകുത്താൻ ഇവർ ശ്രമിക്കുകയാണ് . ഈ സഭയ്ക്കകത്തിരിക്കുന്ന തല നരച്ചവർ അത് സമ്മതിക്കില്ല. മുടി കറുത്തവർക്ക് ഈ രാജ്യത്ത് കോൺഗ്രസ് നടത്തിയ അക്രമരാഷ്ട്രീയത്തിന്റെ കഥ ഒരു പക്ഷേ ഓർമ്മയുണ്ടാവില്ല. ആരാണ് അടിയന്തരാവസ്ഥ നടപ്പിലാക്കിയത്? ഈ സഭയുടെ നായകനെ കേവലം 26-ാമത്തെ വയസ്സിൽ പിടിച്ചുകൊണ്ടുപോയത് ആരാണ്; ഈ സഭയിലെ ഒരു സാമാജികനെ പിടിച്ചുകൊണ്ടുപോയി തല്ലിച്ചതച്ച് ജീവച്ഛവമാക്കിയതാരാണ്; അടിയന്തരാവസ്ഥക്കാലത്ത് സ്റ്റേറ്റ് സ്പോൺസേർഡ് ടെററിസം അല്ലേ നിങ്ങൾ നടത്തിയത്? ഈ സഭയുടെ മുൻനിരയിൽ ഇരിക്കുന്ന, മന്ത്രിസഭാംഗമായ ശ്രീ. ജി. സുധാകരൻ, അദ്ദേഹത്തിന് ഒരു സഹോദരനുണ്ടായിരുന്നു- ജി. ഭുവനേശ്വരൻ. അദ്ദേഹത്തെ വെട്ടിക്കൊന്നവരല്ലേ നിങ്ങൾ? നിങ്ങൾ ഹിപ്പോക്രാറ്റുകളാണ്. എന്നിട്ട് നിങ്ങൾ കൊലപാതക രാഷ്ട്രീയത്തെക്കുറിച്ച് സംസാരിക്കുന്നു. അതിന് നിങ്ങൾക്ക് ഒരവകാശവുമില്ല. നിങ്ങൾ ഇ. പി.-യുടെ ചോരയ്ക്കുവേണ്ടി ഓടി നടന്നില്ലേ? ശ്രീ. ഇ. പി. ജയരാജന് വെടിയേറ്റപ്പോൾ, അദ്ദേഹത്തെ മൂന്ന് തവണ ബോംബ് എറിഞ്ഞ് കൊല്ലാൻ ശ്രമിച്ചപ്പോൾ കേരളത്തിലെ ഇടതുപക്ഷ മനസ്സ് അദ്ദേഹത്തെ സംരക്ഷിച്ചുവെങ്കിൽ ഒരു സംശയവും നിങ്ങൾക്കുവേണ്ട, ഇ. പി.-യുടെ ചോരയ്ക്കുവേണ്ടി ഓടി നടക്കുന്നവർ നിരാശരാകേണ്ടിവരുമെന്ന് ഞങ്ങൾ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ആരാണ് രാഷ്ട്രീയത്തിൽ അക്രമം കൊണ്ടുവന്നത്; ആരാണ് കൊലപാതകം കൊണ്ടുവന്നത് ? ചരിത്രം ഒന്ന് കണ്ണോടിച്ചുനോക്കുന്നത് നന്നായിരിക്കുമെന്ന് ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

ഇവിടെ സ്വാശ്രയ സമരം നടന്നു. ആ സ്വാശ്രയ സമരത്തെ നമുക്ക് രണ്ടായി തിരിക്കാം. ഒന്ന്, നിയമസഭാ സാമാജികരുടെ ആഹാര-നിരാഹാര സമരം. കോൺഗ്രസ്സിന്റെ നിരാഹാര സമരവും മുസ്ലീംലീഗിന്റെ ആഹാര സമരവും. രാവിലെ പ്രാതൽ സംസം ഹോട്ടലിൽ നിന്ന്, ഉച്ചയൂണ് സിന്ദൂറിൽ നിന്ന് വൈകുന്നേരം തേങ്ങാപത്തല് ആലിബാബയിൽ നിന്ന്, ഇതെന്തുസമരമാണ്? ലീഗുകാർ ഭക്ഷണവും കഴിച്ച്, കൈ മര്യാദയ്ക്ക് കഴുകാതെ മറുഭാഗത്ത് പട്ടിണി കിടക്കുന്നവരുടെ അരികിലേയ്ക്ക് ഓടിവന്നിരിക്കുമ്പോൾ ഭക്ഷണത്തിന്റെ മണം അവരുടെ മൂക്കിലേയ്ക്ക് അടിച്ചുകയറുകയാണ്. ആറ് മണിക്കൂർ നിരാഹാരം കിടക്കാൻ 600 ഫ്ലക്സടിച്ച ഹരിതന്മാർ നടത്തിയ സമരം കേരളീയസമൂഹം കണ്ടതല്ലേ? അതിനുശേഷം കെ.എസ്.യു.ക്കാർ നടത്തിയ സമരമാണ്. ആ സമരത്തിൽ മേക്കപ്പ്മാൻ പട്ടണം റഷീദ് വന്നിരുന്നു. ചോര വരാത്തതിനാൽ

മേക്കപ്പിട്ടു. പോലീസ് അടിക്കുന്നതിനേക്കാൾ മുമ്പ് പട്ടണം റഷീദിന്റെ ശിഷ്യന്മാരെക്കൊണ്ട് ചുവന്ന മഷിയടിപ്പിച്ചു. ഇതെന്തു സമരമാണ്? ഈ സഭയ്ക്കകത്തിരിക്കുന്ന ഞങ്ങൾ നിങ്ങളുടെ കാലത്ത് ക്രൂരമായ മർദ്ദനത്തിന് വിധേയരായവരാണ്, ജയിലിലടയ്ക്കപ്പെട്ടവരാണ്. മറുഭാഗത്ത് എം.എസ്.എഫിന്റെ സമരം നമ്മൾ കണ്ടു. എം.എസ്.എഫിന്റെ സമരമെന്നുപറയുമ്പോൾ കുട്ടി തങ്ങളുടെ സമരമാണ്. എം.എസ്. എഫ് ഒരു പുതിയ മുദ്രാവാക്യം രൂപപ്പെടുത്തി - 'അടിയുടെ ഇടിയുടെ വെടിയുടെ മുന്നിൽ അടിപതറാതെ ഓടും ഞങ്ങൾ'. ഒരു ചാനലിലെ ചർച്ച കഴിഞ്ഞപ്പോൾ മറുഭാഗത്തിരുന്ന എം.എസ്.എഫ്-കാരനോട് എന്തിനാണ് ആ ചെറുപ്പക്കാരനോടിയതെന്ന് യൂത്ത് ലീഗുകാർ ചോദിച്ചപ്പോൾ പറഞ്ഞത് ളുഹർ ബാങ്ക് വിളിച്ചപ്പോൾ നിസ്കരിക്കാൻ ഓടിയതാണെന്നാണ്. ഞാൻ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബിനോട് പറയുകയാണ്, ആ ചെറുപ്പക്കാരനെ നിങ്ങൾ നാടിന് കൊടുക്കണം. കാരണം, പരിശീലനം കൊടുത്താൽ ഒളിമ്പിക്സിൽ സ്വർണ്ണമെഡൽ നേടാൻ പാകത്തിന് ആ ചെറുപ്പക്കാരനെ മാറ്റിയെടുക്കാൻ സാധിക്കും.

നിങ്ങൾ പ്രസംഗിച്ചു, ക്ഷമയാണ് ഞങ്ങളുടെ ഗമ എന്ന്. ക്ഷമയാണ് ഗമ എന്ന് ഒരുഭാഗം പ്രസംഗിക്കുമ്പോൾ ഈ സഭയ്ക്കകത്ത് നിങ്ങൾ കാട്ടിക്കൂട്ടിയതെന്തൊക്കെയാണ്? ഞാൻ സഭയിൽ എത്തിയിട്ട് കുറച്ച് ദിവസമേ ആയിട്ടുള്ളൂവെന്ന് നിങ്ങൾ എന്നെ ആക്ഷേപിച്ചു, ശരിയാണ്. പ്രതിപക്ഷ നേതൃനിരയിൽ ഇരുപത്തിനാലും മുപ്പത്തിയഞ്ചും വർഷങ്ങളായി സഭയ്ക്കകത്തുള്ളവരുണ്ട്. വൈദ്യശാസ്ത്രം പരാജയപ്പെട്ടാൽ മാത്രമേ അവർ മാറിനിൽക്കൂവെന്ന് ആക്ഷേപം ഉന്നയിച്ചത് ഞങ്ങളല്ല, നിങ്ങളുടെ യൂത്ത് കോൺഗ്രസ്സാണ്. ഞങ്ങൾക്ക് അങ്ങനെ സാധിക്കില്ല. ഒരു നിശ്ചിത കാലാവധി കഴിഞ്ഞാൽ ഞങ്ങൾ മാറിപ്പോകണം. അത് ഞങ്ങളുടെ രീതിയാണ്. ഞങ്ങളെ സഭാ മര്യാദ പഠിപ്പിക്കണമെന്ന് ഇവിടെ സൂചിപ്പിച്ചു. ഞാൻ ഒന്നാം സമ്മേളനത്തിൽ സഭയ്ക്കകത്ത് വളരെ അച്ചടക്കത്തോടെ ഇരുന്നതാണ്. അച്ചടക്കത്തോടെ ഇരുന്നപ്പോൾ കണ്ട കാര്യമെന്താണ്; എന്റെ പ്രായത്തേക്കാൾ അനുഭവസമ്പത്തുള്ളവർ കൂകി വിളിക്കുകയാണ്. ഞാൻ എന്തിന് മാന്യത കാണിക്കണം; 35-ഉം 40-ഉം വർഷം സഭയ്ക്കകത്ത് ഇരിക്കുന്നവർ കൂകി വിളിക്കുമ്പോൾ, സഭാ മര്യാദകൾ ലംഘിക്കുമ്പോൾ 10 ദിവസം മാത്രം പ്രായമുള്ള ഞാൻ അച്ചടക്ക ലംഘനം കാണിച്ചാൽ തെറ്റുണ്ടോ; അതുമാത്രമല്ല, സഭയ്ക്കകത്ത് നമ്മൾ മറ്റൊന്നുകൂടി കണ്ടു. എന്നെ ഓറിയന്റേഷൻ പഠിപ്പിക്കണമെന്ന് പറഞ്ഞു. പിറ്റേന്ന് 35 വർഷം എക്സ്പീരിയൻസ് ഉള്ള ആൾ ഉന്നയിച്ച റൂൾ തെറ്റിപ്പോയി. ഇതല്ലേ കേരളം കണ്ടത്; നിങ്ങൾ ആത്മവഞ്ചകന്മാരാണ്. പറയുന്നത് ഒന്ന്, പ്രവർത്തിക്കുന്നത് മറ്റൊന്ന്.

വർഗ്ഗീയതയ്ക്കെതിരെ നിങ്ങൾ പറയുന്നു. വർഗ്ഗീയ രാഷ്ട്രീയം വളരുകയാണ്. നിങ്ങൾ ഓർക്കണം കോൺഗ്രസ് തകരണം എന്നാഗ്രഹിക്കുന്നവരല്ല ഞങ്ങൾ. കോൺഗ്രസ് തകർന്നുപോകാൻ പാടില്ല. പക്ഷേ കോൺഗ്രസ് തകരുന്നു. നെഹ്റു മെമ്മോറിയൽ മ്യൂസിയം ആന്റ് ലൈബ്രറി ആർ.എസ്.എസ്. കൊണ്ടുപോയി. അതുപോലെ തന്നെ നിങ്ങളുടെ ആർ. ശങ്കറിനെ ബി.ഡി.ജെ.എസ്-ഉം ബി.ജെ.പി.-യും പിടിച്ചുകൊണ്ടുപോയി. റീത്താ ബഹുഗുണ കോൺഗ്രസ് വിട്ട് ബി.ജെ.പി.-യിലേയ്ക്ക് പോയി. 'ഒന്ന് ഉറക്കെ കരഞ്ഞിരുന്നുവെങ്കിൽ, ഒന്ന് ഒച്ച വച്ചിരുന്നുവെങ്കിൽ' എന്നൊരു സിനിമാ ഡയലോഗുണ്ട്. ഇത്രയും സ്ഥാപനങ്ങൾ പിടിച്ചുകൊണ്ടുപോകുമ്പോൾ ഇത്രയും നേതാക്കന്മാർ കൂട്ടത്തോടെ ബി.ജെ.പി.-യിലേയ്ക്ക് പോകുമ്പോൾ ഒരക്ഷരം പോലും മിണ്ടാതെ നിസ്സംഗതയോടെ കോൺഗ്രസ് നോക്കിനിൽക്കുന്നു. അതുകൊണ്ട് കോൺഗ്രസ് ഇനിയെങ്കിലും നിങ്ങളുടെ ഇരട്ടനാവ് ഒഴിവാക്കി ജനാധിപത്യത്തിന്റെ മാർഗ്ഗം സ്വീകരിക്കണം. സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. 5 മാസം കൊണ്ട് കേരളത്തിൽ വിപ്ലവമുണ്ടാക്കിയ സർക്കാരാണ് ഈ സർക്കാരെന്ന് ഇച്ഛാശക്തിയോടെ പറയാൻ ഞങ്ങൾക്ക് സാധിക്കും. ഇനി ഒരു കാര്യം പറയാം 5 വർഷമല്ല ഈ സർക്കാരിന്റെ കാലാവധി 50 വർഷം തുടർച്ചയായി ഭരിക്കും. എനിക്കും നിങ്ങൾക്കും ശേഷവും ഈ സഭയ്ക്കകത്ത് ഭരണപക്ഷത്തിരിക്കുന്നവർ ഇടതുപക്ഷത്തിന്റെ പതാക പിടിക്കുന്നവർ ആയിരിക്കുമെന്ന കാര്യത്തിൽ നിങ്ങൾക്കാർക്കും ഒരു സംശയവും വേണ്ട എന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കഴിഞ്ഞ ദിവസം ബഹുമാന്യനായ മുൻ മന്ത്രി ശ്രീ. ഇ. പി. ജയരാജൻ റൂൾ 64 അനുസരിച്ച് നടത്തിയ പ്രസംഗത്തിൽ വ്യവസായ വകുപ്പിന്റെ ഒരു ചിത്രമാണ് വരച്ചുകാട്ടിയത്. പൊതുവായി പറഞ്ഞാൽ നമ്മുടെ വ്യവസായ മേഖല പ്രത്യേകിച്ച് പബ്ലിക് സെക്ടർ വളരെയധികം പ്രയാസകരമായ സാഹചര്യങ്ങളിലൂടെയാണ് കടന്നുപോകുന്നത് എന്ന് നമുക്ക് ഓരോരുത്തർക്കും ബോധ്യമുണ്ട്. യു.ഡി.എഫ്. ഭരണത്തിൽ നഷ്ടം വച്ച കണക്കും എൽ.ഡി.എഫ്. ഭരണത്തിൽ ലാഭം ഉണ്ടാക്കിയ കണക്കുമൊക്കെ ശ്രീ. എ. എൻ. ഷംസീർ ഇവിടെ പറഞ്ഞു. ഞാൻ ഓർക്കുകയാണ്. കഴിഞ്ഞ സഭയിലാണ് എന്ന് തോന്നുന്നു. ബഹുമാന്യനായ അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീം 18 സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിച്ചുവെന്നാണ് അവകാശപ്പെട്ടത്. അന്ന് കണക്ക് സഹിതം ശ്രീ. എളമരം കരീം അന്നത്തെ ലാഭത്തിനുവേണ്ടി പറയുകയുണ്ടായി. പൊട്ടക്കണക്ക് പറയുന്ന സമീപനം എന്നുപറയാറുണ്ട്. അന്ന്

വ്യക്തമായി ഇത്തരം സ്ഥാപനങ്ങൾ ലാഭത്തിൽ അല്ല എന്ന് അദ്ദേഹം പറഞ്ഞു. മാത്രമല്ല പിന്നീട് ഞാൻ മനസ്സിലാക്കുന്നത് എ.ജി.-യുടെ റിപ്പോർട്ടിലും അതിനനുസരിച്ച് ലാഭകരമല്ല എന്നുതന്നെയാണ് പറഞ്ഞത്. ഞാൻ പറഞ്ഞുവരുന്നത് അപ്പുറത്ത് ഇരിക്കുമ്പോൾ വ്യവസായ വകുപ്പ് എല്ലാരീതിയിലും നന്നായിപ്പോകുന്നു. ഇപ്പുറത്തിരിക്കുമ്പോൾ നന്നായി പോകുന്നില്ല എന്നുപറയുന്ന സമീപനം നമ്മൾ മാറ്റേണ്ട കാലം കഴിഞ്ഞിരിക്കുന്നു. ഇവിടെ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് സൂചിപ്പിച്ചതുപോലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോ ദിവസവും നഷ്ടത്തിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ വേണമെന്നുള്ള കാര്യത്തിൽ അപ്പുറത്തും ഇപ്പുറത്തും അഭിപ്രായ വ്യത്യാസമില്ല. പക്ഷേ പൊതുമേഖലാ സ്ഥാപനങ്ങൾ ഇങ്ങനെ പോയിക്കഴിഞ്ഞാൽ എങ്ങനെയാണ്; നമുക്ക് നഷ്ടം ഉണ്ടെങ്കിൽ നഷ്ടം നികത്താനുള്ള സപ്പോർട്ട് ചെയ്യാം. അത് ഒരു പ്രാവശ്യമോ രണ്ടുപ്രാവശ്യമോ മൂന്നുപ്രാവശ്യമോ ചെയ്യാം. എത്ര ചെയ്താലും രക്ഷപ്പെടില്ല എന്നുപറയുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പിന്നെയും സഹായിക്കാനുള്ള തീരുമാനം എടുക്കുമ്പോൾ അത് നമ്മുടെ സമൂഹത്തോട് ചെയ്യുന്ന തെറ്റായി കാണും. പരസ്പരം ജയിക്കാൻ വേണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾ എത്ര നേടി, എത്ര നേടിയില്ല എന്ന് പറയുന്നതിനപ്പുറത്ത് യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ കണ്ടുകൊണ്ട് നല്ലരീതിയിൽ കൊണ്ടുപോകാൻ കഴിയുന്ന സ്ഥാപനങ്ങൾക്ക് പിന്തുണ കൊടുക്കണം. അല്ലാത്ത സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ മറിച്ച് ചിന്തിക്കണം. അവിടത്തെ തൊഴിലാളികളുടെ പ്രശ്നം ഉണ്ടെങ്കിൽ അത് എങ്ങനെ പരിഹരിക്കാമെന്ന് ആലോചിക്കണം. കേരളം പോലുള്ള സംസ്ഥാനത്ത് ഏത് സെക്ടറാണ് വിജയകരമായിട്ടുള്ളതെന്ന് ആലോചിക്കണം. എല്ലാ വ്യവസായങ്ങളും നമ്മുടെ പരിസ്ഥിതിക്ക് ചേർന്നതല്ല. നമ്മുടെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല. നമുക്കറിയാം കേരളം പോലുള്ള സംസ്ഥാനത്ത് ഇന്ന് ഒരു പരിധിവരെ മുന്നോട്ടുപോകുന്നത് ടൂറിസവും ഐ.ടി. സെക്ടറും സർവ്വീസ് സെക്ടറുമൊക്കെയാണ്. അവിടെ നമ്മൾ കൂടുതൽ ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കണം. അവിടെയുള്ള സ്ഥാപനങ്ങളെ നമ്മൾ പ്രോത്സാഹിപ്പിക്കണം. അതല്ല നമ്മൾ രാഷ്ട്രീയ നേട്ടത്തിനുവേണ്ടി ഇത്തരം കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞാൽ അത് ഏത് ഗവൺമെന്റായാലും സമൂഹത്തോട് ചെയ്യുന്ന തെറ്റാകും എന്ന് സൂചിപ്പിക്കുവാനും അതുകൊണ്ട് വ്യവസായ രംഗത്ത് ശക്തമായ ഒരു ഇടപെടൽ നടത്തിക്കൊണ്ട് മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് മുന്നോട്ടുപോകാനും കഴിയണം. അതിനുള്ള ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇവിടെ ചർച്ച തുടങ്ങിയ ശ്രീ. ബി. സത്യൻ മുതൽ ശ്രീ. എ. എൻ. ഷംസീർ വരെ പറഞ്ഞ കാര്യങ്ങൾ ഇന്ന് ദേശീയ തലങ്ങളിൽ ദളിത് വിഭാഗങ്ങൾക്കും ന്യൂനപക്ഷ വിഭാഗങ്ങൾക്കും നേരെയുണ്ടാകുന്ന ആക്രമണങ്ങളെക്കുറിച്ചാണ്. കോൺഗ്രസ് തകരരുത് എന്നാഗ്രഹിക്കുന്നുവെന്ന് ഇവിടെ പറഞ്ഞു. രണ്ടുകൊല്ലം മുമ്പ് നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾ പറഞ്ഞ ഒരു മുദ്രാവാക്യമുണ്ടായിരുന്നു. 'കോൺഗ്രസ് തകർന്നാൽ ഇവിടെ ന്യൂനപക്ഷങ്ങളും പിന്നോക്കവിഭാഗങ്ങളും പ്രയാസമനുഭവിക്കും' എന്ന് പറഞ്ഞപ്പോൾ കേരളത്തിലെയും ഇന്ത്യയിലെയും ഇടതുപക്ഷം പറഞ്ഞത് എന്താണ്; കോൺഗ്രസ് തകർന്നാൽ കോൺഗ്രസ്സിന് അധികാരം പോകും. അതിനപ്പുറമൊന്നും സംഭവിക്കുകയില്ല എന്നാണ്. രണ്ടുവർഷത്തെ ചിത്രം എടുത്തുനോക്കിക്കഴിഞ്ഞാൽ ഇന്ന് ഇന്ത്യയുടെ സ്ഥിതിയെന്താണ്; ദളിത് വിഭാഗങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ചല്ലേ ഇവിടെ ഓരോരുത്തരും വളരെ വ്യക്തമായി സൂചിപ്പിച്ചത്. നിയമസഭയിൽ നടക്കേണ്ട പ്രസംഗമല്ല, പാർലമെന്റിൽ നടക്കേണ്ട പ്രസംഗമാണ് ഇവിടെ നടന്നത്. പക്ഷേ നമുക്കത് പറഞ്ഞേ പറ്റൂ. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ടുവർഷക്കാലംകൊണ്ട് ദളിത് വിഭാഗങ്ങൾക്കെതിരെയും ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെയും നടത്തുന്ന സംഘടിതമായ ആക്രമണങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കേണ്ട ബാദ്ധ്യത നമ്മുടെ നിയമസഭയ്ക്കും സമൂഹത്തിനുമൊക്കെയുണ്ട്. ഇവിടെ ആ ഒരു സാഹചര്യമുണ്ടാക്കിയത്, ബി.ജെ.പി.-യെ രാജ്യത്തിന്റെ അധികാരത്തിലേയ്ക്ക് കൊണ്ടുവരുന്നതിൽ സി.പി.ഐ(എം). ഉൾപ്പെടെ എടുത്ത പങ്ക് എന്നുപറയുന്നത് വളരെ വലുതാണ്. കോൺഗ്രസ്സിനെ എങ്ങനെയെങ്കിലും അധികാരത്തിൽ നിന്ന് പുറത്താക്കണം. ആര് വേണമെങ്കിലും വരട്ടെ. ഏത് ബി.ജെ.പി.-ക്കാരനും വരട്ടെ. സംഘപരിവാർകാരനും വർഗ്ഗീയവാദി വന്നുകഴിഞ്ഞാലും കോൺഗ്രസ് പാടില്ല എന്നുള്ള സമീപനമാണ് എടുത്തത്. ഈ രണ്ടുവർഷക്കാലം കൊണ്ട് ദേശീയതലത്തിൽ ബീഹാർ, യു.പി., രാജസ്ഥാൻ, ഗുജറാത്ത് എന്നിവിടങ്ങളിൽ ദളിതർക്കും ന്യൂനപക്ഷങ്ങൾക്കും നേരെ നടക്കുന്ന ആക്രമണങ്ങളെപ്പറ്റി എണ്ണിപ്പറയാൻ ഒരുപാടുണ്ട്. ഗോസംരക്ഷണ സമിതിയാണ് ഇവിടെ കാര്യങ്ങൾ തീരുമാനിക്കുന്നത്. അവരാണ് ആസൂത്രിതമായി കാര്യങ്ങൾ ചെയ്യുന്നത്. എത്രയോ കൊലപാതകങ്ങൾ ഗോ സംരക്ഷണത്തിന്റെ പേരിൽ നടന്നു. എത്രയോ പേർക്കെതിരെ ആക്രമണങ്ങൾ ഉണ്ടായി. ഇന്ത്യൻ പ്രധാനമന്ത്രിക്കുതന്നെ ഇന്ത്യയിലെ ദളിതർക്ക് നേരെയും ന്യൂനപക്ഷങ്ങൾക്കുനേരെയുമുണ്ടായ ആക്രമണത്തെ രണ്ടുപ്രാവശ്യം പാർലമെന്റിൽ അപലപിക്കേണ്ടിവന്നു. എന്താണ് ആ സാഹചര്യത്തിന് കാരണം; ബി.ജെ.പി. സ്പോൺസർ ചെയ്യുന്ന അക്രമങ്ങളാണ് ഇന്ത്യാ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ സഭ അത്തരം കാര്യങ്ങൾ

ചർച്ച ചെയ്യണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും നിയമ വകുപ്പുമന്ത്രിയോടും സൂചിപ്പിക്കുവാനുള്ളത്. ഡിമാന്റുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് അപ്പുറത്ത് റൂൾ 130 അനുസരിച്ച് ചർച്ച നടത്തണം. നമ്മുടെ പ്രതിഷേധമറിയിക്കണം. ഗവൺമെന്റ് ഇതിന് ശക്തമായ നടപടിയെടുക്കണമെന്നുള്ള കാര്യം ബോദ്ധ്യപ്പെടുത്തുന്നതിന് സഭയിൽ ചർച്ച നടത്തണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ആ രീതിയിലുള്ള അക്രമ പ്രവർത്തനങ്ങൾ ഇന്ന് ദളിത്, ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരെ ഉണ്ടാകുന്നു. അതിന്റെ വിശദാംശങ്ങളുണ്ട്. പക്ഷേ സമയപരിമിതി കൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. കേരളം ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ്. നമുക്ക് ഒരുപാട് മാറ്റം വന്നിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് മാറ്റമുണ്ടായി. അതോടൊപ്പം തന്നെ തൊഴിൽ സാദ്ധ്യതകൾ കൂടി. കുറെയേറെ മാറ്റങ്ങൾ കേരളത്തിൽ ഉണ്ടായി എന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ ഇനി നമുക്ക് മാറ്റങ്ങൾ വേണം. ഇവിടെ ഡോ. എൻ. ജയരാജ് സംസാരിച്ചപ്പോൾ സൂചിപ്പിച്ചു. കൊടുക്കുന്ന വീടുകളുടെയും ടോയ്‌ലെറ്റുകളുടെയും കണക്കുകൾക്കപ്പുറത്ത് ദളിത് സമൂഹത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ നമ്മൾ തയ്യാറാകണം. ഇവിടെ ഇന്നും നേരിടുന്ന പ്രശ്നങ്ങളുണ്ട്. സാമ്പത്തിക ശക്തിയായി വളരുവാൻ ഇന്നും ദളിത് സമൂഹത്തിന് കഴിഞ്ഞിട്ടില്ല. വ്യാവസായിക രംഗത്ത് കടന്നുവരാൻ ദളിത് സമൂഹത്തിന് കഴിഞ്ഞിട്ടില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ പ്രധാനപ്പെട്ട തലങ്ങളിൽ നിന്ന് ഇന്നും മാറിനിൽക്കുകയാണ്. എന്തിനധികം പറയുന്ന നമ്മൾ ഇരുവിഭാഗവും കാണാതെ പോകുന്ന കാര്യങ്ങളുണ്ട്. ഇന്ന് പബ്ലിക് സെക്ടറിൽ ലഭിക്കുന്ന റിസർവ്വേഷൻ എന്നുപറയുന്നത്.....എസ്.സി. വിഭാഗത്തിന് മാത്രമാണോ റിസർവ്വേഷനുള്ളത്; മറ്റെല്ലാ വിഭാഗങ്ങൾക്കും റിസർവ്വേഷനുണ്ട്. പക്ഷേ പറഞ്ഞുവരുമ്പോൾ എസ്.സി.-ക്ക് മാത്രമേ റിസർവ്വേഷൻ ഉള്ളൂവെന്നാണ് തോന്നുക. ഇപ്പോൾ റിസർവ്വേഷൻ പബ്ലിക് സെക്ടറിൽ ചുരുങ്ങി വരുന്നു. റിസർവ്വേഷന്റേതായ അവസരങ്ങൾ കുറഞ്ഞുവരുന്നു. പ്രൈവറ്റ് സെക്ടർ കൂടിവരുന്നു. അവിടെ എസ്.സി. വിഭാഗങ്ങൾക്ക് കടന്നുകയറാൻ പറ്റിയ സാഹചര്യവുമില്ല. ഗവൺമെന്റ് സാലറി കൊടുക്കുന്ന, ട്രഷറിയിൽ നിന്ന് ശമ്പളം കൊടുക്കുന്ന എയ്ഡഡ് സ്ഥാപനങ്ങളിൽ പോലും റിസർവ്വേഷൻ കൊണ്ടുവരാൻ, റിസർവ്വേഷനുള്ള പരീക്ഷ നടത്തി അവിടെ എസ്.സി. വിഭാഗക്കാരെ എടുക്കണമെന്നല്ല. കോളേജ് മാനേജ്മെന്റുകൾ തീരുമാനിക്കട്ടെ. മാനേജ്മെന്റുകൾ തീരുമാനിച്ച് അവിടെയെങ്കിലും ഒരു 10 ശതമാനം സംവരണമുണ്ടാകണം എന്ന് നമുക്ക് പറയാൻ കഴിയണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ എടുത്ത ഒരു തീരുമാനം അത്തരം കാര്യങ്ങളുടെ ഒരു പരിമിതി പലപ്പോഴും തിരിച്ചറിഞ്ഞുകൊണ്ടുതന്നെ ചരിത്രത്തിലാദ്യമായി

എസ്.സി. മാനേജ്മെന്റുകൾക്ക് 4 എയ്ഡഡ് കോളേജുകൾ കൊടുക്കുവാൻ യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചു. അതുകൊണ്ട് തന്നെ അവിടെയൊക്കെ 51 ശതമാനത്തോളം ജീവനക്കാർ എസ്.സി. വിഭാഗത്തിൽപ്പെട്ടവരാണ്. സ്വാതന്ത്ര്യം ലഭിച്ച് 60 വർഷം പിന്നിട്ടിട്ടും ആദ്യമായിട്ടാണ് ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ മാനേജ്മെന്റുകളിലേയ്ക്ക് എസ്.സി. വിഭാഗക്കാർ കടന്നുവരുന്നത്. അത്രയെങ്കിലും ചെയ്യാൻ കഴിഞ്ഞു.

<u>ശ്രീ. ആർ. രാജേഷ്:</u> സർ, അതു സംബന്ധിച്ച് ഹൈക്കോടതി വിധിയുണ്ടായിരുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, ഹൈക്കോടതി വിധിയുണ്ടായിരുന്നു. അതിനെതിരായി പിന്നീട് വിധി വന്നു. അപ്പുറത്തും ഇപ്പുറത്തും പലവട്ടം നമ്മൾ ഇരുന്നിട്ടും നമുക്ക് കഴിഞ്ഞില്ല എന്ന് ഞാൻ പറഞ്ഞല്ലോ; പക്ഷേ കഴിഞ്ഞ ഗവൺമെന്റ് നാല് എയ്ഡഡ് കോളേജുകൾ എങ്കിലും അനുവദിച്ചു. അതുപോലെ പാലക്കാട് മെഡിക്കൽ കോളേജ്, ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് ആ വിഷയം വരുമ്പോൾ ഒരുപാട് സംശയങ്ങളുണ്ടായിരുന്നു. യഥാർത്ഥത്തിൽ ഇന്ന് കേരളത്തിലെ പട്ടികജാതി വിഭാഗങ്ങൾക്ക് 70 സീറ്റിലെങ്കിലും എം.ബി.ബി.എസ്-ന് അഡ്മിഷൻ ലഭിക്കുന്നത് ആ ഒരു കോളേജ് ഉള്ളതുകൊണ്ടല്ലേ; ഇന്നത്തെ അവസ്ഥയെന്താണ്; മൈനോറിറ്റി കോളേജുകളിൽ ഒരു സീറ്റുപോലും ഇന്ന് ലഭ്യമാകാത്ത സാഹചര്യമാണ്. ആ സാഹചര്യത്തിന്റെ പേരിൽ ഇന്ന് അഞ്ചോ ആറോ കോളജുകളിൽ എസ്.സി. വിഭാഗത്തിന് ഒരു സീറ്റ് പോലും ലഭിക്കില്ല. പിന്നെ ലഭിച്ചുവരുന്നത് വളരെ പരിമിതമായ എണ്ണം, അവിടെ പത്തോ നൂറോ സീറ്റ് മാത്രമാണ് ലഭിക്കുന്നത്. അതുകൊണ്ട് പാലക്കാട് മെഡിക്കൽ കോളേജിനെ ശക്തിപ്പെടുത്തുവാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ 5 വർഷത്തെ കാര്യങ്ങൾ വിമർശിച്ചോളൂ, പക്ഷേ അടിസ്ഥാനപരമായി വിമർശിക്കണം. തെറ്റായ കാര്യങ്ങൾ പറഞ്ഞ് അവിടെ നിന്നും പുറകോട്ട് പോകുന്നതെന്തിനാണ്. തെറ്റ് ആർക്കും പറ്റില്ലേ; മന്ത്രിയായാൽ തെറ്റ് പറ്റില്ലേ; തെറ്റ് പറ്റിക്കഴിഞ്ഞാൽ അത് അംഗീകരിക്കാൻ കഴിയുന്നതാണ് ഏറ്റവും വലിയ കാര്യം. പക്ഷെ അങ്ങ് പിടിച്ചിടത്തുതന്നെ നിൽക്കുകയാണ്. ഏറ്റവും ഒടുവിലത്തെ കാര്യത്തിൽപോലും അങ്ങ് പിടിച്ചിടത്തു നിന്നു. വാക്കുകളിൽ വന്ന പാളിച്ച ബോധപൂർവ്വം പറഞ്ഞതല്ലെങ്കിൽ എന്തുകൊണ്ട് അത് പറയാൻ പോലും അങ്ങ് തയ്യാറാകുന്നില്ല.

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ 30.06.2016-ന് മുൻ ഗവൺമെന്റ്

കടബാദ്ധ്യത എഴുതിത്തള്ളിയതിനെക്കുറിച്ച് പറഞ്ഞു. അങ്ങ് പറഞ്ഞു 10 കോടി രൂപയേ എഴുതിത്തള്ളിയിട്ടുള്ളൂവെന്ന്. അല്ല, 50 കോടി കൊടുത്തിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു. കൊടുത്തിട്ടില്ലെന്ന് അങ്ങ് വാശിയിൽ പറഞ്ഞു. അങ്ങയുടെ പ്രസംഗമാണ് എന്റെ കയ്യിലിരിക്കുന്നത് (പേപ്പർ ഉയർത്തിക്കാണിച്ചു). ഞാൻ അത് വായിക്കുന്നില്ല. ഒരു കാരണവശാലും കൊടുത്തിട്ടില്ലെന്നാണ് അങ്ങ് പറഞ്ഞത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 50 കോടി രൂപ കൊടുത്തതിന്റെ ഉത്തരവാണ് എന്റെ കൈവശമുള്ളത് (പേപ്പർ ഉയർത്തിക്കാണിച്ചു). എന്തിനാണ് വാശി പിടിക്കുന്നത്. എന്നേക്കാൾ കൂടുതൽ വിവരങ്ങൾ അങ്ങേയ്ക്ക് ഡിപ്പാർട്ടുമെന്റിൽ നിന്നും കിട്ടില്ലേ; കിട്ടിക്കഴിഞ്ഞാലും അങ്ങ് അത് പറയില്ല. ഐ.എ.വൈ. പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീ. കെ. സി. ജോസഫുമായി അങ്ങ് തർക്കമുണ്ടായി. അങ്ങയുടെ പ്രസംഗം എന്റെ കയ്യിലുണ്ട്.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഐ.എ.വൈ. പദ്ധതിയുടെ കാര്യത്തിൽ ഒരു പൈസ പോലും കൊടുത്തില്ലെന്ന് അങ്ങ് പറഞ്ഞു. അങ്ങ് പറഞ്ഞത് ഞാനിവിടെ വായിച്ചുകഴിഞ്ഞാൽ.....പ്രതിപക്ഷ നേതാവ് വേണമെങ്കിൽ ഫയൽ നോക്കട്ടെയെന്നാണ് അങ്ങ് പറഞ്ഞത്. ഐ.എ.വൈ. പദ്ധതിക്ക് 80 കോടി രൂപ പട്ടികജാതി വികസന വകുപ്പ് കൊടുത്തതിന്റെ ഉത്തരവാണ് എന്റെ കയ്യിലുള്ളത് (പേപ്പർ ഉയർത്തിക്കാണിച്ചു). എന്തിനാണ് അങ്ങനെ പറയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുറേ കാര്യങ്ങൾ ചെയ്തു, ചെയ്യാത്ത കാര്യങ്ങളും ഉണ്ടാകും. എല്ലാ കാര്യങ്ങളും ചെയ്തെന്ന് പറയുന്നില്ല. ചെയ്ത കാര്യങ്ങൾ ഈ ഗവൺമെന്റ് അംഗീകരിക്കണ്ടേ; അങ്ങ് മന്ത്രിയായിരുന്ന അഞ്ച് വർഷക്കാലത്തെ കാര്യങ്ങളൊന്നും ഞാൻ നിഷേധിച്ചിട്ടില്ലല്ലോ; ഞാൻ അഞ്ച് വർഷക്കാലം മന്ത്രിയായിരുന്നതാണ്. അങ്ങ് ചെയ്ത കാര്യങ്ങളൊക്കെ അംഗീകരിച്ചിട്ടുണ്ട്. ഏത് ഗവൺമെന്റായാലും ചെയ്ത കാര്യങ്ങൾ അംഗീകരിക്കാൻ കഴിയണം. ഒരു കാര്യം കൂടി അങ്ങ് പറഞ്ഞു.

മി. സ്പീക്കർ: യെസ്........ പ്ലീസ് കൺക്ലൂഡ്....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇത് രേഖയിൽ കിടക്കേണ്ടതാണ്. ഇതൊന്നുമില്ലെന്ന് അദ്ദേഹം വളരെ വ്യക്തമായി പറഞ്ഞുവച്ചതാണ്.

മി. സ്പീക്കർ: രേഖയിൽ വന്നല്ലോ.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എനിക്ക് വേണമെങ്കിൽ റൂൾ 303 അനുസരിച്ച് കൊണ്ടുവരാം. പക്ഷെ അതല്ല, ഈ സമയത്ത് പറയുന്നതാണ്

നല്ലതെന്ന് തോന്നിയിട്ടാണ്. വിദ്യാഭ്യാസ ആനുകൂല്യങ്ങളെക്കുറിച്ച് ഒരു കാര്യം, അങ്ങ് ആദ്യം പറഞ്ഞു 200 കോടി രൂപയോളമുണ്ടെന്ന്. 200 കോടി രൂപ ഉണ്ടായിരുന്നത് ഒ.ഇ.സി., ഒ.ബി.സി., എസ്.സി/എസ്.ടി. ഇവയ്ക്കെല്ലാം കൂടിയാണ്. അങ്ങ് പറഞ്ഞത് പട്ടികജാതി വികസന വകുപ്പിന് കീഴിൽ മാത്രമെന്നാണ്. അതും രേഖയിലുണ്ട്. ശ്രീ. ബി. സത്യൻ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നപ്പോൾ ഏറ്റവും ഒടുവിലായി അങ്ങ് പറഞ്ഞത്, എസ്.സി.-യുടെ മാത്രമാണ് 26 കോടി രൂപയെന്ന്. 26 കോടി രൂപയിൽ 20 കോടി രൂപയും കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ചിരുന്നു. മാർച്ച് 31-ന് മുമ്പ് അനുവദിച്ചു. വെയ്സ് ആന്റ് മീൻസ് ക്ലിയറൻസിന് അൽപ്പം താമസമുണ്ടായി. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് മുമ്പ് 20 കോടി രൂപയ്ക്കും വെയ്സ് ആന്റ് മീൻസ് ക്ലിയറൻസ് കിട്ടി. അതാണ് വിതരണം ചെയ്തത്. യഥാർത്ഥത്തിൽ 6 കോടി രൂപയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുടിശ്ശികയുണ്ടായിരുന്നത്. കുടിശ്ശികയില്ലെന്ന് പറയുന്നില്ല. അങ്ങ് വന്നതിനുശേഷം കുടിശ്ശിക ഉണ്ടായിരുന്നില്ലേ; 2011-ൽ വന്നപ്പോൾ കുടിശ്ശികയുണ്ടായിരുന്നു. എന്റെയടുത്ത് കണക്കുണ്ട്. ഒരു സഭയിലും ഞാനത് പറഞ്ഞിട്ടില്ല. ഗവൺമെന്റുകൾ മാറി വരുമ്പോൾ കുടിശ്ശികയുണ്ടാകുന്നത് സ്വാഭാവികമാണ്. കാരണം, മാർച്ചിൽ ആണ് തെരഞ്ഞെടുപ്പ് വരുന്നത്. മുഴുവൻ കാര്യങ്ങളും തെരഞ്ഞെടുപ്പിന് മുമ്പ് കൊടുത്തു തീർക്കാൻ കഴിയില്ല. സ്പിൽ ഓവർ വർക്കുമായി ബന്ധപ്പെട്ട കുടിശ്ശികയുണ്ടാകും. അതൊക്കെ തികച്ചും സ്വാഭാവികമാണ്.

മി. സ്പീക്കർ: യെസ്....... പ്ലീസ്...... ദയവായി സഹകരിക്കണം. അങ്ങ് മൂന്ന് മിനിട്ട് അധികമെടുത്തു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അവസാനിപ്പിക്കാം. കഴിഞ്ഞ കാലത്ത് ചെയ്ത തെറ്റായ കാര്യങ്ങൾ പറഞ്ഞാൽ അത് ഞങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയും. അല്ലാത്ത കാര്യങ്ങൾ പറഞ്ഞ് ഫലിപ്പിക്കരുതെന്നുകൂടി സൂചിപ്പിച്ചു കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 16 ബഹുമാനപ്പെട്ട അംഗങ്ങളാണ് ചർച്ചയിൽ പങ്കെടുത്തത്. 17 കട്ട് മോഷൻസുമുണ്ട്. കട്ട് മോഷനെ സംബന്ധിച്ച് ഞാൻ അവസാനം പറയാം. സാധാരണനിലയിൽ ഡിമാന്റ് ചർച്ചയിൽ കട്ട് മോഷൻ വളരെ പ്രാധാന്യത്തോടുകൂടി പറയുന്ന ഒരാളാണ് ഞാൻ. അത് അവസാനം പറയാം. കേരളം ഇന്ത്യയ്ക്ക് പലതുകൊണ്ടും മാതൃകയാണ്. കേരളത്തിൽ നവോത്ഥാന

പുരോഗമന പ്രസ്ഥാനങ്ങളുടെ ഇടപെടലാണ് ഇതിന് വഴിയൊരുക്കിയത്. സാമൂഹിക, സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിൽ വന്ന ഗുണപരമായ മാറ്റത്തിന്റെ നിർണ്ണായകമായ ഘട്ടമെന്ന് പറയുന്നത് സഖാവ് ഇ.എം.എസ്.-ന്റെ ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭയായിരുന്നു. ഭൂപരിഷ്കരണമാണ് ഇതിൽ പ്രധാനപ്പെട്ടത്. ഇതിന്റെ ഗുണം വലിയൊരു വിഭാഗത്തിന് ലഭിച്ചുവെന്നത് യാഥാർത്ഥ്യമാണ്. ലക്ഷക്കണക്കിന് പാട്ടകുടിയാന്മാരും കാണകുടിയാന്മാരും ഭൂമിയുടെ ഉടമയായത് ഇതിന്റെ ഭാഗമായാണ്. എന്നാൽ പാവപ്പെട്ട കർഷകത്തൊഴിലാളി അക്ഷരാർത്ഥത്തിൽ കുടികിടപ്പുകാരായിരുന്നു. ഈ വിഭാഗത്തിൽ ഭൂരിപക്ഷവും എസ്.സി./എസ്.ടി. വിഭാഗമാണ്. യഥാർത്ഥത്തിൽ കുടികിടപ്പിന് അപ്പുറം ഭൂമിയുടെ ഉടമകളാകാൻ ഈ വിഭാഗത്തിന് സാധിക്കാതിരുന്നതും അവർ കർഷകത്തൊഴിലാളികളാണ് എന്നതുകൊണ്ടാണ്. ഇത് പരിഹരിക്കുന്നതിനാണ് മിച്ചഭൂമി വിതരണം നടത്താൻ ശക്തമായ നിലപാടെടുത്തത്. എന്നാൽ അതിലും പിന്നീട് തിരിമറി നടന്നു. ഇതിന്റെ യഥാർത്ഥത്തിലുള്ള പ്രത്യാഘാതമാണ് ഭൂമിയുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്ന് ഈ സമൂഹം അനുഭവിക്കുന്നത്. ഇത് പരിഹരിക്കാൻ നമുക്ക് കഴിയണം. ഒരാൾ മരണപ്പെട്ടാൽ അടുക്കള പൊളിച്ച് മറവുചെയ്യുന്ന സ്ഥിതി ഇനി കേരളത്തിൽ ഉണ്ടാകാൻ പാടില്ല. അഞ്ച് ലക്ഷം ഏക്കർ ഭൂമി അനധികൃതമായി ഇന്ന് പലരുടെയും കയ്യിലുണ്ട്. ഇതിൽ പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥ ലംഘിച്ചതും മിച്ചഭൂമി തിരിമറി നടത്തിയതുമുണ്ട്. അങ്ങനെ അനധികൃതമായി ഏകദേശം അഞ്ച് ലക്ഷത്തോളം ഏക്കർ ഭൂമിയാണ് പലരുടെയും കയ്യിലുള്ളത്. ഇക്കാര്യത്തിൽ ഇടപെടാൻ നമുക്ക് കഴിയണം. അതിനെ സംബന്ധിച്ച് വളരെ ഗൗരവമായ ഒരു പരിശോധന ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇപ്പോൾ നടത്തുന്നുണ്ട്. എങ്ങനെയാണ് ഈ ഭൂമി അനധികൃതമായി പ്രമാണിമാർ കൈവശം വച്ചതെന്നതിനെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭയിൽ ഞാൻ പ്രതിപക്ഷത്തായിരുന്ന സമയത്ത് ഒരു അടിയന്തര പ്രമേയം കൊണ്ടുവന്നിരുന്നു. അതിന്റെ ഭാഗമായി അന്വേഷണ കമ്മിഷനെയും വച്ചതാണ്. അന്ന് കൊണ്ടുവന്ന ആക്ഷേപങ്ങളെല്ലാം ശരിയാണെന്ന് തെളിയിക്കുന്നതാണ് പിന്നീട് വന്ന ശ്രീമതി മേരിക്കുട്ടി ഐ.എ.എസ്.-ന്റെ നിഗമനങ്ങളും റിപ്പോർട്ടുകളും. ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇപ്പോഴും ഭൂമി തിരിമറി എങ്ങനെ നടക്കുന്നുവെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവതരമായ പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗത്തേയ്ക്ക് ഇപ്പോൾ ഞാൻ കടക്കുന്നില്ല.

ശ്രീ. അടൂർ പ്രകാശ്: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുണ്ട്.

മി. സ്പീക്കർ: അദ്ദേഹം തുടങ്ങിയതേയുള്ളൂ.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ തുടങ്ങിയിട്ടേയുള്ളൂ. ഇപ്പോൾ വഴങ്ങുന്നില്ല. അവസാനം വഴങ്ങാം.

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങ് പറഞ്ഞുവന്ന കാര്യം സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, സാധാരണഗതിയിൽ ഞാൻ ഇങ്ങനെ പറഞ്ഞുപോയിട്ട് അവസാനമാണ് സമയം കൊടുക്കുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, പാവപ്പെട്ടവർക്ക് ഭൂമി കൊടുക്കുന്ന കാര്യത്തിൽ അങ്ങെടുക്കുന്ന താൽപര്യത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി അതിന് പ്രത്യേകം താൽപര്യമെടുത്തിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞല്ലോ; ഇന്നത്തെ പത്രത്തിൽ ഒരു വാർത്ത വന്നിട്ടുണ്ട്. T R & T കമ്പനി സത്യവാങ്മൂലം സമർപ്പിച്ചില്ല; സത്യവാങ്മൂലം സമർപ്പിച്ചില്ലായെന്നതുകൊണ്ട് അനധികൃതമായി അവർ കൈവശം വച്ചിരുന്ന ഭൂമിക്ക് നടപടിയെടുക്കാൻ കഴിയാതെ പോയിട്ടുണ്ട്. വേണ്ട സമയത്ത് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അവിടെ ഹാജരായില്ല. എന്നാണ് പത്രത്തിൽ വാർത്ത വന്നിട്ടുള്ളത്. അങ്ങ് പറയുന്നതും ഇതുമായി ഏതെങ്കിലും തരത്തിലുള്ള ഒരു ന്യായീകരണമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഒരു കാര്യം ഞാൻ പറയാം. മാറിമാറി വന്ന ഗവൺമെന്റുകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചയാണ് ഭൂമി ഈ രൂപത്തിൽ മാനിപ്പുലേറ്റ് ചെയ്യാൻ നിർബന്ധിക്കപ്പെട്ടതെന്ന് ഞാൻ പലരോടും പലപ്പോഴും പറയാറുണ്ട്. അതിന് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസും വക്കീലന്മാരെയും ഉപയോഗപ്പെടുത്തിയിട്ടുണ്ടാകും. നിങ്ങളുടെ കാലഘട്ടത്തിൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും എ.ജി.-യും ഗവൺമെന്റിന്റെ കയ്യിലുള്ള ഭൂമിക്ക് കൈവശക്കാരനാണ് അവകാശമെന്ന് നിയമോപദേശം കൊടുത്ത കാര്യം ഞാൻ ഈ നിയമസഭയിൽ കൊണ്ടുവന്നതാണ്. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവത്തിൽ പരിശോധിക്കും. ദയവുചെയ്ത് ഭൂമിയുമായി ബന്ധപ്പെട്ട മാനിപ്പുലേഷനെ സംബന്ധിച്ച് എന്നോട് പറയരുത്. കാരണം ഞാനിവിടെ കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന്റെ ഭാഗമായി അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അന്വേഷണത്തിന് വച്ചു. ഞാൻ കൊണ്ടുവന്ന ആരോപണങ്ങളെല്ലാം ശരിയാണെന്ന് തെളിയിച്ച റിപ്പോർട്ടാണ് ഗവൺമെന്റിന്റെ മുൻപിലുള്ളത്. റവന്യൂ ഭൂമി എങ്ങനെയാണ് മാനിപ്പുലേറ്റ് ചെയ്യുന്നത് എന്നുള്ളതിനെ സംബന്ധിച്ച് ഇനിയുള്ള ദിവസങ്ങളിലും നമ്മൾ കാണാൻ പോവുകയാണ്.

ഞാനിപ്പോൾ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. നമുക്ക് ആ ചാപ്റ്റർ ക്ലോസ് ചെയ്യാം. കഴിഞ്ഞ യു.ഡി.എഫ്. കാലഘട്ടത്തിൽ ഭൂമിയുമായി ബന്ധപ്പെട്ട് നടന്ന മാനിപ്പുലേഷൻസിന്റെ യഥാർത്ഥ സ്ഥിതി നമ്മളിനി കാണാൻ പോകുന്നതേയുള്ളൂ. അതുസംബന്ധിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ചില തീരുമാനങ്ങൾ മാറ്റാൻ അവർ തന്നെ നിർബന്ധിക്കപ്പെട്ടല്ലോ. ഇതിൽ ഏറ്റവും വലിയ പ്രശ്നം ആദിവാസി ഭൂപ്രശ്നമായിരുന്നു. അത് പരിഹരിക്കുന്നതിന് നമുക്ക് കിട്ടിയ ഏറ്റവും നല്ല ആയുധമായിരുന്നു ഇടതുപക്ഷത്തിന്റെ സഹായത്തോടെ ഒന്നാം യു.പി.എ. സർക്കാർ ഭരിക്കുമ്പോൾ കൊണ്ടുവന്ന നിയമം. അത് നടപ്പിലാക്കാൻ കുറേ വിഷമതകൾ ഉണ്ടായി. പക്ഷേ അന്നത്തെ വി. എസ്. അച്യുതാനന്ദൻ സർക്കാർ ഇത് ശക്തമായി നടപ്പിലാക്കിയതിന്റെ ഭാഗമായി 25300 ആദിവാസികൾക്ക് 31000 ഏക്കർ ഭൂമി വിതരണം ചെയ്തു. 13 പട്ടയ മേളകളാണ് നടത്തിയത്. ഗോത്ര മഹാസഭയുടെ നേതാവ് ശ്രീമതി സി. കെ. ജാനുവിന്റെ അമ്മയ്ക്ക് ഉൾപ്പെടെ 2 ഏക്കർ 85 സെന്റ് സ്ഥലം ആ ഗവൺമെന്റാണ് കൊടുത്തത്. ശ്രീ. ബിനോയ് വിശ്വവും ഞാനും ശ്രീ. കെ. പി. രാജേന്ദ്രനും പോയാണ് അത് കൊടുത്തത്. അതിനുശേഷം പ്രത്യേകമായ ഒരു ഇടപെടൽ ഭൂവിതരണത്തിൽ ഉണ്ടായിട്ടില്ല. ഭൂമിയുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ എസ്.സി. വിഭാഗത്തിൽ ഭൂരഹിതർ 30,698-ഉം വീടില്ലാത്തവർ 26,210-ഉം ആണ്. നല്ലൊരു ഇടപെടൽ നടത്തിയാൽ ഇതെല്ലാം പരിഹരിക്കാൻ സാധിക്കും. എസ്.ടി. വിഭാഗത്തിൽ ഭൂരഹിതർ 9,500-ഉം വീടില്ലാത്തവർ 15,000-ഉം ആണ്. ഈ പ്രശ്നവും നമുക്ക് പരിഹരിക്കാൻ സാധിക്കും. ഇതിന് ശക്തമായിട്ടുള്ളൊരു ഇടപെടൽ ആവശ്യമാണ്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒരു നല്ല നിലപാട് എടുത്തു കഴിഞ്ഞാൽ ഭൂപ്രശ്നവും വീടിന്റെ പ്രശ്നവും പരിഹരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ ഒരു കാര്യം പറയാം. ഇത് ഡിപ്പാർട്ടുമെന്റിൽനിന്നും കിട്ടുന്ന കണക്കാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് എന്റെ ആഫീസിലേയും സെക്രട്ടേറിയറ്റിലേയും ഡയറക്ടറേറ്റിലേയും കണക്കുകൾ പരിശോധിക്കാം. അവർ തരുന്ന കണക്ക് മാത്രമേ ഞാൻ ഇവിടെ പറയൂ. അല്ലാതെ ഞാനിവിടെ ഒരു കണക്ക് ഉണ്ടാക്കില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 29954 വീട് എടുത്തതിൽ 13591 എണ്ണം പൂർത്തിയായി. സ്പിൽ ഓവർ 16393 ആണ്. ഇത് പൂർത്തീകരിക്കാൻ 242.55 കോടി രൂപ വേണം. ഇതിലുള്ള ഒരു പ്രത്യേകത, ഐ.എ.വൈ.യിൽ ഏതെങ്കിലും വീട്... എന്നു പറഞ്ഞാൽ പട്ടികജാതി വിഭാഗത്തിനുവേണ്ടി ഐ.എ.വൈ. എടുത്ത വീടാണ്. ജനറൽ ഐ.എ.വൈ. അല്ല. ഒരു ലക്ഷം രൂപ നമ്മൾ കോംപ്ലിമെന്റായി കൊടുക്കേണ്ടതാണ്. അത് കൊടുക്കാത്തതിന്റെ ഫലമായി 20300 വീട്, അതായത് 203 കോടി രൂപ കുടിശ്ശികയാണ്. ഇതുസംബന്ധിച്ച് പല എം.എൽ.എ.മാരും എന്നെ സമീപിച്ചിട്ടുണ്ട്. ഇക്കാര്യം

ബഹുമാനപ്പെട്ട ഏത് അംഗങ്ങൾക്കും പഞ്ചായത്തിലും ബ്ലോക്കിലും ജില്ലാ പഞ്ചായത്തിലും അന്വേഷിക്കാം. എസ്.സി.ക്ക് കൊടുക്കുന്നത് 3 ലക്ഷം രൂപയാക്കി. രണ്ട് ലക്ഷം രൂപ ബ്ലോക്ക്/ജില്ല/ഗ്രാമ പഞ്ചായത്തിന് കേന്ദ്രം കൊടുത്തു. എന്നാൽ നമ്മുടെ കോൺട്രിബ്യൂഷൻ കൊടുക്കാത്തതിന്റെ ഫലമായി ഇത് കുടിശ്ശികയായി കിടക്കുകയാണ്. അതാണ് ഞാൻ പറഞ്ഞത്. ആ കണക്കിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ പരിശോധിക്കുന്നതിൽ ഒരു ബുദ്ധിമുട്ടുമില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഇത് ഉദ്യോഗസ്ഥർ തന്ന കണക്കാണ്. കഴിഞ്ഞ ആഴ്ചയാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് ഐ.എ.വൈ. പദ്ധതിയിലുള്ള വീട് പൂർത്തീകരിക്കാൻ കഴിയുന്നില്ല, കാശ് കൊടുത്തിട്ടില്ല എന്ന് എന്നോട് പറയുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് 5 വർഷം ഇവിടെ ഇരുന്നതല്ലേ. ഐ.എ.വൈ. പദ്ധതിയിലെ വീട് പൂർത്തീകരിക്കേണ്ടത് ഡിപ്പാർട്ടുമെന്റാണോ?

ശ്രീ. എ. കെ. ബാലൻ: സർ, കാര്യങ്ങൾ മനസ്സിലാക്കാത്തതു കൊണ്ടാണ് ഇങ്ങനെ പറയുന്നത്. ഇവിടെ എല്ലാ അംഗങ്ങളും ഉണ്ടല്ലോ. ഐ.എ.വൈ.യിൽ ഉള്ള ഒരു ലക്ഷം രൂപയുടെ കമ്പോണന്റ് പട്ടികജാതി വകുപ്പ് കൊടുക്കേണ്ടതാണ്. അങ്ങനെയാണ് നിങ്ങൾ 2 ലക്ഷം രൂപ 3 ലക്ഷം രൂപയാക്കിയത്. 2 ലക്ഷം 3 ലക്ഷമാക്കുമ്പോൾ പട്ടികജാതി വകുപ്പ് പറഞ്ഞത് 1 ലക്ഷം രൂപ അവർ തരുമെന്നാണ്. അത് കൊടുത്തിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്. അത് എല്ലാ ആളുകൾക്കും അറിയാവുന്ന കാര്യമാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇത് അങ്ങ് വെറുതേ പറയുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, അങ്ങ് ഇത് പരിശോധിച്ചോളൂ. പറയുന്നത് തെറ്റാണെന്ന് പറഞ്ഞാൽ ഞാൻ ഈ മന്ത്രിസ്ഥാനത്ത് ഇരിക്കില്ല. ഞാൻ വെല്ലു വിളിക്കുന്നു. എസ്.ടി. വിഭാഗത്തിൽ 17602 വീടുകളാണ് ടാർഗറ്റ് ചെയ്തത്. അതിൽ 3052 ആണ് പൂർത്തീകരിച്ചത്. സ്പിൽ ഓവർ 14450 ആണ്. ഇതിനുപുറമേ ആദിവാസി മേഖലയിൽ 4439 വീടുകൾക്ക് ഐ.എ.വൈ.യിൽ കരാറൊപ്പിട്ടു. ഈ കമ്പോണന്റ് കൊടുത്തില്ല. 44,39,00,000 രൂപ കൊടുക്കാത്തതിനാൽ ഐ.എ.വൈ.യിൽ ട്രൈബൽ മേഖലയിൽ കൊടുക്കേണ്ട വീടും പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അതാണ് പ്രശ്നം. 2 ലക്ഷം 3 ലക്ഷമാക്കിയതിന്റെ ഭാഗമായി 1 ലക്ഷം കിട്ടുമെന്നുള്ള രൂപത്തിൽ ആ 2 ലക്ഷത്തിന് പൂർത്തീകരിക്കാൻ പറ്റാവുന്നത് പൂർത്തീകരിച്ചില്ല. അപ്പോൾ ആകെ 324 കോടി രൂപ അതിലും വേണം.

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ പറഞ്ഞത് 219 കോടി രൂപ ഒ.ബി.സി., ഒ.ഇ.സി. കുടിശ്ശിക ഉണ്ടായിരുന്നു. അതിൽ 125 കോടി രൂപയാണ് ഈ സർക്കാർ കൊടുത്തത്. അതൊരു ഓർഡറായി റിലീസ് ചെയ്തില്ല. അന്ന് ഇതിനുവേണ്ടി 50 കോടി രൂപ റിലീസ് ആയി. അത് കൊടുത്തിരുന്നില്ല. ഈ സർക്കാർ വന്നതിനുശേഷമാണ് അത് കൊടുത്തതെന്നാണ് ഞാൻ പറഞ്ഞത്. അതിൽ വേറെ തെറ്റിദ്ധരിപ്പിച്ചിട്ടൊന്നുമില്ല. അതുപോലെതന്നെ കടാശ്വാസവുമായി ബന്ധപ്പെട്ടുകൊണ്ട് പറഞ്ഞത് ശരിയാണ്. 50 കോടി രൂപ കടാശ്വാസത്തിന് റിലീസ് ചെയ്തത് ഈ സർക്കാർ വന്നതിന് ശേഷമാണ്. മുൻ സർക്കാരിന്റെ കാലത്താണ് ഇത് ഉത്തരവായത്. കൊടുത്തത് എൽ.ഡി.എഫ്. ആണെന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ ഒരു കാര്യം കൂടി ഞാൻ പറയുകയാണ്, പ്ലാൻ ഫണ്ടിൽ ഏതാണ്ട് പകുതി ഗ്രാന്റ്-ഇൻഎയ്ഡായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുകയാണ്. യഥാർത്ഥത്തിൽ 62 ശതമാനം പോലും അതിൽ ചെലവഴിച്ചിട്ടില്ല. അതാണ് ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രിയും എൽ.എസ്.ജി. വകുപ്പുമന്ത്രിയും ഇവിടെ കഴിഞ്ഞ ആഴ്ച സൂചിപ്പിച്ചത്. പ്ലാൻ ഫണ്ടിൽ എസ്.ടി. 76 ശതമാനവും എസ്.സി.യിൽ 80 ശതമാനവുമാണ്. ഇത് ഞാൻ പരിശോധിച്ചു നോക്കി. ഡെപ്പോസിറ്റ് ഏതാണ്ട് 20 ശതമാനം വരും. അങ്ങനെ വരുമ്പോൾ യഥാർത്ഥത്തിലുള്ള ഫിസിക്കൽ അച്ചീവ്മെന്റ് എല്ലാ കാലഘട്ടത്തിലും വ്യത്യാസമുണ്ടാകും, 50-55 ശതമാനത്തിലേയ്ക്ക് കടക്കുകയാണ്. ഫിനാൻഷ്യൽ കൺസെന്റ് ഉണ്ടായിരുന്നു. അതിന്റെ ഭാഗമായിട്ടാണ് ഇത് വന്നതെന്നുള്ളത് യാഥാർത്ഥ്യമാണ്. അതിനിപ്പോൾ നമ്മൾ വേറെ ആരെയും പ്രൊട്ടക്ട് ചെയ്യേണ്ട ആവശ്യമില്ലല്ലോ.

100 ദിവസംകൊണ്ട് എന്തു ചെയ്തു എന്നൊക്കെ ഇവിടെ ചോദിച്ചല്ലോ. രണ്ടുമൂന്ന് കാര്യങ്ങൾ മാത്രമേ ഞാൻ അതുസംബന്ധിച്ച് പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി പട്ടികജാതി വകസന വകുപ്പിൽ 92.88 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 17.5 കോടി രൂപയും പിന്നോക്ക സമുദായ വികസന വകുപ്പിൽ 125 കോടി രൂപയും ഇതിനകം വിതരണം ചെയ്തു, എ.എസ്. കൊടുത്തു. പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിന് 265 കോടി രൂപയും ഭൂമി വാങ്ങുന്നതിന് 175 കോടി രൂപയും വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായ പദ്ധതിക്കായി 50 കോടി രൂപയും പാലക്കാട് മെഡിക്കൽ കോളേജിന് ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞതുപോലെ 310 കോടി രൂപയുടെ നിർമ്മാണത്തിനും ഭരണാനുമതി

കൊടുത്തു. ഒരു രൂപത്തിലും അതിനെ പൊളിക്കുന്ന പരിപാടിയില്ല. എന്റെ അന്നത്തെ ആശങ്ക എന്തായിരുന്നു എന്നു പറഞ്ഞാൽ ഇത് എസ്.സി.പി. ഫണ്ടിൽനിന്നാണല്ലോ കൊടുക്കേണ്ടി വരിക എന്നുള്ളതാണ്. ഇതുതന്നെയാണ് ശരി. നിങ്ങൾ ഫിനാൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടും തന്നിട്ടില്ല. യഥാർത്ഥത്തിൽ പാവപ്പെട്ട പട്ടികജാതിക്കാരനും പട്ടികവർഗ്ഗക്കാരനും പുരകെട്ടി മേയുന്നതിനും ലംപ്സം ഗ്രാന്റ് കൊടുക്കുന്നതിനും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുമുള്ള ഫണ്ട് എടുത്ത് ഇതിലേയ്ക്ക് കൊടുക്കുമ്പോൾ ഒരു ആശങ്ക എനിക്കുണ്ടായിരുന്നു. അത് കറക്ടാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇപ്പോൾ കൊടുത്ത 310 കോടി രൂപ ഫിനാൻസ് വകുപ്പാണോ കൊടുത്തത്?

ശ്രീ. എ. കെ. ബാലൻ: സർ, അല്ല. അതുതന്നെയാണ് പറയുന്നത്. ഞാനത് കൊടുക്കാൻ നിർബന്ധിക്കപ്പെടുകയാണ്. അല്ലെങ്കിൽ ആ പണി അവിടെ നിൽക്കും. നിങ്ങൾ ഉണ്ടാക്കിയിട്ടുള്ള ആ സ്ഥാപനത്തെ, എന്തെങ്കിലും തകരാറുണ്ടെങ്കിൽപ്പോലും പ്രൊട്ടക്ട് ചെയ്യേണ്ട ബാധ്യത എനിക്കും ഈ സർക്കാരിനുമില്ലേ. അതുകൊണ്ടാണ് 310 കോടി രൂപയും കൊടുത്തത്. ഇനിയിപ്പോൾ ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോട് സഹായിക്കണമെന്ന് പറയുകയാണ്. ഒരു രൂപത്തിലും അതിനെ തകർക്കുന്ന ഒന്നുമുണ്ടാവില്ല. അത് നിങ്ങളുടെ ഒരു പൊൻതൂവൽ തന്നെയായിരിക്കും. പക്ഷേ അതിനെ നശിപ്പിക്കാതിരിക്കുന്നതിന് ഞങ്ങൾ ചെയ്യുന്ന പ്രവൃത്തി വേറൊരു പൊൻതൂവലായിരിക്കും എന്നുമാത്രമേയുള്ളൂ.

ലോവർ പ്രൈമറി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് 29 കോടി രൂപയും ചികിത്സാ ധനസഹായമായി 60 കോടി രൂപയും, 60 കോടി രൂപയിൽ 10000 പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഇതിനോടകം 30 കോടി രൂപയും കൊടുത്തു. പല എം.എൽ.എ.മാരുടെയും കയ്യിൽ ഓർഡറിന്റെ കോപ്പി എത്തിയിട്ടുണ്ടാകും. ഓഫീസിൽ കുറച്ച് താമസമുണ്ടാകും. എന്നാലും അത് എല്ലാ ആളുകൾക്കും ഭരണപക്ഷത്തു നിന്നായാലും പ്രതിപക്ഷത്തു നിന്നായാലും ഒരുരൂപത്തിലുള്ള വിവേചനവും അതിൽ കാട്ടുന്നില്ല. B.Tech., M.Tech., MCA വിദ്യാർത്ഥികൾക്ക് മാത്രം നൽകിവന്ന ലാപ്ടോപ്പ് പോളിടെക്നിക്, B.Sc., M.Sc., Computer Science, MBBS, BDS, BAMS, BHMS., BVSc., എന്നീകോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്കും ഇപ്പോൾ കൊടുക്കുകയാണ്. ഹോസ്റ്റൽ ഡേ ആഘോഷത്തിനുള്ള അലവൻസ് നാല് ഇരട്ടിയായി വർദ്ധിപ്പിക്കുകയാണ്. നാല് ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു.

രസകരമായ ഒരു സംഭവമുണ്ട്. ദേശീയ സൈക്കിളിംഗ് ചാമ്പ്യനായ സയോണ എന്ന പെൺകുട്ടി ഒരു സൈക്കിളിന് വേണ്ടി ഞാൻ മന്ത്രിയായിരിക്കുന്ന സമയത്ത് അപേക്ഷ തന്നു. 5,45,000 രൂപയുടെ ഒരു പദ്ധതിയായിരുന്നു, ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ആ സൈക്കിളിന് കാശ് കൊടുത്തത്, അഞ്ചു കൊല്ലം അത് അവിടെ നിൽക്കുകയായിരുന്നു. 7500 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനും 7000 കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനും കൂടി 265 കോടി രൂപയുടെ എ.എസ്. കൊടുത്തു മുൻ വർഷങ്ങളിൽ അനുവദിച്ചതും, സ്പിൽ ഓവറായി അവശേഷിക്കുന്നതുമായ 16363 വീടുകളിൽ 2434 വീടുകൾ ഇതിനകം പൂർത്തിയായി, അതിന് 41,58,60,618 രൂപ വിനിയോഗിച്ചു. തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സബ്സിഡി ഇനത്തിൽ 4 കോടി രൂപ അനുവദിച്ചു. 164 ഗുണഭോക്താക്കൾക്ക് 1.19 കോടി രൂപ വിതരണം ചെയ്തു. പത്തോ അതിലധികമോ പട്ടികജാതിക്കാർ അംഗങ്ങളായിട്ടുള്ളതും 50 ശതമാനത്തിലധികം വനിതകൾ ഉൾപ്പെടുന്നതുമായ കുടുംബശ്രീ സ്പോൺസർ ചെയ്യുന്ന സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 7 കോടി രൂപ അനുവദിച്ചു. വകുപ്പു തലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥരെയെല്ലാം വിളിച്ചു ചേർത്ത് പദ്ധതിയുടെ അവലോകനം നടക്കുകയാണ്, ക്യാബിനറ്റ് കഴിഞ്ഞാൽ ഡയറക്ടറേയും സെക്രട്ടറിയേയും വിളിച്ച് ഈ കാര്യങ്ങൾ ഓരോ ആഴ്ചയും അവലോകനം ചെയ്യുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൽ അധികാരമേറ്റ് പത്താം ദിവസം തന്നെ അട്ടപ്പാടി സന്ദർശിച്ച്, മന്ത്രി, എം.പി., എം.എൽ.എ., കളക്ടർ എന്നിവരുമായി യോഗം ചേർന്നു. അന്ന് ഒരു പ്രശ്നം മുൻപിലുണ്ടായിരുന്നു, അണ്ടർ വെയിറ്റായ 2 കിലോയിൽ താഴെയയുള്ള 37 കുട്ടികൾ, ഭൂരിപക്ഷത്തിനും ഹീമോഗ്ലോബിൻ കുറവായിരുന്നു, ഏതു നിമിഷവും മരിക്കുന്ന അവസ്ഥയായിരുന്നു. വല്ലാത്ത ആശങ്കയുണ്ടായിരുന്നു. കാരണം, ഹീമോഗ്ലോബിൻ ഏഴിൽ താഴ്ന്ന കഴിഞ്ഞാൽ രക്ഷപ്പെടില്ല. ആ സമയത്ത് കമ്മ്യൂണിറ്റി കിച്ചണും ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററും ഇടപെട്ട് ബ്ലഡ് കൊടുത്തു, പോഷകാഹാരം ഉറപ്പു വരുത്തി, അതിലുള്ള ഒരാളുപോലും മരണപ്പെട്ടില്ല എന്നുള്ളതാണ് ഏറ്റവും വലിയ ഭാഗ്യമായി ഞാൻ കാണുന്നത്. നമുക്ക് അവരെ രക്ഷപ്പെടുത്താൻ കഴിഞ്ഞു, അല്ലെങ്കിൽ ഇതിൽ ഭൂരിപക്ഷവും മരണത്തിന്റെ വക്കിൽ എത്തുമായിരുന്നു. അതുപോലെ മഴക്കാലത്ത്, പഞ്ഞമാസങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യക്കിറ്റ് ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ലഭ്യമാക്കുന്നതിന് 25 കോടി രൂപ കൊടുത്തു, അത് എല്ലാ വീടുകളിലും എത്തിച്ചു. ഈ വർഷം തന്നെ ഓണത്തോടനുബന്ധിച്ച് 153825 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഓണക്കിറ്റും 49000 കുടുംബങ്ങൾക്ക് ഓണപ്പുടവയും കൊടുത്തു. ഇത് അവിടെയെത്തിയോ എന്ന് പരിശോധിക്കാനാണ് ഓണ ദിവസം

തന്നെ ഞാൻ ഇത്തരം സ്ഥലങ്ങളിൽ പോയിട്ടുള്ളത്. വർത്തമാനം പറയുന്ന സമയത്ത് നല്ല വിശ്വാസത്തിലാണ് പറയുന്നത് എന്ന് മനസ്സിലാക്കുന്നതിന് പകരം വല്ലാത്ത രൂപത്തിൽ വേറെ ഒരു തലത്തിൽ അത് എടുത്തത് ശരിയല്ല. ഇത്തരം കാര്യങ്ങൾ ആത്മാർത്ഥമായി ചെയ്യുന്നില്ലെങ്കിൽ പറഞ്ഞാൽ ബോധ്യപ്പെടും. പക്ഷേ ആത്മാർത്ഥമായി കാര്യങ്ങൾ ചെയ്യുന്ന അവസരങ്ങളിൽ അനാവശ്യമായിട്ടുള്ള വിമർശനം ശരിയല്ല. പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നും മുഖ്യധാരാ പത്രങ്ങളിലും വന്നില്ല, പക്ഷേ ചില ഭാഗങ്ങളിൽനിന്നും വന്നു. അതിനുള്ള കാരണവും എനിക്കറിയാം, ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. എന്തെങ്കിലും പ്രോൽസാഹനം ചെയ്യുന്നില്ലെങ്കിൽ കൊടുക്കേണ്ട, വല്ലാത്ത രൂപത്തിൽ ഒരു മനുഷ്യനെ നിരാശപ്പെടുത്തരുത്, അതുകൊണ്ടുമാത്രം ഞാൻ പറഞ്ഞുവെന്നേയുള്ളൂ, മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല.

എ.ടി.എസ്.പി. പദ്ധതിയിൽ സ്പിൽ ഓവർ വീടുകളുടെ പണി പൂർത്തീകരിക്കാൻ 123 കോടി രൂപ കൊടുത്തു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാ ധനസഹായത്തിന്റെ കാര്യം നേരത്തേ ഞാൻ പറഞ്ഞു. ഭൂരഹിതരായിട്ടുള്ള പാവങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഇപ്പോൾ 3 കോടി 49 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. ഇതിനെല്ലാം പുറമേ കണ്ണൂർ ജില്ലയിലെ ആലക്കോട് റീ സെറ്റിൽമെന്റ് പ്രദേശത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാൻ 57 ലക്ഷം രൂപ കൊടുത്തു. ആറളം പുനരധിവാസ മേഖലയിൽ തൊഴിലാളികളെ യു.ഡി.എഫ്.-ന്റെ കാലത്ത് സ്ഥിരപ്പെടുത്തിയെങ്കിലും ശമ്പളം കൊടുത്തില്ല. ഒരു കോടി പത്തുലക്ഷം രൂപ ബാക്കിയായിരുന്നു, അവർ സമരത്തിലായിരുന്നു. ആ തുകയൊക്കെ കൊടുത്തു തീർത്തു. ഇപ്പോൾ സുഖമായി അവർ സ്ഥാപനങ്ങളിൽ പോകുന്നുണ്ട്.

പുതുതായി ചില കാര്യങ്ങൾ പറയാൻ ഉദ്ദേശിക്കുന്നത്, കിഫ്ബി-പട്ടികജാതി/പട്ടികവർഗ്ഗവുമായി ബന്ധപ്പെട്ടുകൊണ്ട് നൽകുന്ന പ്രോജക്ടുകളൊക്കെ വളരെ പോസിറ്റീവായി എടുക്കാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ചരിത്രത്തിൽ ഇല്ലാത്ത രൂപത്തിലാണ് ഈ വകുപ്പിന് ഇപ്പോൾ ആനുകൂല്യം ലഭിച്ചത്. കോഴിക്കോട് സെന്റർ ഫോർ റിസർച്ച് ആന്റ് എജ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (ക്രസ്റ്റ്)-ന് 17 കോടി രൂപ, പാലക്കാട് സ്പോർട്ട്സ് എം.ആർ.എസ്.-ന് 25 കോടി രൂപ, ചക്കിട്ടപ്പാറ ഗേൾസ് എം.ആർ.എസ്.-ന് 25 കോടി രൂപ, തോന്നയ്ക്കൽ എം.ആർ.എസ്.-ന് 25 കോടി രൂപ, കണ്ണൂർ പെരിങ്ങോം എം.ആർ.എസ്.-ന് 25 കോടി രൂപ, ആലുവ, കൊഴിഞ്ഞാംപാറ, കണ്ണൂർ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്ക് 15 കോടി രൂപ, പ്ലസ്സ് ടു ഹോസ്റ്റൽ ബ്ലോക്ക് കാസർഗോഡ് എം.ആർ.എസ്.-ന് 5 കോടി രൂപ, പ്രീമെട്രിക് ഹോസ്റ്റൽ തലശ്ശേരിക്ക് 2 കോടി രൂപ, മണ്ണന്തല പോസ്റ്റ് മെട്രിക്

ഹോസ്റ്റൽ ക്വാർട്ടേഴ്സിന് 8 കോടി രൂപ, പി.ഇ.റ്റി.സി (പ്രി-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ) കണ്ണൂർ 1 കോടി രൂപ, പെരുമല, വെട്ടിക്കവല, ആറ്റിപ്ര, പൊന്നാനി ഐ.ടി.കൾക്ക് 7 കോടി രൂപ, ഇതിനെല്ലാം എ.എസ്. കൊടുത്തതാണ്. ഇനി എ.എസ്. കൊടുക്കാൻ ബാക്കിയുള്ളത് കമ്മ്യൂണിറ്റി കോളേജ് വടക്കാഞ്ചേരി, അത് എന്റെ മണ്ഡലത്തിലാണ് എ.എസ്. കിട്ടിയിട്ടില്ല. കോഴിക്കോട്, എറണാകുളം നഗരങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ, പിന്നെ ചില എം.എൽ.എ.മാർ എം.ആർ.എസ്. വേണമെന്ന് പറഞ്ഞിട്ടുണ്ട്, അതുംകൂടി ഇതിന്റെ ഭാഗമായി എടുക്കും. എ.എസ്. കൊടുത്തതാണ് ഞാൻ പറയുന്നത്. പട്ടികവർഗ്ഗ വകുപ്പ് - ആറളം, വയനാട്, അട്ടപ്പാടി, നെടുമങ്ങാട് എന്നീ എം.ആർ.എസ്.-കൾക്ക് 25 കോടി രൂപ വീതം, കാസർഗോഡ്, കൊല്ലം, ഇടുക്കി, എറണാകുളം പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് 25 കോടി രൂപ, ഇടുക്കി, എറണാകുളം പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്ക് 10 കോടി രൂപ, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ഇടുക്കി 10 കോടി രൂപ, യൂത്ത് ഹോസ്റ്റൽ പാലോട് 5 കോടി രൂപ. അതുപോലെ ബഹുമാനപ്പെട്ട ശശിയും ഐ.സി. ബാലകൃഷ്ണനുമെല്ലാം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വയനാട്ടിൽ ബത്തേരിയിൽ ഒരു എം.ആർ.എസും മൂന്ന് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും മൂന്ന് പ്രീമെട്രിക് ഹോസ്റ്റലുകളും ഉൾപ്പെടെ 7 എണ്ണമാണ് ഉദ്ദേശിക്കുന്നത്. ഇതെല്ലാം കിഫ്ബിയിൽ എടുക്കുകയാണ്. പട്ടികജാതി വികസന വകുപ്പിൽ 7500 വീടുകൾ പുതുതായി അനുവദിക്കും, 7000 വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സാമ്പത്തിക സഹായം കൊടുത്തു, 4500 വീടുകൾ വയ്ക്കാൻ സ്ഥലം, ഒരു കോടി രൂപ വീതം ചെലവിൽ 140 സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനുള്ള അംബേദ്കർ സ്വാശ്രയ ഗ്രാമം. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പല സ്ഥലത്തും ഇടിഞ്ഞു പൊളിഞ്ഞ വീടാണ്, പാവപ്പെട്ട മിടുക്കരായ കുട്ടികൾക്ക് പഠിക്കാൻ പറ്റുന്നില്ല. ആ വീട്ടിനുള്ളിൽ കയറിക്കഴിഞ്ഞാൽ പുസ്തകം വായിക്കാൻ പറ്റില്ല. അത് മനസ്സിൽ വച്ചുകൊണ്ടാണ് ഞങ്ങൾ ഈ വർഷം 1000 പഠന മുറികൾ.... അഞ്ചു വർഷം കൊണ്ട് 10000 ആണ് ഉദ്ദേശിക്കുന്നത്, രണ്ടു ലക്ഷം രൂപ ചെലവിൽ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള 46 ഐ.ടി.ഐ.കളിൽ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ പരിപാടി ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പെൺകുട്ടികൾക്കുള്ള സമഗ്ര വിദ്യാഭ്യാസ ആരോഗ്യ ഇൻഷ്വറൻസ് പരിപാടി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടു കൂടി നടപ്പിലാക്കും. ആ പെൺകുട്ടിക്ക് 16 വയസ്സ് തികഞ്ഞാൽ 3 ലക്ഷം രൂപ കിട്ടും. ഒരു പ്രീമിയവും അവർ കൊടുക്കേണ്ട, 1,38,000 രൂപയാണ് ഗവൺമെന്റ് നാലു ഗഡുക്കളായി പ്രീമിയമായി കൊടുക്കുക. വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിന്

കൊടുക്കുന്ന ധനസഹായം 50,000-ത്തിൽ നിന്ന് 1,00,000 ആയി ഉയർത്തി. 50 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ-സ്വകാര്യ മേഖലയിൽ ഉന്നത തൊഴിൽ ലഭിക്കുന്നതിനുള്ള പരിശീലന പരിപാടി, കുടുംബശ്രീയുടെ നേതൃത്വത്തിൽ മിനി കഫേ പദ്ധതി എന്നിവയ്ക്ക് രൂപം കൊടുത്തു കഴിഞ്ഞു. സങ്കേതങ്ങളുടെ വികസനപ്രവർത്തനങ്ങൾ ജില്ലാ കളക്ടർ മുഖേന നടപ്പിലാക്കും. 87 കോടി രൂപയുടെ കോർപ്പസ് ഫണ്ട് ജില്ലാ കളക്ടർക്ക് കൊടുത്തിട്ടുണ്ട്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട ടി. വി. ഇബ്രാഹിം പറഞ്ഞു, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കൊടുക്കുന്ന ഫണ്ട് യഥാർത്ഥത്തിൽ ചെലവഴിക്കുന്നതിന് നമുക്ക് സാധിക്കാത്തതിന് കാരണമെന്താണ്, അത് ബ്യൂറോക്രസിയിൽ വരുന്ന അതീവ ഗുരുതരമായിട്ടുള്ള വീഴ്ചയാണ്. അതുപോലെ തന്നെ സംവരണം കംപ്ലൈ ചെയ്യാത്ത കാരണമെന്താണ്, അത് ഉദ്യോഗസ്ഥ വിഭാഗത്തിൽ നിന്നു വരുന്ന വീഴ്ചയാണ്. ഇത് കൃത്യമായി റിപ്പോർട്ട് ചെയ്യുകയില്ല, റിപ്പോർട്ട് ചെയ്താൽ തന്നെ മര്യാദയ്ക്ക് പരീക്ഷ നടത്തി ഇന്റർവ്യൂ ചെയ്ത് അഡ്വൈസ് മെമ്മോ കൊടുക്കുകയില്ല. അതുകൊണ്ട് ഇവരെ നിയമത്തിനു മുൻപിൽ കൊണ്ടുവരുന്നതിനും ഇത് എൻഫോഴ്സ് ചെയ്യുന്നതിനുംവേണ്ടി ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുകയാണ്. അത് ഒരു ചരിത്ര സംഭവം ആയിരിക്കും. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിൽ ഈ കാര്യം എടുത്ത് പറഞ്ഞിട്ടുണ്ട്. അതുപോലെ പടവുകൾ പുനഃപ്രസിദ്ധീകരിക്കും, ഗദ്ദിക പുനരാരംഭിക്കും. പട്ടികവർഗ്ഗ വിഭാഗത്തിൽ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള തുടർ നടപടികൾ ആരംഭിക്കും. ഇപ്പോൾ എല്ലാ ഹോസ്റ്റലുകളുടേയും നവീകരണത്തിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. അടുത്ത പരിപാടി എല്ലാ ഹോസ്റ്റലുകളും താമസ യോഗ്യമാക്കുക എന്നുള്ളതാണ്. ഭവനനിർമ്മാണത്തിന് ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി, ഹഡ്കോ, ഐ.എ.വൈ എന്നീ പദ്ധതികളിൽ അനുവദിച്ച വീടുകൾ നടപ്പുവർഷം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും. ഇപ്രകാരം 28000 വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനെല്ലാംപുറമേ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി 5000 വീടുകൾ കൂടി പുതുതായി നിർമ്മിക്കും. അട്ടപ്പാടിയിൽ ഉള്ളതുപോലെ വയനാട് ജില്ലയിലും കമ്മ്യൂണിറ്റി കിച്ചൺ നടപ്പിലാക്കും. വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ മൊബൈൽ മെഡിക്കൽ സർവ്വീസ് നടപ്പിലാക്കും. ഭൂ വിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കും. പരമ്പരാഗത ആദിവാസി മേഖലകൾക്ക് പുറത്ത് ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി കുടുംബങ്ങളുടെ ഉന്നമനത്തിനായി

പഞ്ചായത്ത് തലത്തിൽ മൈക്രോ പ്ലാനുകൾക്ക് രൂപം കൊടുക്കും. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി കോളനികൾ കേന്ദ്രീകരിച്ച് സാമൂഹ്യപഠന മുറികൾ സ്ഥാപിക്കും. ഇവിടെ ആദിവാസി ഉപജീവന മിഷനുമായി ബന്ധപ്പെട്ട് ഒരു പ്രൈവറ്റ് ബിൽ ശ്രീ. വിജയദാസ് കൊണ്ടുവന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ അത് ആദ്യം പരീക്ഷിക്കാം. അഭ്യസ്തവിദ്യരായ ബി.എ., ബി. എഡ്., എം.എ., ടി.ടി.സി പാസ്സായ എല്ലാ ആൾക്കാർക്കും തൊഴിൽ കൊടുക്കുക.

3 PM ]

ഞാൻ നേരത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറഞ്ഞു. ആദിവാസി മേഖലയിൽ ബി.എ., ബി.എഡ്, പോസ്റ്റ് മെട്രിക് പ്രൊഫഷണൽ കോഴ്സുകൾ പാസ്സായ കുട്ടികൾക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള ഒരു പദ്ധതിയെപ്പറ്റി ഗവൺമെന്റ് ആലോചിക്കുകയാണെന്ന്. ആ പദ്ധതി വന്നുകഴിഞ്ഞാൽ ആദിവാസി മേഖലയിൽ എന്തിന് പഠിക്കുന്നു; പഠിച്ചിട്ടെന്ത് കാര്യം - ഇങ്ങനെയുള്ള ഫ്രസ്ട്രേഷന്റെ ഭാഗമായ ചില ചിന്തകൾ കുട്ടികളുടെ മനസ്സിൽ കടന്നുകൂടുന്നത് ഇല്ലാതാകും. അതാണ് സാമൂഹികമായ ഏറ്റവും വലിയ സോഷ്യൽ ഈവിൾ എന്ന് പറയുന്നത്. അത് പരിഹരിക്കാൻ ഈ പദ്ധതികളിലൂടെ കഴിയും. ഇതിന്റെ പൈലറ്റ് സ്കീമെന്ന നിലയിൽ വയനാട് ജില്ലയിൽ പട്ടിക വർഗ്ഗക്കാർ പഠിക്കുന്ന 241 സ്കൂളുകളിൽ റ്റി.റ്റി.സി, ബി.എഡ്, ഡിഗ്രി എന്നീ യോഗ്യതകളുള്ള 244 ടീച്ചർമാരെ 'ഗോത്ര ബന്ധു' പദ്ധതിയിൽ ഉൾപ്പെടുത്തി താൽക്കാലികമായി തൊഴിൽ കൊടുക്കും. പിന്നെ ഒരു ഘട്ടം കഴിഞ്ഞാൽ പി.എസ്.സി-യോട് ഇവരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയോ മറ്റേതെങ്കിലും സംവിധാനത്തിലൂടെയോ റെഗുലറൈസ് ചെയ്യണമെന്ന് ആവശ്യപ്പെടാം. അല്ലാതെ മാർഗ്ഗമില്ല. കാരണം ഈ പാവങ്ങൾ എങ്ങനെയോ കഷ്ടപ്പെട്ട് പഠിക്കുന്നു എന്നിട്ട് വീണ്ടും കാട്ടിലെ ഊരുകളിലേയ്ക്ക് പോകുന്നു. ഗവൺമെന്റിന് ധനനഷ്ടവും ഇത്രയും പഠിച്ചിട്ടും ഒരു തൊഴിൽ ലഭിക്കാത്തതിന്റെ മാനസികമായ ബുദ്ധിമുട്ട് അവർക്കുമുണ്ടാകും. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ പദ്ധതികൊണ്ട് കഴിയും. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇങ്ങനെയുള്ള പദ്ധതിയെ സംബന്ധിച്ച്....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിൽ നിയമന വ്യവസ്ഥകൾ ഉണ്ട്. അതിൽ നിന്നും വ്യത്യസ്തമായി ഒരു വകുപ്പിനും ചെയ്യാൻ കഴിയില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഇവരെ കരാർ വ്യവസ്ഥയിലാണ് ആദ്യം നിയമിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ് സുപ്രീം

കോടതിയുടെ ഒരു വിധി നിലവിലുണ്ട്. അതുകൊണ്ട് നമുക്ക് നേരിട്ട് നിയമനം നടത്താൻ കഴിയില്ല. ഇപ്പോൾ എസ്.സി./എസ്.റ്റി. പ്രൊമോട്ടേഴ്സിനെ നിയമിക്കുന്നതുപോലെ നിയമിക്കാൻ കഴിയും. ഇങ്ങനെ നിയമിക്കുന്ന ടീച്ചേഴ്സിനെക്കൊണ്ടുള്ള ഗുണം അവർക്ക് അവരുടെ പ്രാദേശിക ഭാഷ അറിയാം. അതായത് ഇവിടെനിന്നും കുട്ടികൾ പോയി പഠിക്കുന്ന സമയത്ത് അവിടെയുള്ള ഭാഷയെന്താണെന്ന് ഇവർക്ക് അറിയില്ല. യഥാർത്ഥത്തിൽ അവിടെ ചെന്ന് ആശയവിനിമയം നടത്തുന്നതിന് ആ ഭാഷ അനിവാര്യമാണ്. അതുകൊണ്ടാണ് പട്ടികവർഗ്ഗ ഡയറക്ടറേറ്റിൽനിന്നും ഇങ്ങനെയൊരു പ്രൊപ്പോസ്സൽ വന്നത്. ഇത്രയും കാര്യങ്ങളാണ് പൊതുവിൽ ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ താങ്കൾ സീറ്റിൽ ഇരിക്കൂ.

ശ്രീ. സി. കെ. നാണു: സർ, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭരണഘടന ഉറപ്പ് നൽകുന്ന സംവരണമില്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, അതിപ്പോൾ ഗവൺമെന്റിന്റെ മുമ്പിൽ പരിഗണനയ്ക്ക് വന്നിട്ടുള്ള ഒരു വിഷയമാണ്. എയ്ഡഡ് മേഖലയിലെ സംവരണവുമായി ബന്ധപ്പെട്ട് കോടതിയിൽ ഒരു കേസ് നടക്കുകയാണ്. അത് സ്റ്റേയിലാണ്. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ എയ്ഡഡ്/ഗവൺമെന്റ് മേഖലയിൽ നമുക്ക് സംവരണം ഉറപ്പാക്കാൻ കഴിയും. ഇത്രയും കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. നേരത്തെ ബഹുമാനപ്പെട്ട ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറഞ്ഞതുപോലെ അന്വേഷിക്കാൻ വേണ്ടി കെ.പി.സി.സി. പ്രസിഡന്റ് കത്ത് തന്നിട്ടുണ്ട്. അതിനുത്തരവാദി ആരാണെന്ന് എനിക്കറിയില്ല. വയനാട് ജില്ലയിൽ അരിവാൾ രോഗികൾക്കും ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി വിവാദവുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ സംബന്ധിച്ച് വിജിലൻസിന്റെ ഒരു പ്രത്യേക ടീമിനെക്കൊണ്ട് അന്വേഷണം നടത്താൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് താൽപര്യപ്പെടുന്നു. അത് വളരെ നല്ല കാര്യമാണ്. അതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. മറ്റ് നടപടികളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ഡിമാന്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രി അഭ്യസ്തവിദ്യരായ ആദിവാസികൾക്ക് ജോലി നൽകാമെന്ന പ്രത്യേക സംവിധാനത്തെപ്പറ്റി ആലോചിക്കാമെന്ന് പറഞ്ഞത് വളരെ സ്വാഗതാർഹമായ കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് നിയമന വ്യവസ്ഥകൾ ബാധകമാക്കിയേ

അത് ചെയ്യാൻ കഴിയൂവെന്ന് മറുപടി നൽകുകയും ചെയ്തു. അഹാഡ്സ് അടച്ച് പൂട്ടിയപ്പോൾ 100 ആദിവാസികൾക്ക് ജോലിയില്ലാതെയായി. കഴിഞ്ഞ ഗവൺമെന്റ് പി.എസ്.സി.-യുടെ വ്യവസ്ഥകൾ നിലനിൽക്കെതന്നെ നൂറ് പേരിൽ രണ്ടുപേർ വില്ലിംഗായില്ല. അതുകഴിച്ച് ബാക്കി തൊണ്ണൂറ്റിയെട്ട് പേരേയും പി.എസ്.സി-ക്ക് നിയമനാധികാരമുള്ള വനം വകുപ്പിൽ ജീവനക്കാരായി നിയമിച്ചു. ഈ മാതൃകയിൽ അഭ്യസ്തവിദ്യരായ ആദിവാസികൾക്ക് തൊഴിൽ കൊടുക്കാൻ സംരംഭമുണ്ടാകണം.

ശ്രീ. എ. കെ. ബാലൻ: സർ, അതിനെതിരെ ഒരാൾ കോടതിയെ സമീപിച്ചാൽ ബുദ്ധിമുട്ടാണ്. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചത്. ഇതെന്തായാലും ആരും കോടതിയെ സമീപിക്കില്ല എന്നത് സത്യമായ കാര്യമാണ്. ഇപ്പോൾ 9000 രൂപ കൊടുത്തുകൊണ്ട് പട്ടികവർഗ്ഗ പ്രൊമോട്ടേഴ്സിനേയും 7500 രൂപ നൽകി പട്ടികജാതി പ്രൊമോട്ടേഴ്സിനേയും നിയമിക്കുന്നുണ്ടല്ലോ. ഇപ്പോൾ അവിടെയുള്ള കുട്ടികളെ പഠിപ്പിക്കാൻവേണ്ടി ഈ സംവിധാനമെല്ലാം പ്രയോജനപ്പെടുത്തിയതിനുശേഷം പിന്നീട് മറ്റ് കാര്യങ്ങളെപ്പറ്റി ആലോചിക്കാം. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുള്ളിടത്തോളം നമുക്ക് നേരിട്ട് നിയമനം നടത്താൻ കഴിയില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കഴിഞ്ഞ സർക്കാരിന്റെ അവസാന സമയത്താണ് ബഹുമാനപ്പെട്ട സുപ്രീം കോടതി ഖണ്ഡിതമായി പറഞ്ഞത് അത്തരത്തിൽ ഒരാളേയും സ്ഥിരമായി നിയമിക്കാൻ പറ്റില്ല എന്ന്. അതിനുശേഷം ആരേയും നിയമിച്ചിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: സർ, എന്റെ ഡിമാന്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. ബഷീർ : സർ, .......

മി. സ്പീക്കർ: ഡിമാന്റ് ചർച്ചയിൽ എല്ലാ ചോദ്യങ്ങൾക്കും മറുപടി പറയുന്ന പതിവുണ്ടോ? നിങ്ങൾ ഉന്നയിച്ച കാര്യങ്ങൾക്ക് മന്ത്രി മറുപടി പറഞ്ഞല്ലോ. പ്ലീസ് ശ്രീ. പി. കെ. ബഷീർ താങ്കൾ സീറ്റിലിരിക്കു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വ്യവസായങ്ങളെക്കുറിച്ച് വളരെ കൂടുതൽ നിർദ്ദേശങ്ങളൊന്നും വന്നിട്ടില്ല. എന്നാലും വ്യവസായമായതു കൊണ്ട് കൂടുതൽ കാര്യങ്ങൾ പറയേണ്ടതുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിൽ ഊന്നിക്കൊണ്ടുള്ള സമഗ്രമായ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇവിടെ നിക്ഷേപകരെ ആകർഷിക്കാനുള്ള ചില ശ്രമങ്ങൾ മുമ്പും നടത്തിയിട്ടുണ്ട്. എന്നാൽ അവയൊന്നും ഉദ്ദേശിച്ച രീതിയിൽ ഫലപ്രാപ്തിയിൽ

എത്തിയില്ല. അതിനുള്ള പ്രധാന കാരണം നമുക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ്. ഭൂമിയുടെ ലഭ്യതക്കുറവ്, റോഡ് മാർഗ്ഗമുള്ള ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത, വൈദ്യുതി ലഭ്യതയുടെ ഉറപ്പില്ലായ്മ ഇതൊക്കെ നിലനിൽക്കുമ്പോൾ നമ്മൾ എത്രകണ്ട് ക്ഷണിച്ചാലും അത് സ്വീകരിക്കുന്നതിൽ സംരംഭകർ വല്ലാതെ അറച്ച് നിൽക്കുന്ന സമീപനമുണ്ട്. ഈ പോരായ്മ പരിഹരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. അതിനുതകുന്ന വലിയ ദൗത്യമാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. നമ്മൾ തിരിച്ചറിയേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ വ്യവസായ വികസനം ദുഷ്കരമാണ്. അത്തരമൊരു തിരിച്ചറിവോടെയുള്ള സമീപനമാണ് വ്യവസായ വികസനത്തിന്റെ കാര്യത്തിൽ സർക്കാരിനുണ്ടാവുക. അടിസ്ഥാനസൗകര്യ വികസനമെന്ന ലക്ഷ്യത്തിന്റെ സാക്ഷാൽക്കാരത്തിന് മൂർത്തമായ പദ്ധതി ആവിഷ്കരിച്ച് കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായാണ് നേരത്തെ ഇവിടെ പരാമർശിച്ച കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് - 'കിഫ്ബി' എന്നറിയപ്പെടുന്ന സംവിധാനം നിലവിൽ വന്നത്. അഞ്ച് വർഷംകൊണ്ട് അൻപതിനായിരം കോടി രൂപവരെ സമാഹരിച്ച് ചെലവിടുമെന്ന് പറയുമ്പോൾ അത് നമ്മുടെ സംസ്ഥാനത്തിന്റെ മുഖച്ഛായതന്നെ മാറ്റും. അങ്ങനെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് പ്രധാനമായും ഉറപ്പ് വരുത്തുക. ഇവിടെ പുതിയ വ്യവസായങ്ങൾ തുടങ്ങുക മാത്രമല്ല കുറെ വ്യവസായങ്ങൾ രോഗാതുരമായ അവസ്ഥയിലുമാണ്. അവയെ പുനരുജ്ജീവിപ്പിക്കേണ്ടതായിട്ടുണ്ട്. കേന്ദ്ര സർക്കാർ നടത്തുന്ന ചില പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. അവയിൽ പലതും അടച്ച് പൂട്ടുന്ന നിലയിലാണ്. അത്തരം സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതായിട്ടുണ്ട്. കൂടാതെ മുൻകാലത്ത് അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളെ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കേണ്ടതായിട്ടുമുണ്ട്. ഇതൊക്കെയാണ് പ്രധാനമായും സർക്കാർ ലക്ഷ്യമിടുന്നത്. ഈ പറഞ്ഞ കാര്യങ്ങൾക്കൊക്കെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. അതിലൊന്നാണ് പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. അത് അടച്ചുപൂട്ടാൻ തീരുമാനിച്ചപ്പോൾ ഏറ്റെടുക്കാൻ നിശ്ചയിച്ചത് ഇതിന്റെ ഭാഗമായാണ്. ദീർഘകാലം പൂട്ടിക്കിടന്ന കശുവണ്ടി ഫാക്ടറികൾ ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്നത് മറ്റൊരു ഉദാഹരണമാണ്. അതുപോലെ പ്രധാനപ്പെട്ട ഒന്നാണ് ഹിന്ദുസ്ഥാൻ ഓർഗാനിക് ആന്റ് കെമിക്കൽസ് ലിമിറ്റഡിന്റെ കൊച്ചി യൂണിറ്റിന്റെ പ്രശ്നം. ആ യൂണിറ്റിനെ രക്ഷിക്കാൻ ശ്രമിക്കുന്നതും ഈ സമീപനത്തിന്റെ ഭാഗമായിത്തന്നെയാണ്. വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് പിന്നിലുള്ള താല്പര്യങ്ങളിൽ പ്രധാനമായത് അവിടെ ജോലി ചെയ്യുന്നവരുടെ തൊഴിൽ സംരക്ഷണമാണ്. കശുവണ്ടി ഫാക്ടറി തുറന്നപ്പോൾ പതിനെണ്ണായിരം പേർക്കാണ് തൊഴിൽ ലഭിച്ചത്. ഖാദി മേഖലയിൽ വളരെ ചെറിയ കൂലിയാണെങ്കിലും ജോലി ചെയ്യുന്നവരുടെ മിനിമം വേതനം കേരളത്തിൽ ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീമിലൂടെ ഒരു വർഷം ആയിരം കോടി രൂപയുടെ തൊഴിലുൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

നമ്മുടെ രാജ്യത്ത് ആഗോളവൽക്കരണ ഉദാരവൽക്കരണത്തിന്റെ ഭാഗമായി

ആപൽക്കരമായൊരു സിദ്ധാന്തം വളർന്നുവരികയാണ്. ഇക്കാലത്ത് ആദ്യം ഉപേക്ഷിക്കേണ്ടത് തൊഴിലാളിയെയാണ് എന്നൊരു തത്വം അംഗീകരിക്കാൻ നോക്കുന്നു. ആ തത്വമാണ് ദേശീയ തലത്തിൽ നടപ്പാക്കാൻ ശ്രമിക്കുന്നത്. അങ്ങനെ ദേശീയ തലത്തിൽ ഒരു നയം നടപ്പാക്കുമ്പോൾ ഒരു ബദൽ നയം മുമ്പോട്ടുവയ്ക്കുകയും തൊഴിലാളിയെ സംരക്ഷിക്കുകയും വ്യവസായങ്ങളെ പരിരക്ഷിക്കുന്ന നടപടിയുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയും ചെയ്യുന്നത് പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി. ഇതുമായി ബന്ധപ്പെട്ട് കൊച്ചി മുതൽ പാലക്കാട് വരെയുള്ള റോഡ്, റെയിൽപ്പാത ഇവയുടെ വശങ്ങളിലായി ഇരുപതോളം വ്യവസായ പാർക്കുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത് ഈ പദ്ധതിയുടെ ഭാഗമായിട്ട് തന്നെയാണ്. കൂടാതെ പുതിയ പദ്ധതികളായ എൽ.എൻ.ജി. പൈപ്പ് ലൈനുകൾ, ഐ.സി.ടി.ടി. വല്ലാർപാടം ടെർമിനൽ എന്നിവ.

നേരത്തെ നാം കണ്ടുവച്ച ഒരു കാര്യമാണ് അതിവേഗ റെയിൽ കോറിഡോർ. ഇതെല്ലാം കേരളത്തിൽ നടപ്പാകേണ്ട കാര്യങ്ങളാണ്. എന്നാൽ എൽ.എൻ.ജി. പൈപ്പ് ലൈനും സംസ്ഥാനത്തിന്റെ റോഡ് വികസനവും അതിവേഗതയിൽ തന്നെ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ നടന്ന ചർച്ചയിൽ പൊതുമേഖലയെ സംബന്ധിച്ച് ഒരു വ്യത്യസ്തത തന്നെ ഉയർന്നുവരികയുണ്ടായി. പൊതുമേഖലയെ ശക്തിപ്പെടുത്തുക എന്ന് പറഞ്ഞുകൊണ്ടിരിക്കേണ്ടതുണ്ടോ എന്ന് ഒരു ചോദ്യം വരികയുണ്ടായി. പൊതുമേഖലയെ നശിപ്പിക്കാൻ നോക്കുന്ന ഒരു കാലഘട്ടത്തിൽ പൊതുമേഖലയെ ശക്തിപ്പെടുത്തുക എന്ന് ഇടപെട്ടിടപെട്ട് പറഞ്ഞുകൊണ്ടിരിക്കുക തന്നെ വേണം. അതിനുതകുന്ന സമീപനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിന്റെ ഭാഗമായി മലബാർ സിമന്റ്സും, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസും, കെ.എം.എം.എൽ.- ഉം, ട്രാവൻകൂർ ടൈറ്റാനിയവുമെല്ലാം വിവിധങ്ങളായ വികസന പദ്ധതികൾ നടപ്പാക്കേണ്ടതായിട്ടുണ്ട്, അത് നടപ്പാക്കുകയും ചെയ്യും. ആധുനിക കാലത്തിന് ചേരുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതായിട്ടുണ്ട്. അതിനുകൂടിയാണ് നാം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 1500 സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം നൽകൽ, ആയിരം നൂതന ആശയങ്ങൾക്ക് ഐ.ടി. മേഖലയിൽ പ്രോത്സാഹനം നൽകൽ. ഇതെല്ലാം ഇതിന്റെ ഭാഗമായുള്ളതാണ്. നമ്മുടെ നാട്ടിൽ വളർന്നുവരുന്ന ഒട്ടേറെ പ്രതിഭകളുണ്ട്. അവർക്ക് ഇവിടെത്തന്നെ വ്യവസായം നടത്തി മുന്നേറാനുള്ള അന്തരീക്ഷം ഒരുക്കേണ്ടതുണ്ട്. ഒരാൾക്ക് ഏറ്റവും നല്ല തൊഴിൽ ചെയ്യാൻ

കഴിയുന്നത് യൗവന കാലഘട്ടത്തിലാണ്. അങ്ങനെയുള്ളവരെല്ലാം നമ്മുടെ നാടിന് നഷ്ടപ്പെടുന്ന നില ഇപ്പോൾ വന്നിരിക്കുകയാണ്. ഭൂരിഭാഗവും നഷ്ടപ്പെടുകയാണ്. ഈ രംഗത്തെ മസ്തിഷ്ക ചോർച്ച തടയുന്ന കാര്യത്തിൽ ഇതിലൂടെ വലിയൊരളവ് നമുക്ക് മുന്നോട്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വ്യവസായങ്ങൾ വരുന്നതിനെ തടയുന്ന പ്രധാന കാരണങ്ങളിലൊന്ന് ചുവപ്പ് നാടയും അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ സങ്കീർണ്ണതകളുമാണ്. ദീർഘകാലമായി മാറിമാറി കേൾക്കുന്ന ഒരു ശബ്ദമാണ് ഏകജാലകമെന്നത്. അത് പക്ഷെ പലജാലകങ്ങളാണ് എന്ന് നമുക്കറിയാം. ഇത് മറികടക്കാൻ നമുക്ക് കഴിയണം. ഏകജാലക സുതാര്യ സംവിധാനം നടപ്പിൽ വരുത്തുന്ന കാര്യം അതീവ മുൻഗണന കൊടുത്തുകൊണ്ടാണ് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്. അത് അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പാക്കാനാകണമെന്നാണ് ഉദ്ദേശിക്കുന്നത്. കേരളത്തിൽ ഏറ്റവും പ്രധാനം പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിച്ച് ശക്തിപ്പെടുത്തുക എന്നതു കൂടിയാണ്. ആധുനികവും വലിയ രൂപത്തിലുള്ളതുമായ വ്യവസായങ്ങളെ ആകർഷിക്കുക തന്നെ വേണം. എന്നാൽ അതിനോടൊപ്പം പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിച്ച് ശക്തിപ്പെടുത്തൽ ഏറ്റവും പ്രധാനമാണ്. അതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. എപ്പോഴും ഏതെങ്കിലും ഒരു മേഖലയിൽ മുൻകൈ പ്രവർത്തനം നടത്തുന്നുവെങ്കിൽ അത് മറ്റ് മേഖലകളിൽ കൂടി ഗുണമുണ്ടാക്കണമെന്ന ചിന്തയാണ് സർക്കാരിനെ നയിക്കുന്നത്. ഏതെങ്കിലുമൊരു ഒറ്റപ്പെട്ട മേഖലയിൽ ഒതുങ്ങി നിൽക്കുക മാത്രമല്ല ചെയ്യുന്നത്. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുമെന്ന പ്രഖ്യാപനം. എട്ടാംതരം വരെയുള്ള വിദ്യാർത്ഥികൾക്കാണ് യൂണിഫോം നൽകുന്നതെങ്കിലും അത് മറ്റൊരു തരത്തിൽ കൈത്തറി വ്യവസായത്തെ വലിയ തോതിൽ പുനരുദ്ധരിക്കുന്ന ഒരു നടപടിയാണ്. അതിലൂടെ കൈത്തറി വ്യവസായത്തിന്റെ രക്ഷയ്ക്കുള്ള ഒരു അന്തരീക്ഷമാണ് രൂപംകൊള്ളുന്നത്. സ്കൂൾ കുട്ടികൾക്ക് 160 കോടി രൂപ ചെലവാക്കി യൂണിഫോം വിതരണം ചെയ്യുന്നതിനായി 300 ലക്ഷം മീറ്റർ തുണിയാണ് വേണ്ടിവരുന്നത്. ഇത് കൈത്തറി മേഖലയെ വലിയ തോതിൽ ഊർജ്ജസ്വലമാക്കും. ഇതോടൊപ്പം കാണേണ്ടതാണ് സ്മാർട്ട് സിറ്റിയുടെ വിസ്തീർണ്ണം 88 ലക്ഷം ചതുരശ്ര അടിയാക്കി വർദ്ധിപ്പിക്കുന്നത്. ആധുനിക വിജ്ഞാന സാങ്കേതിക രംഗത്ത് വലിയ തോതിലുള്ള ഇടപെടലാണ് അത് പൂർത്തിയാകുന്നതോടെ വന്നുചേരുന്നത്. ഒരു കാര്യം പ്രത്യേകമായി ഈ ഘട്ടത്തിൽ അറിയിക്കേണ്ടതായിട്ടുണ്ട്. സർക്കാർ ഒരു പുതിയ

വ്യവസായനയം പ്രഖ്യാപിക്കും എന്നതാണ്. അത്തരത്തിലുള്ള സമഗ്രമായ നയത്തിന്റെ കരട്ടരേഖ തയ്യാറായിവരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ ഇപ്പോൾ ബഡ്ജറ്റ് വിഹിതമായി വച്ചിരിക്കുന്നത് 100 കോടി രൂപയാണെങ്കിലും ഇത് ആവശ്യമാണെങ്കിൽ വർദ്ധിപ്പിക്കുന്നതായിരിക്കും. മലബാർ സിമെന്റ്സ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, കെ.എം.എം.എൽ., ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ വലിയ തോതിൽ മൂലധനം മുടക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് അടക്കമുള്ള ഉന്നതതല നിയമനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്താൻ പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിനെ തുടർ സംവിധാനമാക്കും. എഫ്.എ.സി.റ്റി.യിൽ നിന്നും വാങ്ങുന്ന 6,000 ഏക്കർ ഭൂമിയിൽ പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. 5,000 കോടി രൂപയുടെ പ്ലാന്റാണ് ഇവിടെ സ്ഥാപിക്കുന്നത്. 121 കോടി രൂപ ചെലവാക്കി തോന്നയ്ക്കൽ 3,30,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കും. ചേർത്തല - പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി. ഫുഡ് പാർക്ക് സ്ഥാപിക്കും. 23 കോടി രൂപ ചെലവിൽ കെ.എസ്.ഐ.ഡി.സി. ഒരു എഞ്ചിനീയറിംഗ് പാർക്കിന്റെ നിർമ്മാണം പാലക്കാട്ട് പൂർത്തിയാക്കിയിട്ടുണ്ട്. ഒറ്റപ്പാലത്ത് കിൻഫ്ര 130 കോടി രൂപ ചെലവിൽ ഡിഫെൻസ് പാർക്കും കാക്കനാട് കിൻഫ്ര 141 കോടി രൂപ ചെലവിൽ ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്ററും സ്ഥാപിക്കും. കാക്കനാട് ഒരു അന്താരാഷ്ട്ര എക്സിബിഷൻ കൺവെൻഷൻ സെന്റർ 134 കോടി രൂപയ്ക്ക് പണി തീർക്കുന്നു. തലശ്ശേരിയിൽ 55,500 ചതുരശ്ര അടിയിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പണി പൂർത്തിയാക്കിക്കഴിഞ്ഞു. കണ്ണൂർ വ്യവസായ സ്ഥാപനത്തിനായി 500 ഏക്കർ വീതം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. തൊടുപുഴയിൽ 900 ഏക്കറും ഏറ്റെടുക്കുന്നു. 6 വ്യവസായ വികസന കേന്ദ്രങ്ങളിൽ റോഡുകൾ നവീകരിക്കാൻ 25 കോടി രൂപ ചെലവാക്കുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ 80000 പേർക്ക് തൊഴിൽ നൽകുന്നവിധം 15000 വ്യവസായ യൂണിറ്റുകൾ ഈ വർഷംതന്നെ ആരംഭിക്കും. ആർട്ടിസാന്റ്സിന് ആശാ പദ്ധതി നടപ്പാക്കും. ഈ വർഷം വ്യവസായ മേഖലയിൽ 496 കോടി രൂപയാണ് വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. വ്യവസായ സംരംഭക പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനെക്കുറിച്ച് നേരത്തെ ഞാൻ പറഞ്ഞുകഴിഞ്ഞു. വ്യവസായ വാണിജ്യ യൂണിറ്റുകൾക്കായുള്ള പല

ലൈസൻസുകൾക്കുവേണ്ടി ഒരു അപേക്ഷ മതിയാകും. അപേക്ഷയുടെ ഫയലിംഗും പരിശോധനകളും ഓൺലൈൻ സമ്പ്രദായത്തിലാക്കും. നടപടിക്രമങ്ങൾ ലളിതവൽക്കരിക്കാൻ ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കും. ഡിസംബർ 31 - ഓടുകൂടി ഇതെല്ലാം നിലവിൽ വരണമെന്നാണ് ഉദ്ദേശിക്കുന്നത്. സുതാര്യമായ രീതിയിൽ ഭൂമി വ്യാവസായിക ആവശ്യങ്ങൾക്ക് നൽകുന്നതിനുവേണ്ടി ഒരു ലാന്റ് മാനേജ്മെന്റ് സിസ്റ്റം ആവിഷ്കരിക്കുന്നതാണ്. ഇതിലൂടെ യഥാർത്ഥ സംരംഭകർക്ക് മാത്രമേ ഭൂമി ലഭ്യമാക്കുകയുള്ളു എന്ന് ഉറപ്പുവരുത്തുന്നതാണ്. കേരളത്തിലെ ജനസാന്ദ്രതയും സ്ഥല ദൗർലഭ്യവും കണക്കിലെടുത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. തിരുവനന്തപുരം വേളി ടൂറിസ്റ്റ് വില്ലേജിന്റെ രണ്ടാം ഘട്ടം, തൃശ്ശൂർ ജില്ലയിൽ പുഴക്കൽപാടം, പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ എന്നിവിടങ്ങളിൽ വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കുന്നതാണ്. ഒരു പ്രദേശത്ത് ഒരേ തരം അസംസ്കൃത വസ്തു ഉപയോഗിക്കുകയോ ഒരേതരം ഉല്പന്നങ്ങൾ നിർമ്മിക്കുകയോ ചെയ്യുന്ന വ്യവസായങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന ക്ലസ്റ്റർ പദ്ധതി ഈ വർഷം ഏഴ് പുതിയ മേഖലകളിൽ കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. വ്യവസായം ആരംഭിക്കുന്ന നവസംരംഭകരും അവരുടെ നൂതന ആശയങ്ങൾ പരിഗണിച്ച് സ്റ്റാർട്ട്-അപ് സപ്പോർട്ടും വ്യവസായങ്ങൾ ആരംഭിച്ചശേഷം ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടും ടെക്നോളജി സപ്പോർട്ടും നൽകുന്നതാണ്. പുതിയ സംരംഭകർക്ക് അവരുടെ ആശയങ്ങൾ ഉല്പന്നമാക്കി മാറ്റുന്നതിനും അവയ്ക്ക് വിപണി കണ്ടെത്തുന്നതിനും സഹായകരമാകുന്ന രീതിയിൽ എല്ലാ വ്യവസായ കേന്ദ്രങ്ങളിലും കോമൺ ഫെസിലിറ്റീസ് സർവ്വീസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ചങ്ങനാശ്ശേരിയിലെയും മഞ്ചേരിയിലെയും പൊതു സേവന കേന്ദ്രങ്ങളിൽ നവവ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകി സാമ്പത്തിക സഹായത്തോടെ അവരെ ഒരു പുതിയ വ്യവസായം നടത്താൻ പ്രാപ്തമാക്കുന്നതാണ്. പുതിയ സാങ്കേതിക വിദ്യയിലൂടെ പുതിയ ഡിസൈനുകൾ രൂപീകരിക്കുന്നതിനും അതിലൂടെ പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കരകൗശല മേഖലയിൽ പരിശീലനം നൽകാൻ സർക്കാർ ഉദ്ദേശിക്കുകയാണ്. ഇതിലൂടെ വൈവിധ്യമാർന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കും. കരകൗശല

തൊഴിലാളികളുടെ സംരംഭക പദ്ധതിയുടെ ആശാ പദ്ധതിയും ഈ വർഷം മുതൽ നടപ്പിലാക്കുന്നതാണ്. കൈത്തറി ഉല്പന്നങ്ങളുടെ ഡൈയിംഗ്, ഫിനിഷിംഗ് തുടങ്ങിയ കാര്യങ്ങൾക്ക് ഇപ്പോൾ മറ്റു സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. ഇത് ഒഴിവാക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ കോമൺ ഫെസിലിറ്റീസ് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. അഞ്ചു മുതൽ പത്തുവരെ തറികൾ സ്ഥാപിച്ച് ക്ലസ്റ്റർ മോഡലിൽ പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. കേരള ഹാന്റ്ലൂം എന്ന ബ്രാന്റ് സർക്കാർ ഇതിനകം അംഗീകരിച്ചിട്ടുണ്ട്. ഇവയ്ക്ക് കൂടുതൽ പ്രചരണം നൽകും. വ്യാജ ഉല്പന്നങ്ങൾ കൈത്തറി എന്ന പേരിൽ വിപണനം ചെയ്യുന്നത് ഒഴിവാക്കാൻ ഇതുവഴി സാധിക്കും. കേരളത്തനിമ നിലനിർത്തുന്ന കൈത്തറി ഉല്പന്നങ്ങൾക്ക് വിദേശ വിപണിയും കണ്ടെത്തും. സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. നടപടിക്രമങ്ങൾ ലഘൂകരിച്ച് വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി Ease of doing business സംരംഭങ്ങൾ കേരളത്തിൽ നടപ്പാക്കും. അതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.യെ നിയോഗിച്ചിട്ടുണ്ട്. 101 കോടി രൂപയുടെ പദ്ധതികളാണ് കിൻഫ്രയിലൂടെ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഒറ്റപ്പാലത്തെ ഡിഫൻസ് പാർക്ക്, പാലക്കാട് മെഗാ ഫുഡ് പാർക്ക്, കഴക്കൂട്ടം ഫിലിം ആന്റ് വീഡിയോ പാർക്കിലെ രണ്ടാംഘട്ട വികസന പദ്ധതി, പാലക്കാട്ടെയും എറണാകുളത്തെയും വ്യാവസായിക ആവശ്യത്തിന് വെള്ളം നൽകുന്ന പദ്ധതി ഇതെല്ലാം ഈ വർഷം ഏറ്റെടുക്കുന്നതാണ്. ഖാദി-സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട വൈകാരികമായ ഒരു മേഖലയാണ്. ഈ മേഖലയിൽ വളരെ പരിമിതമായ കൂലിയാണുള്ളത്. കൂലി പരിമിതമായതിനാൽ പുതിയ തൊഴിലാളികൾക്ക് ഈ മേഖലയിൽ കടന്നുവരാൻ തോന്നുന്നില്ല. പരമ്പരാഗത മേഖലയെപ്പോലെ ഖാദിയെയും കൂലിക്കുറവ് ബാധിക്കുന്നു എന്നതാണ് വസ്തുത. ഖാദി ഉല്പന്നങ്ങൾക്ക് കമ്പോളത്തിലെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ വില വർദ്ധിപ്പിച്ച് തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടി വരും. പരമ്പരാഗത ഉല്പാദനരീതി മാറ്റി ഭാഗിക യന്ത്രവത്കരണം വഴി തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കാനും ഖാദിയുടെ ഉല്പാദനം വർദ്ധിപ്പിക്കാനും നടപടികൾ സ്വീകരിക്കേണ്ടതായും വരും. തൊഴിലാളികൾക്ക് അവരുടെ ആനുകൂല്യങ്ങൾ ഡയറക്ട് ഫണ്ട് ട്രാൻസ്ഫർ പദ്ധതിയിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ധാതുമണൽ

ഉൾപ്പെടെയുള്ള എല്ലാ പ്രധാന മിനറലുകളുടെയും ഖനനം പൊതുമേഖലയിൽ നിക്ഷിപ്തമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നത്. ഇതിനാവശ്യമായ നിയമങ്ങളും ചട്ടങ്ങളും ഫലപ്രദമായി നടപ്പിലാക്കും. അതുകൊണ്ടുള്ള ഒരു പ്രത്യേകത, അനധികൃത ഖനനവും വരുമാന ചോർച്ചയും അവസാനിപ്പിക്കാൻ കഴിയും. ഇതിനുതകുന്ന നടപടികൾ സർക്കാർ കൈക്കൊള്ളും.

പെർമിറ്റുകളും ലൈസൻസുകളും സുതാര്യമായി നൽകുന്നതിന്റെ ഭാഗമായി കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡ് സർവ്വീസ് എന്നൊരു പദ്ധതി നടപ്പിലാക്കുന്നതാണ്. ചവറ, തോട്ടപ്പള്ളി ബെൽറ്റിലുള്ള മുഴുവൻ തീരദേശ മണൽ സംസ്കരണവും പൊതുമേഖലാ സ്ഥാപനങ്ങളാണ് നടത്തുന്നത്. കെംഡെൽ ആയിരിക്കും ഇതിന്റെ നോഡൽ ഏജൻസി. വ്യവസായ വകുപ്പിന്റെ അധീനതയിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ ഉൾപ്പെടെ 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഇവയിൽ പത്ത് സ്ഥാപനങ്ങൾ മാത്രമാണ് ഇപ്പോൾ ലാഭകരമായി പ്രവർത്തിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ 100 കോടി രൂപയിൽ 39 കോടി 76 ലക്ഷം രൂപ ഇതിനകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 496,51,00,000 രൂപയാണ് വ്യവസായത്തിനായി നീക്കിവച്ചിട്ടുള്ളത്. ഇത് ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ വ്യവസായ രംഗത്തിന്റെ മുഖച്ഛായ പുരോഗമനപരമായി മാറ്റാനുള്ള ശ്രമമാണ് നടത്തിവരുന്നത്. മലബാർ സിമന്റ്സിന്റെ ഉല്പാദനം പുനരാരംഭിക്കുന്നതിനെ കുറിച്ചുള്ള ചോദ്യം ചർച്ചയിൽ ഉയർന്നുവരികയുണ്ടായി. മുഖ്യ അസംസ്കൃത വസ്തുക്കളായ കൽക്കരി, ലാറ്ററൈറ്റ്, ക്ലിങ്കർ തുടങ്ങിയവയ്ക്കുള്ള ടെണ്ടർ പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപോലെ 8000 മെട്രിക് ടണ്ണോളം കൽക്കരി, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനിൽനിന്നും ഉടനടി സംഭരിക്കുന്നതാണ്. ലാറ്ററൈറ്റ് വാങ്ങുന്നതിനുള്ള ടെണ്ടറുകൾ പുറപ്പെടുവിച്ചുകഴിഞ്ഞു. ഇത് മൂന്ന് ആഴ്ചയ്ക്കുള്ളിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രവർത്തനം തുടരുന്നതിനുവേണ്ടി ചേർത്തല യൂണിറ്റിൽ ഇറക്കുമതിചെയ്ത ക്ലിങ്കറാണ് ഉപയോഗിക്കുന്നത്. വാളയാർ ഫാക്ടറിയുടെ പ്രവർത്തനം തുടരുന്നതിനുവേണ്ടി ക്ലിങ്കർ, കൊച്ചിൻ പോർട്ടിൽനിന്നും വാളയാറിലേയ്ക്ക് നീക്കം ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ ഇറക്കുമതി ചെയ്ത ക്ലിങ്കർ ഉപയോഗിച്ചാണ് വാളയാർ പ്ലാന്റ് പ്രവർത്തിക്കുന്നത്. പ്രതിദിനം മൂന്നൂറ് മെട്രിക്

ടണ്ണോളം സിമന്റാണ് വാളയാർ ഫാക്ടറി ഉൽപ്പാദിപ്പിക്കുന്നത്. രണ്ടുമൂന്ന് ആഴ്ചയ്ക്കുള്ളിൽ അസംസ്കൃത വസ്തുക്കൾ തുടർച്ചയായി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ടി.സി.സി.-യുടെ വൈദ്യുതി സംബന്ധമായ പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഹൈലെവൽ കമ്മിറ്റി ഈ പ്രശ്നം പരിശോധിച്ച് വരുന്നുണ്ട്. അടുത്തുതന്നെ ഇത് പരിഹരിക്കപ്പെടും. ഐ.ടി. കയറ്റുമതിയെക്കുറിച്ചുള്ള പരാമർശം വരികയുണ്ടായി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഐ.ടി. കയറ്റുമതി ഒരു ബില്ല്യൻ ആയിരുന്നുവെന്നും എൽ.ഡി.എഫ്. ഭരണകാലത്ത് അത് ഇരട്ടിയാക്കുമോ എന്നും ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. 2014-ൽ ഒരു ബില്ല്യൻ ഡോളർ (6000 കോടിയോളം രൂപ) കയറ്റുമതി ചെയ്യപ്പെടുകയുണ്ടായി. 2016-ൽ 1.5 ബില്ല്യൻ ഡോളർ (10,000 കോടി രൂപ) കയറ്റുമതി നടത്താൻ കഴിയുന്നുണ്ട്. 2018 ആകുമ്പോൾ 2 ബില്ല്യൻ ഡോളറിലേയ്ക്ക് (12,000 കോടി രൂപ) എത്തിക്കാൻ കഴിയും. എൽ.ഡി.എഫ്. പ്രസിദ്ധീകരിച്ച മാനിഫെസ്റ്റോ പ്രകാരം ഒരു കോടി ചതുരശ്രയടി ഐ.ടി. സ്പേസ് പൂർത്തീകരിക്കുന്നതാണ്. തിരുവനന്തപുരം ടെക്നോസിറ്റിയിലും കൊച്ചി ഇൻഫോപാർക്കിലും മലബാർ മേഖലയിലുമായി ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് പൂർത്തിയാകുന്നതോടുകൂടി ഐ.ടി. തൊഴിൽ ഇപ്പോഴത്തേതിൽനിന്നും ഇരട്ടിയാകും. അതോടെ ഐ.ടി. കയറ്റുമതി രണ്ട് ബില്ല്യൻ കടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കോഴിക്കോട് കോമൺവെൽത്തിനെക്കുറിച്ച് പരാമർശമുണ്ടായി. അതുസംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. നിയമസഭ പാസ്സാക്കിയ പ്രമേയമനുസരിച്ച് നടപടിയൊന്നും എടുക്കുന്നില്ല എന്ന പ്രശ്നമാണ് ഉയർന്നത്. അതിന്റെ നടപടികൾ തുടർച്ചയായി സ്വീകരിച്ചുവരുന്നുണ്ട്.

സിമന്റുമായി ബന്ധപ്പെട്ട പ്രശ്നം നേരത്തെ ചർച്ച ചെയ്തതാണ്. ദരിദ്ര-ചെറുകിട-ഇടത്തരം കുടുംബങ്ങളുടെ വീട് നിർമ്മാണത്തിനും മറ്റും വേണ്ട സിമന്റ് കുറഞ്ഞ വിലയ്ക്ക് നൽകാൻ കഴിയത്തക്ക സംവിധാനം ഒരുക്കാനാകണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

നമ്മുടെ സംസ്ഥാനം നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന രീതിയിൽ പൊതുവേ ഇപ്പോൾ അംഗീകരിക്കപ്പെടുന്നുണ്ട്. ആ സാഹചര്യം നല്ല നിലയിൽ ഉപയോഗിക്കാനാകണം. പുതിയ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ച് വ്യവസായം ശക്തിപ്പെടുത്തുക എന്നതാണ് ഇതിന് ഏറ്റവും ആവശ്യമായിട്ടുള്ളത്.

പ്രകൃതി സൗഹൃദ വ്യവസായമാണ് എൽ.ഡി.എഫ്. പ്രധാനമായും കാണുന്നത്. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് വ്യവസായം വളർത്താൻ മാത്രമേ നമുക്ക് സാധിക്കൂ. അതിനുതകുന്ന ഒരു നയമാണ് അംഗീകരിക്കാൻ ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകളിലെ ചില ഇടങ്ങളിൽ വ്യവസായ പാർക്കുകളും വ്യവസായ എസ്റ്റേറ്റുകളും ഇപ്പോഴുണ്ട്. ഇവയിൽ ചിലത് അടഞ്ഞുകിടക്കുന്ന സ്ഥിതിയുണ്ട്. അടഞ്ഞുകിടക്കുന്നവയെല്ലാം പ്രവർത്തിപ്പിക്കാനും ഉപയോഗശൂന്യമായി കിടക്കുന്നവയിലെല്ലാം പുതിയ സംരംഭങ്ങൾ ആരംഭിക്കാനുമുള്ള നടപടികൾ സ്വീകരിക്കും.

പെരുമ്പാവൂർ ഗ്വാളിയോർ റയോൺസ് ലിമിറ്റഡിന്റെ സ്ഥലം കുറേക്കാലമായി ഏറ്റെടുക്കാതെ കിടക്കുകയാണ്. ആ ഭൂമി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കും.

പ്രമുഖ ഇലക്ട്രോണിക് സ്ഥാപനമായ കെൽട്രോൺ കേരളത്തിൽ ആദ്യം തുടങ്ങിയ ഇലക്ട്രോണിക് സ്ഥാപനമാണ്. അതിനെ സംബന്ധിക്കുന്ന മറ്റ് കാര്യങ്ങൾ ഞാൻ പറയേണ്ടതില്ലല്ലോ. കെൽട്രോണിനെ പഴയ രീതിയിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിയേണ്ടതായിട്ടുണ്ട്. കാലാനുസൃതമായി കെൽട്രോണിനെ വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കും. അതുപോലെ ടെക്സ്റ്റൈൽ മില്ലുകൾ പലതും അടച്ചുപൂട്ടലിന്റെ വക്കിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ വിദേശ നയവും ഈ തകർച്ചയ്ക്ക് വഴിയൊരുക്കിയിട്ടുണ്ട്. അതോടൊപ്പം കോട്ടണിന്റെ വിലക്കയറ്റവും നൂലിന്റെ വിലയിടിവുമൊക്കെ ഇതിനൊരു ഘടകമാണ്. ഏതായാലും ആ മേഖലയെ രക്ഷിക്കേണ്ടതായുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ പ്രതീക്ഷയോടെ ധാരാളം കാര്യങ്ങൾ പറയുന്നു. അതെല്ലാം കേട്ടപ്പോൾ വലിയ സന്തോഷമുണ്ട്. കേരളത്തിലെ വ്യവസായത്തിന്റെ സ്വർണ്ണഖനി എന്നുപറയുന്നത് കരിമണലും പാറക്കെട്ടുകളുമാണ്. ഒരു ലൈസൻസുമില്ലാതെ പാറക്കെട്ടുകൾ മുഴുവൻ ഇടിച്ചുതകർക്കുകയാണ്. എന്റെ മണ്ഡലത്തിൽ ഈ വിഷയത്തിൽ ഞാൻ ഇടപെട്ടതിനെ തുടർന്ന് ജിയോളജി ഡിപ്പാർട്ട്മെന്റിൽനിന്ന് രണ്ടുമൂന്ന് ക്വാറി ഉടമകൾക്ക് കൊടുത്ത നോട്ടീസിൽ സി. ദിവാകരൻ എം.എൽ.എ പറഞ്ഞതനുസരിച്ച് നിങ്ങളുടെ ക്വാറി പ്രവർത്തനങ്ങൾ തല്ക്കാലം സ്റ്റേ ചെയ്തിരിക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. ഞാനത് ഡി.ഡി.സി. യിലും താലൂക്ക് സഭയിലും അവതരിപ്പിച്ചു. വലിയൊരു റാക്കറ്റാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമഗ്രമായ വ്യവസായ സംരംഭങ്ങളുടെ നടുവിൽ കരിമണലും പാറക്കെട്ടുകളുംകൂടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഖനനം മുഴുവൻ പൊതുമേഖലയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. ശ്രീ. സി. ദിവാകരൻ പറഞ്ഞ കാര്യങ്ങൾ ഇതിൽ പൂർണ്ണമായും അടങ്ങിയിട്ടുണ്ട്. കരിമണൽ സംസ്ഥാനത്ത് കൂടുതൽ വ്യവസായ അഭിവൃദ്ധിക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്. കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നമുക്ക് ഉണ്ടാക്കാനാകും. നമ്മുടെ നാട്ടിൽതന്നെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ട്. നേരത്തെ സി.എം.ആർ.എൽ-ന്റെ കാര്യം ഇവിടെ ഉന്നയിക്കുകയുണ്ടായി. ആ സ്ഥാപനത്തിന് കരിമണൽ നൽകാൻ കഴിയുന്നതോടൊപ്പം നമ്മുടെ സ്ഥാപനങ്ങൾക്കെല്ലാം കരിമണൽ ലഭിക്കുകയും വേണം. ഇവിടെയുള്ള സ്ഥാപനങ്ങൾക്ക് കരിമണൽ ലഭിക്കുകയും കൂടുതൽ വികസന പദ്ധതികൾക്ക് കരിമണൽ ഉപയോഗിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശിക്കുന്നത്. ക്വാറിയുടെ കാര്യത്തിൽ, അടുത്തൊരു തീയതിയോടുകൂടി, തീയതി കൃത്യമായി ഓർക്കുന്നില്ല, കൃത്യമായ ക്ലിയറൻസോടുകൂടി മാത്രമേ ഏത് ക്വാറിയും പ്രവർത്തിക്കാനാകൂ എന്നൊരു അവസ്ഥ ഗ്രീൻ ട്രിബ്യൂണലിന്റെ ഇടപെടലിന്റെ ഭാഗമായി വരുന്നുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അരീക്കോട്, പട്ടാമ്പി തുടങ്ങിയ സ്ഥലങ്ങളിൽ ഐ.ടി പാർക്കുകൾ ആരംഭിക്കാനായി ഭരണാനുമതി നൽകിയിരുന്നു. അതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ; പുതിയ ഐ.ടി. പാർക്കുകൾ ഈ വർഷം ആരംഭിക്കാൻ സാധ്യതയുണ്ടോ; ഇതുസംബന്ധിച്ച ഗവൺമെന്റിന്റെ നയം വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഐ.ടി. പാർക്കുകൾ സംസ്ഥാനത്ത് വികസിച്ചുവരേണ്ടതുതന്നെയാണ്. ഐ.ടി. പാർക്കുകളുടെ വികസനമെന്നത് നമ്മൾ ആത്മനിഷ്ഠമായി എടുത്തതുകൊണ്ടുമാത്രം സാധിക്കില്ല. അതിന്റെ ഭൗതിക സാഹചര്യവുംകൂടി ഒത്തുവരണം. അങ്ങനെ ഭൗതിക സാഹചര്യം ഒത്തുവരുന്ന സ്ഥലങ്ങളാണെങ്കിൽ ഐ.ടി. പാർക്കുകൾ സ്വാഭാവികമായും വികസിപ്പിക്കാം. സർക്കാർ അതിനാവശ്യമായ എല്ലാ പിന്തുണയും നൽകുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: സർ, കരിമണലിൽ തോറിയം നല്ലരീതിയിലുണ്ടെന്നാണ് പറയുന്നത്. ഇവിടെ തോറിയം റിയാക്ടർ മുമ്പുണ്ടായിരുന്നില്ല. ഇപ്പോൾ അത് അണുശക്തി വകുപ്പുതന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇന്ത്യയിലേയ്ക്ക് ആവശ്യമായ റിയാക്ടർ പ്രവർത്തിക്കാനുള്ള തോറിയം ഇവിടെയുണ്ടെന്നാണ് പുതുതായി കണ്ടുപിടിച്ചിരിക്കുന്നത്. അങ്ങനെയാണെങ്കിൽ കേരളത്തിന്റെ സമ്പദ്ഘടനയിൽ തന്നെ വലിയൊരു മാറ്റമുണ്ടാകും. ഛത്തീസ്ഗഡിൽ കൽക്കരി കുഴിച്ചെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ലേലത്തിന്റെ തുക തന്നെ കൊടുക്കുകയാണ്. അതുപോലെ തോറിയം വേർതിരിച്ചെടുക്കുന്നതിന് കേന്ദ്ര അണുശക്തി വകുപ്പിൽ സമ്മർദ്ദം ചെലുത്തി അത് വാങ്ങിയെടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾ പരിശോധിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ക്ലിങ്കർ ഇറക്കുമതി ചെയ്ത് മലബാർ സിമന്റ്സ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. കേരളത്തിലെ ഏറ്റവും പഴയ സിമന്റ് ഫാക്ടറിയായ ട്രാവൻകൂർ സിമന്റ്സ് ഇപ്പോൾ നാശത്തിന്റെ വക്കിലാണ്. വേമ്പനാട്ടുകായലിൽനിന്നും കക്കയെടുത്താണ് സിമന്റുണ്ടാക്കിയിരുന്നത്. ഇപ്പോൾ കക്കയുടെ തോത് കുറഞ്ഞതിനാൽ ക്ലിങ്കർ ഇറക്കുമതി ചെയ്താണ് തൽക്കാലത്തേയ്ക്ക് ഉല്പാദനം നടത്തുന്നത്. ട്രാവൻകൂർ സിമന്റ്സിനെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതിന് ടെക്നോളജി തന്നെയാണ് പ്രധാനം. അതുമായി ബന്ധപ്പെട്ട് കാലോചിതമായ മാറ്റങ്ങൾകൂടി വേണ്ടിവരുമെന്ന് തോന്നുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാൻ നോക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡുള്ള ഏക പൊതുമേഖലാ സ്ഥാപനമായ ബെൽ 49 ശതമാനം സംസ്ഥാന സർക്കാരിന്റെ ഷെയറുള്ള സ്ഥാപനമാണ്. നേരത്തെ അത് കെൽ ആയിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് കൂടുതലായി അറിയാം. അതിനെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെങ്കിലും പരിപാടികൾ ആവിഷ്കരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കെൽ-ന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയാണ് അത് ബെൽ ആക്കിയത്. പക്ഷേ അത് കൂടുതൽ ശോചനീയാവസ്ഥയിലാകുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഏതായാലും ആ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ മുൻഗണന നൽകുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, മാവൂർ ഗ്വാളിയോർ റയോൺസിന്റെ സ്ഥലം വെറുതെ കിടക്കുകയാണ്. അവിടെ വ്യവസായം ആരംഭിക്കുന്നത് സംബന്ധിച്ച് ഞാൻ നേരത്തെ പ്രസംഗത്തിൽ പറഞ്ഞിരുന്നു. അക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതുമായി ബന്ധപ്പെട്ട് സർക്കാരിന് ചില ആലോചനകളുള്ളതാണ്. അത് ഇപ്പോൾ പറയാവുന്ന ഒരവസ്ഥയിൽ ആയിട്ടില്ല.

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിന്റെ മുഴുവൻ പ്രതീക്ഷയായ സ്മാർട്ട്

സിറ്റി തുടർച്ചയായ പല പ്രഖ്യാപനങ്ങളുമായി പോകുകയാണ്. സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് കൂടെക്കൂടെ ഓരോ പ്രസ്താവനകൾ നടത്തും. അത് എന്റെ മണ്ഡലത്തിലാണ്. ഞാൻ അവിടെ പോയി അവരുമായി ചർച്ചകൾ നടത്തിയപ്പോൾ ഈ അടുത്ത കാലത്തൊന്നും കാര്യമായ ഡെവലപ്മെന്റ് കൊണ്ടുവരുന്ന ലക്ഷണമൊന്നും കാണുന്നില്ല. ആ കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഈ അടുത്ത കാലത്ത് എന്നുപറഞ്ഞത് കുറച്ച് പിന്നിലുള്ള കാലമാണ്. ഇതിനൊരു അടുത്ത കാലമുണ്ടായിട്ടുണ്ട്. ആ അടുത്ത കാലത്തിന്റെ തീരുമാനം അവർ സമയബന്ധിതമായി ഇത് തീർക്കുമെന്നുള്ളതാണ്. ആ ഉറപ്പ് അവർ നൽകിയിട്ടുണ്ട്. അവർ ആ ഉറപ്പ് നടപ്പാക്കുമോയെന്ന് നമുക്ക് നോക്കാം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കെൽട്രോണിനെ സംബന്ധിച്ച് ചെറിയൊരു നിർദ്ദേശമുള്ളത്, ആ ബ്രാൻഡിന് അങ്ങ് പറഞ്ഞതുപോലെ നേരത്തെയുണ്ടായിരുന്ന സ്വീകാര്യത പാടേ കുറഞ്ഞ് അതിന്റെ ഗുഡ്‌വില്ലും ക്രെഡിബിലിറ്റിയും വല്ലാതെ കുറഞ്ഞിരിക്കുന്ന സാഹചര്യമാണ്. അതിനെ പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ടി നമ്മൾ നടത്തുന്ന ശ്രമത്തിന്റെ പകുതി മതിയാകും ഫ്രഷ് ബ്രാൻഡിംഗ് നടത്തി പുതിയൊരു നാമധേയത്തിൽ കൊണ്ടുവരാൻ കാരണം മാർക്കറ്റിലിപ്പോൾ ലഭ്യമായ ഉൽപ്പന്നങ്ങൾ 6 സീരീസ്, 7 സീരീസ് ഇറങ്ങുമ്പോൾ, വെറുതെ അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ആളുകൾ ബ്രാൻഡിനുപുറകെ പോയികൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. പൊതുമേഖലയിലെ ഒരു സ്ഥാപനമെന്ന നിലയ്ക്ക് ഒരു ഫ്രഷ് ബ്രാൻഡിംഗ് നടത്തി പുതിയൊരു പേരും കൊടുത്ത് അതിനെ റീ-ഇൻഡ്രൊഡ്യൂസ് ചെയ്യുന്നതായിരിക്കില്ലേ കുറച്ചുകൂടി നല്ലത്; ഒരാൾ എന്നെ ഒരു പ്രോഡക്ടുമായി സമീപിച്ചു. നമ്മുടെ പെൺകുട്ടികൾ സ്കൂളിലേയ്ക്കോ കോളേജിലേയ്ക്കോ പോകുമ്പോൾ അവർക്ക് അവരുടെ വീടുമായി മാത്രം കണക്ട് ചെയ്യാൻ കഴിയാവുന്ന, അച്ഛന്റെയും അമ്മയുടെയും നമ്പരുമായി മാത്രം കണക്ട് ചെയ്യാൻ കഴിയാവുന്ന ഒരു ഉപകരണം, ലാർജ് സ്കെയിലിൽ പ്രൊഡ്യൂസ് ചെയ്യാൻ അവർക്ക് സംവിധാനമില്ല. പക്ഷെ അത് നമ്മുടെ ഗേൾസ് സ്കൂളിലും മറ്റും വളരെ ഉപകാരപ്രദമാകുകയും ചെയ്യും. അങ്ങനെയുള്ള ഉൽപ്പന്നങ്ങളെ പുതിയൊരു ബ്രാൻഡിലൂടെ, ഗുഡ്‌വില്ലും ക്രെഡിബിലിറ്റിയും നഷ്ടപ്പെട്ട കെൽട്രോണിനെ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതിന്റെ പിന്നിൽ കെൽട്രോൺ അഭിവൃദ്ധിപ്പെടണമെന്ന വികാരം തന്നെയാണ്. ഒരു കമ്മീഷൻ ഏജന്റ് എന്ന നിലയിൽ പ്രവർത്തിക്കുന്ന കെൽട്രോണിന്റെ രൂപത്തിന് മാറ്റം വരണമെന്നാണ്

അദ്ദേഹം ഉദ്ദേശിക്കുന്നത്. അത് വളരെ ശരിയായ കാര്യമാണ്. ഇന്നത്തെ കാലത്തിന് ചേർന്ന തരത്തിലുള്ള ഒരു സ്ഥാപനമാക്കി നമുക്കതിനെ മാറ്റാനുള്ള ശ്രമം നടത്താം. ആ കൂട്ടത്തിൽ അദ്ദേഹം പറഞ്ഞ കാര്യങ്ങൾകൂടി പരിഗണിക്കാം.

ശ്രീ. സി. കൃഷ്ണൻ: സർ, സ്കൂൾ യൂണിഫോമിന് കൈത്തറിത്തുണി സൗജന്യമായി കൊടുക്കുന്ന കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്. അത് വളരെ സ്വാഗതാർഹമായ കാര്യമാണ്. അതിൽ ഖാദിയെ ഒഴിവാക്കേണ്ട കാര്യമില്ല. ഒരു ഘട്ടത്തിൽ ഇവിടെ ഖാദിയോ കൈത്തറിയോ യൂണിഫോമായി ഉപയോഗിക്കണമെന്ന് മുമ്പത്തെ എൽ.ഡി.എഫ്. ഗവൺമെന്റുതന്നെ തീരുമാനിക്കുകയും ആഴ്ചയിൽ രണ്ടുദിവസം അതുപയോഗിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ഖാദി വസ്ത്രങ്ങൾ ഉപയോഗിക്കുന്ന നിരവധി വിദ്യാലയങ്ങളുണ്ട്. അപ്പോൾ ഖാദിയുംകൂടി ഉൾപ്പെടുത്തണമെന്നാണ് പറയാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ഈ പദ്ധതിയിൽ കൈത്തറി മാത്രമെയുള്ളൂ. അത് കൈത്തറിക്കുവേണ്ടിയുള്ള ഒരു പദ്ധതിയാണ്. അത് കൈത്തറി എന്ന നിലയിൽത്തന്നെയാണ് കാണുന്നത്. ഖാദി ധരിക്കുന്ന ധാരാളം ആളുകളുണ്ട്. അവരെ അപമാനിക്കാനൊന്നുമല്ല. ഇതിൽ കൈത്തറി മാത്രമെയുള്ളൂ. അതുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ന്യൂനപക്ഷങ്ങളുടെ പുരോഗതിയിലും അഭിവൃദ്ധിയിലും ഭൂരിപക്ഷ സമുദായവും ഭൂരിപക്ഷ സമുദായത്തിന്റെ അഭിവൃദ്ധിയിലും പുരോഗതിയിലും ന്യൂനപക്ഷ വിഭാഗങ്ങളും പങ്കുവഹിച്ച ചരിത്രമാണ് നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ഇക്കാലമത്രയുമുള്ളത്. ഇൻഡ്യയിൽ വഖഫ് സ്വത്തുക്കൾ രൂപീകരിക്കപ്പെട്ടതിനെ സംബന്ധിച്ച് ഞാൻ പഠിക്കാൻ ശ്രമിക്കുകയുണ്ടായി. സ്വാതന്ത്ര്യത്തിന് തൊട്ടുമുമ്പ് രാജ്യം വിഭജിക്കപ്പെട്ട സന്ദർഭത്തിൽ ഉത്തരേന്ത്യയിൽനിന്ന് ധാരാളം പ്രമാണിമാരും സമ്പന്നരുമായിട്ടുള്ള മുസ്ലീങ്ങൾ പാകിസ്ഥാനിലേയ്ക്ക് ചേക്കേറി. അവരുടെ സ്വത്ത് എന്താണ് ചെയ്യേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച ഒരാലോചന അക്കാലത്ത് ഉടലെടുക്കുകയുണ്ടായത്രെ. ഒരു വിഭാഗം ആളുകൾ പറഞ്ഞത് ആ സ്വത്ത് നാഷണലൈസ് ചെയ്യണമെന്നായിരുന്നു. മറ്റൊരു വിഭാഗത്തിന്റെ അഭിപ്രായം അത് ഇൻഡ്യയിലവശേഷിക്കുന്ന മുസ്ലീങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി പ്രയോജനപ്പെടുത്തണം എന്നായിരുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു രണ്ടാമത്തെ അഭിപ്രായത്തിന്റെകൂടെയാണ് നിന്നത്. അങ്ങനെയാണ് ഇൻഡ്യയിൽ വഖഫ് സ്വത്തുക്കൾ ഒരുക്കൂട്ടി അവ മുസ്ലീം ജനവിഭാഗത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്ന വഖഫ് ബോർഡ് സ്ഥാപിതമായത്. കേരളത്തിലും വഖഫ്

ബോർഡിന്റെ ഗ്രാന്റുമായി ബന്ധപ്പെട്ട് എനിക്കൊരു കാര്യം മനസ്സിലാക്കാൻ സാധിച്ചു. 2003 വരെ വഖഫ് ബോർഡിന് സംസ്ഥാന സർക്കാർ ഒരു പൈസപോലും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റായി നൽകിയിരുന്നില്ല. 2003-ൽ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ചുമതല വഹിച്ചിരുന്ന ഡോ. സുന്ദരേശൻ എന്ന ഉദ്യോഗസ്ഥൻ വഖഫ് ബോർഡ് ഓഫീസ് സന്ദർശിക്കുകയും ഫയലുകൾ പരിശോധിച്ചതിനു ശേഷം ആദ്യമായി 50 ലക്ഷം രൂപ സംസ്ഥാന സർക്കാർ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റായി വഖഫ് ബോർഡിന് നൽകണമെന്ന് എഴുതിവയ്ക്കുകയും ചെയ്തു. അതിനുശേഷമാണ് നമ്മുടെ സംസ്ഥാനത്ത് വഖഫ് ബോർഡിന് സംസ്ഥാന സർക്കാരിന്റെ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് കിട്ടിത്തുടങ്ങിയത്. ഞാനിതിവിടെ പറഞ്ഞത് ന്യൂനപക്ഷ ജനവിഭാഗത്തിന്റെ പുരോഗതിയിലും അഭിവൃദ്ധിയിലും ഭൂരിപക്ഷ സമുദായവും ഭൂരിപക്ഷ സമുദായത്തിന്റെ അഭിവൃദ്ധിയിലും പുരോഗതിയിലും ന്യൂനപക്ഷ വിഭാഗങ്ങളും അവരവരുടേതായ വലിയ പങ്ക് വഹിച്ചിട്ടുണ്ട് എന്നുപറയാൻ വേണ്ടിയാണ്. ന്യൂനപക്ഷക്ഷേമ വകുപ്പിന് ഏഴുവയസ്സേ ആയിട്ടുള്ളൂ. ഹ്രസ്വമെങ്കിലും ഈ വകുപ്പിനും ഒരു ചരിത്രമുണ്ട്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ കേരളത്തിലത് എങ്ങനെയാണ് നടപ്പിലാക്കേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി സഖാവ് വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഇടതുപക്ഷ ഗവൺമെന്റ് പാലോളി മുഹമ്മദ് കുട്ടിയെ കമ്മീഷനായി നിയോഗിക്കുകയുണ്ടായി. ആ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ന്യൂനപക്ഷക്ഷേമ വകുപ്പ് കേരളത്തിലാദ്യമായി രൂപീകരിക്കപ്പെടുന്നത്. നിരവധി പദ്ധതികളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നത്. വിധവ ഭവന പദ്ധതിക്ക് ഈ വർഷം 31 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. സംസ്ഥാനത്തെ 1240 ന്യൂനപക്ഷ സഹോദരിമാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. 2.5 ലക്ഷം രൂപ ഭവന സഹായമായിട്ടാണ് ലഭ്യമാക്കാനുദ്ദേശിക്കുന്നത്. ഈ പദ്ധതി ഇനിമുതൽ 'ഇമ്പിച്ചിബാവ ഭവനപദ്ധതി' എന്നായിരിക്കും അറിയപ്പെടുന്നത്. പഠനത്തിൽ മിടുക്കുള്ള മൈനോരിറ്റി വിഭാഗത്തിലെ പാവപ്പെട്ട കുട്ടികൾക്ക് പുതിയതായി ഒരു മെരിറ്റ് സ്കോളർഷിപ്പ് ഈ വർഷം മുതൽ ആരംഭിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിന്റെ പ്രഥമ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ പേരിൽ 'പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്' എന്നാകും ഇതിന് നാമകരണം ചെയ്യുന്നത്. സംസ്ഥാനത്താദ്യമായി മദ്രസ അദ്ധ്യാപകർക്ക് 2 ലക്ഷം രൂപ പലിശരഹിത ഭവന വായ്പ നൽകുന്ന പദ്ധതിക്ക് തുടക്കമിടാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 100 പേർക്കാണ് ഈ വർഷം വായ്പ അനുവദിച്ചിട്ടുള്ളത്. മൈനോരിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ആന്റ് നാഷണൽ

ഇന്റഗ്രേഷൻ എന്നൊരു ഗവേഷണ സ്ഥാപനം മലപ്പുറം ജില്ലയിലെ വഖഫ് ഭൂമിയിൽ സ്ഥാപിക്കാൻ ഗവൺമെന്റുദ്ദേശിക്കുന്നു. മൈനോരിറ്റി സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ കേന്ദ്ര സർക്കാർ സഹായത്തോടെ കണ്ണൂർ, വയനാട്, കൊല്ലം, കോട്ടയം എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതാണ്. വഖഫ് സ്വത്തുള്ള ജില്ലകളിൽ അത് പ്രയോജനപ്പെടുത്തി 'സദ്ഭാവന മണ്ഡപങ്ങൾ' കേന്ദ്രസർക്കാർ സഹായത്തോടെ സ്ഥാപിക്കും. ഇതിനായി ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് ഉടൻതന്നെ നൽകുന്നതാണ്. നിലവിലുള്ള 16 മൈനോരിറ്റി കോച്ചിംഗ് സെന്ററുകളിലും നെറ്റ്, സെറ്റ്, ജെ.ആർ.എഫ്. കോച്ചിംഗ് കൂടി അടുത്ത അദ്ധ്യയന വർഷം മുതൽ ആരംഭിക്കും. 152 ബ്ലോക്കുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും മൈനോരിറ്റി പ്രൊമോട്ടർമാരെ നിയമിക്കാൻ ലക്ഷ്യമിട്ടുള്ള പ്രൊപ്പോസൽ കേന്ദ്ര ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ഇവിടെ വന്ന രണ്ട് അഭിപ്രായങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാനവസാനിപ്പിക്കാം. മൾട്ടി സെക്ടർ ഡെവലപ്മെന്റ് പ്രോഗ്രാമിൽ (എം.എസ്.ഡി.പി.) നിലവിൽ വയനാട് ജില്ലയും പൊന്നാനി ടൗണും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റ് ജില്ലകളിലെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളും ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തണമെന്ന് ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്റെ സുഹൃത്ത് ശ്രീ. ടി. വി. ഇബ്രാഹിം, താടിയുമായി ബന്ധപ്പെട്ട ഒരു കാര്യം ഇവിടെ സൂചിപ്പിച്ചതുകൊണ്ട് അതുകൂടി പറഞ്ഞ് ഞാൻ നിർത്തുകയാണ്. താടി വളർത്തുന്നത് ഒരു മതാവകാശം എന്ന രീതിയിലാണ് അദ്ദേഹം ഇവിടെ അവതരിപ്പിക്കാൻ ശ്രമിച്ചത്. മതവുമായി അതിന് ഒരു ബന്ധവുമില്ല എന്നുള്ളത് അതുപറഞ്ഞ ടി. വി. ഇബ്രാഹിം തന്നെ താടിവച്ചിട്ടില്ല എന്നുള്ളതിന്റെ തെളിവാണ്. ഈ സഭയിലെ മുസ്ലീം ലീഗിന്റെ ഒരൊറ്റ മെമ്പർമാരും താടിവച്ചിട്ടില്ല എന്നുള്ളത് ഇതിന്റെ വ്യക്തമായ ഒരു തെളിവാണ്. അതിന് മതവുമായി ഒരു ബന്ധവുമില്ല എന്നാണ് ഞാൻ പറഞ്ഞത്. അതുകൊണ്ടുതന്നെയാവണം മഹാനായ സി. എച്ച്. മുഹമ്മദ് കോയ ആഭ്യന്തരവകുപ്പുമന്ത്രി ആയിരുന്നിട്ടും പോലീസിൽ ഇങ്ങനെയൊരു സ്വാതന്ത്ര്യം അനുവദിക്കാതിരുന്നത് എന്നുള്ളതാണ് എന്റെ അഭിപ്രായം. ഇങ്ങനെയൊരു കാലത്ത് അത്തരത്തിലുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാതിരിക്കുന്നതാണ് ഉചിതം എന്നുള്ള എന്റെ അഭിപ്രായംകൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, വഖഫിന്റെ സ്വത്തുക്കൾ ചില രാഷ്ട്രീയ പാർട്ടികളുടെ കൈവശമുണ്ടെന്ന് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചുമതലപ്പെടുത്തിയ കമ്മീഷൻ കണ്ടെത്തിയിരുന്നു. അത് താങ്കളുടെ ശ്രദ്ധയിലുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ട്

പോകുന്നുവെന്ന ആക്ഷേപം വളരെ ശക്തമായി നിലനിൽക്കുന്നുണ്ട്. ചില വ്യക്തികളും സ്ഥാപനങ്ങളും അത് കയ്യേറിക്കൊണ്ടിരിക്കുന്നു എന്നുള്ള അഭിപ്രായത്തിന്റെയും ആക്ഷേപത്തിന്റെയും അടിസ്ഥാനത്തിലാണ് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതുസംബന്ധിച്ച് പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിച്ചത്. ആ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന്റെ മുമ്പിലുണ്ട്. ഏതായാലും വഖഫ് സ്വത്തുക്കൾ ഇനിയെങ്കിലും അന്യാധീനപ്പെട്ടു പോകാതിരിക്കാൻ ഒരു സർവ്വെ നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിനാവശ്യമായ എത്ര പണം വേണമെങ്കിലും നൽകാമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചത് ഞാൻ ഈ സന്ദർഭത്തിൽ പറയുന്നു. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

4 PM ]

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ പരാമർശം നടത്തിയപ്പോൾ താടി മതപരമായതല്ല എന്നുപറഞ്ഞു. അത് ആവശ്യമില്ലാത്ത ഒരു പരാമർശമാണ്. കാരണം, താടി മതപരമാണ് എന്ന് വിശ്വസിക്കുന്ന ഒരു വലിയ ജനവിഭാഗം ഈ നാട്ടിലുണ്ട്. താടി വയ്ക്കുകയോ വയ്ക്കാതിരിക്കുകയോ ചെയ്യുന്നത് അവരവരുടെ ഇഷ്ടമാണ്. അത് പ്രവാചകന്റെ തിരുസുന്നത്താണ്. താടികൾ പലവിധമുണ്ട്. ലെനിന്റെ താടി വയ്ക്കുന്നവരുണ്ടാവും, താടി വയ്ക്കാത്തവരുണ്ടാകും, ഫാഷനുവേണ്ടി താടി വയ്ക്കുന്നവരുണ്ടാകും. ഇപ്പോൾ നെയ്മറുടെ താടി വയ്ക്കുന്നവരുണ്ട്. ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ താടി ഏതുതരം താടിയാണെന്നറിയില്ല. എന്നാൽ താടി മതപരമല്ല എന്നുപറയുന്നത് ശരിയല്ല. അങ്ങനെ വിശ്വസിക്കുന്നവർ ഈ നാട്ടിലുണ്ട്. ഇത് കേട്ടിട്ട് നിങ്ങളാരും സഭയിൽ ഇല്ലായിരുന്നോ, നിങ്ങൾക്ക് വിവരമില്ലേ എന്ന് നാളെ ആരെങ്കിലും ചോദിച്ചാൽ അത് മോശമാകും. അതുകൊണ്ട് ഞാൻ അതൊന്ന് കറക്ട് ചെയ്തതാണ്.

മി. സ്പീക്കർ : പ്ലീസ്. താടിയൊരു ചർച്ചാവിഷയമാക്കണ്ട.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ പറഞ്ഞത് താടി നിർബന്ധമുള്ള കാര്യമല്ലായെന്നാണ്. താടി നിർബന്ധമുള്ള കാര്യമാണെങ്കിൽ മുസ്ലീംലീഗിന്റെ 18 മെമ്പർമാരിൽ ഒരാളും താടിവച്ചിട്ടില്ലല്ലോ. അതെന്തുകൊണ്ടാണ് വയ്ക്കാത്തത് ? ഞാൻ പറഞ്ഞത് പോലീസിൽ താടി വളർത്താനുള്ള സ്വാതന്ത്ര്യം നൽകണമെന്നുള്ള ആവശ്യം ഇന്നത്തെ സാഹചര്യത്തിൽ പ്രത്യേകിച്ച് പരിഗണിക്കേണ്ടതില്ലായെന്നാണ്. സി. എച്ച്. മുഹമ്മദ് കോയ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കെ അത്തരമൊരു സ്വാതന്ത്ര്യം കേരള പോലീസിൽ അനുവദിച്ചിട്ടില്ലല്ലോ. പിന്നെ എന്തിനാണ് ശ്രീ. ടി. വി. ഇബ്രാഹിം

അങ്ങനെയൊരു ആവശ്യം ഉന്നയിച്ചത്. സി. എച്ച്. മുഹമ്മദ് കോയ സഭയിൽ അംഗമായിരുന്നല്ലോ. അദ്ദേഹത്തിന് താടിയുണ്ടായിരുന്നോ; നഹാ സാഹിബിന് താടിയുണ്ടായിരുന്നോ; അഹമ്മദ് കുരിക്കൾക്ക് താടിയുണ്ടായിരുന്നോ; ഇല്ലല്ലോ? താടി വയ്ക്കുന്നവർ വയ്ക്കട്ടെ. ഞാൻ അതിന് എതിരല്ല. ....(ബഹളം)......

മി. സ്പീക്കർ: ഇത്രയ്ക്ക് ഗൗരവമേറിയ ഒരു ചർച്ചയുടെ ആവശ്യമില്ല. താടി വയ്ക്കുന്നവർക്ക് വയ്ക്കാം. വേണ്ടാത്തവർക്ക് വയ്ക്കാതിരിക്കാം. താടിയെ സംബന്ധിച്ച് വിശദമായൊരു ചർച്ച വേണ്ട. ....(ബഹളം)....

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത്തരം ചർച്ചകൾ അനുവദിക്കാൻ പാടില്ലാത്തതാണ്. ഇത് ആവശ്യമില്ലാത്ത വിവാദമാണ്. എന്തിനാണ് ഇത്തരം വിവാദങ്ങൾ ഇവിടെ കൊണ്ടുവരുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്ക് ഒരു കാര്യം സഭയെ അറിയിക്കാനുണ്ട്.

## IX അറിയിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്മേലുള്ള പരാതികളും ആക്ഷേപങ്ങളും കേൾക്കുവാനുള്ള സമയം ഒക്ടോബർ 30 വരെയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ ഇന്നലെ ബഹുമാന്യരായ അംഗങ്ങളിൽ പലരും ആ തീയതി കുറച്ചുകൂടി നീട്ടണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പരാതികളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന തീയതി നവംബർ 5 വരെ നീട്ടുകയാണ്. ഇതിനിടയ്ക്ക് വരുന്ന അവധി ദിവസവും താലൂക്ക് സപ്ലൈ ഓഫീസ് പ്രവർത്തിക്കുന്നതാണ്.

മി. സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, കെ. എം. ഷാജി, കെ. എസ്. ശബരീനാഥൻ, എം. വിൻസെന്റ്, അൻവർ സാദത്ത്, എ. പി. അനിൽ കുമാർ, വി. ഡി. സതീശൻ, ഐ. സി. ബാലകൃഷ്ണൻ, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, അബ്ദുൽ ഹമീദ് പി, പി. കെ. ബഷീർ, എം. ഉമ്മർ, വി. കെ. ഇബ്രാഹിം കുഞ്ഞ്, ടി. എ. അഹമ്മദ് കബീർ എന്നീ അംഗങ്ങൾ പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി

15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. വി. ജോയി
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ.പി.
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു

39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. ശ്രീ. കാരാട്ട് റസാഖ്
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി
62. ശ്രീ. ഐ. ബി. സതീഷ്

63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. ആർ. സുനിൽ കുമാർ
67. ശ്രീ. വി. എസ്. സുനിൽ കുമാർ
68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ഡോ. ടി. എം. തോമസ് ഐസക്
72. ശ്രീ. പി. ഉണ്ണി
73. ശ്രീമതി വീണാ ജോർജ്ജ്
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് .പി
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. പി. ജെ. ജോസഫ്
20. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
21. ശ്രീ. കെ. മുരളീധരൻ
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. റോഷി അഗസ്റ്റിൻ
27. ശ്രീ. വി. പി. സജീന്ദ്രൻ
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. വി. എസ്. ശിവകുമാർ
32. ശ്രീ. സണ്ണി ജോസഫ്

33. ശ്രീ. സി. എഫ്. തോമസ്

34. ശ്രീ. പി. ടി. തോമസ്

35. ശ്രീ. പി. ഉബൈദുള്ള

36. ശ്രീ. എം. ഉമ്മർ

37. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 37

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ സണ്ണി ജോസഫ്, കെ. സി. ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. മുരളീധരൻ, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, എൽദോസ് കുന്നപ്പിള്ളി, ടി. എ. അഹമ്മദ് കബീർ, വി. കെ. ഇബ്രാഹിം കുഞ്ഞ്, എം. ഉമ്മർ, പി. ബി. അബ്ദുൽ റസ്സാക്ക്, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, അബ്ദുൽ ഹമീദ്. പി, ടി. വി. ഇബ്രാഹിം, കെ. എം. ഷാജി എന്നീ അംഗങ്ങൾ വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u> :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ

20. ശ്രീ. ജെയിംസ് മാത്യു

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ

23. ശ്രീ. വി. ജോയി

24. ശ്രീ. ജോൺ ഫെർണാണ്ടസ്

25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. കുഞ്ഞിരാമൻ

29. ശ്രീ. വി. കെ. സി. മമ്മത് കോയ

30. ശ്രീ. എം. എം. മണി

31. ശ്രീ. മാത്യു ടി. തോമസ്

32. ശ്രീ. കെ. ജെ. മാക്സി

33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

34. ശ്രീ. എ. സി. മൊയ്തീൻ

35. ശ്രീ. മുഹമ്മദ് മുഹസിൻ. പി.

36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. മുരളി പെരുനെല്ലി

38. ശ്രീ. സി. കെ. നാണു

39. ശ്രീ. എം. നൗഷാദ്

40. ശ്രീ. യു. ആർ. പ്രദീപ്

41. ശ്രീ. എ. പ്രദീപ് കുമാർ

42. ശ്രീ. കെ. ഡി. പ്രസേനൻ

43. ശ്രീമതി യു. പ്രതിഭ ഹരി

44. ശ്രീ. പുരുഷൻ കടലുണ്ടി

45. ശ്രീ. പി. ടി. എ. റഹീം

46. ശ്രീ. എം. രാജഗോപാലൻ

47. ശ്രീ. കെ. രാജൻ

48. ശ്രീ. ആർ. രാജേഷ്

49. ശ്രീ. റ്റി. വി. രാജേഷ്

50. ശ്രീ. കെ. രാജു

51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

56. ശ്രീ. മുല്ലക്കര രത്നാകരൻ

57. ശ്രീ. കാരാട്ട് റസാഖ്

58. ശ്രീ. എസ്. ശർമ്മ

59. ശ്രീ. എ. കെ. ശശീന്ദ്രൻ

60. ശ്രീ. സി. കെ. ശശീന്ദ്രൻ

61. ശ്രീ. പി. കെ. ശശി

62. ശ്രീ. ഐ. ബി. സതീഷ്

63. ശ്രീ. ബി. സത്യൻ

64. ശ്രീ. എ. എൻ. ഷംസീർ

65. ശ്രീ. ജി. സുധാകരൻ

66. ശ്രീ. വി. ആർ. സുനിൽ കുമാർ

67. ശ്രീ. വി. എസ്. സുനിൽ കുമാർ

68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ഡോ. ടി. എം. തോമസ് ഐസക്

72. ശ്രീ. പി. ഉണ്ണി

73. ശ്രീമതി വീണാ ജോർജ്ജ്

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് .പി

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര

8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

12. ശ്രീ. വി. ടി. ബൽറാം

13. ശ്രീ. പി. കെ. ബഷീർ

14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

15. ശ്രീ. എൽദോസ് കുന്നപ്പിള്ളി

16. ശ്രീ. ഹൈബി ഈഡൻ

17. ശ്രീ. ടി. വി. ഇബ്രാഹിം

18. ഡോ. എൻ. ജയരാജ്

19. ശ്രീ. പി. ജെ. ജോസഫ്

20. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

21. ശ്രീ. കെ. മുരളീധരൻ

22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

24. ശ്രീ. രമേശ് ചെന്നിത്തല

25. ശ്രീ. റോജി എം. ജോൺ

26. ശ്രീ. റോഷി അഗസ്റ്റിൻ

27. ശ്രീ. വി. പി. സജീന്ദ്രൻ

28. ശ്രീ. എൻ. ഷംസുദ്ദീൻ

29. ശ്രീ. വി. ഡി. സതീശൻ

30. ശ്രീ. ഷാഫി പറമ്പിൽ

31. ശ്രീ. വി. എസ്. ശിവകുമാർ

32. ശ്രീ. സണ്ണി ജോസഫ്

33. ശ്രീ. സി. എഫ്. തോമസ്

34. ശ്രീ. പി. ടി. തോമസ്

35. ശ്രീ. പി. ഉബൈദുള്ള

36. ശ്രീ. എം. ഉമ്മർ

37. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 37

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

### ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, അങ്ങേയ്ക്ക് VII, X, XVI, XXIII, XXVIII, XLIII, XLV എന്നീ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയെയും, ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII -ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | 24-02-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-07-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| *I | സംസ്ഥാന നിയമസഭ | 30,37,85,000 | ... | 22,78,39,000 | .... | 37,97,31,000 | ... | 37,97,31,000 |
| *VII | മുദ്രപത്രങ്ങളും രജിസ്ട്രേഷനും | 67,02,60,000 | ... | 50,26,95,000 | ... | 83,78,26,000 | ... | 83,78,26,000 |
| *X | ട്രഷറികളും അക്കൗണ്ടുകളും | 83,37,05,000 | ... | 62,52,79,000 | .... | 104,21,30,000 | ... | 104,21,30,000 |
| *XVI | പെൻഷനും പലവകയും | 7022,24,63,000 | ... | 5766,68,48,000 | ... | 10277,80,79,000 | .... | 10277,80,79,000 |
| *XXIII | വാർത്താവിതരണവും പ്രചരണവും | 27,04,01,000 | 2,83,33,000 | 20,28,00,000 | 2,12,50,000 | 33,80,00,000 | 3,54,17,000 | 37,34,17,000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| *XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 51,70,60,000 | 869,09,57,000 | 38,77,95,000 | 651,82,18,000 | 64,63,25,000 | 1086,36,98,000 | 1151,00,23,000 |
| *XLIII | നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും | 2459,68,89,000 | ... | 1844,76,67,000 | .... | 3074,61,11,000 | .... | 3074,61,11,000 |
| *XLV | പലവക വായ്പകളും മുൻകൂറുകളും | .... | 73,88,88,000 | .... | 55,41,66,000 | ... | 92,36,10,000 | 92,36,10,000 |

<u>മി. സ്പീക്കർ</u>: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടേയും മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII -ാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ..........

ധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## X അറിയിപ്പ്

### LAIS പരിശീലനം

<u>മി. സ്പീക്കർ</u> : ഒരു പ്രത്യേക അറിയിപ്പ്. ഇന്ന് സഭാ സമ്മേളനത്തിനുശേഷം ബഹുമാനപ്പെട്ട അംഗങ്ങൾക്കായി ചോദ്യോത്തരം ഓൺലൈനുമായി ബന്ധപ്പെട്ട് ലെയ്സിന്റെ ഒരു പരിശീലന പരിപാടി '5 ഇ' കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളും പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ......ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 26-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.09-ന് പിരിഞ്ഞു.)

* ******* *